# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

2017 ഏപ്രിൽ 27, വ്യാഴം

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 166 - നമ്പർ 3

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

2017 ഏപ്രിൽ 27, വ്യാഴം

സ്പീക്കർ
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. വി. ശശി**

സെക്രട്ടറി
**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ
**ശ്രീമതി കെ. ചാന്ദ്നി റാണി**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

143/2020

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. തോമസ് ചാണ്ടി |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


*പേജ്*

**I. ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

**II. അനുസ്മരണം**

ഒന്നാം കേരള നിയമസഭയുടെ ആദ്യ സമ്മേളനത്തിന്റെ അറുപതാം വാർഷികം

**III. ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന**

വിദ്യാഭ്യാസ വായ്പ

**IV. നിയമനിർമ്മാണകാര്യം**

2017-ലെ മലയാള ഭാഷ (നിർബന്ധിത ഭാഷ) ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

**V. ക്രമപ്രശ്നം**

ബില്ലിലെ അവ്യക്തത

**VI. റൂളിംഗ്**

**നിയമനിർമ്മാണകാര്യം (തുടർച്ച)**

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

*2017 ഏപ്രിൽ 27, വ്യാഴം*

വാല്യം 166]  ഔദ്യോഗിക റിപ്പോർട്ട്  [നമ്പർ 3

വജ്രജൂബിലി ആഘോഷങ്ങളുടെ ഭാഗമായി നിയമസഭ 2017 ഏപ്രിൽ മാസം 27-ാം തീയതി വ്യാഴാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ ഗവൺമെന്റ് സെക്രട്ടേറിയറ്റിലെ പഴയ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

### I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

### 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ : ഓർഡർ.....ഓർഡർ...........

വളരെ ചരിത്രപ്രാധാന്യമുള്ള ഒരു സമ്മേളനത്തിനാണ് നമ്മൾ ഒത്തുകൂടിയിട്ടുള്ളത്. 129 വർഷത്തിലധികം പ്രവർത്തന പാരമ്പര്യമുള്ള നിയമനിർമ്മാണ സഭകളുടെ ചരിത്രത്തിൽ ഏതാണ്ട് പകുതിയോളം വർഷത്തെ നിയമനിർമ്മാണ സപര്യക്ക് സാക്ഷ്യം വഹിച്ച സഭയാണിത്. ഈ സഭയുടെ സൗകര്യങ്ങൾ നമ്മുടെ നിലവിലുള്ള സൗകര്യങ്ങളുമായി യോജിച്ച് പോകുന്നതല്ല. ഉച്ചഭാഷിണികൾ പഴയതാണ്. ഇത്തരം സൗകര്യങ്ങളോട് ബഹുമാനപ്പെട്ട സഭാംഗങ്ങളെല്ലാം ദയവായി സഹകരിക്കണം. ഇന്നേദിവസം ചോദ്യോത്തരവേളയിൽ പരമാവധി അംഗങ്ങൾക്ക് അവസരം ലഭ്യമാകുന്ന നിലയിൽ സഭ നടക്കണമെന്നാണ് ചെയർ ആഗ്രഹിക്കുന്നത്. അതുകൊണ്ട് നിരന്തരമായി ആവശ്യപ്പെടാറുണ്ടെങ്കിലും ചോദ്യങ്ങൾ ചോദിക്കാൻ കൂടുതൽ സമയമെടുക്കുന്ന രീതി അംഗങ്ങൾ തുടരുകയാണ് പതിവ്. ഇന്ന് ചുരുങ്ങിയ വാക്കുകളിൽ ചോദ്യവും ഉത്തരവും എന്ന സമീപനം സ്വീകരിച്ച് എല്ലാപേരും സഹകരിക്കണം. ഓരോ ചോദ്യത്തിനും രണ്ട് ഉപചോദ്യങ്ങൾ മാത്രമാണ് ഇന്ന് അനുവദിക്കുന്നത്. പരമാവധി ചോദ്യങ്ങൾ എടുക്കുകയെന്ന ലക്ഷ്യത്തോടുകൂടിയാണ് അങ്ങനെയൊരു സമീപനം സ്വീകരിക്കുന്നത്. അതുകൊണ്ട് എല്ലാവരും സഹകരിക്കണം.

മി. സ്പീക്കർ : ചോദ്യം നമ്പർ * 61

**മദ്യശാലകൾ പൂട്ടിയതിന്റെ അനന്തരഫലങ്ങൾ**

1 (*61) ശ്രീ. ഇ. പി. ജയരാജൻ:
ശ്രീ. കെ. ആൻസലൻ:
പ്രൊഫ. കെ. യു. അരുണൻ:
ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുപ്രീംകോടതി വിധിയെത്തുടർന്ന് മദ്യശാലകൾ ഒട്ടുമിക്കവയും പൂട്ടേണ്ടിവന്ന സാഹചര്യത്തിൽ വ്യാജമദ്യ ഒഴുക്ക് തടയാനായി സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ;

(ബി) മദ്യലഭ്യത കുറഞ്ഞ സാഹചര്യത്തിൽ ലഹരിക്ക് അടിമപ്പെട്ടവർ മയക്കുമരുന്നുകൾ ഉൾപ്പെടെയുള്ള മറ്റ് നിയമവിരുദ്ധ ലഹരി പദാർത്ഥങ്ങളിലേയ്ക്ക് തിരിയാനുള്ള അപായകരമായ സാദ്ധ്യത ഒഴിവാക്കാൻ എക്സൈസ് ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ;

(സി) മദ്യവർജ്ജന പ്രചരണവും മദ്യാസക്തിമുക്ത ചികിത്സയും വ്യാപിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ) : സർ,

(എ) ദേശീയ/സംസ്ഥാന പാതയോരങ്ങളിൽനിന്നും 500 മീറ്റർ പരിധിയിൽ മദ്യവിൽപ്പനശാലകൾ 2017 ഏപ്രിൽ 1 മുതൽ പ്രവർത്തിക്കരുതെന്ന ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ വിധിയെത്തുടർന്ന് മദ്യവിൽപ്പനശാലകൾ പൂട്ടേണ്ടിവന്ന സാഹചര്യത്തിൽ മദ്യത്തിന്റെ ലഭ്യത വളരെയധികം കുറയുന്നതുമൂലം വ്യാജമദ്യത്തിന്റെ ഉൽപ്പാദനം, കടത്ത്, വിപണനം, ഉപഭോഗം മുതലായ കുറ്റകൃത്യങ്ങൾ ക്രമാതീതമായി വർദ്ധിക്കാനുള്ള സാദ്ധ്യത മുന്നിൽ കണ്ട് എക്സൈസ് വകുപ്പിന്റെ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ശക്തമാക്കിയിട്ടുണ്ട്.

ഇതിന്റെ ഭാഗമായി 1-4-2017 മുതൽ 20-4-2017 വരെ സ്പെഷ്യൽ എൻഫോഴ്സ്മെന്റ് ഡ്രൈവായി പ്രഖ്യാപിച്ച് നിരന്തരം റെയ്ഡുകളും നിരീക്ഷണങ്ങളും നടത്തിയും ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തിയും വാഹനപരിശോധന കർശനമാക്കിയും കടലിൽ കോസ്റ്റൽ പോലീസുമായി ചേർന്ന് സീ പട്രോളിംഗും അതിർത്തി പ്രദേശങ്ങളിൽ ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ 24 മണിക്കൂറും വാഹന പരിശോധനയും നടത്തിവരുന്നുണ്ട്.

ഈ രീതിയിലുള്ള ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ടി കാലയളവിനുശേഷവും തുടരുന്നുണ്ട്. എക്സൈസ് കമ്മീഷണറുടെ പ്രത്യേക സ്ക്വാഡുകളും ഷാഡോ എക്സൈസ്, എക്സൈസ് ഇന്റലിജൻസ് വിഭാഗങ്ങളും പ്രത്യേക പരിശോധനകളും നിരീക്ഷണങ്ങളും നടത്തിവരുന്നു. ചെക്ക് പോസ്റ്റുകൾ മറികടന്ന് സമാന്തര പാതകളിലൂടെ വ്യാജ മദ്യക്കടത്ത് നടത്താൻ സാദ്ധ്യതയുള്ള റോഡുകളിൽ വാഹന പരിശോധന കർശനമാക്കുകയും ദേശീയപാതകളിൽ വാഹന പരിശോധന നടത്തുകയും വ്യാജമദ്യ ഉൽപ്പാദനം നടക്കാനിടയുള്ള സ്ഥലങ്ങളിലും വനമേഖലകളിലും പ്രത്യേക നിരീക്ഷണം നടത്തുകയും പോലീസ്, വനം, റവന്യൂ, മറൈൻ എൻഫോഴ്സ്മെന്റ് വകുപ്പുകളുമായി ചേർന്ന് സംയുക്ത പരിശോധനകൾ നടത്തുകയും ചെയ്തുവരുന്നുണ്ട്.

(ബി) മദ്യലഭ്യത കുറഞ്ഞ സാഹചര്യത്തിൽ, സ്ഥിരമായി മദ്യം ഉപയോഗിച്ചിരുന്നവരും മദ്യത്തിന് അടിമപ്പെട്ടവർ ഉൾപ്പെടെ മറ്റ് നിയമവിരുദ്ധ ലഹരി പദാർത്ഥങ്ങളിലേയ്ക്ക് തിരിയാനുള്ള അപായകരമായ സാദ്ധ്യത ഉളവാകുന്നത് ഒഴിവാക്കാൻ ശക്തമായ പരിശോധനകളും നിരീക്ഷണങ്ങളും നടത്തിവരുന്നു. കഞ്ചാവ്, മയക്കുമരുന്നുകൾ, ആംപ്യൂളുകൾ, ഗുളികകൾ തുടങ്ങിയ ലഹരി വസ്തുക്കൾ കണ്ടെടുക്കുന്നതിന് കൂടുതൽ ശ്രദ്ധ നൽകുന്നതിന് എല്ലാ എക്സൈസ് ഉദ്യോഗസ്ഥർക്കും കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) മദ്യവർജ്ജനത്തിന് ഊന്നൽ നൽകി മയക്കുമരുന്നുകളുടെ ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കുവാൻ ലക്ഷ്യമിട്ടാണ് കേരള സംസ്ഥാന ലഹരിവർജ്ജന മിഷൻ, 'വിമുക്തി'-ക്ക് രൂപം നൽകിയിട്ടുള്ളത്. യുവജനങ്ങളെയും വിദ്യാർത്ഥികളെയും ലഹരി ഉപയോഗത്തിന്റെ ദൂഷ്യവശങ്ങൾ ബോദ്ധ്യപ്പെടുത്തി വ്യാപകമായ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക എന്നുള്ളതാണ് ടി മിഷന്റെ പ്രധാന ലക്ഷ്യം. ആയതിന്റെ ഭാഗമായി വിവിധ ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ നടത്തിവരുന്നു. ലഹരിക്കെതിരായി പൊതുജനങ്ങൾക്കിടയിൽ അവബോധം വളർത്തുന്നതിന് എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുകയും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിക്കുകയും ചെയ്തുവരുന്നുണ്ട്.

'വിമുക്തി' മിഷന്റെ പ്രവർത്തനത്തിന്റെ ഭാഗമായി എല്ലാ ജില്ലകളിലും ഡീ-അഡിക്ഷൻ സെന്ററുകൾ ആരോഗ്യ വകുപ്പുമായി സഹകരിച്ച് രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. എക്സൈസ് വകുപ്പിനുകീഴിൽ ദേശീയ നിലവാരത്തിൽ ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ഒരു ഡീ-അഡിക്ഷൻ സെന്റർ ആരംഭിക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, കേന്ദ്ര വിനോദസഞ്ചാര വകുപ്പിന്റെ സ്റ്റാർ ഹോട്ടൽ ക്ലാസ്സിഫിക്കേഷൻ മാനദണ്ഡങ്ങൾ ലോകമാകെ അംഗീകരിച്ചിട്ടുള്ള ബെസ്റ്റ് പ്രാക്ടീസ് അനുസരിച്ചുള്ളവയാണ്. സ്റ്റാർ ഹോട്ടൽ ക്ലാസ്സിഫിക്കേഷൻ മാനദണ്ഡങ്ങളെ ബാർ ലൈസൻസ് നൽകുന്നതിനുള്ള മാനദണ്ഡവുമായി കൂട്ടിക്കുഴയ്ക്കരുതെന്ന് കേന്ദ്ര വിനോദസഞ്ചാര വകുപ്പ് നിരവധി തവണ സംസ്ഥാനത്തോട് ആവശ്യപ്പെട്ടിട്ടുണ്ട്. പുതിയ അബ്കാരി നയം രൂപീകരിക്കുമ്പോൾ സ്റ്റാർ ഹോട്ടൽ ക്ലാസ്സിഫിക്കേഷൻ മാനദണ്ഡങ്ങൾ കടന്നുവരേണ്ടതുണ്ടോയെന്ന് സർക്കാർ പരിശോധിക്കുമോ?

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: സർ, ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിലാണ് ഇപ്പോൾ ചില നടപടികൾ സ്വീകരിക്കേണ്ടി വന്നത്. സർക്കാരിന്റെ മദ്യനയം പ്രഖ്യാപിക്കാനിരിക്കുകയാണ്. വിനോദസഞ്ചാര മേഖല നേരിടുന്ന ബുദ്ധിമുട്ടുകൾ സർക്കാരിന്റെ ശ്രദ്ധയിലുണ്ട്. ഇതെല്ലാം പരിശോധിച്ചുകൊണ്ടാണ് തുടർ നടപടികൾ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത്.

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് പ്രവർത്തിച്ചുകൊണ്ടിരുന്ന ഒട്ടനവധി മദ്യശാലകൾക്ക് പ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യമുണ്ടായിരിക്കുകയാണ്. ഇതിന്റെ ഫലമായി ഒട്ടനവധി തൊഴിലാളികൾ തൊഴിൽരഹിതരായി കൊണ്ടിരിക്കുകയാണ്. ബിവറേജസ് കോർപറേഷന്റെയും കൺസ്യൂമർ ഫെഡിന്റെയും ഔട്ട്ലെറ്റുകൾ പലതും പ്രവർത്തിക്കാൻ കഴിയാതെ വന്നിരിക്കുകയാണ്. ഇത് സംസ്ഥാനത്ത് പുതിയ സംഘർഷം സൃഷ്ടിച്ചു കൊണ്ടിരിക്കുകയാണ്. ഇതിന് പരിഹാരം കാണാൻ സർക്കാർ ആവശ്യമായ നടപടി സ്വീകരിക്കുമോ? ഒരു കാര്യംകൂടി ഇതുമായി ബന്ധപ്പെട്ട് ചൂണ്ടിക്കാണിക്കാനുള്ളത്, സിഗരറ്റ് വലിക്കുന്നവരുടെ എണ്ണം ഗണ്യമായി കുറഞ്ഞു. അത് നിയമം ഉപയോഗിച്ചുകൊണ്ടുള്ള അടിച്ചമർത്തലിലല്ല, അതിനുള്ള ബോധവൽക്കരണത്തിലൂടെയാണ് പ്രാവർത്തികമായത്. ഈ രംഗത്ത് ബോധവൽക്കരണത്തിനുവേണ്ടിയുള്ള എന്ത് നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന കാര്യംകൂടി വ്യക്തമാക്കാമോ?

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: സർ, ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിക്കനുസരിച്ച് പ്രവർത്തിക്കാൻ സർക്കാർ ബാദ്ധ്യസ്ഥമാണ്. സുപ്രീംകോടതി

വിധി മദ്യനിരോധനമല്ല, നിയന്ത്രണം ഏർപ്പെടുത്തുകയെന്നതാണ്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് ശരിയാണ്, സുപ്രീംകോടതി വിധിക്കനുസരിച്ച് സർക്കാർ നടപടി സ്വീകരിക്കുമ്പോൾ പല സ്ഥലത്തും സംഘർഷങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. ജനങ്ങളെക്കൂടി ബോദ്ധ്യപ്പെടുത്തി നിയമാനുസൃതം മദ്യഷാപ്പുകൾ നടത്തുന്നതിന് വേണ്ടിയുള്ള നിലപാടാണ് സർക്കാർ സ്വീകരിക്കുന്നത്. അതിവിപുലമായ ബോധവൽക്കരണത്തിലൂടെ മാത്രമേ ലഹരിയുടെ ആസക്തിയിൽനിന്നും ജനങ്ങളെ പിൻതിരിപ്പിക്കാൻ കഴിയുകയുള്ളൂ. ഈ ലക്ഷ്യം കൈവരിക്കുന്നതിനാണ് സർക്കാർ 'വിമുക്തി'-യെന്ന ബോധവൽക്കരണ പ്രസ്ഥാനത്തിന് രൂപം കൊടുത്തത്; അത് പ്രവർത്തിച്ചു വരികയാണ്.

ശ്രീ. കെ. ആൻസലൻ: സർ, 1995-ൽ ചാരായ നിരോധനം കൊണ്ടുവന്നു. അതിനുശേഷം ഘട്ടംഘട്ടമായി മദ്യത്തിന്റെ ഉപയോഗം കുറയ്ക്കുന്നതിനുള്ള നടപടി സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. എന്നാൽ മാനസിക രോഗികൾക്ക് നൽകുന്ന ഗുളികകൾ സ്കൂൾ കുട്ടികളടക്കം ഉപയോഗിക്കുന്ന അപകടകരമായ സ്ഥിതി ഇപ്പോഴുണ്ട്. മദ്യത്തിന് അടിമയായി വലിയ തോതിൽ പ്രയാസമുണ്ടാക്കുന്ന ആയിരക്കണക്കിനാളുകൾ നമ്മുടെ നഗരങ്ങളുടെയും ഗ്രാമങ്ങളുടെയും ഭാഗമായി മാറിയിട്ടുണ്ട്. അവരെ പ്രത്യേകമായി കണ്ടുപിടിച്ച് ഡീ-അഡിക്ഷൻ സെന്ററുകളിലേക്കെത്തിച്ച് ആവശ്യമായ ചികിത്സ നൽകി ജീവിതത്തിലേയ്ക്ക് തിരിച്ചു കൊണ്ടുവരുന്നതിനുള്ള നടപടിയെക്കുറിച്ച് സർക്കാർആലോചിക്കുന്നുണ്ടോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ഇവിടെ മദ്യത്തിന്റെ ഉപഭോഗവുമായി ബന്ധപ്പെട്ട് കേരളത്തിന്റെ മുൻപിലുള്ള ചില അനുഭവങ്ങളുണ്ട്. അത്തരം അനുഭവങ്ങളുടെ അടിസ്ഥാനത്തിലാണ് നിലപാടുകൾ സ്വീകരിക്കേണ്ടത്. മദ്യനിരോധനത്തിലൂടെ ഒരു കാരണവശാലും ജനങ്ങളെ ഉപഭോഗത്തിൽനിന്ന് പൂർണ്ണമായും പിൻതിരിപ്പിക്കാൻ കഴിയുന്നതല്ല. ബോധവൽക്കരണത്തിലൂടെയാണ് ഈ നടപടികൾ സ്വീകരിക്കാൻ സാധിക്കുക. അതിന് സഹായകരമായ നിലപാടാണ് സ്വീകരിക്കുന്നത്. നിയന്ത്രണം വന്നപ്പോൾ മുതൽ വൻതോതിൽ നിയമവിരുദ്ധ ലഹരിപദാർത്ഥങ്ങളും അനധികൃത മദ്യവും സംസ്ഥാനത്തേയ്ക്ക് ഒഴുകിക്കൊണ്ടിരിക്കുകയാണ്. നിയമാനുസൃത നടപടികളിലൂടെ അത് തടയുന്നതിനുവേണ്ടിയുള്ള ആത്മാർത്ഥമായ പരിശ്രമമാണ് സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്നത്.

<u>പ്രൊഫ. കെ. യു. അരുണൻ</u>: സർ, ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ നിയന്ത്രണങ്ങൾക്ക് വിധേയമായി മദ്യശാലകൾ പലതും അടച്ചുപൂട്ടേണ്ടിവന്ന സാഹചര്യത്തിൽ നമ്മുടെ നാട്ടിലെ ചെറുപ്പക്കാരൊക്കെ നിയമവിരുദ്ധ ലഹരി പദാർത്ഥങ്ങളിലേയ്ക്ക് കൂടുതലായി ശ്രദ്ധ തിരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി നാട്ടിലുടനീളം പല തരത്തിലുള്ള അസ്വസ്ഥതകളാണ് തലപൊക്കിയിരിക്കുന്നത്. ഇത് നിയന്ത്രിക്കുന്നതിനായി സാംസ്കാരിക മണ്ഡലത്തിൽ പ്രൊഫഷണൽ നാടക രംഗത്ത് "വെയിൽ" എന്ന് പറയുന്നൊരു നാടകം നമ്മുടെ നാട്ടിലെ കോളേജുകളിലും സ്കൂളുകളിലുമൊക്കെ പ്രദർശിപ്പിച്ചു തുടങ്ങുകയാണ്. 'Heaven and hell' എന്നൊരു ഡോക്യു മീഡിയയുമുണ്ട്. ഇത്തരം കാര്യങ്ങളൊക്കെ നിരന്തരം കുട്ടികൾക്കിടയിൽ പ്രചരിപ്പിച്ചുകൊണ്ട് സ്വാഭാവികമായും കുട്ടികളുടെ മനസ്സിൽ ഉണ്ടായേക്കാനിടയുള്ള മദ്യാസക്തിക്ക് വിരുദ്ധമായിട്ടുള്ള ആശയ പ്രചാരണത്തിന് തയ്യാറാകുമോ?

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: സർ, ലഹരിയുടെ ആസക്തി കുറച്ചുകൊണ്ടു വരുന്നതിന് സാദ്ധ്യമായ പ്രചരണ പരിപാടികളെല്ലാം ഉപയോഗിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. ഇപ്പോൾത്തന്നെ ലൈബ്രറി കൗൺസിൽവഴി വിപുലമായ പ്രചരണത്തിന് പരിപാടികൾ തയ്യാറാക്കി വരികയാണ്. കലാ സാംസ്കാരിക മേഖലകളുടെ സാദ്ധ്യതകൾ പൂർണ്ണമായും ഉപയോഗിച്ച് ഈ ആപത്തിൽനിന്നും ജനങ്ങളെ രക്ഷിക്കുന്നതിനുവേണ്ടിയുള്ള സമീപനം തന്നെയാണ് സ്വീകരിക്കുക. നാടാകെ, ജനങ്ങളാകെ, ജനപ്രതിനിധികളാകെ ഈ ലക്ഷ്യം കൈവരിക്കുന്നതിന് സഹകരിക്കണം എന്നതാണ് ഈ സന്ദർഭത്തിൽ അഭ്യർത്ഥിക്കാനുള്ളത്. നിയമവിധേയമായി മാത്രമേ സർക്കാർ പ്രവർത്തിക്കുകയുള്ളൂ എന്നുകൂടി ഉറപ്പ് നൽകാൻ ഞാൻ ആഗ്രഹിക്കുകയാണ്.

<u>ശ്രീ. കെ. ജെ. മാക്സി</u>: സർ, കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് നമ്മുടെ സംസ്ഥാനത്ത് ബാറുകൾ പൂട്ടിയിടുകയും 10 ശതമാനം ഔട്ട്ലെറ്റുകൾ വർഷാവർഷം ഇല്ലാതാക്കുന്ന നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്റെ ഭാഗമായി നമ്മുടെ സംസ്ഥാനത്തെ മദ്യ ഉപഭോഗത്തിൽ എന്തെങ്കിലും മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടോയെന്ന് അറിയാൻ സാധിക്കുമോ?

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: സർ, മദ്യഷോപ്പുകളുടെ എണ്ണം കുറച്ചപ്പോൾ മദ്യത്തിന്റെ ഉപഭോഗത്തിന് ഒരു കുറവും വന്നതായി കണക്കുകൾ രേഖപ്പെടുത്തുന്നില്ല. നേരെമറിച്ച് മദ്യം അല്ലെങ്കിൽ ലഹരി ലഭിക്കുന്നതിനുവേണ്ടി

സാദ്ധ്യമായ മാർഗ്ഗങ്ങളെല്ലാം ആളുകൾ സ്വീകരിക്കുന്ന സമീപനമാണ് അനുഭവപ്പെടുന്നത്. ഈ അനുഭവത്തിന്റെ അടിസ്ഥാനത്തിലാണ് നിരോധനമല്ല വർജ്ജനമാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന്റെ ലക്ഷ്യമെന്ന് തെരഞ്ഞെടുപ്പിന് മുൻപും തെരഞ്ഞെടുപ്പിനുശേഷവും അർത്ഥശങ്കയ്ക്ക് ഇടയില്ലാത്ത നിലയിൽ പ്രഖ്യാപിച്ചിട്ടുള്ളത്. ഈ നിലപാടാണ് സർക്കാർ തുടരുന്നത്.

മി. സ്പീക്കർ: 61-ാം നമ്പർ ചോദ്യവുമായി 90-ാം നമ്പർ ചോദ്യം ക്ലബ്ബ് ചെയ്യുന്നതിന് ശ്രീ. ടി. വി. ഇബ്രാഹിം എം.എൽ.എ. ഒരു അഭ്യർത്ഥന എഴുതി നൽകിയിട്ടുണ്ട്. വിഷയം വ്യത്യസ്തമാണ്, മന്ത്രിയും വ്യത്യസ്തമാണ് എന്നതിനാൽ അത് അംഗീകരിക്കുന്നില്ല.

ശ്രീ. എ. പി. അനിൽ കുമാർ: സർ, പുതിയ നിയമത്തിന്റെ ഭാഗമായി നിലവിലുള്ള ഔട്ട്‌ലെറ്റുകളുടെ എണ്ണം വളരെ കുറഞ്ഞുവരികയാണ്. അപ്പോൾ ഒന്നോ രണ്ടോ ഔട്ട്‌ലെറ്റുകൾ ഉള്ള സ്ഥലങ്ങളിൽ വലിയ തിരക്കുണ്ടാകുന്നു. ക്രമസമാധാന പ്രശ്നത്തിലേയ്ക്കുതന്നെ കാര്യങ്ങൾ പോകുന്ന രീതിയാണ്. മലപ്പുറത്ത് പുതിയതായി ആരംഭിച്ച ഔട്ട്‌ലെറ്റിന്റെ കാര്യം എനിക്കറിയാം. മദ്യം വാങ്ങാനായി എത്തുന്നവരുടെ വാഹനങ്ങൾ കാരണം അവിടെ ഗതാഗത തടസ്സമുണ്ടാകുന്നു. അതുപോലെതന്നെ തൊട്ടടുത്ത സ്ഥലങ്ങളിലും പൊതുസ്ഥലങ്ങളിലും മദ്യം ഉപയോഗിക്കുന്ന സാഹചര്യവുമുണ്ടാകുന്നു. ഇതെല്ലാം നിയന്ത്രിക്കുന്നതിനുള്ള പ്രത്യേക നിർദ്ദേശം നൽകണം. മലപ്പുറത്ത് പുതുതായി ആരംഭിച്ച കൺസ്യൂമർഫെഡിന് കീഴിലുള്ള ഔട്ട്‌ലെറ്റിന് നഗരസഭയുടെ അംഗീകാരമില്ലാത്തതിനാൽ സ്റ്റോപ്പ് മെമ്മോ നൽകയിതായി അറിയുന്നു. അങ്ങനെയാണെങ്കിൽ പ്രസ്തുത സ്ഥാപനം അവിടെനിന്ന് നീക്കം ചെയ്യുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ശ്രീ. എ. പി. അനിൽകുമാർ പറഞ്ഞ എല്ലാ കാര്യങ്ങളും വ്യക്തമായിട്ടില്ല, മൈക്കിന്റെ എന്തോ ഒരു പ്രശ്നം കൊണ്ടാണെന്നാണ് തോന്നുന്നത്. ഒരുകാര്യം ഞാൻ വ്യക്തമാക്കിയിട്ടുണ്ട്, നിയമാനുസൃതമായി മാത്രമേ മദ്യഷോപ്പുകൾ പ്രവർത്തിക്കുകയുള്ളൂ. കൺസ്യൂമർഫെഡിന്റെ ഏതെങ്കിലും ഷോപ്പുകൾ നിയമവിരുദ്ധമായി പ്രവർത്തിക്കുന്നുണ്ടെങ്കിൽ അത് ഒരു തരത്തിലും അനുവദിക്കാൻ കഴിയില്ല. നിയമവിധേയമായി മാത്രമേ കൺസ്യൂമർഫെഡിന്റെ ഷോപ്പുകൾ പ്രവർത്തിക്കുകയുള്ളൂ. ഏതെങ്കിലും പ്രശ്നങ്ങളിൽ പ്രത്യേക പരാതിയുണ്ടെങ്കിൽ അത് പരിശോധിച്ച് നിയമവിധേയമായിട്ടുള്ള നിലപാടുകൾ സ്വീകരിക്കാൻ സർക്കാർ സന്നദ്ധമാണ്.

ഇവിടെ ഒരു ഗൗരവമായ പ്രശ്നം പരിഗണിക്കേണ്ടതുണ്ട്. ഞാൻ രണ്ട് മാസത്തെ അബ്കാരി കേസ്സുകളുടെ എണ്ണം പരിശോധിച്ചപ്പോൾ, ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി നടപ്പിലാക്കിത്തുടങ്ങിയതിനുശേഷമുള്ള 24 ദിവസത്തിനുള്ളിൽ, അബ്കാരി കേസ്സിൽ 35 ശതമാനവും എൻ.ഡി.പി.എസ്. കേസിൽ 67 ശതമാനവും കോക്ടെയിൽ 179 ശതമാനവും സ്പിരിറ്റിൽ 100 ശതമാനവും വർദ്ധനവുണ്ടായിട്ടുണ്ട്. ഇതാണ് അവസ്ഥ. അതുകൊണ്ട് ഈ വസ്തുത പരിഗണിച്ചുകൊണ്ടുള്ള പ്രായോഗികമായ ഒരു സമീപനമാണ് ഈ വിഷയത്തിൽ നമ്മൾ സ്വീകരിക്കേണ്ടത്.

<u>ശ്രീ. രാജു എബ്രഹാം</u>: സർ, 60-ാം വാർഷികത്തിൽ ഇവിടെ സമ്മേളനം നടത്താൻ മുൻകയ്യെടുത്ത ബഹുമാനപ്പെട്ട സ്പീക്കറെയും മുഖ്യമന്ത്രിയെയും പ്രതിപക്ഷ നേതാവിനെയും ഞാൻ അഭിനന്ദിക്കുകയാണ്. എക്സൈസ് കമ്മീഷണറുടെ കണക്കുപ്രകാരം സുപ്രീംകോടതി വിധി വന്നതിനുശേഷം ലഹരി ഉപയോഗം നാലിരട്ടി വർദ്ധിച്ചതായിട്ടാണ് പറയുന്നത്. അപകടകരമായ ഒരു അവസ്ഥയാണ് നമ്മുടെ സംസ്ഥാനത്ത് സൃഷ്ടിക്കപ്പെട്ടിരിക്കുന്നത്. ഇതിന്റെ ഫലമായി പല പ്രശ്നങ്ങൾ നേരിടുന്നതായി ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഏറ്റവും ഒടുവിൽ സമാധാനപരമായ സ്ഥലത്ത് കൺസ്യൂമർഫെഡിനുപോലും ഒരു ഷോപ്പും തുറക്കാൻ കഴിയുന്നില്ല. പഞ്ചായത്തുകൾ സമ്മതിക്കുന്നില്ല. അങ്ങനെ വരികയാണെങ്കിൽ പഞ്ചായത്തുകൾക്കുള്ള ഈ അധികാരം പുനഃപരിശോധിക്കാൻ തയ്യാറാകുമോ?

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: സർ, ബഹുമാനപ്പെട്ട അംഗത്തിന്റെ നിർദ്ദേശം പരിശോധിച്ചുവരികയാണ്. ഒരുകാര്യം എല്ലാവരും ശ്രദ്ധിക്കേണ്ടത്, നിയമവിധേയമായി വ്യവസായം നടത്തിയേ മതിയാകൂ; നിയമവിരുദ്ധമായി നടത്തരുത്. ഇക്കാര്യത്തിൽ എല്ലാവരും, പ്രത്യേകിച്ച് ജനപ്രതിനിധികൾ സഹകരിച്ച് നിൽക്കണം. ഇടപെടുമ്പോൾ നിയമവിധേയമാണോ, നിയമവിരുദ്ധമാണോ എന്നുള്ള പരിശോധന വേണ്ടതുണ്ട്. നിയമവിധേയമായി നടത്താൻ എല്ലാവരുടെയും സഹകരണമാണ് വേണ്ടത്.

മി. സ്പീക്കർ : ചോദ്യം നമ്പർ * 62

**അക്ഷരസാഗരം പദ്ധതി**

2 (*62) ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശങ്ങളിലെ മത്സ്യത്തൊഴിലാളികളെ സാക്ഷരരാക്കുന്നതിനായി അക്ഷരസാഗരം എന്ന പേരിൽ ഒരു പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(ബി) ഏത് ഏജൻസി മുഖേനയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതെന്ന് അറിയിക്കുമോ;

(സി) പ്രസ്തുതപദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങളും ഏതൊക്കെ ജില്ലകളിലാണ് ഇത് നടപ്പാക്കുന്നതെന്നും വിശദമാക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ,

(എ) ഉണ്ട്.

(ബി) കേരള സംസ്ഥാന സാക്ഷരതാ മിഷൻ മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്.

(സി) പദ്ധതിയുടെ ലക്ഷ്യങ്ങൾ

1. തീരദേശ ജനതയുടെ സാക്ഷരതാ നിലവാരം ഉയർത്തുക.
2. നാലാംതരം തുല്യതാ പരിപാടികൾ ശക്തിപ്പെടുത്തുക.
3. തീരദേശത്ത് തുടർ വിദ്യാഭ്യാസത്തിന് അനുകൂലമായ സാഹചര്യം ഉണ്ടാക്കുക.
4. മത്സ്യത്തൊഴിലാളികളുടെ ജീവിത നിലവാരം ഉയർത്തുക.
5. മത്സ്യസമ്പത്ത്/ തീരദേശ സംരക്ഷണ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുക.

6. സ്ത്രീ ശാക്തീകരണം സാദ്ധ്യമാക്കുക.

7. ശുചിത്വം/ ആരോഗ്യം/ പരിസ്ഥിതി രംഗത്ത് പുത്തൻ അവബോധം സൃഷ്ടിക്കുക.

8. തീരദേശത്ത് സമ്പൂർണ്ണ സാക്ഷരത കൈവരിക്കുക.

അക്ഷരസാഗരം എന്ന പേരിൽ 2016-17 വർഷത്തിൽ തിരുവനന്തപുരം, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കിയത്. 2017-18 വർഷത്തിൽ കൊല്ലം, എറണാകുളം, കോഴിക്കോട് ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

ശ്രീ. ഇ. കെ. വിജയൻ: സർ, അക്ഷര സാഗരം പദ്ധതി നടപ്പിലാക്കുന്നതിനെ ഞാൻ സർവ്വാത്മനാ സ്വാഗതം ചെയ്യുകയാണ്. തീരപ്രദേശത്തെ സാക്ഷരതാ നിലവാരത്തെ സംബന്ധിച്ച് നിലവിലുള്ള സ്ഥിതിവിവരക്കണക്കുകൾ എന്താണെന്ന് വ്യക്തമാക്കാമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, സാക്ഷരതാ മിഷനുമായി ബന്ധിപ്പിച്ചുകൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. കേരളം സാക്ഷരമായെങ്കിലും തീരദേശത്ത് ഇനിയും സാക്ഷരരല്ലാത്തവരുണ്ട്. അത് കണക്കിലെടുത്തുകൊണ്ടാണ് പ്രത്യേകമായി ഇത്തരം ഒരു പദ്ധതിക്ക് രൂപം നൽകിയത്.

ശ്രീ. ഇ. കെ. വിജയൻ: സർ, എട്ട് ലക്ഷ്യങ്ങളാണ് ഇതിന്റെ ഭാഗമായി പ്രഖ്യാപിച്ചതെന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രി സൂചിപ്പിക്കുകയുണ്ടായി. 2017-18 കാലയളവാകുമ്പോഴേയ്ക്കും സർക്കാർ കണക്കനുസരിച്ച് തുല്യതാ പഠനത്തിന് എത്രപേർ രജിസ്റ്റർ ചെയ്യും?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, 2017-18 വർഷമാകുമ്പോഴേയ്ക്കും 9000 മത്സ്യത്തൊഴിലാളികളെ അക്ഷരജ്ഞാനമുള്ളവരാക്കി മാറ്റുന്നതിനും 4500 പേർക്ക് നാലാംതരം തുല്യതാ പരീക്ഷ പൂർത്തീകരിക്കാൻ കഴിയുമെന്നുമാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. മുല്ലക്കര രത്നാകരൻ: സർ, ഇത് വളരെ നല്ല പദ്ധതിയാണ്. പക്ഷെ ഒരു പ്രശ്നമുള്ളത്, കേരളത്തിലെ വിവിധ ജനവിഭാഗങ്ങളുടെ സംസ്കാരവും താളസംഗീതവും അവരുയർത്തുന്ന ജീവിത പരിസരവുമായി ബന്ധപ്പെട്ട അറിവുകളും വ്യത്യസ്തമാണ്. അക്ഷരസാഗരം പദ്ധതി നടപ്പിലാക്കുമ്പോൾ

മത്സ്യത്തൊഴിലാളികളുടെ തനത് സംസ്കാരം, കല, സംഗീതം, അതുമായി ബന്ധപ്പെട്ട അറിവുകൾ തുടങ്ങിയവ വളർത്തുന്നതിന് കഴിയുന്ന തരത്തിൽ സിലബസ് തയ്യാറാക്കുമോ; അങ്ങനെ തയ്യാറാക്കുന്ന സിലബസ് വിജയകരമായും ശാസ്ത്രീയമായും നടപ്പിലാക്കുമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, അതെ. മത്സ്യത്തൊഴിലാളികളുടെ സമഗ്രമായ മാനസിക വളർച്ചയും സാംസ്കാരിക വളർച്ചയും ലക്ഷ്യമിട്ടാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. അങ്ങ് സൂചിപ്പിച്ചതുപോലെയുള്ള വിവക്ഷയാണ് ഈ പദ്ധതിക്കുള്ളത്.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: സർ, മത്സ്യത്തൊഴിലാളികളുടെ ജോലിസമയം കൃത്യമായി പറയാൻ കഴിയില്ല. അതുകൊണ്ട് അക്ഷരസാഗരം പരിപാടി പരമ്പരാഗത രീതി വിട്ട് ഹൈടെക്കാക്കി മാറ്റാൻ കഴിയുമോയെന്ന് പരിശോധിക്കുമോ; ഇതിനായി സമീപത്തുള്ള ഫിഷറീസ് സ്കൂളുകൾ പ്രയോജനപ്പെടുത്തുമോ; തൃശ്ശൂർ ജില്ലയെക്കൂടി ഈ പദ്ധതിയിൽ ഉൾപ്പെടുത്താൻ കഴിയുമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, ഇക്കാര്യം ആലോചിക്കാവുന്നതാണ്. 2017-18 വർഷം മൂന്ന് ജില്ലകൾ കൂടി കവർ ചെയ്യുമ്പോൾ ആറ് ജില്ലകളാകും. ഇതൊരു തുടർ പദ്ധതിയാണ്. സംസ്ഥാനത്തെ മുഴുവൻ ജില്ലകളെയും കവർ ചെയ്യണമെന്നാണ് ഉദ്ദേശിക്കുന്നത്. അങ്ങ് പറഞ്ഞതുപോലെ ഫിഷറീസ് സ്കൂളുകളെ ഇതിന്റെ പരിധിയിൽ കൊണ്ടുവരാൻ കഴിയില്ല. ഇത് അനൗപചാരിക വിദ്യാഭ്യാസ പദ്ധതിയാണ്. അതിന് കഴിയുന്ന സംവിധാനം എന്ന നിലയിലാണ് സാക്ഷരതാ മിഷനെ ചുമതലപ്പെടുത്തിയത്.

ശ്രീമതി സി. കെ. ആശ: സർ, കടലോരങ്ങളിലെ സ്ത്രീകളുടെ ജീവിതം ഏറെ പ്രയാസകരമാണ്. അക്ഷരസാഗരം പദ്ധതിയുമായി ബന്ധപ്പെട്ട് സ്ത്രീ ശാക്തീകരണം സാദ്ധ്യമാകുമെന്ന് പറയുന്നുണ്ട്. ഇതിനായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നത്?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, സ്ത്രീ ശാക്തീകരണവുമായി ബന്ധപ്പെട്ട് പരിധി വച്ചിട്ടില്ല. തൊഴിൽ, ജീവിത സാഹചര്യം മെച്ചപ്പെടുത്തൽ തുടങ്ങിയവയൊക്കെ ഇതിലുൾപ്പെടും. സ്ത്രീ ശാക്തീകരണത്തിനായി ഇന്ന് നമ്മൾ ലക്ഷ്യമിടുന്നതെന്താണോ അതെല്ലാം ഈ പദ്ധതിയിൽ ഉൾപ്പെടുമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, സാക്ഷരത വർദ്ധിപ്പിക്കുന്നതിനോടൊപ്പം പ്രധാനമാണ് മത്സ്യമേഖലയിലുണ്ടാകുന്ന ആരോഗ്യ പ്രശ്നങ്ങൾ. ചില നടപടികൾ അങ്ങ് സ്വീകരിച്ചിട്ടുണ്ട്. തീരദേശമേഖലയിൽ കാൻസർ പോലെയുള്ള രോഗങ്ങൾ വ്യാപകമാകുന്നതായി കാണുന്നതിനാൽ ഈ മേഖലയ്ക്ക് പ്രത്യേകമായ ആരോഗ്യ സംരക്ഷണ പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അക്കാര്യം വിശദമാക്കുമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതുപോലെ ശുചിത്വം, ആരോഗ്യ പരിപാലനം, പരിസ്ഥിതി സംരക്ഷണം തുടങ്ങിയവയെല്ലാം അക്ഷരസാഗരം പദ്ധതിയിൽപ്പെടുന്നുണ്ട്. അക്ഷരസാഗരം എന്നാണ് ഈ പദ്ധതിയുടെ പേര്. അതുകൊണ്ട് എല്ലാം ഇതിനകത്തുണ്ട്. ശുചിത്വത്തെ സംബന്ധിച്ച് പ്രത്യേക പ്രോജക്ടുകൾ, ആരോഗ്യ പരിപാലനം, പരിസ്ഥിതി സംരക്ഷണം ഇവയെല്ലാം ചേർന്ന് അക്ഷരസാഗരം എന്ന വാക്കിന്റെ പൂർണ്ണമായ സ്പിരിറ്റ് ഉൾക്കൊണ്ടുതന്നെയാണ് ഈ പദ്ധതി മുന്നോട്ടുപോകുന്നത്.

ശ്രീ. എസ്. ശർമ്മ: സർ, വേൾഡ് ഹെൽത്ത് ഓർഗനൈസേഷന്റെ റിപ്പോർട്ടിൽ ആരോഗ്യ മേഖലയിൽ ഏഷ്യയ്ക്കുതന്നെ മാതൃകയാകുന്ന സംസ്ഥാനമാണ് കേരളമെന്ന് വിശേഷിപ്പിച്ചിട്ടുണ്ട്. കേരളത്തിന്റെ കരുത്ത് അതാണ്. എന്നാൽ ആരോഗ്യ മേഖലയിൽ കേരളത്തിന്റെ ദൗർബല്യമായ തീരപ്രദേശത്താണ് ഏറ്റവും കൂടുതൽ രോഗാതുരതയുള്ളതെന്നും നിരീക്ഷിച്ചിട്ടുണ്ട്. ഈ നിരീക്ഷണം കണക്കിലെടുത്ത് തീരപ്രദേശത്ത് പ്രത്യേക ഹെൽത്ത് പാക്കേജ് ആവിഷ്കരിക്കുന്നതിന് സർക്കാർ സന്നദ്ധമാകുമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത് വളരെ പ്രധാനപ്പെട്ടൊരു ചോദ്യമാണ്. കേരളത്തിലെ ജനങ്ങളുടെ കാഴ്ചപ്പാട് എല്ലാ വേസ്റ്റുകളും നിക്ഷേപിക്കുന്നതിനുള്ള സ്ഥലമാണ് ജലാശയങ്ങൾ എന്നാണ്. അത് കടലാണെങ്കിലും കായലാണെങ്കിലും അങ്ങനെതന്നെ. വേസ്റ്റിന്റെ പല ഔട്ട്ലെറ്റുകളും കടലിലേയ്ക്കും കായലിലേയ്ക്കുമാണ് തുറന്നിരിക്കുന്നത്. അതുകൊണ്ട് ഇതൊരു ഗൗരവതരമായ പ്രശ്നമാണ്. ഇതിനെ നമ്മൾ ചെറുക്കുകതന്നെ വേണം. പദ്ധതിയുടെ ഭാഗമായിട്ടല്ലെങ്കിലും ഈ രംഗത്ത് മത്സ്യബന്ധന വകുപ്പ് 'ശുചിത്വ തീരം' എന്നൊരു മേജർ പ്രോജക്ട് എടുക്കുന്നുണ്ട്. ജി.സി.എഫ്.-ന് (ഗ്രീൻ ക്ലൈമറ്റ് ഫണ്ട്) ഏകദേശം 13000 കോടി രൂപയുടെ ഒരു വലിയ പ്രോജക്ട് കൊടുത്തിട്ടുണ്ട്. ഈ പ്രശ്നത്തെ ഗൗരവതരമായി കാണുകയും തീരസംരക്ഷണവും ശുചിത്വവുമായി ബന്ധപ്പെടുത്തി ആരോഗ്യരംഗമടക്കമുള്ള കാര്യങ്ങളെക്കൂടി ബന്ധിപ്പിച്ചു കൊണ്ടായിരിക്കും നിർദ്ദിഷ്ട പദ്ധതി നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നത്.

മി: സ്പീക്കർ: *63 -ാം നമ്പർ ചോദ്യവുമായി *84-ാം നമ്പർ ചോദ്യം ക്ലബ് ചെയ്യുന്നതിന് ശ്രീ. കെ. സി. ജോസഫ് എഴുതിത്തന്നിട്ടുണ്ട്. അത് അനുവദിക്കുകയാണ്. രണ്ട് ചോദ്യങ്ങൾക്കുമുള്ള മറുപടി ബഹുമാനപ്പെട്ട മന്ത്രി ഒരുമിച്ച് പറയും.

**വിമുക്തി പദ്ധതി**

3 (*63) ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. സി. ദിവാകരൻ:
ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീമതി ഗീതാ ഗോപി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരി വിരുദ്ധ ബോധവൽക്കരണത്തിനും വിമോചനത്തിനുമായി പദ്ധതി നടപ്പാക്കുന്നുണ്ടോ; എങ്കിൽ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) ലഹരി വിരുദ്ധ ബോധവൽക്കരണത്തിനായി 2016-17 വർഷത്തിൽ എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്നും എത്ര തുക ചെലവഴിച്ചുവെന്നും അറിയിക്കുമോ;

(സി) വിമുക്തി പദ്ധതി പ്രവർത്തനങ്ങളുടെ മേൽനോട്ടം നിർവ്വഹിക്കുന്ന ജില്ലാതല സമിതിയുടെ ഘടന വ്യക്തമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ,

(എ) ഉണ്ട്. മദ്യവർജ്ജനത്തിന് ഊന്നൽ നൽകി മയക്കുമരുന്നുകളുടെ ഉപയോഗം പൂർണ്ണമായും ഇല്ലാതാക്കുവാൻ ലക്ഷ്യമിട്ടാണ് കേരള സംസ്ഥാന ലഹരി വർജ്ജന മിഷന്റെ 'വിമുക്തി' എന്ന ബോധവൽക്കരണ മിഷന് സർക്കാർ രൂപം നൽകിയിട്ടുള്ളത്.

സമൂഹത്തിന്റെ സമസ്ത മേഖലകളിലും വ്യാപരിക്കുന്ന വിപത്തായി മാറിയിട്ടുള്ള മദ്യം, മയക്കുമരുന്ന്, പുകയില എന്നിവയുടെ ഉപയോഗം കുറച്ചുകൊണ്ടുവരിക, നിയമവിരുദ്ധ ലഹരി വസ്തുക്കളുടെ ശേഖരണം, കടത്തൽ എന്നിവയുടെ ഉറവിടം കണ്ടെത്തി ഇല്ലായ്മ ചെയ്യുക എന്നിവയാണ് പ്രധാനമായും 'വിമുക്തി' മിഷനിലൂടെ ലക്ഷ്യമിടുന്നത്.

(ബി) 2016-17 വർഷത്തിൽ 7,28,95,000 രൂപ വിമുക്തി മിഷന്റെ പ്രവർത്തനങ്ങൾക്കായി അനുവദിച്ചു. അതിൽനിന്നും 5,91,83,056 രൂപ ചെലവഴിച്ചിട്ടുണ്ട്.

(സി) ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും കോർപ്പറേഷൻ മേയർ/ മുനിസിപ്പൽ ചെയർപേഴ്സൺമാർ വൈസ് ചെയർമാനും ജില്ലാകളക്ടർ കൺവീനറും ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ ജോയിന്റ് കൺവീനറും ജില്ലാ മിഷൻ ഓഫീസർ ജില്ലാ കോ-ഓർഡിനേറ്ററും ആഭ്യന്തരം, ആരോഗ്യം, തദ്ദേശസ്വയംഭരണം, വിദ്യാഭ്യാസം, ധനകാര്യം, ഇൻഫർമേഷൻ & പബ്ലിക്ക് റിലേഷൻസ്, സ്പോർട്സ്, യുവജനക്ഷേമം, പട്ടികജാതി/പട്ടികവർഗ്ഗ ക്ഷേമം, സാംസ്കാരികം, ഫിഷറീസ് വകുപ്പ് ജില്ലാ തലവന്മാർ, കുടുംബശ്രീ പ്രതിനിധികൾ, കലാ-കായിക-സാംസ്കാരിക-സാഹിത്യ-മാധ്യമ രംഗത്തെ പ്രതിനിധികൾ, സന്നദ്ധ സംഘടനാ പ്രതിനിധികൾ, ജില്ലാ ഗവൺമെന്റ് പ്ലീഡർ, ലൈബ്രറി കൗൺസിൽ പ്രതിനിധികൾ, ജില്ലാ പോലീസ് മേധാവികൾ, ബന്ധപ്പെട്ട ജില്ലയിലെ ബഹുമാനപ്പെട്ട എം.പി./എം.എൽ.എ. തുടങ്ങിയവരാണ് ജില്ലാതല സമിതിയിൽ അംഗങ്ങളായിട്ടുള്ളത്.

മി. സ്പീക്കർ :ചോദ്യം നമ്പർ *84

## വിമുക്തി പദ്ധതി

4 (*84) ശ്രീ. കെ. സി. ജോസഫ്:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. റോജി എം. ജോൺ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ലഹരി വിമുക്തമാക്കുവാൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി വിമുക്തി പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ; ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാം;

(സി) എത്ര കോടി രൂപ ഈ പദ്ധതിക്കായി നീക്കിവച്ചിട്ടുണ്ട്; ഇതിനകം എന്ത് തുക ചെലവഴിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത പദ്ധതി കാര്യക്ഷമമായി നടത്താൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ): സർ,

(എ) സാമൂഹിക-ക്രിയാത്മക ചുവടുവയ്പുകൾ, തീരദേശ-ആദിവാസി മേഖലകളിലും കോളനികളിലും പ്രത്യേക പ്രവർത്തനങ്ങൾ, സ്കൂൾ/കോളേജ് വിദ്യാഭ്യാസ സ്ഥാപനതല പ്രവർത്തനങ്ങൾ, വിവരവ്യാപന സംവിധാനങ്ങൾ, മദ്യവും മയക്കുമരുന്നും ഉപയോഗിച്ചുതുടങ്ങിയവരിൽ തിരുത്തൽ പ്രക്രിയ, നിയമവിരുദ്ധ ലഹരി ഉൽപ്പന്നങ്ങളുടെ ലഭ്യതയും വിതരണവും ഇല്ലാതാക്കൽ ഉദ്ദേശിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ, പുനരധിവാസം എന്നിവയാണ് കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി'-യുമായി ബന്ധപ്പെട്ട് ആവിഷ്കരിച്ചിട്ടുള്ള കർമ്മ പദ്ധതികൾ.

(ബി) ഉണ്ട്. 6-10-2016-ലെ ജി.ഒ.(എം.എസ്.) 94/16/നി.വ. നമ്പർ ഉത്തരവുപ്രകാരം കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി' പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുണ്ട്.

മദ്യവർജ്ജനത്തിന് ഊന്നൽ നൽകി മയക്കുമരുന്നുകളുടെ ഉപയോഗം പൂർണ്ണമായും ഇല്ലാതാക്കുവാൻ ലക്ഷ്യമിട്ടാണ് 'വിമുക്തി' എന്ന ബോധവൽക്കരണ പദ്ധതിക്ക് സർക്കാർ രൂപം നൽകിയിട്ടുള്ളത്. സമൂഹത്തിന്റെ സമസ്ത മേഖലകളിലും വ്യാപരിക്കുന്ന വിപത്തായി മാറിയിട്ടുള്ള മദ്യം, മയക്കുമരുന്ന്, പുകയില എന്നിവയുടെ ഉപയോഗം കുറച്ചുകൊണ്ടുവരിക, നിയമവിരുദ്ധ ലഹരി വസ്തുക്കളുടെ ശേഖരണം, കടത്തൽ, ഇവയുടെ ഉറവിടം കണ്ടെത്തി ഇല്ലായ്മ ചെയ്യൽ എന്നിവയുമാണ് പ്രധാനമായും കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി'യിലൂടെ ലക്ഷ്യമിടുന്നത്.

(സി) 100 കോടി രൂപ കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ വിമുക്തിയുടെ ഘട്ടംഘട്ടമായുള്ള പ്രവർത്തനത്തിനായി നീക്കിവച്ചിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷത്തിൽ 5,91,83,056 രൂപ ഇതിനായി ചെലവഴിച്ചിട്ടുണ്ട്.

(ഡി) കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ വിമുക്തി കാര്യക്ഷമമായി നടത്തുന്നതിന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനും ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി വൈസ് ചെയർമാനും നികുതി വകുപ്പ് സെക്രട്ടറി കൺവീനറുമായ സംസ്ഥാന ഗവേണിംഗ് ബോഡിയും ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി ചെയർമാനും നികുതി വകുപ്പ് സെക്രട്ടറി വൈസ് ചെയർമാനും എക്സൈസ് കമ്മീഷണർ കൺവീനറുമായ എക്സിക്യൂട്ടീവ് കമ്മിറ്റിയും സംസ്ഥാന തലത്തിൽ രൂപീകരിച്ചിട്ടുണ്ട്. ഇതോടൊപ്പം ജില്ലാ എക്സിക്യൂട്ടീവ് കമ്മിറ്റി, തദ്ദേശഭരണ സ്ഥാപനതലം, വാർഡുതലം ജില്ല/ ബ്ലോക്ക്/ മുനിസിപ്പാലിറ്റി/ കോർപ്പറേഷൻ/

പഞ്ചായത്ത്/വാർഡുകമ്മിറ്റികൾ രൂപീകരിച്ചുവരുന്നു. കൂടാതെ സംസ്ഥാന ഭരണതലം, ജില്ലാ ഭരണതലം എന്നീ ഭരണപരമായ കമ്മിറ്റികളും രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

<u>ശ്രീ. വി. ആർ. സുനിൽ കുമാർ</u>: സർ, മദ്യവർജ്ജനത്തിന് ഊന്നൽ നൽകുന്നതിനും മയക്കുമരുന്നുകളുടെ ഉപയോഗം പൂർണ്ണമായും ഇല്ലാതാക്കുന്നതിനും ലക്ഷ്യമിട്ടാണ് 'വിമുക്തി' എന്ന ബോധവൽക്കരണ മിഷന് സർക്കാർ രൂപം നൽകിയത്. സ്കൂൾ-കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ, കുടുംബശ്രീ, ലൈബ്രറി കൗൺസിൽ, വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ, സന്നദ്ധ സംഘടനകൾ എന്നിവരെ ഉപയോഗപ്പെടുത്തി ബോധവൽക്കരണത്തിലൂടെ ലഹരി വിമുക്ത കേരളമാണ് ലക്ഷ്യമിടുന്നത്. ഇതിനായി എന്തെല്ലാം പദ്ധതികളാണ് സർക്കാരിന്റെ പരിഗണനയിലുള്ളത്?

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: സർ, ലഹരി വിമുക്ത കേരളം ലക്ഷ്യമിട്ട് സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളെക്കുറിച്ച് ഉത്തരത്തിൽ വിശദീകരിച്ചിട്ടുണ്ട്. അത് മനസ്സിലാക്കാൻ കഴിയുന്നതാണ്. സമയ പരിമിതികൊണ്ട് ആവർത്തിക്കാൻ ഉദ്ദേശിക്കുന്നില്ല. കേരളത്തിൽ രണ്ടായിരത്തിൽപ്പരം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇതിനകം ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചു കഴിഞ്ഞിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളിൽ വാർഡുതലത്തിലും അതുപോലെ റസിഡന്റ്സ് അസോസിയേഷൻ, കുടുംബശ്രീ തുടങ്ങിയ സംവിധാനങ്ങളെയും ലഹരിവിമുക്ത പ്രചാരണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. എല്ലാ പ്രദേശങ്ങളിലും ഇത് പ്രാവർത്തികമാക്കുന്നതിനുള്ള മുൻകൈ ജനപ്രതിനിധികൾ സ്വീകരിക്കണമെന്നുകൂടി അഭ്യർത്ഥിക്കുകയാണ്.

<u>ശ്രീ. സി. ദിവാകരൻ</u>: സർ, ഇത് വളരെ ഭാവനാപൂർണ്ണമായ ഒരു പദ്ധതിയാണ്. കേരളം സമ്പൂർണ്ണമായി മദ്യ വിമുക്തമാകുന്ന ആ ദിവസത്തിന് വേണ്ടി കാത്തിരിക്കാം. ഇതുമായി ബന്ധപ്പെട്ടല്ലാതെ ബഹുമാനപ്പെട്ട സ്പീക്കറോട് ഒരഭ്യർത്ഥനയുണ്ട്. വല്ലപ്പോഴും ഒരിക്കൽ ഇവിടെവച്ച് നമ്മുടെ സെഷൻ നടത്തണം. ഇവിടെ വന്നപ്പോൾ അങ്ങനെ തോന്നുന്നു. കാരണം വലിയ മഹാന്മാർ ഇരുന്ന സീറ്റുകളിലാണ് ഞങ്ങൾ ഇപ്പോൾ ഇരിക്കുന്നത്. ഞാൻ ആദ്യമായിട്ടാണ് ഇവിടെ ഇരിക്കുന്നത്. എന്റെ സീറ്റിൽ എഴുതിവച്ചിരിക്കുന്നത് കെ. ആർ. ഗൗരിയമ്മ എന്നാണ്. ധാരാളം സംഭവങ്ങൾക്ക് സാക്ഷ്യം വഹിച്ച ഇവിടെ ഒരു മ്യൂസിയത്തിൽ വരുന്നതുപോലെ ഞങ്ങളെ കൊണ്ടുവന്നിരിക്കുകയാണ്. ഇവിടെ വച്ച് രണ്ടുമൂന്ന് മാസത്തിലൊരിക്കലെങ്കിലും സെഷൻ ചേരുന്ന കാര്യം ബഹുമാനപ്പെട്ട സ്പീക്കർ

പരിഗണിക്കണം.

എന്റെ ചോദ്യം, കാര്യക്ഷമമായി ഈ കമ്മിറ്റിക്ക് പ്രവർത്തിക്കാൻ കഴിയുമോ? ഒരുപിടി ആളുകളുടെ പേരുകൾ ഇതിൽ പറയുന്നുണ്ട്. എന്റെ നിർദ്ദേശം, ഇതിൽ മന്ത്രി ചെയർമാനായിട്ടുള്ള ഒരു റിവ്യൂ കമ്മിറ്റി ആവശ്യമാണ്. അതോടൊപ്പംതന്നെ എം.എൽ.എ.-മാരായ ഞങ്ങൾ മദ്യവിമുക്ത കേരളത്തിനുവേണ്ടി സർക്കാർ നയം നടപ്പിലാക്കുമ്പോൾ, ഞങ്ങളുടെ മണ്ഡലങ്ങളിൽ ബിവറേജസ് കോർപ്പറേഷന്റെ ഔട്ട്ലെറ്റുകൾ വരുമ്പോൾ ആളുകളെല്ലാം വേണമെന്ന് പറയുകയും ഇത് വേണ്ടെന്ന് പറയുന്നവരെ ഒറ്റപ്പെടുത്തുകയും ചെയ്യുന്നു. ഇതിനെന്തെങ്കിലും പരിഹാരം കാണണം. ഞാൻ വളരെ കഷ്ടപ്പെടുകയാണ്.

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനും അഡീഷണൽ ചീഫ് സെക്രട്ടറി കൺവീനറുമായ ഒരു ഗവേണിംഗ് ബോഡിയും എക്സൈസ് വകുപ്പുമന്ത്രി ചെയർമാനും എക്സൈസ് കമ്മീഷണർ കൺവീനറുമായ ഒരു എക്സിക്യൂട്ടീവ് കമ്മിറ്റിയും ജില്ലാ പഞ്ചായത്ത് പ്രസിഡന്റും കളക്ടർ കൺവീനറുമായ ജില്ലാതല കമ്മിറ്റികളും ഇപ്പോൾ കേരളത്തിൽ പ്രവർത്തിക്കുന്നുണ്ട്. താഴെത്തട്ടിലുള്ള തദ്ദേശഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ മറ്റ് കമ്മിറ്റികളും ഇപ്രകാരം രൂപീകരിച്ചിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിലാണ് പ്രസ്തുത കമ്മിറ്റി രൂപീകരിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട എം.പി./എം.എൽ.എ., ആ ജില്ലയിലുള്ള എല്ലാവരേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള കമ്മിറ്റിയാണ് ജില്ലാതല കമ്മിറ്റി. പ്രസ്തുത കമ്മിറ്റികൾ കൃത്യമായും ചേർന്ന് ഓരോ ജില്ലയിലും നടത്തുന്ന പ്രവർത്തനങ്ങൾ പരിശോധിക്കേണ്ടതുണ്ട്. ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള സാഹചര്യങ്ങൾ പരിശോധിച്ച് കൃത്യമായ റിവ്യൂ നടത്തി ഈ സംവിധാനം പ്രവർത്തിപ്പിക്കുന്നതിനും സജീവമാക്കുന്നതിനും ആവശ്യമായ എല്ലാ നടപടികളും സർക്കാർ സ്വീകരിക്കുന്നതാണ്.

<u>ശ്രീ. ആർ. രാമചന്ദ്രൻ</u>: സർ, സംസ്ഥാനത്ത് അബ്കാരി കേസ്സുകളെ അപേക്ഷിച്ച് എൻ.ഡി.പി.എസ്. കേസ്സുകളുടെയും കോട്പാ കേസ്സുകളുടെയും വർദ്ധനവ് അടുത്തകാലത്തായി ഉയർന്ന തോതിലാണ്. ഇത്തരം ഉൽപ്പന്നങ്ങളുടെ ഉപഭോക്താക്കൾ കൂടുതലും യുവജനങ്ങളും കുട്ടികളുമാണ്. വരുംതലമുറയിൽ അത്യന്തം വിനാശകരമായ പ്രത്യാഘാതങ്ങൾ സൃഷ്ടിക്കുന്ന പ്രസ്തുത ഉൽപ്പന്നങ്ങളുടെ

വ്യാപനത്തിന് അന്തർ സംസ്ഥാന മാഫിയാസംഘങ്ങൾ പ്രവർത്തിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇവരുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിന് മറ്റ് സംസ്ഥാന പോലീസുമായി ചേർന്ന് പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നുണ്ടോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, നിയമവിരുദ്ധ ലഹരി വസ്തുക്കളെ തടയാൻ എൻഫോഴ്സ്മെന്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തുക എന്നുള്ളതാണ് സർക്കാരിന് ചെയ്യാൻ കഴിയുക. എക്സൈസ് സേനാംഗങ്ങളുടെ എണ്ണം ഇനിയും വർദ്ധിപ്പിക്കുന്നതിനുള്ള സംവിധാനങ്ങളുണ്ടാക്കേണ്ടതുണ്ട്. പോലീസിന്റെ സഹായത്തോടുകൂടി ഈ അപകടത്തെ തടയുന്നതിനുവേണ്ടിയുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം നിയമവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിനുള്ള ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. നിലവിലുള്ള അനുഭവങ്ങൾകൂടി പരിശോധിച്ച് പ്രസ്തുത പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കും.

ശ്രീമതി ഗീതാ ഗോപി: സർ, കേരളത്തിൽ ഈയടുത്ത കാലത്തായി വിദ്യാർത്ഥികളിലും യുവാക്കളിലും മയക്കുമരുന്ന് ഉപയോഗം അതിരൂക്ഷമായി വർദ്ധിക്കുന്നതായാണ് പഠനങ്ങൾ സൂചിപ്പിക്കുന്നത്. ആയതിനാലാണ് അതിന് പരിഹാരമായി ഈ സർക്കാർ കൊണ്ടുവന്ന 'വിമുക്തി' പദ്ധതി സമഗ്രമായി മണ്ഡലങ്ങളിലെ എം.എൽ.എ.-മാർ ഏറ്റെടുത്ത് സ്കൂളുകളിലും കലാലയങ്ങളിലും നടത്തുന്നത്. ഇതിന്റെ ഭാഗമായി കേരളത്തിൽ മാത്രമല്ല, രാജ്യത്ത് ഏറ്റവും വലിയ ഡീ-അഡിക്ഷൻ സെന്റർ കേരളത്തിൽ ആരംഭിക്കണമെന്ന് കേന്ദ്രമന്ത്രി ശ്രീ. അരുൺ ജെയ്റ്റിലി ആഗ്രഹം പ്രകടിപ്പിച്ചു. ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട വകുപ്പുമന്ത്രി എന്ത് നടപടിയുമായാണ് മുന്നോട്ട് പോകുക?

ശ്രീ. റ്റി പി. രാമകൃഷ്ണൻ: സർ, സംസ്ഥാനത്ത് നിലവിൽ ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട് ഡീ-അഡിക്ഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. ഇത് കൂടുതൽ ശക്തിപ്പെടുത്താനുള്ള നടപടികളെക്കുറിച്ച് ആലോചിച്ചിട്ടുമുണ്ട്. പത്ത് ജില്ലകളിൽക്കൂടി പുതുതായി ഡി -അഡിക്ഷൻ സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സംബന്ധിച്ച് എക്സൈസ്, ആരോഗ്യം എന്നീ വകുപ്പുകൾ ചേർന്ന് ആലോചിച്ച് പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. മാതൃകാ ഡീ -അഡിക്ഷൻ സെന്റർ പ്രവർത്തിപ്പിക്കുന്നതിനെക്കുറിച്ചും തീരുമാനിച്ചിട്ടുള്ളതാണ്. കേരളത്തിൽ അത് നടപ്പിലാക്കുന്നതിനുള്ള പ്രാഥമിക നടപടികൾക്ക് തുടക്കം കുറിച്ചിട്ടുണ്ട്.

ശ്രീ. കെ. സി. ജോസഫ്: സർ, ചരിത്രം മയങ്ങിക്കിടക്കുന്ന ഈ ഹാളിൽ ഞങ്ങൾക്കൊക്കെ ഗൃഹാതുരത്വ സ്മരണയാണ് അനുഭവപ്പെടുന്നത്. ഇവിടെ നിയമസഭ ചേരുന്നതിന് അവസരം നൽകിയതിൽ ബഹുമാനപ്പെട്ട സ്പീക്കറെ ഞാൻ അഭിനന്ദിക്കുകയാണ്. ഞാൻ ഇപ്പോൾ ഇരിക്കുന്നതിന്റെ തൊട്ട് പുറകിലത്തെ സീറ്റിൽ ശ്രീ. വി. എസ്. ശിവകുമാറാണ് ഇരിക്കുന്നത്. മുമ്പ് അത് എന്റെ സീറ്റായിരുന്നു. ഇത് വലിയൊരു ചരിത്രസംഭവമാണ്.

ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി സൂചിപ്പിച്ചതുപോലെ ലഹരി വിമുക്തിക്കുവേണ്ടിയുള്ള ശ്രമങ്ങൾ ഇന്നും ഊർജ്ജിതമല്ല. മദ്യനിയന്ത്രണം ഏർപ്പെടുത്തുന്നതോടുകൂടി ലഹരി വസ്തുക്കൾ, ഡ്രഗ്സ് അടക്കം വ്യാപകമാകുന്നുവെന്ന എക്സൈസ് കമ്മീഷണറുടെ പ്രസ്താവന വായിക്കാനിടയായി. 2016-17 സാമ്പത്തിക വർഷം വിമുക്തി പദ്ധതിക്കുവേണ്ടി മാറ്റിവച്ച 100 കോടി രൂപയിൽ 5,91,83,056 രൂപയാണ് ആകെ ചെലവഴിച്ചത്. ഇത് വിമുക്തി പദ്ധതിയിലെ സർക്കാരിന്റെ ആത്മാർത്ഥതക്കുറവിനെയാണ് ചൂണ്ടി കാണിക്കുന്നത്. ഒരു സാമ്പത്തികവർഷം 100 കോടി രൂപ മാറ്റിവച്ചിട്ട് ചെലവഴിക്കുന്നത് 6 കോടി രൂപയിൽ താഴെ മാത്രമാണ്. ബാക്കി തുക ലാപ്സായിപ്പോയി. നമുക്ക് മദ്യത്തെ നിയമം കൊണ്ട് തടയാൻ സാധിക്കില്ല. സ്കൂളുകളിലും മറ്റും വ്യാപകമായ ക്യാമ്പയിൻ ഉണ്ടാകണം. ഈ സാമ്പത്തിക വർഷമെങ്കിലും വിദ്യാർത്ഥികളെയും യുവജനങ്ങളെയും ലഹരിയിൽനിന്നും മോചിപ്പിക്കാനുള്ള വിപുലമായ ക്യാമ്പയിന് മുൻഗണന നൽകുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ലഹരി വർജ്ജന ക്യാമ്പയിനുവേണ്ടി 100 കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽനിന്നും 7,28,95,000 രൂപ വിനിയോഗിക്കുന്നതിനുള്ള അനുവാദമാണ് ആരംഭത്തിൽ ഈ സർക്കാർ നൽകിയിട്ടുള്ളത്. ഇതിൽ 5,91,83,056 രൂപ ഇതിനകം ചെലവഴിച്ചു. ചെലവഴിച്ച തുകയിൽ 4.6 കോടി രൂപ ഇതിന്റെ ക്യാമ്പയിൻ സജീവമാക്കുന്നതിനുവേണ്ടി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് നൽകിയിട്ടുള്ളതാണ്. ചരിത്രത്തിലാദ്യമായാണ് ഇത്തരത്തിലുള്ള നിലപാട് സ്വീകരിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട അംഗത്തിന്റെ നിർദ്ദേശംകൂടി പരിഗണിച്ച് ഈ ക്യാമ്പയിൻ വിപുലമാക്കുന്നതിനുള്ള എല്ലാ സംവിധാനങ്ങളും സർക്കാർ ഒരുക്കുന്നതാണ്. അതിന് സഹായകരമായ നടപടികൾ എല്ലാവരുടെയും ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയാണ്.

<u>ശ്രീ. വി. ടി. ബൽറാം</u>: സർ, വിമുക്തി പദ്ധതി ഊർജ്ജിതമായി സർക്കാർ നടപ്പാക്കണമെന്നാണ് ഞങ്ങളും ആഗ്രഹിക്കുന്നത്. മദ്യത്തിന്റെ ലഭ്യത വർദ്ധിപ്പിക്കുന്നത് ഈ സർക്കാരിന്റെ പ്രഖ്യാപിത നയമായ മദ്യവർജ്ജനത്തിന് വിരുദ്ധമായിട്ടുള്ള ആശയമാണ്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ നയത്തിന്റെ ഭാഗമായി എന്റെ നിയോജകമണ്ഡലമായ തൃത്താലയിൽ പ്രവർത്തിച്ചിരുന്ന ബിവറേജസ് കോർപ്പറേഷൻ ഔട്ട്ലെറ്റ് അടച്ചുപൂട്ടുകയുണ്ടായി. അവിടെ പാടം നികത്തി അനധികൃതമായി നിർമ്മിച്ച, പഞ്ചായത്ത് നമ്പർ ഇട്ടുകൊടുക്കാത്ത ഒരു കെട്ടിടത്തിൽ ഔട്ട്ലെറ്റ് തുറന്ന് പ്രവർത്തിപ്പിക്കാൻ ശ്രമിച്ചു. ഒരു ദിവസം തുറക്കുകയും ജനങ്ങളുടെ സമരംമൂലം അത് അടച്ചുപൂട്ടേണ്ടതായും സ്റ്റോപ്പ് മെമ്മോ നൽകേണ്ടതായും വന്നു. അനധികൃതമായി നിർമ്മിച്ച കെട്ടിടത്തിൽ ഇങ്ങനെ ഔട്ട്ലെറ്റ് തുറക്കാൻ ഇടയായ സാഹചര്യം സർക്കാർ പ്രത്യേകമായി പരിശോധിക്കുമോ; ആ സ്ഥാപനം അടച്ചുപൂട്ടാനും, എന്റെ നിയോജക മണ്ഡലത്തിൽ ഇതുവരെ മറ്റ് രീതിയിലുള്ള മദ്യഷോപ്പുകളില്ല, ആ നിലതന്നെ തുടരാനുമുള്ള സംവിധാനം ഒരു പ്രത്യേക കേസായി പരിഗണിക്കുമോ, ഇതൊരു പരാതിയായി സ്വീകരിക്കുമോ?

<u>ശ്രീ. റ്റി പി. രാമകൃഷ്ണൻ</u>: സർ, മദ്യഷാപ്പുകളുടെ എണ്ണം കുറയുന്നതുകൊണ്ടു മാത്രം മദ്യത്തിന്റെയോ ലഹരിയുടേയോ ഉപയോഗം കുറയുന്നില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. നിയമവിധേയമായി മാത്രമേ മദ്യഷാപ്പുകൾ പ്രവർത്തിക്കാൻ പാടുള്ളൂ. സുപ്രീം കോടതി വിധി മദ്യം നിരോധിക്കുന്നതല്ല; ദേശീയ പാതയിലും സംസ്ഥാന പാതയിലും 500 മീറ്ററിനകത്തുള്ള മദ്യഷാപ്പുകൾ മാറ്റാനാണ്. ആ വിധി വന്നപ്പോൾത്തന്നെ അതിനോട് 100 ശതമാനം കൂറ് പുലർത്തി മദ്യഷാപ്പുകൾ മാറ്റി സ്ഥാപിക്കുന്നതിനുള്ള നിലപാടാണ് സ്വീകരിച്ചത്. നിയമവിധേയമായി മദ്യഷാപ്പുകൾ നടത്താൻ ശ്രമിക്കുമ്പോൾ അതിനെതിരായുള്ള പ്രതിഷേധങ്ങളും ഉയർന്നുവരുന്നുണ്ട്. നിയമവിധേയമായ നിലപാട് സർക്കാരിന് സ്വീകരിക്കേണ്ടതായിവരും. നിയമവിരുദ്ധമായാണ് ഏതെങ്കിലും മദ്യഷാപ്പുകൾ പ്രവർത്തിക്കുന്നതെങ്കിൽ, അതിനെതിരെ പരാതി ലഭിച്ചാൽ, തീർച്ചയായും അത് പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശ്രീ. റോജി എം. ജോൺ</u>: സർ, സംസ്ഥാനത്തെ ക്യാമ്പസ്സുകളിൽ മദ്യവും മയക്കുമരുന്നും ഇന്ന് വ്യാപകമായിക്കൊണ്ടിരിക്കുകയാണ്. ഇതിനെതിരെ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് വിവിധ വകുപ്പുകളെ ഏകോപിപ്പിച്ചുകൊണ്ട് 'ക്ലീൻ ക്യാമ്പസ്, സേഫ് ക്യാമ്പസ്' എന്ന പദ്ധതിക്ക് രൂപം കൊടുക്കുകയും അത് ഫലപ്രദമായി നടപ്പിലാക്കുകയും ചെയ്തിരുന്നു. പ്രസ്തുത പദ്ധതിയുടെ ഇപ്പോഴത്തെ അവസ്ഥയെന്താണ്; അതുമായി സർക്കാർ മുന്നോട്ടുപോകുന്നുണ്ടോ?

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: സർ, കഴിഞ്ഞകാല പദ്ധതികളുടെയും ഇത് സംബന്ധിച്ചുള്ള നിലപാടുകളുടെയുമെല്ലാം അനുഭവങ്ങൾ പരിശോധിച്ചുകൊണ്ടാണ് പുതിയ പദ്ധതിക്ക് രൂപം നൽകിയിട്ടുള്ളത്. പുതിയ പദ്ധതി 'വിമുക്തി'യാണ്. വിമുക്തി പദ്ധതിയുടെ ഭാഗമായി വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് പ്രവർത്തനങ്ങൾ നടക്കുന്നുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നും നല്ല പ്രതികരണമാണ് ലഭിക്കുന്നത്. ലഹരി വിരുദ്ധ ക്ലബ്ബുകൾ ഇതിന്റെ ഭാഗമാണ്. അത്തരം പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. നേരത്തേയുള്ള അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ പുതിയ പദ്ധതികൾ ആവിഷ്കരിക്കുകയാണ് ഈ സർക്കാർ ചെയ്തിട്ടുള്ളത്. അത് കൂടുതൽ ഫലപ്രദമായി ജനങ്ങളിലേയ്ക്ക് എത്തിക്കാൻ കഴിയുമെന്നാണ് സർക്കാർ കരുതുന്നത്. ജനപ്രതിനിധികളുടെ സഹകരണത്തോടുകൂടി ഇത് മുന്നോട്ടുകൊണ്ടു പോകാനാണുദ്ദേശിക്കുന്നത്.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, ബോധവൽക്കരണത്തിനുവേണ്ടി ഈ സർക്കാർ കുറേ ശ്രമങ്ങൾ നടത്തിയെന്ന് അങ്ങിവിടെ സൂചിപ്പിക്കുകയുണ്ടായി. ദീർഘകാലമായി നടത്തിയ ബോധവൽക്കരണത്തിന്റെ ഭാഗമായി കാര്യമായ ബോധം തെളിഞ്ഞില്ല എന്നുള്ളതുകൊണ്ടായിരിക്കും ഇപ്പോൾ മദ്യത്തിന്റെ വിപണനവും ഉപഭോഗവും കൂടിവരികയാണ്. അത് കണക്കുകൾ പരിശോധിച്ചാൽ മനസ്സിലാകും. ഇതുവരെയുള്ള ബോധവൽക്കരണ പദ്ധതിയിൽനിന്ന് മാറിച്ചിന്തിക്കുന്നതിനെക്കുറിച്ച് ആലോചിക്കണം. ഒരു മുനിസിപ്പാലിറ്റിയിൽ ആറ് ഔട്ട്ലെറ്റുകൾക്ക് ബിവറേജസ് കോർപ്പറേഷൻ അനുമതി നൽകുകയാണ്. 52 വാർഡുള്ള ഒരു മുനിസിപ്പാലിറ്റിയിൽ ഈ ആറെണ്ണത്തിൽ നാലെണ്ണവും ഒരു വാർഡിൽത്തന്നെ കേന്ദ്രീകരിച്ചുള്ള ബോധവൽക്കരണത്തിന്റെ പരിശ്രമമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. 'അക്ഷരനഗരി' എന്ന് അറിയപ്പെടുന്ന കോട്ടയം പട്ടണത്തിന്റെ ഹൃദയഭാഗത്ത് നാല് മദ്യഷാപ്പുകൾ ഒരു വാർഡിൽ പ്രവർത്തിക്കുകയാണ്. ദയവായി ആ നാട്ടിലെ ജനങ്ങളെ രക്ഷിക്കൂ. സർക്കാർ സ്വീകരിക്കുന്ന നയങ്ങൾ ജനങ്ങളുമായി ആലോചിച്ച് വേണ്ടവിധത്തിൽ കൊണ്ടുപോകുന്നതിനുള്ള നടപടികളൊക്കെ ഉണ്ടാകുമെന്ന് അങ്ങ് സൂചിപ്പിക്കുകയുണ്ടായി. ഞാൻ അതിനോട് പൂർണ്ണമായും യോജിക്കുകയാണ്.

കൂട്ടത്തിൽ ഒരു വാക്കുകൂടി, അങ്ങയെ ഞാൻ അഭിനന്ദിക്കുകയാണ്. ഭരണത്തലവനെ നേരിട്ടുകാണാൻ നിവൃത്തിയില്ലാതിരുന്ന അന്നത്തെ പ്രതിപക്ഷത്തിന്റെ വിഷമം ഞാൻ ഇപ്പോൾ ഈ സീറ്റിലിരുന്ന്

അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. എന്നാലും ഈ നടപടിക്ക് അങ്ങ് നേതൃത്വം നൽകിയതിന് ഒരിക്കൽക്കൂടി അഭിനന്ദിക്കുന്നു. ഞാൻ ചോദിച്ച ഈ കാതലായ ചോദ്യത്തിന് ബഹുമാനപ്പെട്ട മന്ത്രി കൃത്യമായ മറുപടി നൽകണമെന്ന് അപേക്ഷിക്കുന്നു.

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, മദ്യഷാപ്പുകൾ മാറ്റിസ്ഥാപിക്കേണ്ട പ്രശ്നം വന്നപ്പോൾ നേരത്തേയുള്ള എല്ലുകയിൽ മാറ്റം വരുത്തേണ്ടി വന്നിട്ടുണ്ട്. ആ എല്ലുകയുടെ അടിസ്ഥാനത്തിലാണ് ഷാപ്പുകൾ സ്ഥാപിക്കുന്നത്. ഞാൻ മുമ്പും സഭയിൽ വ്യക്തമാക്കിയിട്ടുള്ള കാര്യമാണിത്. ഏതെങ്കിലും പ്രത്യേക ഷാപ്പുകളെക്കുറിച്ച് പരാതിയുണ്ടെങ്കിൽ അത് സർക്കാർ പരിശോധിച്ച് ന്യായമായ പരിഹാരം കാണുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

ശ്രീ. എം. ഉമ്മർ: സർ, നന്നായി മദ്യപിക്കുന്നവർപോലും തങ്ങളുടെ വീടിനടുത്തും കുടുംബം താമസിക്കുന്നിടത്തും മദ്യശാലകൾ വരരുത് എന്നാഗ്രഹിക്കുന്നതുകൊണ്ടാണ് നേരത്തേ ശ്രീ. സി. ദിവാകരൻ പറഞ്ഞതുപോലെ മദ്യശാലകൾ മാറ്റിസ്ഥാപിക്കുമ്പോൾ കക്ഷി-രാഷ്ട്രീയ ഭേദമെന്യേ വലിയ പ്രക്ഷോഭം ഉണ്ടാകുന്നത്. അതുകൊണ്ട് സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ അടച്ചുപൂട്ടിയ മദ്യഷാപ്പുകൾ പുതിയ സ്ഥലത്തേയ്ക്ക് മാറ്റുന്നതിനുപകരം അടച്ചുപൂട്ടുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. റ്റി പി. രാമകൃഷ്ണൻ: സർ, അടച്ചുപൂട്ടുന്നത് മദ്യ നിരോധനത്തിന് മാത്രമേ ഇടവരുത്തുകയുള്ളൂ. മദ്യ നിരോധനമല്ല മദ്യവർജ്ജനമാണ് ഉദ്ദേശിക്കുന്നതെന്ന് ഞാൻ മുമ്പും പറഞ്ഞതാണ്. മദ്യഷോപ്പുകൾ നിയമവിരുദ്ധമായി നടത്തുന്നുണ്ടോയെന്ന് പരിശോധിക്കണം. നിയമവിരുദ്ധമാണെങ്കിൽ തീർച്ചയായും അത് അവസാനിപ്പിച്ചേ മതിയാകൂ. നിയമവിരുദ്ധമായ ഒരു നടപടിയും ഇക്കാര്യത്തിൽ സർക്കാർ സ്വീകരിക്കുന്നതല്ല.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, ലഹരിക്ക് അടിമപ്പെട്ടുപോകുന്നവരുടെ കുടുംബത്തിൽ ഗുരുതരമായ പ്രശ്നങ്ങൾ പലപ്പോഴും ഉണ്ടാകുന്നുണ്ട്. ലഹരിക്ക് അടിമയാകുന്നവരുടെയും അവരുടെ കുടുംബത്തിലെ കുട്ടികളുടെയും ആരോഗ്യത്തിലും ഗുരുതരമായ പ്രശ്നങ്ങളുണ്ടാകുന്ന സാഹചര്യമുണ്ടാകാറുണ്ട്. കുട്ടികളുടെ വിദ്യാഭ്യാസത്തെ പലപ്പോഴും ഇത് ബാധിക്കാറുണ്ട്. ലഹരിക്കടിമപ്പെടുന്ന ഗൃഹനാഥന്മാരുടെ കുടുംബം

സാമ്പത്തികമായി തകർന്നുപോകുന്നതായാണ് സാധാരണ കാണുന്നത്. മദ്യവിമുക്തരാകുമ്പോൾ ഈ കുടുംബങ്ങൾക്ക് പഴയ ജീവിത രീതിയിലേയ്ക്ക് എത്തിച്ചേരാനുള്ള ആരോഗ്യം പലപ്പോഴും ഉണ്ടാകുന്നില്ല. സർക്കാരിനെ കൂടാതെ എൻ.ജി.ഒ.-കളും മാതൃകാപരമായി ലഹരി വിമുക്തിക്കായുള്ള ഇത്തരം കാര്യങ്ങൾ ചെയ്യുന്നുണ്ട്. എല്ലാ എൻ.ജി.ഒ.കളെയും സഹായിക്കാൻ നമുക്ക് കഴിയാറില്ല. ഇത്തരം പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നവർക്ക് പലപ്പോഴും കിട്ടുന്നത് നാമമാത്രമായ വിഹിതമാണ്. വിമുക്തിയിലൂടെ ഡീ-അഡിക്ഷനിലേയ്ക്ക് എത്തിച്ചേരുന്നവരുടെ കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ഒരു പാക്കേജ് സർക്കാർ പ്രഖ്യാപിക്കുമോ?

ശ്രീ. റ്റി. പി. രാമകൃഷ്ണൻ: സർ, ഈ പ്രശ്നങ്ങൾക്കെല്ലാം സഭയിൽത്തന്നെ വ്യക്തമായി മറുപടി പറഞ്ഞിട്ടുള്ളതാണ്. മദ്യവും അതിനേക്കാൾ അപകടകരമായ ലഹരി പദാർത്ഥങ്ങളും ഉപയോഗിക്കുന്നതിൽനിന്ന് ജനങ്ങളെ പിന്തിരിപ്പിക്കേണ്ടതിലാണ് നാം ശ്രദ്ധ കേന്ദ്രീകരിക്കേണ്ടത്. അതിന് സഹായകരമായ ബോധവൽക്കരണം നടത്തണം. ഒരാളെയെങ്കിലും മദ്യപാനത്തിൽനിന്ന് പിന്തിരിപ്പിക്കാൻ കഴിയുന്ന രീതിയിലുള്ള പ്രവർത്തനത്തിനായിരിക്കും ഊന്നൽ നൽകുന്നത്. കേരളത്തിൽ വളർന്നുവരുന്ന അത്തരം അന്തരീക്ഷത്തിൽ ഏതുതരത്തിലുള്ള നടപടി സ്വീകരിക്കാൻ സാധിക്കുമെന്നാണ് കൂട്ടായി ആലോചിക്കേണ്ടത്.

ശ്രീ. പി. സി. ജോർജ്: സർ, എല്ലാവരും ബഹുമാന്യരായ സ്പീക്കറെയും മുഖ്യമന്ത്രിയെയും പ്രതിപക്ഷ നേതാവിനെയും അഭിനന്ദിക്കുകയാണ്. എന്നാൽ നമ്മളാരും ശ്രദ്ധിക്കാതെ പോകുന്ന ഒരു കാര്യം ഞാൻ സൂചിപ്പിക്കുകയാണ്. ഇവിടെ നിൽക്കുന്ന അറ്റൻഡർ ശ്രീ. എം. രാമചന്ദ്രൻ പിള്ള ഈ മാസം സർവ്വീസിൽനിന്ന് വിരമിക്കുകയാണ്. അദ്ദേഹത്തെക്കുറിച്ച് ആരും അന്വേഷിക്കുന്നില്ല. അദ്ദേഹത്തിന് ഞാൻ നല്ല ഭാവി ആശംസിക്കുന്നു.

ഇവിടെ മദ്യത്തിന് എതിരെ സംസാരിച്ചാൽ വിപ്ലവമാണ്. ഞാൻ മദ്യപാനിയല്ല, മദ്യം ഉപയോഗിക്കാറുമില്ല. സുപ്രീംകോടതി വിധിയും ശ്രീ. ഉമ്മൻ ചാണ്ടിയുടെ മദ്യ നിരോധനവും കൂടിയായപ്പോൾ കേരളം നശിച്ചു. ഇന്ന് കഞ്ചാവും കള്ളവാറ്റും വ്യാപകമായിരിക്കുന്നു. ആവശ്യക്കാർക്ക് നല്ല മദ്യം ലഭ്യമാക്കാൻ മദ്യനയം തിരുത്തിയെഴുതണമെന്നാണ് എനിക്ക് പറയാനുള്ളത്. അടച്ചുപൂട്ടിയ ബാറുകൾ തുറക്കാനും മദ്യനയം തിരുത്താനുമുള്ള ആർജ്ജവം ഇടതുപക്ഷ സർക്കാരിനുണ്ടോ?

<u>ശ്രീ. റ്റി. പി. രാമകൃഷ്ണൻ</u>: സർ, ഒരു സർക്കാരിന് നിയമാനുസൃതമായി മാത്രമേ പ്രവർത്തിക്കാൻ കഴിയുകയുള്ളൂ. സുപ്രീംകോടതി വിധിയെ ആ അർത്ഥത്തിലാണ് സർക്കാർ കാണുന്നതും അതിനനുസരിച്ചാണ് പ്രവർത്തിക്കുന്നതും. ഇതിൽ വരുന്ന പ്രായോഗിക പ്രശ്നങ്ങളെക്കുറിച്ച് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചത് ശരിയാണ്. ആ അഭിപ്രായങ്ങളും സമൂഹത്തിൽ ചർച്ച ചെയ്യപ്പെടേണ്ടതാണ്. വളരെ പ്രസിദ്ധമായതാണ് ഉദയഭാനു കമ്മീഷൻ റിപ്പോർട്ട്. ഇ.എം.എസ്, സി. അച്യുതൻ, കെ. കരുണാകരൻ എന്നീ മൂന്ന് മഹാന്മാരും ഇന്ന് ജീവിച്ചിരിപ്പില്ല. ഉദയഭാനു കമ്മീഷന്റെ തെളിവെടുപ്പിൽ അവരുടെ സ്റ്റേറ്റ്മെന്റ് വാങ്ങിയപ്പോൾ മൂന്നുപേരും പ്രകടിപ്പിച്ച അഭിപ്രായം മദ്യനിരോധനം പ്രായോഗികമല്ല എന്നതാണ്. ഈ അനുഭവത്തിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം പ്രായോഗിക സമീപനങ്ങൾ സ്വീകരിക്കുമെന്നത് സംബന്ധിച്ച് ബഹുമാനപ്പെട്ട അംഗം പ്രകടിപ്പിച്ച അഭിപ്രായംകൂടി പരിഗണിച്ച് ആവശ്യമായ നിലപാട് സർക്കാർ സ്വീകരിക്കുന്നതാണ്.

<u>മി. സ്പീക്കർ</u> :ചോദ്യം നമ്പർ *64

**തീരദേശവാസികളുടെ ഉന്നമനത്തിനായുള്ള പദ്ധതികൾ**

5 (*64) <u>ശ്രീ. ഹൈബി ഈഡൻ</u> :

<u>ശ്രീ. എം. വിൻസെന്റ്</u> :

<u>ശ്രീ. പി. ടി. തോമസ്</u> :

<u>ശ്രീ. അട്ടൂർ പ്രകാശ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമൂഹത്തിൽ പിന്നോക്കം നിൽക്കുന്ന തീരദേശവാസികളെ മുഖ്യധാരയിലെത്തിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടത്തിവരുന്നതെന്ന് വിശദീകരിക്കുമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് ഏതെല്ലാം പുതിയ പദ്ധതികളാണ് ഇതിനായി ആവിഷ്കരിച്ച് നടപ്പാക്കിയതെന്ന് വ്യക്തമാക്കുമോ;

(സി) ആരുടെയെല്ലാം സഹകരണത്തോടെയാണ് ഈ പദ്ധതികൾ നടപ്പാക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ,

(എ) സമൂഹത്തിൽ പിന്നാക്കം നിൽക്കുന്ന തിരദേശവാസികളെ മുഖ്യധാരയിലെത്തിക്കുന്നതിന് നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി) ഫിഷറീസ് വകുപ്പ് പുതുതായി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന വിവിധ പദ്ധതികൾ:

1. ഭൂരഹിത-ഭവനരഹിത മത്സ്യത്തൊഴിലാളികൾക്ക് ഭൂമിക്കും വീടിനുമുള്ള പദ്ധതി
2. കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്ന പദ്ധതി
3. മെഡിക്കൽ ക്യാമ്പ്
4. അക്ഷരസാഗരം പദ്ധതി
5. മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സൗജന്യ പി.എസ്.സി., ബാങ്ക്, സിവിൽ സർവ്വീസ് പരിശീലന പരിപാടി
6. മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസ ചെലവ് വഹിക്കൽ
7. മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാലയത്തിൽ നിന്നുള്ള കൊഴിഞ്ഞുപോക്ക് തടയൽ പദ്ധതി
8. തീരദേശ വിദ്യാലയങ്ങളിൽ അടുക്കളപ്പുര നവീകരണ പദ്ധതി
9. തീരദേശ സർക്കാർ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂം പദ്ധതി
10. മത്സ്യത്തൊഴിലാളികളുടെ പെൺമക്കൾക്ക് സൈക്കിൾ നൽകുന്ന പദ്ധതി
11. തീരദേശത്തെ സ്കൂളുകളിൽ കായിക സൗകര്യവും കളിസ്ഥലവും ഏർപ്പെടുത്തുന്ന പദ്ധതി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

12. മത്സ്യത്തൊഴിലാളി ഭവന പുനർ വൈദ്യുതീകരണം.

13. ഭൂരഹിത മത്സ്യത്തൊഴിലാളികൾക്ക് കെട്ടിട സമുച്ചയം നിർമ്മിക്കുന്ന പദ്ധതി

14. കടലിലെ കൂട്ടമത്സ്യകൃഷി പദ്ധതി (സീകേജ് ഫാമിംഗ് പദ്ധതി)

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പുതിയ പദ്ധതികൾ :

1. നിലവിൽ പുരോഗമിച്ചുവരുന്ന മത്സ്യബന്ധന തുറമുഖങ്ങളുടെയും മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളുടെയും പൂർത്തീകരണം.
2. പൂർത്തീകരിച്ച മത്സ്യബന്ധന തുറമുഖങ്ങളുടെ രണ്ടാംഘട്ട/മൂന്നാംഘട്ട വികസനം
3. ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികൾ പുരോഗമിച്ചുവരുന്ന പുതിയ മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണം
4. പൂർത്തീകരിച്ച മത്സ്യബന്ധന തുറമുഖങ്ങളുടെ പരിപാലനത്തിനായി മെയിന്റനൻസ് ഡ്രഡ്ജിംഗും പ്രധാന അറ്റകുറ്റപ്പണികളും
5. നിലവിലുള്ള മത്സ്യബന്ധന തുറമുഖങ്ങളെ യുറോപ്യൻ നിലവാരത്തിലേയ്ക്ക് എത്തിക്കുന്നതിനുള്ള പദ്ധതികൾ
6. തീരദേശ മേഖലയിലെ റോഡുകളുടെയും പാലങ്ങളുടെയും നിർമ്മാണം

(സി) ഫിഷറീസ് വകുപ്പ്:

അക്ഷരസാഗരം പദ്ധതി കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി മുഖേനയാണ് നടപ്പിലാക്കുന്നത്. അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ തീരദേശ വികസന കോർപ്പറേഷൻ മുഖേനയും മറ്റ് പദ്ധതികൾ വകുപ്പ് നേരിട്ടുമാണ് നടപ്പാക്കുന്നത്.

ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് :

പുതിയ മത്സ്യബന്ധന തുറമുഖങ്ങളുടെ നിർമ്മാണം സംസ്ഥാന പദ്ധതിക്കുപുറമെ കേന്ദ്രാവിഷ്കൃത പദ്ധതി, ആർ.കെ.വി.വൈ, നബാർഡ് എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നുണ്ട്. നിലവിലുള്ള ഫിഷിംഗ് ഹാർബർ/ഫിഷ് ലാൻഡിംഗ് സെന്ററുകളുടെ നവീകരണത്തിന് എൻ.എഫ്.ഡി.ബി.-യിൽനിന്നും ധനസഹായം ലഭിക്കാറുണ്ട്. തീരദേശത്തെ പാലങ്ങളുടെയും റോഡുകളുടെയും നിർമ്മാണം നബാർഡിൽ നിന്നുള്ള സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കിവരുന്നുണ്ട്.

ശ്രീ. ഹൈബി ഈഡൻ: സർ, തീരദേശവാസികളുടെ ജീവിതവുമായി ബന്ധപ്പെട്ട് ഏറ്റവും പ്രാധാന്യമർഹിക്കുന്നതും ഈ ഗവൺമെന്റിന്റെ കാഴ്ചപ്പാടും ആശയവുമാണ് ഗ്രീൻ കോറിഡോർ പദ്ധതി. തീരദേശത്തുള്ള മത്സ്യത്തൊഴിലാളികളെ ബന്ധിപ്പിക്കുന്ന കോസ്റ്റൽ ഹൈവേ പദ്ധതി കിഫ്ബി വഴി നടപ്പിലാക്കുമെന്നാണ് സർക്കാർ പ്രഖ്യാപിച്ചിട്ടുള്ളത്. ഏകദേശം 35000-ത്തോളം മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കേണ്ട ഈ പദ്ധതി പ്രായോഗിക തലത്തിൽ എങ്ങനെയാണ് സർക്കാർ നേരിടാൻ പോകുന്നത്? കിഫ്ബിയിലൂടെ 3,500 കോടി രൂപയാണ് പദ്ധതിക്കുവേണ്ടി വിഭാവനം ചെയ്തിട്ടുള്ളത്. മറ്റേതെങ്കിലും സ്രോതസ്സിൽനിന്നും ലഭിക്കുന്ന പണമാണ് ഇതിന് മാറ്റിവയ്ക്കുമെന്ന് പറഞ്ഞിട്ടുള്ളത്. ഈ പദ്ധതി യാഥാർത്ഥ്യമാക്കാൻ സാധിക്കുമോ; റീഹാബിലിറ്റേഷനുമായി ബന്ധപ്പെട്ട് മത്സ്യത്തൊഴിലാളികളുടെ ആശങ്കകൾ മാറ്റാനും തീരദേശത്തുനിന്നും മത്സ്യത്തൊഴിലാളികളെ മാറ്റി താമസിപ്പിക്കുന്നത് യാഥാർത്ഥ്യമാക്കാനും കഴിയുമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, മത്സ്യത്തൊഴിലാളികളുടെ പുനരധിവാസ പദ്ധതിയിൽ ഒരു ആശങ്കയ്ക്കും അടിസ്ഥാനമില്ല. കടലാക്രമണമുണ്ടായി 50 മീറ്ററിനുള്ളിൽ വീട് നഷ്ടപ്പെടുന്ന തൊഴിലാളികൾ നിരവധിയാണ്. അത്തരം പ്രശ്നങ്ങൾക്ക് പരിഹാരമെന്ന നിലയ്ക്ക്, 50 മീറ്ററിനകത്ത് വീട് നഷ്ടപ്പെടുന്ന തൊഴിലാളികളെ പുനരധിവസിപ്പിക്കൽ പദ്ധതി മാത്രമാണുള്ളത്. തൊഴിലാളികൾക്ക് ആശങ്കയുണ്ടാക്കുന്ന ഒരു പദ്ധതിയും നടപ്പിലാക്കാൻ ഈ സർക്കാർ ഉദ്ദേശിക്കുന്നില്ല. തൊഴിലാളികളുടെ പൂർണ്ണമായ സഹകരണത്തോടുകൂടി മാത്രമാണ് തീരപ്രദേശത്ത് വർഷങ്ങളായി ദുരിതം അനുഭവിക്കുന്ന തൊഴിലാളികൾക്ക് ആശ്വാസം നൽകുന്ന പദ്ധതിക്ക് ഗവൺമെന്റ് നേതൃത്വം നൽകുന്നത്.

ശ്രീ. ഹൈബി ഈഡൻ: സർ, ധാരാളം വികസന പദ്ധതികളും ആശയങ്ങളും യാഥാർത്ഥ്യമാക്കുന്നതിന് സർക്കാരിനെ അഭിനന്ദിക്കുകയാണ്. പക്ഷെ ഇന്ന് മത്സ്യമേഖല നേരിടുന്ന ഏറ്റവും വലിയ പ്രതിസന്ധി കടലിൽ മത്സ്യം ലഭ്യമാകുന്നില്ലെന്നുള്ളതാണ്. അതുപോലെ അനുബന്ധ മത്സ്യത്തൊഴിലാളികളെ ബാധിക്കുന്ന നിരവധി വിഷയങ്ങളുണ്ട്. അതുകൊണ്ട് ഗവൺമെന്റ് മത്സ്യവറുതി പാക്കേജിന് നേതൃത്വം നൽകുമോ; ആ പാക്കേജ് യാഥാർത്ഥ്യമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, കടലിൽ മത്സ്യസമ്പത്തിന്റെ അളവ് ഭയാനകമായ തരത്തിൽ കുറയുന്നുവെന്നുള്ളത് വസ്തുതയാണ്. 2012-13-ൽ പിടിച്ചിരുന്ന മത്സ്യസമ്പത്ത് 8 ലക്ഷം ടണ്ണായിരുന്നെങ്കിൽ 2015-16 ആയപ്പോഴേക്കും അത് 4 ലക്ഷം ടണ്ണായി കുറഞ്ഞു. വളരെ പരിഭ്രാന്തി സൃഷ്ടിക്കുന്ന

ഈ പ്രശ്നത്തെ വളരെ ഗൗരവമായിത്തന്നെയാണ് സർക്കാർ കാണുന്നത്. അതിന് കഴിയുന്ന തരത്തിലുള്ള വിഭവ പരിപാലന പദ്ധതികൾ നടപ്പിലാക്കാൻ സർക്കാർ ശക്തമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. കെ.എം.എഫ്.ആർ. ആക്ടിൽ (Kerala Marine Fishing Regulation Act) ഭേദഗതി വരുത്തിക്കൊണ്ടും നോട്ടിഫിക്കേഷൻ വഴിയും ചെറുമത്സ്യങ്ങളെ പിടിക്കുന്നത് തടഞ്ഞും കടലിൽ പാരിട്ടുകൊണ്ട് മത്സ്യസമ്പത്തിന്റെ ആവാസവ്യവസ്ഥ സംരക്ഷിക്കുന്ന പദ്ധതിയടക്കം നിരവധി പദ്ധതികൾ ഫിഷറീസ് വകുപ്പ് ആലോചിക്കുന്നുണ്ട്. സമയ പരിമിതിമൂലം ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. ബഹുമാനപ്പെട്ട മെമ്പർ ഫിഷറീസ് വകുപ്പുമായി ബന്ധപ്പെട്ടാൽ എല്ലാ വിശദാംശങ്ങളും ലഭ്യമാകുന്നതാണ്.

<u>ശ്രീ. എം. വിൻസെന്റ്</u>: സർ, നമുക്കെല്ലാവർക്കും അറിയാവുന്നതുപോലെ ഏറെ ജനസാന്ദ്രതയും പരിമിതമായ ജീവിത സാഹചര്യങ്ങളുമുള്ള പ്രദേശങ്ങളാണ് തീരദേശങ്ങൾ. അവിടത്തെ ആരോഗ്യപ്രശ്നങ്ങൾ സംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രി നേരത്തേ സൂചിപ്പിച്ചതാണ്. അവിടെയുള്ള ആശുപത്രികളിൽ ആവശ്യത്തിന് ഡോക്ടർമാരും മരുന്നുമില്ലാത്ത അവസ്ഥയുണ്ട്. കുടിവെള്ളത്തിന്റെയും പട്ടയത്തിന്റെയും പ്രശ്നങ്ങളുമുണ്ട്. റവന്യൂ, ആരോഗ്യം, ജലസേചനം തുടങ്ങി വിവിധ വകുപ്പുകൾ ഏകോപിപ്പിച്ചുകൊണ്ടുള്ള പ്രവർത്തനത്തിലൂടെ മാത്രമേ ഈ പ്രശ്നത്തിന് പരിഹാരം കാണാൻ സാധിക്കുകയുള്ളൂ. അതിന് ഫിഷറീസ് വകുപ്പ് നേതൃത്വം നൽകുമോ?

<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u>: സർ, ഫിഷറീസ് വകുപ്പ് കോ-ഓർഡിനേറ്റ് ചെയ്താണ് ഇപ്പോൾ കാര്യങ്ങൾ ചെയ്യുന്നത്. പട്ടയം ലഭ്യമല്ലാത്തവർക്ക് പട്ടയം നൽകണമെന്നത് സർക്കാരിന്റെ പ്രഖ്യാപിത നയമാണ്. സർക്കാരിന്റെ ഒന്നാം വാർഷികവുമായി ബന്ധപ്പെട്ട് ആ പ്രോഗ്രാമിലേയ്ക്ക് ഫിഷറീസ് വകുപ്പ് പോയിക്കൊണ്ടിരിക്കുകയാണ്. ആരോഗ്യ രംഗത്ത് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്. തീരദേശത്ത് നിരവധി ആശുപത്രികളുണ്ടെങ്കിലും ആവശ്യത്തിന് സ്റ്റാഫില്ലാത്ത പ്രശ്നമുണ്ട്. തീരദേശത്ത് മാത്രമല്ല, സംസ്ഥാനത്ത് ആരോഗ്യ രംഗത്ത് മുഴുവൻ അത്തരം ഗൗരവമായ പ്രശ്നം നിലനിന്നിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആയിരക്കണക്കിന് തസ്തികകളാണ് പുതിയതായി സൃഷ്ടിക്കുന്നത്. അതിന്റെ ഭാഗമായി ഈ പ്രശ്നങ്ങൾക്ക് പരിഹാരം കാണുമെന്ന് തന്നെയാണ് പ്രതീക്ഷിക്കുന്നത്. കുടിവെള്ളത്തിന്റെ വളരെ സങ്കീർണ്ണമായ പ്രശ്നങ്ങളാണ് തീരദേശത്തുള്ളത്. അതിന് പരിഹാരം കാണുവാനും ഘട്ടംഘട്ടമായി സർക്കാർ നടപടി സ്വീകരിക്കുകയാണ്.

<u>ശ്രീ. പി. ടി. തോമസ്</u>: സർ, തീരദേശ നിവാസികളെ മുഖ്യധാരയിൽ

എത്തിക്കുന്നതിനുള്ള നടപടികളെപ്പറ്റി പറയുമ്പോൾ അവർ പിടിക്കുന്ന മത്സ്യം സൂക്ഷിച്ചുവയ്ക്കാനും വിൽക്കാനുമുള്ള ആധുനിക സമ്പ്രദായങ്ങളുള്ള മാർക്കറ്റുകൾ കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ നടപ്പാക്കുന്ന ഒരു പദ്ധതിയുണ്ടായിരുന്നു. ഇന്ന് ആ പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നില്ല. എന്റെ നിയോജകമണ്ഡലമായ തൃക്കാക്കരയിലെ ചമ്പക്കര മാർക്കറ്റ് എറണാകുളം ജില്ലയിലെ തന്നെ ഏറ്റവും വലിയ മത്സ്യ മാർക്കറ്റാണ്. ആ മാർക്കറ്റ് ആധുനിക രീതിയിൽ പണിയുന്നതിനുവേണ്ടി സർക്കാരിലേയ്ക്ക് ഒരു പ്രൊപ്പോസൽ തന്നിരുന്നു. നിർഭാഗ്യവശാൽ അതിന് കേന്ദ്ര ഗവൺമെന്റിൽനിന്ന് അനുമതി വാങ്ങുന്നതിൽ സംസ്ഥാന സർക്കാർ ഇതുവരെ വിജയിച്ചതായി അറിയുന്നില്ല. ആ മാർക്കറ്റ് അനുവദിച്ചുകൊണ്ട് തീരദേശ വാസികളുടെ ഉന്നമനത്തിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u>: സർ, ഗുണനിലവാരമുള്ള മൽസ്യം മാർക്കറ്റിൽ എത്തിക്കുകയെന്നത് വളരെ പ്രധാനപ്പെട്ട പ്രശ്നമാണ്. ഈ സർക്കാർ അക്കാര്യം ഗൗരവമായി കാണുകയാണ്. ഇന്ന് 60-ാം വാർഷികത്തിന്റെ ഭാഗമായിട്ടാണ് നമ്മൾ ഇവിടെ കൂടുന്നത്. 1957-ലെ സർക്കാരിന്റെ ദീർഘവീക്ഷണമുള്ള ഒരു പദ്ധതിയായിരുന്നു തീരദേശത്ത് മുഴുവൻ ഐസ് പ്ലാന്റുകളും ഫ്രീസറുകളും എന്നത്. അന്ന് കേരളത്തിലെ തീരദേശം മുഴുവനും ഫിഷറീസ് വകുപ്പ് അത്തരം ഒരു സംവിധാനം ഒരുക്കിയിരുന്നു. മാറിമാറി വന്ന സർക്കാരുകൾ തുടർന്നു കൊണ്ടു പോകാത്തതിന്റെ ഭാഗമായി അത് തകർന്നുപോയി. പിന്നീട് 1996-ലെ സർക്കാർ ശ്രീ. ടി. കെ. രാമകൃഷ്ണൻ ഫിഷറീസ് മന്ത്രിയായിരുന്നപ്പോൾ അതെല്ലാം ഫിഷറീസ് വകുപ്പിന് കൈമാറി. പക്ഷെ കാലഹരണപ്പെട്ട ആ സംവിധാനം ഫിഷറീസ് വകുപ്പ് മത്സ്യഫെഡിന് കൈമാറി. അത് ഫലപ്രദമായി കൊണ്ടുപോകുന്നതിന് മത്സ്യഫെഡിന് തടസ്സമുണ്ടായിട്ടുണ്ട്. ആ വിഷയം ഇപ്പോൾ സർക്കാരിന്റെ സജീവ പരിഗണനയിലാണ്. ഒരു ജില്ലയിൽ എല്ലാ സംവിധാനത്തോടുംകൂടിയുള്ള 10 മാർക്കറ്റെങ്കിലും ഉണ്ടാകണമെന്നാണ് ആഗ്രഹിക്കുന്നത്. അതിനാവശ്യമായ പദ്ധതി രൂപീകരിച്ചുകൊണ്ടിരിക്കുകയാണ്.

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, ബഹുമാനപ്പെട്ട സ്പീക്കർ, ഇങ്ങനെയൊരു തീരുമാനമെടുത്ത് ഈ സഭയിലേയ്ക്ക് വീണ്ടും വരാൻ അവസരമൊരുക്കിയതിൽ ഞാൻ അങ്ങയെ അഭിനന്ദിക്കുകയാണ്.

നമ്മുടെ സമൂഹത്തിൽ ഏറ്റവും പിന്നോക്കം നിൽക്കുന്ന തീരദേശ വാസികളുടെയും മത്സ്യത്തൊഴിലാളികളുടെയും ഉന്നമനത്തിനുവേണ്ടിയുള്ള

നടപടികൾ സ്വീകരിക്കുക എന്നുള്ളതിനാണ് ഏറ്റവും പ്രാധാന്യം നൽകുന്നതെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചു. അങ്ങ് നൽകിയ മറുപടിയിൽ ആ കാര്യങ്ങളൊക്കെ വിശദീകരിച്ചിട്ടുമുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികളെക്കുറിച്ചും മറുപടിയിൽ പറഞ്ഞിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എന്തൊക്കെ നടപടികൾ ആവിഷ്കരിക്കാൻ കഴിഞ്ഞു; അതുകൊണ്ട് തീരദേശവാസികൾ എന്ന നിലയിൽ മത്സ്യത്തൊഴിലാളികൾക്ക് ഏതെല്ലാം തരത്തിൽ പ്രയോജനപ്രദമായ അവസരമുണ്ടാക്കിയെടുക്കാൻ കഴിഞ്ഞിട്ടുണ്ടെന്ന് വ്യക്തമാക്കുവാൻ കഴിയുമോ?

<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u>: സർ, ഈ സർക്കാർ അധികാരത്തിൽ വന്നിട്ട് 11 മാസമേ ആയിട്ടുള്ളൂ, മാന്ത്രികവിദ്യയൊന്നുമില്ല. 11 മാസത്തിനിടയിൽ സാദ്ധ്യമായതൊക്കെ ഈ സർക്കാർ ചെയ്തിട്ടുണ്ട്. 5 വർഷം കൊണ്ട് പൂർത്തീകരിക്കുന്നതാണ് പദ്ധതികൾ; അതിനാവശ്യമായതൊക്കെ ചെയ്തിരിക്കും; അതിൽ യാതൊരു സംശയവും വേണ്ട. ഇപ്പോൾ പുതിയ ഒരു ഉത്തരവുകൂടി പുറപ്പെടുവിച്ചിട്ടുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വകുപ്പ് ബെനിഫിഷ്യറീസിന് നൽകുന്ന സബ്സിഡിയുടെ അതേ പാറ്റേണിൽ തദ്ദേശഭരണ സ്ഥാപനങ്ങൾക്കും മത്സ്യത്തൊഴിലാളികളുടെ പ്രോജക്ടുകൾക്ക് സബ്സിഡി അനുവദിക്കാമെന്ന് വ്യക്തമാക്കിക്കൊണ്ടുള്ള ഉത്തരവ് തദ്ദേശ സ്വയഭരണ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്. അതുകൊണ്ട് മത്സ്യത്തൊഴിലാളികളെ വളരെ ഗൗരവതരമായിത്തന്നെയാണ് ഈ സർക്കാർ കാണുന്നതെന്ന് വ്യക്തമാണ്. അവരുടെ ഇന്നത്തെ സ്ഥിതിയ്ക്ക് മാറ്റമുണ്ടാക്കാനുള്ള കാര്യക്ഷമമായ പദ്ധതികളുമായിട്ടാണ് സർക്കാർ മുന്നോട്ട് പോകുന്നത്. അത് 5 വർഷത്തിനുള്ളിൽ നടപ്പിലാക്കുകതന്നെ ചെയ്യും; അതിൽ ആശങ്കയുണ്ടാകേണ്ട കാര്യമില്ല.

<u>ശ്രീ. റ്റി. വി. രാജേഷ്</u>: കേരളത്തിൽ തുറമുഖങ്ങളുടെ പഠനം അനിശ്ചിതമായി നീണ്ടുപോകുകയാണ്. ശ്രീ. എസ്. ശർമ്മ മന്ത്രിയായിരുന്നപ്പോൾ മലബാറിലെ പരമ്പരാഗത മത്സ്യബന്ധന കേന്ദ്രമായ പുതിയങ്ങാടിയിൽ ഒരു ഹാർബർ അനുവദിക്കാൻ തത്വത്തിൽ തീരുമാനിക്കുകയും സി.ഡബ്ല്യൂ.സി.ആർ.സി.-യെ പഠനം നടത്താൻ ഏൽപ്പിക്കുകയും ചെയ്തു. 10 വർഷമായിട്ടും ആ പഠനം നീണ്ടുപോകുകയാണ്. ഇത്തരത്തിൽ കേരളത്തിലെ പല ഹാർബറുകളുടെയും പഠനം അനിശ്ചിതമായി നീണ്ടുപോകുകയാണ്. സമയബന്ധിതമായി പഠനം പൂർത്തിയാക്കി ഹാർബറുകൾ യാഥാർത്ഥ്യമാക്കാൻ സർക്കാർ സത്വര നടപടികൾ സ്വീകരിക്കുമോ?

<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u>: സർ, 24 ഹാർബറുകളാണ് കേരളത്തിൽ

ഇന്നുള്ളത്. അതിൽ ഫലപ്രദമായി പ്രവർത്തിക്കുന്നത് വിരലിൽ എണ്ണാവുന്നവയാണ്. കോടിക്കണക്കിന് രൂപ നിക്ഷേപിച്ചിട്ടുള്ള പദ്ധതികൾ പൂർണ്ണമായും പ്രവർത്തനക്ഷമമാക്കിയതിനുശേഷം പുതിയതിലേയ്ക്ക് പോയാൽ മതി എന്നതാണ് സർക്കാരിന്റെ നയപരമായ തീരുമാനം. അതുകൊണ്ട് പുതിയ പഠനം എന്നത് കുറച്ചുകൂടി ആലോചിച്ച് എടുക്കേണ്ട തീരുമാനമാണെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. മോൻസ് ജോസഫ്: സർ, ഇതിൽ ഉൾപ്പെട്ട കാര്യമാണ് മത്സ്യസമ്പത്തിന്റെ സംരക്ഷണം. കേരളത്തിൽ ഏറ്റവും കൂടുതൽ ആളുകൾ മൽസ്യം ഉപയോഗിക്കുന്ന സാഹചര്യത്തിൽ, ഇതിലെ വിഷാംശവും എന്തൊക്കെയോ കുത്തിവെച്ച് ദീർഘനാൾ ഉപയോഗിക്കുമ്പോഴുണ്ടാകുന്ന പ്രശ്നങ്ങളുമൊക്കെ മാധ്യമങ്ങളിലടക്കം വലിയ ചർച്ചാ വിഷയമായിട്ടുണ്ട്. ഇത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിലുള്ള തെറ്റായ നടപടി പരിശോധിച്ച് കർശനമായ ശിക്ഷാനടപടികൾ സ്വീകരിക്കുന്നതിന് ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, വളരെ പ്രധാനപ്പെട്ട ഒരു ചോദ്യമാണ് ചോദിച്ചത്. കേരളത്തിലേയ്ക്ക് ഇതര സംസ്ഥാനങ്ങളിൽനിന്നും വിഷാംശമുള്ള മത്സ്യം കൊണ്ടുവരുന്ന പ്രശ്നം വളരെ പ്രധാനപ്പെട്ടതാണ്; അത് സർക്കാരന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഫിഷർമെൻ പ്രൈമറി സൊസൈറ്റി വഴി ഫിഷ് ലാൻഡിംഗ് സെന്ററുകളിലെത്തുന്ന മത്സ്യങ്ങൾ, ന്യായവില കൊടുത്ത് വാങ്ങി ഡയറക്ട് മാർക്കറ്റിംഗിലേയ്ക്ക് പോകണമെന്നത് സംബന്ധിച്ച് സർക്കാർ സീരിയസായി ആലോചിച്ചുകൊണ്ടിരിക്കുകയാണ്. ആധുനിക രീതിയിൽ ഒരു ജില്ലയിൽ 10 മാർക്കറ്റുകളും സംസ്ഥാനത്തുടനീളം ഇത്തരം 140 മാർക്കറ്റുകളുമെങ്കിലും സ്ഥാപിക്കുന്നതിനും സഹകരണ സംഘങ്ങളുടെ പിൻതുണയോടുകൂടി ഫിഷ് ലാൻഡിംഗ് സെന്ററുകളിൽനിന്നും മത്സ്യം നേരിട്ട് മാർക്കറ്റിൽ എത്തിക്കുന്ന സംവിധാനം നടപ്പിലാക്കുന്നതിനുമുള്ള പദ്ധതി പരിഗണനയിലാണ്.

**കശുവണ്ടി വ്യവസായ സംരക്ഷണം**

6 (*65) ശ്രീമതി യു. പ്രതിഭ ഹരി:
ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. എ. എം. ആരിഫ്:

ശ്രീ. എം. നൗഷാദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി സദയം മറുപടി നൽകുമോ?

(എ) കശുവണ്ടി വ്യവസായം സംരക്ഷിക്കുന്നതിനായി സ്വീകരിച്ച

നടപടികൾ അറിയിക്കുമോ;

(ബി) അടച്ചിട്ടിരിക്കുന്ന സ്വകാര്യ ഫാക്ടറികൾ തുറന്നുപ്രവർത്തിപ്പിക്കാനായി സർക്കാർ നടത്തിയ ഇടപെടലുകൾ എന്തൊക്കെയെന്ന് അറിയിക്കാമോ; ഇക്കാര്യത്തിൽ വ്യവസായ ബന്ധ സമിതി ചേർന്നിരുന്നോ; മാനേജ്മെന്റുകളുടെ നിലപാട് എന്തായിരുന്നു;

(സി) ഫാക്ടറി ഉടമകൾ ഉന്നയിക്കുന്ന മുഖ്യ ആവശ്യങ്ങൾ എന്തെല്ലാമാണെന്നറിയിക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):സർ,

(എ) പ്രവർത്തന മൂലധനത്തിന്റെ അപര്യാപ്തതയും തോട്ടണ്ടിയുടെ ലഭ്യതക്കുറവുംമൂലം അടഞ്ഞുകിടന്നിരുന്ന കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപെക്സിന്റെയും ഫാക്ടറികൾ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടത്തിയ നിരന്തര ഇടപെടലുകളെത്തുടർന്ന് 17-8-2016 മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. തോട്ടണ്ടിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന കശുവണ്ടി സംഭരിക്കുന്നതിന്റെ ഭാഗമായി കൃഷി വകുപ്പിന്റെയും പട്ടികജാതി-പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും കീഴിലുള്ള ഫാമുകൾ, പ്ലാന്റേഷൻ കോർപ്പറേഷന്റെ കാസർഗോഡ് ജില്ലയിലെ രാജപുരം, ചീമേനി, കണ്ണൂർ ജില്ലയിലെ നാടുകാണി എസ്റ്റേറ്റുകൾ, റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ ലിമിറ്റഡ് (RLP) സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ (SFCK), കൊല്ലം ജില്ലാ പഞ്ചായത്തിന്റെ വിവിധ ഫാമുകൾ എന്നിവിടങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന നാടൻ തോട്ടണ്ടി സംഭരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ കോർപ്പറേഷനും കാപെക്സും സംയുക്തമായി ഏറ്റെടുത്ത് നടത്തിവരികയാണ്. ആഭ്യന്തരമായി ഉൽപ്പാദിപ്പിക്കുന്ന കശുവണ്ടി പരമാവധി സംഭരിച്ച് തൊഴിലാളികൾക്ക് ജോലി നൽകുന്നതിനുള്ള ശ്രമങ്ങളാണ് സർക്കാർ നടത്തിവരുന്നത്. കൂടാതെ വിദേശ രാജ്യങ്ങളിൽനിന്നും ഇ-ടെണ്ടർ മുഖേന തോട്ടണ്ടി ഇറക്കുമതി ചെയ്ത് തൊഴിലാളികൾക്ക് പരമാവധി തൊഴിൽ നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന തദ്ദേശീയ തോട്ടണ്ടി സംഭരിക്കുന്നതിന് കോർപ്പറേഷനും കാപെക്സിനും അനുമതി നൽകിയിട്ടുണ്ട്. സംഭരണ നടപടികൾ ഇതിനകംതന്നെ ആരംഭിച്ചുകഴിഞ്ഞു. കൂടാതെ ചെറുകിട കർഷകരിൽനിന്നും സംഭരിക്കുന്ന തോട്ടണ്ടിക്ക് വില നിശ്ചയിക്കുന്നതിന് ഒരു വില നിർണ്ണയ സമിതി രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

(ബി) സ്വകാര്യ കശുവണ്ടി ഫാക്ടറികൾ തുറന്നുപ്രവർത്തിപ്പിക്കുന്നതിനെ സംബന്ധിച്ച് ആലോചിക്കാൻ ബഹുമാനപ്പെട്ട മത്സ്യബന്ധനവും ഹാർബർ

എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും യോഗങ്ങൾ വിളിച്ചുചേർക്കുകയും ഈ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ വ്യവസായികളിൽ നിന്നുതന്നെ മനസ്സിലാക്കി പരിഹാര മാർഗ്ഗങ്ങൾ സ്വീകരിച്ചുവരികയുമാണ്. അടച്ചിട്ടിരിക്കുന്ന സ്വകാര്യ ഫാക്ടറികൾ തുറക്കുന്ന വിഷയം ചർച്ച ചെയ്യുന്നതിനായി വ്യവസായ ബന്ധ സമിതി യോഗം ചേർന്നിരുന്നു. നിലവിലുള്ള സാഹചര്യത്തിൽ നഷ്ടമില്ലാതെ തുറന്നു പ്രവർത്തിപ്പിക്കാൻ സാധിക്കില്ലെന്ന നിലപാട് മാനേജ്മെന്റ് പ്രതിനിധികൾ യോഗത്തിൽ വ്യക്തമാക്കിയിരുന്നു. സംസ്ഥാനത്ത് വ്യവസായം നടത്തുന്നവരുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനായി ഇംപോർട്ട് ഡ്യൂട്ടി പിൻവലിക്കുന്ന വിഷയം കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയെങ്കിലും മറുപടി അനുകൂലമായിരുന്നില്ല. ബാങ്ക് ലോൺ റീ-സ്ട്രക്ച്ചർ ചെയ്യുക, പുതിയ ലോൺ അനുവദിക്കുക, നിലവിലുള്ള ലോണിന് ആറുമാസത്തേയ്ക്ക് മോറട്ടോറിയം ഏർപ്പെടുത്തുക എന്നീ വിഷയങ്ങൾ റിസർവ് ബാങ്കിന്റെ ശ്രദ്ധയിൽപ്പെടുത്തുകയും ബാങ്ക് പ്രതിനിധികളുടെയും സർക്കാർ പ്രതിനിധികളുടെയും എംപവേർഡ് കമ്മിറ്റി ഈ വിഷയം പരിശോധിക്കുകയും ചെയ്തിട്ടുണ്ട്. സ്വകാര്യ കശുവണ്ടി വ്യവസായികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി വിളിച്ചു ചേർത്ത യോഗത്തിൽ കശുവണ്ടി വ്യവസായികളും ബാങ്ക് പ്രതിനിധികളും സർക്കാർ പ്രതിനിധികളും അടങ്ങിയ ഒരു എസ്.പി.വി. (Special Purpose Vehicle) രൂപീകരിക്കാനും ഈ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കാനും തീരുമാനിച്ചിട്ടുണ്ട്. സാമ്പത്തിക പ്രയാസവും തോട്ടണ്ടി ലഭ്യത കുറവുംമൂലം ഈ മേഖലയിലുണ്ടായിട്ടുള്ള പ്രശ്നങ്ങൾ ശാശ്വതമായി പരിഹരിക്കുന്നതിന് അധികാരങ്ങളുള്ള ഒരു ഉന്നതതല സമിതി കേരള ക്യാഷ്യൂ ബോർഡ് എന്ന പേരിൽ രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

അനധികൃതമായി അടച്ചിട്ടിരിക്കുന്ന സ്വകാര്യ ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് നിയമപരമായ മാർഗ്ഗങ്ങൾ സർക്കാർ സ്വീകരിച്ചുവരുന്നു. ഇതിന്റെ ഭാഗമായി കാഷ്യൂ സ്പെഷ്യൽ ഓഫീസറുടെ നേതൃത്വത്തിൽ ഫാക്ടറികളിൽ പരിശോധന നടത്തുകയും തോട്ടണ്ടി ലഭ്യമായിട്ടും തുറന്ന് പ്രവർത്തിപ്പിക്കാത്ത ഫാക്ടറികൾ തുറക്കണമെന്ന് ആവശ്യപ്പെട്ട് നോട്ടീസ് നൽകുകയും ചെയ്തിട്ടുണ്ട്.

(സി) ഫാക്ടറി ഉടമകൾ ഉന്നയിച്ച പ്രധാന ആവശ്യങ്ങൾ താഴെപ്പറയുന്നവയാണ്.

1. ഫാക്ടറികൾ പ്രവർത്തിക്കുന്നതിനാവശ്യമായ പ്രവർത്തന മൂലധനം യഥാവിധി ലഭിക്കുന്നില്ല. ലോൺ കുടിശ്ശിക ഈടാക്കുന്നതിന് ബാങ്കുകൾ കടുത്ത നടപടികൾ സ്വീകരിക്കുന്നു. അതിനാൽ നിലവിലുള്ള ലോണിന് മൊറട്ടോറിയം ഏർപ്പെടുത്തി പുതിയ ലോൺ അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുണം.

2. കേന്ദ്ര സർക്കാർ ഏർപ്പെടുത്തിയ ഇംപോർട്ട് ഡ്യൂട്ടി പിൻവലിക്കുന്നതിന് സംസ്ഥാന സർക്കാർ ഇടപെടണം.

3. ബാങ്ക് സ്റ്റേറ്റ്മെന്റ് അടിസ്ഥാനത്തിൽ സെയിൽസ് ടാക്സ് ഈടാക്കുന്ന പ്രവണത അവസാനിപ്പിക്കണം.

4. ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനാവശ്യമായ യന്ത്ര വൽക്കരണം നടത്തുന്നതിന് സർക്കാരിൽനിന്നും സാമ്പത്തിക സഹായം നൽകണം.

5. തോട്ടണ്ടി ലഭ്യത വർദ്ധിപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

6. കയർ മേഖലയ്ക്ക് നൽകുന്ന സഹായം കശുവണ്ടി മേഖലയ്ക്കും നൽകണം.

7. കശുവണ്ടി മേഖലയിൽ തൊഴിലും വ്യവസായവും സംരക്ഷിക്കുന്നതിനുള്ള പദ്ധതികൾക്ക് രൂപം നൽകണം.

8. പൂട്ടിക്കിടക്കുന്ന കശുവണ്ടി ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിനുവേണ്ടി ബാങ്ക് പ്രതിനിധികളും സർക്കാർ പ്രതിനിധികളും അടങ്ങിയ എംപവേർഡ് കമ്മിറ്റി വിളിച്ചു ചേർക്കണം.

9. തോട്ടണ്ടി ഇറക്കുമതി ചെയ്യുന്നതിന് ഒരു ദീർഘകാല പരിഹാരം കണ്ടെത്തുന്നതിനായി സർക്കാർ/ബാങ്ക്/വ്യവസായ പ്രതിനിധി കളടങ്ങിയ കൺസോർഷ്യം രൂപീകരിക്കുന്ന കാര്യം പരിശോധിക്കണം.

<u>ശ്രീമതി യു. പ്രതിഭ ഹരി</u>: സർ, ഇടതുപക്ഷ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ആദ്യംതന്നെ പൂട്ടിക്കിടക്കുന്ന മുഴുവൻ കശുവണ്ടി ഫാക്ടറികളും തുറന്ന്

പ്രവർത്തിപ്പിക്കുമെന്ന് പറഞ്ഞിരുന്നു. അതിന് നേതൃത്വം നൽകിയ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും വകുപ്പുമന്ത്രിക്കും പ്രത്യേകമായി അഭിനന്ദനം അറിയിക്കുന്നു. സ്വകാര്യ ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് അതിശക്തമായ നടപടി ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നുണ്ടായിട്ടുണ്ട്. എന്നാൽ നമുക്കത് തുറക്കാനായിട്ടില്ല. ജൂൺ മാസം സ്കൂൾ തുറക്കുന്ന സമയമാണ്, കായംകുളം അടക്കമുള്ള പല മണ്ഡലങ്ങളിലും കശുവണ്ടി മേഖലയിൽ തൊഴിൽ ചെയ്യുന്ന സ്ത്രീകളുൾപ്പെടെ ധാരാളം പേർ പ്രവർത്തിക്കുന്നതുകൊണ്ട് സ്വകാര്യ ഫാക്ടറികൾകൂടി തുറന്ന് പ്രവർത്തിപ്പിക്കാൻ ആവശ്യമായ ശക്തമായ നടപടികളുമായി അങ്ങ് മുന്നോട്ട് പോകുമോ?

ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ: സർ, പൊതുമേഖലാ ഫാക്ടറികൾ എല്ലാം തുറന്ന് പ്രവർത്തിച്ചുവെങ്കിലും സ്വകാര്യ ഫാക്ടറികൾ ഏറെയും തുറക്കാനുണ്ട് എന്നത് വസ്തുതയാണ്. 800-ഓളം ഫാക്ടറികളിൽ 400 എണ്ണമാണ് തുറന്ന് പ്രവർത്തിക്കുന്നത്. പൂട്ടിക്കിടക്കുന്ന ഫാക്ടറികൾ തുറക്കാനാവശ്യമായ ഇടപെടലുകളാണ് സർക്കാർ നടത്തിക്കൊണ്ടിരിക്കുന്നത്. സ്വകാര്യ ഫാക്ടറികളിലെ പ്രശ്നങ്ങൾ വളരെ സങ്കീർണ്ണമാണ്. ചെറുകിട മുതലാളിമാർക്ക് ന്യായമായ വിലയ്ക്ക് തോട്ടണ്ടി ലഭിക്കുന്നില്ല. പൊതുമേഖലയിലും ആ പ്രശ്നം നേരിടുന്നുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ നിരവധി ചർച്ചകൾ ബാങ്കുകളുമായും സ്വകാര്യ മുതലാളിമാരുമായും നടത്തിയിരുന്നു. അതിന്റെ ഭാഗമായി ഒരു എസ്.പി.വി. രൂപീകരിച്ച് തോട്ടണ്ടി സംഭരണത്തിന് സംവിധാനമുണ്ടാക്കണമെന്ന് റിസർവ് ബാങ്ക് നിർദ്ദേശം വച്ചിരുന്നു. ഞങ്ങൾ അതിലേയ്ക്ക് ഗൗരവമായി നീങ്ങിക്കൊണ്ടിരിക്കുകയാണ്. നിരന്തരമായി കേന്ദ്ര സർക്കാരിന് നൽകിയ നിവേദനത്തോട് പ്രതികരിക്കാത്ത സാഹചര്യമാണുള്ളത്. ലക്ഷക്കണക്കായ സ്ത്രീ തൊഴിലാളികളുടെ പ്രശ്നമായതിനാൽ, കേന്ദ്ര സർക്കാർ സഹകരിക്കാത്തതിന്റെ പശ്ചാത്തലത്തിൽ സംസ്ഥാന സർക്കാർതന്നെ കേരള കാഷ്യൂ ബോർഡ് രൂപീകരിക്കാൻ ആലോചിക്കുകയാണ്. നാളെ റിസർവ് ബാങ്കും നാഷണലൈസ്ഡ് ബാങ്കുകളുമായി ചർച്ച വച്ചിട്ടുണ്ട്. അതിനുശേഷം തുടർ നടപടികളുമായി മുന്നോട്ട് പോകുന്നതാണ്.

ശ്രീമതി പി. അയിഷാ പോറ്റി: സർ, അങ്ങേയറ്റം പ്രതിസന്ധിയിലായിരുന്ന കശുവണ്ടി മേഖലയെ രക്ഷിക്കാനുള്ള ധാരാളം നടപടികൾ ഈ ഗവൺമെന്റ്

അധികാരത്തിൽ വന്നപ്പോൾ സ്വീകരിച്ചതിൽ അങ്ങേയറ്റം സന്തോഷിക്കുന്ന ഒരാളാണ് ഞാൻ. എന്റെ മണ്ഡലത്തിലും നിരവധി കാഷ്യൂ ഫാക്ടറികളുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ ഇറക്കുമതിച്ചുങ്കം കശുവണ്ടി വ്യവസായത്തെ പ്രതിസന്ധിയിലാക്കുന്ന ഏറ്റവും വലിയ പ്രശ്നമാണ്. അതോടൊപ്പം ക്യാഷ്യൂ കിട്ടാനില്ല എന്നുള്ള പ്രശ്നവുമുണ്ട്. ഇത് രണ്ടും പരിഹരിക്കാനും മുന്തിയ ഇനം തൈകൾ വച്ച് പിടിപ്പിക്കാനും ഇറക്കുമതിച്ചുങ്കം ഒഴിവാക്കി കിട്ടാനും എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ പോകുന്നത്?

<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u>: സർ, ഇപ്പോൾ കേന്ദ്ര സർക്കാർ പുതുതായി നിശ്ചയിച്ച 9.36 ശതമാനം ഇറക്കുമതിച്ചുങ്കം ഒഴിവാക്കണമെന്ന കാര്യത്തിൽ നമ്മൾ നിരന്തരമായി സമ്മർദ്ദം ചെലുത്തുകയാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ നിരവധി പ്രാവശ്യം നിവേദനം നൽകി. എന്നിട്ടും കേന്ദ്ര സർക്കാർ അതിൽനിന്നും പിൻമാറിയിട്ടില്ല. അതിന്റെ ഒരു വിഷമം നമ്മൾ ഇപ്പോഴും അനുഭവിക്കുകയാണ്. കശുവണ്ടിയുടെ ലഭ്യത പ്രശ്നത്തിൽ, കശുമാവ് കൃഷി വ്യാപനത്തിനായി ഗൗരവമായ ഇടപെടൽ സർക്കാർ നടത്തുന്നുണ്ട്. അതിന്റെ വിശദാംശം ഈ മറുപടിയിലുള്ളതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല.

<u>ശ്രീ. എ. എം. ആരിഫ്</u>: സർ, കശുവണ്ടി ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിച്ചാൽ ആവശ്യമായ തോട്ടണ്ടി നമുക്ക് ലഭ്യമാകണം. പക്ഷെ ഇന്ന് ഇറക്കുമതിയല്ലാതെ വേറെ മാർഗ്ഗം നമുക്കില്ല. ഒരു കാലത്ത് കേരളത്തിൽ വലിയ തോതിൽ ഉൽപ്പാദനമുണ്ടായിരുന്നു. അതുകൊണ്ട് ആവശ്യമായ കശുമാവുകൾ വച്ചുപിടിപ്പിച്ച് കശുവണ്ടി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും പ്ലാന്റേഷൻ കോർപ്പറേഷനെ മാത്രം ആശ്രയിക്കാതെ കശുവണ്ടി വികസന കോർപ്പറേഷനടക്കം ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ എന്ത് നടപടികളാണ് വകുപ്പ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ</u>: സർ, കശുമാവ് കൃഷി വികസിപ്പിക്കണമെന്നത് വളരെ പ്രധാനപ്പെട്ട പ്രശ്നമാണ്. കോടിക്കണക്കിന്

രൂപയാണ് ഇറക്കുമതിയിലൂടെ നമുക്ക് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നത്. കാഷ്യൂ വികസന ഏജൻസിതന്നെ അതിന് ഫലപ്രദമായി നേതൃത്വം നൽകുന്നുണ്ട്. ഇപ്പോൾ എ.പി.കെ. (Association of Planters of Kerala) കശുമാവ് കൃഷിയിലേയ്ക്ക് കടക്കാമെന്ന് അറിയിച്ചിട്ടുണ്ട്. ഹാരിസൺ പ്ലാന്റേഷൻ ഒരു റിക്വസ്റ്റുമായി വന്നിരുന്നു. ഞാനത് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. കശുമാവ് കൃഷിക്കുവേണ്ട പ്രോത്സാഹനവും പ്ലാന്റേഷന്റെ കാര്യത്തിൽ ആവശ്യമായ സഹായവും ലഭ്യമാക്കണം; കശുമാവ് കൃഷി വികസിപ്പിക്കുന്നതിന് അനുമതി നൽകണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. തീർച്ചയായും റവന്യൂ വകുപ്പിന്റെകൂടി സഹായം തേടിക്കൊണ്ട് കശുമാവ് കൃഷി വികസനം ശക്തിപ്പെടുത്തും.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

### (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ഹോസ്റ്റലുകൾ നവീകരിക്കാൻ പദ്ധതി

7 (*66) ശ്രീ. മുരളി പെരുനെല്ലി
ശ്രീ. ബി.സത്യൻ :
ശ്രീ. കെ. വി. വിജയദാസ് :

ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും വേണ്ടിയുള്ള പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകളുടെ സ്ഥിതി പരിശോധനാ വിധേയമാക്കിയിട്ടുണ്ടോ;

(ബി) ഇവ നവീകരിക്കാനായി പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമ വകുപ്പുകൾ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണ്;

(സി) ഈ ഹോസ്റ്റലുകളിൽ ഇന്റർനെറ്റ് സൗകര്യമുള്ള കമ്പ്യൂട്ടറുകൾ, ലൈബ്രറി മുതലായ പഠന പ്രവർത്തനത്തിന് വേണ്ട സൗകര്യങ്ങൾ

ഏർപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) പട്ടികജാതിക്കാർക്കും പട്ടികവർഗ്ഗക്കാർക്കും വേണ്ടിയുള്ള പ്രീ -മെട്രിക്, പോസ്റ്റ് -മെട്രിക് ഹോസ്റ്റലുകളുടെ സ്ഥിതി പരിശോധനാ വിധേയമാക്കിയിട്ടുണ്ട്.

(ബി) പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിലുള്ള ഹോസ്റ്റലുകളുടെ നവീകരണത്തിന്റെ ഭാഗമായി ഹോസ്റ്റലുകളുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ഹോസ്റ്റലുകളിലേയ്ക്കാവശ്യമായ അത്യാവശ്യ സാധനങ്ങൾ വാങ്ങുന്നതിനും നടപടി സ്വീകരിച്ചിട്ടുണ്ട്. പട്ടികജാതി വികസന വകുപ്പ് 3.97 കോടി രൂപയും പട്ടികവർഗ്ഗ വികസന വകുപ്പ് 5.73 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന പ്രീ-മെട്രിക് ഹോസ്റ്റലുകളുടെ നവീകരണത്തിനായി ഹോസ്റ്റലുകളുടെ അടിസ്ഥാന സൗകര്യങ്ങൾ, സേവനങ്ങൾ, സാധന സാമഗ്രികൾ, ജീവനക്കാരുടെ എണ്ണം എന്നിവ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന് യൂണിസെഫ് നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ ഏകീകരിച്ച് നടപ്പാക്കുന്നതിനായി ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) പട്ടികജാതി വികസന വകുപ്പിനുകീഴിലുള്ള ഹോസ്റ്റലുകളിൽ കമ്പ്യൂട്ടറുകളും ലൈബ്രറി സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന പ്രീ-മെട്രിക് ഹോസ്റ്റലുകളിൽ 10 അന്തേവാസികൾക്ക് ഇന്റർനെറ്റ് സൗകര്യമുള്ള ഒരു കമ്പ്യൂട്ടർ വീതം ഏർപ്പെടുത്താനും എല്ലാ ഹോസ്റ്റലുകളിലും ലൈബ്രറി സൗകര്യം ഏർപ്പെടുത്താനും ഉദ്ദേശിക്കുന്നു.

## ക്ഷീര കർഷകർ നേരിടുന്ന പ്രശ്നങ്ങൾ

8(*67) ശ്രീ. മുല്ലക്കര രത്നാകരൻ:

ശ്രീ. ജി. എസ്. ജയലാൽ:

ശ്രീമതി ഗീതാ ഗോപി:

ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാൽ വിലയിലുണ്ടായ വർദ്ധനവിന്റെ ഗുണം ക്ഷീര കർഷകർക്ക് ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്;

(ബി) കാലിത്തീറ്റയുടെ ക്രമാതീതമായ വിലവർദ്ധനവിൽ നിന്ന് ക്ഷീര കർഷകരെ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്നറിയിക്കുമോ;

(സി) തീറ്റപ്പുല്ലിന്റെ ദൗർലഭ്യം ഉള്ളതിനാൽ തരിശ് കിടക്കുന്ന ഭൂമിയിൽ തീറ്റപ്പുൽ കൃഷി പ്രോത്സാഹിപ്പിക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) മിൽമ പാൽ സംഭരണ വിൽപ്പന വിലകൾ 11-2-2017 മുതലാണ് വർദ്ധിപ്പിച്ചിട്ടുള്ളത്. 2014 ജൂലൈ മാസത്തിലാണ് ഇതിനുമുമ്പ് വർദ്ധിപ്പിച്ചത്. കഴിഞ്ഞ രണ്ട് വർഷത്തിനിടയിൽ കർഷകർക്ക് ഉൽപ്പാദനച്ചെലവിലുണ്ടായ വർദ്ധനവ് കണക്കിലെടുത്ത് സംഭരണ വില വർദ്ധിപ്പിച്ച് നൽകുന്നതിനായിട്ടാണ് പാൽ വില വർദ്ധിപ്പിച്ചത്. ഈ കാരണത്താൽ വർദ്ധിപ്പിച്ച വിൽപ്പന വിലയുടെ 83.75% അതായത് വിൽപന വില 4 രൂപ വർദ്ധിപ്പിച്ചപ്പോൾ അതിൽ നിന്നും 3.35 രൂപയും കർഷകർക്ക് നൽകുകയാണുണ്ടായത്. അതോടൊപ്പം പാൽ വില ചാർട്ടിൽ കാര്യമായ പരിഷ്കരണം നടത്തുക വഴി കർഷകർക്ക് കൂടുതൽ ഗുണം ലഭിക്കാനായി സാധാരണയായി പാൽ വില വർദ്ധിപ്പിക്കുമ്പോൾ സംഭരണ വില വർദ്ധിപ്പിക്കുന്നത് 3.5% കൊഴുപ്പും 8.5% കൊഴുപ്പിതര ഖര പദാർത്ഥങ്ങളുമടങ്ങിയ പാലിനാണ്. എന്നാൽ ഇത്തവണ അത് 3% കൊഴുപ്പും 8.5% കൊഴുപ്പിതര ഖര പദാർത്ഥങ്ങളുമടങ്ങിയ പാലിനാണ് സംഭരണ വിലയിൽ ലിറ്ററൊന്നിന് 3.35 രൂപ വർദ്ധിപ്പിച്ചത്. ഈ കാരണത്താൽ സംസ്ഥാനത്ത് ഇന്ന് സംഭരിക്കുന്ന പാലിന്റെ ശരാശരി ഗുണനിലവാരമായ 4.1% കൊഴുപ്പും 8.3% കൊഴുപ്പിതര ഖര പദാർത്ഥങ്ങളുമടങ്ങിയ പാലിന് ക്ഷീരകർഷകന് ലിറ്ററിന് 4.02 രൂപ വർദ്ധനവ്

ലഭ്യമായിട്ടുണ്ട്. അതായത് പാലിന്റെ വിൽപ്പന വില ലിറ്ററിന് 4 രൂപ വർദ്ധിപ്പിച്ചപ്പോൾ കർഷകന് ലിറ്ററിന് 4.02 രൂപയുടെ വർദ്ധനവ് ലഭ്യമായി. ഇത്തവണ പാൽ വില വർദ്ധനവ് മുകളിൽ സൂചിപ്പിച്ച കാരണങ്ങളാൽ കർഷകന് ഏറ്റവും ഗുണകരമാണെന്നും പാൽ വില ചാർട്ട് പരിഷ്കരണത്തിലൂടെ പാൽ വില വർദ്ധനവിന്റെ ഗുണം കർഷകന് പൂർണ്ണമായും ലഭ്യമായിട്ടുണ്ടെന്നും ഉറപ്പുവരുത്തിയിട്ടുണ്ട്. കൂടാതെ ക്ഷീര കർഷകർ നേരിടുന്ന ബുദ്ധിമുട്ട് കണക്കിലെടുത്ത് മേഖലാ യൂണിയനുകൾ ക്ഷീരകർഷകർക്ക് പാൽ വിലയിൽ ഇൻസെന്റീവും നൽകിവരുന്നു.

പുതുക്കിയ പാൽ വില ചാർട്ട് സംഘം നോട്ടീസ് ബോർഡിൽ പ്രസിദ്ധപ്പെടുത്തുന്നതിന് എല്ലാ ക്ഷീരസംഘങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. അതോടൊപ്പം തന്നെ പാൽ വിലയുമായി ബന്ധപ്പെട്ട് വന്നിട്ടുള്ള പരാതികൾ പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതിന് ജില്ലാ ഡെപ്യൂട്ടി ഡയറക്ടർമാർക്കും/ക്വാളിറ്റി കൺട്രോൾ ഓഫീസർമാർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) കാലിത്തീറ്റയുടെ വില വർദ്ധനവുമൂലം ക്ഷീരകർഷകർക്കുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിനായി സംഘത്തിൽ അളക്കുന്ന ഒരു ലിറ്റർ പാലിന് 1 രൂപയുടെ കാലിത്തീറ്റ സബ്സിഡി നൽകിവരുന്നു. കൂടാതെ ഉരുക്കൾക്ക് ആവശ്യമായ ധാതുലവണ മിശ്രിതം, വൈറ്റമിൻ സപ്ലിമെന്റുകൾ എന്നിവയും സബ്സിഡി നിർക്കിൽ സംഘം മുഖേന നൽകിവരുന്നു. കാലിത്തീറ്റയെ അധികമായി ആശ്രയിക്കുന്നത് ഒഴിവാക്കുന്നതിനും പച്ചപ്പുല്ലിന്റെ ലഭ്യത വർദ്ധിപ്പിക്കുന്നതിനും തീറ്റപ്പുൽ കൃഷി വികസന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

കടുത്ത വരൾച്ചയെ നേരിടുന്നതിനായി ക്ഷീര സഹകരണ സംഘങ്ങൾ മുഖേന വയ്ക്കോൽ/പച്ചപ്പുല്ല് എന്നിവ കുറഞ്ഞ വിലയ്ക്ക് ലഭ്യമാക്കുന്നതിനായി 35 ലക്ഷം രൂപ അടിയന്തിരമായി അനുവദിച്ചു.

മൃഗസംരക്ഷണ വകുപ്പ് നടപ്പാക്കുന്ന പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടിയിലൂടെ സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകിവരുന്നു. ഈ വർഷം 2.5 ലക്ഷം കന്നുകുട്ടികൾക്ക് ഇപ്രകാരം തീറ്റ നൽകുന്നുണ്ട്. ഇതിന് 53.8 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. കാലിത്തീറ്റ ഫാക്ടറികളിലേയ്ക്കാവശ്യമായ മിക്ക അസംസ്കൃത വസ്തുക്കളും കേരളത്തിൽ ലഭ്യമല്ലാത്തതിനാൽ വടക്കേ ഇന്ത്യ ഉൾപ്പെടെയുള്ള അന്യസംസ്ഥാനങ്ങളിൽനിന്നുമാണ് വാങ്ങുന്നത്. അസംസ്കൃത

വസ്തുക്കളുടെ വില ക്രമാതീതമായി വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിലും കർഷകരുടെ ബുദ്ധിമുട്ട് പരിഗണിച്ചും പൊതുമേഖലയിലും സഹകരണ മേഖലയിലുമുള്ള കാലിത്തീറ്റ ഫാക്ടറികൾ ഭീമമായ നഷ്ടം സഹിച്ചുകൊണ്ടാണ് ഇപ്പോൾ ക്ഷീരകർഷകർക്ക് കാലിത്തീറ്റ വിതരണം ചെയ്യുന്നത്. കൂടാതെ മിൽമയുടെ മേഖലാ യൂണിയനുകൾ അവരുടെ ലാഭവിഹിതത്തിൽനിന്നും കർഷകർക്ക് കാലിത്തീറ്റ സബ്സിഡി നൽകിവരുന്നുണ്ട്.

(സി) നടപടികൾ സ്വീകരിച്ചുവരുന്നു. തീറ്റപ്പുല്ലിന്റെ ദൗർലഭ്യം പരിഹരിക്കുന്നതിന് സർക്കാർ/പൊതുമേഖല/സ്വകാര്യ ഉടമസ്ഥതയിലുള്ള തരിശു കിടക്കുന്ന സ്ഥലങ്ങൾ കണ്ടെത്തി തീറ്റപ്പുൽ കൃഷി നടപ്പിലാക്കുന്നതിനുള്ള കർമ്മ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു.

മിൽമയുടെ കീഴിലുള്ള മേഖലാ യൂണിയനുകൾ തീറ്റപ്പുൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. മൃഗസംരക്ഷണ വകുപ്പിന്റെ വിവിധ ഫാമുകളുടെ ലഭ്യമായ ഭൂമിയിൽ തീറ്റപ്പുൽ കൃഷി ചെയ്യുന്നതിനുവേണ്ടി നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

**മിൽക്ക് ഷെഡ് വികസന പദ്ധതികൾ**

9 (*68) ശ്രീ. ഡി. കെ. മുരളി:
ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. സി. കെ. ശശീന്ദ്രൻ:
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മിൽക്ക് ഷെഡ് വികസന പദ്ധതിയുടെ ലക്ഷ്യങ്ങൾ അറിയിക്കുമോ;

(ബി) ക്ഷീരോല്പാദനം ലാഭകരമായ ഉപജീവനമാർഗ്ഗമാക്കുന്നതിനായി നൽകുന്ന സഹായങ്ങൾ എന്തെല്ലാമാണ്;

(സി)ക്ഷീരവികസനത്തിനും ഈ മേഖലയിലെ യന്ത്രവൽക്കരണത്തിനുമായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമെന്ന് അറിയിക്കുമോ;

(ഡി) ക്ഷീരകർഷകർക്കായുള്ള ക്ഷേമ പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) മിൽക്ക് ഷെഡ് പദ്ധതിയുടെ (2017-18) ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:

- കൂടുതൽ കർഷകരെ ക്ഷീരോൽപ്പാദന മേഖല ഒരു തൊഴിലായി സ്വീകരിക്കുന്നതിന് പ്രോത്സാഹിപ്പിക്കുക.
- കാലിവളർത്തലിൽ ശാസ്ത്രീയ പരിചരണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിന് കർഷകരിൽ അവബോധം സൃഷ്ടിക്കുക.
- ക്ഷീരോൽപ്പാദനം ഒരു ഉപജീവനമാർഗ്ഗമായും സ്വയംതൊഴിൽ കണ്ടെത്തുന്നതിനും ഗ്രാമീണ മേഖലയിലെ യുവജനങ്ങളെയും വനിതകളെയും പ്രേരിപ്പിക്കുക.
- ക്ഷീരമേഖലയിൽ പ്രവർത്തിക്കുന്നവർക്ക് പ്രചോദനമായി ഇൻസെന്റീവ് നൽകുക.
- കൂടുതൽ കർഷകരെയും സംരംഭകരെയും സ്വയംസഹായ സംഘങ്ങളെയും ക്ഷീരമേഖലയിലേയ്ക്ക് കൊണ്ടുവരിക.
- ഉപജീവനത്തിന് വേണ്ടിയുള്ള ക്ഷീരോൽപ്പാദന പ്രവർത്തനങ്ങളിൽ നിന്നും സാങ്കേതിക സഹായത്തോടെ വാണിജ്യാടിസ്ഥാനത്തിലുള്ള ക്ഷീരോൽപ്പാദനത്തിന് ക്ഷീരകർഷകരെ പ്രാപ്തരാക്കുക.
- ഉൽപ്പാദനക്ഷമതയുള്ള കന്നുകാലികളുടെ എണ്ണം വർദ്ധിപ്പിക്കുക.
- ഭാവിയിലേയ്ക്ക് മെച്ചപ്പെട്ട കന്നുകാലികളെ ഉറപ്പാക്കുന്നതിന് കിടാരി പരിപാലനം പ്രോത്സാഹിപ്പിക്കുക.
- ക്ഷീരോൽപ്പാദന മേഖലയുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് ആധുനികവൽക്കരണത്തിനായി സാമ്പത്തിക സഹായം നൽകുക. കന്നുകാലികളുടെ ആരോഗ്യ സംരക്ഷണത്തിനും ഉൽപ്പാദനക്ഷമതയ്ക്കും ഉതകുന്ന രീതിയിലുള്ള കന്നുകാലി ഷെഡ്ഡുകളുടെ നിർമ്മാണം പ്രോത്സാഹിപ്പിക്കുക.
- കറവയന്ത്രങ്ങൾക്കുള്ള ധനസഹായം.
- ആധുനിക സാങ്കേതിക വിദ്യകൾ ക്ഷീര കർഷകർക്ക് പകർന്ന നൽകുന്നതിന് വനിതാ കന്നുകാലി ക്ഷേമപ്രവർത്തകരെ നിയോഗിക്കുക.
- ഉപഭോക്താക്കൾക്ക് ഗുണമേന്മയും സുരക്ഷിതവുമായ പാൽ ഉറപ്പാക്കുക.

(ബി) ക്ഷീരോൽപ്പാദനം ലാഭകരമായ ഉപജീവനമാർഗ്ഗമാക്കുന്നതിന് ക്ഷീരവികസന വകുപ്പ് പ്രധാനമായും താഴെപ്പറയുന്ന ധനസഹായങ്ങളാണ് നൽകി വരുന്നത്.

1. മിൽക്ക് ഷെഡ് വികസന പദ്ധതി പ്രകാരം ഡെയറി യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് ക്ഷീരകർഷകർക്ക് അവശ്യാധിഷ്ഠിത ധനസഹായവും കറവയന്ത്രം വാങ്ങുന്നതിനും തൊഴുത്ത് നിർമ്മിക്കുന്നതിനും സഹായങ്ങളും നൽകി വരുന്നു.

2. തീറ്റപ്പുൽ കൃഷി ചെയ്യുന്നതിന് കർഷകർക്ക് ഒരു ഹെക്ടറിന് 20,000 രൂപ വരെ ധനസഹായം നൽകുകയും കൂടാതെ തരിശ് സ്ഥലങ്ങൾ കണ്ടെത്തി ക്ഷീര സഹകരണ സംഘങ്ങൾക്കും സ്വാശ്രയ ഗ്രൂപ്പുകൾക്കും പുൽക്കൃഷി ചെയ്യുന്നതിന് ധനസഹായവും നൽകിവരുന്നു.

3. ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന ക്ഷീര കർഷകർക്ക് ഒരു ലിറ്റർ പാലിന് ഒരു രൂപ നിരക്കിൽ കാലിത്തീറ്റ സബ്സിഡി നൽകുന്ന പദ്ധതി നിലവിലുണ്ട്. കൂടാതെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം വിനിയോഗിച്ച് ക്ഷീര കർഷകർക്ക് ഒരു ലിറ്റർ പാലിന് 3 രൂപ വരെ ഇൻസെന്റീവ് നൽകുന്ന പദ്ധതിയും നടപ്പിലാക്കുന്നുണ്ട്.

4. ക്ഷീര കർഷക ക്ഷേമനിധി മുഖാന്തരം പെൻഷൻ, കുടുംബപെൻഷൻ, അവശതാ പെൻഷൻ, വിവാഹധന സഹായം, ചികിത്സാ ധനസഹായം, മരണാനന്തര ധനസഹായം, വിദ്യഭ്യാസ സ്കോളർഷിപ്പ് തുടങ്ങിയവ നൽകിവരുന്നു.

5. ക്ഷീര സംഘങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കുന്നതിനും കർഷകർക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിനും സഹായകരമായ പദ്ധതികളും നടപ്പിലാക്കിവരുന്നു.

ക്ഷീരോൽപ്പാദനം ലാഭകരമാക്കിത്തീർക്കുന്നതിനുവേണ്ടി മിൽമയുടെ മേഖലാ യൂണിയനുകളും വൈവിദ്ധ്യമാർന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(സി) ക്ഷീര വികസന രംഗത്ത് തൊഴിലാളികളുടെ അഭാവവും വർദ്ധിച്ച കൂലിച്ചെലവും കണക്കിലെടുത്ത് യന്ത്രവൽക്കരണത്തിനായി നിരവധി പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. ഇതിന്റെ ഭാഗമായി കറവയന്ത്രം, ആട്ടോമാറ്റിക് വാട്ടർബൗൾ, ജനറേറ്റർ, സ്പ്രിംഗ്ളർ, സോളാർ വാട്ടർ ഹീറ്റർ, ചാഫ് കട്ടർ, ഫാൻ, വീൽബാരോ, മോട്ടോർ, ബൾക്ക് കൂളർ, എയർകംപ്രസർ, പാക്കിംഗ് മെഷീൻ, ക്രീം സെപ്പറേറ്റർ, ആട്ടോമാറ്റിക് ഷെഡ് ക്ലീനിംഗ് ഉപകരണങ്ങൾ തുടങ്ങിയവ സ്ഥാപിക്കുന്നതിന് ധനസഹായം നൽകിവരുന്നു.

ക്ഷീരസഹകരണ സംഘങ്ങൾ സംഭരിക്കുന്ന പാലിന്റെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിനും ക്ഷീര സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും കർഷകർക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിനുമായി എല്ലാ ക്ഷീര സംഘങ്ങളിലും ആട്ടോമാറ്റിക് മിൽക് കളക്ഷൻ യൂണിറ്റുകൾ സ്ഥാപിച്ചുവരുന്നു.

മിൽമയുടെ മേഖലാ യൂണിയനുകൾ ക്ഷീരോൽപ്പാദന സംഘങ്ങൾക്ക് കമ്പ്യൂട്ടർവൽക്കരണം, ആട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റുകൾ, കെട്ടിട നിർമ്മാണം, ബി.എം.സി. (ബൾക്ക് മിൽക്ക് കൂളർ യൂണിറ്റ്) സ്ഥാപിക്കൽ, കർഷകർക്ക് ആട്ടോമാറ്റിക് ഡ്രിങ്കിംഗ് ബൗളുകൾ നൽകൽ, യന്ത്രവൽകൃത കറവയന്ത്രങ്ങൾ നൽകൽ എന്നിവയ്ക്കായി ധനസഹായം നൽകിവരുന്നുണ്ട്. ക്ഷീരസംഘങ്ങളെയും ഡെയറികളെയും ബന്ധിപ്പിക്കുന്ന നെറ്റ്‌വർക്കിംഗ്, പാൽ സൊസൈറ്റികളിലെ അക്കൗണ്ടിംഗ് സോഫ്റ്റ്‌വെയർ എന്നീ മേഖലകളിൽ വികസന പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ഡി) സംസ്ഥാനത്ത് ക്ഷീരകർഷകരുടെ ക്ഷേമത്തിനായി രൂപീകരിച്ചിട്ടുള്ള കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡ് ക്ഷീരകർഷകരുടെ ക്ഷേമത്തിനായി വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

ക്ഷീരകർഷക ക്ഷേമനിധി മുഖാന്തിരം പെൻഷൻ, കുടുംബപെൻഷൻ, അവശതാ പെൻഷൻ, വിവാഹ ധനസഹായം, ചികിത്സാ ധനസഹായം, മരണാനന്തര ധനസഹായം, വിദ്യാഭ്യാസ സ്കോളർഷിപ്പ് തുടങ്ങിയവ നൽകിവരുന്നു. സംസ്ഥാനത്തെ ക്ഷീരകർഷകർക്കായി സമഗ്ര ഇൻഷ്വറൻസ് പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**പട്ടികജാതി യുവതികൾക്ക് വിവാഹ ധനസഹായം**

10(*69) ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. പി. ഉണ്ണി:
ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ധനരായ പട്ടികജാതി യുവതികൾക്ക് വിവാഹ ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര രൂപയാണ് ഒരാൾക്ക് ധനസഹായമായി നൽകുന്നതെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ധനസഹായം ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) അർഹരായവർക്ക് ഇത് ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) നിർദ്ധനരായ പട്ടികജാതി യുവതികൾക്ക് വിവാഹ ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) പട്ടികജാതിയിൽപ്പെട്ട നിർദ്ധനരായ കുടുംബങ്ങളിലെ പെൺകുട്ടികളുടെ വിവാഹ ധനസഹായം 50,000 രൂപയിൽ നിന്ന് 75,000 രൂപയായി ഉയർത്തിയിട്ടുണ്ട്. ഇതിൽ 25,000 രൂപ സ്വർണ്ണാഭരണത്തിനും 50,000 രൂപ മറ്റുചെലവുകൾക്കുമാണ്. 22-3-2017-ലെ സ.ഉ. (കൈ)നമ്പർ 21/17/പജപവവിവ. പ്രകാരമാണ് ധനസഹായത്തുക വർദ്ധിപ്പിച്ചത്.

(സി) പട്ടികജാതിയിൽപ്പെട്ടതും കുടുംബവാർഷിക വരുമാനം 50,000 രൂപ വരെയുള്ളതുമായ പെൺകുട്ടിയുടെ ആദ്യ വിവാഹത്തിന് മാത്രമാണ് ധനസഹായം അനുവദിക്കുന്നത്. മറ്റ് ഏജൻസിയിൽനിന്നും ഇതേ ആവശ്യത്തിന് ആനുകൂല്യം ലഭിക്കാത്തവരായിരിക്കണം. വിവാഹം ഉറപ്പിച്ചതിനുശേഷം ജാതി, വരുമാന സർട്ടിഫിക്കറ്റ്, പെൺകുട്ടിയുടെ പ്രായം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്, വിവാഹം നിശ്ചയിച്ചു എന്നതിന്റെ സമുദായ സംഘടനയുടെ/ഗസറ്റഡ് ഓഫീസറുടെ സാക്ഷ്യപത്രം സഹിതം ബ്ലോക്ക്/മുനിസിപ്പൽ കോർപ്പറേഷൻ/പട്ടികജാതി വികസന ഓഫീസർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്. വരുമാന പരിധി 50,000 രൂപയാണ്.

(ഡി) ഇതിലേയ്ക്ക് എല്ലാ വർഷവും ആവശ്യമായ തുക ബജറ്റിൽ വകയിരുത്തുകയും സാമ്പത്തിക വർഷാരംഭത്തിൽ തന്നെ ജില്ലകൾക്ക് തുക വീതിച്ച് നൽകുകയും ചെയ്യുന്നു. പ്രൊമോട്ടർമാരുടെയും ജനപ്രതിനിധികളുടെയും സഹായത്തോടെ ധനസഹായത്തിനുള്ള അപേക്ഷ ലഭ്യമാക്കി ഫീൽഡുതല അന്വേഷണം നടത്തി അർഹത പരിശോധിച്ച് അർഹതപ്പെട്ട എല്ലാ അപേക്ഷകർക്കും ആനുകൂല്യം അനുവദിക്കുന്നു.

**പുതിയ മദ്യനയം**

11 (*70) ശ്രീ. കെ. എസ്. ശബരീനാഥൻ :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ മദ്യനയം സംബന്ധിച്ച് തീരുമാനം കൈക്കൊണ്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഈ സർക്കാരിന്റെ മദ്യനയം എന്നത്തേയ്ക്ക് പ്രഖ്യാപിക്കാനാണ് ലക്ഷ്യമിട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) മുൻസർക്കാർ കൈക്കൊണ്ട മദ്യനയത്തിൽ കാതലായ മാറ്റങ്ങൾ വരുത്താനുദ്ദേശിക്കുന്നുണ്ടോ; എങ്കിൽ അതിനുള്ള സാഹചര്യമെന്താണെന്ന് വെളിപ്പെടുത്തുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ-സി) പുതിയ മദ്യനയം രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കേരള സമൂഹത്തിന്റെ സാംസ്കാരിക ഉന്നമനം**

12 (*71) ശ്രീ. എം. മുകേഷ് :
ശ്രീ. പുരുഷൻ കടലുണ്ടി :
ശ്രീ. കെ.വി.അബ്ദുൾ ഖാദർ :
ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാഷ്ട്രീയ താല്പര്യത്തോടെ മതവിശ്വാസത്തെ ദുരുപയോഗം ചെയ്യുന്ന പ്രവണതയ്ക്കെതിരെ സാംസ്കാരിക ഇടപെടൽ ശക്തിപ്പെടുത്താൻ നടപടി സ്വീകരിക്കുമോ;

(ബി) മറ്റുള്ളവർ എന്ത് ഭക്ഷിക്കണമെന്ന് തങ്ങൾ തീരുമാനിക്കുമെന്ന് പ്രഖ്യാപിക്കുന്നവരെ തുറന്നുകാട്ടാൻ കേരളത്തിൽ സാംസ്കാരിക കൂട്ടായ്മ ശക്തിപ്പെടുത്താൻ പരിപാടിയുണ്ടോ;

(സി) നവോത്ഥാന നായകരുടെയും സാമൂഹ്യ വിപ്ലവകാരികളുടെയും ചിന്തകളെ വക്രീകരിച്ച് അവതരിപ്പിക്കുന്നതിനെയും കലാലയങ്ങളിൽ ഉൾപ്പെടെ സ്വതന്ത്ര ചിന്തകളെ തല്ലിക്കെടുത്താൻ നടത്തുന്ന ശ്രമങ്ങളെയും ആശയപരമായി നിർമാർജ്ജനം ചെയ്യാൻ ഇടപെടൽ ഉണ്ടാകുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ&ബി) രാഷ്ട്രീയ താൽപ്പര്യത്തോടെ മതവിശ്വാസത്തെയും പാരമ്പര്യത്തെയും സംസ്കൃതിയെയും ദുരുപയോഗം ചെയ്യുന്നത് തടയാൻ സാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്ന എല്ലാ സർക്കാർ സ്ഥാപനങ്ങളും ഇടപെടത്തക്ക രീതിയിൽ സാംസ്കാരിക സ്ഥാപനങ്ങളെ സജ്ജമാക്കുന്നതിനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു. മതേതര സംസ്കാരം അനുവർത്തിച്ചുപോരുന്ന നമ്മുടെ സമൂഹത്തെ അതിന്റെ അർത്ഥവ്യാപ്തി മുഴുവൻ ഉൾക്കൊള്ളുന്ന രീതിയിലും വെല്ലുവിളികളെ നേരിടാൻ പ്രാപ്തമാക്കുന്നതിനും സാഹിത്യ സാംസ്കാരിക സ്ഥാപനങ്ങളെ മുന്നോട്ട് കൊണ്ടുപോകാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. രാഷ്ട്രീയ താൽപ്പര്യത്തിനായി മതവിശ്വാസത്തെ ദുരുപയോഗം ചെയ്യുന്നത് തടയുന്നതിനും സാംസ്കാരിക മേഖലയെ വർഗ്ഗീയവൽക്കരിക്കുന്നത് തടയുന്നതിനും ജനാധിപത്യ ക്രമത്തിന് അനിവാര്യമായ സാമുദായിക സാമൂഹ്യ അഭേദം പരിപോഷിപ്പിക്കുന്നതിനും മാനവികതയ്ക്കും നവോത്ഥാന മൂല്യങ്ങൾക്കുമെതിരെ പ്രതിലോമ ശക്തികൾ നടത്തുന്ന കടന്നാക്രമണം പ്രതിരോധിക്കാൻ സാംസ്കാരിക സ്ഥാപനങ്ങൾ മുൻകയ്യെടുത്ത് പ്രവർത്തിച്ച് തുടങ്ങിയിട്ടുണ്ട്. അതിന്റെ ആദ്യപടിയാണ് 'നമുക്ക് ജാതിയോ മതമോ ഇല്ല' എന്ന പ്രഖ്യാതമായ ശ്രീനാരായണ ഗുരു വിളംബരത്തിന്റെ 100-ാം വാർഷികം വിവിധ സാംസ്കാരിക സ്ഥാപനങ്ങളെ ഉൾപ്പെടുത്തി ആഘോഷിക്കാൻ സർക്കാർ മുൻകയ്യെടുത്തത്. ഈ പരിപാടി സംസ്ഥാനമൊട്ടാകെ 6000-ത്തോളം സ്ഥലങ്ങളിൽ സംഘടിപ്പിച്ചിട്ടുണ്ട്. പന്തിഭോജനത്തിന്റെ ശതാബ്ദി ആഘോഷങ്ങളും ഇതേ ഉദ്ദേശ്യത്തിനായി സംഘടിപ്പിക്കുന്നുണ്ട്. സർക്കാർ ഇത്തരം പരിപാടികൾ തുടർന്നും സംഘടിപ്പിക്കുവാൻ എന്നും പ്രതിജ്ഞാ ബദ്ധമായിരിക്കും.

(സി) നമ്മുടെ സംസ്ഥാനത്ത് നിലനിന്നിരുന്ന അന്ധവിശ്വാസങ്ങളും അനാചാരങ്ങളും അയിത്തം പോലുള്ള ഉച്ചനീചത്വങ്ങളും അവസാനിപ്പിക്കാൻ നവോത്ഥാന നായകരുടെ പോരാട്ടങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്. മതവും അധികാരഘടനകളും ഒത്തുചേർന്ന് രൂപീകൃതമാകുന്ന വിഷലിപ്തമായ ഒരു വ്യവസ്ഥയുടെ ഭാഗമായാണ് നവോത്ഥാന നായകരുടെയും സാമൂഹ്യ വിപ്ലവകാരികളുടെയും ചിന്തകളെ വക്രീകരിച്ച് അവതരിപ്പിക്കുന്നത്. ഇത്തരം ഛിദ്രശക്തികളുടെ വ്യാപനം തടയാൻ സാംസ്കാരിക രംഗത്ത് പ്രവർത്തിക്കുന്ന പുരോഗമന കാഴ്ചപ്പാടുള്ള സ്ഥാപനങ്ങളെയും സംഘടനകളെയും സർക്കാർ സ്ഥാപനങ്ങൾ വഴി ഇടപെട്ട് സജീവമാക്കുകയും സ്വയം പ്രവർത്തിപ്പിക്കുകയും ചെയ്യുന്നതാണ്.

**ജീവിതനിലവാരം വർദ്ധിപ്പിക്കുന്നതിന് നടപടി**

13 (*72) ശ്രീമതി ഇ.എസ്.ബിജിമോൾ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീ. ആർ. രാമചന്ദ്രൻ:
ശ്രീമതി സി.കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവിഭാഗത്തിൽപ്പെട്ട ജനതയുടെ ജീവിത നിലവാരം വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ച് വരുന്നുവെന്ന് വിശദമാക്കുമോ;

(ബി) പട്ടികവിഭാഗക്കാർക്കുള്ള ആനുകൂല്യങ്ങൾ അവർക്ക് തന്നെ ലഭ്യമാകുന്നു എന്ന് ഉറപ്പ് വരുത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ച് വരുന്നത്;

(സി) ഊരുകൂട്ടങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം ഇടപെടലുകളാണ് നടത്തി വരുന്നതെന്ന് വിശദമാക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) പട്ടിക വിഭാഗത്തിൽപ്പെട്ട ജനതയുടെ ജീവിതനിലവാരം വർദ്ധിപ്പിക്കുന്നതിന് എല്ലാ പട്ടികജാതിക്കാർക്കും ഭൂമി, പാർപ്പിടം എന്നിവ നൽകുന്ന പദ്ധതികൾ, ഇവർ താമസിക്കുന്ന പ്രദേശത്തിന്റെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പദ്ധതികൾ, വിദേശ സർവ്വകലാശാലയിൽ പഠിക്കുന്നതിനുള്ള ധനസഹായമടക്കമുള്ള വിദ്യാഭ്യാസാനുകൂല്യ പദ്ധതികൾ, തൊഴിൽ ലഭ്യമാക്കുന്നതിനുള്ള പരിശീലന പരിപാടികൾ, വായ്പ സബ്സിഡി നൽകുന്ന പദ്ധതികൾ, ചികിത്സാ ധനസഹായ പദ്ധതി എന്നിവ ഉൾപ്പെടെ പട്ടികജാതിക്കാരുടെ ദ്രുതഗതിയിലുള്ള പുരോഗതിക്കായുള്ള പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കിവരുന്നു.

പട്ടികവർഗ്ഗ വിഭാഗക്കാരുടെ ജീവിതനിലവാരം വർദ്ധിപ്പിക്കുന്നതിനുവേണ്ടി നടപ്പിലാക്കിയിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പട്ടികജാതി വികസന ഫണ്ട് വിനിയോഗിച്ച് നടപ്പിലാക്കുന്ന എല്ലാ ആനുകൂല്യങ്ങളും പട്ടികജാതി വിഭാഗക്കാർക്ക് തന്നെ ലഭ്യമാകുന്നുവെന്ന് ഉറപ്പ് വരുത്താൻ ഗുണഭോക്താക്കളുടെ 6 മാസത്തിനുള്ളിൽ ലഭ്യമാക്കിയ ജാതി സർട്ടിഫിക്കറ്റ് പരിശോധിച്ച് ബോദ്ധ്യപ്പെടുന്നുണ്ട്.

സർക്കാർ പ്രഖ്യാപിക്കുന്ന പദ്ധതികൾ അർഹതപ്പെട്ട പട്ടികവർഗ്ഗക്കാർക്കുതന്നെ ലഭ്യമാകുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നുണ്ട്. പട്ടികവർഗ്ഗ കോളനികളിലെ ഊരുകൂട്ട ചർച്ചയിലൂടെ പദ്ധതിയിൽ നിഷ്കർഷിച്ചിരിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾക്ക് വിധേയമായി ഗുണഭോക്താക്കളെ കണ്ടെത്തുന്നു. പട്ടികവർഗ്ഗക്കാർക്കുള്ള സാമ്പത്തിക ആനുകൂല്യങ്ങൾ ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് വഴിയാണ് നൽകിവരുന്നത്.

പട്ടികജാതി-പട്ടികവർഗ്ഗക്കാരുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി വകയിരുത്തുന്ന തുക അവരുടെ ക്ഷേമ പ്രവർത്തനങ്ങൾക്ക് തന്നെ ചെലവഴിക്കുന്നുവെന്ന് കൃത്യമായി മോണിട്ടർ ചെയ്യുന്നതിന് ജില്ലാ കളക്ടർ അദ്ധ്യക്ഷനായി എം.എൽ.എ.മാർ ഉൾപ്പെടുന്ന കമ്മിറ്റിയും ഡിസ്ട്രിക്ട് ഡെവലപ്മെന്റ് കമ്മിറ്റിയും നിലവിലുണ്ട്. ഇതിനുപുറമേ സംസ്ഥാന തലത്തിൽ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും പദ്ധതികൾ വിലയിരുത്തിവരുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പ് ഡയറക്ടർ ചെയർമാനും ജോയിന്റ് ഡയറക്ടർ കൺവീനറും ഡെപ്യൂട്ടി ഡയറക്ടർ, അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ, ജില്ലാ ഓഫീസർമാർ എന്നിവർ അംഗങ്ങളുമായി രൂപീകരിച്ച കമ്മിറ്റി സംസ്ഥാനതലത്തിൽ പദ്ധതി വിനിയോഗം വിലയിരുത്തുന്നുണ്ട്.

(സി) പട്ടികവർഗ്ഗക്കാരുടെ ശാക്തീകരണത്തിനുവേണ്ടി ഊരുകൂട്ടങ്ങൾ എല്ലാ പട്ടികവർഗ്ഗ മേഖലയിലും രൂപീകരിച്ചിട്ടുണ്ട്. ഊരുകൂട്ടങ്ങൾ സംഘടിപ്പിക്കുന്നതിനും എല്ലാ അംഗങ്ങൾക്കും ബോധവൽക്കരണ സെമിനാറുകൾ നടത്തുന്നതിനും ഒരു ഊരുകൂട്ടത്തിൽ ചെലവഴിക്കേണ്ട തുക 500 രൂപയിൽ നിന്നും 2500 രൂപയായി വർദ്ധിപ്പിച്ചതിനാൽ വേണ്ടത്ര പ്രചാരണം നൽകുവാനും പങ്കെടുക്കുന്നവർക്ക് ഭക്ഷണം നൽകുവാനും സാധിക്കുന്നു. ഊരുകൂട്ടത്തിൽ പങ്കെടുക്കുന്നവർക്ക് മാത്രമേ ആനുകൂല്യങ്ങൾ ലഭ്യമാകുകയുള്ളൂ എന്ന തിരിച്ചറിവ് പട്ടികവർഗ്ഗ പ്രൊമോട്ടർമാർ ബോധവൽക്കരിക്കുന്നതിനാൽ ഊരുകൂട്ടങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുന്നുണ്ട്. കൂടാതെ കുടുംബശ്രീ ആനിമേറ്റർമാർക്കും ഊരുകൂട്ടത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ബോധവൽക്കരണം നടത്തുന്നുണ്ട്.

**മത്സ്യത്തൊഴിലാളികളുടെ സുരക്ഷ**

14 (*73) ശ്രീ. എൻ .എ. നെല്ലിക്കുന്ന്:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. സി. മമ്മൂട്ടി:
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികൾ ആഴക്കടൽ മീൻപിടിത്ത വ്യവസ്ഥാ പരിധികൾ ലംഘിക്കുന്നതുമൂലം ഇവരെ അന്യരാജ്യങ്ങൾ തടവിലാക്കുന്നതും ഇവർ അപകടങ്ങളിൽപ്പെടുന്നതുമായ സംഭവങ്ങൾ അടിക്കടി ഉണ്ടാകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മത്സ്യത്തൊഴിലാളികളുടെ സുരക്ഷ സംബന്ധിച്ച് സംസ്ഥാന സർക്കാരിന് സ്വീകരിക്കാവുന്ന മുൻകരുതലുകളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ജലപരിധി, സുരക്ഷാ സംവിധാനങ്ങൾ തുടങ്ങിയവ സംബന്ധിച്ച് മത്സ്യത്തൊഴിലാളികൾക്ക് ബോധവൽക്കരണത്തിനും ഗൈഡൻസിനും ആവശ്യമായ സംവിധാനം ഒരുക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) ഉണ്ട്.

(ബി) ഉണ്ട്. കേന്ദ്ര സർക്കാർ നിർദ്ദേശ പ്രകാരം 22-10-2016-ലെ 714/2016/മതുവ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഡീഗോ ഗാർഷ്യ പോലുള്ള അന്യരാജ്യങ്ങളുടെ സമുദ്രാതിർത്തിയിൽ കടന്ന് അനധികൃത മത്സ്യബന്ധനം നടത്തുന്ന യാനങ്ങളെ കണ്ടുകെട്ടി പിഴ ഈടാക്കുന്നതും യാനത്തിന്റെ രജിസ്ട്രേഷൻ, ലൈസൻസ് എന്നിവയും മത്സ്യത്തൊഴിലാളികളുടെ ബയോമെട്രിക് തിരിച്ചറിയൽ രേഖയും റദ്ദ് ചെയ്യുന്നതും കൂടാതെ സർക്കാർ അനുവദിക്കുന്ന ക്ഷേമ പദ്ധതികളുടെ ആനുകൂല്യങ്ങൾ ഒന്നുംതന്നെ ഇങ്ങനെയുള്ള യാനത്തിനോ മത്സ്യത്തൊഴിലാളികൾക്കോ നൽകുന്നതല്ലായെന്നും ഉത്തരവായിട്ടുണ്ട്. ഇക്കാര്യത്തിൽ മത്സ്യത്തൊഴിലാളികൾക്ക് അവബോധം ഉണ്ടാക്കുന്നതിനായി ജില്ലകൾ കേന്ദ്രീകരിച്ച് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുമുണ്ട്.

(സി) ഇന്ത്യൻ മത്സ്യത്തൊഴിലാളികൾ ബ്രിട്ടീഷ് ഇന്ത്യൻ ഓഷ്യൻ ടെറിട്ടറി (BIOT)-യിൽ അനധികൃത മത്സ്യബന്ധനം നടത്തുന്നത് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയും 23-6-2016-ൽ മിനിസ്ട്രി ഓഫ് എക്സ്റ്റേണൽ അഫയേഴ്സ് ഡൽഹിയിൽ വച്ച് ജോയിന്റ് വർക്കിംഗ് ഗ്രൂപ്പ് മീറ്റിംഗ് നടത്തുകയുമുണ്ടായി. പ്രസ്തുത മീറ്റിംഗിൽ മറ്റ് രാജ്യങ്ങളുടെ സമുദ്രാതിർത്തി ലംഘിച്ച് മത്സ്യബന്ധനം നടത്തുന്ന മത്സ്യബന്ധനയാന ഉടമകൾക്ക് അതാത് രാജ്യത്തെ നിയമം അനുസരിച്ച് പിഴ നൽകുന്നതിനും കൂടാതെ ടി യാനങ്ങൾ പിടിച്ചെടുത്ത് രജിസ്ട്രേഷൻ, ലൈസൻസ്, ബയോമെട്രിക് തിരിച്ചറിയൽ കാർഡ്, ക്ഷേമനിധി അംഗത്വം എന്നിവ റദ്ദ് ചെയ്യാനും ഹാർബർ, ഫിഷ് ലാന്റിംഗ് സെന്റർ എന്നിവ കേന്ദ്രീകരിച്ച് ബോധവൽക്കരണം നടത്താനും തീരുമാനിച്ചിട്ടുണ്ട്. ജില്ലകൾ കേന്ദ്രീകരിച്ച് ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്. കോസ്റ്റ് ഗാർഡ് പട്രോളിംഗ് കാര്യക്ഷമമായി നടത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

**മത്സ്യത്തൊഴിലാളി ക്ഷേമ പദ്ധതികൾ**

15 (*74) ശ്രീ. വി. അബ്ദുറഹിമാൻ:

ശ്രീ. റ്റി. വി. രാജേഷ്:

ശ്രീ. എ. എൻ. ഷംസീർ:

ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായും മാനവശേഷി വികസനത്തിനായും ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇവരുടെ സാമൂഹ്യസാമ്പത്തിക പിന്നോക്കാവസ്ഥ പരിഹരിക്കാനായി നടപ്പാക്കാനുദ്ദേശിക്കുന്ന കാര്യങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ;

(സി) ബയോഷീൽഡ് വികസനത്തിൽ പ്രദേശവാസികളുടെ സഹകരണവും പങ്കാളിത്തവും ഉറപ്പാക്കാൻ സാധ്യമായിട്ടുണ്ടോ എന്നറിയിക്കാമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായും മാനവശേഷി വികസനത്തിനായും ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) മത്സ്യത്തൊഴിലാളികളുടെ സാമൂഹ്യസാമ്പത്തിക പിന്നോക്കാവസ്ഥ പരിഹരിക്കാനായി നടപ്പാക്കാനുദ്ദേശിക്കുന്ന കാര്യങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*

(സി) തീരദേശത്ത് മത്സ്യത്തൊഴിലാളികളുടെയും പ്രദേശവാസികളുടെയും സഹകരണവും പങ്കാളിത്തവും ഉറപ്പാക്കിയാണ് ബയോഷീൽഡ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. ബയോഷീൽഡ് പദ്ധതിക്ക് അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തുന്ന പ്രാരംഭ പ്രവർത്തനങ്ങളും തീരദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളുടെ വിവരശേഖരണവുമാണ് ആദ്യഘട്ടമെന്ന നിലയിൽ ആരംഭിച്ചിട്ടുള്ളത്. ഇത് പൂർത്തിയാകുന്ന മുറയ്ക്ക് പ്രദേശവാസികളുടെ പങ്കാളിത്തം ഉറപ്പാക്കുന്നതിന് നടപടി കൈക്കൊള്ളുന്നതാണ്.

**പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിന് പദ്ധതികൾ**

16 (*75) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഉന്നമനത്തിനായി എന്തെല്ലാം കാര്യങ്ങളാണ് ആസൂത്രണം ചെയ്തതെന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം പദ്ധതികളാണ് ഇവരുടെ ഉന്നമനത്തിനായി നടപ്പാക്കിയിട്ടുള്ളത്; വിവരിക്കുമോ;

(സി) ഇവർക്ക് സ്വന്തമായി ഭൂമിയും വീടും ഉറപ്പാക്കുന്നതിന് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) ഇവരുടെ സങ്കേതങ്ങളിൽ എല്ലാ വിധത്തിലുമുള്ള അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിവരിക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന മെച്ചപ്പെട്ട വിദ്യഭ്യാസം, ആരോഗ്യം, അടിസ്ഥാന സൗകര്യ വികസനം, ഭവനം, ഭൂമി, സ്വയംതൊഴിൽ എന്നിവ ലക്ഷ്യംവച്ചുകൊണ്ട് നടപ്പിലാക്കിവരുന്ന തുടർപദ്ധതികൾ കൂടാതെ താഴെപ്പറയുന്ന പുതിയ പദ്ധതികളും നടപ്പിലാക്കി വരുന്നു.

- സാമൂഹ്യ പഠനമുറി - ഊരുകളിൽ ഒരു പഠന സഹായിയുടെ സഹായത്തോടെ പഠന സൗകര്യം ഒരുക്കുന്നതിനായുള്ള പദ്ധതി.
- ഗോത്രബന്ധു - പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനായി 241 പട്ടികവർഗ്ഗ അദ്ധ്യാപകരെ നിയമിക്കുന്ന പദ്ധതി.
- ഗോത്രവാത്സല്യനിധി - പട്ടികവർഗ്ഗ പെൺകുട്ടികൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി.
- പി.കെ. കാളൻ കുടുംബക്ഷേമ പദ്ധതി.
- അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി (പുതുക്കിയ/ എ.റ്റി.എസ്.പി. ഫണ്ട്/പ്രത്യേക പാക്കേജ്)
- തെരഞ്ഞെടുക്കപ്പെട്ട പട്ടികവർഗ്ഗ സാങ്കേതങ്ങളിൽ ലഹരി വിരുദ്ധ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുകയും പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനും ശിശു-മാതൃ മരണ നിരക്ക് കുറയ്ക്കുന്നതിനുമായി ന്യൂട്രീഷ്യൻ റീഹാബിലിറ്റേഷൻ പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുകയും ചെയ്യുന്നു.

2016-17-ൽ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയ പദ്ധതികളുടെയും 2017-18-ൽ ആസൂത്രണം ചെയ്ത പദ്ധതികളുടെയും വിശദ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായി നടപ്പിലാക്കിയിട്ടുള്ള പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു:

- അർഹരായ ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി ലഭ്യമാക്കുന്നതിനായി ഭൂമി വാങ്ങി നൽകുന്ന പദ്ധതി പ്രകാരം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ഭൂരഹിതരായ 174 ഗുണഭോക്താക്കൾക്ക് 81.983 ഏക്കർ ഭൂമി വാങ്ങിയ ഇനത്തിൽ 13,37,64,389 രൂപ അനുവദിച്ചു നൽകി.

- പട്ടികവർഗ്ഗ ഭവന നിർമ്മാണ പദ്ധതിയിൽ സ്പിൽ ഓവർ ആയ 23197 വീടുകളുടെ നിർമ്മാണത്തിനായി 177.008 കോടി രൂപ അനുവദിച്ചു നൽകി. ഇതിൽ 4158 വീടുകൾ പൂർത്തീകരിച്ചു.

- മൺസൂൺകാലത്ത് പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് പട്ടിണി ഉണ്ടാകാതെ ഭക്ഷ്യസഹായ പദ്ധതി നടപ്പിലാക്കുന്നതിനായി 25 കോടി രൂപ അനുവദിച്ചതിൽ 1614 ലക്ഷം രൂപ ചെലവഴിച്ച് 83103 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭക്ഷ്യധാന്യ വിതരണം നടത്തിയിട്ടുണ്ട്.

- 153825 കുടുംബങ്ങൾക്ക് ഓണക്കിറ്റും 14800 പേർക്ക് ഓണക്കോടിയും വിതരണം ചെയ്തു.

- 2159 പട്ടികവർഗ്ഗക്കാരുടെ 1 ലക്ഷം രൂപ വരെയുള്ള കടം എഴുതിത്തള്ളി. ആയതിലേയ്ക്കായി 6,17,56,785 രൂപ ചെലവഴിച്ചു.

- 595 സിക്കിൾസെൽ അനീമിയ രോഗികൾക്ക് പ്രതിമാസം 2000 രൂപ നിരക്കിൽ 1.50 കോടി രൂപയുടെ സാമ്പത്തിക സഹായം നൽകി.

- കൈത്താങ്ങ് പദ്ധതിയിൽ 432 അനാഥക്കുട്ടികൾക്ക് 1.03 കോടി രൂപയുടെ സഹായം നൽകി.

- ജനനീ ജന്മരക്ഷ പദ്ധതിയിൽ ഉൾപ്പെടുത്തി ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പോഷകാഹാരത്തിനായി 10 കോടി രൂപ 11850 പേർക്ക് തുടർ പദ്ധതിയായി ഈ വർഷം ചെലവഴിച്ചു.

- പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള ഗോത്രസാരഥി പദ്ധതി നടപ്പിലാക്കുന്നതിനും മുൻവർഷത്തെ കുടിശ്ശിക വിതരണം ചെയ്യുന്നതിനുമായി 6.67 കോടി രൂപ അനുവദിച്ച് 353 സ്കൂളുകളിൽ പഠിക്കുന്ന 12831 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് യാത്രാസൗകര്യം നൽകിയിട്ടുണ്ട്.

- നിർദ്ധനരായ പട്ടികവർഗ്ഗ പെൺകുട്ടികൾക്ക് വിവാഹധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കുന്നതിനായി 135 ലക്ഷം രൂപ അനുവദിച്ചു നൽകി.

- പട്ടികവർഗ്ഗ വികസന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള അട്ടപ്പാടി കാരുണ്യാശ്രമം, മാനന്തവാടി കുഴിനിലം അഗതി മന്ദിരം, വൈത്തിരി സുഗന്ധഗിരി കെയർഹോം എന്നിവയുടെ പ്രവർത്തനങ്ങൾക്കായി 39.31 ലക്ഷം രൂപ അനുവദിച്ചു നൽകി.
- പട്ടികവർഗ്ഗ കുട്ടികൾക്കുള്ള എൻട്രൻസ് പരീക്ഷ എഴുതുന്നതിനായി സ്പെഷ്യൽ കോച്ചിംഗ്/ക്രാഷ് കോഴ്സ് നടത്തുന്നതിന് 28.24 ലക്ഷം രൂപ അനുവദിച്ചു.
- സിക്കിൾസെൽ അനീമിയ ബാധിതരായ കുട്ടികൾക്കും മാതാപിതാക്കൾക്കും ഹെൽത്ത് ക്യാമ്പയിൻ നൽകുന്നതിനായി 12 ലക്ഷം രൂപ അനുവദിച്ചു.
- കണ്ണൂർ ജില്ലയിൽ ആറളം റീസെറ്റിൽമെന്റ് ഏര്യയിലെ സിക്കിൾസെൽ അനീമിയ ബാധിതരായവർക്കുവേണ്ടി മൊബൈൽ മെഡിക്കൽ യൂണിറ്റ് തുടങ്ങുന്നതിനായി 32.68 ലക്ഷം രൂപ അനുവദിച്ചു.
- എം.ആർ.എസ്സുകളിലെയും ഹോസ്റ്റലുകളിലെയും വിദ്യാർത്ഥികളുടെ കലാപരവും കായികപരവുമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിന് "സർഗ്ഗോത്സവം" എന്ന പേരിൽ സംസ്ഥാനതല യൂത്ത് ഫെസ്റ്റിവലും "കളിക്കളം" എന്ന പേരിൽ സംസ്ഥാനതല കായികമേളയും "ഗദ്ദിക" എന്ന പേരിൽ ഗോത്രവർഗ്ഗ നാടൻ കലാമേളയും പ്രദർശന വിൽപ്പനമേളയും സംഘടിപ്പിച്ചു.

(സി) പട്ടികവർഗ്ഗക്കാർക്ക് സ്വന്തമായി ഭൂമിയും വീടും ഉറപ്പാക്കുന്നതിന് ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.

ഭൂരഹിതരും ഭവനരഹിതരുമായ പട്ടികവർഗ്ഗക്കാരുടെ വിശദാംശങ്ങൾ കാലാകാലങ്ങളിൽ പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ജില്ലാ ഓഫീസുകൾ മുഖേന ശേഖരിക്കുകയും അർഹരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ഭൂമിയും വീടും നൽകുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് "ഭൂമി വാങ്ങി നൽകൽ പദ്ധതി" ആദിവാസി പുനരധിവാസ വികസന മിഷൻ, വനാവകാശ നിയമം തുടങ്ങിയ പദ്ധതികൾ പ്രകാരം നടപ്പിലാക്കിവരുന്നു. ഈ സർക്കാരിന്റെ കാലത്ത് ഭൂരഹിതരായ 174 പട്ടികവർഗ്ഗക്കാർക്ക് 13,37,64,389 രൂപ ചെലവഴിച്ച് 81.983 ഏക്കർ ഭൂമി നാളിതുവരെയായി വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.

വനാവകാശ നിയമപ്രകാരം നടപടിക്രമം പൂർത്തീകരിച്ചു വരുന്ന 5075 അപേക്ഷകർക്ക് ആർ.ഒ.ആർ. (Record of Register) നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ വിട്ടുകിട്ടിയതിൽ വിതരണ യോഗ്യമായി കണ്ടെത്തിയിട്ടുള്ള 7149 ഏക്കർ ഭൂമി 4000 പേർക്ക് വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചുവരുന്നു.

ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ജനറൽ ഹൗസിംഗ് പദ്ധതി, എ.റ്റി.എസ്.പി. ഭവന പദ്ധതി, ഹഡ്കോ ഭവന പദ്ധതി എന്നിവയിലുൾപ്പെടുത്തി വീടുകൾ അനുവദിച്ചുവരുന്നു. ഇതുകൂടാതെ 2016-17 സാമ്പത്തിക വർഷം വനബന്ധു കല്യാൺ യോജന പദ്ധതിയിൽ ഉൾപ്പെടുത്തിയും സംസ്ഥനത്തെ ഭവനരഹിതരായ പട്ടിക വർഗ്ഗക്കാർക്ക് വീട് അനുവദിച്ചിട്ടുണ്ട്. ഗ്രാമ വികസന വകുപ്പ് മുഖേന ഐ.എ.വൈ./പി.എം.വൈ.എ. പദ്ധതി പ്രകാരവും പട്ടികവർഗ്ഗക്കാർക്ക് വീടുകൾ ലഭ്യമാക്കുന്നുണ്ട്. ഈ സർക്കാരിന്റെ ഭരണകാലത്ത് ജനറൽ ഹൗസിംഗ് പദ്ധതിയിൽ ഉൾപ്പെടുത്തി 1875 വീടുകളും വനബന്ധു കല്യാൺ യോജന പദ്ധതി പ്രകാരം 1854 വീടുകളും ഹഡ്കോ ഭവന നിർമ്മാണ പദ്ധതി പ്രകാരം 2980 വീടുകളും ഉൾപ്പെടെ ആകെ 6709 വീടുകൾ അനുവദിച്ചിട്ടുണ്ട്.

(ഡി) പട്ടികവർഗ്ഗ സങ്കേതങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് ഹാംലെറ്റ് ഡെവലപ്മെന്റ് പദ്ധതി നടപ്പിലാക്കി വരുന്നു.

ഇതിൻപ്രകാരം 2016-17 വർഷത്തെ ഹാംലെറ്റ് ഡെവലപ്മെന്റ് പദ്ധതി നടപ്പിലാക്കുന്നതിനായി 10 കോളനികളെ തെരഞ്ഞെടുത്തിട്ടുണ്ട്.

**എക്സൈസ് വകുപ്പ് നവീകരണം**

17 (*76) ശ്രീ. കെ. കുഞ്ഞിരാമൻ:

ശ്രീ. ഇ. പി. ജയരാജൻ:

ശ്രീ. കെ. ബാബു:

ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പ് ശക്തിപ്പെടുത്തുന്നതിനും നവീകരിക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) എക്സൈസ് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം കാര്യക്ഷമവും അഴിമതിരഹിതവുമാക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കാമോ;

(സി) ഇതിന്റെ ഭാഗമായി എക്സൈസ് വകുപ്പിൽ വനിതാ ജീവനക്കാർ അടക്കമുള്ള ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ;

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ &ബി) എക്സൈസ് വകുപ്പിലെ എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി 10 വർഷത്തിലധികം പഴക്കമുള്ള വാഹനങ്ങൾ മാറ്റി പുതിയ 6 ബൊലേറോ ജീപ്പുകൾ വാങ്ങി ഫീൽഡ് ആഫീസുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

എക്സൈസ് വകുപ്പിലെ പ്രവർത്തനരഹിതമായിട്ടുള്ള 25 കമ്പ്യൂട്ടറുകൾ മാറ്റി പുതിയ കമ്പ്യൂട്ടറുകൾ വാങ്ങി ഫീൽഡ് ആഫീസുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്. മാനന്തവാടി ജനമൈത്രി എക്സൈസ് സ്ക്വാഡിന്റെ ഉപയോഗത്തിനായി ഒരു പുതിയ ബൊലേറോ ജീപ്പ് വാങ്ങി നൽകിയിട്ടുണ്ട്.

ജില്ലാ അധികാരികളായ 14 ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരുടെ ഉപയോഗത്തിന് 14 പുതിയ വാഹനങ്ങൾ വാങ്ങുവാൻ അനുമതി നൽകിയിട്ടുണ്ട്.

ജോയിന്റ് എക്സൈസ് കമ്മീണർമാരുടെയും ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരുടെയും ഉപയോഗത്തിന് 9 പുതിയ ലാപ്ടോപ്പുകൾ വാങ്ങുവാൻ സർക്കാർ ഭരണാനുമതി നൽകിയിട്ടുണ്ട്.

ഇടുക്കി, മലപ്പുറം ജില്ലകളിലെ ആദിവാസി മേഖലകളിൽ മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ഉപയോഗത്തിനെതിരെ നിരന്തരമായി ബോധവൽക്കരണം നടത്തുന്നതിനും ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനം നടത്തുന്നതിനും ഇടുക്കി ജില്ലയിലെ ദേവികുളത്തും മലപ്പുറം ജില്ലയിലെ നിലമ്പൂരും ഓരോ ജനമൈത്രി എക്സൈസ് സ്ക്വാഡ് ആഫീസുകൾ രൂപീകരിക്കുന്നതിനും ക്രൈം ബ്രാഞ്ച് വിഭാഗം രൂപീകരിക്കുന്നതിനും ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുമുള്ള ശിപാർശകൾ സർക്കാർ പരിശോധിച്ചുവരുന്നു. പുതുതായി രൂപീകരിച്ച താലൂക്കുകളിൽ 6 എണ്ണത്തിൽ സർക്കിൾ ഓഫീസുകൾ അനുവദിക്കുന്നകാര്യം 2017-18 ബജറ്റിൽ സൂചിപ്പിച്ചിട്ടുണ്ട്.

എക്സൈസ് വകുപ്പ് നൽകുന്ന സേവനങ്ങളുടെ ഭാഗമായി സേവനാവകാശ നിയമത്തിലുൾപ്പെട്ട 26 സേവനങ്ങളിൽ 22 എണ്ണം ഓൺലൈനാക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിൽ 16 എണ്ണം പൂർണ്ണമായും ഓൺലൈൻ ആക്കിയിട്ടുണ്ട്. ബാക്കിയുള്ളവ ഓൺലൈൻ ആക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു.

7 എക്സൈസ് ചെക്ക്പോസ്റ്റുകളിൽ നിർമ്മിതി കേന്ദ്രം മുഖേന കണ്ടെയ്നർ മൊഡ്യൂൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

ഇ-സർവ്വീസ്, ഇ-ആഫീസ് സിസ്റ്റം കാര്യക്ഷമമായി നടത്തുന്നതിന് 63 കമ്പ്യൂട്ടർ, 18 ഓൺലൈൻ യു.പി.എസ്. എന്നിവ വാങ്ങി വിവിധ ആഫീസുകൾക്ക് നൽകിയിട്ടുണ്ട്.

എക്സൈസ് ക്രൈം റെക്കോർഡ്സ് ബ്യൂറോയുടെ ഉപയോഗത്തിന് ഒരു വെബ് ബെയ്സ്ഡ് ആപ്ലിക്കേഷൻ സോഫ്റ്റ്‌വെയർ നിർമ്മിക്കുവാൻ ഭരണാനുമതി നൽകിയിട്ടുണ്ട്.

25 എക്സൈസ് ചെക്ക്പോസ്റ്റുകളിൽ അനെർട്ടിന്റെ സഹായത്തോടെ സോളാർ എൽ.ഇ.ഡി. ഹൈമാസ്റ്റ് ലാമ്പ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മുത്തങ്ങ, ചിന്നാർ എന്നീ എക്സൈസ് ചെക്ക്പോസ്റ്റുകളിൽ സോളാർ ലൈറ്റിംഗ് സിസ്റ്റം സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

14 എക്സൈസ് ചെക്ക്പോസ്റ്റുകളിൽ സി.സി.റ്റി.വി. ക്യാമറ സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ തുടർ നടപടികൾ സ്വീകരിച്ചുവരുന്നു.

എക്സൈസ് അക്കാദമി നവീകരിക്കുന്നതിന്റെ ഭാഗമായി 2 കോടി രൂപ ചെലവിൽ നവീകരണ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

(ബി) പരിശോധിച്ചു വരുന്നു.

**ജാമ്യം ലഭിക്കാനുള്ള നിയമവ്യവസ്ഥ**

18 (*77) ശ്രീ. സി. കെ. നാണു:
ശ്രീ. കെ. കൃഷ്ണൻകുട്ടി:

ശ്രീ. കെ. ബി. ഗണേഷ് കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ചില ജില്ലകളിൽ ആദിവാസി വിഭാഗങ്ങൾക്ക് ജാമ്യം ലഭിക്കാൻ ആദിവാസി ഇതര വിഭാഗത്തിന്റെകൂടി കരം അടച്ച രസീത് വേണമെന്ന നിയമ വ്യവസ്ഥ നിലനിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വയനാട് പോലെയുള്ള ജില്ലകളിൽ ഇത്തരം വിചിത്ര നിയമത്തിന്റെ ബലിയാടുകളായി കഴിയുന്ന ആദിവാസി യുവതീയുവാക്കൾക്ക് നിയമസഹായം ലഭ്യമാക്കിയിട്ടുണ്ടോ ;

(സി) വിവേചനപരമായ ഇത്തരം നിയമങ്ങൾ ഒഴിവാക്കുന്നതിനും എല്ലാവർക്കും തുല്യ നീതി ഉറപ്പ് വരുത്തുന്നതിനും നിയമ വകുപ്പ് എന്തൊക്കെ നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ കോടതിയിൽനിന്നും ജാമ്യം ലഭിക്കുന്നതിന് കരം അടച്ച രസീത് വേണമെന്ന നിയമ വ്യവസ്ഥ നിലനിൽക്കുന്നുണ്ട്. പട്ടികവർഗ്ഗക്കാരിൽ പലരുടെയും ഭൂമിക്ക് പട്ടയമില്ല. പകരം കൈവശ രേഖയാണുള്ളത്. വനാവകാശ നിയമ പ്രകാരം ലഭ്യമാകുന്ന ഭൂമിക്കും ആദിവാസി പുനരധിവാസ മിഷൻ മുഖേന നൽകുന്ന ഭൂമിക്കും കൈവശരേഖയാണ് നൽകുന്നത്. ടി രേഖകൾ കോടതി ജാമ്യത്തിനായി സ്വീകരിക്കുകയില്ല. ഈ സാഹചര്യത്തിൽ പട്ടികവർഗ്ഗ വിഭാഗക്കാർ ജാമ്യം ലഭിക്കുന്നതിന് ആദിവാസി ഇതര വിഭാഗക്കാരുടെ കരം അടച്ച രസീതിനെ ആശ്രയിക്കേണ്ടിവരുന്നുണ്ട്. എന്നാൽ ഇതിനെതിരെ പരാതികളോ നിവേദനങ്ങളോ ഇതുവരെ ലഭിച്ചിട്ടില്ല.

(ബി) കേരളത്തിൽ വയനാട് പോലെയുള്ള ജില്ലകളിൽ ആദിവാസി വിഭാഗങ്ങൾക്ക് ജാമ്യം ലഭിക്കുന്നതിന് ആദിവാസി ഇതര വിഭാഗക്കാരുടെ കരം അടച്ച രസീത് നിർബന്ധിതമാക്കുന്ന ഒരു നിയമ വ്യവസ്ഥ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ആയതിനാൽ നിയമസഹായം ലഭ്യമാക്കേണ്ടുന്ന ആവശ്യകത ഉണ്ടായിട്ടില്ല.

(സി) ജാമ്യം അനുവദിക്കുന്നത് സംബന്ധിച്ച ക്രിമിനൽ നടപടി നിയമസംഹിതയിലെ നിലവിലെ വ്യവസ്ഥകളിൽ ആദിവാസി വിഭാഗങ്ങൾക്ക് വിവേചനപരമായ ഒരു വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ മേൽ നടപടികൾ ആവശ്യമായി വരുന്നില്ല.

**ദേശീയ-സംസ്ഥാന പാതയോരങ്ങളിലെ മദ്യശാലകൾ**

19 (*78) ശ്രീ. ബി.ഡി. ദേവസ്സി:
ശ്രീ .എം. രാജഗോപാലൻ:
ശ്രീ. ആന്റണി ജോൺ:
ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ-സംസ്ഥാന പാതയോരങ്ങളിൽനിന്ന് അര കിലോ മീറ്ററിനുള്ളിലുള്ള കള്ളുഷാപ്പുകൾ ഉൾപ്പെടെയുള്ള മദ്യശാലകൾ പൂട്ടണമെന്ന സുപ്രീംകോടതി വിധി സംസ്ഥാനത്തുണ്ടാക്കിയിട്ടുള്ള പ്രശ്നങ്ങൾ അറിയിക്കാമോ;

(ബി) സംസ്ഥാനത്ത് മദ്യനിരോധനം നടപ്പാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ, മദ്യം ഉപയോഗിക്കുന്നവർക്ക് നല്ല മദ്യം ലഭ്യമാക്കാനുള്ള ബാധ്യതയെ ഈ വിധി എങ്ങനെ ബാധിക്കുമെന്ന് പറയാമോ;

(സി) പ്രാബല്യത്തിലുള്ള ഏതെങ്കിലും നിയമത്തിനോ ചട്ടങ്ങൾക്കോ വിരുദ്ധമല്ലാത്ത ഇക്കാര്യത്തിൽ, സർക്കാരിന്റെ നയത്തിനെ അപ്രസക്ത മാക്കുന്നതാണോ വിധിയെന്ന കാര്യം പരിശോധിച്ചിരുന്നോ; സർക്കാരിന്റെ നയങ്ങൾ ഭരണഘടനയ്ക്ക് വിരുദ്ധമല്ലെങ്കിൽ, അത് തള്ളിക്കളയാൻ ജുഡീഷ്യറിക്ക് അധികാരമുണ്ടോ എന്ന കാര്യം അറിയിക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ 31-3-2017-ലെ C.A.No.12164-12166/16-ാം നമ്പർ കേസ്സുകളിലെ വിധിന്യായ പ്രകാരം ദേശീയ/സംസ്ഥാന പാതകളിൽനിന്നും കാണുന്ന തരത്തിലോ, നേരിട്ട് പ്രവേശിക്കുന്ന തരത്തിലോ ദേശീയ/സംസ്ഥാന പാതയോരങ്ങളിൽ നിന്നും 500 മീറ്ററിനുള്ളിലോ ഒരു മദ്യഷാപ്പും 1-4-2017 മുതൽ പ്രവർത്തിക്കുവാൻ പാടില്ലായെന്ന് ഉത്തരവായിട്ടുള്ളതാണ്. കേരള സംസ്ഥാനത്ത് 137 എഫ്.എൽ. 1 (ഫോറിൻ ലിക്കർ റീട്ടയിൽ ഷോപ്പ്) ഷോപ്പുകളും 8 ബാർ ഹോട്ടലുകളും (എഫ്.എൽ.3), 18 ക്ലബ്ബ് ലൈസൻസുകളും (എഫ്.എൽ.4 എ), 9 മിലിട്ടറി ക്യാന്റീൻ ലൈസൻസുകളും (എഫ്.എൽ.8), 532 ബിയർ/വൈൻ പാർലറുകളും (എഫ്.എൽ.11), ഒരു ബിയർ ഔട്ട്‌ലെറ്റ് ലൈസൻസും (എഫ്.എൽ.12), 1092 കള്ളുഷാപ്പുകളും ടി വിധിയുടെ അടിസ്ഥാനത്തിൽ 1-4-2017 മുതൽ തുറന്ന് പ്രവർത്തിക്കുവാൻ കഴിയാത്ത സാഹചര്യം ഉണ്ടായിട്ടുണ്ട്. ഇതിന്റെ ഫലമായി സർക്കാരിന് ഉദ്ദേശ്യം 5,000 കോടി രൂപയുടെ റവന്യൂ വരുമാന നഷ്ടമുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ടി ഉത്തരവ് കേരളത്തിലെ ടൂറിസം മേഖലയിൽ പ്രതികൂലമായി ബാധിക്കാനും തന്മൂലം സർക്കാരിന് ടി മേഖലയിൽ നിന്നുള്ള റവന്യൂ വരുമാനത്തിൽ ഗണ്യമായ കുറവ് ഉണ്ടാകുവാനുമിടയുണ്ട്. സർക്കാരിനുണ്ടാകുന്ന റവന്യൂ നഷ്ടം സർക്കാരിന്റെ വികസന ജനക്ഷേമ പദ്ധതികളെ ദോഷകരമായി ബാധിക്കുന്നതാണ്. അംഗീകൃത മദ്യം ലഭിക്കാതെ വരുമ്പോൾ, മദ്യം ഉപയോഗിക്കുന്നവർ വ്യാജമദ്യമടക്കമുള്ള മറ്റ് ലഹരിവസ്തുക്കൾ ഉപയോഗിക്കുന്ന സാഹചര്യമുണ്ട്. മദ്യ-മയക്കുമരുന്ന് ലോബികൾ ടി അവസരം പ്രയോജനപ്പെടുത്തി നമ്മുടെ രാജ്യത്തെ യുവതലമുറയെ മയക്കുമരുന്നിലേയ്ക്ക് തള്ളിവിടുന്ന അവസ്ഥ സംജാതമാകും. വിദേശമദ്യ റീട്ടെയിൽ

ഷോപ്പുകളും കള്ളുഷാപ്പുകളും മറ്റ് സ്ഥലങ്ങളിലേയ്ക്ക് മാറ്റിസ്ഥാപിക്കുവാൻ കഴിയും എന്നാൽ ബാർ ഹോട്ടലുകളും ബിയർ, വൈൻ പാർലറുകളും മാറ്റി സ്ഥാപിക്കുക അത്ര എളുപ്പമുള്ള കാര്യമല്ല. വിദേശ മദ്യഷാപ്പുകളും കള്ളുഷാപ്പുകളും പുതിയ സ്ഥലത്തേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിന് ശ്രമങ്ങൾ നടത്തിവരുന്നു.

(ബി) മദ്യനിരോധനം നടപ്പാക്കിയിട്ടില്ലാത്ത സാഹചര്യത്തിൽ, മദ്യം ഉപയോഗിക്കുന്നവർക്ക് നല്ല മദ്യം ലഭ്യമാക്കാനുള്ള ബാദ്ധ്യതയെ ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി സാരമായി ബാധിക്കുവാനിടയില്ല. എന്നാൽ ദേശീയ/സംസ്ഥാന പാതകളിൽ നിന്നും കാണുന്ന തരത്തിലോ, നേരിട്ട് പ്രവേശിക്കുന്ന തരത്തിലോ, ദേശീയ/സംസ്ഥാന പാതയോരങ്ങളിൽ നിന്നും 500 മീറ്ററിനുള്ളിലോ മദ്യഷാപ്പുകൾ സ്ഥാപിക്കുവാൻ പാടില്ലായെന്നതിനാൽ ടി പാതയോരങ്ങളിൽ നിന്നും 500 മീറ്റർ ദൂരപരിധി കഴിഞ്ഞുള്ള സ്ഥലം ലഭ്യമാകാത്ത സ്ഥലങ്ങളിലും ബാർ ഹോട്ടലുകൾ, ബിയർ/വൈൻ പാർലറുകൾ എന്നിവ അടഞ്ഞുപോകുന്ന സാഹചര്യത്തിലും പാതയോരങ്ങളിൽ മദ്യലഭ്യത കുറയുന്നത് വ്യാജ മദ്യലോബികൾ മുതലാക്കി വ്യാജമദ്യ വിൽപ്പന നടത്തുന്നതിനുള്ള സാഹചര്യം ഉണ്ടാകുവാനിടയുണ്ട്.

(സി) ബഹുമാനപ്പെട്ട സുപ്രീം കോടതി വിധി നിയമപരമായി പരിശോധിച്ച് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**വനസംരക്ഷണത്തിന് നടപ്പാക്കിയ പദ്ധതികൾ**

20 (*79) ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. പി. ടി. തോമസ് :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വനസംരക്ഷണത്തിനായി എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിയതെന്ന് വിശദീകരിക്കുമോ;

(ബി) ആരുടെയെല്ലാം സഹകരണത്തോടെയാണ് പുതിയ പദ്ധതികൾ നടപ്പാക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) മുൻ സർക്കാർ വനം സംരക്ഷണത്തിന് നടപ്പിലാക്കിയ ഏതെല്ലാം പദ്ധതികളാണ് തുടരുന്നതെന്ന് വിവരിക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) വനസംരക്ഷണത്തിന് ആവിഷ്കരിച്ച് നടപ്പാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. വനം അതിർത്തി സർവ്വേയും വനം സംരക്ഷണവും.
2. നാശോന്മുഖമായ വനപ്രദേശങ്ങളിൽ വൃക്ഷത്തൈകൾ, വച്ചുപിടിപ്പിക്കലും ഔഷധസസ്യ പരിപാലനവും.
3. തോട്ടങ്ങളുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കൽ.
4. അടിസ്ഥാന സൗകര്യ വികസനം
5. ജൈവവൈവിദ്ധ്യ സംരക്ഷണവും സംരക്ഷിത പ്രദേശ പരിപാലനവും.
6. പരിസ്ഥിതി വികസന പരിപാടി.
7. ദേശീയ വനവൽക്കരണ പരിപാടി - ഹരിത ഇന്ത്യക്കായുള്ള ദേശീയ ദൗത്യം.
8. സംയോജിത വനസംരക്ഷണ പദ്ധതി.
9. പരിസ്ഥിതി വിനോദസഞ്ചാരം.
10. മാനവശേഷി വികസനം.
11. വിഭവ ആസൂത്രണവും ഗവേഷണവും.
12. വനപരിപാലന വിവര സമ്പ്രദായവും ഭൗമ വിവര സാങ്കേതിക സംവിധാനവും.
13. എക്സ്റ്റൻഷൻ, കമ്മ്യൂണിറ്റി ഫോറസ്ട്രി, ആഗ്രോ ഫോറസ്ട്രി.
14. ഗ്രാമീണ അടിസ്ഥാന വികസന ഫണ്ടുപയോഗിച്ചുള്ള പദ്ധതികൾ.
15. മനുഷ്യനും വന്യമൃഗങ്ങളും തമ്മിലുള്ള സംഘർഷങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ
16. നീലഗിരി ബയോസ്ഫിയർ റിസർവ് പദ്ധതി.
17. പ്രോജക്ട് എലിഫെന്റ് പദ്ധതി.
18. അഗസ്ത്യമല ബയോസ്ഫിയർ റിസർവ് പദ്ധതി.

19. നീർത്തടഭൂമി സംരക്ഷണ പദ്ധതി.

20. വയനാട് വന്യജീവി സങ്കേതത്തിലെ ആവാസവ്യവസ്ഥയുടെ സംയോജിത വികസനം - വനത്തിനുള്ളിലെ കോളനികളിൽനിന്നും സ്വയം സന്നദ്ധതാ ഒഴിഞ്ഞുപോകൽ പദ്ധതി.

(ബി) സംസ്ഥാന സർക്കാർ ബജറ്റ്, കേന്ദ്രാവിഷ്കൃത പദ്ധതി വിഹിതം എന്നിവയ്ക്കുപുറമേ കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് (കെ.ഐ.ഐ.എഫ്.ബി.), നബാർഡ് തുടങ്ങിയവയുടെ സഹായത്തോടുകൂടി പുതിയ പദ്ധതികൾ നടപ്പാക്കിവരുന്നു.

(സി) വനസംരക്ഷണ പ്രവർത്തനങ്ങൾ എല്ലാംതന്നെ തുടർ പദ്ധതികളായതിനാൽ മുൻസർക്കാർ നടപ്പിലാക്കിയ എല്ലാ പദ്ധതികളും തുടരുന്നുണ്ട്. എന്നാൽ പദ്ധതി നിർവ്വഹണത്തിൽ ജനപ്രതിനിധികൾ, തദ്ദേശ ഭരണസ്ഥാപനങ്ങൾ, വനാശ്രിതസമൂഹം എന്നിവയുടെ പങ്കാളിത്തം ഉറപ്പുവരുത്തി പദ്ധതികൾ കൂടുതൽ ഫലപ്രദമായി നടപ്പാക്കിവരുന്നു.

**പ്ലാസ്റ്റിക് മാലിന്യങ്ങൾ മത്സ്യസമ്പത്തിനുണ്ടാക്കുന്ന നാശം**

21 (*80) <u>ഡോ. എം. കെ. മുനീർ :</u>
<u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :</u>
<u>ശ്രീ. കെ. എം. ഷാജി :</u>
<u>ശ്രീ. പി. കെ .അബ്ദു റബ്ബ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ തീരക്കടലിൽ ഒഴുകിയെത്തുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ മത്സ്യസമ്പത്തിന് ഉണ്ടാക്കുന്ന നാശനഷ്ടങ്ങളെക്കുറിച്ച് സർക്കാർ തലത്തിൽ പഠനമെന്തെങ്കിലും നടന്നിട്ടുണ്ടെങ്കിൽ വിശദമാക്കുമോ;

(ബി) പ്ലാസ്റ്റിക് വിഷം മത്സ്യങ്ങളിലൂടെ മനുഷ്യരിൽ കടന്നുകൂടി മാരക രോഗങ്ങൾക്കിടയാക്കുന്നുണ്ടെന്ന കൊച്ചിൻ യൂണിവേഴ്സിറ്റി സ്കൂൾ ഓഫ് മറൈൻ സയൻസ് നടത്തിയ പഠനങ്ങളിലെ കണ്ടെത്തൽ പരിശോധിച്ചിട്ടുണ്ടോ;

(സി) എങ്കിൽ തീരക്കടലിലെ പ്ലാസ്റ്റിക് നിക്ഷേപം കുറച്ചുകൊണ്ടുവരാനും, നീക്കം ചെയ്യാവുന്നവ നീക്കം ചെയ്യാനും ഫിഷറീസ് വകുപ്പ് പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) ഇല്ല.

(ബി) പരിശോധിച്ചിട്ടില്ല.

(സി) തീരപ്രദേശത്തെ/തീരക്കടലിലെ പ്ലാസ്റ്റിക് നിക്ഷേപം കുറച്ചു കൊണ്ടുവരുന്നതിനും സംസ്കരണത്തിനും മികച്ച ശുചിത്വബോധം, ശീലം എന്നിവ പ്രദാനം ചെയ്യുക എന്നീ ലക്ഷ്യങ്ങളുമായി ശുചിത്വതീരം എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നുണ്ട്. തദ്ദേശ ഭരണ സ്ഥാപനങ്ങളുടെയും ശുചിത്വ മിഷന്റെയും സഹകരണത്തോടും പങ്കാളിത്തത്തോടെയുമാണ് 'ശുചിത്വതീരം' പദ്ധതി നടപ്പാക്കുന്നത്. പദ്ധതിയുടെ ഭാഗമായി വൃത്തിയുള്ളതും ഉപയോഗക്ഷമവുമായ ടോയ്‌ലെറ്റ് സൗകര്യം ഒരുക്കുന്നതിനും കടൽത്തീരം വൃത്തിയാക്കി നിലനിർത്തുന്നതിനും ആവശ്യമായ ഡസ്റ്റ് ബിന്നുകൾ സ്ഥാപിക്കുന്നതിനും അതിലൂടെ ശേഖരിക്കുന്ന ഖരമാലിന്യങ്ങളെ ജൈവ-അജൈവങ്ങളായി തരംതിരിക്കുകയും അജൈവ മാലിന്യങ്ങളിൽ വിശിഷ്യാ പ്ലാസ്റ്റിക് മാലിന്യങ്ങൾ തരംതിരിച്ച് റോഡ് നിർമ്മാണത്തിന് പ്രയോജനപ്പെടുത്തുന്നതിനുമാണ് ഉദ്ദേശിക്കുന്നത്.

പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി ബോധവൽക്കരണ പരിപാടികളും നടത്തിവരുന്നു. ശുചിത്വമിഷനും തദ്ദേശഭരണ സ്ഥാപനങ്ങളും കണ്ടെത്തിയിട്ടുള്ള ഏജൻസികൾ മുഖാന്തിരമാണ് പദ്ധതിയിലൂടെ ശേഖരിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ സംസ്കരിക്കുന്നത്. ജനകീയ പങ്കാളിത്തം ഉറപ്പാക്കുന്നതിനായി മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ, വനിതാസ്വയംസഹായ സംഘങ്ങൾ, എൻ.ജി.ഒ.-കൾ, കമ്മ്യൂണിറ്റി ഒർഗനൈസേഷനുകൾ, ബാങ്കുകൾ, സ്കൂളുകൾ, സ്വകാര്യ സ്ഥാപനങ്ങൾ, പൊതുജനങ്ങൾ എന്നിവരുടെ പൂർണ്ണ സഹായ സഹകരണത്തോടെയാണ് പദ്ധതി നടപ്പാക്കുന്നത്.

**കാട്ടുതീമൂലമുള്ള വനനശീകരണം**

22 (*81) ശ്രീ. ചിറ്റയം ഗോപകുമാർ:

ശ്രീ. ഇ.ടി. ടൈസൺ മാസ്റ്റർ:

ശ്രീ. കെ. രാജൻ:

ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാട്ടുതീമൂലം കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ എത്ര വനമേഖല കത്തിനശിച്ചുവെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) ജനവാസകേന്ദ്രങ്ങൾക്ക് സമീപമുള്ള വനമേഖലയിലാണ് കാട്ടുതീ ഉണ്ടാകുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മനുഷ്യരുടെ പ്രവൃത്തികൾ ഇതിന് എത്രത്തോളം കാരണമാകുന്നുണ്ട് എന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) അടിക്കാട് കത്തിനശിക്കുമ്പോൾ മണ്ണിന്റെ ജലസംഭരണശേഷി നഷ്ടപ്പെടുമെന്നും കാട്ടുതീ കാരണം ജലദൗർലഭ്യം രൂക്ഷമാകുമെന്നും ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വ്യക്തമാക്കാമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) 1-4-2016 മുതൽ 31-3-2017 വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് 3180.18 ഹെക്ടർ വനമേഖലയിൽ കാട്ടുതീ ബാധിച്ചിട്ടുണ്ട്. ഓരോ സർക്കിളിലും ബാധിച്ച കാട്ടുതീയുടെ വിശദവിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | സർക്കിൾ | വിസ്തൃതി(ഹെക്ടർ) |
|---|---|---|
| 1 | സതേൺ സർക്കിൾ, കൊല്ലം | 429.96 |
| 2 | ഹൈറേഞ്ച് സർക്കിൾ, കോട്ടയം | 704.48 |
| 3 | സെൻട്രൽ സർക്കിൾ, തൃശ്ശൂർ | 593.20 |
| 4 | ഈസ്റ്റേൺ സർക്കിൾ, പാലക്കാട് | 528.25 |
| 5 | നോർത്തേൺ സർക്കിൾ, കണ്ണൂർ | 282.02 |
| 6 | അഗസ്ത്യവനം ബയോളജിക്കൽ പാർക്ക്, തിരുവനന്തപുരം | 30.31 |
| 7 | ഫീൽഡ് ഡയറക്ടർ (പ്രൊജക്ട് ടൈഗർ), കോട്ടയം | 423.72 |
| 8 | വൈൽഡ് ലൈഫ്, പാലക്കാട് | 188.24 |
| | ആകെ | 3180.18 |

(ബി) ജനവാസകേന്ദ്രങ്ങൾക്ക് സമീപമുള്ള വനമേഖലയിലും മറ്റ് വനമേഖലകളിലും കാട്ടുതീ ഉണ്ടാകാറുണ്ട്. മനുഷ്യരുടെ പ്രവൃത്തികൾ കാട്ടുതീ ഉണ്ടാകുന്നതിന് ഒരു പ്രധാന കാരണമായി തീരാറുണ്ട്. തീയുമായി ബന്ധപ്പെട്ട കാര്യങ്ങൾ അശ്രദ്ധയോടുകൂടി മനുഷ്യർ കൈകാര്യം ചെയ്യുന്നത് കാട്ടുതീ ഉണ്ടാകുന്നതിന് ഒരു പ്രധാന കാരണമാകുന്നു.

(സി) വനമേഖലയിൽ കാട്ടുതീ ബാധിക്കുന്നതിലൂടെ ഉണ്ടാകുന്ന വിപത്തുകളായ ജൈവവൈവിദ്ധ്യശോഷണം, മണ്ണിന്റെ ഘടനയിലുണ്ടാകുന്ന മാറ്റങ്ങൾ, ജലസംഭരണശേഷി നഷ്ടപ്പെടൽ, ജലദൗർലഭ്യം രൂക്ഷമാകൽ തുടങ്ങിയവയെക്കുറിച്ച് ജനങ്ങളെ ബോധവാന്മാരാക്കുന്നതിന് വിവിധ വന ഡിവിഷനുകളിലായി 400-ഓളം ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുമുണ്ട്.

കൂടാതെ വാഹനങ്ങളിലെ യാത്രക്കാർക്കും പൊതുജനങ്ങൾക്കും കാട്ടുതീ പ്രതിരോധത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് ബോധവൽക്കരണം നടത്തുന്നതിന്റെ ഭാഗമായി ലഘുലേഖകൾ വിതരണം ചെയ്യുന്നു.

കാട്ടുതീ സാദ്ധ്യതയേറിയ വനമേഖലകൾ കേന്ദ്രീകരിച്ച് റാലികളും തെരുവ് നാടകങ്ങളും പരിസ്ഥിതി മാജിക്കും ഉൾപ്പെടെയുള്ള ബോധവൽക്കരണ പരിപാടികൾ സംഘടിപ്പിച്ചിട്ടുണ്ട്.

പ്രാദേശിക ടെലിവിഷൻ ചാനലിലൂടെയും സിനിമാ തീയേറ്ററുകളിലൂടെയും കാട്ടുതീ പ്രതിരോധ സന്ദേശം പ്രചരിപ്പിക്കുന്നതിലേയ്ക്കുള്ള ഹ്രസ്വചിത്രം ഉൾപ്പെടെയുള്ള ബോധവൽക്കരണപരിപാടികൾ വനംവകുപ്പ് നടത്തിവരുന്നു.

**പട്ടികജാതി സങ്കേതങ്ങളിൽ ആധുനിക സൗകര്യങ്ങളൊരുക്കാൻ പദ്ധതി**

23 (*82) ശ്രീ. പി. ടി. തോമസ്:
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി സങ്കേതങ്ങളിൽ ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്താൻ എന്തെല്ലാം കർമ്മപദ്ധതികളാണ് ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) എന്തെല്ലാം പദ്ധതികളാണ് ഇതിനായി നടപ്പാക്കിവരുന്നതെന്ന് വിശദീകരിക്കുമോ;

(സി) പ്രസ്തുത സങ്കേതങ്ങളിൽ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ലഭിക്കുന്നത്;

(ഡി) ഇതിനായി എത്ര കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ):

(എ) സങ്കേതങ്ങളുടെ സമഗ്ര വികസനത്തിനായി 2016-17-ൽ അംബേദ്കർ ഗ്രാമ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പട്ടികജാതി സങ്കേതങ്ങളിൽ ആധുനിക സൗകര്യങ്ങളേർപ്പെടുത്തുന്നതിന് താഴെപ്പറയുന്ന പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

1. കോളനിക്കുള്ള റോഡ്/നടപ്പാത
2. ആശയ വിനിമയ സംവിധാനം
3. കുടിവെള്ള പദ്ധതി
4. ഡ്രെയിനേജ് സംവിധാനം
5. വൈദ്യുതീകരണം/സോളാർ സിസ്റ്റം
6. സോളാർ തെരുവ് വിളക്ക്
7. സാനിട്ടേഷൻ
8. വീട് പുനരുദ്ധാരണം
9. വേസ്റ്റ് മാനേജ്മെന്റ്
10. പൊതുസൗകര്യം മെച്ചപ്പെടുത്തൽ, കളിസ്ഥലം മുതലായവ
11. സംരക്ഷണ ഭിത്തി നിർമ്മാണം.
12. ജലസേചന സൗകര്യം
13. വനിതകൾക്ക് വരുമാനദായക പദ്ധതികൾ (മൃഗസംരക്ഷണം, കൃഷി, നെയ്ത്ത്, തയ്യൽ തുടങ്ങിയവ)

(ബി) അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെട്ട സങ്കേതങ്ങളിൽ ആവശ്യാനുസരണം മേൽപ്പറഞ്ഞ അടിസ്ഥാനസൗകര്യ വികസന പ്രവൃത്തികളിൽ ആവശ്യമായവ നടപ്പാക്കുന്നതാണ്.

(സി) പ്രസ്തുത സങ്കേതങ്ങളിൽ താഴെപ്പറയുന്ന അടിസ്ഥാന സൗകര്യങ്ങൾ ലഭിക്കുന്നതാണ്.

1. കോളനിക്കുള്ളിലുള്ള റോഡ്/നടപ്പാത
2. കുടിവെള്ള പദ്ധതി
3. ഡ്രെയിനേജ് സംവിധാനം
4. വൈദ്യുതീകരണം/സോളാർ സിസ്റ്റം
5. വീട് പുനരുദ്ധാരണം
6. പൊതുസൗകര്യം മെച്ചപ്പെടുത്തൽ, കളിസ്ഥലം മുതലായവ
7. സംരക്ഷണ ഭിത്തി നിർമ്മാണം.
8. ജലസേചന സൗകര്യം
9. വേസ്റ്റ് മാനേജ്മെന്റ്

(ഡി) ആദ്യഘട്ടമായി 2017-18 വർഷം 30 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**പാലിന്റെ ഗുണനിലവാരം**

24 (*83) <u>ശ്രീമതി വീണാ ജോർജ്ജ്:</u>
<u>ശ്രീ. ജെയിംസ് മാത്യു:</u>
<u>ശ്രീ. പി. ടി. എ. റഹീം:</u>
<u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് കൊണ്ടുവരുന്ന പാലിനോടൊപ്പം, സംസ്ഥാനത്തുൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്ന പാലും ഗുണനിലവാര പരിശോധനയിൽ നിശ്ചിത ഗുണമേന്മ പുലർത്തുന്നവയല്ലെന്ന് കണ്ടെത്തിയ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൈകാര്യം ചെയ്യുന്നതിലെ അപാകതയും ശീതീകരണ സംവിധാനത്തിന്റെ പോരായ്മയുമാണ് ഗുണനിലവാരം ഇല്ലാതാക്കുന്ന മുഖ്യഘടകങ്ങളെന്നതിനാൽ ഇത് പരിഹരിക്കുന്നതിന് കർഷകർക്ക്

യന്ത്രവൽക്കരണത്തിനും ക്ഷീര സഹകരണ സംഘങ്ങൾക്ക് ശീതീകരണത്തിനും വേണ്ട സഹായ പദ്ധതികൾ നടപ്പിലാക്കുമോ;

(സി) ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങൾക്കനുസരിച്ച് പാൽ കൈകാര്യം ചെയ്യുന്ന സ്ഥാപനങ്ങളും പരിസരവും സജ്ജീകരിക്കാൻ പ്രസ്തുത മേഖലയിലെ സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽ നിന്നുകൊണ്ടുവരുന്ന പാലിനോടൊപ്പം സംസ്ഥാനത്തുൽപ്പാദിപ്പിച്ച് വിതരണം ചെയ്യുന്ന ചില ഉൽപ്പാദകരുടെ പാലും നിശ്ചിത ഗുണമേന്മ പുലർത്തുന്നവയല്ലെന്ന് കണ്ടെത്തിയിട്ടുണ്ട്.

(ബി) നടപ്പിലാക്കിവരുന്നു. സംഘങ്ങളിൽ ക്ഷീര വികസന വകുപ്പും മിൽമയും ശീതീകരണ സംവിധാനം ഏർപ്പെടുത്തുന്നതിന് പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ യന്ത്രവൽക്കരണത്തിനും ആധുനിക വൽക്കരണത്തിനും ഡെയറി ഫാമുകൾക്ക് ധനസഹായം നൽകിവരുന്നു. മിൽമയുടെ മേഖല യൂണിയനുകൾ കർഷകർക്ക് ക്ലീൻ മിൽക്ക് പ്രൊഡക്ഷൻ നടത്തുന്നതുമായി ബന്ധപ്പെട്ട് ബോധവൽക്കരണ ക്ലാസ്സുകൾ സംഘടിപ്പിച്ചുവരുന്നുണ്ട്. ഇതിൽ പശുവിന്റെ ആരോഗ്യം സംരക്ഷിക്കുന്നത് മുതൽ വൃത്തിയായ ചുറ്റുപാടിൽ പാൽ കറന്ന് എത്രയും വേഗത്തിൽ സംഘത്തിൽ എത്തിക്കുന്നതുവരെയുള്ള കാര്യങ്ങളെപ്പറ്റി അവബോധം വരുത്തുന്നുണ്ട്. ഇപ്രകാരം സംഘങ്ങളിൽ എത്തിക്കുന്ന പാൽ വൃത്തിയായി സംഭരിച്ച് ഉടനടി ശീതീകരിക്കുന്നതിനുവേണ്ടി ബൾക്ക് മിൽക്ക് കൂളറുകൾ മിക്ക സംഘങ്ങളിലും സ്ഥാപിച്ചിട്ടുണ്ട്. സംഭരണം കുറഞ്ഞ സംഘങ്ങൾക്കുവേണ്ടി ബൾക്ക് മിൽക്ക് കൂളറുകൾ ക്ലസ്റ്റർ സൊസൈറ്റികളിലും സ്ഥാപിച്ചിട്ടുണ്ട്. ഈ സംവിധാനം പാലിന്റെ ഗുണനിലവാരം നിലനിർത്തുന്നതിന് സഹായകരമായിട്ടുണ്ട്. സംഘങ്ങളിൽ ബൾക്ക് മിൽക്ക് കൂളറുകൾ, ആട്ടോമാറ്റിക് മിൽക്ക് കളക്ഷൻ യൂണിറ്റുകൾ തുടങ്ങിയവ സ്ഥാപിക്കുന്നതിനുള്ള ധനസഹായങ്ങളും മേഖല യൂണിയനുകൾ നൽകിവരുന്നു.

(സി) ധനസഹായം നൽകുന്നുണ്ട്. ക്ഷീര സഹകരണ സംഘങ്ങളിൽ ഭക്ഷ്യ സുരക്ഷാ മാനദണ്ഡങ്ങൾ അനുസരിച്ച് പാൽ കൈകാര്യം ചെയ്യുന്ന സ്ഥലം സജ്ജീകരിക്കുന്നതിന് ധനസഹായം നൽകി വരുന്നു.

**വനസംരക്ഷണം**

25 (*85) ശ്രീ. കെ.സുരേഷ് കുറുപ്പ്:
ശ്രീ. സി. കെ. ശശീന്ദ്രൻ:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്വാഭാവിക വനങ്ങളുടെ സംരക്ഷണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) വനാതിർത്തികൾ കൃത്യമായി സർവ്വേ ചെയ്യുന്നതിനും ജണ്ടകൾ കെട്ടി വേർതിരിക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) നിലവിൽ കടുത്ത വരൾച്ച അനുഭവപ്പെട്ടുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ കാട്ടുതീ പ്രതിരോധിക്കുന്നതിനുള്ള മുൻകരുതൽ നടപടികൾ സ്വീകരിക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു):

(എ) വനംവകുപ്പ് സംസ്ഥാനത്തെ വനം കൊള്ളയും കയ്യേറ്റശ്രമങ്ങളും യഥാസമയം കണ്ടെത്തുകയും അവ തടയുകയും കുറ്റക്കാർക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. വനഭൂമിയുടെ സംരക്ഷണത്തിനായി വനാതിർത്തി നിർണ്ണയിച്ച് സ്ഥിരം ജണ്ട കെട്ടിയും കയ്യാല സ്ഥാപിച്ചും വനം കയ്യേറ്റത്തിന് സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ നിരന്തരം പട്രോളിംഗ് നടത്തിയും ജനപങ്കാളിത്ത പ്രവർത്തനങ്ങളിലൂടെ വനസംരക്ഷണം നടത്തുന്നു. കാട്ടുതീമൂലം സ്വാഭാവിക വനങ്ങൾ നശിക്കാതിരിക്കാൻ ഫയർ ലൈനുകൾ നിർമ്മിക്കുകയും ഫയർ വാച്ചർമാരെ നിയോഗിക്കുകയും ചെയ്യുന്നുണ്ട്.

(ബി) സ്വീകരിച്ചിട്ടുണ്ട്. ജണ്ട കെട്ടി വേർതിരിക്കാൻ അവശേഷിക്കുന്ന വനാതിർത്തികളിൽ സ്ഥാപിക്കേണ്ട ജണ്ടകളുടെ എണ്ണം, ജണ്ട സ്ഥാപിക്കേണ്ട സ്ഥലം എന്നീ വിവരങ്ങൾ റേഞ്ച്/ഡിവിഷൻ തലങ്ങളിൽ നിർണ്ണയിച്ച് ആയത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) കാട്ടുതീ വ്യാപനം തടയുന്നതിന് ആവശ്യമായ മുൻകരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഓരോ ഡിവിഷൻ തലത്തിലും കാട്ടുതീ ഫലപ്രദമായി നേരിടാനുള്ള പ്രവൃത്തികൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഫയർ മാനേജ്മെന്റ് പ്ലാനുകൾ തയ്യാറാക്കുകയും സർക്കിൾ തലവന്മാർ ഇവ പരിശോധിച്ച് അംഗീകരിക്കുകയും അതനുസരിച്ച് കാട്ടുതീയുടെ വ്യാപനം തടയുന്നതിന് നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

**മിന്നൽ പണിമുടക്കുകൾ**

26 (*86) ശ്രീ. പി. ഉബൈദുള്ള :
ശ്രീ. അബ്ദുൽ ഹമീദ്. പി. :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :

ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രതിഷേധിക്കാനും പണിമുടക്കാനുമുള്ള അവകാശം സംബന്ധിച്ച് സർക്കാരിന്റെ നയം വിശദമാക്കുമോ;

(ബി) മിന്നൽ പണിമുടക്കുകൾക്കെതിരെ നടപടിയെടുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) സംഘടിത പ്രതിഷേധം, പണിമുടക്ക് എന്നിവ സഞ്ചാര സ്വാതന്ത്ര്യമുൾപ്പെടെയുള്ള വ്യക്തി സ്വാതന്ത്ര്യങ്ങൾ ക്രൂരമായി ഹനിക്കുന്ന സാഹചര്യത്തിൽ സർക്കാരിന്റെ സമീപനം വ്യക്തമാക്കുമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) വ്യവസായ തൊഴിൽ തർക്ക നിയമ പ്രകാരം മുൻകൂർ നോട്ടീസ് നൽകി പ്രതിഷേധിക്കുന്നതിനും പണിമുടക്കുന്നതിനുമുള്ള അവകാശം നിലവിലുണ്ട്. 1947-ലെ തൊഴിൽ തർക്ക നിയമത്തിലെ വ്യവസ്ഥകൾക്ക് വിധേയമായി അവകാശങ്ങൾ സംരക്ഷിക്കുന്നതാണ് സർക്കാരിന്റെ നയം.

(ബി) അനാവശ്യമായ മിന്നൽ പണിമുടക്കുകൾക്കെതിരെ നിലവിലുള്ള നിയമവ്യവസ്ഥകൾക്ക് വിധേയമായി സ്വീകരിക്കേണ്ട നടപടിയെ സംബന്ധിച്ച് സർക്കാർ ഗൗരവമായി ആലോചിക്കുന്നുണ്ട്.

(സി) സഞ്ചാര സ്വാതന്ത്ര്യവും വ്യക്തി സ്വാതന്ത്ര്യവും ഉൾപ്പെടെയുള്ളവ ഹനിക്കുന്നതിനെ സർക്കാർ അനുകൂലിക്കുന്നില്ല. എന്നാൽ രാജ്യത്ത് നിലവിലുള്ള നിയമവ്യവസ്ഥിതിക്ക് വിധേയമായി പണിമുടക്കുന്നതിനും പ്രതിഷേധിക്കുന്നതിനുമുള്ള ഭരണഘടനയിലധിഷ്ഠിതമായ ന്യായമായ അവകാശങ്ങളെ സംരക്ഷിക്കാൻ സർക്കാർ പ്രതിജ്ഞാബദ്ധമാണ്.

## ഉൾനാടൻ ജലാശയങ്ങളിലെ മത്സ്യസമ്പത്ത്

27 (*87) ശ്രീ. സി. എഫ്. തോമസ്:
ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. മോൻസ് ജോസഫ്:

ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ ജലാശയങ്ങളിലെ വംശനാശം സംഭവിച്ചുകൊണ്ടിരിക്കുന്ന മത്സ്യസമ്പത്ത് സംരക്ഷിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ പദ്ധതികൾ എന്തൊക്കെയെന്ന് വിശദീകരിക്കുമോ;

(സി) കേരളത്തിലെ മത്സ്യസമ്പത്ത് സംരക്ഷിക്കുവാൻ കേന്ദ്ര ഗവൺമെന്റുമായി ചേർന്ന് എന്തെങ്കിലും പദ്ധതികൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ഉണ്ടെങ്കിൽ ഈ പദ്ധതികൾ ഏതൊക്കെയെന്ന് വിശദീകരിക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ&ബി) ഉണ്ട്. ഉൾനാടൻ ജലാശയങ്ങളിൽ വംശനാശം സംഭവിച്ചു കൊണ്ടിരിക്കുന്ന തനത് മത്സ്യങ്ങളായ കാരി, മുഷി, അനബാസ്, ആറ്റുവാള, മഞ്ഞക്കൂരി, ഞുളി, വരാൽ എന്നിവയുടെ കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കുന്നതിന് വിവിധ സർക്കാർ ഹാച്ചറികളിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഉണ്ട്.

(ഡി) വരാൽ, നാടൻമുഷി, കാരി, സ്പോട്ടഡ് സ്കാറ്റ് തുടങ്ങിയ മത്സ്യങ്ങളുടെ സംരക്ഷണവും വ്യാപനവുമായി ബന്ധപ്പെട്ട് ഏഴോളം പ്രൊപ്പോസലുകൾ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ട്.

## തൊഴിൽ നഷ്ടപ്പെട്ട മദ്യവിൽപ്പനത്തൊഴിലാളികൾ

28 (*88) ശ്രീ. സി. കൃഷ്ണൻ:
ശ്രീ. എസ്.ശർമ്മ:
ശ്രീ. കെ. ദാസൻ:
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭരണഘടനാപരമായി സംസ്ഥാന വിഷയമായ മദ്യവില്പന, സംസ്ഥാന നയത്തിന് വിരുദ്ധമായി ഭാഗികമായി നിരോധിച്ചുകൊണ്ട് കള്ള് ചെത്ത്, വില്പന, ബിയർ - വൈൻ പാർലർ, മറ്റ് മദ്യശാലകൾ എന്നീ മേഖലകളിൽ തൊഴിൽ നഷ്ടപ്പെട്ട മുപ്പതിനായിരത്തിലധികം വരുന്ന തൊഴിലാളികളെ പുനരധിവസിപ്പിക്കാനോ നഷ്ടപരിഹാരം നൽകാനോ സാധ്യമാകുമോ;

(ബി) കേന്ദ്ര സർക്കാർ ഇക്കാര്യത്തിൽ സ്വീകരിച്ച നിലപാടിന്റെ അടിസ്ഥാനത്തിൽ തൊഴിലാളികളെ പുനരധിവസിപ്പിക്കാനോ നഷ്ടപരിഹാരം നൽകാനോ കേന്ദ്രം എന്തെങ്കിലും സഹായം നൽകിയിട്ടുണ്ടോ;

(സി) മുൻ സർക്കാർ ബാർ നിരോധിച്ചപ്പോൾ, തൊഴിലാളികളെ പുനരധിവസിപ്പിക്കാനെന്ന പേരിൽ മദ്യത്തിനുമേൽ സെസ് ചുമത്തി ആ സർക്കാരിന്റെ കാലയളവിൽ പിരിച്ചെടുത്തതും, എന്നാൽ തൊഴിലാളികളുടെ പുനരധിവാസത്തിനോ നഷ്ടപരിഹാരത്തിനോ ആയി ചെലവഴിക്കാത്തതുമായ 500 കോടിയിലധികം വരുന്ന തുക തൊഴിൽ നഷ്ടപ്പെട്ടവരുടെ താൽക്കാലികാശ്വാസത്തിനായി വിനിയോഗിക്കാൻ സാധിക്കുമോ;

(ഡി) ഇല്ലെങ്കിൽ നഷ്ടപരിഹാരത്തിനായി മറ്റ് മാർഗ്ഗങ്ങളിലൂടെ തുക കണ്ടെത്താൻ നടപടി സ്വീകരിക്കാമോ?

തൊഴിലും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. റ്റി. പി. രാമകൃഷ്ണൻ):

(എ) ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 31-3-2017-ലെ C.A.No.12164-12166/16-ാം നമ്പർ കേസ്സുകളിലെ വിധിന്യായ പ്രകാരം ദേശീയ/സംസ്ഥാന പാതകളിൽനിന്നും കാണുന്ന തരത്തിലോ, നേരിട്ട് പ്രവേശിക്കുന്ന തരത്തിലോ, ദേശീയ/സംസ്ഥാന പാതയോരങ്ങളിൽ നിന്നും 500 മീറ്ററിനുള്ളിലോ ഒരു മദ്യഷാപ്പും 1-4-2017 മുതൽ പ്രവർത്തിക്കുവാൻ പാടില്ലെന്ന് ഉത്തരവായിട്ടുള്ളതാണ്, കേരള സംസ്ഥാനത്തിൽ 137 എഫ്.എൽ.1 (ഫോറിൻ ലിക്വർ റീട്ടെയിൽഷോപ്പ്) ഷോപ്പുകളും 8 ബാർ ഹോട്ടലുകളും (എഫ്.എൽ.3), 18

ക്ലബ്ബ് ലൈസൻസുകളും (എഫ്.എൽ.4 എ), 9 മിലിട്ടറി ക്യാന്റീൻ ലൈസൻസുകളും (എഫ്.എൽ.8), 532 ബിയർ/വൈൻപാർലറുകളും (എഫ്.എൽ.11), ഒരു ബിയർ ഔട്ട്ലെറ്റ് ലൈസൻസും (എഫ്.എൽ.12), 1092 കള്ളുഷാപ്പുകളും ടി വിധിയുടെ അടിസ്ഥാനത്തിൽ 1-4-2017 മുതൽ തുറന്ന് പ്രവർത്തിക്കുവാൻ കഴിയാത്ത സാഹചര്യം ഉണ്ടായിട്ടുണ്ട്. തൊഴിൽപരമായ മറ്റുപ്രശ്നങ്ങൾ സർക്കാർ പരിശോധിച്ചുവരികയാണ്.

(ബി) ഇല്ല.

(സി & ഡി) 2014-15-ലെ മദ്യനയമനുസരിച്ച് സംസ്ഥാനത്ത് പഞ്ചനക്ഷത്ര പദവിയുള്ള ഹോട്ടലുകളൊഴികെയുള്ള ഹോട്ടലുകൾക്ക് ബാർ ലൈസൻസ് നൽകില്ലെന്ന തീരുമാനമനുസരിച്ച് പൂട്ടിപ്പോയ ബാറുകളിലെ ജീവനക്കാരെയും മദ്യത്തിനടിമകളായവരെ പുനരധിവസിപ്പിക്കുന്നതിനും മദ്യമയക്കുമരുന്നിനെതിരെ ബോധവൽക്കരണത്തിനുമായാണ് കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിലൂടെ വിൽപ്പന നടത്തുന്ന മദ്യത്തിന്മേൽ 5% സെസ്സ് ഏർപ്പെടുത്തിയിട്ടുള്ളത്. നിലവിലെ കോടതിവിധിയനുസരിച്ചുള്ള പുതിയ സാഹചര്യത്തിൽ തൊഴിലുമായി ബന്ധപ്പെട്ട കാര്യത്തിൽ സർക്കാർ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

**കശുമാവ് കൃഷി വികസനത്തിന് നടപടി**

29 (*89) ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. എൽദോസ് കുന്നപ്പിള്ളി:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കശുമാവ് കൃഷി വികസനത്തിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കുമോ;

(ബി) കശുമാവ് കൃഷിക്കായി സംസ്ഥാനത്തിനകത്തും പുറത്തും സ്ഥലങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; വിവരിക്കുമോ;

(സി) എവിടെയൊക്കെ എത്ര ഹെക്ടർ സ്ഥലത്താണ് ഇപ്രകാരം കൃഷി ആരംഭിച്ചതെന്ന് വ്യക്തമാക്കുമോ?

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ):

(എ) കശുമാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 4250 ഹെക്ടർ സ്ഥലത്ത് കശുമാവ് കൃഷി വ്യാപിപ്പിക്കാൻ ലക്ഷ്യമിട്ടിരുന്നു. ഇതിൽ ന്യൂ ഗാർഡൻ സ്കീമിൽ 2000 ഹെക്ടറിൽ 4 ലക്ഷം ഗ്രാഫ്റ്റ് തൈകളും പൊതുമേഖലയിലും മറ്റും തരിശായി കിടക്കുന്ന ഭൂമിയിൽ കശുമാവ് കൃഷി വ്യാപനത്തിനായി 1000 ഹെക്ടറിൽ 2 ലക്ഷം തൈകളും, 'മുറ്റത്തൊരു കശുമാവ്'' കുടുംബശ്രീ, തൊഴിലുറപ്പ് പദ്ധതി എന്നിവ വഴി സ്കൂളുകളുടെയും കോളേജുകളുടെയും സ്ഥലങ്ങൾ ഉൾപ്പെടുത്തി 1250 ഹെക്ടറിൽ 2.5 ലക്ഷം തൈകളും വിതരണം ചെയ്തുവരുന്നു. കേരളത്തിലെ സ്ഥല ദൗർലഭ്യം പരിഗണിച്ച് ഇതര സംസ്ഥാനങ്ങളിൽ അനുയോജ്യമായ സ്ഥലം കണ്ടെത്തി കശുമാവ് കൃഷി നടത്തുന്ന കാര്യം പരിശോധിച്ചുവരുന്നു. കേരളത്തിൽ പ്ലാന്റേഷൻ അടിസ്ഥാനത്തിൽ കൃഷി വ്യാപിപ്പിക്കുന്നതും സർക്കാരിന്റെ പരിഗണനയിലാണ്. എസ്റ്റേറ്റ് അടിസ്ഥാനത്തിൽ കശുമാവ് കൃഷി വ്യാപിപ്പിക്കുന്ന കാര്യം ഇതിനകം തന്നെ അസോസിയേഷൻ ഓഫ് പ്ലാന്റേഴ്സ് കേരള (എ.പി.കെ)യുമായി ചർച്ച നടത്തിയിട്ടുണ്ട്. അവരിൽനിന്നും പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് സംസ്ഥാന കശുമാവ് കൃഷി ഏജൻസിയുമായി ചേർന്ന് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

സംസ്ഥാന കശുമാവ് കൃഷി ഏജൻസി നിലമൊരുക്കുന്നതിന് സാമ്പത്തിക സഹായവും സൗജന്യമായി കശുമാവ് ചെടിയും അവ പരിപാലിക്കുന്നതിന് സാമ്പത്തിക സഹായവും നൽകിവരുന്നു.

കശുവണ്ടി വികസന കേർപ്പറേഷൻ അവരുടെ വിവിധ ഫാക്ടറികളിലും മറ്റ് തരിശു ഭൂമികളിലും കശുമാവ് കൃഷി ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. കോർപ്പറേഷന്റെ നഴ്സറിയിൽ ഉൽപ്പാദിപ്പിക്കുന്ന അത്യുൽപ്പാദന ശേഷിയുള്ള കശുമാവ് തൈകൾ സൗജന്യ നിരക്കിൽ വിതരണം ചെയ്തുവരുന്നുണ്ട്.

(ബി&സി) തോട്ടണ്ടിയുടെ ആഭ്യന്തര ദൗർലഭ്യം വ്യവസായത്തെ രൂക്ഷമായി ബാധിച്ച അവസ്ഥയിൽ സംസ്ഥാനത്തിനകത്തും പുറത്തും സ്ഥലം കണ്ടെത്തി കശുമാവ് തോട്ടം വികസിപ്പിച്ച് ആഭ്യന്തര ഉൽപ്പാദനം വർദ്ധിപ്പിക്കുകയെന്ന ഉദ്ദേശ്യത്തോടെ ആന്ധ്രാപ്രദേശിൽ നിന്ന് സ്ഥലം പാട്ടത്തിന് എടുക്കാനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. കൃഷി ആരംഭിച്ചിട്ടില്ല.

### മദ്യഷാപ്പുകൾക്കുപകരം മിൽക്ക് ബാറുകൾ

30 (*90) ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. പാറക്കൽ അബ്ദുല്ല:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഹു. സുപ്രീം കോടതിവിധിയുടെ അടിസ്ഥാനത്തിൽ പൂട്ടിപ്പോകുന്ന മദ്യഷാപ്പുകളുടെ സ്ഥാനത്ത് ആരോഗ്യമുള്ള ജനതയുടെ നിലനില്പിനുവേണ്ടി മിൽക്ക് ബാറുകൾ ആരംഭിക്കണമെന്ന നിർദ്ദേശം ശ്രദ്ധയിൽ വന്നിട്ടുണ്ടോ;

(ബി) മദ്യശാലകൾ പൂട്ടേണ്ടിവരുന്നതുമൂലം തൊഴിൽരഹിതരാകുന്നവരുടെ പ്രശ്നങ്ങൾക്ക് ഇതിലൂടെ പരിഹാരം കണ്ടെത്താനാവുമെന്ന അമുൽ ഗ്രൂപ്പിന്റെ നിർദ്ദേശം പരിഗണിക്കുമോ?

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): സർ,

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) നിർദ്ദേശങ്ങളൊന്നും ലഭിച്ചിട്ടില്ല.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### സ്വയംപര്യാപ്തഗ്രാമം പദ്ധതി

1 (624) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി /പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയംപര്യാപ്തഗ്രാമം പദ്ധതിയിലുൾപ്പെടുത്തി നവീകരിക്കാനായി 2016-17 സാമ്പത്തിക വർഷത്തിൽ കൊല്ലം ജില്ലയിൽ നിന്നും തെരഞ്ഞെടുത്ത കോളനികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി പ്രത്യേക ഏജൻസിയെ നിശ്ചയിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ ;

(സി) പ്രസ്തുത പദ്ധതി സമയബന്ധിതമായും കാര്യക്ഷമമായും നടത്താൻ സ്വീകരിക്കുന്ന നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) പട്ടികജാതി കോളനികളുടെ നവീകരണത്തിനായി അംബേദ്കർ ഗ്രാമവികസന പരിപാടി എന്ന പേരിലാണ് പദ്ധതി നടപ്പാക്കുന്നത്. ഇതിലേയ്ക്ക് 2016-17 സാമ്പത്തിക വർഷത്തിൽ കൊല്ലം ജില്ലയിൽനിന്നും തെരഞ്ഞെടുത്ത കോളനികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

(ബി) അംബേദ്കർ ഗ്രാമവികസന പരിപാടി ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾ മുഖേന നടപ്പാക്കുന്നതിനാണ് തീരുമാനിച്ചിരിക്കുന്നത്. ജില്ലാ നിർമ്മിതി കേന്ദ്രങ്ങൾക്ക് എന്തെങ്കിലും പരിമിതിയുള്ളപക്ഷം സ്വയംപര്യാപ്തഗ്രാമം പദ്ധതി നല്ല രീതിയിൽ നിർവ്വഹിച്ച സർക്കാർ ഏജൻസികളെ എം.എൽ.എ. നിർദ്ദേശിക്കുന്നുവെങ്കിൽ അവയെയും നിയോഗിക്കാവുന്നതാണ്.

(സി) ജില്ലാ കളക്ടർ ചെയർമാനായ ജില്ലാ നിർമ്മിതി കേന്ദ്രങ്ങളെയാണ് പദ്ധതി നടപ്പാക്കുന്നതിന് ചുമതലപ്പെടുത്തിയിരിക്കുന്നത്. വകുപ്പുതല ഉദ്യോഗസ്ഥരുടെയും ഏജൻസികളുടെയും യോഗം പട്ടികജാതി വികസന വകുപ്പ് ഡയറക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന് കർമ്മ പരിപാടിക്ക് രൂപം നൽകിയിട്ടുണ്ട്.

**കണ്ണൂർ ജില്ലയിലെ പട്ടികജാതി സങ്കേതങ്ങൾ**

2 (625) <u>ശ്രീ. ഇ. പി. ജയരാജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതിയിൽ പട്ടികജാതി സങ്കേതങ്ങളെ ഉൾപ്പെടുത്തുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ;

(ബി) കണ്ണൂർ ജില്ലയിലെ ഏതെല്ലാം പട്ടികജാതി സങ്കേതങ്ങളാണ് പ്രസ്തുത പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ളത്;

(സി) പ്രസ്തുത പദ്ധതി പ്രകാരം ഓരോ പട്ടികജാതി സങ്കേതത്തിലും പൊതുവേ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന വികസന പദ്ധതികൾ എന്തെല്ലാമായിരിക്കുമെന്ന് വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) നാൽപ്പതോ അതിൽ കൂടുതലോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതും അടിസ്ഥാന വികസനത്തിൽ പിന്നാക്കം നിൽക്കുന്നതുമായ കോളനികളെ ബഹുമാനപ്പെട്ട എം.എൽ.എ.-മാർ തെരഞ്ഞെടുത്ത് നൽകുകയെന്നതാണ് മാനദണ്ഡം.

(ബി) ലിസ്റ്റ് അനുബന്ധമായി ചേർക്കുന്നു.*

(സി) അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതിപ്രകാരം ഓരോ പട്ടികജാതി സങ്കേതത്തിലും പൊതുവേ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന വികസന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. കോളനിക്കുള്ളിലുള്ള റോഡ്/നടപ്പാത

2. ആശയവിനിമയ സംവിധാനം

3. കുടിവെള്ള പദ്ധതി

4. ഡ്രെയിനേജ് സംവിധാനം

5. വൈദ്യുതീകരണം/സോളാർ സിസ്റ്റം

6. സോളാർ തെരുവുവിളക്ക്

7. സാനിട്ടേഷൻ

8. വീട് പുനരുദ്ധാരണം

9. വേസ്റ്റ് മാനേജ്മെന്റ്

10. പൊതുസൗകര്യം മെച്ചപ്പെടുത്തൽ, പ്ലേ ഗ്രൗണ്ട് മുതലായവ

11. സംരക്ഷണ ഭിത്തി നിർമ്മാണം

12. ഇറിഗേഷൻ സൗകര്യം

13. വനിതകൾക്ക് വരുമാനദായക പദ്ധതികൾ (മൃഗസംരക്ഷണം, കൃഷി, നെയ്ത്ത്, തയ്യൽ തുടങ്ങിയവ)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭൂമി

3 (626) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭൂമി വാങ്ങി നൽകുന്നതിലേയ്ക്കായി 2016-17 വർഷം നീക്കിവച്ച തുക പൂർണ്ണമായും വിനിയോഗിക്കാൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ ജില്ല തിരിച്ചുള്ള വിശദാംശം നൽകുമോ;

(ബി) ഏതെല്ലാം ജില്ലകളിലാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിൽ കുറവ് വന്നിട്ടുള്ളത്; ഇക്കാര്യം വിശദമായി പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(സി) ഇക്കാര്യത്തിൽ വീഴ്ച വന്നിട്ടുണ്ടെങ്കിൽ നടപടി സ്വീകരിക്കുമോ?

### ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷം പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്നത് ഉൾപ്പെടെയുള്ള പുനരധിവാസ പ്രവർത്തനങ്ങൾക്കായി 45,08,80,000 രൂപ വകയിരുത്തിയതിൽ 14,93,71,524 രൂപ ഭൂമി വാങ്ങുന്നതിനായി അനുവദിക്കുകയും ടി തുകയിൽ ഭൂമി വാങ്ങുന്നതിനായി 13,37,64,389 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*.

പട്ടികജാതിക്കാർക്ക് 2016-17-ലെ ബജറ്റിൽ നീക്കിവച്ചിരുന്ന 174.97 കോടിയിൽ 174.89 കോടി രൂപ (99.95%)വിനിയോഗിച്ചിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങുന്ന പദ്ധതി നടപ്പാക്കുന്നതിൽ ഏതെങ്കിലും ജില്ലകളിൽ കുറവ് വന്നിട്ടുണ്ടോയെന്ന കാര്യം പരിശോധിക്കുന്നതാണ്.

പട്ടികജാതിക്കാർക്ക് ഭൂമി വാങ്ങുന്ന പദ്ധതി നടപ്പാക്കുന്നതിൽ ഒരു ജില്ലയിലും കുറവ് വന്നിട്ടില്ല.

(സി) ഭൂരഹിതരായ പട്ടികവർഗ്ഗക്കാരിൽ ഭൂമി വാങ്ങി നൽകുന്നതിന് അപേക്ഷിച്ചിട്ടുള്ള അർഹരായവർക്ക് ഭൂമി നൽകുന്നതിലുള്ള വീഴ്ച ശ്രദ്ധയിൽപ്പെട്ടാൽ നടപടി സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**വിവാഹ ധനസഹായ അപേക്ഷ**

4 (627) <u>ശ്രീ. ആർ. രാജേഷ് :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി ക്ഷേമവകുപ്പിൽനിന്നും വിവാഹ ധനസഹായത്തിന് അപേക്ഷ നല്കിയ ശ്രീമതി അജിതകുമാരി, തൊട്ടുകയിൽ വീട്, കുന്നം പി.ഒ., മാവേലിക്കര എന്ന വ്യക്തിയുടെ അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത വ്യക്തിക്ക് ധനസഹായം അനുവദിക്കുന്നതിന് തടസ്സങ്ങളുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രീമതി അജിതകുമാരി, തൊട്ടുകയിൽ വീട്, കുന്നം പി.ഒ., മാവേലിക്കര സമർപ്പിച്ച അപേക്ഷ ആലപ്പുഴ ജില്ലാ പട്ടികജാതി വികസന ഓഫീസർ ശിപാർശ ചെയ്ത് ഡയറക്ടർക്ക് ലഭ്യമാക്കിയിരുന്നെങ്കിലും ന്യൂനത ഉണ്ടായിരുന്നതിനാൽ ആയത് പരിഹരിച്ച് ലഭ്യമാക്കുവാൻ ആലപ്പുഴ ജില്ലാ ഓഫീസർക്ക് തിരിച്ചയച്ചിരിക്കുകയാണെന്നറിയിക്കുന്നു.

(ബി) ന്യൂനത പരിഹരിച്ച് അപേക്ഷ ലഭിച്ചാൽ ധനസഹായം നൽകുന്നതിന് തടസ്സമില്ല.

**സ്വയംപര്യാപ്ത പട്ടികജാതി ഗ്രാമം പദ്ധതി**

5 (628) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയം പര്യാപ്ത പട്ടികജാതി ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പാറശ്ശാല മണ്ഡലത്തിലെ കോളനികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം എന്തെല്ലാം പ്രവൃത്തികൾ ഈ കോളനികളിൽ നടപ്പിലാക്കുന്നുണ്ടെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിയിൽ ഇനിയും ഉൾപ്പെടാത്ത കോളനികളെ ഉൾപ്പെടുത്തുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കാമോ?

ഉത്തരം

(എ&ബി) സ്വയം പര്യാപ്ത പട്ടികജാതിഗ്രാമം പദ്ധതിയിൽ പാറശ്ശാല മണ്ഡലത്തിലെ കോളനികളെ തെരഞ്ഞെടുത്തിട്ടില്ല.

(സി) പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടാത്ത പാറശ്ശാല നിയോജക മണ്ഡലത്തിലെ പുല്ലച്ചക്കോണം കല്ലുവിള കോളനിയെ അംബേദ്കർ ഗ്രാമപദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**വിദേശ പഠനത്തിന് സഹായം**

6 (629) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് വിദേശപഠനത്തിന് സഹായം നൽകുന്നതിനായി എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ; വ്യക്തമാക്കുമോ;

(ബി) എങ്കിൽ സഹായം നൽകുന്ന ഏജൻസിയും അനുവദിക്കുന്ന വായ്പയും സംബന്ധിച്ച് വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) നിലവിലുണ്ട്. 2-7-2009-ലെ സ.ഉ.(അച്ചടി)നമ്പർ 50/2009/ പ.ജ.പ.വ.വി.വ. പ്രകാരം വിദേശപഠനത്തിന് വിദ്യാഭ്യാസ ആനുകൂല്യം അനുവദിക്കണമെന്ന ആവശ്യപ്രകാരം ഓരോ അപേക്ഷയുടെയും മെരിറ്റ് പരിഗണിച്ച് യുക്തമായ തീരുമാനം സർക്കാർ തലത്തിൽ കൈക്കൊണ്ടുവരുന്നു. പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ മുഖേന 10 ലക്ഷം രൂപ വരെ വായ്പയും അനുവദിച്ചുവരുന്നുണ്ട്.

**ചികിത്സാ ധനസഹായ അപേക്ഷകൾ**

7 (630) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ അധികാരമൊഴിയുമ്പോൾ പട്ടികജാതി പട്ടികവർഗ്ഗവിഭാഗങ്ങൾക്കുള്ള ചികിത്സാ ധനസഹായ അപേക്ഷകളിൽ എത്ര എണ്ണത്തിൽ തീരുമാനമെടുക്കാനും, തീരുമാനമെടുത്തതിൽ എത്ര അപേക്ഷകളിൽ

ധനസഹായം നൽകുവാനും ഉണ്ടായിരുന്ന ; ഇതിൽ ഈ സർക്കാർ എത്ര നൽകി ; എത്ര തുക ഇതിനായി വിനിയോഗിച്ചു ;

(ബി) ഇതുമായി ബന്ധപ്പെട്ട് ഈ സർക്കാരിന്റെ കാലയളവിൽ എത്ര അപേക്ഷ ലഭിച്ചു; എത്ര പേർക്ക് സഹായം ലഭ്യമാക്കി; എത്ര തുക അനുവദിച്ചു; ഇനി എത്ര പേർക്ക് സഹായം നൽകുവാനുണ്ട്; വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) കഴിഞ്ഞ സർക്കാർ അധികാരമൊഴിയുമ്പോൾ പട്ടികജാതി വിഭാഗങ്ങൾക്കുള്ള ചികിത്സാ ധനസഹായ അപേക്ഷകളിൽ 2768 എണ്ണത്തിന് തീരുമാനമെടുക്കാനും തീരുമാനമെടുത്തതിൽ 5695 അപേക്ഷകളിൽ ധനസഹായം നൽകാനും ഉണ്ടായിരുന്നു. ഇതിൽ ഈ സർക്കാർ 6526 പേർക്ക് 14,77,59,300 രൂപ ചികിത്സാ ധനസഹായത്തിനായി വിനിയോഗിച്ചു.

കഴിഞ്ഞ സർക്കാർ അധികാരമൊഴിയുമ്പോൾ പട്ടികവർഗ്ഗ വിഭാഗങ്ങൾക്കുള്ള ചികിത്സാ ധനസഹായ അപേക്ഷകളിൽ തീരുമാന മെടുക്കുന്നതിനായി അപേക്ഷകൾ ബാക്കിയുണ്ടായിരുന്നില്ല. തീരുമാന മെടുത്തതിൽ 371 അപേക്ഷകളിൽ ധനസഹായം നൽകുവാനുണ്ടായിരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അത്തരത്തിലുള്ള മുഴുവൻ അപേക്ഷകർക്കും ധനസഹായം അനുവദിച്ചുനൽകി. ഇതിനായി 39,44,000 രൂപ വിനിയോഗിച്ചു.

(ബി) ചികിത്സാ ധനസഹായം അനുവദിക്കുന്നതിനായി ഈ സർക്കാരിന്റെ കാലയളവിൽ പട്ടികജാതി വിഭാഗക്കാരുടെ 20192 അപേക്ഷകൾ ലഭിക്കുകയും 17664 പേർക്ക് 31,57,32,554 രൂപ ചികിത്സാധനസഹായമായി അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ഇനി 2515 പേർക്ക് ധനസഹായം ലഭ്യമാക്കാനുണ്ട്.

ചികിത്സാ ധനസഹായം അനുവദിക്കുന്നതിനായി ഈ സർക്കാരിന്റെ കാലയളവിൽ പട്ടികവർഗ്ഗക്കാരുടെ 12635 അപേക്ഷകൾ ലഭിച്ചു. ആയതിൽ 12558 പേർക്ക് ധനസഹായം ലഭ്യമാക്കി. ഇതിനായി 3,64,54,000 രൂപ അനുവദിച്ചു. അപേക്ഷിച്ചതിൽ ഇനി 77 പേർക്ക് ധനസഹായം ലഭ്യമാക്കാനുണ്ട്.

**ഏറനാട് മണ്ഡലത്തിലെ കുടിവെള്ള പദ്ധതി**

8 (631) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോർപ്പസ് ഫണ്ടിൽനിന്നും 2014-17 കാലയളവിൽ തുക അനുവദിച്ച പ്രവൃത്തികൾ ഏതെല്ലാമാണ്; വിശദമാക്കുമോ;

(ബി) ഏറനാട് മണ്ഡലത്തിലെ കുഴിമണ്ണ പഞ്ചായത്തിലെ പുതിയത്ത് പട്ടികജാതി കോളനിയിൽ കുടിവെള്ള പദ്ധതിക്കായി 2014-15 വർഷത്തെ കോർപ്പസ് ഫണ്ടിൽ നിന്നും ഏഴ് ലക്ഷത്തി ഇരുപതിനായിരം രൂപയ്ക്ക് ഭരണാനുമതി നൽകിയിരുന്നോ;

(സി) എങ്കിൽ പ്രസ്തുത പദ്ധതിക്കുള്ള തുക നാളിതുവരെയായി നൽകിയിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ആയത് അടിയന്തരമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) <u>പട്ടികജാതി വികസന വകുപ്പ്:</u>

സംസ്ഥാനത്ത് കോർപ്പസ് ഫണ്ടിൽനിന്നും 2014-15, 2015-16 വർഷങ്ങളിൽ അനുവദിച്ച പ്രവൃത്തികളുടെ വിശദവിവരം ശേഖരിച്ചുവരുന്നു.

<u>പട്ടികവർഗ്ഗ വികസന വകുപ്പ്:</u>

സംസ്ഥാനത്ത് കോർപ്പസ് ഫണ്ടിൽനിന്നും 2014-15, 2015-16 വർഷങ്ങളിൽ അനുവദിച്ച പ്രവൃത്തികളുടെ വിശദവിവരം (ജില്ലാ തലത്തിലും സംസ്ഥാനതലത്തിലും) അനുബന്ധമായി ചേർത്തിരിക്കുന്നു*. 2016-17 വർഷം സംസ്ഥാനതലത്തിൽ കോർപ്പസ് ഫണ്ടിൽ അനുവദിച്ച പദ്ധതികളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*. 2016-17 വർഷത്തിൽ ജില്ലാ തലത്തിൽ കോർപ്പസ് ഫണ്ടിൽനിന്നും നടപ്പിലാക്കിയ പദ്ധതികളുടെ വിവരം ശേഖരിച്ചുനൽകുന്നതാണ്.

(ബി) നൽകിയിരുന്നു.

(സി &ഡി) 29-3-2017-ന് പുതിയത്ത് എസ്.സി. കോളനി കുടിവെള്ള പദ്ധതിക്ക് 7,00,521 രൂപ നൽകിയിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കോർപ്പസ് ഫണ്ട്

9 (632) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോർപ്പസ് ഫണ്ടിൽനിന്നും എസ്.സി. വിഭാഗത്തിലും എസ്.ടി. വിഭാഗത്തിലും 1-7-2016 മുതൽ 31-3-2017 വരെ അനുമതി ലഭ്യമായ പാലക്കാട് ജില്ലയിലെ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ;

(ബി) ജില്ലാവർക്കിംഗ് ഗ്രൂപ്പ് അംഗീകരിച്ച് സംസ്ഥാന വർക്കിംഗ് ഗ്രൂപ്പിനയച്ച പാലക്കാട് ജില്ലയിലെ പ്രവൃത്തികളുടെ വിശദാംശം ലഭ്യമാക്കാമോ; ഏതെല്ലാം പദ്ധതികൾക്കാണ് ഭരണാനുമതി ലഭിച്ചത്; വിശദാംശം നൽകാമോ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പ്:

കോർപ്പസ് ഫണ്ടിൽനിന്നും പട്ടികജാതി വിഭാഗത്തിൽ 1-7-2016 മുതൽ 31-3-2017 വരെ അനുമതി ലഭ്യമായ പാലക്കാട് ജില്ലയിലെ പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

പട്ടികവർഗ്ഗ വികസന വകുപ്പ്:

കോർപ്പസ് ഫണ്ടിൽനിന്നും പട്ടികവർഗ്ഗ വിഭാഗത്തിൽ 1-7-2016 മുതൽ 31-3-2017 വരെ അനുമതി ലഭ്യമായ പാലക്കാട് ജില്ലയിലെ പ്രവൃത്തികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. വെള്ളെഴുത്താൻപൊറ്റ കുടിവെള്ള പദ്ധതി നവീകരണം- 5,00,000 രൂപ
2. കൽച്ചാടി കുടിവെള്ള വിതരണ പദ്ധതി - 4,60,000 രൂപ
3. ചൂരിയോട് കുടിവെള്ള പദ്ധതി - 9,20,000 രൂപ
4. ബയോഗ്യാസ് പ്ലാന്റ് നിർമ്മാണം -7,11,000 രൂപ
5. അച്ചിലട്ടി കോളനി മണ്ണ് സംരക്ഷണം - 6,00,000 രൂപ
6. നീലംകാച്ചി കുടിവെള്ള വിതരണം 31,350 രൂപ
7. കുന്നംകാട്ടുപതി കുടിവെള്ള വിതരണം - 70,380 രൂപ
8. തട്ടാൻചള്ള കുടിവെള്ള വിതരണം - 6,36,860 രൂപ

9. ആട്ടയാംപതി കുടിവെള്ള വിതരണം - 4,06,090 രൂപ

10. കള്ളിയാമ്പാറ കുടിവെള്ള വിതരണം - 3,00,000 രൂപ

11. ഒട്ടൻചള്ള കുടിവെള്ള പദ്ധതി - 3,00,000 രൂപ

12. സുങ്കം ഹോസ്റ്റൽ മെഷ് വെൽഡിംഗ് - 3,00,000 രൂപ

13. ഇലക്ട്രിഫിക്കേഷൻ - 5,62,721 രൂപ

14. സുങ്കം കോളനി കുടിവെള്ള വിതരണം - 6,00,000 രൂപ

15. മാത്തൂർ ഹോസ്റ്റൽ പമ്പ് സെറ്റ് ഇൻസ്റ്റലേഷൻ - 1,50,500 രൂപ

16. വെറ്റിലച്ചോല കോളനി റോഡ് നിർമ്മാണം - 95,00,000 രൂപ

17. വെറ്റിലച്ചോല കോളനി കമ്മ്യൂണിറ്റി ഹാൾ നിർമ്മാണം - 52,80,000 രൂപ

(ബി) പട്ടികജാതി വികസന വകുപ്പ്:

ജില്ലാ വർക്കിംഗ് ഗ്രൂപ്പ് അംഗീകരിച്ച് സംസ്ഥാന വർക്കിംഗ് ഗ്രൂപ്പിന് അംഗീകാരത്തിനായി പാലക്കാട് ജില്ലയിൽനിന്നും പ്രവൃത്തികളൊന്നുംതന്നെ അയച്ചിട്ടില്ല.

പട്ടികവർഗ്ഗ വികസന വകുപ്പ്:

പാലക്കാട് ജില്ലയിൽ ജില്ലാ വർക്കിംഗ് ഗ്രൂപ്പ് അംഗീകരിച്ച് സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിനയച്ച പ്രൊപ്പോസലുകളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## ഇ-ഗ്രാന്റ്

10 (633) ശ്രീ. വി. ടി. ബൽറാം :

ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യൂണിവേഴ്സിറ്റി നേരിട്ട് നടത്തുന്ന സ്വാശ്രയ കോഴ്സുകളിൽ പഠിക്കുന്ന പിന്നാക്ക സമുദായത്തിൽപ്പെട്ട ബി.പി.എൽ. വിഭാഗത്തിലുള്ള കുട്ടികൾക്ക് ഇ- ഗ്രാന്റ് അനുവദിക്കാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) മെരിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം ലഭിക്കുന്ന ഇത്തരം വിദ്യാർത്ഥികൾക്ക് ഇ- ഗ്രാന്റ് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) ഉണ്ട്

(ബി) നിലവിൽ 2-12-2011-ലെ സ.ഉ. (സാധാ)നമ്പർ 1209/2011/ പജപവവിവ. പ്രകാരം സംസ്ഥാനത്തെ സർവ്വകലാശാലകളിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള ഗവൺമെന്റ്/എയ്ഡഡ് കോളേജുകളിൽ നടത്തപ്പെടുന്ന എയ്ഡഡ് കോഴ്സുകളിൽ പഠിക്കുന്ന പിന്നാക്ക വിഭാഗ വിദ്യാർത്ഥികൾക്കാണ് വരുമാന പരിധിയുടെ അടിസ്ഥാനത്തിൽ ഇ-ഗ്രാന്റ് മുഖേന ആനുകൂല്യം നൽകിവരുന്നത്.

നിലവിൽ ആനുകൂല്യം അനുവദിക്കുന്ന കോഴ്സുകളിൽ വൻതുക കുടിശ്ശികയുള്ള സാഹചര്യത്തിൽ സ്വാശ്രയ കോഴ്സുകളിൽ അഡ്മിഷൻ നേടുന്ന വിദ്യാർത്ഥികൾക്ക് ആനുകൂല്യം അനുവദിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

**ഡ്രാഫ്റ്റ്സ്മാൻ സിവിൽ ട്രേഡ്**

11 (634) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള വർക്കല ഐ. ടി. ഐ. -യിൽ ഡ്രാഫ്റ്റ്സ്മാൻ സിവിൽ ട്രേഡ് ആരംഭിക്കുന്നതിനുള്ള തടസ്സമെന്താണെന്ന് വ്യക്തമാക്കാമോ;

(ബി) വരുന്ന വിദ്യാഭ്യാസ വർഷത്തിൽ ഈ ട്രേഡ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പിനുകീഴിലുള്ള വർക്കല ഐ.റ്റി.ഐ.-യിൽ പുതിയ ഡ്രാഫ്റ്റ്സ്മാൻ സിവിൽ ട്രേഡ് യൂണിറ്റ് തുടങ്ങുന്നതിന് 2-3-2015-ലെ സ.ഉ. (സാധാ)നമ്പർ 344/2015/പജപവവിവ. പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ഒരു ട്രെയിനിംഗ് ഇൻസ്ട്രക്ടറുടെ തസ്തിക മാത്രമാണ് ടി ഉത്തരവുപ്രകാരം അനുവദിച്ചത്. 2 വർഷ കോഴ്സായ ഡ്രാഫ്റ്റ്സ്മാൻ സിവിൽ ട്രേഡ് യൂണിറ്റ് (1+1) ആരംഭിക്കുന്നതിന് രണ്ട് ട്രെയിനിംഗ് ഇൻസ്ട്രക്ടർമാരുടെ തസ്തിക ആവശ്യമായതിനാൽ മേൽ യൂണിറ്റ് (1+1) ആയി ആരംഭിക്കുന്നതിനും ട്രേഡ് ഇൻസ്ട്രക്ടറുടെ ഒരു തസ്തികകൂടി അനുവദിക്കുന്നതും സംബന്ധിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(ബി) നടപടി സ്വീകരിക്കുന്നതാണ്.

## വിവാഹ ധനസഹായം

12 (635) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2016-17 വർഷത്തിൽ പട്ടികജാതി പെൺകുട്ടികളുടെ വിവാഹത്തിനായുള്ള ധനസഹായം വാമനപുരം നിയോജകമണ്ഡലത്തിൽ എത്രപേർക്ക് അനുവദിച്ചു; വിശദവിവരങ്ങൾ നൽകാമോ?

ഉത്തരം

വാമനപുരം നിയോജകമണ്ഡലത്തിൽ 2016-17 സാമ്പത്തികവർഷം 141 പേർക്കായി ആകെ 70,50,000(എഴുപത് ലക്ഷത്തി അമ്പതിനായിരം രൂപ മാത്രം) രൂപ വിവാഹ ധനസഹായമായി അനുവദിച്ചുനൽകിയിട്ടുണ്ട്.

## കുടിവെള്ള പദ്ധതി

13 (636) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ വർക്കല മണ്ഡലത്തിലെ എത്ര പട്ടികജാതി കോളനികളിൽ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയെന്നും അവ ഏതെല്ലാം കോളനികളിൽ ആണെന്നും വ്യക്തമാക്കുമോ;

(ബി) കോർപ്പസ് ഫണ്ട് ഉപയോഗിച്ച് കുടിവെള്ള പദ്ധതികൾ നടപ്പിലാക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുള്ളവയെല്ലാം ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതികൾ യാഥാർത്ഥ്യമാക്കുന്നതിന് കാലപരിധി നിശ്ചയിച്ചിട്ടുണ്ടോ?

ഉത്തരം

(എ) ഈ സർക്കാർ വർക്കല മണ്ഡലത്തിലെ താഴെപ്പറയുന്ന 7 പട്ടികജാതി കോളനികളിൽ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് കുടിവെള്ള പദ്ധതികൾ

നടപ്പിലാക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

1. മങ്ങാട്ടുവിള അംബേദ്കർ കോളനി
2. കല്ലുമലക്കുന്ന് കുടിവെള്ള പദ്ധതി
3. അംബേദ്കർ കോളനി കുടിവെള്ള പദ്ധതി
4. കരുനിലക്കോട്, ശ്രീനിവാസപുരം, എം.ജി. കോളനി തുടങ്ങിയ കുടിവെള്ള പദ്ധതികൾ
5. ചെറുകുന്നം, തേക്കുവിള, കക്കോട് തുടങ്ങിയ കുടിവെള്ള പദ്ധതികൾ
6. പുന്നവിള, പുനവിള വളക്കോട്, വെട്ടിക്കൽ തുടങ്ങിയ കുടിവെള്ള പദ്ധതികൾ
7. തേരിക്കൽ, തേവാനം, ചരുംകുഴി കുടിവെള്ള പദ്ധതികൾ

(ബി) ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്.

(സി) ഉണ്ട്.

**അംബേദ്കർ സ്വാശ്രയ ഗ്രാമംപദ്ധതി**

14 (637) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി/ പട്ടികവർഗ്ഗ പിന്നാക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി വർക്കല മണ്ഡലത്തിൽനിന്നും തെരഞ്ഞെടുത്ത പട്ടികജാതി കോളനികൾ ഏതെല്ലാം എന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത കോളനികളിൽ പ്രവൃത്തി നിർവ്വഹണത്തിനായി ഭരണാനുമതി നല്കിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ഭരണാനുമതി നൽകാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ ) 1. ഇ.പി. കോളനി

2. ചാന്തുംകുഴി കോളനി

(ബി&സി) ഉണ്ട്.

## പ്രീ-മെട്രിക് ഹോസ്റ്റൽ

15 (638) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പിയിൽ പട്ടികജാതി വകുപ്പിന് കീഴിലുള്ള പ്രീ-മെട്രിക് ഹോസ്റ്റൽ ഉപയോഗശൂന്യമായി കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് പട്ടികജാതി വിഭാഗത്തിൽപ്പെടുന്നവർക്ക് ഉപയോഗയോഗ്യമായ വിധത്തിൽ ഐ. ടി. ഐ. പോലുള്ള സാങ്കേതിക സ്ഥാപനമായി ഉയർത്താനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) പട്ടാമ്പി മണ്ഡലത്തിൽ പട്ടിക ജാതി വകുപ്പിന് കീഴിൽ എന്തെല്ലാം സ്ഥാപനങ്ങളാണ് നിലവിലുള്ളത്; വിശദമാക്കാമോ ;

(സി) പട്ടികജാതി വകുപ്പിന്റെ സംസ്ഥാന, ജില്ലാ, പ്രാദേശികതല, ഓഫീസ് ഘടന വ്യക്തമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പട്ടാമ്പിയിൽ വകുപ്പിന്റെ കീഴിലുള്ള ഉപയോഗശൂന്യമായി കിടക്കുന്ന പ്രീ-മെട്രിക് ഹോസ്റ്റലിൽ വകുപ്പിന്റെ ഐ.ടി.ഐ. ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ചുവരുന്നു.

(ബി) പട്ടാമ്പി നിയോജകമണ്ഡലത്തിൽ പട്ടാമ്പി ബ്ലോക്കിൽപ്പെട്ട പരുതൂർ പഞ്ചായത്തിൽ വകുപ്പിന് കീഴിൽ ഒരു നഴ്സറി സ്കൂൾ പ്രവർത്തിച്ചുവരുന്നു.

(സി) 1. പട്ടികജാതി വികസന ഡയറക്ടറേറ്റ് (സംസ്ഥാനതലം)

2. ഡെപ്യൂട്ടി ഡയറക്ടർ ഓഫീസ് (ദക്ഷിണ മേഖല/ ഉത്തരമേഖല - മേഖലാ തലം)

3. ജില്ലാ പട്ടികജാതി വികസന ആഫീസുകൾ (ജില്ലാതലം)

4. ബ്ലോക്ക് /മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസുകൾ (പ്രാദേശിക തലം പട്ടികജാതി ജനസംഖ്യയുടെ അടിസ്ഥാനത്തിൽ )

**അദ്ധ്യാപകർക്കെതിരെയുള്ള ശിക്ഷാ നടപടികൾ**

16 (639) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി/പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിലെ കൊടക്കാട് മോഡൽ റസിഡൻഷ്യൽ സ്കൂളിലെ അദ്ധ്യാപകർക്കെതിരെ എന്തെങ്കിലും ശിക്ഷാ നടപടികൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഇത് സംബന്ധിച്ച് സ്വീകരിച്ച നടപടി എന്തെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ഇല്ല.

**പട്ടികജാതി വിഭാഗത്തിന്റെ സ്ഥിതിഗതി**

17 (640) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന ഓരോ വിഭാഗത്തിന്റെയും ജനസംഖ്യാ സെൻസസ് എന്നാണ് അവസാനമായി ശേഖരിച്ചിട്ടുള്ളത്;

(ബി) ഇതു പ്രകാരം ഈ വിഭാഗങ്ങളുടെ സാമൂഹിക - സാമ്പത്തിക - വിദ്യാഭ്യാസ സ്ഥിതിഗതികൾ സർക്കാരിന് ലഭിച്ചിട്ടുണ്ടോ;

(സി) ഓരോ വിഭാഗത്തിന്റെയും സ്ഥിതിഗതി വിശദമാക്കാമോ?

ഉത്തരം

(എ) സെൻസസ് ഓഫ് ഇന്ത്യ 2011-ലാണ് അവസാനമായി സെൻസസ് സംബന്ധമായ വിവരങ്ങൾ പ്രസിദ്ധീകരിച്ചത്.

(ബി &സി) വിശദമായ പഠന റിപ്പോർട്ടുകൾ ലഭ്യമല്ല. ലഭ്യമായ വിവരങ്ങൾ പ്രകാരം മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കേരളത്തിലെ പട്ടികജാതി വിഭാഗങ്ങളുടെ സാമൂഹിക-സാമ്പത്തിക വിദ്യാഭ്യാസ നിലവാരം ദേശീയ നിലവാരത്തെക്കാൾ ഉയർന്നതാണ്.

**ഭവന നിർമ്മാണത്തിന് അനുവദിക്കുന്ന തുക**

18 (641) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി കുടുംബങ്ങൾക്ക് ഭവന നിർമ്മാണത്തിന് എത്ര തുകയാണ് അനുവദിക്കുന്നത്; അനുവദിക്കുന്ന തുക തികച്ചും അപര്യാപ്തമാണെന്ന് സർക്കാർ മനസ്സിലാക്കിയിട്ടുണ്ടോ; കൂടുതൽ തുക അനുവദിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

(ബി) കുടുംബങ്ങളെ പ്രസ്തുത പദ്ധതിയിൽപ്പെടുത്തുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്?

(സി) ഗുണഭോക്താക്കളുടെ എണ്ണം കൂടാനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) പട്ടികജാതി കുടുംബങ്ങൾക്ക് ഭവനനിർമ്മാണത്തിന് 3,00,000 രൂപയാണ് അനുവദിക്കുന്നത്. നിർമ്മാണ സാമഗ്രികളുടെ വർദ്ധിച്ച വിലയും ഉയർന്ന ജോലിക്കൂലിയും മറ്റ് സാഹചര്യങ്ങളും കണക്കിലെടുത്ത് ഭവന നിർമ്മാണ ധനസഹായത്തുക 4,00,000 രൂപയായി വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു.

(ബി) സംസ്ഥാനത്തെ ഭവനരഹിതരും സ്വന്തം പേരിൽ ഭൂമിയുള്ളവരുമായ 50,000 രൂപയിൽത്താഴെ കുടുംബ വാർഷിക വരുമാനമുള്ള പട്ടികജാതി കുടുംബങ്ങൾക്കാണ് ഭവനനിർമ്മാണ ധനസഹായ പദ്ധതി പ്രകാരം തുക അനുവദിക്കുന്നത്. തദ്ദേശ ഭരണ സ്ഥാപനങ്ങളിൽനിന്ന് ലഭിക്കുന്ന ഗുണഭോക്തൃ ലിസ്റ്റിന്റെ അടിസ്ഥാനത്തിൽ മുൻവർഷങ്ങളിൽ ഭൂരഹിത ധനസഹായ പദ്ധതി പ്രകാരം ഭൂമി ലഭിച്ചവരെയും നേരിട്ട് അപേക്ഷ സമർപ്പിക്കുന്നവരെയും അർഹത പരിശോധിച്ച് ധനസഹായത്തിനായി പരിഗണിക്കുന്നു. നിശ്ചിത മാതൃകയിലുള്ള അപേക്ഷയോടൊപ്പം ജാതി, വരുമാനം, കൈവശാവകാശം, മുൻകാലയളവിൽ ധനസഹായം ലഭിച്ചിട്ടില്ലായെന്ന സാക്ഷ്യപത്രം, തിരിച്ചറിയൽ രേഖകൾ എന്നിവ സഹിതം ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ/പട്ടികജാതി വികസന ഓഫീസർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

(സി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് അർഹരായ പരമാവധി ഗുണഭോക്താക്കൾക്ക് ഭവന നിർമ്മാണ ധനസഹായം അനുവദിക്കുന്നതാണ്.

**ജനസംഖ്യയ്ക്ക് ആനുപാതികമായി പദ്ധതി വിഹിതം**

19(642) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററി കാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികജാതി-പട്ടികവർഗ്ഗ ജനസംഖ്യക്ക് ആനുപാതികമായി പദ്ധതി വിഹിതം വകയിരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത തുകയുടെ വിനിയോഗം സംബന്ധിച്ച് വിശദമായ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ;

(സി) കാലങ്ങളായി പ്രസ്തുത വിഭാഗത്തിനുള്ള ഫണ്ട് പൂർണ്ണമായും വിനിയോഗിക്കാൻ കഴിയുന്നില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് തന്നെ ആനുകൂല്യങ്ങൾ ലഭിക്കുന്നുവെന്ന് ഉറപ്പാക്കാൻ എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ജനസംഖ്യാനുപാതത്തെക്കാൾ ഉയർന്ന പദ്ധതി വിഹിതം വകയിരുത്തിയിട്ടുണ്ട്.

2017-18 സാമ്പത്തിക വർഷം കേരളത്തിന്റെ ജനസംഖ്യയുടെ 1.45 ശതമാനം വരുന്ന പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായി 751 കോടി രൂപ (2.83%) വകയിരുത്തിയിട്ടുണ്ട്. ഇത് ജനസംഖ്യാനുപാതപ്രകാരം ലഭിക്കേണ്ടതിനെക്കാൾ 366 കോടി രൂപ അധികമാണ്.

പട്ടികജാതിക്കാരുടെ ഉന്നമനത്തിനായി സംസ്ഥാന പദ്ധതി വിഹിതമായി 1,427.60 കോടി രൂപയും തദ്ദേശഭരണ സ്ഥാപനങ്ങൾക്കുള്ള എസ്.സി.പി. വിഹിതമായി 1,172.05 കോടി രൂപയുമുൾപ്പെടെ 2599.65 കോടി രൂപ നടപ്പുവർഷം വകയിരുത്തിയിട്ടുണ്ട്. ആയത് സംസ്ഥാന പദ്ധതി അടങ്കലിന്റെ 9.81% തുകയാണ്. പട്ടികജാതി ജനസംഖ്യ 9.1% ആകുന്നു. ജനസംഖ്യാനുപാതത്തെക്കാൾ കൂടുതലായി പട്ടികജാതിക്കാർക്ക് 188 കോടി രൂപ ഈ സാമ്പത്തിക വർഷം ബജറ്റിൽ വകയിരുത്തിയിട്ടുണ്ട്.

(ബി) ഉണ്ട്. 2017-18 സാമ്പത്തിക വർഷത്തിൽ പട്ടികവർഗ്ഗ വികസനവകുപ്പ് മുഖേന പദ്ധതി നടപ്പാക്കുന്നതിന് 541.98 കോടി രൂപയും ഗ്രാമവികസന വകുപ്പ് മുഖേന പദ്ധതി നടപ്പിലാക്കുന്നതിന് 32.94 കോടി രൂപയും തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന പദ്ധതി നടപ്പിലാക്കുന്നതിന് 176 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങൾക്കായി അനുവദിച്ച തുകയ്ക്കുള്ള പദ്ധതികൾ തയ്യാറാക്കിവരുന്നു. പുതിയ പദ്ധതികൾക്കായുള്ള പദ്ധതികൾ തയ്യാറാക്കിവരുന്നു.

പട്ടികജാതി വികസന വകുപ്പിൽ തുകയുടെ വിനിയോഗം സംബന്ധിച്ച് വിശദമായ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. പട്ടികജാതി വികസനത്തിന് വേണ്ടിയുള്ള പദ്ധതികൾക്കായി 2017-18 സാമ്പത്തികവർഷം ബജറ്റിൽ വകയിരുത്തിയ തുകയുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) ഫണ്ട് പൂർണ്ണമായും വിനിയോഗിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ പ്രതികൂല കാലാവസ്ഥ, നിർമ്മാണ സാധനങ്ങൾ ലഭിക്കുന്നതിനുള്ള കാലതാമസം, അവ എത്തിക്കുന്നതിനുള്ള ബുദ്ധിമുട്ട് തുടങ്ങിയ കാരണങ്ങൾകൊണ്ട് നിർമ്മാണ പ്രവർത്തനങ്ങളിൽ കാലതാമസം നേരിടുന്നു.

(ഡി) സർക്കാർ പ്രഖ്യാപിക്കുന്ന പദ്ധതികൾ അർഹതപ്പെട്ടവർക്കുതന്നെ ലഭ്യമാകുന്നുണ്ട് എന്ന് ഉറപ്പുവരുത്തുന്നുണ്ട്. പട്ടികവർഗ്ഗ വികസന പ്രവർത്തനങ്ങൾ കോളനിയിലെ ഊരുകൂട്ട ചർച്ചയിലൂടെ പദ്ധതിയിൽ നിഷ്കർഷിച്ചിരിക്കുന്ന മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായി ഗുണഭോക്താക്കളെ കണ്ടെത്തുന്നു. രണ്ടുവകുപ്പുകളും മുഖേനയുള്ള ധനസഹായ പദ്ധതികൾ ബാങ്ക് അക്കൗണ്ട് മുഖേനയും ഓൺലൈൻ സംവിധാനത്തിലൂടെയുമാണ് വിതരണം ചെയ്യുന്നത്. ജില്ലാ വികസന സമിതി, ഉപദേശക സമിതികൾ എന്നിവ മുഖേനയും ബഹു. മന്ത്രിതലത്തിലും ശക്തമായ മോണിറ്ററിംഗ് നടത്തുന്നുണ്ട്. ഡയറക്ടറേറ്റുകളിൽ നിന്നുള്ള നിയന്ത്രണ ഉദ്യോഗസ്ഥർ എല്ലാ ജില്ലകളിലും സന്ദർശനം നടത്തി പുരോഗതി വിലയിരുത്തുന്നു.

**കേന്ദ്ര ഫണ്ട്**

20 (643) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1-7-2011 മുതൽ 31-3-2016 വരെ പട്ടികജാതി/പട്ടികവർഗ്ഗ വികസനത്തിനായി കേന്ദ്ര സർക്കാർ എത്ര തുക അനുവദിച്ചു; അതിൽ എത്ര തുക ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കാമോ;

(ബി) 1-7-2016 മുതൽ 31-3-2017 വരെ പട്ടികജാതി/പട്ടികവർഗ്ഗ വികസനത്തിനായി എത്ര കേന്ദ്ര ഫണ്ട് ലഭ്യമായി; അത് ചെലവഴിച്ചതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(സി) 1-7-2016 മുതൽ 31-3-2017 വരെ പട്ടികജാതി/പട്ടികവർഗ്ഗ വികസനത്തിനായി ഒറ്റപ്പാലം അസംബ്ലി നിയോജക മണ്ഡലത്തിൽ എത്ര തുക ചെലവഴിച്ചു; ഇതിന്റെ വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) 1-7-2011 മുതൽ 31-3-2016 വരെ പട്ടികവർഗ്ഗ പദ്ധതികൾക്കായി 31530.76 ലക്ഷം രൂപ കേന്ദ്രസർക്കാർ അനുവദിച്ചു. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

1-7-2011 മുതൽ 31-3-2016 വരെ പട്ടികജാതി പദ്ധതികൾക്കായി കേന്ദ്രസർക്കാർ 27815.22 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ടി തുക പൂർണ്ണമായും വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ SCA to TSP ഫണ്ടിനത്തിൽ 5873.06 ലക്ഷം രൂപ റിലീസ് ചെയ്യുകയും 5349.84 ലക്ഷം രൂപ വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായി 2016-17 സാമ്പത്തിക വർഷത്തെ ബജറ്റിൽ 1200 ലക്ഷം രൂപ കേന്ദ്രാവിഷ്കൃത പദ്ധതിയ്ക്കായി SCA to TSP-ക്ക് വകയിരുത്തിയിരുന്നു. ടി പദ്ധതിക്ക് കേന്ദ്രസർക്കാർ കഴിഞ്ഞ സാമ്പത്തിക വർഷം 841.40 ലക്ഷം രൂപ അനുവദിച്ചു. സംസ്ഥാന വിഹിതം കൂടി ചേർത്ത് 1156.65 ലക്ഷം രൂപ ചെലവഴിച്ച് പദ്ധതി നടപ്പിലാക്കിവരുന്നു. ആർട്ടിക്കിൾ 275(1) ശീർഷകത്തിൽ 2016-17 സാമ്പത്തിക വർഷം 749.01 ലക്ഷം രൂപ ബജറ്റിൽ വകയിരുത്തിയിരുന്നതിൽ ടി പദ്ധതിക്കായി കേന്ദ്ര സഹായമായി 695.58 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. 692.31 ലക്ഷം രൂപ ചെലവഴിച്ച് പദ്ധതി നടപ്പിലാക്കിവരുന്നു. പ്രാക്തന ഗോത്രവർഗ്ഗക്കാരുടെ ശീർഷകത്തിൽ 100 ലക്ഷം രൂപ കേന്ദ്രസഹായമായി ലഭിച്ചിട്ടുണ്ട്.

1-7-2016 മുതൽ 31-3-2017 വരെ പട്ടികജാതി വികസനത്തിനായി കേന്ദ്ര ഫണ്ടിനത്തിൽ അനുവദിച്ച തുകയുടെ വിശദവിവരം ചുവടെ ചേർക്കുന്നു.

1. പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്കുള്ള പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ്

| വർഷം | അനുവദിച്ച തുക | ചെലവഴിച്ച തുക |
|---|---|---|
| 2016-17 | 4267.20 ലക്ഷം | 4267.20 ലക്ഷം |

2. പട്ടികജാതി വിഭാഗത്തിൽപ്പെടുന്ന വിദ്യാർത്ഥികൾക്കുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പ്

| വർഷം | അനുവദിച്ച തുക | ചെലവഴിച്ച തുക |
|---|---|---|
| 2016-17 | 1654.25 ലക്ഷം | 1654.25 ലക്ഷം |

(സി) ഒറ്റപ്പാലം അസംബ്ലി നിയോജകമണ്ഡലത്തിൽ പട്ടികവർഗ്ഗ വികസനത്തിനായി 1-7-2016 മുതൽ 31-3-2017 വരെ തുകയൊന്നും ചെലവഴിച്ചിട്ടില്ല.

1-7-2016 മുതൽ 31-3-2017 വരെ പട്ടികജാതി വികസനത്തിനായി ഒറ്റപ്പാലം അസംബ്ലി നിയോജകമണ്ഡലത്തിൽ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| പദ്ധതി | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക |
|---|---|---|
| ചികിത്സ | 130 | 25,64,500 |
| വിവാഹം | 197 | 98,50,000 |
| മിശ്രവിവാഹം | 19 | 9,50,000 |
| ഭവനനിർമ്മാണം | 159 | 1,14,00,000 |
| ഭവന പുനരുദ്ധാരണം | 77 | 29,75,000 |
| ഭൂരഹിതർക്ക് വീടുവയ്ക്കാൻ സ്ഥലം | 36 | 1,39,25,000 |
| ആകെ | | 4,16,64,500 |

**കോളനികളുടെ വികസനം**

21 (644) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷം നിലമ്പൂർ നിയോജകമണ്ഡലത്തിൽ പട്ടികജാതി പട്ടികവർഗ്ഗ കോളനികളുടെ വികസനത്തിനായി കോർപ്പസ് ഫണ്ടിൽ നിന്നും എത്ര രൂപ അനുവദിച്ചു എന്ന് വ്യക്തമാക്കാമോ;

(ബി) ഏതെല്ലാം പദ്ധതികൾക്കാണ് തുക അനുവദിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷം നിലമ്പൂർ നിയോജകമണ്ഡലത്തിൽ പട്ടികവർഗ്ഗ കോളനികളുടെ വികസനത്തിനായി കോർപ്പസ് ഫണ്ടിൽ ഉൾപ്പെടുത്തി 1,21,12,399 രൂപ അനുവദിച്ചു.

2016-17 സാമ്പത്തിക വർഷം നിലമ്പൂർ നിയോജകമണ്ഡലത്തിൽ പട്ടികജാതി കോളനികളുടെ വികസനത്തിനായി കോർപ്പസ് ഫണ്ടിൽനിന്നും 65,26,500 രൂപ അനുവദിച്ചു.

(ബി) 2016-17 സാമ്പത്തിക വർഷം നിലമ്പൂർ നിയോജകമണ്ഡലത്തിൽ പട്ടികവർഗ്ഗക്കാർക്കായി അനുവദിച്ച പദ്ധതികളുടെയും പട്ടികജാതിക്കാർക്കായി അനുവദിച്ച പദ്ധതികളുടെയും വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## അതിക്രമങ്ങളും പീഡനങ്ങളും

22 (645) ശ്രീ. പി. കെ. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്കെതിരെയുണ്ടായ അതിക്രമങ്ങൾ, പീഡനങ്ങൾ, കൊലപാതകങ്ങൾ, കുട്ടികൾക്കെതിരെയുള്ള പീഡനങ്ങൾ എന്നിവ എത്രയെണ്ണമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഇവ തടയുവാനും ഇവരെ സംരക്ഷിക്കാനുമായി ഈ സർക്കാർ എന്ത് നടപടികൾ സ്വീകരിച്ചുവരുന്നു എന്നും ഈ സർക്കാരിന്റെ കാലത്ത് ആയത് സംബന്ധിച്ച കണക്കുകൾ എത്ര എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത് പട്ടികവർഗ്ഗ വിഭാഗക്കാർക്കെതിരെ നടന്ന അതിക്രമങ്ങളുടെ കണക്കുകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 1. കൊലപാതകങ്ങൾ | - 10 |
| 2. സ്ത്രീപീഡനം | - 568 |
| 3. കുട്ടികൾക്കെതിരെയുള്ള അതിക്രമം | - 167 |
| 4. മറ്റുകേസ്സുകൾ | - 2293 |

പട്ടികജാതിക്കാർക്കെതിരെയുള്ള അതിക്രമങ്ങൾ സംബന്ധിച്ച് ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) അതിക്രമത്തിന് ഇരയാകുന്നവർക്ക് പട്ടികജാതി/പട്ടികവർഗ്ഗ അതിക്രമം തടയൽ നിയമപ്രകാരം സമാശ്വാസ ധനസഹായം നൽകിവരുന്നു. ബോധവൽക്കരണ സെമിനാറുകൾ സംഘടിപ്പിക്കുന്നു. പുനരധിവാസം ആവശ്യമുള്ള കേസ്സുകളിൽ ഭൂമി, വീട് എന്നിവയും അനുവദിക്കുന്നുണ്ട്. മൂന്നുമാസത്തിലൊരിക്കൽ ജില്ലാതല വിജിലൻസ് ആന്റ് മോണിറ്ററിംഗ് കമ്മിറ്റി യോഗം കൂടുകയും കേസ്സുകൾ പരിശോധിച്ച് അർഹമായ ധനസഹായം അനുവദിക്കുകയും ചെയ്യുന്നുണ്ട്. സംസ്ഥാനതലത്തിൽ ബഹു. മുഖ്യമന്ത്രി അദ്ധ്യക്ഷനായ സ്റ്റേറ്റ് ലെവൽ വിജിലൻസ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

ആന്റ് മോണിറ്ററിംഗ് കമ്മിറ്റി വർഷത്തിൽ രണ്ട് പ്രാവശ്യം യോഗം ചേർന്ന് നടപടികൾ വിലയിരുത്തുന്നുണ്ട്. കൂടാതെ അതിക്രമം തടയൽ നിയമപ്രകാരം രജിസ്റ്റർ ചെയ്യുന്ന കേസ്സുകളുടെ ത്വരിതഗതിയിലുള്ള നടത്തിപ്പിനായി കൊല്ലം, മലപ്പുറം, വയനാട് ജില്ലകളിൽ പ്രത്യേക കോടതികളും കാസർഗോഡ്, പാലക്കാട്, വയനാട് ജില്ലകളിൽ സ്പെഷ്യൽ മൊബൈൽ സ്ക്വാഡുകളും പ്രവർത്തിക്കുന്നു.

ഈ സർക്കാരിന്റെ ഭരണകാലത്ത് പട്ടികവർഗ്ഗ വിഭാഗത്തിൽ 189 കേസ്സുകളും പട്ടികജാതി വിഭാഗത്തിൽ 636 കേസ്സുകളും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

### എഴുതിത്തള്ളുന്ന വായ്പാ തുക

23 (646) <u>ശ്രീ. പി. ഉണ്ണി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികജാതി/പട്ടികവർഗ്ഗക്കാർ കോ-ഓപ്പറേറ്റീവ് സൊസൈറ്റികളിൽ നിന്നും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ള വായ്പകൾ എഴുതിത്തള്ളുന്നതിന്റെ വിശദാംശം ലഭ്യമാക്കാമോ;

(ബി) എത്ര തുക വരെയുള്ളതും, എത്ര കാലമായിട്ടുള്ളതുമായ വായ്പകളാണ് എഴുതിത്തള്ളുന്നത്; വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) പട്ടികജാതി വിഭാഗക്കാർ കേരള സംസ്ഥാന പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ, സഹകരണ സ്ഥാപനങ്ങൾ എന്നിവിടങ്ങളിൽനിന്ന് എടുത്തിട്ടുള്ളതും 31-3-2010-ന് തിരിച്ചടവ് കാലാവധി പൂർത്തിയായതുമായ വായ്പകളിൽ മുതലും പലിശയുമുൾപ്പെടെ ഒരു ലക്ഷം രൂപ വരെ എഴുതിത്തള്ളുന്നതിന് 30-3-2015-ലെ സ.ഉ.(പി)നമ്പർ 24/2015/SCSTDD പ്രകാരം വ്യവസ്ഥ ചെയ്തിട്ടുണ്ട്.

പട്ടികവർഗ്ഗ വിഭാഗക്കാർ സഹകരണ സ്ഥാപനങ്ങൾ, കോർപ്പറേഷനുകൾ, സർക്കാർ വകുപ്പുകൾ, ദേശസാൽകൃത ബാങ്കുകൾ, സർവീസ് സഹകരണ ബാങ്കുകൾ, കുടുംബശ്രീ യൂണിറ്റുകൾ എന്നിവിടങ്ങളിൽനിന്നും എടുത്തിട്ടുള്ളതും 1-4-2006 മുതൽ 31-3-2014 വരെ കുടിശ്ശികയായിട്ടുള്ളതുമായ 1,00,000 രൂപ (ഒരു ലക്ഷം രൂപ മാത്രം) വരെയുള്ള വായ്പകൾ പലിശയും പിഴപ്പലിശയും അടക്കം നിർദ്ദിഷ്ട മാനദണ്ഡങ്ങൾ പ്രകാരം എഴുതിത്തള്ളുന്നതിന് 1-10-2015-ലെ സ.ഉ. (അ)നമ്പർ 71/15/പജപവവിവ. പ്രകാരം ഉത്തരവായിട്ടുണ്ട്.

## അംബേദ്കർ ഗ്രാമ വികസന പദ്ധതി

24 (647) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ ഗ്രാമ വികസന പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള മണലൂർ മണ്ഡലത്തിലെ മധുക്കര, പെരുമല പട്ടികജാതി കോളനികളിൽ നടപ്പാക്കാനുദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പദ്ധതിയുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട് ഇതുവരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന വിവരം അറിയിക്കാമോ;

(സി) പദ്ധതി എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകും എന്നാണ് പ്രതീക്ഷിക്കുന്നത്; വിശദാംശങ്ങൾ എന്തൊക്കെയാണ്?

ഉത്തരം

(എ&ബി) മണലൂർ മണ്ഡലത്തിലെ മധുക്കര, പെരുമല എന്നീ പട്ടികജാതിക്കോളനികളിൽ പ്രവൃത്തികൾ നടത്തുന്നതിന് ഒരു കോടി രൂപ വീതം അനുവദിച്ച് ഉത്തരവാകുകയും MoU (Memorandum of Understanding) പ്രകാരം ഒന്നാം ഗഡുവായി 50,00,000 രൂപ വീതം നിർവ്വഹണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രത്തിന് നൽകുകയും ചെയ്തിട്ടുണ്ട്.

(സി) കർമ്മപരിപാടികൾ അംഗീകരിച്ച് ആറുമാസത്തിനകം പദ്ധതി പൂർത്തീകരിക്കാനാകും എന്നാണ് പ്രതീക്ഷിക്കുന്നത്.

## ബാലവാടിയിലെ ആയമാരുടെ സേവന വേതന വ്യവസ്ഥകൾ

25 (648) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം ജില്ലയിലെ മുളക്കുളം പഞ്ചായത്തിൽ സർക്കാർ നഴ്സറിയിൽ പ്രവർത്തിക്കുന്ന പി.സി ലീലയുടെയും കെ. സുശീലയുടെയും സേവന- വേതനത്തിൽ മാറ്റം വരുത്തുന്നതിന് സർക്കാർ സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ;

(ബി) ശ്രീമതി ലീലയ്ക്കും സുശീലയ്ക്കും മറ്റ് ജീവനക്കാർക്ക് നൽകുന്ന ആനുകൂല്യങ്ങൾ ലഭ്യമാക്കിയിട്ടുണ്ടോ; ഇത് സംബന്ധിച്ച് ഇവരുടെ അപേക്ഷ നിലവിലുണ്ടോ; ഇവർക്ക് സർക്കാർ ആനുകൂല്യങ്ങൾ ലഭ്യമാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ &ബി) കോട്ടയം ജില്ലയിലെ മുളക്കുളം പഞ്ചായത്തിൽ പ്രവർത്തിക്കുന്ന ബാലവാടി കൺവർട്ടഡ് നഴ്സറി സ്കൂളിലെ പാർട്ട് ടൈം ടീച്ചർ ശ്രീമതി പി.സി. ലീല, പാർട്ട് ടൈം ആയ ശ്രീമതി കെ. സുശീല എന്നിവർക്ക് പ്രോവിഡന്റ് ഫണ്ട് ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതുമായി ബന്ധപ്പെട്ട് അപേക്ഷ ലഭിച്ചിട്ടുണ്ട്.

ഇവർക്ക് പ്രോവിഡന്റ് ഫണ്ട് ഒഴികെയുള്ള എല്ലാ ആനുകൂല്യങ്ങളും നൽകി വരുന്നുണ്ട്. മറ്റ് പാർട്ട് ടൈം ജീവനക്കാർക്കുള്ളതുപോലെയുള്ള കേരള പാർട്ട് ടൈം കണ്ടിജൻസി പ്രോവിഡന്റ് ഫണ്ടിൽ ഇവർക്ക് അംഗത്വം ലഭിച്ചിട്ടില്ല. മേൽക്കാര്യത്തിനായി ഇവരിൽനിന്നും ലഭ്യമായ അപേക്ഷ തുടർ നടപടികൾക്കായി കോട്ടയം ജില്ലാ പട്ടികജാതി വികസന ഓഫീസിൽനിന്നും അക്കൗണ്ടന്റ് ജനറൽ ഓഫീസിലേയ്ക്ക് അയച്ചുകൊടുത്തിരുന്നെങ്കിലും ആയത് നിരസിക്കുകയാണുണ്ടായത്. ഇവർ വീണ്ടും സമർപ്പിച്ച അപേക്ഷകൾ അക്കൗണ്ടന്റ് ജനറൽ ഓഫീസിലേയ്ക്ക് അയച്ചുകൊടുത്തിട്ടുണ്ടെങ്കിലും ആയതിന്മേൽ നടപടി വിവരങ്ങളോ മറുപടിയോ ലഭ്യമായിട്ടില്ല.

**പട്ടികജാതി വികസന വകുപ്പിന്റെ പദ്ധതികൾ**

26 (649) <u>ശ്രീ. കെ. ദാസൻ</u> : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പട്ടികജാതി വികസന വകുപ്പ് 2017-18 നടപ്പിലാക്കുന്നതിനായി ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികൾ (പ്ലാൻ/നോൺ പ്ലാൻ) എന്തെല്ലാമെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

2017-18-ൽ നടപ്പിലാക്കുന്നതിനായി ബജറ്റിൽ പ്രഖ്യാപിച്ച പദ്ധതികളിൽ പ്ലാൻ വിഭാഗത്തിൽപ്പെട്ട പദ്ധതികളുടെ വിശദവിവരം അനുബന്ധമായി*. ചേർക്കുന്നു. നോൺ പ്ലാൻ വിഭാഗത്തിൽ വകുപ്പിന് കീഴിലുള്ള സ്ഥാപനങ്ങളിലെ ജീവനക്കാരുടെ ശമ്പളത്തിനും മറ്റാനുകൂല്യങ്ങൾക്കുമാണ് സാധാരണ ഗതിയിൽ തുക വകയിരുത്തുന്നത്. ആയതിന് പുറമേ നോൺ പ്ലാൻ വിഭാഗത്തിൽ വകയിരുത്തിയിട്ടുള്ള പദ്ധതി, അനുവദിച്ച തുക എന്നിവ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

| ക്രമ നമ്പർ | പദ്ധതി | തുക |
|---|---|---|
| 1. | 2225-01-01-96-00-34(NP) സംസ്ഥാന ഉപദേശക സമിതി (യാത്രാബത്തയും മറ്റ് ചെലവും) | 1,00,000 |
| 2. | 2225-01-277-99-00-12(NP) (പ്രീ മെട്രിക്കുലേഷൻ സ്റ്റഡീസ് സ്കോളർഷിപ്പും സ്റ്റൈപ്പെന്റും) | 33,00,00,000 |
| 3. | 2225-01-277-98-00-12(NP) (പോസ്റ്റ് മെട്രിക്കുലേഷൻ സ്റ്റഡീസ് സ്കോളർഷിപ്പും സ്റ്റൈപ്പെന്റും) | 18,00,00,000 |
| 4. | 2225-01-282-98(NP) (ഗുരുതര രോഗം ബാധിച്ച പട്ടികജാതി വിഭാഗക്കാർക്കുള്ള ധനസഹായം) | 1,10,00,000 |
| 5. | 2225-01-800-43(NP) (എസ്.സി. പ്രൊമോട്ടർമാരുടെ പരിശീലനവും ഓണറേറിയവും) | 80,00,000 |
| 6. | 2225-80-800-99-00-12(NP) (FC/KPCR വിഭാഗങ്ങൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യം) | 16,00,00,000 |
| 7. | 2225-80-190-94(NP) (വായ്പ എഴുതിത്തള്ളൽ പദ്ധതി) | 1,000 |
| 8. | 6225-01-800-99(NP) (Loans to SC's starting Industry, Trade or profession) | 1,000 |
| 9. | 6225-01-800-97(NP) (Interest free loans to SC's for construction of houses) | 10,00,000 |
| 10. | 6225-01-800-96(NP) (Interest free loans to Advocates) | 1,000 |

**അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതി**

27 (650) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽനിന്നും അംബേദ്കർ സ്വാശ്രയഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കോളനികൾ ഏതൊക്കെയാണെന്ന് വർഷം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) അവയിൽ ഓരോ കോളനിയിലും ഇതുവരെ നടപ്പിലാക്കിയ വികസന പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(സി) അവയിൽ ഏതെല്ലാം കോളനികളിലാണ് പദ്ധതി പൂർത്തിയാക്കിയിട്ടുള്ളത്; ഏതെല്ലാം കോളനികളിലാണ് പദ്ധതി പൂർത്തീകരിക്കാനുള്ളത്; ഏതെല്ലാം കോളനികളിൽ പദ്ധതി ഇനിയും ആരംഭിച്ചിട്ടില്ല എന്നീ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ഡി) പദ്ധതി പൂർത്തീകരിക്കാനുള്ള മണ്ഡലത്തിലെ എല്ലാ കോളനികളിലും പദ്ധതി അടിയന്തരമായി പൂർത്തീകരിക്കുമോ?

<u>ഉത്തരം</u>

(എ) അംബേദ്കർ ഗ്രാമ വികസന പരിപാടി പ്രകാരം പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽനിന്നും 2016-17 വർഷം നെല്ലിയാംകുന്ന്, പൂളക്കുഴി കോളനികളെ തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി&സി) തെരഞ്ഞെടുപ്പ് പെരുമാറ്റച്ചട്ടം നിലവിലുണ്ടായിരുന്നതിനാൽ പ്രവൃത്തികൾ ആരംഭിച്ചിട്ടില്ല.

(ഡി) പദ്ധതി പ്രവർത്തനം സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**ഭവനരഹിതരായ പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾ**

28 (651) <u>ശ്രീ. പി. കെ. ശശി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭവനരഹിതരായ പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങൾ എത്ര എന്ന് ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇവരിൽ വീടുവയ്ക്കാനുള്ള ഭൂമിയില്ലാത്തവർ എത്ര എന്ന് വ്യക്തമാക്കുമോ;

(സി) ഇവരിൽ ഭവനരഹിതർക്ക് വീടും, ഭൂമി ഇല്ലാത്തവർക്ക് ഭൂമിയുൾപ്പെടെ വീടും വച്ച് നല്കുവാൻ ഈ സർക്കാർ എന്ത് നടപടികൾ സ്വീകരിച്ചു വരുന്നു എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ഭവനരഹിതരായ പട്ടികജാതി/പട്ടികവർഗ്ഗ കുടുംബങ്ങളുടെ ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

(ബി) ഇവരിൽ വീട് വയ്ക്കാനുള്ള ഭൂമിയില്ലാത്ത 12261 പട്ടികവർഗ്ഗ കുടുംബങ്ങളുണ്ട്.

(സി) സ്വന്തമായി ഭൂമിയില്ലാത്ത പട്ടികജാതി കുടുംബങ്ങൾക്ക് ഗ്രാമപഞ്ചായത്ത് പ്രദേശത്ത് 5 സെന്റ് ഭൂമി വാങ്ങുന്നതിന് 3,75,000 രൂപയും മുനിസിപ്പാലിറ്റി പ്രദേശത്ത് 3 സെന്റിന് 4,50,000 രൂപയും കോർപ്പറേഷൻ പ്രദേശത്ത് 3 സെന്റിന് 6,00,000 രൂപയും ധനസഹായമായി അനുവദിച്ച് നൽകുന്നുണ്ട്. ഈ സർക്കാർ അധികാരമേറ്റശേഷം 4465 പേർക്ക് (2016-17 വർഷം ) ഭൂമി വാങ്ങുന്നതിന് ധനസഹായം നൽകിയിട്ടുണ്ട്.

സംസ്ഥാനത്ത് സ്വന്തമായി ഭൂമിയുള്ള ഭവനരഹിതരായ പട്ടികജാതി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിന് ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം 3 ലക്ഷം രൂപ ധനസഹായമായി നൽകുന്നുണ്ട്. ടി തുക നിശ്ചിത ഗഡുക്കളായി (15%, 30%, 40%, 15%) ഗുണഭോക്താവിന്റെ അക്കൗണ്ട് വഴി വിതരണം ചെയ്യുന്നു. ഈ സർക്കാർ അധികാരമേറ്റശേഷം 2016-17 വർഷം 14946 പേർക്ക് വീട് നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. ആയതിൽ 967 വീടുകളുടെ പണി പൂർത്തീകരിച്ചിട്ടുണ്ട്. മറ്റുള്ളവ വിവിധ ഘട്ടങ്ങളിൽ അവശേഷിക്കുന്നു. 2007- 08 മുതൽ 2015-16 വരെ അനുവദിച്ച വീടുകളിൽ പണി പൂർത്തികരിക്കാതെ അവശേഷിച്ച 16360 വീടുകളിൽ 4567 വീടുകൾ ഈ സർക്കാരിന്റെ കാലത്ത് പൂർത്തീകരിച്ചിട്ടുണ്ട്.

പട്ടികജാതി വിഭാഗത്തിലെ ഏറ്റവും പിന്നോക്കം നിൽക്കുന്ന വേടൻ, കള്ളാടി, നായാടി, അരുന്ധതീയാർ/ചക്ലിയൻ സമുദായത്തിൽപ്പെട്ടവർക്ക് 5 സെന്റ് ഭൂമി വാങ്ങി അതിൽ വീട് നിർമ്മിക്കുന്നതിന് 7.25 ലക്ഷം രൂപ ഒറ്റ യൂണിറ്റായി അനുവദിക്കുന്നു. ഈ സർക്കാർ അധികാരമേറ്റശേഷം 378 പേർക്ക് ധനസഹായം അനുവദിച്ചതിൽ 45 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്. മറ്റുള്ളവ വിവിധ ഘട്ടങ്ങളിൽ അവശേഷിക്കുന്നു.

ഭവന രഹിതരായ പട്ടികവർഗ്ഗക്കാർക്ക് ജനറൽ ഹൗസിംഗ്, എ.ടി.എസ്.പി. ഭവന പദ്ധതി, ഹഡ്കോ ഭവന പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി ഭവന നിർമ്മാണ ധനസഹായം അനുവദിച്ചുവരുന്നു. കൂടാതെ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

2017-18 സാമ്പത്തിക വർഷം മുതൽ ലൈഫ് മിഷൻ പദ്ധതി പ്രകാരം ഭവനരഹിതരായിട്ടുള്ള എല്ലാവർക്കും 5 വർഷത്തിനുള്ളിൽ വീട് നൽകുന്നതിനുള്ള പദ്ധതിയും വിഭാവനം ചെയ്തിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ജനറൽ ഹൗസിംഗ് പദ്ധതിയിൽ 1875 വീടുകളും വനബന്ധു കല്യാൺ യോജന പദ്ധതി പ്രകാരം 1854 വീടുകളും ഹഡ്കോ ഭവന പദ്ധതി പ്രകാരം 2980 വീടുകളും ഉൾപ്പെടെ ആകെ 6709 വീടുകൾ പട്ടികവർഗ്ഗക്കാർക്ക് അനുവദിച്ചിട്ടുണ്ട്.

ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകൽ പദ്ധതി, ആദിവാസി പുനരധിവാസ വികസന മിഷൻ, വനാവകാശ നിയമം എന്നീ പദ്ധതികൾ പ്രകാരം ഭൂമി ലഭ്യമാക്കി വരുന്നു. ഇപ്രകാരം ഭൂമി ലഭ്യമാകുന്നവരെ ഭവന നിർമ്മാണ ധനസഹായത്തിനായി തെരഞ്ഞെടുക്കുന്നു. 2016-17 സാമ്പത്തിക വർഷം ഭൂരഹിതരായ 174 പട്ടികവർഗ്ഗക്കാർക്ക് 13,37,64,389 രൂപ ചെലവഴിച്ച് 81.983 ഏക്കർ ഭൂമി വാങ്ങി വിതരണം ചെയ്തിട്ടുണ്ട്.

**പട്ടികജാതി വിഭാഗങ്ങളുടെ ഉന്നമനം**

29 (652) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ കാലത്ത് സംസ്ഥാനത്തെ പട്ടികജാതി വിഭാഗങ്ങളുടെ ഉന്നമനത്തിനായി എന്തെല്ലാം കാര്യങ്ങളാണ് ആസൂത്രണം ചെയ്തതെന്ന് വ്യക്തമാക്കുമോ;

(ബി) ഏതൊക്കെ പദ്ധതികളാണ് ഇവരുടെ ഉന്നമനത്തിനായി നടപ്പാക്കിയിട്ടുള്ളത്;

(സി) ഇവർക്ക് സ്വന്തമായി ഭൂമിയും വീടും ഉറപ്പാക്കുന്നതിന് എന്തെല്ലാം നടപടികൾ ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ട്; വിശദമാക്കുമോ;

(ഡി) പട്ടികജാതി സങ്കേതങ്ങളിൽ എല്ലാ വിധത്തിലുമുള്ള അടിസ്ഥാനസൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ&ബി) മൊത്തം പദ്ധതി അടങ്കലിന്റെ 9.81% വരുന്ന തുകയാണ് പട്ടികജാതി വിഭാഗങ്ങളുടെ ഉന്നമനത്തിനായി വകയിരുത്തിയിട്ടുള്ളത് .

പട്ടികജാതിക്കാരുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിനാണ് കൂടുതൽ തുകയും വകയിരുത്തിയിട്ടുള്ളത്. പാർപ്പിടം കഴിഞ്ഞാൽ ഏറ്റവും മുന്തിയ പരിഗണന വിദ്യാഭ്യാസത്തിനാണ്. ഇതിനായി പഠനമുറി എന്ന പുതിയ പദ്ധതി ആവിഷ്കരിച്ച് നടപ്പാക്കുന്നതാണ്. പട്ടികജാതി പെൺകുട്ടികൾക്ക് ഇൻഷ്വറൻസുമായി ബന്ധപ്പെടുത്തിയുള്ള സാമൂഹിക സുരക്ഷാ പദ്ധതി വാത്സല്യ നിധി എന്ന പേരിൽ ആരംഭിക്കുന്നുണ്ട്. കൂടാതെ മൂന്ന് കോർപ്പറേഷനുകളിൽ വർക്കിംഗ് വിമൻസ് ഹോസ്റ്റൽ പണിയുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്. സങ്കേതങ്ങളുടെ സമഗ്ര വികസനം ലക്ഷ്യമിട്ടുകൊണ്ട് അംബേദ്കർ ഗ്രാമവികസന പരിപാടി നടപ്പിലാക്കുന്നുണ്ട്. നടപ്പുപദ്ധതികളുടെ കവറേജ് വർദ്ധിപ്പിക്കുവാനും മോണിറ്ററിംഗ് ശക്തമാക്കുവാനും നടപടി കൈക്കൊണ്ടിട്ടുണ്ട്. സ്പിൽ ഓവർ വീടുകൾ പൂർത്തീകരിക്കുന്നതിനുള്ള ഒരു പ്രത്യേക പദ്ധതിയും ആവിഷ്കരിച്ച് നടപ്പിലാക്കി. വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ പട്ടികകൾ അനുബന്ധമായി ചേർക്കുന്നു.*

(സി) പട്ടികജാതി വിഭാഗക്കാർക്ക് ഭൂമിയും വീടും ഉറപ്പാക്കുന്നതിന് താഴെപ്പറയുന്ന പദ്ധതികൾ നടപ്പാക്കിവരുന്നു.

ഭൂരഹിതർക്ക് ഭവന നിർമ്മാണത്തിനുള്ള ഭൂമി:

പാവപ്പെട്ടവരും അർഹതയുള്ളവരുമായ ഭൂരഹിതരായ പട്ടികജാതിക്കാർക്ക് വീട് വയ്ക്കുന്നതിനായി ഭൂമി വാങ്ങാനുള്ള സഹായം നൽകുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. ഗ്രാമപഞ്ചായത്തിൽ 5 സെന്റ് ഭൂമി വാങ്ങുന്നതിന് 3.75 ലക്ഷം രൂപയും മുനിസിപ്പാലിറ്റിയിൽ 3 സെന്റ് ഭൂമി വാങ്ങുന്നതിന് 4.50 ലക്ഷം രൂപയും കോർപ്പറേഷൻ പ്രദേശങ്ങളിൽ 3 സെന്റ് ഭൂമി വാങ്ങുന്നതിന് 6 ലക്ഷം രൂപയും അനുവദിച്ചുവരുന്നു.

ഭവനരഹിതർക്ക് ഭവനം:

ഗ്രാമപ്രദേശത്ത് സ്വന്തമായി 2 സെന്റും നഗരപ്രദേശത്ത് 1½ സെന്റും ഭൂമിയെങ്കിലും സ്വന്തമായുള്ള ഗ്രാമസഭാ ലിസ്റ്റിൽ ഉൾപ്പെട്ട പട്ടികജാതിക്കാരായ ഭവനരഹിതർക്ക് വീട് വയ്ക്കുന്നതിനുള്ള സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയാണിത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) നാൽപ്പതോ അതിൽക്കൂടുതലോ പട്ടികജാതി കുടുംബങ്ങൾ അധിവസിക്കുന്നതും അടിസ്ഥാന വികസനങ്ങളിൽ പിന്നാക്കം നിൽക്കുന്നതുമായ സങ്കേതങ്ങളിൽ ഒരു നിയോജകമണ്ഡലത്തിൽ 2 എണ്ണം തെരഞ്ഞെടുത്ത് അംബേദ്കർ ഗ്രാമവികസന പരിപാടി എന്ന പേരിൽ കോളനി വികസന പരിപാടി നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

മൊത്തം 280 സങ്കേതങ്ങളിൽ ടി പദ്ധതി നടപ്പാക്കാമെങ്കിലും ബഹു. എം.എൽ.എ.-മാർ തെരഞ്ഞെടുത്ത് നൽകിയതിൽ നിർവ്വഹണ ഏജൻസിയായ ജില്ലാ നിർമ്മിതി കേന്ദ്രം 195-ഉം FIT ഒന്നും (മൊത്തം 196) കോളനികളുടെ വർക്ക് ചെയ്യുന്നതിനായി വകുപ്പുമായി MoU വയ്ക്കുകയും ആദ്യഘട്ടമെന്ന നിലയ്ക്ക് ഓരോ കോളനികളുടെയും പ്രവൃത്തിക്കായി എസ്റ്റിമേറ്റ് തുകയായ ഒരു കോടി രൂപയ്ക്കുള്ള ഭരണാനുമതിയും ഒന്നാം ഗഡുവായി 50% തുകയായ 50 ലക്ഷം രൂപ വീതം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. ബാക്കി വരുന്ന 84 കോളനികളുടെ ലിസ്റ്റ് നിർവ്വഹണ ഏജൻസി ഏറ്റെടുത്ത് MoU വയ്ക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

## പട്ടികജാതി-പട്ടികവർഗ്ഗ ക്ഷേമ പദ്ധതികൾ

30 (653) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി നടപ്പിലാക്കിയ പദ്ധതികൾ ഏതൊക്കെയാണ്;

(ബി) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗക്കാരുടെ അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ഈ സർക്കാർ അനുവദിച്ച തുക എത്രയാണെന്ന് മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ;

(സി) ഏതെല്ലാം ആവശ്യങ്ങൾക്കുവേണ്ടിയാണ് ഈ തുക ചെലവഴിച്ചതെന്ന് മണ്ഡലം തിരിച്ചുള്ള കണക്ക് നൽകാമോ;

(ഡി) കാസർഗോഡ് അസംബ്ലി മണ്ഡലത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ക്ഷേമത്തിനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) <u>പട്ടികജാതി വികസന വകുപ്പ്:</u>

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജനതയുടെ ജീവിത നിലവാരം വർദ്ധിപ്പിക്കുന്നതിന് എല്ലാ പട്ടികജാതിക്കാർക്കും പാർപ്പിടം നൽകുന്ന പദ്ധതിയടക്കമുള്ള അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പദ്ധതികളും വിദേശ സർവ്വകലാശാലയിൽ പഠിക്കുന്നതിനുള്ള ധനസഹായമടക്കമുള്ള വിദ്യാഭ്യാസാനുകൂല്യ പദ്ധതികളും തൊഴിൽ ലഭ്യമാക്കുന്നതിനുള്ള പരിശീലന പരിപാടികളും വായ്പാ സബ്സിഡി നൽകുന്ന പദ്ധതികളും ഉൾപ്പെടെ പട്ടികജാതിക്കാരുടെ ദ്രുതഗതിയിലുള്ള പുരോഗതിക്കായുള്ള പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കി വരുന്നു.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വിഭാഗങ്ങളുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിന് ആവിഷ്കരിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള ഉത്തര ദക്ഷിണമേഖലാ പരിധിയിൽപ്പെടുന്ന ഐ.ടി.ഐ.കളിലായി പ്രതിവർഷം പരിശീലനം നേടാൻ കഴിയുന്ന 2070 പരിശീലനാർത്ഥികൾക്ക് ഐ.ടി.ഐ.-കളിലെ പരിശീലന സമയം, സാമ്പത്തിക പരാധീനത എന്നിവ കണക്കിലെടുത്തുകൊണ്ടും പരിശീലാനർത്ഥികൾക്ക് ഒരു പ്രോത്സാഹനം എന്ന നിലയിലും ഉച്ചഭക്ഷണം നൽകുന്നതിന് 3,10,50,000 രൂപ അനുവദിച്ചുനൽകി.

2. വകുപ്പിനുകീഴിൽ പ്രവർത്തിച്ചുവരുന്ന പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകളിലെ റസിഡൻഷ്യൽ ട്യൂട്ടർമാരുടെ ഓണറേറിയം 2,000 രൂപയിൽനിന്ന് 7,500 രൂപയായി വർദ്ധിപ്പിച്ചു.

3. സംസ്ഥാനത്തെ 9 മുതൽ 12-ാം ക്ലാസ്സ് വരെ പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുക, പഠനത്തിലെ പോരായ്മകൾ കണ്ടെത്തി പരിശീലനം നൽകുക എന്നീ ഉദ്ദേശ്യത്തോടെ കേന്ദ്രസർക്കാർ പദ്ധതിയുടെ മാനദണ്ഡമനുസരിച്ച് (213 വിദ്യാർത്ഥികൾക്ക്) ഡേ സ്കോളേഴ്സിന് 16,000 രൂപയും ഹോസ്റ്റലേഴ്സിന് 25,000 രൂപയും അപ്ഗ്രഡേഷൻ ഓഫ് മെറിറ്റ് ഇനത്തിൽ അനുവദിച്ചു.

4. 2007-08 മുതൽ 2012-13 വർഷം വരെ ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളിൽ പണി പൂർത്തീകരിക്കാതെ അവശേഷിക്കുന്നവർക്ക് പഴയ നിരക്കിൽ വാങ്ങിയ ധനസഹായത്തുക രണ്ട് ലക്ഷം രൂപയ്ക്ക് ആനുപാതികമായ നിരക്കിൽ അധിക ധനസഹായമായി നൽകുന്നതിന് 18-2-2017-ലെ സ.ഉ (സാധാ.) നമ്പർ 494/2017/പ.ജ.പ.വ.വി.വ. നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.

5. വിവാഹ ധനസഹായം/മിശ്രവിവാഹ ധനസഹായം 50,000 രൂപയിൽനിന്ന് 75,000 രൂപയാക്കി ഉയർത്തി.

പട്ടികവർഗ്ഗ വികസന വകുപ്പ് :

പട്ടികവർഗ്ഗക്കാരുടെ സമഗ്ര വികസനവും പുരോഗതിയും സാംസ്കാരിക ഉന്നമനവും ലക്ഷ്യംവച്ചുകൊണ്ടുള്ള നിരവധി പദ്ധതികളാണ് പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കി വരുന്നത്. വിദ്യാഭ്യാസം, സാമ്പത്തികം, അടിസ്ഥാന സൗകര്യ വികസനം, ആരോഗ്യം മറ്റ് സാമൂഹ്യക്ഷേമ പരിപാടികൾ എന്നീ നിലകളിലുള്ള വികസന പ്രവർത്തനങ്ങൾക്കാണ് ഊന്നൽ നൽകിയിട്ടുള്ളത്. വിദ്യാഭ്യാസ വികസനത്തിനാണ് ഏറ്റവും കൂടുതൽ ശ്രദ്ധ ചെലുത്തുന്നത്.

പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന നടപ്പിലാക്കിവരുന്ന പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു:

വിദ്യാർത്ഥികൾക്ക് പ്രോത്സാഹനവും സഹായവും

1. സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം
2. അയ്യങ്കാളി മെമ്മോറിയൽ ടാലന്റ് സെർച്ച് ആന്റ് ഡെവലപ്മെന്റ് പദ്ധതി.
3. സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്ക് പഠനയാത്രയ്ക്കുള്ള സഹായം.
4. അനാഥരായ കുട്ടികൾക്കുള്ള സഹായം
5. വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം

<u>പട്ടികവർഗ്ഗക്ഷേമ സ്ഥാപനങ്ങൾക്കുള്ള സഹായം</u>

<u>വിദ്യാഭ്യാസ വിവര വിനിമയ പദ്ധതി(ഐ.ഇ.സി.) - ദേശീയ കലാ വ്യാപാരമേള:</u>

1. പട്ടികവർഗ്ഗ വികസന വകുപ്പ് നവീകരണം
2. ആദികലാഗ്രാമം
3. പട്ടികവർഗ്ഗക്കാരുടെ ക്ഷേമത്തിനായുള്ള സഹായം
4. പട്ടികവർഗ്ഗ യുവതികളുടെ വിവാഹ ധനസഹായം
5. സിക്കിൾ-സെൽ അനീമിയ രോഗികൾക്കുള്ള സഹായം
6. ജനനീജന്മരക്ഷ
7. പരമ്പരാഗത പട്ടികവർഗ്ഗ വൈദ്യൻമാർക്കുള്ള സാമ്പത്തിക സഹായം

<u>ഭക്ഷണ സഹായ പദ്ധതി - സമഗ്ര പട്ടികവർഗ്ഗ ആരോഗ്യ സംരക്ഷണം:</u>

1. ആരോഗ്യ സംരക്ഷണ കേന്ദ്രങ്ങളുടെ നടത്തിപ്പ്
2. ആശുപത്രികൾ വഴിയുള്ള മെഡിക്കൽ സഹായം
3. പട്ടികവർഗ്ഗ ആശ്വാസ നിധി

<u>ഭവന നിർമ്മാണം :</u>

1. പുതിയ ഭവനങ്ങളുടെ നിർമ്മാണം
2. സ്പിൽ ഓവർ ഭവനങ്ങളുടെ പൂർത്തീകരണം
3. ഭവനങ്ങളുടെ പുനരുദ്ധാരണം

<u>ട്രൈബൽ പ്രൊമോട്ടർമാർക്കുള്ള ഓണറേറിയം:</u>

1. ട്രൈബൽ പ്രൊമോട്ടർമാർ
2. ഊരുകൂട്ടങ്ങളുടെ സംഘാടനം
3. മാനേജ്മെന്റ് പരിശീലകർക്കും ഹെൽത്ത് മാനേജ്മെന്റ് പരിശീലകർക്കുമുള്ള ഓണറേറിയം
4. ഹോസ്റ്റലുകളിലും എം.ആർ.എസ്സുകളിലുമുള്ള കൗൺസിലർമാർക്ക് ഓണറേറിയം
5. പട്ടികവർഗ്ഗ ക്ഷേമത്തിനുവേണ്ടി സാമൂഹ്യപ്രവർത്തകരുടെ സേവനം ഉപയോഗപ്പെടുത്തൽ

ചെറുസങ്കേതങ്ങളുടെ വികസന പദ്ധതി (ഹാംലെറ്റ് പദ്ധതി) പട്ടികവർഗ്ഗക്കാരുടെ വിദ്യാഭ്യാസത്തിന് ഒരു കുടക്കീഴിൽ വരുന്ന പദ്ധതികൾ:

(എ ) മോഡൽ റസിഡൻഷ്യൽ സ്കൂളുകൾ നടത്തുന്നതിനുള്ള ചെലവുകൾ

(ബി) പട്ടികവർഗ്ഗ വിഭാഗത്തിന്റെ വിദ്യാഭ്യാസ അഭിവൃദ്ധിപ്പെടുത്തൽ

1. പ്രാക്തന ഗോത്രവർഗ്ഗക്കാർക്ക് പെരിപ്പതറ്റിക് വിദ്യാഭ്യാസം

2. വിദ്യാർത്ഥികൾക്കായുള്ള ട്യൂട്ടോറിയൽ പദ്ധതി

3. ഗോത്രസാരഥി

(സി) പട്ടികവർഗ്ഗ കുട്ടികൾക്കുള്ള പോസ്റ്റ് മെട്രിക് ഹോസ്റ്റൽ

(ഡി) പ്രീ-മെട്രിക് ഹോസ്റ്റലുകളുടെയും പോസ്റ്റ് മെട്രിക് ഹോസ്റ്റലുകളുടെയും സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ (ഇതര കേന്ദ്രസഹായം)

(ഇ) ഗുരുകുലം (കലിംഗാ മാതൃക) പദ്ധതി

പട്ടികവർഗ്ഗ ഉപ പദ്ധതി പ്രകാരമുള്ള പരിപാടികളിലെ നിർണ്ണായകമായ വിടവ് നികത്തൽ (കോർപ്പസ് ഫണ്ട്) :

എ.റ്റി.എസ്.പി./പ്രത്യേക പാക്കേജ് ഭൂരഹിതരായ പട്ടികവർഗ്ഗക്കാരുടെ പുനരധിവാസം (റ്റി.ആർ.ഡി.എം.);

പൂൾഡ് ഫണ്ട് - പട്ടികവർഗ്ഗ ഉപ പദ്ധതിയിൽ ഉൾപ്പെടുന്നതും മറ്റ് വകുപ്പുകൾ നിർദ്ദേശിച്ചിട്ടുള്ളതുമായ പ്രത്യേക പ്രോജക്ടുകൾക്കായുള്ള ഫണ്ട്;

പട്ടികവർഗ്ഗ പ്രദേശങ്ങളിലെ സൗകര്യങ്ങളുടെ വികസനം (ഇതര കേന്ദ്രസഹായം);

ആർട്ടിക്കിൾ 275(1) പ്രകാരമുള്ള ഗ്രാന്റ് ഇൻ-എയ്ഡ് പദ്ധതി (ഇതര കേന്ദ്രസഹായം);

പട്ടികവർഗ്ഗ യുവാക്കൾക്ക് സ്വയംതൊഴിലിനും നൈപുണ്യ വികസന പരിശീലനത്തിനുമുള്ള സഹായം

1. അടിയൻ, പണിയൻ, പ്രാക്തന ഗോത്രവർഗ്ഗ വിഭാഗം

2. വനത്തിനുള്ളിൽ താമസിക്കുന്ന പട്ടികവർഗ്ഗക്കാരുടെ സമഗ്ര വികസനം

3. അഗതി മന്ദിരം

1999-ലെ കൈമാറ്റ നിയന്ത്രണവും അന്യാധീനപ്പെട്ട ഭൂമി പുനഃസ്ഥാപിച്ച് നൽകലും നിയമം നടപ്പാക്കലും; പട്ടികവർഗ്ഗ പാരമ്പര്യ വൈദ്യൻമാർക്കുള്ള സ്റ്റേറ്റ് സെന്റർ

50% കേന്ദ്രാവിഷ്കൃത പദ്ധതികൾ:

പട്ടികവർഗ്ഗ മേഖലയിൽ മാതൃകാ റെസിഡൻഷ്യൽ സ്കൂളുകളുടെയും ആശ്രമം സ്കൂളുകളുടെയും നിർമ്മാണം (50 ശതമാനം സംസ്ഥാന വിഹിതം);

ആൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (50 ശതമാനം സംസ്ഥാന വിഹിതം);

കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ ഓഹരി;

കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ ഗവേഷണ പരിശീലന വികസന ഇൻസ്റ്റിറ്റ്യൂട്ടിന് (കിർത്താഡ്സ്) ധനസഹായം

1. ഗവേഷണ പ്രവർത്തനങ്ങൾ

2. പരിശീലനം

അതിക്രമങ്ങൾ തടയൽ നിയമം നടപ്പാക്കൽ (സംസ്ഥാന വിഹിതം 50 ശതമാനം);

പട്ടികവർഗ്ഗ ഉപ പദ്ധതി - തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന പരിപാടികൾ.

100 % കേന്ദ്രാവിഷ്കൃത പദ്ധതികൾ:

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള പോസ്റ്റ് -മെട്രിക് സ്കോളർഷിപ്പുകൾ;

പട്ടികവർഗ്ഗ ഉപ പദ്ധതികൾക്കുള്ള പ്രത്യേക കേന്ദ്രസഹായം;

10-ാം ക്ലാസ്സിലും 9-ാം ക്ലാസ്സിലും പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള പ്രീ-മെട്രിക് സ്കോളർഷിപ്പുകൾ (100% കേന്ദ്ര സഹായ പദ്ധതി);

പെൺകുട്ടികളുടെ ഹോസ്റ്റൽ നിർമ്മാണം (100% കേന്ദ്ര സഹായം);

മോഡൽ റെസിഡൻഷ്യൽ സ്കൂളുകളുടെ കെട്ടിട നിർമ്മാണം (100% കേന്ദ്ര സഹായം - ആർട്ടിക്കിൾ 275(1) പ്രകാരം);

ആർട്ടിക്കിൾ 275(1) പ്രകാരം പട്ടികവർഗ്ഗക്കാരുടെയും പരമ്പരാഗതമായി വനത്തിൽ വസിക്കുന്നവരുടെയും നിയമം (2006) നടപ്പാക്കൽ (വനാവകാശ നിയമം അംഗീകരിക്കൽ );

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കുള്ള തൊഴിലധിഷ്ഠിത പരിശീലന സ്ഥാപനം;

പ്രാക്തന ഗോത്രവർഗ്ഗക്കാർക്കുള്ള സംരക്ഷണവും വികസനവും ചേർന്നുള്ള പദ്ധതി (സി.സി.ഡി. പദ്ധതി);

കിർത്താഡ്സിന് പശ്ചാത്തല സൗകര്യമൊരുക്കൽ;

കേരള സംസ്ഥാന പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ ഫെഡറേഷന് ധനസഹായം;

പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ നിലവാരം മെച്ചപ്പെടുത്തൽ;

പട്ടികവർഗ്ഗക്കാർക്കുവേണ്ടി വിവിധ സൗകര്യങ്ങളോടുകൂടി ഹോസ്റ്റലുകൾ:

വയനാട് ഗോത്രഭാഷാ കലാപഠന കേന്ദ്രം (പട്ടികവർഗ്ഗക്കാരുടെ കലാസാഹിത്യ സംസ്കാരിക പൈതൃകം നിലനിർത്തുന്നതിനായി ഇവയുടെ ശേഖരണവും സൂക്ഷിപ്പും) അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി (പുതുക്കിയ എ.റ്റി.എസ്.പി. ഫണ്ട്/പ്രത്യേക പാക്കേജ്);

ഗോത്രസാരഥി-പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്കായുള്ള വാഹന സൗകര്യം;

സാമൂഹ്യ പഠനമുറി-ഊരുകളിൽ ഒരു പഠന സഹായിയുടെ സഹായത്തോടെ പഠനം സൗകര്യം ഒരുക്കുന്നതിനായുള്ള പദ്ധതി, ഗോത്രബന്ധു- പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനായി 241 പട്ടികവർഗ്ഗ അദ്ധ്യാപകരെ നിയമിക്കുന്ന പദ്ധതി;

ഗോത്രവാത്സല്യനിധി - പട്ടികവർഗ്ഗ പെൺകുട്ടികളുടെ വിദ്യാഭ്യാസ പരിപാടിയും തെരഞ്ഞെടുക്കപ്പെട്ട പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ലഹരി വിരുദ്ധ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കുകയും പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനും ശിശു മാതൃമരണനിരക്ക് കുറയ്ക്കുന്നതിനുമായി ന്യൂട്രീഷൻ റീഹാബിലിറ്റേഷൻ പദ്ധതി.

(ബി - ഡി) വിവരം ശേഖരിച്ചുവരുന്നു.

**ജീവിതനിലവാരം മെച്ചപ്പെടുത്താൻ സ്വീകരിച്ച നടപടി**

31 (654) <u>ശ്രീ. എസ്. ശർമ്മ</u>: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ പട്ടികജാതി - പട്ടികവർഗ്ഗ കുടുംബങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുവാൻ ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

<u>പട്ടികജാതി വികസന വകുപ്പ്:</u>

പട്ടികജാതി വിഭാഗത്തിൽപ്പെട്ട ജനതയുടെ ജീവിത നിലവാരം വർദ്ധിപ്പിക്കുന്നതിന് എല്ലാ പട്ടികജാതിക്കാർക്കും പാർപ്പിടം നൽകുന്ന പദ്ധതിയടക്കമുള്ള അടിസ്ഥാന സൗകര്യ വികസനത്തിനുള്ള പദ്ധതികളും വിദേശ സർവ്വകലാശാലയിൽ പഠിക്കുന്നതിനുള്ള ധനസഹായമടക്കമുള്ള വിദ്യാഭ്യാസ ആനുകൂല്യപദ്ധതികളും തൊഴിൽ ലഭ്യമാക്കുന്നതിനുള്ള പരിശീലന പരിപാടികളും വായ്പാ സബ്സിഡി നൽകുന്ന പദ്ധതികളും ഉൾപ്പെടെ പട്ടികജാതിക്കാരുടെ ദ്രുതഗതിയിലുള്ള പുരോഗതിക്കായി പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കി വരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വിഭാഗങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിന് ആവിഷ്കരിച്ച പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള ഉത്തര ദക്ഷിണമേഖല പരിധിയിൽപ്പെടുന്ന ഐ.ടി.ഐ.-കളിലായി പ്രതിവർഷം പരിശീലനം നേടാൻ കഴിയുന്ന 2070 പരിശീലനാർത്ഥികൾക്ക്

ഐ.ടി.ഐ.-കളിലെ പരിശീലന സമയം, സാമ്പത്തിക പരാധീനത എന്നിവ കണക്കിലെടുത്തുകൊണ്ടും പരിശീലാനർത്ഥികൾക്ക് ഒരു പ്രോത്സാഹനം എന്ന നിലയിലും ഉച്ചഭക്ഷണം നൽകുന്നതിന് 3,10,50,000 രൂപ അനുവദിച്ചുനൽകി.

2. വകുപ്പിന് കീഴിൽ പ്രവർത്തിച്ചുവരുന്ന പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകളിലെ റെസിഡൻഷ്യൽ ട്യൂട്ടർമാരുടെ ഓണറേറിയം 2,000 രൂപയിൽ നിന്ന് 7,500 രൂപയായി വർദ്ധിപ്പിച്ചു.
3. സംസ്ഥാനത്തെ 9 മുതൽ 12-ാം ക്ലാസ്സുവരെ പഠിക്കുന്ന പട്ടികജാതി വിഭാഗം വിദ്യാർത്ഥികളുടെ പഠന നിലവാരം ഉയർത്തുക, പഠനത്തിലെ പോരായ്മകൾ കണ്ടെത്തി പരിശീലനം നൽകുക എന്നീ ഉദ്ദേശ്യത്തോടെ കേന്ദ്രസർക്കാർ പദ്ധതിയുടെ മാനദണ്ഡമനുസരിച്ച് (213 വിദ്യാർത്ഥികൾക്ക്) ഡേ സ്കോളേഴ്സിന് 16,000 രൂപയും ഹോസ്റ്റലേഴ്സിന് 25,000 രൂപയും അപ്ഗ്രഡേഷൻ ഓഫ് മെറിറ്റ് ഇനത്തിൽ അനുവദിച്ചു.
4. 2007-8 മുതൽ 2012-13 വർഷം വരെ ഭവന നിർമ്മാണ ധനസഹായ പദ്ധതിപ്രകാരം തെരഞ്ഞെടുക്കപ്പെട്ട ഗുണഭോക്താക്കളിൽ പണി പൂർത്തീകരിക്കാതെ അവശേഷിക്കുന്നവർക്ക് പഴയ നിരക്കിൽ വാങ്ങിയ ധനസഹായത്തുക രണ്ട് ലക്ഷം രൂപയ്ക്ക് ആനുപാതികമായ നിരക്കിൽ അധിക ധനസഹായമായി നൽകുന്നതിന് 18-2-2017-ലെ സ.ഉ (സാധാ.) നമ്പർ 494/2017/പജപവവിവ. നമ്പർ ഉത്തരവ് പ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്.
5. വിവാഹ ധനസഹായം/മിശ്രവിവാഹ ധനസഹായം 50,000 രൂപയിൽനിന്ന് 75,000 രൂപയാക്കി ഉയർത്തി. മിശ്രവിവാഹ ധനസഹായത്തിന്റെ വരുമാനപരിധി 40,000 രൂപയിൽനിന്ന് ഒരു ലക്ഷം രൂപയായി ഉയർത്തിയിട്ടുണ്ട്.

<u>പട്ടികവർഗ്ഗ വികസന വകുപ്പ്</u> :

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനായി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന മെച്ചപ്പെട്ട വിദ്യാഭ്യാസം, ആരോഗ്യം, അടിസ്ഥാന സൗകര്യ വികസനം, ഭവനം, ഭൂമി, സ്വയംതൊഴിൽ എന്നിവ ലക്ഷ്യം വച്ചുകൊണ്ട് വിവിധ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു.

1. പട്ടികവർഗ്ഗ ഭവന നിർമ്മാണ പദ്ധതിയിൽ ഉൾപ്പെടുത്തി 6709 വീടുകൾ പുതിയതായി അനുവദിച്ചു. ജനറൽ ഹൗസിംഗ് സ്കീമിൽ 50.47 കോടി രൂപയും ഹഡ്കോ ലോൺ തുകയായ 50 കോടി രൂപയും എസ്.ടി.എസ്.പി. ഹൗസിംഗ് സ്കീമിൽ 156.45 കോടി രൂപയും ഉൾപ്പെടെ ആകെ 256.92 കോടി രൂപ ടി ആവശ്യത്തിന് വിനിയോഗിച്ചു. മുൻ വർഷങ്ങളിൽ അനുവദിച്ച 4158 വീടുകളുടെ പൂർത്തീകരണവും ഇതിൽ ഉൾപ്പെടും.

2. മൺസൂൺ കാലത്ത് പട്ടികവർഗ്ഗ കുടുംബങ്ങളെ പട്ടിണി ഉണ്ടാകാതെ സംരക്ഷിക്കുന്നതിനായി ഭക്ഷ്യസഹായ പദ്ധതിയിലുൾപ്പെടുത്തി 86133 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭക്ഷ്യധാന്യങ്ങൾ വിതരണം ചെയ്തു. ടി ആവശ്യത്തിലേയ്ക്ക് 18.55 കോടി രൂപ വിനിയോഗിച്ചു.

3. പട്ടികവർഗ്ഗക്കാരെ പുനരധിവസിപ്പിക്കുന്നതിനായി 13.37 കോടി രൂപ ചെലവഴിച്ചുകൊണ്ട് 174 പേർക്ക് 81983 ഏക്കർ ഭൂമി വാങ്ങി നൽകി. കൂടാതെ പുനരധിവാസ മേഖലയിൽ റോഡ്, കുടിവെള്ളം, വൈദ്യുതീകരണം മുതലായ അടിസ്ഥാന സൗകര്യ വികസനത്തിനായി 30.15 കോടി രൂപയും ചെലവഴിച്ചു. ആകെ 43.52 കോടി രൂപ ടി ആവശ്യങ്ങൾക്ക് വിനിയോഗിച്ചു.

4. കിഫ്ബിയിൽ ഉൾപ്പെടുത്തി പട്ടികവർഗ്ഗ വികസന വകുപ്പിന്റെ 10 പദ്ധതികൾക്ക് താൽക്കാലിക അംഗീകാരം നൽകി, പ്രീ-മെട്രിക്, പോസ്റ്റ്-മെട്രിക് ഹോസ്റ്റലുകളുടെ നിർമ്മാണം യൂത്ത് ഹോസ്റ്റൽ നിർമ്മാണം, ഇടുക്കി നാട്ടുകാണി വി.ടി.സി.-യുടെ വികസനം എന്നിവ ടി പദ്ധതിയിലൂടെ ലക്ഷ്യമിടുന്നു.

5. സമഗ്ര ആരോഗ്യസുരക്ഷാ പദ്ധതിയിൽ ഉൾപ്പെടുത്തി 29614 പട്ടികവർഗ്ഗ വിഭാഗക്കാർക്ക് ചികിത്സാ ആനുകൂല്യം നൽകുന്നതിന് കഴിഞ്ഞു. 16 കോടി രൂപ ടി ആവശ്യത്തിന് വിനിയോഗിക്കാൻ കഴിഞ്ഞു.

6. ജനനീ ജന്മരക്ഷ പദ്ധതിയിലുൾപ്പെടുത്തി ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും പോഷകാഹാരം നൽകുന്നതിനുമായി 10 കോടി രൂപ വിനിയോഗിച്ചുകൊണ്ട് 11880 പേർക്ക് ആനുകൂല്യം നൽകി.

7. കോർപ്പസ് ഫണ്ടിലുൾപ്പെടുത്തി 47.53 കോടി രൂപയുടെ പദ്ധതി നടപ്പിലാക്കി. സമ്പൂർണ്ണ വൈദ്യുതീകരണം, പാലങ്ങൾ, റോഡുകൾ, കുടിവെള്ള പദ്ധതികൾ തുടങ്ങിയ നിരവധി പദ്ധതികൾ പട്ടികവർഗ്ഗ മേഖലയിൽ നടപ്പിലാക്കി. അട്ടപ്പാടിയിലെ കമ്മ്യൂണിറ്റി കിച്ചൻ പദ്ധതിയും ഇതിലുൾപ്പെടുന്നു. കൂടുതൽ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**ചികിത്സാ സഹായം**

32 (655) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷത്തിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് എത്ര തുക ചികിത്സാ സഹായമായി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) അപകടമരണം സംഭവിച്ചവരുടെ ആശ്രിതർക്ക് എന്തെല്ലാം സഹായങ്ങളാണ് പട്ടികജാതി പട്ടികവർഗ്ഗ വകുപ്പിൽ നിന്ന് ലഭിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) പരമ്പരാഗത തൊഴിലിലേർപ്പെട്ടിരിക്കെ അപകടം സംഭവിക്കുന്ന ഈ വിഭാഗത്തിൽപ്പെട്ടവർക്ക് എന്തെല്ലാം സഹായങ്ങളാണ് സർക്കാർ നൽകിവരുന്നതെന്ന് വിശദമാക്കുമോ;

(ഡി) അർഹരായവർക്ക് ഇത് ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷത്തിൽ പട്ടികജാതി വിഭാഗത്തിൽപ്പെട്ട 23073 പേർക്കായി 45,99,28,104 രൂപ ചികിത്സാ ധനസഹായമായി നൽകിയിട്ടുണ്ട്.

2016-17 സാമ്പത്തിക വർഷം പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ബജറ്റ് വിഹിതമായി അനുവദിച്ച 15 കോടി രൂപ 29614 പട്ടികവർഗ്ഗക്കാർക്ക് ചികിത്സാ ധനസഹായമായി നൽകിയിട്ടുണ്ട്.

(ബി) കുടുംബത്തിലെ ഏകവരുമാന ദായകന് അപകടമരണം സംഭവിച്ചാൽ കുടുംബത്തിലെ ആശ്രിതർക്ക് 50,000 രൂപ ധനസഹായം നൽകിവരുന്നുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പട്ടികജാതി വിഭാഗത്തിൽ അപകടത്തിൽപ്പെടുന്നവർക്കും അസുഖബാധിതരായവർക്കും അർഹമായ ചികിത്സാ ധനസഹായം പട്ടികജാതി വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും അനുവദിക്കുന്നുണ്ട്.

പട്ടികവർഗ്ഗ കുടുംബത്തിലെ വരുമാന സ്രോതസ്സായ അംഗം അപകടത്തിൽപ്പെട്ട് ചികിത്സയിൽ കഴിയുകയാണെങ്കിൽ ടിയാൾക്ക് 25,000 രൂപ ധനസഹായം അനുവദിക്കുന്നു. കൂടാതെ അപകടത്തിൽപ്പെടുന്നവർക്കും അസുഖ ബാധിതരായവർക്കും അർഹമായ ചികിത്സാ ധനസഹായം അനുവദിക്കുന്നുണ്ട്.

(ഡി) പരമ്പരാഗത തൊഴിലിലേർപ്പെട്ടിരിക്കെ അപകടം സംഭവിക്കുന്ന പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ധനസഹായം ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി സർക്കാർ/ഡയറക്ടർ തലത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## കോർപ്പസ് ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികൾ

33 (656) ശ്രീ. സി. ദിവാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നെടുമങ്ങാട് മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികളുടെ വിശദാംശം നൽകുമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നെടുമങ്ങാട് മണ്ഡലത്തിൽ കോർപ്പസ് ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കിയ പ്രവൃത്തികളുടെ വിശദാംശം നൽകുമോ;

(സി) ഏതെല്ലാം പ്രവൃത്തികൾ പൂർത്തീകരിച്ചുവെന്നും എതെല്ലാം പൂർത്തീകരിക്കാനുണ്ടെന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ) പട്ടികജാതി വികസന വകുപ്പ്:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെടുമങ്ങാട് മണ്ഡലത്തിൽ കോർപ്പസ് ഫണ്ടുപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു*.

പട്ടികവർഗ്ഗ വികസന വകുപ്പ്:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നെടുമങ്ങാട് മണ്ഡലത്തിൽ കോർപ്പസ് ഫണ്ടുപയോഗിച്ച് പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) <u>പട്ടികജാതി വികസന വകുപ്പ്:</u>

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നെടുമങ്ങാട് മണ്ഡലത്തിൽ കോർപ്പസ് ഫണ്ടുപയോഗിച്ച് നടപ്പിലാക്കിയ പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു*.

<u>പട്ടികവർഗ്ഗ വികസന വകുപ്പ്:</u>

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നെടുമങ്ങാട് മണ്ഡലത്തിൽ കോർപ്പസ് ഫണ്ടുപയോഗിച്ച് പദ്ധതികൾ നടപ്പിലാക്കിയിട്ടില്ല.

(സി) <u>പട്ടികജാതി വികസന വകുപ്പ്:</u>

മുത്താംകോണം കോളനി കുടിവെള്ള പദ്ധതി, പറമ്പുവാരം കോളനി കുടിവെള്ള പദ്ധതി, കരിങ്ങയിൽ കോളനി കുടിവെള്ള കണക്ഷൻ, പരിയാരം കോളനി കുടിവെള്ള കണക്ഷൻ എന്നീ പദ്ധതികളുടെ തുക വാട്ടർ അതോറിറ്റിക്ക് ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. ടെണ്ടർ നടപടികൾ ആരംഭിച്ചതായി വാട്ടർ അതോറിറ്റി അറിയിച്ചിട്ടുണ്ട്.

മരുതൂർ എം.ജി.എച്ച്.എസ്.സി. കോളനി റോഡ് & ടാറിംഗ്, കാവുനട പറമ്പുവാരം പട്ടികജാതി കോളനി റോഡ്, കല്ലുവരമ്പ് കോളനി റോഡ് എന്നീ പദ്ധതികൾ പൂർത്തീകരിച്ചു. വേടരുകോണം എസ്.സി. കോളനി കുടിവെള്ള പദ്ധതി പൂർത്തീകരിച്ചിട്ടില്ല.

<u>പട്ടികവർഗ്ഗ വികസന വകുപ്പ്:</u>

ബാധകമല്ല.

**അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതി**

34 (657) <u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതിയിൽ കോതമംഗലം മണ്ഡലത്തിൽനിന്നും ഏതെല്ലാം കോളനികളെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്;

(ബി) ഈ കോളനികളിൽ എന്തെല്ലാം നവീകരണ പ്രവർത്തനങ്ങൾ നടത്തുവാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്;

(സി) ഏത് നിർവ്വഹണ ഏജൻസിയാണ് നവീകരണ പ്രവർത്തനം ഏറ്റെടുത്തിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ഡി) ഇതിന്റെ നിലവിലെ അവസ്ഥ വിശദീകരിക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) അംബേദ്കർ സ്വാശ്രയ ഗ്രാമം പദ്ധതിയിൽ കോതമംഗലം മണ്ഡലത്തിൽനിന്നും മുത്തുർ കോളനിയെയാണ് തെരഞ്ഞെടുത്തിട്ടുള്ളത്.

(ബി) താഴെപ്പറയുന്ന അടിസ്ഥാന സൗകര്യ വികസന പ്രവൃത്തികളിൽനിന്നും മുത്തുർ കോളനിക്കാവശ്യമായവ മോണിറ്ററിംഗ് കമ്മിറ്റിയുടെ അംഗീകാരത്തിന് വിധേയമായി നടപ്പാക്കാനാണുദ്ദേശിക്കുന്നത്.

1. കോളനിക്കുള്ളിലുള്ള റോഡ്/നടപ്പാത
2. ആശയവിനിമയ സംവിധാനം
3. കുടിവെള്ള പദ്ധതി.
4. ഡ്രെയിനേജ് സംവിധാനം
5. വൈദ്യുതീകരണം/ വീടുകളിലേയ്ക്കുള്ള സോളാർ വൈദ്യുതീകരണം
6. സോളാർ തെരുവുവിളക്ക്
7. സാനിട്ടേഷൻ
8. വീട് പുനരുദ്ധാരണം
9. മാലിന്യ നിർമ്മാർജ്ജനം
10. പൊതുസൗകര്യം മെച്ചപ്പെടുത്തൽ, കളിസ്ഥലം മുതലായവ (സ്ഥലം ലഭ്യമെങ്കിൽ )
11. സംരക്ഷണ ഭിത്തി നിർമ്മാണം
12. ജലസേചന സൗകര്യം
13. അടുക്കളത്തോട്ടം
14. വനിതകൾക്കുള്ള വരുമാനദായക പദ്ധതികൾ (മൃഗസംരക്ഷണം, കൃഷി, നെയ്ത്ത്, തയ്യൽ തുടങ്ങിയവ)

(സി) എറണാകുളം ജില്ലാ നിർമ്മിതി കേന്ദ്രമാണ് നവീകരണ പ്രവർത്തനം ഏറ്റെടുത്തിരിക്കുന്നത്.

(ഡി) പ്രസ്തുത പദ്ധതിക്ക് ഭരണാനുമതി നൽകിയതിന്റെ അടിസ്ഥാനത്തിൽ ടി കോളനിയിൽ പദ്ധതി നിർവ്വഹണം നടത്തുന്നതിന് ജില്ലാ നിർമ്മിതി വകുപ്പുമായി MoU ഒപ്പുവച്ചിട്ടുണ്ട്.

## ധനസഹായം

35 (658) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ കാണക്കാരി പഞ്ചായത്തിൽ, മാൻഹോളിൽ വീണ് മരണമടഞ്ഞ ശ്രീ. ദേവസ്യാ ചാക്കോ, ബിനോയ് ജോസഫ് എന്നിവർക്ക് സർക്കാർ പ്രത്യേക ധനസഹായം നൽകിയിട്ടുണ്ടോ; ഇതു സംബന്ധിച്ച ഫയൽ നിലവിലുണ്ടോ; ഈ ഫയലിന്റെ പുരോഗതി വ്യക്തമാക്കാമോ;

(ബി) ഇപ്പോൾ സർക്കാരിന്റെ പക്കലുള്ള 1171896/2017 ഫയലിൽ ഇതുവരെ സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ; ഈ ഫയൽ തീർപ്പാക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;28-1-2017 ൽ ഈ ഫയൽ ഒറിജിനേറ്റ് ചെയ്തതിനുശേഷം ഇതുവരെയുണ്ടായ കാലതാമസത്തിനുള്ള കാരണം വ്യക്തമാക്കാമോ;

(സി) പട്ടികജാതി വികസന ഡയറക്ടറേറ്റിൽ ഇത് സംബന്ധിച്ച് ഫയൽ നിലവിലുണ്ടോ; പ്രസ്തുത ഫയൽ സർക്കാരിന്റെ പരിഗണനയ്ക്ക് അയച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ കാലതാമസം നേരിട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ കാരണം വ്യക്തമാക്കാമോ?

### ഉത്തരം

(എ) മരണമടഞ്ഞ ദേവസ്യാ ചാക്കോ, ബിനോയ് ജോസഫ് എന്നിവരുടെ കുടുംബത്തിന് ഒരു ലക്ഷം രൂപ വീതം അനുവദിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ച ഫയൽ നിലവിലുണ്ട്. ഈ വിവരങ്ങൾ കേന്ദ്ര സാമൂഹ്യനീതി വകുപ്പിന് നൽകിയിട്ടുണ്ട്.

(ബി) ദേവസ്യാ ചാക്കോ, ബിനോയ് ജോസഫ് ഉൾപ്പെടെ ഏകദേശം 12-ഓളം പേർക്ക് മാൻഹോൾ, സെപ്റ്റിക് ടാങ്ക് വൃത്തിയാക്കുന്ന ജോലികൾക്കിടെ മരണം സംഭവിച്ചിട്ടുണ്ട്. ഇവരുടെ കുടുംബങ്ങൾക്ക് നഷ്ടപരിഹാരം നൽകുന്നത് സംബന്ധിച്ച് 23794/ബി3/2013/പജപവവിവ. നമ്പർ ഫയലിൽ കേന്ദ്ര സാമൂഹ്യനീതി വകുപ്പ് ആവശ്യപ്പെട്ടതുപ്രകാരം പട്ടികജാതി വികസന ഡയറക്ടർ നൽകിയ റിപ്പോർട്ട് (തപാൽ നമ്പർ 1171896) പൂർണ്ണമല്ലാത്തതിനാൽ ലഭ്യമായ വിവരങ്ങൾ കേന്ദ്രസർക്കാരിനെ അറിയിക്കുകയും കൂടുതൽ വിവരങ്ങൾ ലഭ്യമാക്കുന്നതിന് പട്ടികജാതി വികസന വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ഭരണപരമായ കാലതാമസം മാത്രമാണ് ഈ വിഷയത്തിൽ ഉണ്ടായിട്ടുള്ളത്.

(സി) ഉണ്ട്. ടി ഫയലിൽ സർക്കാർ നിർദ്ദേശപ്രകാരം 1993-നു അതിനുശേഷവും സെപ്റ്റിക് ടാങ്ക്, മാൻഹോൾ എന്നിവ വൃത്തിയാക്കുന്നതിനിടയിൽ മരണമടഞ്ഞ മുഴുവൻ വ്യക്തികളുടെയും ജില്ല തിരിച്ചുള്ള വിവരങ്ങളാണ് ശേഖരിക്കുവാനുണ്ടായിരുന്നത്. ഏകദേശം 24 വർഷത്തെ വിവരങ്ങൾ ജില്ലകളിൽനിന്നും ശേഖരിച്ച് ക്രോഡീകരിച്ച് സർക്കാരിൽ സമർപ്പിക്കാനുള്ള സമയമാണ് ഇക്കാര്യത്തിൽ ഡയറക്ടറുടെ ഭാഗത്ത് വേണ്ടിവന്നിട്ടുള്ളത്. മനഃപൂർവ്വമായ ഒരു കാലതാമസം ഉണ്ടായിട്ടില്ല.

**പട്ടികജാതി കോളനി**

36 (659) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ ഏതെങ്കിലും പട്ടികജാതി കോളനിയിൽ കുടിവെള്ള പദ്ധതി അനുവദിച്ചിട്ടുണ്ടോ; എങ്കിൽ അവ എവിടെയെല്ലാമെന്ന് അറിയിക്കുമോ;

(ബി) ഓരോ പദ്ധതിക്കും അനുവദിച്ച തുകയുടെയും പദ്ധതി നടപ്പിലാക്കാൻ ചുമതലപ്പെടുത്തിയ ഏജൻസിയുടെയും വിശദാംശം ലഭ്യമാക്കുമോ;

(സി) പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെങ്കിലും നിർദ്ദേശം നൽകിയിട്ടുണ്ടോ; പദ്ധതികളുടെ പുരോഗതി വിലയിരുത്തുമോ?

ഉത്തരം

(എ&ബി) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ 11 പട്ടികജാതി കോളനികളിൽ കുടിവെള്ള പദ്ധതികൾ അനുവദിച്ചിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

(സി) പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനും പുരോഗതി വിലയിരുത്തുന്നതിനുമായി ജില്ലാ കളക്ടറുടെ അദ്ധ്യക്ഷതയിൽ നിർവ്വഹണ ഉദ്യോഗസ്ഥരുടെ യോഗം വിളിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പട്ടികജാതി /പട്ടികവർഗ്ഗ സങ്കേതം

37 (660) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ മണ്ഡലത്തിൽ നിലവിൽ എത്ര പട്ടികജാതി /വർഗ്ഗ സങ്കേതങ്ങൾ ഉണ്ടെന്ന് വ്യക്തമാക്കാമോ; ഈ മണ്ഡലത്തിൽ ആദിവാസി വിഭാഗത്തിൽപ്പെട്ടവർ താമസിച്ചുവരുന്നുണ്ടോ;

(ബി) ഏതൊക്കെ സങ്കേതങ്ങളാണ് ഇപ്പോൾ സ്വയംപര്യാപ്ത മാതൃകാ കേന്ദ്രങ്ങളാക്കി മാറ്റിയതെന്ന് വ്യക്തമാക്കാമോ; ഇവിടെ ഏർപ്പെടുത്തിയ വികസന പ്രവർത്തനങ്ങൾ എന്തൊക്കെയെന്നും വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) കാസർഗോഡ് ജില്ലയിലെ തൃക്കരിപ്പൂർ മണ്ഡലത്തിൽ 84 പട്ടികജാതി സങ്കേതങ്ങളും 113 പട്ടികവർഗ്ഗ സങ്കേതങ്ങളുമുണ്ട്. ഈ മണ്ഡലത്തിൽ ആദിവാസി വിഭാഗത്തിൽപ്പെട്ട പട്ടികവർഗ്ഗക്കാർ താമസിച്ചുവരുന്നുണ്ട്.

(ബി) നടക്കാവ് പട്ടികജാതി കോളനിയെ സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ കോളനിയിൽ ഏർപ്പെടുത്തിയ വികസന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

1. റോഡ് കോൺക്രീറ്റിംഗ്
2. കമ്മ്യൂണിറ്റി ഹാൾ, കുടിവെള്ള പദ്ധതി
3. ശ്മശാനത്തിന്റെ മേൽക്കൂര, ഷെഡ്ഡ്
4. ഭജനമഠത്തിന്റെ മെയിന്റനൻസ്
5. വീട് മെയിന്റനൻസ്
6. റോഡ് ടാറിംഗ്
7. തയ്യൽ യൂണിറ്റ്
8. നഴ്സറിക്ക് വിതരണം ചെയ്യേണ്ട ടോയ്സ് ഐറ്റംസ്
9. വിദ്യാർത്ഥികൾക്കുള്ള സൈക്കിൾ വിതരണം

10. ഡ്രൈവിംഗ് പരിശീലനം

11. വായനശാല ഓഡിറ്റോറിയം ബിൽഡിംഗ്

12. വീടുകൾക്ക് സോളാർ പാനൽ

2017-18 വർഷത്തിൽ തൃക്കരിപ്പൂർ മണ്ഡലത്തിലെ ഈസ്റ്റ് എളേരി പഞ്ചായത്തിലെ വായിക്കാനം പട്ടികവർഗ്ഗ കോളനിയെ മാതൃകാ കേന്ദ്രമായി തെരഞ്ഞെടുത്തിട്ടുണ്ട്. വികസന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല.

**ദിശ 2017 പദ്ധതി**

38 (661) <u>ശ്രീ. സി. ദിവാകരൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ബി.സി.ഡി.സി. വഴി നടപ്പിലാക്കുന്ന ദിശ 2017 പദ്ധതിയുടെ വിശദാംശം നൽകുമോ;

(ബി) പദ്ധതിയുടെ ഉദ്ദേശലക്ഷ്യവും പദ്ധതിയിൽ ഉൾപ്പെടുന്നതിനുള്ള മാനദണ്ഡവും വ്യക്തമാക്കുമോ;

(സി) പദ്ധതിയിലേയ്ക്ക് അപേക്ഷ സമർപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) കേരള സംസ്ഥാന പിന്നോക്ക വിഭാഗ കോർപ്പറേഷൻ അഭ്യസ്തവിദ്യരായ യുവജനങ്ങൾക്ക് സംരംഭകത്വ പരിശീലനവും സ്വയംതൊഴിൽ വായ്പയും നൽകുന്നതിനുവേണ്ടി ആവിഷ്കരിച്ച പരിപാടിയാണ് ദിശ 2017. സംരംഭകത്വത്തിലേയ്ക്ക് പ്രവേശിക്കാൻ ആഗ്രഹിക്കുന്നവർക്ക് ഓൺലൈൻവഴി രജിസ്റ്റർ ചെയ്ത് പ്രസ്തുത പദ്ധതിയിൽ പങ്കെടുക്കാവുന്നതാണ്. മെഡിക്കൽ ക്ലിനിക്, വെറ്ററിനറി ക്ലിനിക്, ഫിറ്റ്നെസ് സെന്റർ, മെഡിക്കൽ ലബോറട്ടറി, സിവിൽ എഞ്ചിനീയറിംഗ് കൺസൾട്ടൻസി, ബ്യൂട്ടി പാർലർ, എഞ്ചിനീയറിംഗ് വർക്ക്ഷോപ്പ്, കമ്പ്യൂട്ടർ ട്രെയിനിംഗ് സെന്റർ, സോഫ്റ്റ്‌വെയർ കൺസൾട്ടൻസി, ഫാം നഴ്സറി, ഡെയറി ഫാം, ഗോട്ട് ഫാം, ഡിജിറ്റൽ സ്റ്റുഡിയോ, വീഡിയോ

പ്രൊഡക്ഷൻ യൂണിറ്റ്, എഡിറ്റിംഗ് സ്റ്റുഡിയോ, ഓട്ടോമൊബൈൽ വർക്ഷോപ്പ്, റെഡിമെയ്ഡ് ഗാർമെന്റ്സ് യൂണിറ്റ്, ഫുഡ് പ്രോസസ്സിംഗ്, മിനി ടൂറിസം യൂണിറ്റുകൾ, ബേക്കറി, റെസ്റ്റോറന്റുകൾ, ടാക്സി/പിക്കപ്പ് വാഹനങ്ങൾ തുടങ്ങി വൈവിദ്ധ്യമാർന്ന ഒട്ടേറെ സംരംഭങ്ങൾ ആരംഭിക്കുന്നതിനുവേണ്ടിയുള്ള രജിസ്ട്രേഷൻ ഈ പദ്ധതി പ്രകാരം ലഭ്യമായിട്ടുണ്ട്. ഇത്തരത്തിൽ രജിസ്റ്റർ ചെയ്ത 5200-ഓളം നവസംരംഭകർക്ക് വേണ്ടിയാണ് ദിശ 2017 സംഘടിപ്പിച്ചത്. 14 ജില്ലകളിലും 2017 ഫെബ്രുവരി മാസം 16-ാം തീയതിയാണ് സെമിനാർ സംഘടിപ്പിച്ചത്. ഇതിന്റെ സംസ്ഥാനതല ഉദ്ഘാടനം തിരുവനന്തപുരത്ത് നടന്നു. ദിശ 2017 രണ്ടാംഘട്ട ഓൺലൈൻ രജിസ്ട്രേഷൻ 2017 മാർച്ച് 1-ന് ആരംഭിച്ച് ഏപ്രിൽ 15-ന് പൂർത്തീകരിച്ചു. ഈ ഘട്ടത്തിൽ രജിസ്റ്റർ ചെയ്യുന്നവർക്കുള്ള സെമിനാർ മേയ് ആദ്യവാരം സംഘടിപ്പിക്കുന്നതാണ്. ആദ്യഘട്ട സെമിനാറിൽ പങ്കെടുത്തവർക്ക് വായ്പ അനുവദിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(സി) പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുക്കുന്നതിനുവേണ്ടി കോർപ്പറേഷന്റെ വെബ്സൈറ്റായ www.ksbcdc.com-ൽ പ്രവേശിച്ച് സ്വയംതൊഴിൽ വായ്പയ്ക്കുള്ള ഓൺലൈൻ രജിസ്ട്രേഷൻ നടപടി പൂർത്തികരിക്കേണ്ടതാണ്.

**ഗോത്രവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി**

39 (662) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂമിയില്ലാത്ത എത്ര ഗോത്രവർഗ്ഗകുടുംബങ്ങൾ അധിവസിക്കുന്നുണ്ടെന്നറിയാമോ;

(ബി) ജില്ല തിരിച്ചുള്ള കണക്ക് വിശദീകരിക്കാമോ;

(സി) ഭൂമിയില്ലാത്ത ഗോത്രവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി നൽകുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ഭൂരഹിതരായ 12261 ഗോത്രവർഗ്ഗ കുടുംബങ്ങൾ അധിവസിക്കുന്നുണ്ട്.

(ബി) ഭൂരഹിതരായ ഗോത്രവർഗ്ഗക്കാരുടെ ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധമായി ചേർക്കുന്നു*.

(സി) ഭൂമിയില്ലാത്ത ഗോത്രവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി ലഭ്യമാക്കുന്നതിനായി "ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതി" നടപ്പിലാക്കി വരുന്നു. കൂടാതെ വനാവകാശം (2006) മുഖേന നടപടിക്രമങ്ങൾ പൂർത്തീകരിച്ചുവരുന്ന 5075 അപേക്ഷകർക്ക് ആർ.ഒ.ആർ. നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു. സുപ്രീംകോടതിവിധിയുടെ അടിസ്ഥാനത്തിൽ വിട്ടുകിട്ടിയതിൽ വിതരണ യോഗ്യമായി കണ്ടെത്തിയിട്ടുള്ള 7149 ഏക്കർ ഭൂമി 4000 പേർക്കെങ്കിലും വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചുവരുന്നു.

**ആദിവാസികളുടെ ആരോഗ്യസംരക്ഷണം**

40 (663) ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. കെ. എസ്. ശബരീനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് സംസ്ഥാനത്തെ ആദിവാസികളുടെ ആരോഗ്യ സംരക്ഷണത്തിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഇവരുടെ സമ്പൂർണ്ണ ആരോഗ്യ സംരക്ഷണത്തിനും സുരക്ഷയ്ക്കും ഏതെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിയതെന്ന് വിവരിക്കുമോ;

(സി) ആദിവാസികൾക്കിടയിൽ ശിശുമരണവും പട്ടിണി മരണവും ഇല്ലാതാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ആദിവാസികളുടെ ആരോഗ്യ വികസനത്തിന് പട്ടികവർഗ്ഗ വികസന വകുപ്പ്, സാമൂഹ്യനീതി വകുപ്പ്, ആരോഗ്യ വകുപ്പ് എന്നിവ മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ വർഷകാലത്തും പഞ്ഞമാസങ്ങളിലും ഭക്ഷ്യസഹായ പദ്ധതി, ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും സ്വന്തം നിലയ്ക്ക് പോഷകാഹാരം വാങ്ങിക്കഴിക്കുന്നതിലേക്കായി പ്രതിമാസം 1,000 രൂപ വീതം നൽകുന്ന ജനനീ ജന്മരക്ഷാ പദ്ധതി, അട്ടപ്പാടി മേഖലയിൽ പാകം ചെയ്ത ഭക്ഷണം നൽകുന്ന കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി എന്നിവ നടപ്പിലാക്കിവരുന്നു.

സാമൂഹ്യനീതി വകുപ്പിൻകീഴിൽ അങ്കണവാടികൾ മുഖേന ഗർഭിണികൾക്കും കുട്ടികൾക്കും പ്രത്യേക പോഷകാഹാരം നൽകിവരുന്നു. പ്രീ-സ്കൂൾ കുട്ടികൾക്ക് പാൽ, മുട്ട എന്നിവയും വിതരണം ചെയ്യുന്നു. കൗമാരപ്രായക്കാരായ കുട്ടികൾക്കായി സബല കിറ്റുകൾ വിതരണം നടത്തുന്നു. പോഷകാഹാര അപര്യാപ്തതയുള്ളവരെ കണ്ടെത്തി സപ്ലിമെന്ററി ന്യൂട്രീഷൻ പ്രോഗ്രാം നടപ്പിലാക്കിവരുന്നു. കുട്ടികൾക്കായി അമൃതം ന്യൂട്രിമിക്സ് വിതരണം നടത്തുന്നു. ആരോഗ്യവകുപ്പ് മുഖേന ഗർഭിണികൾക്കും കുട്ടികൾക്കും അയൺ ഫോളിക് ആസിഡ് ഗുളികകൾ വിതരണം നടത്തുകയുംചെയ്യുന്നു.

(ബി) സംസ്ഥാനത്ത് പട്ടികവർഗ്ഗക്കാർക്ക് ആരോഗ്യസംരക്ഷണം ഉറപ്പുവരുത്തുന്നതിനായി സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതി പ്രകാരം മെഡിക്കൽ കോളേജുകൾ ഉൾപ്പെടെയുള്ള സർക്കാർ ആശുപത്രികളിലും തെരഞ്ഞെടുക്കപ്പെട്ട മറ്റ് സഹകരണ ആശുപത്രികളിലും പൂർണ്ണമായും സൗജന്യ ചികിത്സ ഉറപ്പുവരുത്തുന്നു. ഐ.ടി.ഡി. പ്രോജക്ടാഫീസർമാർ/പട്ടികവർഗ്ഗ വികസന ഓഫീസർമാർ മുഖേനയും വകുപ്പ് അദ്ധ്യക്ഷൻ മുഖേനയും ചികിത്സാ ധനസഹായം നൽകുന്നു. കൂടാതെ ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും വിവിധ രോഗങ്ങൾക്ക് ധനസഹായം അനുവദിച്ചുവരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ 5 അലോപ്പതി ഒ.പി. ക്ലിനിക്കുകളും ആറളത്ത് ഒരു ആയുർവ്വേദ ആശുപത്രിയും സംസ്ഥാനത്താകെ 17 ആയുർവ്വേദ ഡിസ്പെൻസറികളും പ്രവർത്തിക്കുന്നു. ഇടുക്കി, തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് എന്നിവടങ്ങളിലായി ഓരോ ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. HLL(Hindustan Lifecare Limited) മുഖേന വകുപ്പിനുകീഴിൽ മലപ്പുറം, വയനാട്, പാലക്കാട് എന്നീ ജില്ലകളിൽ ഓരോ ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ പ്രവർത്തിക്കുന്നു. കൂടാതെ KMSCL(Kerala Medical Services Corporation Limited) മുഖേന കൊല്ലം, ഇടുക്കി ജില്ലയിലെ അടിമാലി എന്നിവിടങ്ങളിൽ ഓരോ ട്രൈബൽ മൊബൈൽ മെഡിക്കൽ യൂണിറ്റുകളും പ്രവർത്തിക്കുന്നു.

അട്ടപ്പാടിമേഖലയിൽ പോഷകാഹാരക്കുറവുമൂലമുള്ള അസുഖങ്ങളുടെ ചികിത്സക്കായി 3 NRC (Nutrition Rehabilitation Centre)-കളും പ്രവർത്തിക്കുന്നു.

സിക്കിൾസെൽ അനീമിയ രോഗികൾക്ക് മരുന്ന്, മറ്റ് ജീവനോപാധികൾ എന്നിവ വാങ്ങുന്നതിലേക്കായി പ്രതിമാസം 2,000 രൂപ വീതം സമാശ്വാസ ധനസഹായം നൽകുന്ന പദ്ധതിയും ഗർഭിണികളുടെയും മുലയൂട്ടുന്ന അമ്മമാരുടെയും ആരോഗ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനായി പ്രതിമാസം 1,000 രൂപ വീതം 18 മാസത്തേയ്ക്ക് ജനനീ ജന്മരക്ഷാ പദ്ധതിയും പട്ടികവർഗ്ഗ വികസന വകുപ്പ് നടപ്പിലാക്കി വരുന്നു.

(സി) അമ്മമാരുടെ പോഷകാഹാരക്കുറവുമൂലം തൂക്കക്കുറവോടുകൂടി ജനിക്കുന്ന കുഞ്ഞുങ്ങളാണ് പ്രധാനമായും മരണപ്പെട്ടിരുന്നത്. ഇത്തരം കുഞ്ഞുങ്ങൾക്ക് ജന്മനാലോ പിന്നീടോ ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങളുണ്ടായിരുന്നതായി ആരോഗ്യ വകുപ്പ് മരണം സംബന്ധിച്ച റിപ്പോർട്ടുകളിൽ വ്യക്തമാക്കിയിട്ടുണ്ട്. വീടുകളിൽ നടന്നിരുന്ന പ്രസവം കുടുംബത്തിൽ നിന്നും പ്രസവപരിചരണം ലഭിക്കാതിരുന്നത്, ചികിത്സാ വൈമുഖ്യം, വാഹന സൗകര്യത്തിന്റെ അഭാവം, മുലയൂട്ടുമ്പോൾ അനുഭവപ്പെട്ട ശ്വാസതടസ്സം തുടങ്ങിയവയായിരുന്നു പ്രധാന കാരണങ്ങൾ. സർക്കാരിന്റെ നിരന്തര ഇടപെടലിലൂടെ ഇത്തരം കാരണങ്ങൾക്ക് പരിഹാരം കണ്ടെത്തി മരണനിരക്ക് കുറച്ചുകൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്.

ആദിവാസി ശിശുമരണങ്ങൾ ഒഴിവാക്കുന്നതിനും സമഗ്ര ആരോഗ്യ സംരക്ഷണത്തിനുമായി ക്ഷേമപദ്ധതികൾ സർക്കാർ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ നടപ്പിലാക്കി വരുന്നു. പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേനയും സാമൂഹ്യനീതി, ആരോഗ്യം, സിവിൽ സപ്ലൈസ് എന്നീ വകുപ്പുകൾ മുഖേനയും സർക്കാരിന്റെ മറ്റ് ഏജൻസികൾ മുഖേനയുമാണ് പ്രധാനമായും പദ്ധതികൾ നടപ്പിലാക്കിവരുന്നത്.

പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ വർഷകാലത്തും പഞ്ഞമാസങ്ങളിലും ഭക്ഷ്യസഹായ പദ്ധതി, ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും സ്വന്തം നിലയ്ക്ക് പോഷകാഹാരം വാങ്ങിക്കഴിക്കുന്നതിലേക്കായി പ്രതിമാസം 1,000 രൂപ വീതം നൽകുന്ന ജനനീ ജന്മരക്ഷാ പദ്ധതി, അട്ടപ്പാടി മേഖലയിൽ പാകം ചെയ്ത ഭക്ഷണം നൽകുന്ന കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി എന്നിവ നടപ്പിലാക്കിവരുന്നു.

സാമൂഹ്യനീതി വകുപ്പിനുകീഴിൽ അങ്കണവാടികൾ മുഖേന ഗർഭിണികൾക്കും കുട്ടികൾക്കും പ്രത്യേക പോഷകാഹാരം നൽകിവരുന്നു. പ്രീ-സ്കൂൾ കുട്ടികൾക്ക് പാൽ, മുട്ട എന്നിവയും വിതരണം ചെയ്യുന്നു. കൗമാരപ്രായക്കാരായ പെൺകുട്ടികൾക്കായി സബല കിറ്റുകൾ വിതരണം നടത്തുന്നു. പോഷകാഹാര ക്കുറവുള്ളവരെ കണ്ടെത്തി സപ്ലിമെന്ററി ന്യൂട്രീഷൻ പ്രോഗ്രാം നടപ്പിലാക്കി വരുന്നു. കുട്ടികൾക്കായി അമൃതം ന്യൂട്രിമിക്സ് വിതരണം നടത്തുന്നു. ആരോഗ്യവകുപ്പ് മുഖേന ഗർഭിണികൾക്കും കുട്ടികൾക്കും അയൺ ഫോളിക് ആസിഡ് ഗുളികകൾ വിതരണം നടത്തുകയുംചെയ്യുന്നു.

പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ വർഷകാലത്തും പഞ്ഞമാസങ്ങളിലും ഭക്ഷ്യസഹായ പദ്ധതി, ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും സ്വന്തം നിലയ്ക്ക് പോഷകാഹാരം വാങ്ങിക്കഴിക്കുന്നതിലേക്കായി പ്രതിമാസം 1,000 രൂപ വീതം നൽകുന്ന ജനനീ ജന്മരക്ഷാ എന്നിവ പദ്ധതി നടപ്പിലാക്കുന്നു.

ശിശുമരണനിരക്ക് കൂടുതലായി അനുഭവപ്പെട്ടിരുന്ന അട്ടപ്പാടി മേഖലയിൽ പാകം ചെയ്ത ഭക്ഷണം നൽകുന്ന കമ്മ്യൂണിറ്റി കിച്ചൻ പദ്ധതി നടപ്പിലാക്കി വരുന്നു.

അട്ടപ്പാടിയിലെ ശിശുമരണനിരക്ക് കുറയ്ക്കാനായി മേൽപ്പറഞ്ഞവ കൂടാതെ 3 NRC (Nutrition Rehabilitation Centre)-കളും കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയുടെ കീഴിൽ പ്രവർത്തിക്കുന്നു. ഇവിടെ പോഷകാഹാരക്കുറവുമൂലമുള്ള രോഗങ്ങൾക്ക് ചികിത്സ നൽകുന്നു.

കോട്ടത്തറ ട്രൈബൽ സ്പെഷ്യാലിറ്റി ആശുപത്രിയിൽ നിലവിൽ രോഗികളെ കിടത്തി ചികിത്സിക്കാനുള്ള സൗകര്യമുണ്ട്. കൂടാതെ 24 മണിക്കൂർ കാഷ്വാലിറ്റി, ലാബ്, മരുന്ന് വിതരണ സംവിധാനം എന്നിവയുണ്ട്. സ്കാനിംഗിനുള്ള സൗകര്യങ്ങൾ ഓപ്പറേഷൻ തീയേറ്റർ, രക്തബാങ്ക് എന്നിവയും സ്പെഷ്യൽ ഒ.പി. ചികത്സയുമുണ്ട്.

പ്രതിമാസ കുത്തിവയ്പ്പ് നൽകൽ, നവജാത ശിശുസംരക്ഷണ സൗകര്യം, പാലിയേറ്റീവ് കെയർ യൂണിറ്റ്, ഡയാലിസിസ് യൂണിറ്റ്, സിക്കിൾ സെൽ അനീമിയ ക്ലിനിക്, കൗൺസിലിംഗ്, മാനസികരോഗ-ക്ഷയരോഗ-അരിവാൾരോഗ പുനരധിവാസ പദ്ധതികൾ എന്നിവയും മാരകരോഗങ്ങളുടെ സ്ക്രീനിംഗ് ടെസ്റ്റും ഈ ആശുപത്രിയിൽ നടത്തിവരുന്നു.

**സർക്കാർ സർവ്വീസിൽ സംവരണം**

41 (664) ശ്രീ.ചിറ്റയം ഗോപകുമാർ :

ശ്രീമതി ഇ .എസ്. ബിജിമോൾ :

ശ്രീ. കെ. രാജൻ :

ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ പട്ടികവർഗ്ഗക്കാർക്ക് സംസ്ഥാന സർക്കാർ സർവ്വീസിൽ എത്ര ശതമാനം സംവരണമാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

(ബി) പട്ടികവിഭാഗക്കാർക്കിടയിൽ സാമൂഹിക-സാമ്പത്തിക വിദ്യാഭ്യാസ രംഗങ്ങളിൽ മുൻപന്തിയിൽ നിൽക്കുന്നവർ മലയരയൻ, കാണി, കുറിച്ച്യ, കുറുമ തുടങ്ങിയ ചുരുക്കം വിഭാഗങ്ങളിൽ നിന്നുള്ളവരാണെന്നത് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(സി) പണിയ, അടിയ, ഇരുള, കാട്ടുനായ്ക്കർ എന്നീ വിഭാഗങ്ങൾ വിദ്യാഭ്യാസത്തിലും സർക്കാർ ജോലി ലഭിക്കുന്ന കാര്യത്തിലും വളരെ പിന്നാക്കമാണെന്നത് കണക്കിലെടുത്ത് അവരെ ഉദ്ധരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കുമോ;

(ഡി) കേരളത്തിലെ പട്ടികവിഭാഗക്കാരിൽ 60% -ലധികം പേർ വസിക്കുന്ന വയനാട്, ഇടുക്കി, പാലക്കാട് ജില്ലകളിലെ സംവരണം ഉപയോഗപ്പെടുത്തി ജോലിനേടുന്നത് മറ്റു ജില്ലകളിലെ ആൾക്കാരാണെന്നത് വിലയിരുത്തിയിട്ടുണ്ടോ?

ഉത്തരം

(എ) 2 %

(ബി) പരിശോധിച്ചിട്ടുണ്ട്. 2013-ലെ സോഷ്യോ ഇക്കണോമിക് സർവ്വേ പ്രകാരം മലയരയൻ, കാണി, കുറിച്ച്യ, കുറുമ തുടങ്ങിയ വിഭാഗത്തിൽപ്പെട്ടവരുടെ സാക്ഷരത, വിദ്യാഭ്യാസ നിലവാരം, സർക്കാർ ജോലിയിലെ പ്രാതിനിധ്യം എന്നിവ ഇതര പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരെക്കാൾ ഉയർന്നതാണ്. കൂടാതെ ഇവരിൽ ഭൂരിപക്ഷം പേരും സ്വന്തമായി ഭൂമിയുള്ളവരുമാണ്.

(സി) പിന്നാക്ക ഗോത്ര വിഭാഗങ്ങളായ അടിയൻ, പണിയൻ, കാട്ടുനായ്ക്കർ എന്നീ വിഭാഗങ്ങളിൽനിന്നുള്ള 1 മുതൽ 4-ാം ക്ലാസ്സുവരെ പഠിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനത്തിനായി കുട്ടികളെ വിദ്യാലയത്തിലെത്തിക്കുക, പഠന പ്രവർത്തന നിർവ്വഹണത്തിൽ ഒന്നാം ക്ലാസ്സിലെ അദ്ധ്യാപകർക്കൊപ്പംനിന്ന് വിദ്യാർത്ഥികളെ സഹായിക്കുക, സ്കൂളിലെ മറ്റ് വിദ്യാർത്ഥികളുമായി ഇടപഴകിക്കാനുള്ള വേദിയൊരുക്കുക, സഹാദ്ധ്യാപകർക്ക് ഗോത്രഭാഷ, സംസ്കാരം, ഗോത്രവർഗ്ഗ കലാരൂപങ്ങൾ എന്നിവയിൽ ധാരണ നൽകുക, ആവശ്യമായ മറ്റ് സഹായങ്ങൾ ചെയ്യുക എന്നിവയ്ക്കായി പ്രൈമറി ക്ലാസ്സുകൾക്കുള്ള 241 സർക്കാർ എയ്ഡഡ് സ്കൂളുകളിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട 241 പേരെ ദിവസ വേതനാടിസ്ഥാനത്തിൽ മെൻഡ് ടീച്ചർമാരായി നിയമിക്കുന്ന "ഗോത്രബന്ധു" പദ്ധതി 2017-18 അദ്ധ്യയന വർഷം മുതൽ നടപ്പിലാക്കുന്നതാണ്.

കൂടാതെ വിദ്യാഭ്യാസാനുകൂല്യങ്ങളുടെ വിതരണം പ്രീ-പ്രൈമറി മുതൽ പോസ്റ്റ്- മെട്രിക് തലം വരെയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും തൊഴിൽ പരിശീന കേന്ദ്രങ്ങളുടെ പ്രവർത്തനം, സ്കോളർഷിപ്പുകൾ, മിടുക്കരായ വിദ്യാർത്ഥികൾക്കുള്ള പ്രോത്സാഹന ധനസഹായം എന്നിവയും യുവതീ യുവാക്കൾക്ക് സർക്കാർ ജോലി ലഭ്യമാക്കുന്നതിനായി പരിശീലന ക്ലാസ്സുകളും ജില്ലാതലത്തിൽ നൽകിവരുന്നുണ്ട്.

(ഡി) വിലയിരുത്തിയിട്ടുണ്ട്.

**മാതൃകാ റെസിഡൻഷ്യൽ സ്കൂളുകൾ**

42 (665) <u>ശ്രീ. ആർ. രാജേഷ് :</u>
<u>ശ്രീ. പി. ഉണ്ണി :</u>
<u>ശ്രീ. യു. ആർ. പ്രദീപ് :</u>
<u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വികസന വകുപ്പിന് കീഴിലുള്ള മാതൃകാ റെസിഡൻഷ്യൽ സ്കൂളുകളിൽ വിദ്യാർത്ഥികളുടെ സമഗ്ര വികസനത്തിനായി ഏർപ്പെടുത്തിയിട്ടുള്ള സൗകര്യങ്ങൾ എന്തെല്ലാമാണ്;

(ബി) ഇവിടെ നൈപുണ്യ വികസനത്തിനും പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കുള്ള പ്രത്യേക പരിശീലനത്തിനും സൗകര്യം ലഭ്യമാണോ ;

(സി) മുൻ ബജറ്റിൽ ഇത്തരം സ്കൂളുകളുടെ നവീകരണത്തിനായി പ്രഖ്യാപിച്ച പദ്ധതികളുടെ പുരോഗതി അറിയിക്കാമോ?

ഉത്തരം

(എ) പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ 19 മോഡൽ റെസിഡൻഷ്യൽ സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത മോഡൽ റെസിഡൻഷ്യൽ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുക എന്നതാണ് വകുപ്പിന്റെ ലക്ഷ്യം. ഇതിനായി വിവിധ പദ്ധതികൾ എല്ലാ മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലും നടപ്പിലാക്കിവരുന്നു. വകുപ്പിന് കീഴിലുള്ള മോഡൽ റെസിഡൻഷ്യൻ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം ഉറപ്പുവരുത്തുന്നതിനായി നിരവധി പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. പട്ടികവർഗ്ഗ വിദ്യാർത്ഥികളെ താമസിപ്പിച്ച് പഠിപ്പിച്ച് മികച്ച വിദ്യാഭ്യാസം നൽകി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുകയും അതുവഴി ഉന്നതജീവിതം കെട്ടിപ്പടുക്കുന്നതിന് അവരെ പ്രാപ്തരാക്കാനും ലക്ഷ്യമിടുന്നു. വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന പ്രസ്തുത മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിൽ 18 എണ്ണത്തിൽ സ്മാർട്ട് ക്ലാസ്സ് റൂമുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത സ്കൂളുകളുടെ ദൈനംദിന പ്രവർത്തനങ്ങൾക്കും അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള കെട്ടിടം, ടോയ്‌ലെറ്റുകൾ, ശുദ്ധജല വിതരണം, ചുറ്റുമതിൽ, ട്രസ് വർക്ക്, സെക്യൂരിറ്റി റൂം, കുഴൽക്കിണർ എന്നിവയുടെ നിർമ്മാണം/ അറ്റകുറ്റപ്പണികൾ, സ്വന്തമായി കെട്ടിടമില്ലാത്ത എം.ആർ.എസ്സുകൾക്ക് താൽക്കാലിക സൗകര്യം ഏർപ്പെടുത്തൽ എന്നിവയ്ക്കും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കുട്ടികൾക്കാവശ്യമായ ബെഞ്ച്, ഡസ്ക്, പഠനമേശ, കട്ടിൽ, മെത്ത, പഠനോപകരണങ്ങൾ എന്നിവയും ലൈബ്രറി/ റഫറൻസ് പുസ്തകങ്ങൾ, ഹൈസ്കൂൾ/ഹയർ സെക്കണ്ടറി സ്കൂളുകൾക്ക് ആവശ്യമായ സയൻസ്/കമ്പ്യൂട്ടർ ലാബുകൾ, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ, ടെലിവിഷൻ, കുട്ടികൾക്ക് വ്യക്തിത്വ വികസനത്തിനും തൊഴിൽ പരിശീലനത്തിലെ കായിക പരിശീലനത്തിനായുള്ള വിവിധ പദ്ധതികളും ഇതിനാവശ്യമായ ഉപകരണങ്ങൾ/യൂണിഫോം എന്നിവ ഈ പദ്ധതി പ്രകാരം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ടി സ്കൂളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്റ്റുഡന്റ് പോലീസ് കേഡറ്റ്, എൻ.എസ്.എസ്., എൻ.സി.സി. എന്നീ പദ്ധതികളും സർഗ്ഗോത്സവം എന്ന പേരിൽ സംസ്ഥാനതല കലാമേളയും കളിക്കളം എന്ന പേരിൽ സംസ്ഥാനതല കായികമേളയും നടത്തുന്നു. വടശ്ശേരിക്കര, ഇടുക്കി, മലമ്പുഴ, തിരുനെല്ലി, കാസർഗോഡ് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന 5 മോഡൽ

റെസിഡൻഷ്യൽ സ്കൂളുകളിൽ സോളാർ പവർ പ്ലാന്റ് സ്ഥാപിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. കട്ടേല, ഞാറനീലി മോഡൽ റെസിഡൻഷ്യൻ സ്കൂളുകളിൽ Node based computer lab സ്ഥാപിച്ചു കഴിഞ്ഞു. മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ സുരക്ഷാ സംവിധാനം ശക്തിപ്പെടുത്തുന്നതിനായി സി.സി.ടി.വി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ വിദ്യാർത്ഥികളിലെ ശാസ്ത്ര അഭിരുചി വളർത്തിയെടുക്കുന്നതിനായി സയൻസ് എക്സ്പെരിമെന്റ് കിറ്റുകൾ എല്ലാ മോഡൽ റെസിഡൻഷ്യൻ സ്കൂളുകളിലും നൽകിയിട്ടുണ്ട്. മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ ആരോഗ്യപരവും മാനസികവുമായ കാര്യങ്ങളിൽ ശ്രദ്ധ ചെലുത്തുന്നതിന് JPHN (Junior Public Health Nurse), കൗൺസിലർമാർ, എന്നിവരെ വർഷംതോറും ഇന്റർവ്യൂ നടത്തി നിയമിച്ചുവരുന്നു. വ്യക്തിത്വ വികസന ക്ലാസ്സുകൾ വിദ്യാ വിസ്മയം എന്ന പദ്ധതിയിലുൾപ്പെടുത്തി നടപ്പിലാക്കി വരുന്നു.

(ബി) ലഭ്യമാണ്. പഠനത്തിൽ പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് SSLC, +2 പരീക്ഷകൾക്കായി ക്ലാസ്സ് സമയം കഴിഞ്ഞും പ്രത്യേക പരിശീലനം നൽകാറുണ്ട്. കലാകായിക വികസനത്തിനായി സർഗ്ഗോത്സവം, കളിക്കളം പരിപാടികൾ വർഷംതോറും നടത്തിവരുന്നു. ASAP മുഖേന നൈപുണ്യ വികസനത്തിനുള്ള പദ്ധതികൾ ടി സ്കൂളുകളിൽ നടപ്പിലാക്കിവരുന്നു.

(സി) മുൻ ബജറ്റിൽ ഇത്തരം സ്കൂളുകളുടെ നവീകരണത്തിനായി പ്രഖ്യാപിച്ച പദ്ധതികളുടെ പുരോഗതി അനുബന്ധമായി ചേർക്കുന്നു *.

**ഭവന പദ്ധതി**

43 (666) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വന്തമായി സ്ഥലമോ വീടോ ഇല്ലാത്ത ആദിവാസി കുടുംബങ്ങൾക്കായി എന്തെല്ലാം ഭവന പദ്ധതികളാണ് നിലവിലുള്ളത്;

(ബി) സ്വന്തമായി വീടില്ലാത്തവരോ ഷെഡ്ഡുകളിൽ താമസിക്കുന്നവരോ ആയ ഇത്തരം കുടുംബങ്ങൾക്ക് റേഷൻ കാർഡ് ലഭിക്കുന്നതിനായി സർക്കാർ നടപടികൾ സ്വീകരിക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(സി) പട്ടാമ്പി മണ്ഡലത്തിൽ എത്ര ആദിവാസി കുടുംബങ്ങൾ താമസിക്കുന്നുണ്ട്: ഇവരിൽ സ്വന്തമായി വീടുള്ളവർ, റേഷൻ കാർഡുള്ളവർ, ഇല്ലാത്തവർ, ഇവരുടെ പട്ടിക തരംതിരിച്ച് ലഭ്യമാക്കാമോ;

(ഡി) പട്ടികജാതി വിഭാഗത്തിൽപ്പെടുന്നവർക്ക് എന്തെല്ലാം ഭവന പദ്ധതികളാണ് നിലവിലുള്ളത്; ഇതിന്റെ നടപടിക്രമങ്ങൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) സ്വന്തമായി സ്ഥലമുള്ള ഭവനരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ജനറൽ ഹൗസിംഗ് പദ്ധതി , എ.ടി.എസ്.പി. ഭവന പദ്ധതി, ഹഡ്കോ ഭവന നിർമ്മാണ പദ്ധതി എന്നിവ പ്രകാരം വീടുകൾ അനുവദിച്ച് വരുന്നു. സ്വന്തമായി ഭൂമിയില്ലാത്ത പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകൽ പദ്ധതി, ആദിവാസി പുനരധിവാസ വികസന മിഷൻ, വനാവകാശ നിയമം തുടങ്ങിയ പദ്ധതികൾ പ്രകാരം ഭൂമി ലഭ്യമാക്കിയശേഷം ടി കുടുംബങ്ങൾക്ക് മേൽ പരാമർശിത ഭവന പദ്ധതികൾ പ്രകാരം വീടുകൾ അനുവദിച്ചുവരുന്നു.

(ബി) ഷെഡ്ഡുകളിൽ താമസിക്കുന്ന (കയ്യേറ്റ ഭൂമി ഒഴികെ) കുടുംബങ്ങൾക്ക് താൽക്കാലിക വീട്ടുനമ്പർ നൽകി റേഷൻ കാർഡ് അനുവദിക്കുന്നുണ്ട്.

(സി) പട്ടാമ്പി മണ്ഡലത്തിൽ നിലവിൽ പട്ടികവർഗ്ഗ സെറ്റിൽമെന്റുകളില്ല.

(ഡി) സംസ്ഥാനത്തെ ഭവനരഹിതരും സ്വന്തമായി ഭൂമിയുള്ളവരുമായ പട്ടികജാതി കുടുംബങ്ങൾക്ക് വീട് നിർമ്മിക്കുന്നതിനായി ഭവന നിർമ്മാണ ധനസഹായ പദ്ധതി പ്രകാരം മൂന്ന് ലക്ഷം രൂപയും ദുർബ്ബല വിഭാഗ ഭവന പുനരധിവാസ പദ്ധതി പ്രകാരം 3.5 ലക്ഷം രൂപയും ധനസഹായമായി അനുവദിക്കുന്നുണ്ട്. ടി തുക നിശ്ചിത നാല് ഗഡുക്കളായി (15%, 30%,40%, 15%) ഗുണഭോക്താക്കളുടെ ബാങ്ക് അക്കൗണ്ട് വഴി വിതരണം ചെയ്യുന്നു. തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിന്നുള്ള ഗ്രാമസഭാ ലിസ്റ്റിന്റെ അടിസ്ഥാനത്തിലും വകുപ്പിൽനിന്ന് മുൻവർഷങ്ങളിൽ ഭൂമി അനുവദിച്ചവർക്കും അർഹത പരിശോധിച്ച് ധനസഹായം അനുവദിക്കുന്നു. നിശ്ചിത മാതൃകയിലുള്ള അപേക്ഷയോടൊപ്പം ജാതി, വരുമാനം, കൈവശാവകാശം എന്നിവയും മുമ്പ് ധനസഹായം ലഭിച്ചിട്ടില്ല എന്ന സാക്ഷ്യപത്രം, തിരിച്ചറിയൽ രേഖകൾ, ബാങ്ക് അക്കൗണ്ട് വിവരങ്ങൾ എന്നിവ സഹിതം ബന്ധപ്പെട്ട ബ്ലോക്ക്/മുനിസിപ്പാലിറ്റി/കോർപ്പറേഷൻ പട്ടികജാതി വികസന ഓഫീസർക്ക് അപേക്ഷ സമർപ്പിക്കേണ്ടതാണ്.

## ഹൈക്കോടതി വിധിയുടെ അടിസ്ഥാനത്തിൽ ഭൂമി

44 (667) ശ്രീ. കെ. കൃഷ്ണൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റൂർ താലൂക്കിലെ ചിറ്റൂർ ബ്ലോക്ക് പ്രദേശത്തെ ഭൂരഹിത പട്ടികവർഗ്ഗക്കാർക്ക് ഭൂമി നൽകുന്നത് സംബന്ധിച്ച് ബഹു കേരള ഹൈക്കോടതിയുടെ 8-9-2016 തീയതിയിലെ ഡബ്ല്യൂ. പി. (സി) 25215/2010 നമ്പറിലുള്ള വിധിന്യായം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത വിധിന്യായപ്രകാരമുള്ള ഭൂമി വിതരണം ത്വരിതപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ;

(സി) ചിറ്റൂർ നിയോജകമണ്ഡലത്തിലുള്ള ഭൂരഹിതരായ പട്ടിക വർഗ്ഗക്കാരുടെയും ഒരേക്കറിൽ താഴെ ഭൂമിയുള്ള പട്ടികവർഗ്ഗക്കാരുടെയും വിശദവിവരങ്ങൾ നൽകാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ചിറ്റൂർ താലൂക്കിൽ നെല്ലിയാമ്പതി വില്ലേജിലെ കൃഷി യോഗ്യമായിട്ടുള്ളതും എന്നാൽ ഇപ്പോൾ തരിശ്ശായിട്ടുള്ളതുമായ 67.76 ഹെക്ടർ ഭൂമി (ഓറഞ്ച് ഫാം-കൃഷി വകുപ്പിന്റെ അധീനതയിലുള്ള ഭൂമി), ലാൻഡ് ട്രാൻസ്ഫർ മുഖേന റവന്യൂ വകുപ്പിന് കൈമാറി കിട്ടിയാൽ ആയതിൽ ബഹു. ഹൈക്കോടതി വിധി പ്രകാരം ഭൂമിയുടെ ലഭ്യതയനുസരിച്ച് ഏറ്റവും അർഹരായവർക്ക് ഭൂമി പതിച്ച് നൽകുന്നത് സംബന്ധിച്ച് കൃത്യവും പൂർണ്ണവുമായ റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്നും രണ്ട് സേവന വകുപ്പുകൾ തമ്മിലുള്ള ഭൂമി കൈമാറ്റത്തിന് ആദ്യപടിയായി ഭൂമി വിട്ടുനൽകുന്ന വകുപ്പിന്റെ സമ്മതപത്രം ആവശ്യമായതിനാൽ ഈ വിഷയം സർക്കാർ തലത്തിൽ തീരുമാനിക്കേണ്ടതാണെന്നും പാലക്കാട് ജില്ലാ കളക്ടർ ഇത് സംബന്ധിച്ച് റവന്യൂ വകുപ്പിന് റിപ്പോർട്ട് ചെയ്തിരുന്നു. പ്രസ്തുത വിഷയം റവന്യൂ വകുപ്പ് പരിശോധിച്ചുവരുന്നു.

(സി) ചിറ്റൂർ നിയോജകമണ്ഡലത്തിൽ ഭൂരഹിതരായ 455 കുടുംബങ്ങളും ഒരേക്കറിൽ താഴെ ഭൂമിയുള്ള 1277 കുടുംബങ്ങളും താമസിച്ചുവരുന്നു.

## ഭൂമി വിതരണം ചെയ്യുന്നതിന് നടപടി

45 (668) ശ്രീ. ഇ. പി. ജയരാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി വാങ്ങി നൽകുന്നതിനായി 2016-2017 സാമ്പത്തിക വർഷം എത്ര തുക വകയിരുത്തുകയുണ്ടായി;

(ബി) ഈ തുക ചെലവഴിച്ച് എത്ര ഭൂമി വാങ്ങുകയുണ്ടായിയെന്നും ഏതെല്ലാം ജില്ലകളിൽ ഏതു വില്ലേജുകളിലാണ് ഭൂമി വാങ്ങിയതെന്നും വ്യക്തമാക്കുമോ;

(സി) ഇങ്ങനെ വാങ്ങിയ ഭൂമി ഗുണഭോക്താക്കൾക്ക് വിതരണം ചെയ്യുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ഡി) ഓരോ ജില്ലയിലും എത്ര ഗുണഭോക്താക്കൾക്ക് ഈ ഭൂമി വിതരണം ചെയ്യുവാൻ കഴിയുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്നതുൾപ്പെടെയുള്ള പുനരധിവാസ പ്രവർത്തനങ്ങൾക്കായി 2016-17 സാമ്പത്തിക വർഷം 45,08,80,000 രൂപ വകയിരുത്തിയിരുന്നു. ടി തുകയിൽ ഭൂമി വാങ്ങി നൽകുന്നതിനായി 14,93,71,524 രൂപയാണ് അനുവദിച്ചത്.

(ബി) 2016-17 വർഷം ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകിയത് സംബന്ധിച്ച് ജില്ല തിരിച്ചുള്ള വിവരം ഉള്ളടക്കം* ചെയ്തിരിക്കുന്നു. ഏതൊക്കെ വില്ലേജുകളിലാണെന്ന വിവരം ശേഖരിച്ചുവരുന്നു.

(സി&ഡി) വാങ്ങിയ ഭൂമി 174 ഗുണഭോക്താക്കൾക്ക് വിതരണം ചെയ്തു.

## ഭൂമി നൽകുന്നതിന് നടപടി

46 (669) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ ഭൂരഹിതരായ എത്ര പട്ടികവർഗ്ഗ കുടുംബങ്ങൾ ഉണ്ടെന്നാണ് കണക്കാക്കിയിട്ടുള്ളത്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ ഭൂരഹിതരായ പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി നൽകുന്നതിന് ഈ സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിക്കുകയുണ്ടായി;

(സി) ഈ സർക്കാർ ഭൂരഹിതരായ എത്ര പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി അനുവദിച്ച് നൽകിയിട്ടുണ്ട്;

(ഡി) ഓരോ ജില്ലയിലും എത്ര പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി നൽകിയിട്ടുണ്ടെന്നും ഓരോ പട്ടികവർഗ്ഗ കുടുംബത്തിനും എത്ര ഭൂമി വീതം നൽകിയെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ഭൂരഹിതരായ 12261 പട്ടികവർഗ്ഗ കുടുംബങ്ങളുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതിയും വനാവകാശ നിയമപ്രകാരം ഭൂമിയിലുള്ള വ്യക്തിഗത കൈവശാവകാശം നൽകുന്ന പദ്ധതിയും നടപ്പാക്കിവരുന്നു. വനാവകാശ നിയമപ്രകാരം നടപടിക്രമങ്ങൾ പൂർത്തീകരിച്ചുവരുന്ന 5075 അപേക്ഷകർക്ക് ആർ.ഒ.ആർ. നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ വിട്ടുകിട്ടിയതിൽ വിതരണയോഗ്യമായി കണ്ടെത്തിയിട്ടുള്ള 7149 ഏക്കർ ഭൂമി 4000 പേർക്കെങ്കിലും വിതരണം ചെയ്യാൻ നടപടി സ്വീകരിച്ചുവരുന്നു. ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങി നൽകുന്ന പദ്ധതി പ്രകാരം 174 പട്ടികവർഗ്ഗ കുടുംബങ്ങൾക്ക് ഭൂമി വാങ്ങി നൽകിയിട്ടുണ്ട്. കൂടാതെ വനാവകാശ നിയമം (2006) പ്രകാരം 136 പേർക്ക് ഭൂമിയിലുള്ള വ്യക്തിഗത കൈവശാവകാശം അനുവദിച്ച് നൽകിയിട്ടുണ്ട്.

(ഡി) ഭൂരഹിതരായ പട്ടികവർഗ്ഗക്കാർക്ക് ഭൂമി വാങ്ങിനൽകുന്ന പദ്ധതിപ്രകാരം വാങ്ങിനൽകിയ ഭൂമിയുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

**ഗോത്രബന്ധു പദ്ധതി**

47 (670) <u>ശ്രീ. എ. എൻ. ഷംസീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആദിവാസി വിദ്യാർത്ഥികളുടെ പഠന പിന്നാക്കാവസ്ഥ പരിഹരിക്കാനും സ്കൂളുകളിലെ കൊഴിഞ്ഞുപോക്ക് തടയാനും ലക്ഷ്യമിട്ട സംസ്ഥാന

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സർക്കാരിന്റെ 'ഗോത്രബന്ധു പദ്ധതി'യുടെ പ്രവർത്തനങ്ങളിൽ എന്തെല്ലാം കാര്യങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) മേൽപ്പറഞ്ഞ പദ്ധതിയുടെ ഭാഗമായി ആദിവാസി വിഭാഗങ്ങളിൽപ്പെടുന്ന എത്ര പേർക്ക് തൊഴിലവസരങ്ങൾ ലഭ്യമാകും എന്നാണ് കണക്കാക്കുന്നത്?

ഉത്തരം

(എ) വയനാട് ജില്ലയിലെ പ്രൈമറി ക്ലാസ്സുകളുള്ള 241 സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്ന 241 പേരെ ദിവസവേതനാടിസ്ഥാനത്തിൽ ഓരോ സ്കൂളിലും അദ്ധ്യാപകരായി നിയമിക്കാൻ ഗോത്രബന്ധു പദ്ധതി വഴി ലക്ഷ്യമിടുന്നു.

ജില്ലയിലെ പിന്നാക്ക ഗോത്രവിഭാഗങ്ങളായ അടിയർ, പണിയർ, ഊരാളി, കാട്ടുനായ്ക്കർ എന്നീ വിഭാഗങ്ങളിൽനിന്നും 1 മുതൽ 4-ാം ക്ലാസ്സുവരെ പഠിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനമാണ് പദ്ധതി വിഭാവന ചെയ്യുന്നത്. ഒന്നാം തരത്തിലുള്ള കുട്ടികളെയാണ് പദ്ധതിയുടെ ആദ്യവർഷം പ്രത്യേകം ലക്ഷ്യമിടുന്നത്.

ഗോത്രവർഗ്ഗ വിദ്യാർത്ഥികളെ വിദ്യാലയത്തിലെത്തിക്കുക, പഠന പ്രവർത്തനത്തിൽ ഒന്നാം ക്ലാസ്സിലെ അദ്ധ്യാപികയ്ക്കൊപ്പംനിന്ന് ഗോത്രവർഗ്ഗ വിദ്യാർത്ഥികളെ സഹായിക്കുക, സ്കൂളിലെ മറ്റ് വിദ്യാർത്ഥികൾക്കൊപ്പം ഈ വിദ്യാർത്ഥികളെ ഇടപഴകിക്കാനുള്ള വേദിയൊരുക്കുക, സഹാദ്ധ്യാപകർക്ക് ഗോത്രവർഗ്ഗ ഭാഷ, സംസ്കാരം, ഗോത്രവർഗ്ഗ കലാരൂപങ്ങൾ എന്നിവയിൽ ധാരണ നൽകുകയും ആവശ്യമായ സഹായങ്ങൾ നൽകുകയും ചെയ്യുക എന്നിവയാണ് ടി പദ്ധതി പ്രകാരം നിയമിക്കപ്പെടുന്ന അദ്ധ്യാപകരുടെ ചുമതലകൾ.

(ബി) ഗോത്രബന്ധു പദ്ധതിയുടെ ഭാഗമായി ആദിവാസി വിഭാഗത്തിൽപ്പെട്ട നിശ്ചിത യോഗ്യതയുള്ള 241 പേർക്ക് തൊഴിലവസരം ലഭ്യമാകും.

**സാമൂഹ്യ പഠന മുറി പദ്ധതി**

48 (671) ശ്രീ. പി. ടി. എ. റഹീം:

ശ്രീ. ഒ. ആർ. കേളു:

ശ്രീ. പി. വി. അൻവർ:

ശ്രീ. പി. കെ. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികവർഗ്ഗ വിഭാഗക്കാരുടെ വിദ്യാഭ്യാസ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വിദ്യാർത്ഥികൾക്ക് 'പഠനമുറി' സഹായ പദ്ധതി നടപ്പിലാക്കി വരുന്നുണ്ടോ;

(ബി) മെച്ചപ്പെട്ട പഠനാന്തരീക്ഷം ഒരുക്കുന്നതിനായി എന്തെല്ലാം സൗകര്യങ്ങളാണ് ഈ പദ്ധതി പ്രകാരം ഏർപ്പെടുത്തുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇതിനായി ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും ഇതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) പട്ടികവർഗ്ഗ വിഭാഗക്കാരുടെ വിദ്യാഭ്യാസ സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വിദ്യാർത്ഥികൾക്ക് സാമൂഹ്യ പഠനമുറി പദ്ധതി നടപ്പ് സാമ്പത്തികവർഷം പുതുതായി നടപ്പിലാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. ആയത് പട്ടികവർഗ്ഗ കോളനികളിൽ കമ്മ്യൂണിറ്റി ഹാളിലോ, സമാന ഇടങ്ങളിലോ പ്രവർത്തിക്കുന്ന തരത്തിൽ വിദ്യാർത്ഥികൾക്ക് ട്യൂഷൻ, പഠന സാമഗ്രികൾ വിതരണം, ലഘുഭക്ഷണം നൽകൽ, അധിക സൗകര്യങ്ങളായ കമ്പ്യൂട്ടർ, ഇന്റർനെറ്റ്, ഫർണീച്ചർ എന്നിവ ഉൾപ്പെടെയാണ് സാമൂഹ്യ പഠന മുറി നടപ്പിലാക്കുന്നതിന് ഉദ്ദേശിക്കുന്നത്.

പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സാമൂഹ്യ പഠന മുറി പദ്ധതി നടപ്പിലാക്കുന്നതിലേക്കായി പട്ടികവർഗ്ഗത്തിൽപ്പെട്ട യുവതീയുവാക്കളെ ഉപദേശകനായോ, ട്യൂട്ടറായോ തെരഞ്ഞെടുത്ത് പരിശീലനം നൽകി നിയോഗിക്കുന്നതാണ്.

**ഷൈനിംഗ് സ്റ്റാർസ് നൽകുന്ന പരിശീലനം**

49 (672) ശ്രീ. വി. ടി. ബൽറാം:

ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ വിവിധ ഊരുകളിൽ സൈനിക വിദ്യാലയത്തിലെ പൂർവ്വ വിദ്യാർത്ഥികളുടെ സംരംഭമായ 'ഷൈനിംഗ് സ്റ്റാർസ്' പട്ടിക വർഗ്ഗ വിദ്യാർത്ഥികൾക്ക് സൈനിക വിദ്യാലയം ഉൾപ്പടെയുള്ള ഉന്നത വിദ്യാലയങ്ങളിൽ പ്രവേശനം ലഭിക്കുന്നതിന് പരിശീലനം നൽകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പദ്ധതിക്കായി കഴിഞ്ഞ സാമ്പത്തിക വർഷം പട്ടികവർഗ്ഗ വികസന വകുപ്പിൽ നിന്നും സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ; ഈ വർഷം കൂടുതൽ സാമ്പത്തിക സഹായം നൽകുന്ന കാര്യം പരിഗണിക്കുമോ;

(സി) ഈ പദ്ധതി വകുപ്പിന്റെ കീഴിലുള്ള എം.ആർ.എസ്.- കൾ വഴി വ്യാപകമാക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഉണ്ട്. 2016-17 അദ്ധ്യയന വർഷം 50 പട്ടികവർഗ്ഗ വിദ്യാർത്ഥിനികൾ ഉൾപ്പെടെ 100 പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് 300 മണിക്കൂർ തീവ്ര പരിശീലനം നൽകി സൈനിക് സ്കൂൾ, ജവഹർ നവോദയ വിദ്യാലയം, കേന്ദ്രീയ വിദ്യാലയം എന്നിവിടങ്ങളിലേയ്ക്ക് പ്രവേശനം ലഭ്യമാക്കുന്നതിനായി ടി വിദ്യാർത്ഥികളുടെ താമസം, ഭക്ഷണം, യാത്രാ ചെലവ് എന്നീ ഇനങ്ങളിലായി 19,27,500 രൂപ (പത്തൊൻപത് ലക്ഷത്തി ഇരുപത്തിയേഴായിരത്തി അഞ്ഞൂറ് രൂപ മാത്രം) 2016-17 സാമ്പത്തിക വർഷം അനുവദിച്ച് നൽകിയിട്ടുണ്ട്.

നടപ്പ് സാമ്പത്തിക വർഷം ടി പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്ക് പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് പരിഗണിക്കുന്നതാണ്.

(സി) വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിൽ മെഡിക്കൽ/എഞ്ചിനീയറിംഗ്, തൊഴിലധിഷ്ഠിത കോഴ്സുകൾ എന്നിവയ്ക്കുള്ള പ്രവേശന പരീക്ഷാ പരിശീലനം, കരിയർ ഗൈഡൻസ് ക്ലാസ്സുകൾ എന്നിവ നിലവിൽ സംഘടിപ്പിക്കുന്നുണ്ട്.

**ആധുനിക സൗകര്യങ്ങൾ**

50 (673) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്താൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) എന്തെല്ലാം പദ്ധതികളാണ് ഇതിനായി നടപ്പിലാക്കിവരുന്നതെന്ന് വ്യക്തമാക്കുമോ; വിശദീകരിക്കുമോ;

(സി) സങ്കേതങ്ങളിൽ എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ലഭിക്കുന്നത്, വിവരിക്കുമോ;

(ഡി) ഇതിനായി എത്ര കോടി രൂപ വകയിരുത്തിയിട്ടുണ്ട്?

<u>ഉത്തരം</u>

(എ & ബി) സംസ്ഥാനത്തെ പട്ടികവർഗ്ഗക്കാരുടെ ഉന്നമനത്തിനും ആധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുമായി പട്ടികവർഗ്ഗ വികസന വകുപ്പ് മുഖേന ഭവന നിർമ്മാണ പദ്ധതി, ഹാംലെറ്റ് വികസന പദ്ധതി, അഡീഷണൽ ട്രൈബൽ സബ് പ്ലാൻ, കോർപ്പസ് ഫണ്ട്, ആർട്ടിക്കിൾ 275(1), SCA to TSP എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ കോളനികളിലെ കുട്ടികൾക്ക് പഠന സൗകര്യം ഏർപ്പെടുത്തുന്നതിനുള്ള ഇന്റർനെറ്റ് സൗകര്യത്തോടുകൂടിയുള്ള സാമൂഹ്യ പഠന മുറി എന്ന പദ്ധതി 2017-18 വർഷം ആരംഭിച്ചു. സംസ്ഥാനത്തെ എല്ലാ പട്ടികവർഗ്ഗ സങ്കേതങ്ങളിലും സമ്പൂർണ്ണ വൈദ്യുതീകരണത്തിനുള്ള നടപടികൾ ആരംഭിച്ചു. കോളനികളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി അംബേദ്കർ സെറ്റിൽമെന്റ് വികസന പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പട്ടികവർഗ്ഗ മേഖലകളിൽ കുടിവെള്ളം എത്തിക്കുന്നതിനായി ജലനിധി വഴി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(സി) വാസയോഗ്യമായ ഭവനം, കുടിവെള്ളം, റോഡ്, ശുചിത്വം, സമ്പൂർണ്ണ വൈദ്യുതീകരണം, നടപ്പാതകൾ, പാലങ്ങൾ, റോഡ് മുതലായ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനോടൊപ്പം കോളനികളിലെ കുട്ടികൾക്ക് പഠന സൗകര്യം ഏർപ്പെടുത്തുന്നതിന് ഇന്റർനെറ്റ് സൗകര്യത്തോടുകൂടിയ സാമൂഹ്യ പഠനമുറി സൗകര്യം ലഭ്യമാക്കുന്നു.

(ഡി)

| 2017-18 സാമ്പത്തിക വർഷത്തെ പദ്ധതികൾ | രൂപ (ലക്ഷത്തിൽ) |
|---|---|
| ഹൗസിംഗ് | 1,508.00 |
| കോർപ്പസ് ഫണ്ട് | 5,079.00 |
| അംബേദ്കർ സെറ്റിൽമെന്റ് | 10,000.00 |
| SCA to TSP | 1,300.00 |
| ആർട്ടിക്കിൾ 275(1) | 600.00 |
| ആകെ | 18,487.00 |

**പട്ടികവർഗ്ഗ വികസനത്തിനായുള്ള പ്രൊപ്പോസൽ**

51 (674) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മലപ്പുറം ജില്ലയിൽ പെരിന്തൽമണ്ണ നിയോജക മണ്ഡലത്തിലെ പട്ടികവർഗ്ഗ വികസനവുമായി ബന്ധപ്പെട്ട ഏതെങ്കിലും പ്രൊപ്പോസൽ ജില്ലാതല വർക്കിംഗ് ഗ്രൂപ്പ് സംസ്ഥാന തല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിൽ ഏതെങ്കിലും പ്രൊപ്പോസലുകൾക്ക് സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ & ബി) ഇല്ല. പെരിന്തൽമണ്ണയിൽനിന്നും സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിൽ സമർപ്പിക്കേണ്ടതായ പദ്ധതികൾ ലഭിച്ചിട്ടില്ലാത്തതിനാൽ സംസ്ഥാനതല വർക്കിംഗ് ഗ്രൂപ്പിന്റെ അനുമതിക്കായി സമർപ്പിച്ചിട്ടില്ല.

**വിദ്യാഭ്യാസ ആനുകൂല്യങ്ങൾ**

52 (675) ശ്രീ. രാജു എബ്രഹാം:
ശ്രീ. ഒ. ആർ. കേളു:
ശ്രീ. പി. വി. അൻവർ:
ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടികഗോത്രവർഗ്ഗത്തിൽപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസത്തിനായി എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) പ്രസ്തുത വിഭാഗത്തിൽപ്പെട്ട വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) മോഡൽ റെസിഡൻഷ്യൽ സ്കൂളുകളുടെ നവീകരണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) വിദ്യാലയങ്ങളിൽനിന്നും കൊഴിഞ്ഞുപോയ ആദിവാസി കുട്ടികൾക്കുവേണ്ടി സാക്ഷരതാമിഷന്റെ ആഭിമുഖ്യത്തിൽ തുല്യതാ പരീക്ഷയുടെ പ്രത്യേക സ്കീം ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) പട്ടിക ഗോത്രവർഗ്ഗത്തിൽപ്പെട്ട കുട്ടികളുടെ വിദ്യാഭ്യാസത്തിനായി ആരംഭിച്ച പുതിയ പദ്ധതികൾ ചുവടെ ചേർക്കുന്നു:

<u>ഗോത്രബന്ധു പദ്ധതി:</u>

വയനാട് ജില്ലയിലെ പ്രൈമറി ക്ലാസ്സുകളുള്ള 241 സർക്കാർ/എയ്ഡഡ് സ്കൂളുകളിലെ പിന്നാക്ക ഗോത്ര വിഭാഗങ്ങളായ അടിയർ, പണിയർ, ഊരാളി, കാട്ടുനായ്ക്കർ എന്നീ വിഭാഗങ്ങളിൽനിന്നും 1 മുതൽ 4-ാം ക്ലാസ്സുവരെ പഠിക്കുന്ന കുട്ടികളുടെ വിദ്യാഭ്യാസ ഉന്നമനത്തിനായി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട അഭ്യസ്തവിദ്യരിൽനിന്നും തെരഞ്ഞെടുക്കപ്പെടുന്ന 241 പേരെ ദിവസവേതനാടിസ്ഥാനത്തിൽ ഓരോ സ്കൂളിലും മെന്റർ ടീച്ചർ ആയി നിയമിക്കാൻ ഗോത്രബന്ധു പദ്ധതി വഴി ലക്ഷ്യമിടുന്നു.

<u>സാമൂഹ്യപഠനമുറി:</u>

പട്ടികവർഗ്ഗ സങ്കേതങ്ങളിൽ ട്യൂഷൻ സമ്പ്രദായത്തോടെ സാമൂഹ്യ പഠനമുറി ആരംഭിച്ച് വിദ്യാഭ്യാസത്തിനുള്ള സാഹചര്യം പദ്ധതിവഴി ഒരുക്കുന്നു. ഉപദേശകനായോ ട്യൂട്ടറായോ പ്രവർത്തിക്കുന്നതിന് ഒരു യുവ പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടയാളെ (ആണോ/പെണ്ണോ) തെരഞ്ഞെടുത്ത് മാസംതോറും 15,000 രൂപ ഓണറേറിയം വ്യവസ്ഥയിൽ പരിശീലനം നൽകി നിയോഗിക്കുന്നതാണ്. സങ്കേതങ്ങളിലെ നിലവിലുള്ള കമ്മ്യൂണിറ്റി ഹാളിലോ സമാന ഇടങ്ങളിലോ പ്രസ്തുത സെന്റർ പ്രവർത്തിക്കും. കമ്പ്യൂട്ടർ, ഇന്റർനെറ്റ്, ഫർണിച്ചർ, വായനാസാമഗ്രികൾ, പഠിതാക്കൾക്കുള്ള ലഘുഭക്ഷണം എന്നിവയും ഇത്തരം കേന്ദ്രങ്ങളിൽ സജ്ജീകരിക്കുന്നതാണ്.

(ബി) പട്ടികവർഗ്ഗ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ ആനുകൂല്യങ്ങൾ നിലവിലുള്ള നിരക്കിന്റെ 25% വർദ്ധിപ്പിക്കുകയും വർദ്ധിപ്പിച്ച നിരക്ക് അതിന്റെ അടുത്ത 10-ലേയ്ക്ക് ക്രമപ്പെടുത്തി നൽകുന്നതിനും ഉത്തരവായിട്ടുണ്ട്.

(സി) പട്ടികവർഗ്ഗ വികസന വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന മോഡൽ റെസിഡൻഷ്യൽ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുക എന്നതാണ് വകുപ്പിന്റെ ലക്ഷ്യം. ഇതിനായി വിവിധ പദ്ധതികൾ എല്ലാ മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലും നടപ്പിലാക്കി വരുന്നു. വകുപ്പിനുകീഴിലുള്ള മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിൽ അടിസ്ഥാന സൗകര്യ വികസനം ഉറപ്പുവരുത്തുന്നതിനായി നിരവധി പ്രവർത്തനങ്ങൾ നടപ്പിലാക്കിവരുന്നു. പട്ടികവർഗ്ഗ വിദ്യാർത്ഥികളെ താമസിപ്പിച്ച് മികച്ച വിദ്യാഭ്യാസം നൽകി അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുകയും അതുവഴി ഉന്നത ജീവിതം കെട്ടിപ്പടുക്കുന്നതിന് അവരെ പ്രാപ്തരാക്കാനും മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിൽ 18 എണ്ണത്തിൽ സ്മാർട്ട് ക്ലാസ്സ് റൂമുകൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ പ്രസ്തുത സ്കൂളുകളുടെ ദൈനംദിന പ്രവർത്തനങ്ങൾക്കും അടിസ്ഥാന സൗകര്യ വികസനത്തിനായുള്ള കെട്ടിടം, ടോയ്‌ലെറ്റുകൾ, ശുദ്ധജല വിതരണം, ചുറ്റുമതിൽ, ട്രസ്സ് വർക്ക്, സെക്യൂരിറ്റി റൂം, കുഴൽക്കിണർ എന്നിവയുടെ നിർമ്മാണം/അറ്റകുറ്റപ്പണികൾ, സ്വന്തമായി കെട്ടിടമില്ലാത്ത എം.ആർ.എസ്.-കൾക്ക് താൽക്കാലിക സൗകര്യം ഏർപ്പെടുത്തൽ എന്നിവയ്ക്കും ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കുട്ടികൾക്കാവശ്യമായ ബെഞ്ച്, ഡസ്ക്, പഠനമേശ, കട്ടിൽ, മെത്ത, പഠനോപകരണങ്ങൾ എന്നിവയും ലൈബ്രറി/റഫറൻസ് പുസ്തകങ്ങൾ, ഹൈസ്കൂൾ/ഹയർ സെക്കൻഡറി സ്കൂളുകൾക്ക് ആവശ്യമായ സയൻസ്/കമ്പ്യൂട്ടർ ലാബുകൾ, കമ്പ്യൂട്ടർ അനുബന്ധ ഉപകരണങ്ങൾ, ടെലിവിഷൻ, കുട്ടികൾക്ക് വ്യക്തിത്വ വികസനത്തിനും തൊഴിൽ പരിശീലനത്തിലെ കായിക പരിശീലനത്തിനായുള്ള വിവിധ പദ്ധതികളും ഇതിനാവശ്യമായ ഉപകരണങ്ങൾ/യൂണിഫോം എന്നിവയും ഈ പദ്ധതി പ്രകാരം നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ ടി സ്കൂളിൽ പഠിക്കുന്ന പട്ടികവർഗ്ഗ വിദ്യാർത്ഥികൾക്ക് സ്റ്റുഡന്റ് പോലീസ് കേഡറ്റ്, എൻ.എസ്.എസ്., എൻ.സി.സി. എന്നീ പദ്ധതികളും സർഗ്ഗോത്സവം എന്ന പേരിൽ സംസ്ഥാനതല കലാമേളയും കളിക്കളം എന്ന പേരിൽ സംസ്ഥാനതല കായികമേളയും നടത്തുന്നു. വടശ്ശേരിക്കര, ഇടുക്കി, മലമ്പുഴ, തിരുനെല്ലി, കാസർഗോഡ് എന്നിവിടങ്ങളിൽ പ്രവർത്തിക്കുന്ന 5 മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിൽ സോളാർ പവർ പ്ലാന്റ്

സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കട്ടേല, ഞാറനീലി മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിൽ Node based computer lab സ്ഥാപിച്ചു കഴിഞ്ഞു. മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ സുരക്ഷാ സംവിധാനം ശക്തിപ്പെടുത്തുന്നതിനായി സി.സി.ടി.വി സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. മോഡൽ റെസിഡൻഷ്യൽ സ്കൂളുകളിൽ പഠനം നടത്തുന്ന വിദ്യാർത്ഥികളുടെ കായികപരമായ കഴിവുകൾ വികസിപ്പിക്കുന്നതിനായി സിന്തറ്റിക് ഫ്ലോറിംഗോടുകൂടിയ മൾട്ടി പർപ്പസ് കോർട്ടുകൾ കട്ടേല മോഡൽ റെസിഡൻഷ്യൽ സ്കൂൾ, കുളത്തുപ്പുഴ മോഡൽ റെസിഡൻഷ്യൽ സ്കൂൾ എന്നിവിടങ്ങളിൽ നിർമ്മിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

(ഡി) ഉണ്ട്. ഇതിനായി സംസ്ഥാന സാക്ഷരതാ മിഷനുമായി ചർച്ച ചെയ്യുകയും തുല്യതാ പരീക്ഷയുടെ ഒരു പ്രത്യേക സ്കീം ആരംഭിക്കുന്നതിനുള്ള പ്രൊപ്പോസൽ തയ്യാറാക്കി സമർപ്പിക്കുവാൻ ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്.

## അനാഥാലയങ്ങളിലെ കുട്ടികൾക്ക് സംവരണം

53 (676) ശ്രീ. എം. ഉമ്മർ:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനാഥാലയങ്ങളിൽ വളരുന്ന കുട്ടികൾക്ക് ജാതി സംവരണത്തിന്റെ അടിസ്ഥാനത്തിൽ ലഭിക്കേണ്ട ആനുകൂല്യങ്ങളും മുൻഗണനയും നിഷേധിക്കപ്പെടുന്ന സാഹചര്യം ഒഴിവാക്കാൻ എന്തെല്ലാം മുൻകരുതലുകൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതുസംബന്ധിച്ച് പഠനം നടത്തുന്നതിനായി സംസ്ഥാന പിന്നാക്കവിഭാഗ കമ്മീഷന് മുമ്പിൽ നിർദ്ദേശങ്ങളെന്തെങ്കിലും സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(സി) അനാഥാലയങ്ങളിൽ വളരുന്ന കുട്ടികൾക്ക് ഇക്കാര്യത്തിൽ അർഹമായ മുൻഗണന ലഭിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

### ഉത്തരം

(എ - സി) ഇക്കാര്യം കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ പരിഗണനയിലാണെങ്കിലും ഒരു പ്രത്യേക പാക്കേജായി പരിഗണിച്ച് നയപരമായ തീരുമാനമെടുക്കുന്നതിന് സാമൂഹ്യനീതി വകുപ്പിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

**മുഖാരി-മൂവാരി സമുദായത്തിന് സംവരണം**

54 (677) ശ്രീ. റ്റി. വി. രാജേഷ്: താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുഖാരി-മൂവാരി സമുദായങ്ങളെ കേന്ദ്രസർക്കാർ ഒ.ബി.സി. ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുള്ളതിനാൽ അർഹമായ സംവരണം അവർക്ക് സംസ്ഥാന സർക്കാരിൽനിന്നും ലഭ്യമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

ഉത്തരം

മുഖാരി-മൂവാരി സമുദായങ്ങളെ ഒ.ബി.സി. പട്ടികയിൽ ഉൾപ്പെടുത്തുന്ന വിഷയത്തിൽ പ്രാദേശികതല വിവരശേഖരണത്തിന്റെ അടിസ്ഥാനത്തിൽ കിർത്താഡ്സ് റിപ്പോർട്ട് തയ്യാറാക്കിവരികയാണ്. ടി റിപ്പോർട്ട് കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ പരിശോധിച്ച് സർക്കാരിലേയ്ക്ക് ശിപാർശ ചെയ്താൽ മാത്രമേ സർക്കാരിന് ഈ വിഷയം പരിഗണിക്കുവാൻ കഴിയൂ.

**പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ**

55 (678) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ പ്രവർത്തനം വിശദമാക്കാമോ ;

(ബി) പിന്നോക്ക വിഭാഗ വികസന കോർപ്പറേഷന്റെ ഗുണഭോക്താക്കൾ ആരൊക്കെയാണെന്ന് വിശദമാക്കാമോ ;

(സി) കോർപ്പറേഷനിൽ നിലവിലുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ ?

ഉത്തരം

(എ) കേരളത്തിലെ മറ്റു പിന്നാക്ക ന്യൂനപക്ഷ വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവരുടെ സാമൂഹിക, സാമ്പത്തിക, വിദ്യാഭ്യാസ ഉന്നമനം ലക്ഷ്യമാക്കിയാണ് കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ 1995-ൽ ആരംഭിച്ചത്. വളരെ കുറഞ്ഞ പലിശ നിരക്കിലും ലളിതമായ വ്യവസ്ഥയിലുമാണ് വിവിധ വായ്പാ പദ്ധതികൾ കോർപ്പറേഷൻ നടപ്പിലാക്കിവരുന്നത്. സ്വയംതൊഴിൽ വായ്പ, വിദ്യാഭ്യാസ

വായ്പ, മൈക്രോ ക്രെഡിറ്റ്/മഹിളാ സമൃദ്ധി യോജന, വിവാഹ വായ്പാ പദ്ധതി, വിദേശത്ത് ജോലി ലഭ്യമാക്കുന്നതിനുള്ള വായ്പ, സുവർണ്ണശ്രീ വായ്പ, വിദ്യാശ്രീ വായ്പ, പ്രവർത്തന മൂലധന വായ്പ, ബിസിനസ്സ് ഡെവലപ്മെന്റ് വായ്പ, വ്യക്തിഗത വായ്പ, കൺസ്യൂമർ ഡ്യൂറബിൾ, വാഹന വായ്പ, ഗൃഹ പുനരുദ്ധാരണ വായ്പ എന്നിവയാണ് കോർപ്പറേഷൻ നിലവിൽ നടപ്പിലാക്കുന്ന വായ്പാ പദ്ധതികൾ. വായ്പാ പദ്ധതികൾക്ക് പുറമേ തൊഴിലധിഷ്ഠിത പരിശീലനം, വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പുകൾ, വിപണന മേളകൾ (BCDC Expo) തുടങ്ങിയ പ്രവർത്തനങ്ങളും കോർപ്പറേഷൻ നടത്തിവരുന്നുണ്ട്.

ഒ.ബി.സി. വിഭാഗങ്ങൾക്കുവേണ്ടിയുള്ള വായ്പാ പദ്ധതികൾ ദേശീയ പിന്നാക്ക വിഭാഗ ധനകാര്യ വികസന കോർപ്പറേഷന്റെ (NBCFDC)-യും മത ന്യൂനപക്ഷ വിഭാഗങ്ങൾക്കുവേണ്ടിയുള്ള പദ്ധതികൾ ദേശീയ ന്യൂനപക്ഷ വികസന ധനകാര്യ കോർപ്പറേഷന്റെ (NMDFC)-യും ധനസഹായമുപയോഗിച്ചാണ് നടപ്പിലാക്കിവരുന്നത്.

(ബി) കേരളത്തിലെ മറ്റ് പിന്നാക്ക ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെട്ടവരാണ് കോർപ്പറേഷന്റെ ഗുണഭോക്താക്കൾ.

(സി) കോർപ്പറേഷൻ നടപ്പിലാക്കുന്ന പദ്ധതികൾ സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.*

**ശ്രീ. സുബ്രഹ്മണ്യൻ സമർപ്പിച്ച പരാതി**

56 (679) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭവന പുനരുദ്ധരണത്തിന് ധനസഹായം അനുവദിച്ചുവെങ്കിലും തുക ലഭിക്കാത്തത് സംബന്ധിച്ച് ശ്രീ സുബ്രഹ്മണ്യൻ ചൊവ്വന്നൂർ ബ്ലോക്ക്, തൃശ്ശൂർ എന്നയാൾ സമർപ്പിച്ച പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പരാതിയിൻമേൽ സ്വീകരിച്ച തുടർ നടപടി സംബന്ധിച്ച വിശദാംശം നൽകാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) തൃശ്ശൂർ ജില്ലയിലെ ചൊവ്വന്നൂർ ബ്ലോക്കിലെ 2014-15 വർഷത്തെ ഭവന പുനരുദ്ധാരണ ധനസഹായ പദ്ധതിയുടെ ഗുണഭോക്താവായ ശ്രീ. സുബ്രഹ്മണ്യൻ, ചിയ്യാനിപ്പറമ്പിൽ വീട്, മറ്റം (APLN No.MNG 080205201400001) എന്നയാളുടെ ധനസഹായത്തിന്റെ ഒന്നാം ഗഡു തുകയായ 25,000 രൂപ വിതരണം ചെയ്യുന്നതിനായി 9-2-2014-ന് TSRR0381415 ഫയൽ പ്രകാരം ബിൽ തയ്യാറാക്കി ബാങ്കിലേയ്ക്ക് നൽകുകയും ടി തുക ടിയാന്റെ പേരിൽ പഞ്ചാബ് നാഷണൽ ബാങ്കിലെ 4285000100075745 നമ്പർ അക്കൗണ്ടിലേയ്ക്ക് നിക്ഷേപിക്കുകയും ചെയ്തിരുന്നു. എന്നാൽ ടി തുക ലഭ്യമായില്ലെന്ന് കാണിച്ച് ടിയാൻ നൽകിയ പരാതി പരിശോധിച്ചതിൽ ടിയാന് തുക ലഭ്യമായതായി ഇ-ഹൗസിംഗ് സോഫ്റ്റ്വെയറിൽ കണ്ടതിനാൽ ടി അക്കൗണ്ടിന്റെ 9-12-2014-ന് ശേഷമുള്ള ബാങ്ക് സ്റ്റേറ്റ്മെന്റ് 26-4-2017-ന് ലഭ്യമാക്കുകയും ആയതിൻപ്രകാരം തുക വിതരണം നടത്തുന്നതിന് ബാങ്കിന് നിർദ്ദേശം നൽകിയിട്ടുമുണ്ട്.

രണ്ടാംഗഡു ധനസഹായത്തുകയായ 25,000 രൂപ 6-3-2017-ന് ബില്ല് തയ്യാറാക്കി TSRR0311617 നമ്പർ ഫയൽ പ്രകാരം 24-3-2017-ന് പഞ്ചാബ് നാഷണൽ ബാങ്കിലെ ടിയാന്റെ 4285000100075745 നമ്പർ അക്കൗണ്ടിലേയ്ക്ക് ക്രെഡിറ്റ് ചെയ്തിട്ടുണ്ട്.

**ചികിത്സാസഹായം**

57 (680) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിൽനിന്ന് ചികിത്സാ ധനസഹായത്തിനു വേണ്ടി ശ്രീമതി കണക്കറായി കൈദീൻ മറിൻ, ശ്രീ. തെയ്യുണ്ണി , വാരിയത്ത് പറമ്പിൽ വീട്, ശ്രീ. വേലായുധൻ, പള്ളത്ത് വീട് എന്നിവർ സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) ശ്രീ. ദിനിൽ നെല്ലാനി(ഇരിമ്പിളിയം)യുടെ അപേക്ഷയിന്മേൽ സഹായം അനുവദിച്ചിട്ടുണ്ടോ ; വ്യക്തമാക്കുമോ ?

ഉത്തരം

(എ & ബി) ശ്രീ. കണക്കറായിക്ക് 20,000 രൂപയും ശ്രീ. തെയ്യുണ്ണിക്ക് 25,000 രൂപയും ശ്രീ. ദിനിൽ നെല്ലാനിക്ക് 20,000 രൂപയും അനുവദിച്ചിട്ടുണ്ട്. ശ്രീ. വേലായുധന്റെ ചികിത്സാ ധനസഹായ അപേക്ഷ സർക്കാരിന് ലഭിച്ചിട്ടില്ല.

## ബൈട്രാൻസ്ഫർ നിയമനം

58 (681) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെക്രട്ടേറിയറ്റിലെ നിയമ വകുപ്പിലെ ടൈപ്പിസ്റ്റുമാർക്കും കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാർക്കും ലീഗൽ അസിസ്റ്റന്റുമാരായി ബൈട്രാൻസ്ഫർ നിയമനം നല്കുന്നതിന് ബാധകമായ സ്പെഷ്യൽ റൂൾസ് നിലവിലുണ്ടോ;

(ബി) ടൈപ്പിസ്റ്റുമാർക്കും കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാർക്കും നിയമബിരുദം ലഭിച്ച് എത്രവർഷം കഴിഞ്ഞാണ് നിയമവകുപ്പിൽ അസിസ്റ്റന്റുമാരായി നിയമനം നൽകുന്നത്;

(സി) ടൈപ്പിസ്റ്റ്/കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരെ നിലവിലെ നിയമം മറികടന്ന് ലീഗൽ അസിസ്റ്റന്റുമാരായി നിയമിച്ചിട്ടുണ്ടോ; ഇത് നിലവിലെ സർക്കാർ ഉത്തരവിന് വിരുദ്ധമായ നടപടിയല്ലേ; പ്രസ്തുത ഉത്തരവ് റദ്ദാക്കിയിട്ടുണ്ടോ ;

(ഡി) തെറ്റായ രീതിയിൽ ടൈപ്പിസ്റ്റ്/കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരെ ലീഗൽ അസിസ്റ്റന്റുമാരായി നിയമനം നൽകിയത് സംബന്ധിച്ച വിവരങ്ങൾ വ്യക്തമാക്കുമോ?

### ഉത്തരം

(എ) സ്പെഷ്യൽ റൂൾസ് നിലവിലില്ല. സെക്രട്ടേറിയറ്റിൽ നിയമ വകുപ്പിലെ ടൈപ്പിസ്റ്റുമാർക്കും കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാർക്കും ലീഗൽ അസിസ്റ്റന്റുമാരായി ബൈട്രാൻസ്ഫർ നിയമനം നൽകുന്നതിനായുള്ള 25-2-2011-ലെ G.O.(MS) No. 62/2011/GAD നമ്പർ എക്സിക്യൂട്ടീവ് ഉത്തരവ് നിലവിലുണ്ട്.

(ബി) നിയമ വകുപ്പിൽ ജോലി ചെയ്യുന്ന ടൈപ്പിസ്റ്റ്/കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാരിൽ നാല് വർഷം സർവ്വീസ് പൂർത്തീകരിച്ച നിയമ ബിരുദധാരികൾക്ക് നിയമ വകുപ്പിൽ അസിസ്റ്റന്റായി നിയമനം നൽകുന്നതിനുള്ള അപേക്ഷ സമർപ്പിക്കാവുന്നതാണ്. എന്നാൽ ഇതുസംബന്ധിച്ച് നിലവിലുള്ള മാനദണ്ഡങ്ങൾ പാലിച്ച് പരിശോധനയ്ക്കുശേഷം ഒഴിവ് വരുന്ന മുറയ്ക്കാണ് നിയമനം നടത്തുന്നത്.

(സി) നിയമ വകുപ്പിലെ കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് ശ്രീ. ശക്തികുമാർ ടി. കെ.-ക്ക് ലീഗൽ അസിസ്റ്റന്റ് തസ്തികയിൽ 28-2-2011 പ്രാബല്യത്തിൽ 5-4-2017-ലെ G.O (Ms) No. 58/17/Law സർക്കാർ ഉത്തരവ് പ്രകാരം നിയമനം നൽകി ഉത്തരവായിട്ടുള്ളതാണ്. നിലവിൽ സെക്രട്ടേറിയറ്റിലെ ടൈപ്പിസ്റ്റ്/ കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാർക്ക് ലീഗൽ അസിസ്റ്റന്റുമാരായി ബൈട്രാൻസ്ഫർ നിയമനം നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച 25-2-2011-ലെ G.O (Ms) No. 62/2011/GAD ഉത്തരവിന്റെ അടിസ്ഥാനത്തിലാണ് ടി നിയമനം നടത്തിയത്. പ്രസ്തുത നിയമനം പുനഃപരിശോധിക്കണമെന്നാവശ്യപ്പെട്ട് നൽകിയിട്ടുള്ള നിവേദനങ്ങൾ പരിശോധിച്ചുവരികയാണ്. പ്രസ്തുത ഉത്തരവ് റദ്ദാക്കിയിട്ടില്ല.

(ഡി)തെറ്റായ രീതിയിൽ ടൈപ്പിസ്റ്റ്/കോൺഫിഡൻഷ്യൽ അസിസ്റ്റന്റുമാർക്ക് ലീഗൽ അസിസ്റ്റന്റ് തസ്തികയിൽ നിയമനം നൽകിയിട്ടില്ല.

**നോട്ടറി നിയമനം**

59 (682) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോട്ടറി നിയമനം യഥാസമയം പുതുക്കുന്നതിന് അപേക്ഷ നൽകാൻ കഴിയാതെ പോയവരിൽനിന്നും , ആയത് പുതുക്കി നൽകുന്നതിനായി എത്ര അപേക്ഷകൾ ലഭിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) അപേക്ഷകളുടെ നിലവിലുള്ള സ്ഥിതി വിശദമാക്കുമോ;

(സി) കോഴിക്കോട് ജില്ലയിൽനിന്നും ലഭിച്ച അപേക്ഷകളുടെ നിജസ്ഥിതി വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) നോട്ടറി നിയമനം യഥാസമയം പുതുക്കുന്നതിന് അപേക്ഷ നൽകാൻ കഴിയാതെ പോയവരിൽനിന്നും ആയത് പുതുക്കി നൽകുന്നതിനായി 46 അപേക്ഷകൾ ലഭിച്ചിട്ടുണ്ടായിരുന്നു.

(ബി) പ്രസ്തുത 46 അപേക്ഷകരിൽ 17 പേർക്ക് നോട്ടറി സർട്ടിഫിക്കറ്റ് പുതുക്കി നൽകിയിട്ടുണ്ട്. 20 പേർക്ക് നോട്ടറി സർട്ടിഫിക്കറ്റ് പുതുക്കുന്നതിനുള്ള അപേക്ഷ സമർപ്പിച്ചതിലുണ്ടായ കാലതാമസം മാപ്പാക്കി നൽകുന്നതുമായി ബന്ധപ്പെട്ട് നിയമ വകുപ്പ് സെക്രട്ടറി നിയമ പ്രകാരമുള്ള ഹിയറിംഗ് നടത്തി നടപടിക്രമങ്ങൾ എടുത്തുവരുന്നു. 9 പേരുടെ അപേക്ഷ നിരസിച്ചിരുന്നു.

(സി) കോഴിക്കോട് ജില്ലയിൽനിന്നുള്ള അപേക്ഷകരിൽ ശ്രീ. റ്റി. ജെ. റോയ് (Reg. No. 40/97/KKD), തേവടിയിൽ ഹൗസ്, കൂടറിഞ്ഞി പി.ഒ., കോഴിക്കോട്, ശ്രീ. എൻ. രാമകൃഷ്ണൻ, (Reg.No. 5/98/KKD)ശ്രീനിലയം, അരീക്കോട്, നല്ലളം. പി.ഒ., കോഴിക്കോട് - 673 027 എന്നിവർക്ക് നോട്ടറി സർട്ടിഫിക്കറ്റ് പുതുക്കി നൽകിയിട്ടുണ്ട്. കൂടാതെ കോഴിക്കോട് ജില്ലയിൽനിന്നുള്ള അപേക്ഷകരിൽ ശ്രീ. വി. പി. മോഹൻദാസിന്റെ അപേക്ഷയിൽ (Reg. No.32/97/KKD), 18-4-2017-ൽ നിയമ വകുപ്പ് സെക്രട്ടറി ഹിയറിംഗ് നടത്തി നടപടി സ്വീകരിച്ചു വരുന്നു.

**പെൻഷൻ**

60 (683) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിലെ നോൺ-ജൂഡീഷ്യൽ അംഗങ്ങളായി നിയമിക്കപ്പെട്ടവർക്ക് ഏതെങ്കിലും രീതിയിലുള്ള പെൻഷൻ സംവിധാനം നിലവിലുണ്ടോ; എങ്കിൽ എത്രപേർക്ക് ഇതുവരെ പെൻഷൻ നൽകിയിട്ടുണ്ട്;

(ബി) ഇല്ലെങ്കിൽ പെൻഷൻ നൽകാതിരിക്കാനുള്ള കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) സ്റ്റാറ്റ്യൂട്ടറി കമ്മീഷനുകളിൽ അംഗങ്ങളായി നിയമിതരാകുന്ന സർക്കാർ ഉദ്യോഗസ്ഥരല്ലാത്തവർക്ക് വിരമിക്കലാനുകൂല്യം അനുവദിച്ചുകൊണ്ട് 28-11-2016-ലെ സ.ഉ. (അ) നമ്പർ 175/2016/ധന പ്രകാരം ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ കേരള സംസ്ഥാന മനുഷ്യാവകാശ കമ്മീഷനിലെ നോൺ ജൂഡീഷ്യൽ അംഗങ്ങളായി നിയമിക്കപ്പെടുന്നവർക്കും പ്രസ്തുത നിബന്ധനകൾക്ക് വിധേയമായി വിരമിക്കൽ ആനുകൂല്യം അനുവദിക്കാനുള്ള സംവിധാനമുണ്ട്. ആയതുപ്രകാരം ഒരു നോൺ-ജൂഡീഷ്യൽ അംഗത്തിന് പെൻഷൻ നൽകാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) മേൽ മറുപടിയുടെ അടിസ്ഥാനത്തിൽ ബാധകമല്ല.

## നിയമങ്ങളുടെ പട്ടിക

61 (684) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ പ്രാബല്യത്തിലുള്ള നിയമങ്ങളുടെ പട്ടിക, ബുക്ക് ഫോമിൽ അച്ചടിച്ച് പ്രസിദ്ധീകരിക്കുന്നതിനായി ഗവൺമെന്റ് പ്രസ്സിൽ നൽകിയിരുന്നതിന്റെ പുരോഗതി അറിയിക്കുമോ;

(ബി) പ്രസ്തുത പട്ടിക എന്നത്തേയ്ക്ക് ലഭ്യമാക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കേരളത്തിൽ പ്രാബല്യത്തിലുള്ള നിയമങ്ങൾ സംബന്ധിച്ച് 2001-ൽ പ്രസിദ്ധീകരിച്ച List of Enactments applicable to Kerala എന്ന പുസ്തകമാണ് അവസാനമായി നിയമ വകുപ്പ് പ്രസിദ്ധീകരിച്ചത്. ആയതിനുശേഷം 1-1-2016 വരെ പ്രാബല്യത്തിലുള്ള നിയമങ്ങളെ സംബന്ധിച്ചുള്ള പട്ടിക അച്ചടിച്ച് ബുക്ക് ഫോമിൽ ലഭ്യമാക്കുന്നതിനായി ഗവൺമെന്റ് പ്രസ്സിൽ നൽകിയിരിക്കുകയാണ്. അച്ചടി ജോലി പുരോഗമിച്ചുവരികയാണെന്നും ഉടൻതന്നെ അത് പൂർത്തീകരിക്കുമെന്നുമാണ് പ്രസ്സ് അധികൃതരിൽനിന്നും അറിയാൻ കഴിഞ്ഞത്. ആയത് പ്രസിദ്ധീകരിച്ച് കഴിഞ്ഞാൽ ഉടൻതന്നെ വിവരം ലഭ്യമാക്കുന്നതാണ്.

(ബി) ആയത് പ്രസിദ്ധീകരിച്ച് ഈ വകുപ്പിന് ലഭിക്കുന്നമുറയ്ക്ക് ലഭ്യമാക്കാവുന്നതാണ്.

## സ്വയംപര്യാപ്ത ഗ്രാമം പദ്ധതി

62 (685) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വയം പര്യാപ്ത ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തി ഒറ്റപ്പാലം നിയോജക മണ്ഡലത്തിലെ ഏതെല്ലാം ഗ്രാമപഞ്ചായത്തുകളിൽ എന്തെല്ലാം പ്രവൃത്തികൾ നടപ്പിലാക്കിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) ഏത് ഏജൻസി വഴിയാണ് പ്രസ്തുത പ്രവൃത്തികൾ നടത്തുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇതിൽ ഏതെങ്കിലും പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഇതിൽ പൂർത്തീകരിക്കാത്ത പ്രവൃത്തികൾ ഉണ്ടോ; എങ്കിൽ ആയത് എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സ്വയംപര്യാപ്ത ഗ്രാമം പദ്ധതിയിലുൾപ്പെടുത്തി ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ ഒരു കോളനിയും തെരഞ്ഞെടുത്തിട്ടില്ല. 2016-17-ൽ ആരംഭിച്ച അംബേദ്കർ ഗ്രാമ പദ്ധതിയിൽ കുമ്മാംപാറ കോളനി, വടക്കേടത്ത് കോളനി എന്നിവയെ തെരഞ്ഞെടുത്തിട്ടുണ്ട്.

(ബി-ഡി) അംബേദ്കർ ഗ്രാമം പദ്ധതിയിൽ ജില്ലാ നിർമ്മിതി കേന്ദ്രത്തെയാണ് നിർവ്വഹണ ഏജൻസിയായി നിശ്ചയിച്ചിട്ടുള്ളത്.

**സിനിമാ മേഖലയിലെ തർക്കം**

63 (686) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സിനിമാ മേഖലയിൽ വിതരണക്കാരും നിർമ്മാതാക്കളും തമ്മിലുള്ള തർക്കം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) ഇതുസംബന്ധിച്ച തർക്കത്തിന്റെ ഭാഗമായി തിയേറ്ററുകൾ ഇപ്പോഴും അടച്ചിട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സിനിമാ തിയേറ്ററുകളിൽ അമിതമായ ടിക്കറ്റ് നിരക്കും റിസർവേഷൻ ചാർജ്ജും ഈടാക്കുന്ന കാര്യം പരിശോധിക്കുമോ?

ഉത്തരം

(എ & ബി) സിനിമാ മേഖലയിൽ വിതരണക്കാരും നിർമ്മാതാക്കളും തമ്മിൽ നിലനിന്നിരുന്ന തർക്കം പരിഹരിക്കപ്പെട്ടിട്ടുണ്ട്. ഇതിന്റെ ഭാഗമായി തീയേറ്ററുകൾ അടച്ചിട്ടിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സിനിമാ തിയേറ്ററുകളിൽ അമിതമായ ടിക്കറ്റ് നിരക്കും റിസർവേഷൻ ചാർജ്ജും ഈടാക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടാൽ പരിശോധിക്കുന്നതാണ്. ചലച്ചിത്ര വ്യവസായം, സിനിമാ തിയേറ്ററുകളിലെ ടിക്കറ്റ് നിരക്ക് എന്നിവ സംബന്ധിച്ച സകല പ്രശ്നങ്ങൾക്കും പരിഹാരം കാണുന്നതിനായി ശ്രീ. അടൂർ ഗോപാലകൃഷ്ണൻ കമ്മിറ്റി റിപ്പോർട്ടിലെ ശിപാർശയായ 'സിനിമാ റെഗുലേറ്ററി അതോറിറ്റി' രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതോടനുബന്ധിച്ച് തീയേറ്ററുകളുടെ ടിക്കറ്റ് നിരക്ക്, റിസർവ്വേഷൻ എന്നിവയുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി തിയേറ്ററുകളിൽ ഇ-ടിക്കറ്റിംഗ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

**നന്ദികേശ ശിൽപ്പ പൈതൃക ഗ്രാമം പദ്ധതി**

64 (687) ശ്രീ. ആർ. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നൂറനാട് നന്ദികേശ ശില്പ പൈതൃക ഗ്രാമം പദ്ധതിക്ക് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി 2017 ആഗസ്റ്റിന് മുൻപായി ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ&ബി) നൂറനാട് പടനിലം നന്ദികേശ ശിൽപ്പ പൈതൃക ഗ്രാമമായി അംഗീകരിക്കുന്നതിന് പുരാവസ്തു വകുപ്പ് ഡയറക്ടറുമായി ബന്ധപ്പെട്ട് വ്യക്തമായ മാനദണ്ഡങ്ങളോടെ റിപ്പോർട്ട് സമർപ്പിക്കാൻ ലളിതകലാ അക്കാദമിയോട് സർക്കാർ ആവശ്യപ്പെട്ടിരിക്കുകയാണ്. പ്രസ്തുത പഠന റിപ്പോർട്ട് ലഭ്യമായതിനുശേഷം ആയത് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്ന കാര്യം തീരുമാനിക്കുന്നതാണ്.

**ഒടുവിൽ ഉണ്ണികൃഷ്ണൻ സ്മാരകമന്ദിരം**

65 (688) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യത്തിന് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാലക്കാട് കേരളശ്ശേരിയിലുള്ള 'ഒടുവിൽ ഉണ്ണികൃഷ്ണൻ സ്മാരകമന്ദിര'ത്തിന് അനുവദിച്ച 25 ലക്ഷം രൂപയ്ക്കുപുറമെ ആയതിന്റെ പണി പൂർത്തീകരിക്കുന്നതിനായി 25 ലക്ഷം രൂപകൂടി അധികമായി അനുവദിക്കണമെന്നാവശ്യപ്പെട്ട് സ്ഥലം എം.എൽ.എ. നൽകിയ കത്തിൽ സ്വീകരിച്ച നടപടിക്രമങ്ങളുടെ വിശദവിവരം നൽകുമോ?

ഉത്തരം

2016-17 സാമ്പത്തിക വർഷത്തെ പുതുക്കിയ ബജറ്റ് പ്രസംഗത്തിൽ പാലക്കാട് കേരളശ്ശേരിയിലുള്ള 'ഒടുവിൽ ഉണ്ണികൃഷ്ണൻ സ്മാരകം' നിർമ്മിക്കുന്നതിന് 25 ലക്ഷം രൂപ ധനസഹായം പ്രഖ്യാപിച്ചിരുന്നു. ആയതിൻപ്രകാരം

നിർമ്മിതികേന്ദ്രം തയ്യാറാക്കിയ 1.21 കോടി രൂപയുടെ എസ്റ്റിമേറ്റ് പാലക്കാട് ജില്ലാ കളക്ടർ ലഭ്യമാക്കിയിരുന്നു. മേൽ പദ്ധതിക്ക് ഒടുവിൽ ഉണ്ണികൃഷ്ണൻ ഫൗണ്ടേഷന്റെ കൈവശം ഭൂമി ലഭ്യമാണോയെന്നത് സംബന്ധിച്ചും 25 ലക്ഷം രൂപയിൽ നിജപ്പെടുത്തി ഒരു എസ്റ്റിമേറ്റ് ലഭ്യമാക്കാനും ജില്ലാ കളക്ടർക്ക് 1-2-2017-ൽ നിർദ്ദേശം നൽകി. ആയതിന്റെ മറുപടി സർക്കാരിൽ ലഭ്യമാക്കുന്നത് 29-3-2017-ൽ മാത്രമാണ്.

എന്നാൽ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച തുക ഒടുവിൽ ഉണ്ണികൃഷ്ണൻ ഫൗണ്ടേഷന് നൽകാൻ സർക്കാർ പ്രതിജ്ഞാബദ്ധമായതിനാൽ 23-3-2017-ലെ സ.ഉ.(സാധാ) 206/2017/സി.എൽ.എ.ഡി. ഉത്തരവുപ്രകാരം ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുകയും 29-3-2017-ന് ജില്ലാ കളക്ടറുടെ റിപ്പോർട്ട് ലഭിച്ച ഉടൻതന്നെ 31-3-2017-ലെ സ.ഉ.(സാധാ) നമ്പർ 280/2017/ സി.എൽ.എ.ഡി. ഉത്തരവുപ്രകാരം പാലക്കാട് ജില്ലാ കളക്ടർക്ക് ബജറ്റ് പ്രഖ്യാപനം പ്രകാരമുള്ള 25 ലക്ഷം രൂപ അനുവദിക്കുകയും ടി തുക ട്രാൻസ്ഫർ ക്രെഡിറ്റ് ചെയ്ത് നൽകുകയും ചെയ്തിട്ടുണ്ട്.

ഒടുവിൽ ഉണ്ണികൃഷ്ണൻ സ്മാരകത്തിനായി ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച 25 ലക്ഷം രൂപ കൂടാതെ 25 ലക്ഷം രൂപ അധികമായി അനുവദിക്കണമെന്ന ശ്രീ. കെ. വി. വിജയദാസ്, എം.എൽ.എ.-യുടെ അപേക്ഷ ലഭിച്ചിട്ടുണ്ട്. 31-3-2017-ലെ സ.ഉ. (സാധാ) നമ്പർ 280/2017/സി.എൽ.എ.ഡി. ഉത്തരവുപ്രകാരം അനുവദിച്ച 25 ലക്ഷം രൂപയുടെ വിനിയോഗം സംബന്ധിച്ച് പാലക്കാട് ജില്ലാ കളക്ടറിൽനിന്നും റിപ്പോർട്ട് വാങ്ങിയശേഷം അധിക തുക അനുവദിക്കുന്നകാര്യം പരിശോധിക്കുന്നതാണ്.

**മൂന്നാമത് ബിനാലെ**

66 (689) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂന്നാമത് ബിനാലെ നടത്തിപ്പിന് സാംസ്കാരിക വകുപ്പിന്റെ പങ്കാളിത്തം എന്തായിരുന്നെന്ന് വ്യക്തമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് എന്തെങ്കിലും തരത്തിലുള്ള കമ്മിറ്റികൾ സാംസ്കാരിക വകുപ്പ് രൂപീകരിച്ചിരുന്നോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ& ബി) ബിനാലെ സംഘടിപ്പിക്കാനുള്ള ധനസഹായം അനുവദിക്കുന്നത് ടൂറിസം വകുപ്പുവഴിയാണ്. ഇതുമായി ബന്ധപ്പെട്ട് സാംസ്കാരിക വകുപ്പ് കമ്മിറ്റികൾ രൂപീകരിച്ചിട്ടില്ല.

**സംസ്ഥാനത്തെ ഭാഷകൾ**

67 (690) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഒന്നിൽ കൂടുതൽ ഭാഷകൾ സംസാരിക്കുന്ന എത്ര പ്രദേശങ്ങളുണ്ട്; ആ പ്രദേശങ്ങളുടെ പേരും അവിടെ സംസാരിക്കുന്ന ഭാഷകളും വ്യക്തമാക്കാമോ;

(ബി) കാസർഗോഡ്, മഞ്ചേശ്വരം താലൂക്കുകളിൽ എത്ര ഭാഷകൾ സംസാരിക്കപ്പെടുന്നു എന്ന കണക്ക് സർക്കാറിന്റെ കൈവശമുണ്ടോ എന്നു വ്യക്തമാക്കാമോ ;

(സി) ഭാഷാ സംഗമ ഭൂമി എന്ന നിലയിൽ കാസർഗോഡിന്റെ സാംസ്കാരിക വളർച്ചയ്ക്ക് സർക്കാർ ഇതുവരെ എന്തെല്ലാം നടപടികളെടുത്തിട്ടുണ്ടെന്നും ഇനി എന്തെല്ലാം നടപടികൾ സ്വീകരിക്കാനുദ്ദേശിക്കുന്നുവെന്നും വിശദമാക്കാമോ;

(ഡി) സപ്തസ്വരകേന്ദ്രം കാസർഗോഡ് സ്ഥാപിക്കാൻ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ടോക്കൺ തുക നീക്കിവച്ചിരുന്നതിൻമേൽ എന്തൊക്കെ തുടർനടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കാസർഗോഡ്, പാലക്കാട്, ഇടുക്കി, തിരുവനന്തപുരത്തിന്റെ തെക്കൻ ഭാഗങ്ങൾ തുടങ്ങി അന്യ സംസ്ഥാന അതിർത്തികൾ പങ്കിടുന്ന പ്രദേശങ്ങളിലെല്ലാം ഒന്നിലധികം ഭാഷകൾ സംസാരിക്കുന്നുണ്ട്. കാസർഗോഡ് ജില്ലയിൽ കന്നഡ, തുളു, ബ്യാരി ഭാഷ സംസാരിക്കുന്നവരും പാലക്കാട്, ഇടുക്കി, കൊല്ലം, തിരുവനന്തപുരം ജില്ലകളിൽ തമിഴ് സംസാരിക്കുന്നവരും എറണാകുളം ജില്ലയിൽ ഗുജറാത്തി, കൊങ്കിണി ഭാഷകൾ സംസാരിക്കുന്നവരും താമസിച്ചുവരുന്നുണ്ട്. ഈ പ്രദേശങ്ങളിൽ ഈ ഭാഷാ മാധ്യമ വിദ്യാലയങ്ങളും പ്രവർത്തിക്കുന്നുണ്ട്.

(ബി) കാസർഗോഡ്, മഞ്ചേശ്വരം പ്രദേശങ്ങളിൽ മലയാളം കൂടാതെ കന്നഡ, തുളു, കൊങ്കിണി, ബ്യാരി തുടങ്ങിയ ഭാഷകളും പ്രചാരത്തിലുണ്ട്.

(സി) ആറിലധികം ഭാഷകൾ ഒന്നിച്ച് പ്രചാരത്തിലുള്ള പ്രദേശമാണ് കാസർഗോഡ്. ഒരർത്ഥത്തിൽ ഭാഷകളുടെ സംഗമഭൂമി എന്ന പേരിന് കാസർഗോഡ് സർവ്വഥാ അർഹമാണ്. ഈ യാഥാർത്ഥ്യം കണക്കിലെടുത്തുകൊണ്ടാണ് തുളു അക്കാദമി രൂപീകരിച്ചിട്ടുള്ളത്. കാസർഗോഡ് കന്നഡ കവി ഗോവിന്ദപൈ സ്മാരകവും പ്രവർത്തിക്കുന്നുണ്ട്.

(ഡി) 2012-ലെ ബഹുമാനപ്പെട്ട കേരള ഗവർണറുടെ നയപ്രഖ്യാപനത്തിൽ കാസർഗോഡ് സപ്തസ്വര കേന്ദ്രം ആരംഭിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. എന്നാൽ ബജറ്റിൽ ടോക്കൺ തുക വകയിരുത്തിയിരുന്നില്ല. 2012-ലെ ബഹുമാനപ്പെട്ട കേരള ഗവർണറുടെ നയപ്രഖ്യാപനത്തെത്തുടർന്ന് ഇതുസംബന്ധിച്ച റിപ്പോർട്ട് സമർപ്പിക്കുവാൻ കേരള സംഗീതനാടക അക്കാദമിയോട് ആവശ്യപ്പെടുകയും അക്കാദമി 4,72,00,000 രൂപയുടെ പ്രോജക്ട് സമർപ്പിക്കുകയുമുണ്ടായി. എന്നാൽ ഇതിന്റെ തുടർ പ്രവർത്തനങ്ങൾ നടത്തിയിട്ടില്ല.

**കലാഭവൻ മണി സ്മാരകം**

68 (691) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അന്തരിച്ച പ്രമുഖ സിനിമാനടൻ കലാഭവൻമണിയുടെ ഓർമ്മയ്ക്കായി ചാലക്കുടിയിൽ സ്മാരകം നിർമ്മിക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിനായുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(സി) ഫോക് ലോർ അക്കാദമിയുടെ ഉപകേന്ദ്രമായി പ്രസ്തുത സ്മാരകം രൂപപ്പെടുത്തുന്നതിനായുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) കേരള ഫോക്‌ലോർ അക്കാദമിയുടെ ഉപകേന്ദ്രമായി ചാലക്കുടിയിൽ കലാഭവൻ മണി സ്മാരകം സ്ഥാപിക്കുന്നതിന് കേരള ഫോക്‌ലോർ

അക്കാദമിക്ക് 2016-17-ലെ ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകി സാംസ്കാരിക വകുപ്പ് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. എങ്കിലും സ്മാരക നിർമ്മാണത്തിനാവശ്യമായ സ്ഥലവും ഭൗതിക സാഹചര്യങ്ങളും ലഭ്യമല്ലാത്ത സാഹചര്യത്തിൽ 2016-17 സാമ്പത്തിക വർഷം തുക അനുവദിച്ചിരുന്നില്ല. ചാലക്കുടിയിൽ കലാഭവൻ മണി സ്മാരകം സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട് സ്മാരകത്തിനായുള്ള സ്ഥലവും അടിസ്ഥാന സൗകര്യങ്ങളും അടിയന്തരമായി ലഭ്യമാക്കുന്നതിന് നടപടി ത്വരിതപ്പെടുത്തുവാൻ കേരള ഫോക്‌ലോർ അക്കാദമി സെക്രട്ടറിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## പാർലമെന്ററി ജനാധിപത്യം

69 (692) ശ്രീ. രാജു എബ്രഹാം :
ശ്രീ. റ്റി. വി. രാജേഷ് :
ശ്രീ. കെ. ഡി. പ്രസേനൻ :
ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാർലമെന്ററി ജനാധിപത്യം ശക്തിപ്പെടുത്തുന്നതിനും ജനാധിപത്യത്തിലധിഷ്ഠിതമായ സഹവർത്തിത്വവും സാമൂഹിക രാഷ്ട്രീയ അവബോധവും ജനങ്ങളിൽ ഊട്ടിയുറപ്പിക്കുന്നതിനും പാർലമെന്ററികാര്യ വകുപ്പ് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) ഈ മേഖലയിൽ പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് നടപ്പിലാക്കി വരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) പാർലമെന്ററി പ്രക്രിയയെക്കുറിച്ചും ജനാധിപത്യത്തിൽ മതേതരമൂല്യങ്ങളുടെ പ്രാധാന്യം കേന്ദ്രീകരിച്ചുകൊണ്ടും സ്കൂളുകളിലും കോളേജുകളിലും സെമിനാറുകൾ സംഘടിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ & ബി) പാർലമെന്ററികാര്യ വകുപ്പിനുകീഴിലുള്ള പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂൾ വിദ്യാർത്ഥികൾക്കായി

നിലവിൽ സെമിനാറുകൾ, യൂത്ത് പാർലമെന്റ് കോമ്പറ്റീഷൻ, പാർലമെന്ററി ലിറ്ററസി ക്ലബ്ബ്, ഹ്യൂമൻറൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബ് ഉപന്യാസം/ക്വിസ്/ പ്രസംഗ മത്സരങ്ങൾ എന്നിവ സംഘടിപ്പിച്ചുവരുന്നു. കൂടാതെ 'ജേർണൽ ഓഫ് പാർലമെന്ററി സ്റ്റഡീസ് ', വിവിധ പുസ്തകങ്ങൾ എന്നിവ പ്രസിദ്ധീകരിച്ചുവരുന്നു. വിദ്യാർത്ഥികളിലും യുവതലമുറയിലും പാർലമെന്ററി ജനാധിപത്യത്തെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിനായി സ്കൂൾ കോളേജുതല സെമിനാറുകളും ജനാധിപത്യ സംവിധാനത്തെപ്പറ്റി കുട്ടികൾക്ക് പരിശീലനം ലഭിക്കുന്നതിനായി യൂത്ത് പാർലമെന്റ് മത്സരങ്ങളും സംഘടിപ്പിക്കുന്നുണ്ട്.

(സി) സംസ്ഥാനത്തെ 140 നിയോജകമണ്ഡലങ്ങളിലും ഓരോ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 'മതേതര ജനാധിപത്യം' എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാറുകൾ സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാ എം.എൽ.എ.-മാരോടും തങ്ങളുടെ മണ്ഡലത്തിലെ ഓരോ സ്കൂളുകളെ സെമിനാറിനായി തെരഞ്ഞെടുത്ത് അറിയിക്കുവാൻ ആവശ്യപ്പെട്ടിരുന്നു. എന്നാൽ 82 എം.എൽ.എ.-മാർ മാത്രമാണ് സ്കൂളുകൾ നിശ്ചയിച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ അറിയിച്ചത്. അതിൽ 37 സ്കൂളുകൾ മാത്രമാണ് 2016-17 അദ്ധ്യയന വർഷത്തിൽ സെമിനാർ സംഘടിപ്പിച്ചതായി റിപ്പോർട്ട് ഇൻസ്റ്റിറ്റ്യൂട്ടിൽ ലഭ്യമാക്കിയിട്ടുള്ളത്. ആയതിനാൽ ഇതിന് തുടർച്ചയായി പുതിയ അദ്ധ്യയന വർഷത്തിന്റെ ആരംഭത്തിൽത്തന്നെ പാർലമെന്ററി പ്രക്രിയയെക്കുറിച്ചും ജനാധിപത്യത്തിൽ മതേതര മൂല്യങ്ങളുടെ പ്രാധാന്യം കേന്ദ്രീകരിച്ചുകൊണ്ട് സ്കൂളുകളിലും കോളേജുകളിലും സെമിനാറുകൾ സംഘടിപ്പിക്കുന്നത് സംബന്ധിച്ചുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ്

70 (693) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് "പാർലമെന്ററി ജനാധിപത്യം" എന്ന വിഷയത്തെ ആസ്പദമാക്കി സ്കൂളുകളിൽ സെമിനാർ നടത്താൻ ഉദ്ദേശിച്ചിരുന്നോ; എങ്കിൽ വിശദവിവരം വ്യക്തമാക്കാമോ ;

(ബി) എന്നാൽ പ്രസ്തുത പരിപാടി വേണ്ടത്ര വിജയം നേടാൻ കഴിഞ്ഞില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ നൂറ്റിനാല്പത് മണ്ഡലങ്ങളിലെ സ്കൂളുകളിൽ നടത്തേണ്ട പരിപാടി മുപ്പത്തിയാറ് സ്കൂളുകളിൽ മാത്രമായി ഒതുങ്ങിയതിന്റെ കാരണം വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിക്കായി നീക്കിവച്ച തുകയിൽ എത്ര ശതമാനം ചെലവാക്കി എന്നറിയിക്കാമോ;

(ഇ) ഭാവിയിൽ ഇത്തരം പദ്ധതികൾ ഫലപ്രദമായി നടത്തുന്നതിനുവേണ്ട മുൻകരുതലുകൾ സ്വീകരിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) സംസ്ഥാനത്തെ 140 നിയോജകമണ്ഡലങ്ങളിലും ഓരോ സർക്കാർ/എയ്ഡഡ് സ്കൂളുകളിൽ 'മതേതര ജനാധിപത്യം' എന്ന വിഷയത്തെ ആസ്പദമാക്കി സെമിനാറുകൾ സംഘടിപ്പിക്കുന്നതിന്റെ ഭാഗമായി എല്ലാ എം.എൽ.എ.-മാരോടും തങ്ങളുടെ മണ്ഡലത്തിലെ ഓരോ സ്കൂളുകളെ സെമിനാറിനായി തെരഞ്ഞെടുത്ത് അറിയിക്കുവാൻ ആവശ്യപ്പെട്ടിരുന്നു. എന്നാൽ 82 എം.എൽ.എ.-മാർ മാത്രമാണ് സ്കൂളുകൾ നിശ്ചയിച്ച് ഇൻസ്റ്റിറ്റ്യൂട്ടിനെ അറിയിച്ചത്. അതിൽ 37 സ്കൂളുകൾ മാത്രമാണ് 2016-17 അദ്ധ്യയന വർഷത്തിൽ സെമിനാർ സംഘടിപ്പിച്ചതായ റിപ്പോർട്ട് ഇൻസ്റ്റിറ്റ്യൂട്ടിൽ ലഭ്യമാക്കിയിട്ടുള്ളത്.

(സി) ബഹുമാനപ്പെട്ട എം.എൽ.എ.-മാർ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത സ്കൂളുകൾക്ക് ആവശ്യമായ നിർദ്ദേശങ്ങൾ നൽകിയിരുന്നുവെങ്കിലും ബന്ധപ്പെട്ട എല്ലാ സ്കൂൾ അധികാരികളും ടി വിഷയത്തിൽ മതിയായ പ്രാധാന്യം നൽകിയില്ല. ആയതിനാൽ 37 സ്കൂളുകളിൽ മാത്രമേ സെമിനാർ സംഘടിപ്പിച്ചിട്ടുള്ളൂ.

(ഡി) 26.3% .

(ഇ) അടുത്ത അദ്ധ്യയന വർഷത്തിന്റെ ആരംഭത്തിൽത്തന്നെ സ്കൂളുകളെ നിശ്ചയിച്ച് ബന്ധപ്പെട്ട എം.എൽ.എ.-മാരുടെയും ജനപ്രതിനിധികളുടെയും അദ്ധ്യാപക-രക്ഷാകർത്തൃ സമിതികളുടെയും സഹകരണത്തോടെ ടി പദ്ധതി ഫലപ്രദമായി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് വകുപ്പ്

71 (694) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് പാർലമെന്ററി അഫയേഴ്സ് വകുപ്പിന്റെ പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(ബി) ഓരോ നിയമസഭാ മണ്ഡലത്തിലും നടപ്പിലാക്കിയ പ്രവർത്തനങ്ങൾ എന്തെല്ലാം; ഇതിനാവശ്യമായ ഫണ്ട് സ്കൂളുകൾക്ക് നൽകിയിട്ടുണ്ടോ;

(സി) സർക്കാരിൽനിന്നും ലഭിച്ച ഫണ്ട് എത്രയെന്ന് വ്യക്തമാക്കുമോ; വിശദമായ വിവരം ലഭ്യമാക്കുമോ?

### ഉത്തരം

(എ) പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ട് സംസ്ഥാനത്തെ സർക്കാർ/എയ്ഡഡ് സ്കൂൾ വിദ്യാർത്ഥികൾക്കായി നിലവിൽ സെമിനാറുകൾ, യൂത്ത് പാർലമെന്റ് കോമ്പറ്റീഷൻ, പാർലമെന്ററി ലിറ്ററസി ക്ലബ്ബ്, ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബ്, ഉപന്യാസം/ക്വിസ്/പ്രസംഗ മത്സരങ്ങൾ എന്നിവ സംഘടിപ്പിച്ചുവരുന്നു. കൂടാതെ 'ജേർണൽ ഓഫ് പാർലമെന്ററി സ്റ്റഡീസ് ', വിവിധ പുസ്തകങ്ങൾ എന്നിവ പ്രസിദ്ധീകരിച്ചുവരുന്നു. വിദ്യാർത്ഥികളിലും യുവതലമുറയിലും പാർലമെന്ററി ജനാധിപത്യത്തെക്കുറിച്ചുള്ള അവബോധം സൃഷ്ടിക്കുന്നതിനായി സ്കൂൾ/ കോളേജുതല സെമിനാറുകളും ജനാധിപത്യ സംവിധാനത്തെപ്പറ്റി കുട്ടികൾക്ക് പരിശീലനം ലഭിക്കുന്നതിനായി യൂത്ത് പാർലമെന്റ് മത്സരങ്ങളും സംഘടിപ്പിച്ചുവരുന്നു.

(ബി) ഇക്കഴിഞ്ഞ അദ്ധ്യയന വർഷം ഓരോ മണ്ഡലത്തിലും നടപ്പാക്കിയ പരിപാടികൾ താഴെപ്പറയുന്നവയാണ്:

(i) സ്കൂളുകളിലെ സെമിനാറുകൾ:

കൊച്ചി, അങ്കമാലി, കളമശ്ശേരി, മട്ടന്നൂർ, ഇടക്കാട്, പേരാവൂർ, കാഞ്ഞങ്ങാട്, മഞ്ചേശ്വരം, ചവറ, പത്തനാപുരം, പുനലൂർ, പൂഞ്ഞാർ,

കോഴിക്കോട് നോർത്ത്, കൊടുവള്ളി, ഏലത്തൂർ, കുന്ദമംഗലം, കോട്ടയ്ക്കൽ, താനൂർ, വേങ്ങര, ഏറനാട്, പെരിന്തൽമണ്ണ, മണ്ണാർക്കാട്, തൃത്താല, കോന്നി, റാന്നി, വടക്കഞ്ചേരി, നാട്ടിക, ചാലക്കുടി, വാമനപുരം, വട്ടിയൂർക്കാവ്, ചിറയിൻകീഴ്, നെടുമങ്ങാട്, മാനന്തവാടി, കൽപ്പറ്റ.

(ii) <u>യൂത്ത് പാർലമെന്റ് മത്സരങ്ങൾ:</u>

കളമശ്ശേരി, മൂവാറ്റുപുഴ, ദേവികുളം, ഇടുക്കി, ഉടുമ്പൻചോല, കാഞ്ഞങ്ങാട്, തൃക്കരിപ്പൂർ, ഏറ്റുമാനൂർ, കടുത്തുരുത്തി, പൂഞ്ഞാർ, കോങ്ങാട്, മണ്ണാർക്കാട്, പാലക്കാട്, തൃത്താല, അടൂർ, ആറൻമുള, തിരുവല്ല, ആറ്റിങ്ങൽ, കാട്ടാക്കട, നെടുമങ്ങാട്, നെയ്യാറ്റിൻകര, തിരുവനന്തപുരം, വാമനപുരം, വട്ടിയൂർക്കാവ്, ചേലക്കര, ഇരിങ്ങാലക്കുട, കയ്പമംഗലം, കൊടുങ്ങല്ലൂർ, കുന്ദംകുളം, പുതുക്കാട്, വടക്കഞ്ചേരി, കൽപ്പറ്റ, മാനന്തവാടി, സുൽത്താൻ ബത്തേരി

(iii) <u>ഹ്യൂമൻ റൈറ്റ്സ് എഡ്യൂക്കേഷൻ ക്ലബ്ബ്:</u>

ആലുവ, തൊടുപുഴ, ഏറ്റുമാനൂർ, തിരൂർ, തരൂർ, തിരുവല്ല, അടൂർ, നെടുമങ്ങാട്, കഴക്കൂട്ടം, വട്ടിയൂർക്കാവ്, കൽപ്പറ്റ.

(iv) <u>പാർലമെന്ററി ലിറ്ററസി ക്ലബ്ബ്:</u>

അമ്പലപ്പുഴ, മൂവാറ്റുപുഴ, കൂത്തുപറമ്പ്, ചടയമംഗലം, കൊട്ടാരക്കര, ഏറ്റുമാനൂർ, പൂഞ്ഞാർ, എലത്തൂർ, പേരാമ്പ്ര, പെരിന്തൽമണ്ണ, മങ്കട, കോട്ടയ്ക്കൽ, വേങ്ങര, ആലത്തൂർ, തൃത്താല, മണ്ണാർക്കാട്, നെന്മാറ, കോന്നി, വാമനപുരം, ചിറയിൻകീഴ്, കൊടുങ്ങല്ലൂർ. ടി പ്രവർത്തനം നടത്തി ആയതിന്റെ റിപ്പോർട്ടും ചെലവ് വിവരങ്ങളും രേഖകളും ഇൻസ്റ്റിറ്റ്യൂട്ടിൽ ലഭ്യമാക്കിയിട്ടുള്ള എല്ലാ സ്കൂളുകൾക്കും ഫണ്ട് കൈമാറിയിട്ടുണ്ട്.

(സി) പാർലമെന്ററികാര്യ ഇൻസ്റ്റിറ്റ്യൂട്ടിൽ 2016-17 സാമ്പത്തിക വർഷത്തിൽ ഗ്രാന്റ് ഇൻ-എയ്ഡായി സർക്കാരിൽനിന്നും 1,11,37,000 രൂപ ലഭിച്ചിട്ടുണ്ട്.

## ടിക്കറ്റ് നിരക്ക്

72 (695) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പട്ടികവർഗ്ഗ പിന്നാക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സിനിമാ തീയേറ്ററുകളിലെ ടിക്കറ്റ് നിരക്ക് അയൽസംസ്ഥാനമായ തമിഴ്നാടിനെ അപേക്ഷിച്ച് വളരെ കൂടുതലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അമിതമായ ടിക്കറ്റ് നിരക്ക് കാരണം കേരളത്തിലെ സിനിമാ തീയേറ്ററുകളിൽ പ്രേക്ഷകർ കുറയുന്ന സാഹചര്യം ഒഴിവാക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കേരളത്തിലെ തീയേറ്ററുകളിൽ അമിതമായ ടിക്കറ്റ് നിരക്ക് ഈടാക്കുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. തീയേറ്ററുകളിൽ ടിക്കറ്റ് നിരക്ക് ഏകീകരണം, റിസർവേഷൻ ചാർജ്ജ് എന്നിവ സംബന്ധിച്ച പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് ഇ-ടിക്കറ്റിംഗ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ഇക്കോ ടൂറിസം

73 (696) ശ്രീ. അടൂർ പ്രകാശ്:
ശ്രീ. കെ. സി. ജോസഫ്:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇക്കോ ടൂറിസത്തിന് പ്രോത്സാഹനം നൽകുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കിവരുന്നത് ;

(ബി) ഇക്കോ ടൂറിസവുമായി ബന്ധപ്പെട്ട് പരിസ്ഥിതിക്കുണ്ടാകുന്ന ആഘാതത്തെക്കുറിച്ച് ശാസ്ത്രീയ പഠനം നടത്തിയിട്ടുണ്ടോ;

(സി) എങ്കിൽ പഠനത്തിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ പ്രസ്തുത ആഘാതങ്ങൾ കുറയ്ക്കുന്നതിന് എന്തെല്ലാം കാര്യങ്ങളാണ് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) കേരളത്തിൽ പങ്കാളിത്ത വന പരിപാലനത്തിന്റെ ഭാഗമായിട്ടാണ് ഇക്കോ ടൂറിസം നടപ്പാക്കിവരുന്നത്. നിലവിൽ 60 കേന്ദ്രങ്ങളിൽ ഇക്കോ ടൂറിസം നടപ്പാക്കിവരുന്നു. സന്ദർശകർ കൂടുതലായി എത്തുന്ന സ്ഥലങ്ങൾ, പുഴകൾ, വെള്ളച്ചാട്ടങ്ങൾ, പുൽമേടുകൾ തുടങ്ങി പ്രകൃതിരമണീയമായ സ്ഥലങ്ങളിലാണ് ഇക്കോ ടൂറിസം നടത്തിവരുന്നത്. ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ സന്ദർശകർക്കായി ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും സുരക്ഷാ സംവിധാനങ്ങളും ഒരുക്കിയിട്ടുണ്ട്. ഇക്കോ ടൂറിസം മേഖലയിൽ പരിസ്ഥിതി വിദ്യാഭ്യാസത്തിനായി ഇന്റർപ്രട്ടേഷൻ സെന്ററുകൾ രൂപീകരിക്കുകയും പരിസ്ഥിതി പഠന ക്യാമ്പുകൾ സംഘടിപ്പിക്കുകയും ചെയ്തുവരുന്നു. പരിശീലനം സിദ്ധിച്ച ഗൈഡുകളുടെ സേവനം ഈ കേന്ദ്രങ്ങളിൽ ലഭ്യമാണ്. സംസ്ഥാന വന വികസന ഏജൻസിയുടെ ആഭിമുഖ്യത്തിൽ എല്ലാ ഇക്കോ ടൂറിസം കേന്ദ്രങ്ങളിലും സേഫ്റ്റി ഓഡിറ്റ് നടത്തുന്നതിനായി നാഷണൽ സേഫ്റ്റി കൗൺസിലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഓരോ ഇക്കോ ടൂറിസം കേന്ദ്രത്തിനും ഉൾക്കൊള്ളാൻ കഴിയുന്ന സന്ദർശകരുടെ അളവ് തിട്ടപ്പെടുത്തുന്നതിനായുള്ള പഠനം നടത്തുന്നതിനുള്ള നടപടികളും കൈക്കൊണ്ടുവരുന്നു.

(ബി & സി) കേരളത്തിൽ നിലവിലുള്ള 60 ഇക്കോ ടൂറിസം കേന്ദ്രങ്ങളിൽ പരിസ്ഥിതി ആഘാതം പരമാവധി ഒഴിവാക്കിയാണ് സന്ദർശന സംവിധാനം ചെയ്തിരിക്കുന്നത്. വന പരിസ്ഥിതിക്ക് ആഘാതം ഏൽപ്പിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങൾ ഉൾപ്പെടെയുള്ളവ പൂർണ്ണമായും നിർമ്മാർജ്ജനം ചെയ്യുന്നുണ്ട്.

**വന്യമൃഗങ്ങളുടെ ആക്രമണം**

74 (697) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ കാട്ടാനകളുടെയും, മറ്റ് കാട്ടുമൃഗങ്ങളുടെയും നിരന്തരമായ ആക്രമണങ്ങളും ശല്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത പ്രശ്നം പരിഹരിക്കുവാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) കോതമംഗലം മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ കാട്ടാനകളുടെ ശല്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല. പന്നി, ചെന്നായ, കുരങ്ങ് മുതലായ വന്യമൃഗങ്ങളുടെ ശല്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ജനവാസ മേഖലയിൽ നിരന്തരം ശല്യമുണ്ടാക്കുന്ന കാട്ടുപന്നികളെ തുരത്തി ഓടിക്കുന്നതിനും നിരീക്ഷിക്കുന്നതിനും കോതമംഗലം റേഞ്ച് ഓഫീസറുടെ നേതൃത്വത്തിൽ അനിമൽ റെസ്ക്യൂ ടീമിന് രൂപം നൽകി പ്രവർത്തിച്ചുവരുന്നു.

കോതമംഗലം മണ്ഡലത്തിൽ മനുഷ്യ-വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി കോതമംഗലം റേഞ്ചിൽ കീരമ്പാറ പഞ്ചായത്ത് പ്രസിഡന്റും കവളങ്ങാട് പഞ്ചായത്ത് പ്രസിഡന്റും ചെയർമാന്മാരായി ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്. ടി സമിതികളുടെ യോഗങ്ങൾ യഥാക്രമം 15-3-2017, 25-3-2017 തീയതികളിൽ നടന്നിട്ടുണ്ട്.

**വനഭൂമി കയ്യേറ്റം**

75 (698) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വനഭൂമികൾ ഭൂമാഫിയകൾ പലയിടത്തും കയ്യടക്കി വച്ചിരിക്കുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ എവിടെയൊക്കെ വനം കയ്യേറിയിട്ടുണ്ടെന്ന് ജില്ല തിരിച്ച് വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) എത്ര ഏക്കർ വനം കയ്യേറിയിട്ടുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) മൂന്നാർ മേഖലയിൽ എത്ര ഏക്കർ വനം കയ്യേറിയതായി കണ്ടെത്തിയിട്ടുണ്ട്; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ഡി) വനം കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ നാളിതുവരെ എന്തൊക്കെ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) കേരളത്തിലെ വനഭൂമികൾ ഭൂമാഫിയകൾ കയ്യടക്കി വച്ചിട്ടുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) വനപ്രദേശങ്ങളിൽ കയ്യേറ്റങ്ങൾ കണ്ടെത്തിയിട്ടുണ്ട്. ആയതിന്റെ 31-3-2016-ലെ സർക്കിൾ തിരിച്ചുള്ള വിശദവിവരം ചുവടെ ചേർക്കുന്നു:

| വനം സർക്കിൾ | അനധികൃത വനം കയ്യേറ്റം | |
|---|---|---|
| | (ഹെക്ടറിൽ) | (ഏക്കറിൽ) |
| സതേൺ സർക്കിൾ, കൊല്ലം | 18.96 | 46.84 |
| ഹൈറേഞ്ച് സർക്കിൾ, കോട്ടയം | 1727.20 | 4932.82 |
| സെൻട്രൽ സർക്കിൾ, തൃശ്ശൂർ | 276.33 | 683.46 |
| ഈസ്റ്റേൺ സർക്കിൾ, പാലക്കാട് | 3819.73 | 9769.13 |
| നോർത്തേൺ സർക്കിൾ, കണ്ണൂർ | 1760.45 | 5279.29 |
| ഫീൽഡ് ഡയറക്ടർ, കോട്ടയം | 5.4061 | 13.37 |
| വൈൽഡ് ലൈഫ് സർക്കിൾ, പാലക്കാട് | 193.02 | 476.95 |
| ആകെ | 7801.10 | 21201.86 |

(സി) മൂന്നാർ വനം ഡിവിഷന്റെ പരിധിയിൽ 2717.3 ഏക്കർ സ്ഥലവും മൂന്നാർ വൈൽഡ് ലൈഫ് ഡിവിഷന്റെ അധികാരപരിധിയിൽ വരുന്ന മുളങ്ങാമുട്ടി ഭാഗത്ത് ഒരു ഏക്കർ സ്ഥലവും കയ്യേറിയിട്ടുള്ളതായി കണ്ടെത്തിയിട്ടുണ്ട്.

(ഡി) പുതുതായി ശ്രദ്ധയിൽ വരുന്ന വനം കയ്യേറ്റങ്ങൾ അപ്പപ്പോൾത്തന്നെ ഒഴിപ്പിക്കാറുണ്ട്. ഒഴിപ്പിക്കലിനെതിരെ കോടതി ഉത്തരവുകൾ നിലവിലുണ്ടെങ്കിൽ ആയത് നീക്കി ഒഴിപ്പിക്കൽ നടത്താനും നടപടി സ്വീകരിക്കാറുണ്ട്. 1977 ജനവരി 1-ന് ശേഷമുള്ള വനഭൂമി കയ്യേറ്റങ്ങൾ ഒഴിപ്പിക്കാൻ 2015 സെപ്റ്റംബർ മാസം 4-ാം തീയതി ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 1957-ലെ കേരള ലാന്റ് കൺസർവൻസി ആക്ട്, 1961-ലെ കേരള ഫോറസ്റ്റ് ആക്ട് എന്നിവയനുസരിച്ച് നടപടി സ്വീകരിക്കാൻ ഉത്തരവായതിന്റെ അടിസ്ഥാനത്തിൽ അത്തരം കയ്യേറ്റങ്ങൾ ഒഴിപ്പിക്കുന്നതിനായി കയ്യേറ്റക്കാർക്ക് നോട്ടീസ് നൽകുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**പാമ്പ് കടിയേൽക്കുന്നവർക്കുള്ള സഹായം**

76 (699) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാമ്പ് കടിയേറ്റ് മരിക്കുന്നവർക്ക് വനം വകുപ്പ് സഹായം നൽകുന്നുണ്ടോ എന്ന് വിശദമാക്കുമോ;

(ബി) വനമേഖലയിലുൾപ്പെടുന്ന പ്രദേശത്ത് വച്ച് പാമ്പു കടിയേൽക്കുന്നവർക്ക് സർക്കാർ നൽകിവരുന്ന സാമ്പത്തിക സഹായം എത്രയെന്ന് വിശദമാക്കുമോ;

(സി) നാട്ടിൻപുറങ്ങളിൽവച്ച് പാമ്പ് കടിയേറ്റ് മരിക്കുന്നവർക്കും ഗുരുതരമായി അസുഖം ബാധിക്കുന്നവർക്കും എന്തെല്ലാം സഹായങ്ങൾ വനംവകുപ്പ് നൽകിവരുന്നുവെന്ന് വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) പാമ്പ് കടിയേറ്റ് മരിക്കുന്നവർക്ക് 14-11-2014-ലെ ജി.ഒ. (എം.എസ്.) നമ്പർ 96/2014/വനം ഉത്തരവിലെ വ്യവസ്ഥകൾ പ്രകാരം നഷ്ടപരിഹാരം നൽകിവരുന്നു.

(ബി) 14-11-2014-ലെ ജി.ഒ. (എം.എസ്.) നമ്പർ 96/2014/വനം പ്രകാരം വനത്തിനുള്ളിൽവച്ച് പാമ്പുകടിയേറ്റ് മരണപ്പെടുന്നവരുടെ ആശ്രിതർക്ക് 5 ലക്ഷം രൂപ നഷ്ടപരിഹാരം നൽകുന്നു.

(സി) 14-11-2014-ലെ ജി.ഒ. (എം.എസ്.) നമ്പർ 96/2014/വനം പ്രകാരം നാട്ടിൻപുറങ്ങളിൽവച്ച് പാമ്പുകടിയേറ്റ് മരണപ്പെടുന്നവരുടെ ആശ്രിതർക്ക് ഒരു ലക്ഷം രൂപ നഷ്ടപരിഹാരം നൽകുന്നു. കൂടാതെ പാമ്പുകടിയേറ്റതിനെത്തുടർന്നുള്ള ചികിത്സയ്ക്ക് മെഡിക്കൽ ഓഫീസറുടെ സാക്ഷ്യപത്രത്തിന്റെയും ചികിത്സാ രേഖകളുടെയും പിൻബലത്തിൽ പരമാവധി 75,000 രൂപ വരെ നൽകുന്നു.

**സാമൂഹിക വനവൽക്കരണ പദ്ധതികൾ**

77 (700) <u>ശ്രീ. മഞ്ഞളാംകുഴി അലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹിക വനവൽക്കരണത്തിനായി ഈ വർഷത്തെ ബജറ്റിൽ എത്ര രൂപയാണ് വകയിരുത്തിയിട്ടുള്ളത്;

(ബി) ഇത്തരത്തിൽ വനവൽക്കരണം നടത്തേണ്ടുന്ന പ്രദേശങ്ങളെ തെരഞ്ഞെടുക്കുന്നതിന്റെ മാനദണ്ഡങ്ങളെന്തെല്ലാമാണ്; ഈ പ്രദേശങ്ങളെ കണ്ടെത്തി ശിപാർശ സമർപ്പിക്കുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത് ;

(സി) മലപ്പുറം ജില്ലയിലെ കൊടികുത്തിമല പ്രദേശത്ത് സാമൂഹിക വനവത്കരണത്തിനായി പദ്ധതികൾ എന്തെങ്കിലും തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള സാധ്യത പരിശോധിക്കുമോ?

<u>ഉത്തരം</u>

(എ) സാമൂഹിക വനവൽക്കരണത്തിനായി ഈ വർഷത്തെ ബജറ്റിൽ 1400 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

(ബി) വഴിയോരത്തണൽ പദ്ധതി മുഖാന്തിരവും ബ്ലോക്ക് പ്ലാന്റിംഗ് വഴിയായും മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് അനുയോജ്യമായതും ലഭ്യമായതുമായ സ്ഥലങ്ങൾ ബന്ധപ്പെട്ട സർക്കാർ വകുപ്പുകളുമായും സ്ഥാപനങ്ങളുമായും ചർച്ച നടത്തി വനം വകുപ്പ് ഉദ്യോഗസ്ഥർ പരിശോധിച്ച് തെരഞ്ഞെടുക്കുകയാണ് ചെയ്യുന്നത്. ഹരിത കേരളം പദ്ധതി മുഖാന്തിരം പഞ്ചായത്തുകളിലേയ്ക്ക് വിതരണം ചെയ്യുന്ന തൈകൾ വച്ചുപിടിപ്പിക്കുന്നതിന് അനുയോജ്യമായ സ്ഥലങ്ങൾ ബന്ധപ്പെട്ട പഞ്ചായത്ത് തന്നെയാണ് കണ്ടെത്തി വനവൽക്കരണം നടത്തുന്നത്. സ്കൂളുകളിലേക്കും കോളേജുകളിലേക്കും വിതരണം ചെയ്യുന്ന തൈകൾ വിദ്യാർത്ഥികൾ ബന്ധപ്പെട്ട അദ്ധ്യാപകരുടെ മേൽനോട്ടത്തിലാണ് അനുയോജ്യമായ സ്ഥലങ്ങൾ കണ്ടെത്തി വനവൽക്കരണം നടത്തുന്നത്.

(സി) മലപ്പുറം ജില്ലയിലെ കൊടികുത്തിമല പ്രദേശത്ത് സാമൂഹിക വനവൽക്കരണത്തിനായി പദ്ധതികൾ ഒന്നും തയ്യാറാക്കിയിട്ടില്ല. നിലമ്പൂർ സൗത്ത് ഡിവിഷനിൽ വി.എസ്.എസ്. മുഖേനയാണ് വനവൽക്കരണം നടത്തിവരുന്നത്.

**മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിനുള്ള പ്രത്യേക പദ്ധതികൾ**

78 (701) <u>ശ്രീ. പി. കെ. ബഷീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മരങ്ങൾ വച്ചു പിടിപ്പിക്കുന്നതിനായി എന്തെങ്കിലും പ്രത്യേക പദ്ധതികൾ നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) വഴിയോരത്തണൽ പദ്ധതി പ്രകാരം 2016-17 കാലയളവിൽ എത്ര തുക അനുവദിച്ചു; ആയതിൽ എത്ര തുക ചെലവഴിച്ചു; പ്രസ്തുത പദ്ധതി പ്രകാരം എവിടെയെല്ലാം മരങ്ങൾ വച്ചു പിടിപ്പിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(സി) വിവിധ ആവശ്യങ്ങൾക്കായി മരങ്ങൾ മുറിച്ചുമാറ്റുമ്പോൾ പകരം മരങ്ങൾ വയ്ക്കണമെന്ന് നിഷ്കർഷിക്കാറുണ്ടോ; എങ്കിൽ ആയത് പാലിച്ചിട്ടുണ്ടോ എന്നും പകരം വച്ച മരങ്ങൾ പരിപാലിക്കുന്നുണ്ടോ എന്നും പരിശോധിക്കുന്നതിന് സംവിധാനം നിലവിൽ ഉണ്ടോ;

(ഡി) കഴക്കൂട്ടം-കോവളം ബൈപ്പാസ് വീതി കൂട്ടലിന്റെ ഭാഗമായി മുറിച്ചുമാറ്റപ്പെട്ട മരങ്ങൾക്ക് പകരമായി മരങ്ങൾ വച്ചുപിടിപ്പിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഹരിത കേരളം പദ്ധതിയുടെ കീഴിൽ വൃക്ഷത്തൈകൾ ഉൽപ്പാദിപ്പിച്ച് എന്റെ മരം, നമ്മുടെ മരം, വഴിയോരത്തണൽ, സ്കൂളിൽ ഒരു ഔഷധത്തോട്ടം, കുട്ടിവനം, നക്ഷത്രവനം, ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാന്റിംഗ് എന്നീ പദ്ധതികളിലൂടെ അവ വിതരണം ചെയ്യുകയും വച്ചുപിടിപ്പിക്കുകയും ചെയ്തുവരുന്നു.

(ബി) 2016-17 കാലയളവിൽ ഹരിത കേരളം (VIII-ാം ഘട്ടം) പദ്ധതിയിൽ ഉൾപ്പെടുത്തി" 2406-1-800-55-1-എക്സ്റ്റൻഷൻ ഫോറസ്ട്രി" ബജറ്റ് ശീർഷകത്തിൽ സർക്കാർ അംഗീകൃത കർമ്മ പരിപാടിയിൽ ഉൾപ്പെടുത്തി വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുന്നതിനായി വഴിയോരത്തണൽ പദ്ധതിയിൽ 15,55,877 രൂപ ചെലവഴിച്ചിട്ടുണ്ട്.

വഴിയോരത്തണൽ പദ്ധതി പ്രകാരം തൈകൾ വച്ചുപിടിപ്പിച്ച സ്ഥലങ്ങൾ ചുവടെ ചേർക്കുന്നു:

1. ആലപ്പുഴ സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ തുറവൂർ ചെങ്ങറ റോഡ് സൈഡ്, കോട്ടയം സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ കുറവച്ചൂർ മറ്റം റോഡ്, വട്ടമൂട് ബ്രിഡ്ജ്
2. കോഴിക്കോട് സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ കാവിൽ തീക്കുനി റോഡ് - റീച്ച് 1, 2, തണ്ണീർ പന്തൽ - വരിക്കോളി റോഡ്, തണ്ണീർ പന്തൽ - കടമേരി റോഡ്, കോക്കല്ലൂൽ - പുത്തൂർവട്ടം റോഡ്, വാര്യക്കോട് - രാമല്ലൂർ റോഡ്, പരപ്പൻപൊയിൽ - ഇരങ്ങാപ്പുഴ റോഡ്, ചിറ്റാരിപ്പിലാക്കൽ - കൈതാട്ടിമുക്ക് റോഡ്
3. കാസർഗോഡ് സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ കൊല്ലാട – കമ്പല്ലൂർ, നല്ലോംപുഴ – അരിയിരുത്തി റോഡ്
4. മലപ്പുറം സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ ഉറങ്ങാട്ടിരി ബ്രിജ് എടരിക്കടവ് റോഡ്, മന്നപ്പാടം മെയിൻ റോഡ്, മോട്ടുപൊയ്ക – പുളിക്കലങ്ങാടി റോഡ്, രണ്ടാംപാടം റോഡ്, വഴിക്കടവ് - പാലാട് റോഡ്, നരിപ്പലമുണ്ട്-പാലാട് റോഡ്, നരേക്കാവ് - താനിക്കടവ് റോഡ്, മഞ്ചക്കോട് - മണ്ണാചീനി റോഡ്, നരേക്കാവ് - വള്ളിക്കാവ്, കുരുടിപ്പുഴ-ചെക്ക് ഡാം, മാമങ്ങര-നെല്ലിക്കുന്ന്, സ്കൂൾകുന്ന് റോഡ്, വെള്ളിമുട്ടം-ഞെട്ടികുളം, പനങ്ങയം-പുലപ്പാടം, പൂട്ടോളി-കീഴുപറമ്പ്, കീഴുപറമ്പ്-

പഴംപറമ്പ്, കീഴുപറമ്പ്-കുനിയിൽ, ചേരുർ-അഞ്ചാനമ്പലം, ചേരുർ-കുന്നമ്പുറം, പൂക്കിപറമ്പ്-ഉഴൂർ, എടവണ്ണ-പാലപറ്റ, എടവണ്ണ-പന്നിപ്പാറ അരീക്കോട് റോഡ്, കരുളായി-കാരപ്പുറം, കുന്നമംഗലം-വില്ലേജ് ഓഫീസ് റോഡ്, പൂട്ടുളി-കീഴുപറമ്പ്, ഊരകം-മേൽമുറി, എം.ഇ.എസ്.-കുറ്റിപ്പുറം

5. ഇടുക്കി സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ അടിമാലി-വാളറ, വെള്ളത്തുവൽ-ആനച്ചാൽ, കൊന്നത്തടി-പണിക്കൻകുടി, തൊടുപുഴ-അറക്കുളം, തൊടുപുഴ-മണക്കാട്, കോടിക്കുളം-പരിയാരം, തൊടുപുഴ-ഉടുമ്പന്നൂർ, കാളിയാർ-വെസ്റ്റ് കോടിക്കുളം

6. പാലക്കാട് സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ വടക്കഞ്ചേരി-പുതുക്കോട്, എരട്ടോട്-തുപ്പംകോട്, തൃത്താല-പലിഞ്ഞാറങ്ങാടി, കോട്ടോപ്പാടം-അലനെല്ലൂർ, ഓങ്ങല്ലൂർ-കാരക്കാട്, മംഗലാംകുന്ന്-കടമ്പൂർ, മുണ്ടൂർ-കുട്ടുപാത എഴക്കാട്, കണ്ണന്നൂർ-ചുങ്കമന്ദം

7. തൃശ്ശൂർ സോഷ്യൽ ഫോറസ്ട്രി ഡിവിഷനിൽ കാതിക്കുടം-കാടുകുറ്റി, ഇരിങ്ങാലക്കുട ബൈപ്പാസ് റോഡ്, മടത്തുംപടി-ഇറാനികുളം, കൊടകര-പുത്തുക്കാവ്-പേരാമ്പ്ര, പോട്ട-ഉറുമ്പൻകുന്ന്, ആനാപ്പുഴ-കൊടുങ്ങല്ലൂർ, പോട്ട- പനമ്പിള്ളി, തിരുമുക്കുളം-കുണ്ടൂർ, ചെന്തുരുത്തി-കൊസേരുകുന്ന്, കൊറ്റനെല്ലൂർ-കോമ്പാറ, കണ്ണോത്ത്-പുല്ലഴി, വെങ്കിടങ്ങ്-കണ്ണോത്ത്, പാങ്ങ്-പെരിങ്ങാട്

(സി) 10-2-2010-ലെ G.O.(Rt) No.68/2010 F&WLD, 21-4-2010-ലെ G.O.(Rt) No.172/2010 F&WLD എന്നിവ പ്രകാരം വിവിധ വികസന ആവശ്യങ്ങൾക്കായി മരങ്ങൾ മുറിക്കാൻ ട്രീ കമ്മിറ്റി അനുമതി നൽകുമ്പോൾ മുറിക്കപ്പെട്ട മരത്തിന്റെ എണ്ണത്തിന്റെ പത്തിരട്ടി മരങ്ങൾ വച്ചുപിടിപ്പിക്കണമെന്ന് നിഷ്കർഷിക്കാറുണ്ട്. ഈ നിബന്ധന പാലിക്കുന്നുണ്ടോയെന്ന് നിരീക്ഷണം നടത്തിവരുന്നുണ്ട്.

(ഡി) കഴക്കൂട്ടം-കോവളം റോഡിൽ നിന്നിരുന്നതും മുറിച്ചു മാറ്റപ്പെട്ടതുമായ മരങ്ങൾക്ക് പകരം കഴക്കൂട്ടം സൈനിക സ്കൂളിൽ 32000-ഉം ഗ്രീൻ ഫീൽഡ് സ്റ്റേഡിയത്തിൽ 1500-ഉം മരത്തൈകൾ വച്ചുപിടിപ്പിച്ച് പരിപാലിച്ചു പോരുന്നുണ്ട്.

## കാട്ടുതീ തടയൽ

79 (702) ശ്രീ. മുല്ലക്കര രത്നാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വരൾച്ചാകാലത്ത് കാട്ടുതീ തടയുന്നതിന് വനം വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) എത്ര ഹെക്ടർ വനം കാട്ടുതീ ബാധിതമായിട്ടുണ്ട് എന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ?

ഉത്തരം

(എ) വരൾച്ചാക്കാലത്ത് കാട്ടുതീ തടയുന്നതിന് ഓരോ വന ഡിവിഷനു കീഴിലും വരുന്ന വനമേഖലയുടെ സ്വഭാവം, മുൻവർഷങ്ങളിലെ അനുഭവം, ഈ വർഷം ഇവ കത്താനുള്ള സാദ്ധ്യത എന്നിവ കണക്കിലെടുത്ത് വനമേഖലയെ Highly/Moderately/Low എന്നിങ്ങനെ വിവിധ സാദ്ധ്യതാ മേഖലകളായി തരംതിരിക്കുകയും ഹോട്ട്സ്പോട്ടുകൾ അടയാളപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഓരോ ഡിവിഷൻ തലത്തിലും കാട്ടുതീയെ ഫലപ്രദമായി നേരിടാനുള്ള പ്രവൃത്തികൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഫയർ മാനേജ്മെന്റ് പ്ലാനുകൾ തയ്യാറാക്കുകയും സർക്കിൾ തലവന്മാർ ഇവ പരിശോധിച്ച് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഓരോ വനമേഖലയിലെയും കാട്ടുതീ സാദ്ധ്യതയും സ്ഥലത്തിന്റെ പ്രത്യേകതയും കണക്കിലെടുത്ത് കാട്ടുതീയെ നേരിടാനുള്ള തന്ത്രം ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.

അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാനായി സംസ്ഥാനതലത്തിൽ വനം വകുപ്പ് ആസ്ഥാനത്ത് ഒരു ഫയർ മോണിറ്ററിംഗ് സെൽ പ്രവർത്തിച്ചുവരുന്നു. ഇതിനുപുറമേ എല്ലാ വന ഡിവിഷനുകളിലും ഫയർ കൺട്രോൾ റൂമും അടിയന്തര സാഹചര്യങ്ങൾ നേരിടാൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ ക്രൈസിസ് മാനേജ്മെന്റ് ടീമും പ്രവർത്തിച്ചുവരുന്നു.

വരൾച്ച രൂക്ഷമായിട്ടുള്ള പ്രദേശങ്ങളിൽ കാട്ടുതീ സാദ്ധ്യത മുൻനിർത്തി വന്യജീവി സങ്കേതങ്ങളിലും ദേശീയ ഉദ്യാനങ്ങളിലും സന്ദർശകർക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

ജനങ്ങളെ ബോധവാൻമാരാക്കുന്നതിന് കേരളത്തിൽ നാളിതുവരെ വിവിധ വന ഡിവിഷനുകളിലായി നാന്നൂറോളം ബോധവൽക്കരണ പരിപാടികൾ നടത്തിയിട്ടുണ്ട്. മറ്റു വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(ബി) സംസ്ഥാനത്ത് കാട്ടുതീ ബാധിതമായിട്ടുള്ള വനമേഖലയുടെ വിസ്തൃതി കണക്കാക്കിയിട്ടുണ്ട്. 1-4-2016 മുതൽ 31-3-2017 വരെയുള്ള കാലയളവിൽ സംസ്ഥാനത്ത് 3180.18 ഹെക്ടർ വനമേഖലയിൽ കാട്ടുതീ ബാധിച്ചിട്ടുണ്ട്. ഓരോ മേഖലയിലും ബാധിച്ച കാട്ടുതീയുടെ വിശദവിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | സർക്കിൾ | വിസ്തൃതി (ഹെക്ടർ) |
|---|---|---|
| 1. | സതേൺ സർക്കിൾ, കൊല്ലം | 429.96 |
| 2. | ഹൈറേഞ്ച് സർക്കിൾ, കോട്ടയം | 704.48 |
| 3. | സെൻട്രൽ സർക്കിൾ, തൃശ്ശൂർ | 593.2 |
| 4. | ഈസ്റ്റേൺ സർക്കിൾ, പാലക്കാട് | 528.25 |
| 5. | നോർത്തേൺ സർക്കിൾ, കണ്ണൂർ | 282.02 |
| 6. | അഗസ്ത്യവനം ബയോളജിക്കൽ പാർക്ക്, തിരുവനന്തപുരം | 30.31 |
| 7. | ഫീൽഡ് ഡയറക്ടർ (പ്രോജക്ട് ടൈഗർ), കോട്ടയം | 423.72 |
| 8. | വൈൽഡ് ലൈഫ് , പാലക്കാട് | 188.24 |
| | ആകെ | 3180.18 |

**വനംകൊള്ള**

80 (703) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ വനംകൊള്ള തടയുന്നതിന് എന്തൊക്കെ മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനംകൊള്ളയ്ക്കെതിരെ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) സംസ്ഥാനത്തെ വനംകൊള്ളയും കയ്യേറ്റശ്രമങ്ങളും തടയുന്നതിന്റെ ഭാഗമായി കുറ്റകൃത്യങ്ങൾ യഥാസമയം കണ്ടെത്തുകയും അവ തടയുകയും കുറ്റക്കാർക്കെതിരെ ശക്തമായ നിയമനടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. വനഭൂമിയുടെ സംരക്ഷണത്തിനായി വനാതിർത്തി നിർണ്ണയിച്ച് സ്ഥിരം ജണ്ട കെട്ടിയും കയ്യാല സ്ഥാപിച്ചും വനം കയ്യേറ്റത്തിന് സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ നിരന്തരം പട്രോളിംഗ് നടത്തിയും ജനപങ്കാളിത്ത പ്രവർത്തനങ്ങളിലൂടെ വനസംരക്ഷണം നടത്തുന്നു. കാട്ടുതീമൂലം സ്വാഭാവിക വനങ്ങൾ നശിക്കാതിരിക്കാൻ ഫയർ ലൈനുകൾ നിർമ്മിക്കുകയും ഫയർ വാച്ചർമാരെ നിയോഗിക്കുകയും ചെയ്യുന്നു. വനസംരക്ഷണത്തിന്റെ ഭാഗമായി വനമേഖലയിൽ ക്യാമറ ട്രാപ്പ് സ്ഥാപിച്ചിട്ടുണ്ട്. ചന്ദനമരങ്ങളുടെ സംരക്ഷണത്തിനായി വനമേഖലയ്ക്കുചുറ്റും കമ്പിവേലി നിർമ്മിച്ച് സംരക്ഷിച്ചുവരുന്നു. വന സംരക്ഷണത്തിനായി ദിവസവേതനാടിസ്ഥാനത്തിൽ വാച്ചർമാരെ നിയോഗിക്കാറുണ്ട്. വനമേഖലയിലെ ജലലഭ്യത ഉറപ്പുവരുത്തുന്നതിന് ചെക്ക് ഡാമുകളും കുളങ്ങളും മറ്റും നിർമ്മിക്കാറുണ്ട്. വനസംരക്ഷണ പ്രവർത്തനങ്ങളിൽ ജനങ്ങളെ ബോധവാന്മാരാക്കുന്നതിലേക്കായി പ്രകൃതി പഠന ക്യാമ്പുകളും അവയർനെസ് പരിപാടികളും സംഘടിപ്പിച്ചുവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വനം കൊള്ളയ്ക്കെതിരെ 510 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**കരിങ്കൽ ക്വാറികൾ**

81 (704) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തൃശ്ശൂർ ജില്ലയിൽ കരിങ്കൽ ക്വാറികളുടെ പ്രവർത്തനം നിർത്തിവച്ചിട്ടുള്ള സാഹചര്യത്തിൽ, പ്രസ്തുത ക്വാറികൾക്ക് വനം, പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭിക്കുന്നതിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷകളിൽ നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉത്തരം

തൃശ്ശൂർ (സെൻട്രൽ സർക്കിൾ) ചീഫ് ഫോറസ്റ്റ് കൺസർവേറ്ററുടെ കീഴിൽ സംരക്ഷിത വനമേഖലയിൽ കരിങ്കൽ ക്വാറികളൊന്നുംതന്നെ പ്രവർത്തിക്കുന്നില്ല.

**വനസംരക്ഷണം**

82 (705) <u>ശ്രീ. ജെയിംസ് മാത്യു:</u>

<u>ശ്രീ. സി. കെ. ഹരീന്ദ്രൻ:</u>

<u>ശ്രീ. ആന്റണി ജോൺ:</u>

<u>ശ്രീ. എസ്. രാജേന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വാഭാവിക വനങ്ങളുടെ ഫലപ്രദമായ സംരക്ഷണത്തിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഈ വർഷത്തെ രൂക്ഷമായ വരൾച്ച വനമേഖലയ്ക്കുണ്ടാക്കുന്ന പ്രത്യാഘാതങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ;

(സി) കാട്ടുതീ തടയുന്നതിനായി എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ;

(ഡി) വന സംരക്ഷണത്തിനായി വിവിധ സമിതികളുടെയും ഗവൺമെന്റിതര സംഘടനകളുടെയും പങ്കാളിത്തത്തോടെ എന്തെങ്കിലും പദ്ധതി ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ വനംകൊള്ളയും കയ്യേറ്റശ്രമങ്ങളും യഥാസമയം കണ്ടെത്തുകയും അവ തടയുകയും കുറ്റക്കാർക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. വനഭൂമിയുടെ സംരക്ഷണത്തിനായി വനാതിർത്തി നിർണ്ണയിച്ച് സ്ഥിരം ജണ്ട കെട്ടിയും കയ്യാല സ്ഥാപിച്ചും വനം കയ്യേറ്റത്തിന് സാദ്ധ്യതയുള്ള സ്ഥലങ്ങളിൽ നിരന്തരം പട്രോളിംഗ് നടത്തിയും ജനപങ്കാളിത്ത പ്രവർത്തനങ്ങളിലൂടെ വനസംരക്ഷണം നടത്തുന്നു. കാട്ടുതീമൂലം സ്വാഭാവിക വനങ്ങൾ നശിക്കാതിരിക്കാൻ ഫയർ ലൈനുകൾ നിർമ്മിക്കുകയും ഫയർ വാച്ചർമാരെ നിയോഗിക്കുകയും ചെയ്യുന്നു.

(ബി) ഉണ്ട്.

(സി) ഓരോ ഫോറസ്റ്റ് ഡിവിഷനുകീഴിലും വരുന്ന വനമേഖലയുടെ സ്വഭാവം, മുൻവർഷങ്ങളിലെ അനുഭവം, ഈ വർഷം ഇവ കത്താനുള്ള സാദ്ധ്യത എന്നിവ കണക്കിലെടുത്ത് വനമേഖലയെ Highly/Moderately/Low എന്നിങ്ങനെ വിവിധ സാദ്ധ്യതാ മേഖലകളിലായി തരംതിരിക്കുകയും ഹോട്ട്സ്പോട്ടുകൾ അടയാളപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഓരോ ഡിവിഷൻ തലത്തിലും കാട്ടുതീ ഫലപ്രദമായി നേരിടാനുള്ള പ്രവൃത്തികൾ ഉൾക്കൊള്ളിച്ചുകൊണ്ട് ഫയർ

മാനേജ്മെന്റ് പ്ലാനുകൾ തയ്യാറാക്കുകയും സർക്കിൾ തലവന്മാർ ഇവ പരിശോധിച്ച് അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. ഓരോ വനമേഖലയിലെയും കാട്ടുതീ സാദ്ധ്യതയും സ്ഥലത്തിന്റെ പ്രത്യേകതയും കണക്കിലെടുത്ത് കാട്ടുതീയെ നേരിടാനുള്ള തന്ത്രം ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്.

അഗ്നി പ്രതിരോധ പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കാനായി സംസ്ഥാനതലത്തിൽ വനം വകുപ്പ് ആസ്ഥാനത്ത് ഒരു ഫയർ മോണിറ്ററിംഗ് സെൽ പ്രവർത്തിച്ചുവരുന്നു. ഇതിനുപുറമേ എല്ലാ വന ഡിവിഷനുകളിലും ഫയർ കൺട്രോൾ റൂമും അടിയന്തര സാഹചര്യങ്ങൾ നേരിടാൻ ഡിവിഷണൽ ഫോറസ്റ്റ് ഓഫീസറുടെ നേരിട്ടുള്ള നിയന്ത്രണത്തിൽ ക്രൈസിസ് മാനേജ്മെന്റ് ടീമും പ്രവർത്തിച്ചുവരുന്നു.

വരൾച്ച രൂക്ഷമായിട്ടുള്ള പ്രദേശങ്ങളിൽ കാട്ടുതീ സാദ്ധ്യത മുൻനിർത്തി വന്യജീവി സങ്കേതങ്ങളിലും ദേശീയ ഉദ്യാനങ്ങളിലും സന്ദർശകർക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്.

ജനങ്ങളെ ബോധവാന്മാരാക്കുന്നതിന് കേരളത്തിൽ നാളിതുവരെ വിവിധ വന ഡിവിഷനുകളിലായി 400-ഓളം ബോധവൽക്കരണ പരിപാടികൾ നടത്തിയിട്ടുണ്ട്.

(ഡി) കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ ഫണ്ട് ഉപയോഗിച്ച് പ്രവർത്തിക്കുന്ന നാഷണൽ അഫോറസ്റ്റേഷൻ & ഇക്കോ ഡെവലപ്മെന്റ് ബോർഡ്, നാഷണൽ മെഡിസിനൽ പ്ലാന്റ്സ് ബോർഡ്, നാഷണൽ ബാംബൂ മിഷൻ, സ്റ്റേറ്റ് മെഡിസിനൽ പ്ലാന്റ്സ് ബോർഡ് തുടങ്ങിയ ഏജൻസികളുടെ ധനസഹായത്തോടെ വിവിധ വനസംരക്ഷണ പരിപാടികൾ പങ്കാളിത്ത വനപരിപാലന സ്ഥാപനങ്ങളായ വനസംരക്ഷണ സമിതികൾ, ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികൾ എന്നിവ വഴി കേരളത്തിൽ നടപ്പാക്കി വരുന്നുണ്ട്. നാഷണൽ അഫോറസ്റ്റേഷൻ പരിപാടി, ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതി മുതലായവയാണ് ഇത്തരത്തിലുള്ള പരിപാടികളിൽ പ്രധാനമായവ. ഗ്രീൻ ഇന്ത്യ മിഷൻ പദ്ധതിയിൽ നീർത്തടങ്ങളുടെ സംരക്ഷണത്തിന് പ്രത്യേക ഊന്നൽ നൽകിയിട്ടുണ്ട്. 2016-17-ൽ തുടങ്ങി 5 വർഷംകൊണ്ട് പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിട്ടുള്ള ഈ പദ്ധതിയിലൂടെ തണ്ണീർത്തടങ്ങളുടെ സംരക്ഷണം ഫലപ്രദമായി നടത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഗ്രീൻ ഇന്ത്യ മിഷന്റെ ഭാഗമായി വനേതര പ്രദേശങ്ങളിലെ വൃക്ഷവൽക്കരണ-ജലസംരക്ഷണ പരിപാടികളിൽ ഗവൺമെന്റിതര സംഘടനകളുടെ പങ്കാളിത്തം ഉറപ്പുവരുത്തുന്നുണ്ട്.

## ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള ആശയവിനിമയം

83 (706) ശ്രീ. കെ. ഡി. പ്രസേനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫോറസ്റ്റ് സ്റ്റേഷനുകളിൽ ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള ആശയവിനിമയം സാധ്യമാക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;ഉണ്ടെങ്കിൽ, സംസ്ഥാനത്തെ എല്ലാ ജില്ലകളിലെയും ഫോറസ്റ്റ് സ്റ്റേഷനുകളിൽ പ്രസ്തുത ആശയവിനിമയം സാധ്യമാക്കാമോ;

(ബി) എന്തെല്ലാം സംവിധാനങ്ങളാണ് ഇതിനായി ഉപയോഗിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദീകരിക്കാമോ?

### ഉത്തരം

(എ) സംസ്ഥാനത്തിന്റെ എല്ലാ ജില്ലകളിലേയും ഫോറസ്റ്റ് സ്റ്റേഷനുകളിൽ ആധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചുള്ള ആശയവിനിമയം സാദ്ധ്യമാക്കി വരുന്നുണ്ട്.

(ബി) ആധുനിക സാങ്കേതിക വിനിമയ ഉപകരണങ്ങളായ വയർലെസ് സെറ്റ്, വാക്കി ടോക്കി എന്നിവ ഓരോ സ്റ്റേഷനിലും നൽകിവരുന്നുണ്ട്. CUG സംവിധാനത്തിൽ ഉൾപ്പെടുത്തിയ മൊബൈൽ ഫോൺ എല്ലാ ഫോറസ്റ്റ് സ്റ്റേഷനുകളിലേയും സംരക്ഷണ വിഭാഗം ജീവനക്കാർക്ക് നൽകിയിട്ടുണ്ട്.

## കാലാവസ്ഥാ വ്യതിയാനം

84 (707) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വനമേഖലയിൽ കാലാവസ്ഥാ വ്യതിയാനംമൂലം ഈറ്റകൾ പോലുള്ള സസ്യങ്ങൾ നശിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഐക്യരാഷ്ട്രസഭ നിയോഗിച്ച കമ്മിറ്റി സമർപ്പിച്ച "ത്രെറ്റന്റ് ടാക്സ" എന്ന റിപ്പോർട്ടിൽ ഇതുസംബന്ധിച്ച് സൂചന നൽകിയിരുന്നോ; പകർപ്പ് ലഭ്യമാക്കുമോ;

(സി) വനം വകുപ്പ് വർഷാവർഷം ഈറ്റക്കാടുകൾ നട്ടുവളർത്തുകയും ഉള്ളവ പരിപാലിക്കുകയും ചെയ്യുന്ന പദ്ധതി പൂർണ്ണമായും നിർത്താൻ ഇടയാക്കിയ സാഹചര്യം എന്തായിരുന്നു; വിശദമാക്കാമോ;

(ഡി) ഇത്തരം ഈറ്റകളുടെ നാശംമൂലം വന്യജീവികൾ ആഹാരംതേടി നാട്ടിലിറങ്ങുന്ന സ്ഥിതിവിശേഷം സർക്കാർ പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ വനമേഖലയിൽ ചിലയിടങ്ങളിൽ ഈറ്റക്കാടുകൾ സ്വാഭാവികമായി പൂത്തുനശിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കാലാവസ്ഥാ വ്യതിയാനംമൂലം നശിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 'ത്രെറ്റന്റ് ടാക്സ്' എന്ന റിപ്പോർട്ട് വനം വകുപ്പിൽ ലഭ്യമല്ല.

(സി) വനം വകുപ്പ് വർഷാവർഷം ഈറ്റക്കാടുകൾ നട്ടുവളർത്തുകയും ഉള്ളവ പരിപാലിക്കുകയും ചെയ്യുന്ന പദ്ധതി നിർത്തലാക്കിയിട്ടില്ല. ലോകബാങ്ക് സഹായത്തോടെ നടപ്പാക്കിയ കേരള വനവൽക്കരണ പരിപാടിയിലും മറ്റു പരിപാടികളിലുമായി നശിച്ചുപോയ വനങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി വച്ചു പിടിപ്പിച്ച ഈറ, മുള തുടങ്ങിയ തോട്ടങ്ങൾ വനം വകുപ്പ് പരിപാലിച്ചു വരുന്നു. സ്വാഭാവിക ഈറ്റക്കാടുകളെ കാട്ടുതീയിൽനിന്നും സംരക്ഷിക്കുന്ന പരിപാടിയും നടപ്പാക്കുന്നുണ്ട്. വനസംരക്ഷണ സമിതിയുടെയും ഇക്കോ ഡെവലപ്മെന്റ് കമ്മിറ്റികളുടെയും സഹകരണത്തോടുകൂടി ഈറ്റത്തോട്ടങ്ങൾ പുതുതായി വച്ചുപിടിപ്പിക്കുന്നുണ്ട്.

(ഡി) വനത്തിനുള്ളിൽ തീറ്റയുടെയും വെള്ളത്തിന്റെയും ലഭ്യത കുറയുമ്പോൾ വന്യജീവികൾ ആഹാരം തേടി നാട്ടിലിറങ്ങുന്ന സ്ഥിതിവിശേഷം സർക്കാർ പരിശോധിച്ചിട്ടുണ്ട്. ഇത് ഈറ്റക്കാടുകളുടെ നാശംമൂലം മാത്രമല്ല. വന്യജീവികൾ ആഹാരംതേടി നാട്ടിലിറങ്ങുന്ന സ്ഥിതിവിശേഷം ഒഴിവാക്കുന്നതിനായി വനത്തിനുള്ളിൽ ഫലവൃക്ഷങ്ങൾ നട്ടുവളർത്തുക, സ്വാഭാവിക ഈറ്റക്കാടുകളുടെ സംരക്ഷണം, ഈറ്റ വച്ചുപിടിപ്പിക്കൽ, മുൻകാലങ്ങളിൽ വച്ചുപിടിപ്പിച്ച തോട്ടങ്ങളുടെ പരിചരണം, ജല ലഭ്യതയ്ക്കായി ചെക്ക് ഡാമുകൾ നിർമ്മിക്കുക എന്നീ പ്രവർത്തനങ്ങൾ നടപ്പാക്കിവരുന്നു.

**ഫോറസ്റ്റ് ഡിവിഷൻ ഓഫീസ്**

85 (708) <u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ ഫോറസ്റ്റ് ഡിവിഷൻ ഓഫീസുകൾ സ്ഥിതി ചെയ്യുന്ന സ്ഥലം വനഭൂമിയാണോ എന്ന് വ്യക്തമാക്കുമോ;

(ബി) കോഴിക്കോട്-നിലമ്പൂർ-ഗൂഡല്ലൂർ (KNG) സംസ്ഥാന പാതയോട് ചേർന്ന് സ്ഥിതിചെയ്യുന്ന ഫോറസ്റ്റ് ഓഫീസുകൾ പ്രവർത്തിക്കുന്ന സ്ഥലത്തു നിന്നും രണ്ട് മീറ്റർ സ്ഥലം റോഡിന് നൽകാൻ അനുമതി നൽകിയിട്ടുണ്ടെങ്കിൽ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; സ്ഥലം റോഡിന് വിട്ടുനൽകുന്നതിനുള്ള തടസ്സം എന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) നിലമ്പൂർ ഫോറസ്റ്റ് ഡിവിഷൻ ഓഫീസുകൾ സ്ഥിതി ചെയ്യുന്ന സ്ഥലം പൂർണ്ണമായും വനം വകുപ്പിന്റെ അധീനതയിലുള്ളതും ടി സ്ഥലം റിസർവ് വനമായി നോട്ടിഫൈ ചെയ്യുന്നതിനുള്ള ശിപാർശ സർക്കാരിന്റെ പരിഗണനയിലുമാണ്.

(ബി) അനുമതി നൽകിയിട്ടില്ല. സ്ഥലം വിട്ടുകിട്ടുന്നതിന് കേന്ദ്ര സർക്കാരിന്റെ അനുമതി ലഭ്യമാക്കുന്നതിനായി യൂസർ ഏജൻസിയായ PWD കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന്റെ വെബ്സൈറ്റ് മുഖേന പ്രൊപ്പോസലും അനുബന്ധ രേഖകളും ഓൺലൈനായി സമർപ്പിക്കേണ്ടതുണ്ട്. ടി വിവരം മഞ്ചേരി നിരത്തുകൾ വിഭാഗം എക്സിക്യൂട്ടീവ് എഞ്ചിനീയറെ ധരിപ്പിച്ചിട്ടുള്ളതാണ്.

**റോഡ് സർവ്വേ**

86 (709) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ-മുണ്ടേരി-മേപ്പാടി റോഡ് സർവ്വേ സംബന്ധിച്ച് ഏറ്റവും പുതിയ വിവരങ്ങൾ വ്യക്തമാക്കാമോ;

(ബി) സർവ്വേ റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ?

ഉത്തരം

(എ) നിലമ്പൂർ-മുണ്ടേരി-മേപ്പാടി ഹിൽ ഹൈവേ സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പിൽനിന്നും അപേക്ഷ നിലമ്പൂർ (നോർത്ത്) ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് ലഭിക്കുകയും അതിന്മേൽ റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ഈ റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

(ബി) മേൽ ഉത്തരത്തിന്റെ വെളിച്ചത്തിൽ ബാധകമല്ല.

**യൂണിഫോം**

87 (710) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വനംവകുപ്പിന് കീഴിലുള്ള ഏതൊക്കെ തസ്തികകളിലെ ജീവനക്കാർക്ക് യൂണിഫോം വിതരണം ചെയ്യുന്നുണ്ട്; പ്രതിവർഷം എത്ര മീറ്റർ തുണി (ശരാശരി) ഇതിനായി വാങ്ങുന്നുണ്ട്; എത്ര ജീവനക്കാർക്ക് യൂണിഫോം അലവൻസ് നൽകുന്നുണ്ട് ;

(ബി) സർക്കാർ ചെലവിൽ നൽകുന്ന യൂണിഫോം തുണി, സർക്കാർ ഉടമസ്ഥതയിലുള്ള മില്ലുകൾ, ഖാദി, കൈത്തറി വിപണന ശാലകൾ എന്നിവിടങ്ങളിൽനിന്ന് വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) വനം വകുപ്പിൽ ജീവനക്കാർക്ക് യൂണിഫോം വിതരണം ചെയ്യുന്നില്ല. 5049 സംരക്ഷണ വിഭാഗം ജീവനക്കാർക്ക് യൂണിഫോം അലവൻസ് നൽകുന്നുണ്ട്.

(ബി) ബാധകമല്ല.

**രാമഗിരിക്കോട്ടയുടെ സംരക്ഷണം**

88 (711) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മ്യൂസിയവും തുറമുഖവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരിത്രത്തിന്റെ ശേഷിപ്പുകൾ ഉറങ്ങിക്കിടക്കുന്ന പട്ടാമ്പി താലൂക്കിലെ രാമഗിരിക്കോട്ടയുടെ പ്രാധാന്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് സംരക്ഷിക്കാൻ എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(ബി) രാമഗിരിക്കോട്ട ഒരു വിനോദസഞ്ചാര കേന്ദ്രമായി വികസിപ്പിക്കുന്നതിനുള്ള സാദ്ധ്യതകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) കഴിഞ്ഞ സർക്കാരിന്റെ അവസാന കാലത്ത് കോട്ടയോട് ചേർന്നു കിടക്കുന്ന ചില പ്രദേശങ്ങൾ ചില സ്വകാര്യവ്യക്തികൾക്ക് ലഭിക്കുന്നതിനു വേണ്ടിയുള്ള എന്തെങ്കിലും നടപടികൾ സ്വീകരിക്കുകയുണ്ടായോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

ഉത്തരം

(എ) രാമഗിരിക്കോട്ട പുരാവസ്തു വകുപ്പിന്റെ സംരക്ഷിത സ്മാരകമല്ലാത്തതിനാൽ ടി കോട്ട സംരക്ഷിക്കുന്നതിനുള്ള നടപടികൾ വകുപ്പ് സ്വീകരിച്ചിട്ടില്ല.

(ബി) പുരാവസ്തു വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഇതുസംബന്ധിച്ച വിഷയം പുരാവസ്തു വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**വന്യജീവികളുടെ ഉപദ്രവങ്ങൾ**

89 (712) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിവിധ സ്ഥലങ്ങളിലെ പാവപ്പെട്ട കർഷകരുടെ കൃഷി നശിപ്പിക്കുന്നതും ജനങ്ങളെ ഉപദ്രവിക്കുന്നതുമായ കുരങ്ങൻ, കാട്ടുപന്നി മുതലായ ചെറുതും വലുതുമായ വന്യജീവികളെ കൊല്ലുന്നതിന് അനുകൂലമായ എന്തെങ്കിലും സർക്കാർ ഉത്തരവ് നിലവിലുണ്ടോ; ഇതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ;

(ബി) ഇല്ലെങ്കിൽ ഇതിനെക്കുറിച്ച് പഠിച്ച് ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നൽകുന്നവിധം അനുകൂലമായ ഉത്തരവ് നടപ്പാക്കാൻ നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഇത്തരത്തിൽ വന്യജീവികളെ കൊല്ലുന്നതിന് നിലവിൽ ഉത്തരവുകളൊന്നുമില്ല.

(ബി) കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ ഉപാധികളോടെ വെടിവച്ച് കൊല്ലുന്നതിന് നിലവിലുണ്ടായിരുന്ന 17-11-2014-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 95/2014/വനം ഉത്തരവിന്റെ കാലാവധി അവസാനിച്ചതിനെ തുടർന്ന് കാലാവധി നീട്ടിക്കൊണ്ട് പുതിയ ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സർക്കാരിന്റെ പരിഗണനയിലാണ്. കൂടാതെ 7-2-2017-ലെ സർക്കാർ ഉത്തരവ് (സാധാ) നമ്പർ 51/2017/വനം പ്രകാരം മനുഷ്യ-വന്യമൃഗ സംഘർഷം ലഘൂകരിക്കുന്നതിനായി പഞ്ചായത്ത്-മുനിസിപ്പാലിറ്റി തലത്തിൽ തദ്ദേശീയരും ജനപ്രതിനിധികളും വനം ഉദ്യോഗസ്ഥരും ചേർന്നുള്ള ജനജാഗ്രതാ സമിതികൾ രൂപീകരിച്ചിട്ടുണ്ട്.

**വന്യമൃഗങ്ങളുടെ ആക്രമണം**

90 (713) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വന്യമൃഗങ്ങൾ ജനവാസ കേന്ദ്രങ്ങളിൽ ഇറങ്ങി കൃഷിനശിപ്പിക്കുകയും മനുഷ്യജീവന് ഭീഷണിയായിത്തീരുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനുള്ള കാരണമെന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(ബി) കഴിഞ്ഞ 2 വർഷമായി കൃഷിയിൽ എത്ര രൂപയുടെ നഷ്ടം ഇവയുടെ ആക്രമണം മൂലമുണ്ടായി എന്നും എത്ര മനുഷ്യജീവനുകൾ നഷ്ടമായി എന്നും, എത്ര പേർക്ക് മറ്റു ശാരീരിക വൈകല്യമുണ്ടായി എന്നും എത്ര പേർക്ക് ചികിത്സ വേണ്ടിവന്നു എന്നും വ്യക്തമാക്കുമോ;

(സി) ഇവർക്ക് എന്ത് സഹായമാണ് നല്കിയതെന്നും ഇനിയും സഹായം ലഭിക്കാത്തവർ എത്രപേർ എന്നും ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ;

(ഡി) ഇത്തരം നഷ്ടം സംഭവിച്ചവരിൽ പാലക്കാട് ജില്ലയിൽ എത്രപേർക്ക് ഇനിയും സഹായം ലഭ്യമാക്കാനുണ്ട് എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വനാതിർത്തി പങ്കിടുന്ന ജനവാസ കേന്ദ്രങ്ങളുടെ എണ്ണത്തിലുണ്ടായ വർദ്ധനവ്, വന്യമൃഗങ്ങളെ ആകർഷിക്കുന്ന തരത്തിലുള്ള കൃഷിരീതി, കാട്ടുതീ മുതലായ കാരണങ്ങളാലാണ് പ്രധാനമായും വന്യമൃഗങ്ങൾ കൃഷിയിടത്തിലേക്കിറങ്ങുന്നത്.

(ബി) കഴിഞ്ഞ രണ്ട് വർഷമായി വന്യമൃഗങ്ങളുടെ ആക്രമണത്തിലുണ്ടായ കൃഷിനാശം, ജീവഹാനി, പരിക്ക്, ശാരീരിക അവശതകൾ എന്നിവയുടെ എണ്ണം ചുവടെ ചേർക്കുന്നു:

| | |
|---|---|
| കൃഷിനാശം (രൂപ) | 7,05,81,201 |
| ശാരീരിക അവശതകൾ (എണ്ണം) | 99 |
| പരിക്ക് (എണ്ണം) | 544 |
| ജീവഹാനി (എണ്ണം) | 151 |

(സി) വന്യമൃഗ ആക്രമണംമൂലം നഷ്ടം സംഭവിക്കുന്നവർക്ക് 1980-ലെ കേരള റൂൾസ് ഫോർ പേയ്മെന്റ് ഓഫ് കോമ്പൻസേഷൻ ടു വിക്ടിംസ് ഓഫ് അറ്റാക്ക് ബൈ വൈൽഡ് ആനിമൽസ് പ്രകാരം നഷ്ടപരിഹാരം നൽകിവരുന്നുണ്ട്.

ഇനിയും സഹായം ലഭിച്ചിട്ടില്ലാത്തവരുടെ എണ്ണം ജില്ല തിരിച്ച് ചുവടെ ചേർക്കുന്നു:

| | |
|---|---|
| തിരുവനന്തപുരം | 19 |
| കൊല്ലം | 0 |
| പത്തനംതിട്ട | 14 |
| ആലപ്പുഴ | 0 |
| കോട്ടയം | 5 |
| ഇടുക്കി | 13 |
| എറണാകുളം | 38 |
| തൃശ്ശൂർ | 4 |
| പാലക്കാട് | 507 |
| മലപ്പുറം | 67 |
| കോഴിക്കോട് | 226 |
| വയനാട് | 646 |
| കണ്ണൂർ | 90 |
| കാസർഗോഡ് | 30 |
| ആകെ | 1659 |

(ഡി) ഇത്തരം നഷ്ടം സംഭവിച്ചവരിൽ പാലക്കാട് ജില്ലയിൽ 507 പേർക്ക് ഇനിയും സഹായം ലഭ്യമാക്കുവാനുണ്ട്.

## ആനകൾ ചരിയുന്നതായ റിപ്പോർട്ടുകൾ

91 (714) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വേനൽ രൂക്ഷമായതോടെ വെള്ളവും ഭക്ഷണവും യഥാസമയം ലഭിക്കാതെയും മറ്റു ദുരൂഹ സാഹചര്യങ്ങളിലും ആനകൾ ചരിയുന്നതായ റിപ്പോർട്ടുകൾ വരുന്നത് പരിശോധിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ എത്ര ആനകൾ കഴിഞ്ഞ 6 മാസത്തിനിടയിൽ സംസ്ഥാനത്ത് ചരിയുകയുണ്ടായെന്നും ഇവ ഏതൊക്കെ ഫോറസ്റ്റ് റേഞ്ചിൽ ഉൾപ്പെട്ടവയാണെന്നും വ്യക്തമാക്കുമോ ;

(സി) ഇതിന് പരിഹാരമായി ആനകൾ അടക്കമുള്ള വന്യജീവികൾക്ക് കാട്ടിൽ വെള്ളവും ഭക്ഷണവും ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) വേനൽ രൂക്ഷമായതോടെ വെള്ളവും ഭക്ഷണവും യഥാസമയം ലഭിക്കാതെ സംസ്ഥാനത്ത് ആനകൾ ചരിയുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല. കടുവയുടെ ആക്രമണം, ആനകളുടെ പരസ്പരമുള്ള ആക്രമണം, സ്വാഭാവിക മരണം, വൈദ്യുതാഘാതം എന്നിവമൂലം കാട്ടാനകൾ ചരിഞ്ഞതായിട്ടുള്ള റിപ്പോർട്ടുകൾ ഉണ്ടായിട്ടുണ്ട്.

(ബി) വേനൽ രൂക്ഷമായതോടെ വെള്ളവും ഭക്ഷണവും യഥാസമയം ലഭിക്കാതെയും മറ്റു ദുരൂഹ സാഹചര്യങ്ങളിലും ആനകൾ ചരിയുന്നതായ റിപ്പോർട്ടുകൾ ഇല്ലായെങ്കിലും ഉത്തരം (എ)-യിൽ പറഞ്ഞിരിക്കുന്ന മറ്റു കാരണങ്ങളാൽ കഴിഞ്ഞ ആറ് മാസത്തിനിടയിൽ സംസ്ഥാനത്ത് വിവിധ ഫോറസ്റ്റ് റേഞ്ചുകളിൽ ചരിഞ്ഞ ആനകളുടെ എണ്ണം റേഞ്ച് തിരിച്ച് ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | റേഞ്ച് | ചരിഞ്ഞ ആനകളുടെ എണ്ണം |
|---|---|---|
| (1) | (2) | (3) |
| 1 | ശെന്തുരുണി | 1 |
| 2 | പത്തനാപുരം | 1 |
| 3 | അഴുത | 1 |
| 4 | ഇടുക്കി | 2 |
| 5 | പാലപ്പിള്ളി | 1 |

| (1) | (2) | (3) |
|---|---|---|
| 6 | വെള്ളിക്കുളങ്ങര | 1 |
| 7 | വാഴച്ചാൽ | 2 |
| 8 | അതിരപ്പിള്ളി | 2 |
| 9 | കാലടി | 1 |
| 10 | കോടനാട് | 1 |
| 11 | ഇടമലയാർ | 1 |
| 12 | കുട്ടംപുഴ | 1 |
| 13 | കാളികാവ് | 2 |
| 14 | കരുളായ് | 2 |
| 15 | അഗളി | 1 |
| 16 | അട്ടപ്പാടി | 1 |
| 17 | വഴിക്കടവ് | 2 |
| 18 | എടവണ്ണ | 1 |
| 19 | മുത്തങ്ങ | 2 |
| 20 | കുറിച്ചിയാട് | 3 |
| 21 | തോൽപ്പെട്ടി | 4 |
| 22 | സുൽത്താൻ ബത്തേരി | 5 |
| 23 | ചെതലത്ത് | 1 |
| 24 | കൊട്ടിയൂർ | 1 |
| 25 | പെരുവണ്ണാമുഴി | 1 |
| | ആകെ | 41 |

(സി) സംസ്ഥാനത്ത് അനുഭവപ്പെടുന്ന വരൾച്ചയുടെ പശ്ചാത്തലത്തിൽ വന്യമൃഗങ്ങൾക്ക് ജലത്തിന്റെ ലഭ്യത ഉറപ്പ് വരുത്തുന്നതിനായി കാട്ടിനുള്ളിൽ കുളങ്ങൾ, വയലുകൾ, നീർത്തടങ്ങൾ, ചെക്ക്ഡാമുകൾ എന്നിങ്ങനെയുള്ള 1500-ഓളം ജലസ്രോതസ്സുകളുടെ നവീകരണം നടത്തി പരിപാലിച്ചുവരുന്നു. കൂടാതെ വനത്തിനുള്ളിൽ ടാങ്കുകളിൽ വെള്ളം എത്തിച്ച് കുളങ്ങളിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. വന്യമൃഗങ്ങൾക്ക് ഭക്ഷണം ലഭ്യമാക്കുന്നതിന്റെ ഭാഗമായി വനത്തിനുള്ളിൽ മുള, ഈറ്റ, ഫലവൃക്ഷത്തൈകൾ എന്നിവ നട്ടുപിടിപ്പിച്ചിട്ടുണ്ട്.

## വന്യജീവി ആക്രമണങ്ങൾ

92 (715) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. എൽദോസ് കുന്നപ്പിള്ളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം നേരിടുന്ന കൊടുംവരൾച്ചമൂലം ജനവാസകേന്ദ്രങ്ങളിൽ എത്തുന്ന വന്യജീവികളുടെ ആക്രമണങ്ങൾ പ്രതിരോധിക്കുന്നതിന് എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട് ;

(ബി) ഇപ്രകാരം മനുഷ്യനും വന്യമൃഗങ്ങളും തമ്മിലുള്ള സംഘർഷങ്ങൾ ലഘൂകരിക്കുന്നതിന് ജനജാഗ്രതാ സമിതികൾ തദ്ദേശതലത്തിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തുന്നതെന്ന് വിവരിക്കുമോ;

(സി) വന്യമൃഗങ്ങളുടെ ആക്രമണംമൂലം കാർഷിക വിളകൾക്കും വസ്തുവകകൾക്കും ഉണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് എന്തെല്ലാം നഷ്ടപരിഹാരങ്ങളാണ് നൽകാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനം നേരിടുന്ന കൊടുംവരൾച്ചമൂലം ജനവാസ കേന്ദ്രങ്ങളിലേയ്ക്ക് എത്തുന്ന വന്യമൃഗങ്ങളുടെ ആക്രമണം പ്രതിരോധിക്കുന്നതിന് എലിഫെന്റ് സ്ക്വാഡിംഗ് വാച്ചർമാർ, റാപ്പിഡ് റെസ്പോൺസ് ടീം എന്നിവരുടെ സേവനം ലഭ്യമാക്കുന്നുണ്ട്. മനുഷ്യ വന്യജീവി സംഘർഷം രൂക്ഷമായ മേഖലകളിൽ സമയോചിതമായി പ്രവർത്തിച്ച് സംഘർഷം ലഘൂകരിക്കുന്നതിന് പഞ്ചായത്ത്/മുനിസിപ്പാലിറ്റി തലത്തിൽ ജനജാഗ്രതാ സമിതികൾ രൂപീകരിച്ച് പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുവാനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

(ബി) മനുഷ്യനും വന്യമൃഗങ്ങളും തമ്മിലുള്ള സംഘർഷങ്ങൾ ലഘൂകരിക്കുന്നതിന് ജനജാഗ്രതാ സമിതികൾ തദ്ദേശതലത്തിൽ താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തുവാനാണ് വിഭാവനം ചെയ്തിട്ടുള്ളത്.

1. വന്യജീവി ആക്രമണം ഉണ്ടാകുന്ന മേഖലകളിൽ വനം വകുപ്പിന്റെ ജനകീയ മുഖമായി ജനജാഗ്രതാ സമിതികൾ പ്രവർത്തിച്ച് ജനത്തെ സഹായിക്കുന്നു.
2. പ്രദേശത്തിന് ഏറ്റവും യോജിച്ച പ്രതിരോധ മാർഗ്ഗങ്ങളെക്കുറിച്ച് വനം വകുപ്പിനെ അറിയിക്കുക.

3. അടിയന്തര സാഹചര്യങ്ങളിലും അല്ലാത്തപക്ഷം ചുരുങ്ങിയത് മൂന്ന് മാസത്തിലൊരിക്കലെങ്കിലും യോഗംകൂടി വേണ്ട ശിപാർശകൾ വനം വകുപ്പ് ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർക്ക് നൽകുക.

4. നിലവിൽ നിർമ്മിച്ചിട്ടുള്ള പ്രതിരോധ മാർഗ്ഗങ്ങളായ സൗരോർജ്ജ കമ്പിവേലി, കിടങ്ങ്, മതിൽ എന്നിവയ്ക്ക് കേടുപാടുകൾ സംഭവിച്ചിട്ടുണ്ടെങ്കിൽ ആ വിവരം ബന്ധപ്പെട്ട റേഞ്ച് ഫോറസ്റ്റ് ഓഫീസറെ അറിയിക്കുകയും കമ്മിറ്റിയിൽ ചർച്ച ചെയ്ത് പരിഹാരമാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുക.

5. വന്യജീവി ആക്രമണമുണ്ടാകുന്നപക്ഷം എത്രയും പെട്ടെന്ന് സ്ഥലത്തെത്തി വേണ്ട നടപടികൾ സ്വീകരിക്കാൻ വനം വകുപ്പിനെ സഹായിക്കുക.

6. വനാതിർത്തി പങ്കിടുന്ന മേഖലകളിൽ വന്യജീവികളെ ആകർഷിക്കാത്ത തരത്തിലുള്ള കൃഷി നടത്തുന്നതിന് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്ന വനം വകുപ്പിന്റെ നടപടികളിൽ പങ്കാളികളാകുക.

7. വന്യജീവികൾ കാടിന് പുറത്തേയ്ക്ക് വരുന്നത് ശ്രദ്ധയിൽപ്പെട്ടാൽ തദ്ദേശവാസികളെ മുൻകൂട്ടി അറിയിക്കുന്നതിനുള്ള എസ്.എം.എസ്. അലെർട്ട് സിസ്റ്റം തുടങ്ങിയ സംവിധാനങ്ങളുടെ പ്രവർത്തനം കുറ്റമറ്റ രീതിയിലുള്ളതാണെന്ന് ഉറപ്പുവരുത്തുക.

(സി) വന്യമൃഗങ്ങളുടെ കടന്നുകയറ്റത്താൽ കൃഷിയും വീടും നഷ്ടപ്പെട്ടവർക്ക് 22-3-2013-ലെ ജി.ഒ.(എം.എസ്.) നമ്പർ 32/2013/വനം, 17-1-2014-ലെ ജി.ഒ. (എം.എസ്.)നമ്പർ 96/2014/വനം, 08-1-2015-ലെ ജി.ഒ. (എം.എസ്.) നമ്പർ 2/2015/വനം എന്നിവയിൽ നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം ധനസഹായം നൽകിവരുന്നു.

**കാട്ടാനശല്യം**

93 (716) <u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കാട്ടാന ശല്യം നിയന്ത്രിക്കുന്നതിന് ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം എത്ര തുക ചെലവഴിച്ചിട്ടുണ്ടെന്ന് നിയമസഭാ മണ്ഡലം തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(ബി) ഈ തുക ഏതെല്ലാം കാര്യങ്ങൾക്ക് വേണ്ടിയാണ് ചെലവഴിച്ചിട്ടുള്ളത്;

(സി) കാട്ടാനകളുടെ കടന്നാക്രമണംമൂലം ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കൃഷിക്കാർക്കുണ്ടായ നാശനഷ്ടം എത്രയാണെന്ന് നിയമസഭാ മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ; പ്രസ്തുത കൃഷിക്കാർക്കുള്ള നഷ്ടപരിഹാര തുക എത്രയാണെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) ഈ സർക്കാർ അധികാരത്തിൽവന്നശേഷം കാസർഗോഡ് ജില്ലയിൽ കാട്ടാനശല്യം നിയന്ത്രിക്കുന്ന പ്രവൃത്തികൾക്കായി റാപ്പിഡ് റെസ്പോൺസ് ടീമിന് ഉദുമ മണ്ഡലത്തിൽ 20,534 രൂപയും കാസർഗോഡ് മണ്ഡലത്തിൽ 76,743 രൂപയും ചെലവഴിച്ചിട്ടുണ്ട്. ആന പ്രതിരോധ മതിൽ നിർമ്മിക്കുന്നതിനുവേണ്ടി ഉദുമ മണ്ഡലത്തിൽ 192.96 ലക്ഷം രൂപയും കാഞ്ഞങ്ങാട് മണ്ഡലത്തിൽ 329.77 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. ആയതിന്റെ നിർമ്മാണം നടന്നുവരുന്നു.

(സി) കാട്ടാനകളുടെ കടന്നാക്രമണംമൂലം കൃഷിനാശം സംഭവിച്ചതിന് കാസർഗോഡ് മേഖലയിൽ താഴെപ്പറയുംപ്രകാരം നഷ്ടപരിഹാരം നൽകിയിട്ടുണ്ട്.

1. കാഞ്ഞങ്ങാട് മണ്ഡലം - 1,51,300 രൂപ (9 അപേക്ഷകൾ)
2. ഉദുമ മണ്ഡലം - 1,94,142 രൂപ (17 അപേക്ഷകൾ)
3. കാസർഗോഡ് മണ്ഡലം - 19,525 രൂപ (1 അപേക്ഷ)

**ധനസഹായം**

94 (717) <u>ശ്രീ. എം. രാജഗോപാലൻ</u> : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വന്യമൃഗങ്ങളുടെ ആക്രമണത്താൽ അത്യാഹിതം സംഭവിക്കുന്നവർക്ക് ഇപ്പോൾ നൽകുന്ന ധനസഹായം എത്രയെന്ന് വ്യക്തമാക്കാമോ; ഗുരുതരമായി പരിക്കേറ്റ് അവശത അനുഭവിക്കുന്നവർക്ക് പ്രതിമാസം ധനസഹായം നൽകാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

വന്യമൃഗങ്ങളുടെ ആക്രമണത്താൽ സംഭവിക്കുന്ന നാശനഷ്ടങ്ങൾക്കും ജീവനാശത്തിനും 1980-ലെ കേരള റൂൾസ് ഫോർ പേമെന്റ് ഓഫ് കോമ്പൻസേഷൻ റ്റു വിക്ടിംസ് ഓഫ് വൈൽഡ് ലൈഫ് അറ്റാക്ക് പ്രകാരമാണ് നിലവിൽ നഷ്ടപരിഹാരം നൽകിവരുന്നത്. ആയത് പ്രകാരം നിലവിലുള്ള നഷ്ടപരിഹാരത്തുക ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | കഷ്ടനഷ്ടങ്ങളുടെ സ്വഭാവം | നഷ്ടപരിഹാരത്തുക (രൂപ) |
|---|---|---|
| (1) | സ്ഥായിയായ അംഗഭംഗം | പരമാവധി 75,000 രൂപ |
| (2) | വിള, വീട്, കന്നുകാലി എന്നിവയ്ക്കുണ്ടാകുന്ന നാശനഷ്ടം | നഷ്ടത്തിന്റെ 100% (പരമാവധി 75,000 രൂപ) |
| (3) | പരിക്ക് | പരമാവധി 75,000 രൂപ(മെഡിക്കൽ ഓഫീസറുടെ സർട്ടിഫിക്കറ്റിന്റെ വെളിച്ചത്തിൽ) പട്ടികവർഗ്ഗക്കാർക്ക് പരിധിയില്ലാതെ ചെലവായ മുഴുവൻ തുകയും നൽകും. |
| (4) | മരണം | 5 ലക്ഷം രൂപ |
| (5) | വനത്തിന് പുറത്തുവച്ചുള്ള പാമ്പുകടി മൂലമുള്ള മരണം | 1 ലക്ഷം രൂപ |

ഗുരുതരമായി പരിക്കേറ്റ് അവശതയനുഭവിക്കുന്നവർക്ക് പ്രതിമാസം ധനസഹായം നൽകാൻ നിലവിൽ വ്യവസ്ഥയില്ല.

**വന്യമൃഗ സംരക്ഷണം**

95 (718) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം കൊടും വരൾച്ച നേരിടുന്ന സാഹചര്യത്തിൽ വന്യമൃഗങ്ങൾക്ക് കുടിവെള്ളം ലഭിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിനായി സർക്കാർ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് അനുഭവപ്പെടുന്ന വരൾച്ചയുടെ പശ്ചാത്തലത്തിൽ വന്യമൃഗങ്ങൾക്ക് ജലത്തിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി കാട്ടിനുള്ളിൽ കുളങ്ങൾ, വയലുകൾ, നീർത്തടങ്ങൾ, ചെക്ക്ഡാമുകൾ എന്നിങ്ങനെയുള്ള 1500-ഓളം ജലസ്രോതസ്സുകളുടെ നവീകരണം നടത്തി പരിപാലിച്ചുവരുന്നു. കൂടാതെ വനത്തിനുള്ളിൽ വാഹനങ്ങളിൽ വെള്ളമെത്തിച്ച് കുളങ്ങളിൽ ജലലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു.

(ബി) ഇത് ഹരിത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കിവരുന്നു.

**പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ**

96 (719) ശ്രീ. സി. കെ. ഹരീന്ദ്രൻ:

ശ്രീ. കാരാട്ട് റസാഖ്:

ശ്രീ. വി. കെ. സി. മമ്മത് കോയ:

ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആയിരക്കണക്കിന് കർഷകർ ആശ്രയിക്കുന്ന പൗൾട്രി മേഖലയിൽ കോഴിക്കുഞ്ഞുങ്ങളുടെ വിലയും തീറ്റ വിലയും ഇറച്ചി വിലയും നിശ്ചയിക്കുന്നത് അയൽ സംസ്ഥാനങ്ങളിലെ ലോബിയായി തീർന്നിരിക്കുന്നതിനാൽ ആയത് കർഷകരെ ദുഃസ്ഥിതിയിലാക്കിയിരിക്കുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ മേഖലയിൽ പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനം ശക്തിപ്പെടുത്താൻ പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കുമോ;

(സി) ഈ മേഖലയിലെ കർഷകരെ കൃഷിക്കാരായി പരിഗണിച്ച് വായ്പ അനുവദിക്കുന്നതിലും വൈദ്യുതി നൽകുന്നതിലും ആനുകൂല്യം ലഭ്യമാക്കുമോ; കർഷകർക്ക് നികുതി ഇളവ് നൽകുന്ന കാര്യം പരിഗണനയിലുണ്ടോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ജനിതകമേന്മയുള്ള ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളും ഗുണനിലവാരമുള്ള ബ്രോയിലർ തീറ്റയുമാണ് ഇറച്ചിക്കോഴി വളർത്തലിന്റെ അടിസ്ഥാന ഘടകങ്ങൾ. ഇവ രണ്ടും കേരളത്തിൽ ആവശ്യത്തിന് ലഭിക്കാതിരിക്കുന്ന സാഹചര്യത്തിൽ കേരളത്തിലെ കോഴിവളർത്തൽ കർഷകരെ സഹായിക്കാൻവേണ്ടി സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ അധീനതയിൽ തിരുവനന്തപുരം ജില്ലയിൽ കുടപ്പനക്കുന്നിൽ പ്രവർത്തിക്കുന്ന ബ്രോയിലർ ബ്രീഡർ ഫാമിൽ പ്രതിവർഷം ഏകദേശം ഏഴ് ലക്ഷം ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ച് ഇന്റഗ്രേഷൻ ഫാമുകൾവഴി വളർത്തിയെടുത്ത് 40-45 ദിവസം പ്രായമാകുമ്പോൾ തിരിച്ചെടുത്ത്, പേട്ടയിലെ മീറ്റ് പ്രോസസ്സിംഗ് പ്ലാന്റിൽ ശാസ്ത്രീയമായി സംസ്കരിച്ച് 'കെപ്കോ ചിക്കൻ' എന്ന പേരിൽ ഏജൻസികൾ വഴിയും വിൽപ്പന കൗണ്ടറിലൂടെയും പൊതുജനങ്ങൾക്ക് വിൽക്കുന്നു. ഇപ്രകാരം ഈ കോർപ്പറേഷൻ നേരിട്ട് വിപണിയിൽ ഇടപെടുന്നതുകൊണ്ട് കോഴിയിറച്ചിയുടെ വില ഒരു പരിധിവരെ നിയന്ത്രിച്ചു നിർത്താൻ സാധിക്കുന്നു. കൂടാതെ ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ആവശ്യക്കാരായ കർഷകർക്ക് മിതമായ നിരക്കിൽ വിതരണം നടത്തുകയും ചെയ്യുന്നു.

ഇറച്ചിക്കോഴി വളർത്തുന്ന കർഷകർക്ക് ഗുണനിലവാരമുള്ള കോഴിത്തീറ്റ ലഭ്യമാക്കാൻ കോർപ്പറേഷന്റെ കീഴിലുള്ള കോഴിത്തീറ്റ ഉൽപ്പാദന കേന്ദ്രങ്ങളിൽ ഗുണനിലവാരമുള്ള തീറ്റ ഉൽപ്പാദിപ്പിച്ച് മിതമായ നിരക്കിൽ വിതരണം ചെയ്യുന്നു.

(സി) 28-3-2015-ലെ സർക്കാർ ഉത്തരവ് (പി) നമ്പർ 59/15/കൃഷി പ്രകാരം അംഗീകരിച്ച് പുറപ്പെടുവിച്ച സംസ്ഥാന കാർഷിക വികസന നയത്തിൽ കോഴിക്കൃഷിയെ ഒരു കാർഷികവൃത്തിയായി അംഗീകരിച്ചുവെങ്കിലും കോഴിക്കർഷകർക്ക് പ്രത്യേകിച്ച് നികുതിയിളവുകളൊന്നും പ്രഖ്യാപിച്ചിട്ടില്ല. എന്നാൽ കേരള സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ കോഴിക്കൃഷിയെ (പൗൾട്രി ഫാമുകളെ) മെച്ചപ്പെട്ട ഉൽപ്പാദനത്തിനാവശ്യമായ ഭൗതിക സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനാവശ്യമായ വൈദ്യുതി ഉപയോഗിക്കുന്ന കാർഷികവൃത്തിക്ക് ഏർപ്പെടുത്തിയിരിക്കുന്ന LT 5 (B) താരിഫിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിലേയ്ക്കുള്ള താരിഫ് പരിഷ്കരണ നടപടികളിൽ കാർഷികവിഭാഗം ഉപഭോക്താക്കൾക്ക് വൈദ്യുതി ചാർജ്ജ് വർദ്ധന വരുത്തുന്നതിനുള്ള ശിപാർശയൊന്നുംതന്നെ നിലവിലില്ല. അതിനാൽ സംസ്ഥാനത്തെ കോഴിക്കൃഷിക്ക് അനുകൂലമായ നിലപാടാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

**കോഴി, പശു വളർത്തൽ പദ്ധതികൾ**

97 (720) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൃഗസംരക്ഷണ വകുപ്പിന്റെ കോഴി വളർത്തൽ പദ്ധതി എത്ര പഞ്ചായത്തുകളിൽ ആരംഭിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) പട്ടികജാതി വകുപ്പുമായി ചേർന്ന് തൊഴിലധിഷ്ഠിത പദ്ധതികളായ കോഴി, പശുവളർത്തൽ പദ്ധതികൾ നിലവിലുണ്ടോ; പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ;

(സി) പശുഗ്രാമം പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ;

(ഡി) മൃഗാശുപത്രികളുടെ നവീകരണത്തിനായി ഏതെല്ലാം പദ്ധതികളാണ് നിലവിലുള്ളത്; തെരഞ്ഞെടുക്കപ്പെട്ട മൃഗാശുപത്രികളെ മാതൃകാ കേന്ദ്രങ്ങളാക്കുന്ന പദ്ധതി നിലവിലുണ്ടോ; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) മൃഗസംരക്ഷണ വകുപ്പ് പഞ്ചായത്തുകളിൽ കോഴി വളർത്തൽ പദ്ധതി നടപ്പിലാക്കുന്നില്ല. സ്കൂൾ പൗൾട്രി ക്ലബ്ബ് എന്ന കോഴി വളർത്തൽ പദ്ധതി സ്കൂളുകൾ വഴിയാണ് നടപ്പിലാക്കുന്നത്.

(ബി) " 2 പശു 3 കന്നുകുട്ടികളും" എന്ന പദ്ധതി പട്ടികജാതി വകുപ്പുമായി ചേർന്ന് മൃഗസംരക്ഷണ വകുപ്പ് നടപ്പിലാക്കുന്നുണ്ട്. ഈ പദ്ധതിക്കായി 499.5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. പട്ടികജാതി വകുപ്പുമായി ചേർന്ന് കോഴി വളർത്തൽ പദ്ധതി പുതിയതായി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിനായി 57.84 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കേജ് സിസ്റ്റം, ഡീപ്പ് ലിറ്റർ സിസ്റ്റം എന്നിങ്ങനെ രണ്ട് രീതിയിലുള്ള കോഴിവളർത്തൽ പദ്ധതികളാണ് ഇതിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

(സി) പശുഗ്രാമം പദ്ധതി മൃഗസംരക്ഷണ വകുപ്പ് നടപ്പാക്കുന്നില്ല.

(ഡി) നിലവിലുള്ള മൃഗാശുപത്രികളുടെ അറ്റകുറ്റപ്പണികൾ, ജീർണ്ണാവസ്ഥയിൽ സ്ഥിതിചെയ്യുന്ന മൃഗാശുപത്രികൾക്ക് പുതിയ കെട്ടിടം എന്നിവയാണ് നിലവിലുള്ളത്. ഇതിനായി പൊതുമരാമത്ത് വകുപ്പിന്റെ മൂലധന ശീർഷകത്തിൽ 2017-18-ൽ 5 കോടി രൂപ വകയിരുത്തിയിരിക്കുന്നു. മൃഗാശുപത്രികളെ മാതൃകാ കേന്ദ്രങ്ങളാക്കുന്ന പദ്ധതി നിലവിലില്ല.

**ആശ്രയ പദ്ധതി**

98 (721) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും ക്ഷീര വികസനവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെപ്കോയുടെ സഹകരണത്തോടെ നടപ്പിലാക്കിവരുന്ന 'ആശ്രയ' പദ്ധതിയുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) 'ആശ്രയ' പദ്ധതിക്ക് പുറമേ കെപ്കോവഴി ഏതൊക്കെ പദ്ധതികളാണ് നടപ്പിലാക്കുന്നത് ; വിശദാംശങ്ങൾ നൽകുമോ;

(സി) പാറശ്ശാല മണ്ഡലത്തിലെ പെരുങ്കടവിള, കൊല്ലയിൽ, അമ്പൂരി എന്നീ ഗ്രാമപഞ്ചായത്തുകളിൽ 'ആശ്രയ' പദ്ധതി പ്രകാരം കോഴിക്കുഞ്ഞുങ്ങളെ വിതരണം ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) കെപ്കോ ആശ്രയ പദ്ധതി പ്രകാരം തെരഞ്ഞെടുക്കുന്ന പഞ്ചായത്തുകളിലെ വിധവകൾക്ക് ഓരോരുത്തർക്കും 10 കോഴിയും 10 കിലോ തീറ്റയും 50 രൂപയുടെ മരുന്നും നൽകുന്നു. ഈ പദ്ധതി പ്രകാരമുള്ള ആനുകൂല്യങ്ങൾക്ക് അർഹതയുള്ള ഗുണഭോക്താക്കളുടെ ലിസ്റ്റ് ഇന്റഗ്രേറ്റഡ് ചൈൽഡ് ഡെവലപ്മെന്റ് സർവ്വീസസ് ഓഫീസ് മുഖേന തയ്യാറാക്കി പഞ്ചായത്ത് ഭരണസമിതിയുടെ അംഗീകാരത്തോടെയാണ് അയയ്ക്കേണ്ടത്.

(ബി) ആശ്രയ പദ്ധതിക്ക് പുറമേ താഴെപ്പറയുന്ന പദ്ധതികൾകൂടി കെപ്കോ നടപ്പിലാക്കി വരുന്നു.

1. കോഴിവളർത്തൽ ഗ്രാമങ്ങൾ പദ്ധതി
2. റൂറൽ ബാക്ക്യാർഡ് പദ്ധതി
3. കെപ്കോ നഗരപ്രിയ പദ്ധതി
4. കുഞ്ഞ് കൈകളിൽ കോഴിക്കുഞ്ഞ് പദ്ധതി
5. കോൾ നിലങ്ങളിലെ കോഴി വളർത്തൽ
6. പട്ടികജാതിക്കാർക്കുവേണ്ടിയുള്ള കോഴി വളർത്തൽ പദ്ധതി

(വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.)*

(സി) പാറശ്ശാല മണ്ഡലത്തിലെ കുന്നത്തുകാൽ പഞ്ചായത്തിൽ ആശ്രയ പദ്ധതി നടപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്തെ വിവിധ പഞ്ചായത്തുകളിൽ ഈ പദ്ധതി നടപ്പാക്കണമെന്ന് ആവശ്യപ്പെട്ട് നിരവധി അപേക്ഷകൾ ലഭിക്കുന്നുണ്ട്. ആ പഞ്ചായത്തുകളിൽ മുൻഗണനാക്രമത്തിൽ പദ്ധതി നടപ്പാക്കിയതിനുശേഷം ഫണ്ടിന്റെ ലഭ്യതയനുസരിച്ച് പാറശ്ശാല മണ്ഡലത്തിലെ മറ്റ് പഞ്ചായത്തുകളിൽ ഈ പദ്ധതി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ബ്രോയിലർ കോഴി കർഷകർ

99 (722) ശ്രീ. ഡി. കെ. മുരളി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴി വളർത്തൽ കാർഷികവൃത്തിയായി അംഗീകരിച്ചിരിക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്തിനകത്ത് ബ്രോയിലർ കോഴി വളർത്തുന്ന കർഷകർ അടയ്ക്കേണ്ടിവരുന്ന വിവിധ നികുതികൾ എന്തൊക്കെയാണ്; വിശദമാക്കുമോ;

(ബി) ബ്രോയിലർ കോഴി കർഷകർക്ക് ആവശ്യമായ വൈദ്യുതി കാർഷിക നിരക്കിൽ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദീകരിക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് നിലവിൽ കോഴികൾക്ക് 14.5% വിൽപ്പന നികുതി ഏർപ്പെടുത്തിയിട്ടുണ്ട്.

(ബി) കേരള സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ കോഴിക്കൃഷിയെ (പൗൾട്രി ഫാമുകളെ) മെച്ചപ്പെട്ട ഉൽപ്പാദനത്തിന് ഭൗതികസാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനാവശ്യമായ വൈദ്യുതി ഉപയോഗിക്കുന്ന കാർഷികവൃത്തിയിൽ ഏർപ്പെടുത്തിയിരിക്കുന്ന LT 5(B) താരിഫിലാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിലേയ്ക്കുള്ള താരിഫ് പരിഷ്കരണ നടപടികളിൽ കാർഷിക വിഭാഗം ഉപഭോക്താക്കൾക്ക് വൈദ്യുതി ചാർജ്ജ് വർദ്ധന വരുത്തുന്നതിനുള്ള ശിപാർശയൊന്നുംതന്നെ നിലവിലില്ല. സംസ്ഥാനത്തെ കോഴിക്കൃഷിക്ക് അനുകൂലമായ നിലപാടാണ് സർക്കാർ സ്വീകരിച്ചുവരുന്നത്.

## മൃഗാശുപത്രിക്ക് പുതിയ കെട്ടിടം

100 (723) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യത്തിന് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് ജില്ലാ മൃഗസംരക്ഷണ ആശുപത്രിക്ക് സൗകര്യപ്രദമായ കെട്ടിടം നിർമ്മിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉത്തരം

ആവിഷ്കരിച്ചിട്ടില്ല.

**പക്ഷികളുടെയും മൃഗങ്ങളുടെയും വിപണനം**

101 (724) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രോഗം വന്നതും രോഗപ്രതിരോധ നടപടികൾ സ്വീകരിച്ചിട്ടില്ലാത്തതുമായ പക്ഷികളുടെയും വളർത്തുമൃഗങ്ങളുടെയും വിപണനം നടക്കുന്നുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമൂലം മൃഗങ്ങൾ വഴിയും പക്ഷികൾ വഴിയും പകരുന്ന രോഗങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യം ഉണ്ടായിട്ടുണ്ടെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ;

(ബി) ഇത്തരത്തിൽ രോഗം ബാധിച്ചതും പ്രതിരോധമാർഗ്ഗങ്ങൾ സ്വീകരിച്ചിട്ടില്ലാത്തതുമായ വളർത്തുമൃഗങ്ങളുടെ വിപണനം തടയുന്നതിന് നിയമങ്ങൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ഈ രംഗത്തെ അനാരോഗ്യകരമായ പ്രവണതകൾ തടയുന്നതിന് സർക്കാരിന് കഴിയാത്ത സ്ഥിതിവിശേഷം ഗുരുതരമാണെന്ന് കരുതുന്നുണ്ടോ; എങ്കിൽ ഇതിന് അടിയന്തരമായി പരിഹാരമാർഗ്ഗങ്ങൾ കണ്ടെത്തുമോ; വിശദമാക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഉണ്ട്. 2009-ലെ പ്രിവൻഷൻ ആന്റ് കൺട്രോൾ ഓഫ് ഇൻഫെക്ഷ്യസ് ആന്റ് കണ്ടേജിയസ് ഡിസീസ് ഇൻ ആനിമൽസ് ആക്ടിന്റെ അടിസ്ഥാനത്തിൽ 1-10-2014-ലെ ജി. ഒ. (പി) 221/2014/എഡി. നമ്പർ സർക്കാർ ഉത്തരവ് നിലവിലുണ്ട്. ഇതിൻപ്രകാരം സംസ്ഥാനത്തിനകത്തേയ്ക്ക് കൊണ്ടുവരുന്ന പക്ഷിമൃഗാദികളുടെ ആരോഗ്യനില ചെക്ക്പോസ്റ്റുകളിൽ പരിശോധിച്ച് രോഗബാധയില്ലാത്തവയെ മാത്രം പ്രതിരോധ കുത്തിവയ്പ്പുകൾ നൽകി കടത്തിവിടാനുള്ള വ്യക്തമായ മാനദണ്ഡങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. ഈ നിയമങ്ങൾ പാലിക്കപ്പെടുന്നുണ്ട്.

**കുഞ്ഞുകൈകളിൽ അരുമക്കോഴി എന്ന പദ്ധതി**

102 (725) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുഞ്ഞുകൈകളിൽ അരുമക്കോഴി എന്ന പദ്ധതി സംസ്ഥാനത്തെ എത്ര സ്കൂളുകളിൽ നടപ്പിലാക്കിയിട്ടുണ്ട്; പ്രസ്തുത സ്കൂളുകളുടെ പേരുവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതി വരുംവർഷങ്ങളിൽ തുടരുന്നതിന് കഴിയുമോ ; ഈ പദ്ധതി മുട്ടയുടെ ഉത്പാദന വർദ്ധനവിന് സഹായിക്കുമെന്ന് കരുതുന്നുണ്ടോ;എങ്കിൽ എത്ര വർദ്ധനവാണ് പ്രതീക്ഷിക്കുന്നത്;

(സി) പ്രസ്തുത പദ്ധതി പ്രകാരം മുട്ടക്കോഴിയെ ലഭിച്ച വിദ്യാർത്ഥികൾ ഇവയെ പരിപാലിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം മാർഗ്ഗനിർദ്ദേശങ്ങളാണ് പദ്ധതിയിലുൾപ്പെടുത്തിയിരിക്കുന്നത്; വിശദമാക്കാമോ ?

ഉത്തരം

(എ - സി) വിവരം ശേഖരിച്ചുവരുന്നു.

**മൃഗസംരക്ഷണത്തിനുള്ള പദ്ധതികൾ**

103 (726) ശ്രീ. കെ. മുരളീധരൻ:

ശ്രീ. എ. പി. അനിൽ കുമാർ:

ശ്രീ. അനിൽ അക്കര:

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൃഗസംരക്ഷണത്തിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ആരുടെയെല്ലാം സഹകരണത്തോടെയാണ് പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നതെന്ന് വിശദീകരിക്കുമോ;

(സി) മുൻ സർക്കാർ നടപ്പാക്കിയ ഏതൊക്കെ പദ്ധതികളാണ് തുടരുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് മൃഗസംരക്ഷണത്തിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

മൃഗാശുപത്രികളുടെ വികസനവും പുനഃസംഘടനയും-മൃഗചികിത്സാ സേവനങ്ങൾ ശക്തിപ്പെടുത്തൽ:

1. മരുന്നുകൾ സംഭരിക്കുക
2. അകിടുവീക്ക രോഗ നിയന്ത്രണ പരിപാടി

3. വളർത്തുമൃഗക്ഷേമ പരിപാടികൾ
4. സ്ക്വാഡുകൾ, വാക്സിനേഷൻ ക്യാമ്പുകൾ എന്നിവ സംഘടിപ്പിക്കുക
5. പ്രവർത്തനച്ചെലവുകൾ
6. ആവർത്തനച്ചെലവുകൾ ഒഴികെയുള്ള മൃഗചികിത്സാ സേവനങ്ങൾക്ക് ആവശ്യമായ സൗകര്യങ്ങൾക്കുള്ള ധനസഹായം
7. വെറ്ററിനറി പോളി ക്ലിനിക്കുകളുടെയും ആശുപത്രികളുടെയും ഡിസ്പെൻസറികളുടെയും ശാക്തീകരണം
8. വാർഷിക അറ്റകുറ്റപ്പണി, ഉപകരണങ്ങളുടെ ഇൻഷ്വറൻസ്
9. സീറോ സർവ്വയലൻസ്, മോണിറ്ററിംഗ് ഓൺ ഡിസീസസ് ഓഫ് സൂണോട്ടിക് ഇംപോർട്ടൻസ്
10. ജി.ഐ.എസ്. മുഖാന്തരം ഡിസീസസ് മാപ്പിംഗ്
11. ജന്തുരോഗ നിയന്ത്രണ മേഖല (ഗോ രക്ഷ)
12. കർഷകർക്ക് നഷ്ടപരിഹാരം
13. ഡോക്യുമെന്റേഷൻ, ഡിജിറ്റൈസേഷൻ
14. കരാറടിസ്ഥാനത്തിൽ മാനവശേഷി
15. വെറ്ററിനറി സേവനത്തിന് അടിസ്ഥാന സൗകര്യം
16. ലാബുകളുടെ ശാക്തീകരണം
17. അതിർത്തി ചെക്കുപോസ്റ്റുകളുടെ ശാക്തീകരണം

ഗോ സമൃദ്ധി:

ഉരുക്കൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിന് പദ്ധതി വിഭാവനം ചെയ്യുന്നു. കന്നുകാലികളുടെ മരണംമൂലമോ ഉൽപ്പാദനക്ഷമത നശിക്കുന്നതുമൂലമോ കർഷകനുണ്ടാകുന്ന നഷ്ടത്തിന് പരിരക്ഷ നൽകുന്നതിന് പദ്ധതി ലക്ഷ്യമിടുന്നു. പൊതുമേഖലാ ഇൻഷ്വറൻസ് കമ്പനി മുഖേന പദ്ധതി നടപ്പിലാക്കുന്നു.

ബയോളജിക്കൽ പ്രൊഡക്ഷൻ കോംപ്ലക്സ്:

1. ജി.എം.പി. സ്റ്റാൻഡേർഡുകൾക്കനുസൃതമായുള്ള ആധുനീകരണം.
2. രോഗങ്ങളെ പ്രതിരോധിക്കുന്നതിനാവശ്യമായ വാക്സിനുകൾ, മരുന്നുകൾ, ഡയഗ്നോസ്റ്റിക് റീ ഏജന്റ്സ് മുതലായവയുടെ ഉൽപ്പാദനത്തിനും സൂക്ഷിപ്പിനുംവേണ്ട ചെലവുകൾ (പ്രവർത്തനച്ചെലവുൾപ്പെടെ).

3. ഗവേഷണ വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനും മറ്റ് പ്രശസ്ത സ്ഥാപനങ്ങളിലെ വിദഗ്ധരുടെ അഭിപ്രായവും സാങ്കേതിക സഹായവും തേടുന്നതിനും ലഭ്യമാക്കുന്നതിനും ജി.എം.പി. സ്റ്റാൻഡേർഡ് സ്വായത്തമാക്കുന്നതിനായി ഉദ്യോഗസ്ഥർക്ക് പരിശീലനം

4. ലബോറട്ടറിയിൽ നിലവിലുള്ള ജന്തുവിഭാഗം ശക്തിപ്പെടുത്തുന്നതിന് വേണ്ട ചെലവ് വഹിക്കുന്നതിന്.

5. കെട്ടിടത്തിനുവേണ്ട അറ്റകുറ്റപ്പണികൾ, സാധനസാമഗ്രികളുടെയും യന്ത്രങ്ങളുടെയും വാർഷിക അറ്റകുറ്റപ്പണികൾ എന്നിവ ചെയ്യുന്നതിന്.

6. സ്ഥാപനത്തിലെ ജീവനക്കാരുടെ മെഡിക്കൽ ചെക്കപ്പും ആരോഗ്യ ഇൻഷ്വറൻസും.

<u>വാസസ്ഥലങ്ങളിൽ വീട്ടുപടിക്കൽ മൃഗചികിത്സാ സേവനം:</u>

1. കർഷകർക്ക് അവരുടെ വീട്ടുപടിക്കൽ സേവനം ലഭ്യമാക്കുന്നതിന് വേണ്ടിയുള്ള ആംബുലൻസ്

2. ബ്ലോക്കുതലത്തിൽ രാത്രികാലത്ത് അടിയന്തര മൃഗചികിത്സാ സേവനം

3. സഞ്ചരിക്കുന്ന മൾട്ടി സ്പെഷ്യാലിറ്റി ക്ലിനിക്കുകളുടെ പ്രവർത്തനത്തിന് ആവശ്യമായ മനുഷ്യശേഷി.

<u>രാഷ്ട്രീയ പശുധൻ വികാസ് യോജന</u>

I. ദേശീയ കന്നുകാലി പരിപാലന പരിപാടികൾ

1. കന്നുകാലി വികസനം
2. പന്നി വളർത്തൽ വികസനം
3. ദേശീയ തീറ്റപ്പുൽ ഉൽപ്പാദന പരിപാടി
4. വിജ്ഞാന വ്യാപനം, നൈപുണ്യ വികസനം.

II. ദേശീയ മൃഗാരോഗ്യവും രോഗനിയന്ത്രണ പരിപാടിയും

1. കുളമ്പുരോഗ നിയന്ത്രണ പരിപാടി
2. ജന്തുരോഗ നിയന്ത്രണത്തിനായി സംസ്ഥാനങ്ങൾക്കുള്ള സഹായം

3. ദേശീയ കാലിവസന്ത നിരീക്ഷണ നിയന്ത്രണ പരിപാടി
4. ദേശീയ ആട്ടുവസന്ത നിയന്ത്രണ പരിപാടി
5. ദേശീയ ബ്രൂസല്ലോസിസ് നിയന്ത്രണ പരിപാടി
6. ദേശീയ മൃഗരോഗ റിപ്പോർട്ടിംഗ്
7. സാങ്കേതിക കാര്യക്ഷമതാ വികസനം
8. മൃഗാശുപത്രികളുടെ വികസനം
9. സൈ്വൻ ഫീവർ നിയന്ത്രണം.

<u>ഊർജ്ജിത കന്നുകാലി വികസനം-ബീജസങ്കല സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ</u> :

1. ഉപകരണങ്ങളും ശീതീകരിച്ച ബീജം, ഹോർമോൺ ഇവ വാങ്ങുന്നതിനും പ്രവർത്തനച്ചെലവ് വഹിക്കുന്നതിനും
2. കറവപ്പശുക്കൾക്ക് ധാതുലവണ മിശ്രിതം, വിരമരുന്ന്.
3. ഊർജ്ജിത കന്നുകാലി വികസന പ്രോജക്ടുകൾ (ഐ.സി.ഡി.പി.) റീജിയണൽ ആർ.എ.ഐ.സി.-കൾ എന്നിവയ്ക്ക് പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനും നിലവിലുള്ളവ ശക്തിപ്പെടുത്തുന്നതിനും
4. വന്ധ്യതാ നിവാരണ പരിപാടികൾ
5. ഉപയോഗശൂന്യമായ വാഹനം മാറ്റുന്നതിനും പുതിയ ബ്ലോക്കുതല മൃഗസംരക്ഷണ ഓഫീസുകൾ സ്ഥാപിക്കുന്നതിനും ഡോക്യുമെന്റേഷൻ, ഡിജിറ്റൈസേഷൻ മുതലായവയ്ക്കും വിനിയോഗിക്കുന്നതാണ്.
6. വെറ്ററിനറി സബ്സെന്ററുകൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് സഹായം.

<u>വകുപ്പിന്റെ കീഴിലുള്ള ഫാമുകളുടെ സംരക്ഷണവും ശക്തിപ്പെടുത്തലും:</u>

1. പേരന്റ്സ് സ്റ്റോക്ക്, തീറ്റപ്പുൽ, പോഷകദ്രവ്യങ്ങൾ, മരുന്നുകൾ, ജൈവ വസ്തുക്കൾ എന്നിവ വാങ്ങൽ.
2. തീറ്റപ്പുൽ വികസനം

3. മഞ്ചാടിയിലെ ഹാച്ചറിക്കും ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടിനും അടിസ്ഥാന സൗകര്യങ്ങൾ
4. താറാവിനും കർഷകർക്കും ഇൻഷ്വറൻസ്
5. ഉൽപ്പാദന രീതിയിലുള്ള പരിപാടികൾ
6. കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണി
7. സീഡ് ഉൽപ്പാദനവും വിതരണവും
8. സാറ്റലൈറ്റ് ബ്രീഡിംഗ് യൂണിറ്റുകൾ
9. ഡിജിറ്റൈസേഷൻ, ഡോക്യുമെന്റേഷൻ

<u>പ്രത്യേക കന്നുകാലി വികസന പദ്ധതി:</u>

ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി കന്നുകുട്ടികൾ പൂർണ്ണ വളർച്ചയെത്തുന്ന പ്രായം കുറച്ചുകൊണ്ടുവരികയും പ്രസവങ്ങൾക്കിടയിലുള്ള കാലദൈർഘ്യം കുറയ്ക്കുകയുമാണ് ഈ പദ്ധതിയുടെ ലക്ഷ്യം. 2001-02 മുതൽ സംസ്ഥാനാവിഷ്കൃത പദ്ധതിയിൻകീഴിൽ മൃഗസംരക്ഷണ വകുപ്പിന്റെ മാർഗ്ഗ നിർദ്ദേശത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളാണ് ഈ പരിപാടി നടപ്പാക്കുന്നത്.

2017-18 വർഷത്തിൽ ആർ.കെ.വി.വൈ. തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ 20622 കന്നുകുട്ടികളെ ഈ പദ്ധതിയിൽ പുതിയതായി ചേർക്കാൻ ഉദ്ദേശിക്കുന്നു. കൂടാതെ 2016-17-ൽ എൻറോൾ ചെയ്ത 25778 കന്നുകുട്ടികൾക്കുള്ള രണ്ടാം വർഷ സഹായവും ലഭ്യമാക്കും. സംയോജിത പദ്ധതി തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹായത്തോടെ നടപ്പാക്കും.

<u>ഗോവർദ്ധിനി:</u>

കന്നുകുട്ടികളുടെ ശാസ്ത്രീയ പരിപാലനം ലക്ഷ്യമിട്ട് രാഷ്ട്രീയ കൃഷി വികാസ് യോജനയുമായി സംയോജിപ്പിച്ചുകൊണ്ട് ഗോവർദ്ധിനി പദ്ധതി നടപ്പിലാക്കി വരുന്നു.

<u>ബാക്‌യാർഡ് പൗൾട്രി ഡെവലപ്‌മെന്റ് പ്രോജക്ട്:</u>

വീട്ടുമുറ്റത്തെ കോഴി വളർത്തലിനു കേരളത്തിൽ വളരെയധികം സാധ്യതകളുണ്ട്. ഉയർന്ന തീറ്റവിലയും വിപണന സഹായത്തിന്റെ അഭാവവും കാരണം മുട്ട ഉൽപ്പാദനം കുറഞ്ഞുവരികയാണ്. വീട്ടുമുറ്റത്തെ കോഴിവളർത്തൽ

വികസനത്തിനായി ഗുണമേന്മ കുറഞ്ഞ തീറ്റകൾ നൽകി വളർത്താൻ കഴിയുന്ന മെച്ചപ്പെട്ട ഇനത്തിൽപ്പെട്ട ഗ്രാമലക്ഷ്മി പോലുള്ള നാടൻ മുട്ടക്കോഴികൾ പ്രചരിപ്പിച്ചുവരുന്നു. സ്കൂൾ കുട്ടികൾ വഴി ഈ പദ്ധതി വിഹിതം വിനിയോഗിക്കുന്നു.

വികസനവും പരിശീലനവും:

മൃഗ പരിപാലനം

1. സാങ്കേതിക ഉദ്യോഗസ്ഥർക്ക് പരിശീലനം
2. ബോധവൽക്കരണ പരിപാടികൾ, അതിനായുള്ള വസ്തുക്കൾ, ക്യാമ്പുകൾ, പ്രദർശനങ്ങൾ, പഠന യാത്രകൾ, അവാർഡുകൾ
3. എസ്.ആർ.ഇ.പി. വർക്ക് പ്ലാൻ
4. ഗവേഷണം, അതുമായ ബന്ധപ്പെട്ട വ്യാപന പരിപാടികൾ
5. സ്കൂളുകളിൽ മൃഗസംരക്ഷണ ക്ലബ്ബുകൾ
6. സംരംഭകത്വ വികസന പരിപാടികൾ
7. പ്രാദേശിക കൃത്രിമ ബീജസങ്കലന കേന്ദ്രങ്ങൾ ഉൾപ്പടെ എല്ലാ പരിശീലന കേന്ദ്രങ്ങളും ശക്തിപ്പെടുത്തുന്നത് കൂടാതെ കൊല്ലത്ത് എ.എച്ച്. മ്യൂസിയം, മുണ്ടയാട് എൽ.എം.റ്റി.സി. കെട്ടിടം രണ്ടാംഘട്ടം.
8. കർഷകരുടെ രജിസ്ട്രേഷൻ
9. ഐ.എം.എം. ആസ്കി, ഇർമ, ഐ.സി.എ.ആർ., ദേശീയ ക്ഷീരവികസന ബോർഡ്, സമേതി എന്നീ ഉന്നത സ്ഥാപനങ്ങളിൽ ആഫീസർമാർക്ക് പരിശീലനം

മൃഗസംരക്ഷണ സ്ഥിതിവിവരണക്കണക്കും സാമ്പിൾ സർവ്വേയും (50% കേന്ദ്രസഹായം):

1. വിവിധതരം കന്നുകാലി ഉൽപ്പന്നങ്ങളുടെ ഉൽപ്പാദനം തിട്ടപ്പെടുത്തുന്നതിനായി നടത്തിവരുന്ന സംയോജിത സാമ്പിൾ സർവ്വേകൾ തുടർന്നുകൊണ്ടുപോകുന്നതിന്
2. പുതിയ പഠനങ്ങൾ ആരംഭിക്കുന്നത്.

3. സർവ്വേയുമായി ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കുള്ള ശമ്പളത്തിന്റെ വിഹിതം

4. വിവരശേഖരണ വിശകലന രീതികൾ മെച്ചപ്പെടുത്തുന്നതിന്

5. ഉദ്യോഗസ്ഥർക്കുള്ള പരിശീലനം

കന്നുകാലി സെൻസസ് (100% കേന്ദ്രസഹായം):

20-ാമത് കന്നുകാലി സെൻസസ് കേന്ദ്രസർക്കാരിന്റെ മാർഗ്ഗ നിർദ്ദേശങ്ങളനുസരിച്ച് നടത്തുന്നതിനും 19-ാമത് സെൻസസ് ജോലികളുടെ പൂർത്തീകരണത്തിനും

വിവരസാങ്കേതികവിദ്യ മെച്ചപ്പെടുത്തലും ആധുനികവൽക്കരണവും:

മൃഗസംരക്ഷണ വകുപ്പിന് കീഴിലുള്ള എല്ലാ സ്ഥാപനങ്ങളിലും കമ്പ്യൂട്ടറുകളും അനുബന്ധഘടകങ്ങളും നൽകിയിട്ടുണ്ട്. പ്രധാന ഓഫീസുകളിൽ ബ്രോഡ്ബാൻഡ് ഇന്റർനെറ്റ് കണക്ഷൻ സ്ഥാപിച്ചിട്ടുണ്ട്.

കേരള സംസ്ഥാന പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷന് സാമ്പത്തിക സഹായം:

ആഭ്യന്തര മുട്ടയുൽപ്പാദനവും മാംസോൽപ്പാദനവും വർദ്ധിപ്പിക്കുന്നതിന് അനുയോജ്യമായ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

കേരള ഫീഡ്സിന് സാമ്പത്തിക സഹായം:

സംസ്ഥാനത്ത് പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും കന്നുകാലികളുടെയും ആടുകളുടെയും തീറ്റയുടെ ലഭ്യത വർദ്ധിപ്പിക്കുന്നതിനും തീറ്റ ഉൽപ്പാദിപ്പിക്കുന്ന കേന്ദ്രങ്ങളുടെ ഉൽപ്പാദനശേഷി വർദ്ധിപ്പിക്കുന്നതിനും.

കെ.എൽ.ഡി. ബോർഡിന് സാമ്പത്തിക സഹായം:

1. കെ.എൽ.ഡി. ബോർഡിന്റെ മൃഗപരിപാലന പ്രവൃത്തികളുടെ വ്യാപനം (ഹെഡ് ബുക്ക് പദ്ധതി)

2. മലബാറി ആടുകളുടെ പരിരക്ഷ

3. തീറ്റപ്പുല്ലിലും തീറ്റപ്പുൽ വിത്തുൽപ്പാദനത്തിലും ഗവേഷണ വികസന പ്രവർത്തനങ്ങൾ

4. മൃഗപരിപാലന പ്രവർത്തനങ്ങളിൽ പരിശീലനവും പ്രോത്സാഹനവും

5. കന്നുകാലി പ്രജനന പരിപാടികൾ ശക്തിപ്പെടുത്തുന്നതിന് പശ്ചാത്തല സൗകര്യവികസനം

6. ആടുകളിൽ കൃത്രിമ ബീജസങ്കലനം

7. പന്നി വളർത്തൽ വികസനം

8. കുടുംബശ്രീയുമായി യോജിച്ച് കാലിത്തീറ്റ ഉൽപ്പാദന പരിപാടികൾ

9. കുളത്തുപ്പുഴയിലും കോലാഹലമേട്ടിലും മാട്ടുപ്പെട്ടിയിലുമുള്ള ആധുനിക ഡ z യറി ഫാമുകൾക്ക് സഹായം.

10. ഫീൽഡ് പെർഫോമൻസ് രേഖപ്പെടുത്തൽ പരിപാടിവഴി കന്നുകാലികളുടെ വർഗ്ഗമേന്മ ഉയർത്തൽ.

11. വെച്ചൂർ, കാസർഗോഡ് ഡ്വാർഫ് കന്നുകുട്ടി പരിരക്ഷയും പ്രചരണവും

12. തീറ്റപ്പുൽ വിത്ത് ഉൽപ്പാദനവും വിതരണവും.

13. ജിനോമിക് സെലക്ഷൻ മുഖാന്തിരം കാളകളെ തെരഞ്ഞെടുക്കുന്നതിനുള്ള സഹായം.

(ബി) തദ്ദേശ സ്വയംഭരണ വകുപ്പ്, കെ.എൽ.ഡി. ബോർഡ്, കെ.എസ്.പി.ഡി.സി., എം.പി.ഐ. എന്നിവയുടെ സഹകരണത്തോടെയാണ് പ്രസ്തുത പദ്ധതികൾ നടപ്പാക്കുന്നത്.

(സി) മുൻ സർക്കാർ നടപ്പാക്കിയതും തുടർന്നു പോകുന്നതുമായ പദ്ധതികൾ താഴെപ്പറയുന്നവയാണ്:

1. മൃഗാശുപത്രികളുടെ വികസനവും പുനഃസംഘടനയും മൃഗചികിത്സാ സേവനങ്ങൾ ശക്തിപ്പെടുത്തലും

2. ബയോളജിക്കൽ പ്രൊഡക്ഷൻ കോംപ്ലക്സ്
3. വാസസ്ഥലങ്ങളിൽ വീട്ടുപടിക്കൽ മൃഗചികിത്സാ സേവനം
4. രാഷ്ട്രീയ പശുധൻ വികാസ് യോജന
5. ഊർജ്ജിത കന്നുകാലി വികസനം-ബീജസങ്കലന സൗകര്യങ്ങൾ വർദ്ധിപ്പിക്കൽ
6. വകുപ്പിന്റെ കീഴിലുള്ള ഫാമുകളുടെ സംരക്ഷണവും ശക്തിപ്പെടുത്തലും
7. പ്രത്യേക കന്നുകാലി വികസന പദ്ധതി
8. ഗോവർദ്ധിനി
9. ബാക്യാർഡ് പൗൾട്രി ഡെവലപ്മെന്റ് പ്രോജക്ട്
10. വികസനവും പരിശീലനവും
11. മൃഗസംരക്ഷണ സ്ഥിതിവിവരണ കണക്കും സാമ്പിൾ സർവ്വേയും (50% കേന്ദ്രസഹായം)
12. കന്നുകാലി സെൻസസ് (100% കേന്ദ്രസഹായം)
13. വിവരസാങ്കേതികവിദ്യ മെച്ചപ്പെടുത്തലും ആധുനികവൽക്കരണവും
14. കേരള സംസ്ഥാന പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷന് സാമ്പത്തിക സഹായം
15. കേരള ഫീഡ്സിന് സാമ്പത്തിക സഹായം
16. കെ.എൽ.ഡി. ബോർഡിന് സാമ്പത്തിക സഹായം

**പുതിയ ഡെയറി സോണുകൾ**

104 (727) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ എത്ര ബ്ലോക്കുകളിൽ പുതുതായി ഡെയറി സോണുകൾ അനുവദിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) എറണാകുളം ജില്ലയിൽ ഏതെല്ലാം ബ്ലോക്കുകളിലാണ് ഡെയറി സോണുകൾ അനുവദിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) ഡെയറി സോണുകൾവഴി നല്കുന്ന ആനുകൂല്യങ്ങളുടെ വിശദാംശങ്ങൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) അനുവദിച്ചിട്ടില്ല. പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

(സി) ബാധകമല്ല.

**പാലിലെ മായം പരിശോധിക്കൽ**

105 (728) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി:</u>
<u>ശ്രീ. സി. കെ. നാണു:</u>
<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലിലെ മായം പരിശാധിക്കുന്നതിനും നടപടികൾ സ്വീകരിക്കുന്നതിനും ക്ഷീര വികസന വകുപ്പിന്റെയും ഭക്ഷ്യ സുരക്ഷാ കമ്മീഷണറേറ്റിന്റെയും ചുമതലകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; ഇതിനായി പ്രസ്തുത വകുപ്പുകൾ തമ്മിൽ എകോപിച്ച പ്രവർത്തിക്കാറുണ്ടോ ;

(ബി) ഏതെല്ലാം സ്വകാര്യ കമ്പനികളാണ് സംസ്ഥാനത്ത് പാൽ വിതരണം നടത്തുന്നത്; ഇവർ വിതരണം ചെയ്യുന്ന പാലിന്റെ ഗുണനിലവാരം പരിശാധിക്കാനുള്ള സംവിധാനങ്ങൾ എന്തെല്ലാമാണ്; മാസത്തിൽ എത്ര തവണ പരിശാധന നടത്താറുണ്ട്; മായം കലർത്തിയ കമ്പനികൾക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; അക്കാരണത്താൽ ഏതെല്ലാം കമ്പനികളെയാണ് നിരോധിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ ;

<u>ഉത്തരം</u>

(എ) ഫുഡ് സേഫ്റ്റി & സ്റ്റാൻഡേർഡ്സ് ആക്ട്, 2006, റൂൾ 2011, റെഗുലേഷൻസ് 2011 എന്നീ നിയമങ്ങൾ പ്രകാരം പാൽ ഉൾപ്പെടെയുള്ള ഭക്ഷ്യ വസ്തുക്കളിൽ അടങ്ങിയിട്ടുള്ള മായം കണ്ടെത്തുന്നതിനും നിയമപരമായ നടപടികൾ സ്വീകരിക്കുന്നതിനും ഭക്ഷ്യ സുരക്ഷാ വകുപ്പിന് കീഴിലുള്ള ഫുഡ് സേഫ്റ്റി ഓഫീസർമാർക്കും, ഡെസിഗ്നേറ്റഡ് ഓഫീസർമാർക്കും ഭക്ഷ്യ സുരക്ഷാ കമ്മീഷണർക്കും ചുമതലകൾ നിർവ്വചിച്ച് നൽകിയിട്ടുണ്ട്. ക്ഷീര വികസന വകുപ്പും ഭക്ഷ്യ സുരക്ഷാ കമ്മീഷണറേറ്റും ഏകോപിപ്പിച്ച് പ്രവർത്തിക്കാൻ നിയമപരമായി സാധ്യമല്ല.

ഓണക്കാലത്ത് മറ്റു സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരുന്ന പാലിന്റെ ഗുണനിലവാരം പരിശോധിക്കുന്നതിന് അതിർത്തി ചെക്ക്പോസ്റ്റുകളിൽ താൽക്കാലിക സംവിധാനം ഏർപ്പെടുത്തുന്ന സമയത്ത് മാത്രമാണ് ക്ഷീര വികസന വകുപ്പും ഭക്ഷ്യസുരക്ഷാ കമ്മീഷണറേറ്റും ഏകോപിപ്പിച്ചുള്ള പ്രവർത്തനം നടക്കുന്നത്.

(ബി) സംസ്ഥാനത്തിനകത്തും പുറത്തുമുള്ള ഏകദേശം 40-ഓളം സ്വകാര്യ കമ്പനികൾ കേരളത്തിൽ പാൽ വിപണനം നടത്തുന്നുണ്ട്. പാൽ പരിശോധന നടത്തുന്നതിന് 14 ജില്ലകളിലും ഗുണനിയന്ത്രണ ലാബുകളും കോട്ടയം, ആലത്തൂർ, കാസർഗോഡ് എന്നിവിടങ്ങളിൽ മൂന്ന് റീജിയണൽ ലാബുകളും തിരുവനന്തപുരത്ത് NABL (National Accreditation Board for Testing and Calibration Laboratories) അക്രഡിറ്റേഷനുള്ള അത്യാധുനിക സംവിധാനങ്ങളോടുകൂടിയ ഒരു ലാബും പ്രവർത്തിക്കുന്നുണ്ട്. സംസ്ഥാനത്ത് 14 ജില്ലകളിലും മാസംതോറും ശരാശരി 25 മിൽക്ക് സാമ്പിളുകൾ പരിശോധിക്കുന്നുണ്ട്. എന്നാൽ ഇതിന് യാതൊരുവിധ നിയമ സാധുതയുമില്ലാത്തതിനാൽ ക്ഷീരവികസന വകുപ്പിന് നടപടികൾ സ്വീകരിക്കാൻ കഴിയുന്നില്ല.

ക്ഷീരവികസന വകുപ്പിന് MMPO (Milk and Milk Products Order) അധികാരം ഉണ്ടായിരുന്ന 2000 മുതൽ 2006 വരെയുള്ള കാലയളവിൽ Sreebalaji, Tasteme, Palma, Graminpal, Anpur എന്നീ അഞ്ച് ഡെയറികളുടെ പാൽ വിപണനം സംസ്ഥാനത്ത് നിരോധിച്ചിട്ടുണ്ട്. പ്രധാനമായും കേരളത്തിൽ പാൽ വിപണനം നടത്തുന്ന സ്വകാര്യ കമ്പനികളുടെ പട്ടിക ചുവടെ ചേർക്കുന്നു:

<u>ക്ഷീരവികസന വകുപ്പ്</u>

മാതാ, ഹെറിറ്റേജ്, മലനാട്, നന്ദൻ പാൽ, അമ്പാടി, ഹൈടെക്, ഗോപിക, വാഗമൺ, നാൻജിൽ, കേരള, പശുദ, ന്യൂട്രിനോ, കബനി, ശക്തി, അമൃത, കാവിൻസ്, ന്യൂട്രാശബരി, സഹാന, തിരുമല, കൃഷ്ണ, വാന്നൂർ, കുംബംബേട്ട, കൗമ, പി.ഡി.ഡി.പി,. ഓംകൃഷ്ണ, മലബാർ, കെ.എസ്., എ-വൺ, ഓംഗോ, ജീവ, സുഗുണ എന്നിവയാണ്.

<u>ഭക്ഷ്യസുരക്ഷാ വകുപ്പ്</u>

അമ്പാടി, ക്ഷീര, ഐ.ഡി. മിൽക്ക്, പാപാസ്, മാതാ, നഞ്ചിൽ മിൽക്ക്,

ഹെറിറ്റേജ്, ജേഷ്മ, എ 1, ലയാ മിൽക്ക്, എ.എം.പി.എം. മിൽക്ക്, ഐശ്വര്യ ഡെയറി ഫാം, പൂരം ഡെയറി ഫാം, മലനാട് മിൽക്ക്, കാവിൻസ് മിൽക്ക്, വാഗമൺ മിൽക്ക്, ശക്തി, കുരിശുമല, ഹിമാ മിൽക്ക്, ഗോകുലം, നാച്ചുറാ ഡിലൈറ്റ്, ആരോമ, സുഗുണ, സഹാന, റിച്ച് മിൽക്ക്, പാലിക, പി.ഡി.ഡി.പി. ഹൈറേഞ്ച് മിൽക്ക്, അമൃത്, ഗോപിക, ജീവ മിൽക്ക്, മലബാർ മിൽക്ക്, കൗമാ മിൽക്ക്, എ.ബി.ടി. ഫുഡ്സ്, ജനത, നന്ദിനി എന്നീ സ്വകാര്യ കമ്പനികളും ഓംഗോ ഡെയറി, പാൽമാ ഡെയറി, വൈറ്റ് ഫീൽഡ് ഡെയറി, ഓംകൃഷ്ണ ഡെയറി, കെ.എസ്. ഡെയറി, ഗോപിക ഡെയറി, സാപിൻസ് ഡെയറി, റിമ ഡെയറി എന്നീ ഡെയറികളും സംസ്ഥാനത്ത് പാൽ വിതരണം നടത്തുന്നു. ഗുണനിലവാരം പരിശോധിക്കുന്നതിനായി ഭക്ഷ്യസുരക്ഷാ വകുപ്പിന് കീഴിലുള്ള ഭക്ഷ്യ സുരക്ഷാ ഉദ്യോഗസ്ഥർ സാമ്പിളുകൾ ശേഖരിച്ച് ലബോറട്ടറികളിൽ അയച്ച് പരിശോധിച്ചുവരുന്നു.

മാസത്തിൽ രണ്ട് തവണ ഭക്ഷ്യസുരക്ഷാ വകുപ്പിൽ വിവിധ സ്ക്വാഡുകൾ രൂപീകരിച്ച് പൊതുവായി ഭക്ഷ്യ വസ്തുക്കളുടെ സർവെയലൻസ് സാമ്പിളുകളും സ്റ്റാറ്റ്യൂട്ടറി സാമ്പിളുകളും എടുത്ത് പരിശോധനയ്ക്ക് അയയ്ക്കാറുണ്ട്. മായം ചേർത്ത് വിൽപ്പന നടത്തിയ കമ്പനികൾക്കെതിരെ ഭക്ഷ്യസുരക്ഷാ വകുപ്പ് നിയമ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. എന്നാൽ ഇതുവരെ സ്വകാര്യ പാൽ വിതരണ കമ്പനികളെ ഭക്ഷ്യസുരക്ഷാ വകുപ്പ് നിരോധിച്ചിട്ടില്ല.

**മിൽക്ക് ഷെഡ് വികസന പദ്ധതി**

106 (729) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'മിൽക്ക് ഷെഡ് വികസന പദ്ധതി' എന്ന പേരിൽ ഒരു പദ്ധതി ആരംഭിച്ചിട്ടുണ്ടോ; ടി പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(ബി) പ്രസ്തുത പദ്ധതിയിൻകീഴിൽ നാളിതുവരെയായി ക്ഷീര വികസന വകുപ്പ് എന്തെല്ലാം നേട്ടങ്ങൾ കൈവരിച്ചിട്ടുണ്ട്; വിശദമാക്കുമോ;

(സി) എന്തെല്ലാം പ്രവൃത്തികളാണ് ടി പദ്ധതിയിൽ ഉൾപ്പെടുത്തി ചെയ്തിട്ടുള്ളത്; ജില്ല തിരിച്ച് വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ആരംഭിച്ചിട്ടുണ്ട്. മിൽക്ക് ഷെഡ് വികസന പദ്ധതിയുടെ (എം.എസ്.ഡി.പി.) ഉദ്ദേശ്യലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:

- കൂടുതൽ കർഷകരെ ക്ഷീരോൽപ്പാദന മേഖല ഒരു തൊഴിലായി സ്വീകരിക്കുന്നതിന് പ്രോത്സാഹിപ്പിക്കുക.
- കാലി വളർത്തലിൽ ശാസ്ത്രീയ പരിചരണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിന് കർഷകരിൽ അവബോധം സൃഷ്ടിക്കുക.
- ക്ഷീരോൽപ്പാദനം ഒരു ഉപജീവനമാർഗ്ഗമായും സ്വയം തൊഴിൽ കണ്ടെത്തുന്നതിനും ഗ്രാമീണ മേഖലയിലെ യുവജനങ്ങളെയും വനിതകളെയും പ്രേരിപ്പിക്കുക.
- ക്ഷീരമേഖലയിൽ പ്രവർത്തിക്കുന്നവർക്ക് പ്രചോദനമായി ഇൻസെന്റീവ് നൽകുക.
- കൂടുതൽ കർഷകരെയും സംരംഭകരെയും സ്വയംസഹായ സംഘങ്ങളെയും ക്ഷീരമേഖലയിലേയ്ക്ക് കൊണ്ടുവരിക.
- ഉപജീവനത്തിന് വേണ്ടിയുള്ള ക്ഷീരോൽപ്പാദന പ്രവർത്തനങ്ങളിൽ നിന്നും സാങ്കേതിക സഹായത്തോടെ വാണിജ്യാടിസ്ഥാനത്തിലുള്ള ക്ഷീരോൽപ്പാദനത്തിലേയ്ക്ക് ക്ഷീരകർഷകരെ പ്രാപ്തരാക്കുക.
- ഉൽപ്പാദനക്ഷമതയുള്ള കന്നുകാലികളുടെ എണ്ണം വർദ്ധിപ്പിക്കുക.
- ഭാവിയിലേയ്ക്ക് മെച്ചപ്പെട്ട കന്നുകാലികളെ ഉറപ്പാക്കുന്നതിന് കിടാരി പരിപാലനം പ്രോത്സാഹിപ്പിക്കുക.
- ക്ഷീരോൽപ്പാദന മേഖലയുടെ ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും ആധുനികവൽക്കരണത്തിനുമായി സാമ്പത്തിക സഹായം നൽകുക. കന്നുകാലികളുടെ ആരോഗ്യ സംരക്ഷണത്തിനും ഉൽപ്പാദനക്ഷമതയ്ക്കും ഉതകുന്ന രീതിയിലുള്ള കന്നുകാലി ഷെഡ്ഡുകളുടെ നിർമ്മാണം.
- കറവയന്ത്രങ്ങൾക്കുള്ള ധനസഹായം.
- ആധുനിക സാങ്കേതികവിദ്യകൾ ക്ഷീര കർഷകർക്ക് പകർന്നു നൽകുന്നതിന് വനിതാ കന്നുകാലി ക്ഷേമ പ്രവർത്തകരെ നിയോഗിക്കുക.
- ഉപഭോക്താക്കൾക്ക് ഗുണമേന്മയും സുരക്ഷിതവുമായ പാൽ ഉറപ്പാക്കുക.

(ബി) 2005-06 മുതലാണ് എം.എസ്.ഡി.പി പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കി തുടങ്ങിയത്. നാളിതുവരെ ഈ പദ്ധതി പ്രകാരം 51075 കറവപ്പശുക്കളെ വിതരണം ചെയ്തിട്ടുണ്ട്. ഡെയറി യൂണിറ്റുകൾക്കുപുറമേ കറവയന്ത്രങ്ങൾ വാങ്ങുന്നതിനുള്ള ധനസഹായം, അവശ്യാധിഷ്ഠിത ധനസഹായം, കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിനുള്ള ധനസഹായം എന്നിവയും നൽകിയിട്ടുണ്ട്.

ഈ പദ്ധതി മുഖേന പാലുൽപ്പാദനത്തിൽ ഏകദേശം 4 ലക്ഷം ലിറ്ററിന്റെ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്. ക്ഷീരമേഖലയിലേയ്ക്ക് പുതിയ സംരംഭകരെയും യുവജനങ്ങളെയും കൊണ്ടുവരുന്നതിനും ഈ മേഖലയിൽ നിന്നുള്ള കർഷകരുടെ കൊഴിഞ്ഞുപോക്ക് തടയുന്നതിനും കഴിഞ്ഞിട്ടുണ്ട്. ക്ഷീരമേഖലയിൽ നിരവധി പേർക്ക് തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും പദ്ധതിയിലൂടെ സാദ്ധ്യമായിട്ടുണ്ട്.

(സി) താഴെപ്പറയുന്ന പദ്ധതികളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്:

| ക്രമ നമ്പർ | പദ്ധതി | സബ്സിഡി |
|---|---|---|
| 1 | ഗോദാനം (പശു യൂണിറ്റ്) | 32,000 |
| 2 | 2 പശു യൂണിറ്റ് | 64,000 |
| 3 | 5 പശു യൂണിറ്റ് | 1,75,000 |
| 4 | 10 പശു യൂണിറ്റ് | 3,50,000 |
| 5 | 5 കിടാരി യൂണിറ്റ് | 90,500 |
| 6 | 10 കിടാരി യൂണിറ്റ് | 1,81,200 |
| 7 | അവശ്യാധിഷ്ഠിത ധനസഹായം | 50,000 |
| 8 | കറവയന്ത്രം | 25,000 |
| 9 | തൊഴുത്ത് നിർമ്മാണം | 50,000 |

2016-17-ൽ മിൽക്ക് ഷെഡ് വികസന പദ്ധതി പ്രകാരം വിവിധ ജില്ലകൾക്ക് നൽകിയിട്ടുള്ള പദ്ധതികളെ സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി വച്ചിട്ടുണ്ട്.*

**ക്ഷീര കർഷകർ നേരിടുന്ന പ്രശ്നങ്ങൾ**

107 (730) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും ക്ഷീര വികസനവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ക്ഷീര കർഷകർക്ക് കന്നുകുട്ടികൾക്കുള്ള തീറ്റയും,

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

മിൽമ തീറ്റയും ലഭിക്കുന്നില്ല എന്ന പരാതി പരിഹരിക്കുന്നതിന് സ്വീകരിച്ചിരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ;

(ബി) കെ.എൽ.ഡി. ബോർഡ് വിതരണം ചെയ്യുന്ന സെമന്റെ ഗുണനിലവാരം പരിശോധിച്ചിട്ടുണ്ടോ; ഇതിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിക്കുമോ;

(സി) സംസ്ഥാനത്തെ മുഴുവൻ കന്നുകാലികൾക്കും സൗജന്യ നിരക്കിലുള്ള ഇൻഷ്വറൻസ് സംവിധാനം ഏർപ്പെടുത്തുന്നത് സംബന്ധിച്ച് സർക്കാർ നയം വ്യക്തമാക്കാമോ;

(ഡി) ക്ഷീര കർഷക പെൻഷൻ എത്രമാസത്തേത് കുടിശ്ശികയുണ്ട് ; ഇത് എന്ന് കൊടുത്തുതീർക്കും എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) മൃഗസംരക്ഷണ വകുപ്പ് നടപ്പാക്കുന്ന പ്രത്യേക കന്നുകുട്ടി പരിപാലന പരിപാടിയിലൂടെ സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകിവരുന്നു. ഈ വർഷം 2.5 ലക്ഷം കന്നുകുട്ടികൾക്ക് ഇപ്രകാരം തീറ്റ നൽകുന്നുണ്ട്. ഇതിന് 53.8 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

കാലിത്തീറ്റ ഫാക്ടറികളിലേയ്ക്കാവശ്യമായ മിക്ക അസംസ്കൃത വസ്തുക്കളും കേരളത്തിൽ ലഭ്യമല്ലാത്തതിനാൽ വടക്കെ ഇന്ത്യ ഉൾപ്പടെയുള്ള അന്യസംസ്ഥാനങ്ങളിൽ നിന്നുമാണ് വാങ്ങുന്നത്.

അസംസ്കൃത വസ്തുക്കളുടെ വില ക്രമാതീതമായി വർദ്ധിച്ചിരിക്കുന്ന സാഹചര്യത്തിലും കർഷകരുടെ ബുദ്ധിമുട്ട് പരിഗണിച്ചും പൊതുമേഖലയിലും സഹകരണമേഖലയിലുമുള്ള കാലിത്തീറ്റ ഫാക്ടറികൾ ഭീമമായ നഷ്ടം സഹിച്ചു കൊണ്ടാണ് ഇപ്പോൾ ക്ഷീരകർഷകർക്ക് കാലിത്തീറ്റ വിതരണം ചെയ്യുന്നത്. കൂടാതെ മിൽമയുടെ മേഖല യൂണിയനുകൾ അവരുടെ ലാഭ വിഹിതത്തിൽനിന്നും കർഷകർക്ക് കാലിത്തീറ്റ സബ്സിഡി നൽകിവരുന്നുണ്ട്. ഇതുകൂടാതെ മൃഗസംരക്ഷണ വകുപ്പിൽനിന്നും കന്നുകുട്ടി തീറ്റയ്ക്കുള്ള ഇൻഡന്റുകളും ക്ഷീര സഹകരണ സംഘങ്ങളിൽനിന്നും ലഭിക്കുന്ന ഇൻഡന്റുകളും സമയബന്ധിതമായി മിൽമ വിതരണം ചെയ്യുന്നു. മിൽമയുടെ കീഴിൽ 300 ടൺ പ്രതിദിന ഉൽപ്പാദന ശേഷിയുള്ള രണ്ട് കാലിത്തീറ്റ ഫാക്ടറികൾ ആലപ്പുഴ ജില്ലയിൽ പട്ടണക്കാടും പാലക്കാട് ജില്ലയിൽ മലമ്പുഴയിലും പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത കാലിത്തീറ്റ ഫാക്ടറികളിൽ ഉൽപ്പാദിപ്പിക്കുന്ന കാലിത്തീറ്റ വിപണിയിലെ ആവശ്യകത നിലനിർത്തുന്നതിനും തികയാതെവരുന്ന സാഹചര്യങ്ങൾ ഒഴിവാക്കുന്നതിനും വേണ്ടി പാട്ട വ്യവസ്ഥയിൽ കാലിത്തീറ്റ ഉൽപ്പാദനം ക്രമീകരിച്ചും വിതരണം ചെയ്തുവരുന്നു.

(ബി) കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് (കെ.എൽ.ഡി.) ബോർഡ് നിലവിൽ വിതരണം ചെയ്യുന്ന സെമെന്റെ നിരവധി ഗുണപരിശോധനകൾ നടത്തി, ഗുണനിലവാരം ഉറപ്പുവരുത്തിയതിനുശേഷമാണ് വിതരണം നടത്തുന്നത്. ഇതിന്റെ ഗുണനിലവാരം നിരന്തരം പരിശോധിക്കുന്നതാണ്. കൂടാതെ ജനിതകമേന്മയുള്ള വിത്തുകാളകളുടെ ബീജമാത്രകൾ യൂറോപ്യൻ രാജ്യങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്ത് വിതരണം നടത്തിവരുന്നുണ്ട്.

(സി) കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ കന്നുകാലി മിഷന്റെ കീഴിൽ "Risk Management and Insurance" എന്ന ഘടകത്തിൽ 104.28 ലക്ഷം രൂപ കേന്ദ്ര സർക്കാർ അനുവദിക്കുകയുണ്ടായി. സംസ്ഥാന വിഹിതമായ 69.52 ലക്ഷം രൂപകൂടി ലഭ്യമാക്കി മൊത്തം 173.8 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കർഷകർക്ക് നഷ്ടപരിഹാരം നൽകി കന്നുകാലികൾക്ക് സംരക്ഷണം നൽകുന്നതിനും അതുവഴി പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ലക്ഷ്യമിട്ടിട്ടുള്ള പദ്ധതിയാണിത്. 2017-18 ബജറ്റിൽ സംസ്ഥാനത്തെ മുഴുവൻ കന്നുകാലികൾക്കും സൗജന്യ നിരക്കിലുള്ള ഇൻഷ്വറൻസ് സംവിധാനം ഏർപ്പെടുത്തുന്നതിന് 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ഡി) ക്ഷീര കർഷകർക്ക് വിതരണം ചെയ്യുന്ന പെൻഷൻ കേരള ക്ഷീരകർഷക ക്ഷേമനിധി ബോർഡ് കുടിശ്ശികയില്ലാതെ നൽകിവരുന്നുണ്ട്.

**ക്ഷീരഗ്രാമം പദ്ധതി**

108 (731) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാൽ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി ആരംഭിച്ച ക്ഷീരഗ്രാമം പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ക്ഷീര കർഷകരുടെ ക്ഷേമത്തിനായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ) 2017-18 വർഷത്തിൽ സംസ്ഥാനത്തെ 5 ഗ്രാമപഞ്ചായത്തുകളിലാണ് ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതിയുടെ ഭാഗമായി ഒരു ഗ്രാമപഞ്ചായത്തിൽ ഒരു കോടി രൂപയുടെ സമഗ്ര ക്ഷീരവികസന പദ്ധതികളാണ് നടപ്പിലാക്കുന്നത്.

ഈ പദ്ധതിയിലൂടെ ഡെയറി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും കറവയന്ത്രം വാങ്ങുന്നതിനും കാലിത്തൊഴുത്ത് നിർമ്മിക്കുന്നതിനും ക്ഷീരകർഷകർക്ക് ആവശ്യാധിഷ്ഠിത സഹായത്തിനും ധനസഹായം നൽകുന്നു.

(ബി) ക്ഷീരകർഷക ക്ഷേമനിധി മുഖേന പെൻഷൻ, കുടുംബ പെൻഷൻ, വിവാഹ ധനസഹായം, ചികിത്സാ സഹായം, മരണാനന്തര സഹായം, വിദ്യാഭ്യാസ സ്കോളർഷിപ്പ് തുടങ്ങിവ നൽകി വരുന്നു. ക്ഷേമനിധി പെൻഷൻ 500 രൂപയിൽനിന്നും 1,100 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

ക്ഷീരകർഷകരെയും അവരുടെ ഉരുക്കളെയും ഉൾപ്പെടുത്തി ഒരു സമഗ്ര ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ക്ഷീരോൽപ്പാദനത്തിൽ സ്വയംപര്യാപ്തത**

109 (732) ശ്രീ. അനിൽ അക്കര:
ശ്രീ. എൽദോസ് കുന്നപ്പിള്ളി:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരോല്പാദനത്തിൽ സംസ്ഥാനത്തെ സ്വയം പര്യാപ്തമാക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;ഇതിനായി ഏതെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പാക്കിയതെന്ന് വിശദീകരിക്കുമോ;

(ബി) ക്ഷീര കർഷകർക്ക് ഇതിനായി എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ക്ഷീരോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും പാലുൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും ക്ഷീരവികസന വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. തീറ്റപ്പുൽക്കൃഷി വികസന പദ്ധതി, കാലിത്തീറ്റ സബ്സിഡി, മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതിയിലൂടെ കറവമാടുകളെ വാങ്ങുന്നതിനുള്ള ധനസഹായം, ക്ഷീരകർഷകർക്കുള്ള അവശ്യാധിഷ്ഠിത ധനസഹായം, പാൽ ഗുണനിലവാരം മെച്ചപ്പെടുത്തുന്നതിനുള്ള പദ്ധതി, കൂടാതെ ക്ഷീരകർഷക ക്ഷേമനിധിയിലൂടെ പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, വിവാഹ ധനസഹായം, മരണാനന്തര സഹായം, ചികിത്സാ സഹായം, ക്ഷീരകർഷകരുടെ മക്കൾക്കുള്ള വിദ്യാഭ്യാസ സ്കോളർഷിപ്പ് എന്നിവയും നൽകിവരുന്നു. കൂടാതെ

സംസ്ഥാനത്തെ 50 ബ്ലോക്കുകളെ ഡെയറി സോണായി തെരഞ്ഞെടുത്തും 5 ഗ്രാമപഞ്ചായത്തുകളെ ക്ഷീരഗ്രാമങ്ങളായി തെരഞ്ഞെടുത്തും സമഗ്ര ക്ഷീരവികസന പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പൂർത്തിയായിവരുന്നു.

മിൽമയുടെ കീഴിലുള്ള മേഖലാ യൂണിയനുകൾ ക്ഷീരോൽപ്പാദനം വർദ്ധിപ്പിക്കുന്നത് ലക്ഷ്യമാക്കിക്കൊണ്ട് സ്വന്തം ഫണ്ടുപയോഗിച്ചും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ സാമ്പത്തിക സഹായം ഉപയോഗിച്ചും വൈവിദ്ധ്യമാർന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി) ക്ഷീരകർഷകർക്ക് പ്രധാനമായും താഴെപ്പറയുന്ന സഹായങ്ങളാണ് നൽകിവരുന്നത്.

1. മിൽക്ക് ഷെഡ് വികസന പദ്ധതി പ്രകാരം ഡെയറി യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും ക്ഷീര കർഷകർക്ക് അവശ്യാധിഷ്ഠിത ധനസഹായവും കറവയന്ത്രം വാങ്ങുന്നതിനും തൊഴുത്ത് നിർമ്മിക്കുന്നതിന് ധനസഹായവും നൽകിവരുന്നു.
2. തീറ്റപ്പുൽ കൃഷി ചെയ്യുന്നതിന് കർഷകർക്ക് ഒരു ഹെക്ടറിന് 20,000 രൂപ വരെ ധനസഹായം നൽകുകയും കൂടാതെ തരിശു സ്ഥലങ്ങൾ കണ്ടെത്തി ക്ഷീര സഹകരണ സംഘങ്ങൾക്കും സ്വാശ്രയ ഗ്രൂപ്പുകൾക്കും പുൽക്കൃഷി ചെയ്യുന്നതിനും ധനസഹായം നൽകിവരുന്നു.
3. ക്ഷീരസംഘങ്ങളിൽ പാൽ അളക്കുന്ന ക്ഷീരകർഷകർക്ക് ഒരു ലിറ്റർ പാലിന് ഒരു രൂപ നിരക്കിൽ കാലിത്തീറ്റ സബ്സിഡി നൽകുന്ന പദ്ധതി നിലവിലുണ്ട്. കൂടാതെ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതി വിഹിതം വിനിയോഗിച്ച് ക്ഷീരകർഷകർക്ക് ഒരു ലിറ്റർ പാലിന് 3 രൂപവരെ ഇൻസെന്റീവ് നൽകുന്ന പദ്ധതിയും നടപ്പിലാക്കുന്നുണ്ട്.
4. ക്ഷീരകർഷകക്ഷേമനിധി മുഖാന്തരം പെൻഷൻ, കുടുംബ പെൻഷൻ, അവശതാ പെൻഷൻ, വിവാഹ ധനസഹായം, ചികിത്സാ ധനസഹായം, മരണാനന്തര ധനസഹായം, വിദ്യാഭ്യാസ സ്കോളർഷിപ്പ് ഉടങ്ങിയവ നൽകിവരുന്നു.
5. ക്ഷീരസംഘങ്ങളുടെ പ്രവർത്തനം കൂടുതൽ കാര്യക്ഷമവും സുതാര്യവുമാക്കുന്നതിനും ഓട്ടോമേഷനും ആധുനികവൽക്കരണവും നടത്തുന്നതിനും കർഷകർക്ക് മെച്ചപ്പെട്ട വില ലഭിക്കുന്നതിനും സഹായകരമായ പദ്ധതികളും നടപ്പിലാക്കിവരുന്നു.

## കടൽ മത്സ്യവിഭവ ശോഷണം

110 (733) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടൽ മത്സ്യവിഭവ ശോഷണം തടയുന്നതിനായി എന്തെല്ലാം കർമ്മപദ്ധതികളാണ് ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയിരിക്കുന്നത്; വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയിൽ ആരുടെയെല്ലാം സഹകരണം ഉറപ്പാക്കിയിട്ടുണ്ട്; വിശദമാക്കാമോ;

(സി) ഈ പദ്ധതി പ്രകാരം മത്സ്യ സമ്പത്ത് വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) കടൽ മത്സ്യവിഭവശോഷണം തടയുന്നതിനായി ഫിഷറീസ് വകുപ്പ് മുഖേന താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്:

1. തീരക്കടലിൽ കൃത്രിമ പാരുകൾ നിക്ഷേപിക്കൽ പദ്ധതി
2. അഴിമുഖങ്ങളിലും കായലുകളിലും മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കൽ പദ്ധതി
3. ചെറുമത്സ്യങ്ങളെ പിടിക്കുന്നത് മത്സ്യ സമ്പത്തിനെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ 14 ഇനം മത്സ്യങ്ങളുടെ ചെറു മത്സ്യങ്ങളെ പിടിക്കുന്നത് നിരോധിച്ചുകൊണ്ട് 24-7-2015-ലെ 40/15/മ.തു.വ. നമ്പരായി സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കൂടുതൽ ഇനം മത്സ്യങ്ങളെ ഈ പട്ടികയിൽ ഉൾപ്പെടുത്തുവാൻ നടപടി സ്വീകരിച്ചു വരുന്നു.
4. മൺസൂൺ കാലങ്ങളിൽ 47 ദിവസം ട്രോളിംഗ് നിരോധനം നടപ്പിലാക്കി വരുന്നു.
5. കടൽ മത്സ്യ വിഭവശോഷണം തടയുന്നതിന്റെ ഭാഗമായി അശാസ്ത്രീയ മത്സ്യബന്ധനം നടത്തുന്ന മത്സ്യബന്ധനയാന ഉടമകൾക്കെതിരെ കേരള മറൈൻ ഫിഷിംഗ് റഗുലേഷൻ ആക്ട് അനുസരിച്ച് നടപടികൾ സ്വീകരിച്ചു വരുന്നു.
6. തീരക്കടൽ കേജ് കൃഷി.

(ബി) കടൽ മത്സ്യവിഭവ ശോഷണം തടയുന്നതിനുള്ള പദ്ധതികൾ നടപ്പിലാക്കുന്നതിനായി ഫിഷറീസ് വകുപ്പിനുകീഴിൽ വരുന്ന വിവിധ ഏജൻസികൾ, മത്സ്യഫെഡ്, കേന്ദ്ര ഫിഷറീസ് ഏജൻസികൾ, മത്സ്യത്തൊഴിലാളി സംഘടനാ പ്രതിനിധികൾ, മത്സ്യത്തൊഴിലാളികൾ എന്നിവരുടെ സഹകരണം ഉറപ്പുവരുത്തിയിട്ടുണ്ട്.

(സി) കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന തിരുവനന്തപുരം ജില്ലയിൽ തുമ്പ, അടിമലത്തുറ, പുല്ലുവിള ഭാഗങ്ങളിൽ തീരക്കടലിൽ കൃത്രിമ പാരുകൾ നിക്ഷേപിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഫിഷറീസ് വകുപ്പുമുഖേന എല്ലാ മറൈൻ ജില്ലകളിലും അഴിമുഖങ്ങളിലും കായലുകളിലും മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതി (സീ റാഞ്ചിംഗ് പദ്ധതി) നടപ്പിലാക്കിവരുന്നു. അശാസ്ത്രീയ മത്സ്യബന്ധനം നടത്തുന്ന യാനം ഉടമകൾക്കെതിരെ കേരള മറൈൻ റഗുലേഷൻ ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി അത്തരം യാനങ്ങൾ ഇംപൗണ്ട് ചെയ്ത് പിഴ ചുമത്തുന്നത് ഉൾപ്പെടെയുള്ള നടപടികൾ കൈക്കൊള്ളുന്നതിനും മറൈൻ എൻഫോഴ്സ്മെന്റിന്റെ നേതൃത്വത്തിൽ ശക്തമായ കടൽ പട്രോളിംഗും നടത്തിവരുന്നു. കടലിൽ കേജ് കൃഷി നടപ്പിലാക്കുന്നതിനുള്ള ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു.

**തീരദേശ വികസന കോർപ്പറേഷൻ**

111 (734) ശ്രീ. എം. സ്വരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃപ്പൂണിത്തുറ നിയമസഭാ മണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കി എന്നും ഏതെല്ലാം പ്രവൃത്തികൾ ആരംഭിച്ചു എന്നും വിശദാംശസഹിതം അറിയിക്കുമോ;

(ബി) ഇനി ഏതെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി ലഭ്യമാക്കാനുണ്ട് എന്ന് അറിയിക്കുമോ;

(സി) ഇവയ്ക്ക് ഭരണാനുമതി ലഭ്യമാക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ;

(ഡി) എന്നത്തേയ്ക്ക് ഇവ ലഭ്യമാക്കുമെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന തൃപ്പൂണിത്തുറ നിയമസഭാ മണ്ഡലത്തിൽ പദ്ധതികളൊന്നും ഏറ്റെടുത്ത് നടപ്പിലാക്കിയിട്ടില്ല.

(ബി-ഡി) 2017-18 സാമ്പത്തിക വർഷത്തിൽ KIIFB-ൽ ഉൾപ്പെടുത്തി അംഗീകാരം നേടുന്നതിലേയ്ക്കായി തൃപ്പൂണിത്തുറ നിയമസഭാ മണ്ഡലത്തിലെ താഴെപ്പറയുന്ന പദ്ധതികൾ ഫിഷറീസ് ഡയറക്ടർ സമർപ്പിച്ചിരുന്നു.

1. കുണ്ടന്നൂർ ജൂനിയർ ബോയ്സ് സ്കൂൾ, പുതിയ കെട്ടിട നിർമ്മാണം - 175 ലക്ഷം രൂപ
2. പൂത്തോട്ട ആശുപത്രി കെട്ടിട നിർമ്മാണം - 114 ലക്ഷം രൂപ

ആയത് KIIFB-ൽ ഉൾപ്പെടുത്തി അംഗീകാരം ലഭിക്കുന്നതിലേയ്ക്കായി പുതുക്കി സമർപ്പിക്കാൻ ഫിഷറീസ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഗ്രീൻ കോറിഡോർ പദ്ധതി**

112 (735) ശ്രീ. വി. എസ്. ശിവകുമാർ:
ശ്രീ. കെ. മുരളീധരൻ:
ശ്രീ. വി. ഡി. സതീശൻ:
ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രീൻ കോറിഡോർ പദ്ധതി നടപ്പാക്കാൻ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഈ പദ്ധതി നടപ്പാക്കുന്നതിൽ കടലോര നിവാസികൾക്കുള്ള ആശങ്ക ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(സി) പദ്ധതി നടപ്പാക്കിയാൽ കടലോരത്ത് എത്ര കുടുംബങ്ങളെ കുടിയൊഴിപ്പിക്കേണ്ടി വരുമെന്നാണ് കണക്കാക്കിയിട്ടുള്ളത്;

(ഡി) വ്യാപകമായ പ്രതിഷേധങ്ങൾ കാരണം പദ്ധതി പുനഃപരിശോധിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ-ഡി) തീരദേശമേഖലയിലെ മത്സ്യബന്ധന തുറമുഖങ്ങളെയും മത്സ്യം കരയ്ക്കടുപ്പിക്കൽ കേന്ദ്രങ്ങളെയും ബന്ധിപ്പിച്ചുകൊണ്ട് ഗ്രീൻ കോറിഡോർ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രീ-ഫീസിബിലിറ്റി റിപ്പോർട്ട് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തയ്യാറാക്കിയിരുന്നു. എന്നാൽ തീരദേശ ഹൈവേ പി.ഡബ്ല്യൂ.ഡി. മുഖേന നടപ്പാക്കുമെന്നാണ് ഇപ്പോൾ തീരുമാനിച്ചിട്ടുള്ളത്. വിശദമായ പഠനത്തിന് ശേഷമേ സർക്കാർ ഇക്കാര്യത്തിൽ അന്തിമ തീരുമാനമെടുക്കുകയുള്ളൂ.

**ഹൈടെക്ക് ഫിഷ് മാർക്കറ്റുകൾ**

113 (736) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എവിടെയെല്ലാം ദേശീയ മത്സ്യബന്ധന വികസന ബോർഡ് (എൻ.എഫ്.ഡി.ബി.)-ന്റെ ധനസഹായത്തോടെ ഹൈടെക്ക് ഫിഷ് മാർക്കറ്റുകൾ ആരംഭിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നു;

(ബി) ഇതിന്റെ പ്രാരംഭ നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണ്; എന്ന് ഇവ നടപ്പിൽ വരുത്താനാകുമെന്നാണ് കരുതുന്നത്; വിശദവിവരം ലഭ്യമാക്കുമോ?

ഉത്തരം

(എ) 2016-17 സാമ്പത്തിക വർഷത്തിൽ കൊല്ലം ജില്ലയിലെ കൊറ്റംകര ഗ്രാമപഞ്ചായത്തിൽ കരിക്കോട് ആധുനിക മത്സ്യമാർക്കറ്റ് സ്ഥാപിക്കുന്നതിനായി 356 ലക്ഷം രൂപയുടെ അംഗീകാരം നൽകി. കൂടാതെ കൊല്ലം ജില്ലയിലെ മയ്യനാട്, കുളക്കട, കൊട്ടിയം, പത്തനംതിട്ട ജില്ലയിലെ അടൂർ, കുമ്പഴ, ആലപ്പുഴ ജില്ലയിലെ പൂച്ചാക്കൽ, എറണാകുളം ജില്ലയിലെ നായരമ്പലം എന്നിവിടങ്ങളിൽ കേരള സംസ്ഥാന തീരദേശ വികസന കോർപ്പറേഷൻ മുഖേന ദേശീയ മത്സ്യവികസന ബോർഡിന്റെ അംഗീകാരത്തോടെ ആധുനിക മത്സ്യമാർക്കറ്റുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നു.

(ബി) കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും അംഗീകാരം ലഭിച്ച കരിക്കോട് ആധുനിക മത്സ്യമാർക്കറ്റ് നിർമ്മാണത്തിന്റെ പ്രാരംഭ നടപടികൾ പൂർത്തീകരിച്ചുവരുന്നു. മറ്റ് 7 മാർക്കറ്റുകൾക്ക് NFDB-യുടെ അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

**ഹരിതതീരം പദ്ധതി**

114 (T737) ശ്രീ. സി. മമ്മൂട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതൊക്കെ കടൽ തീരങ്ങളാണ് ഹരിത തീരം പദ്ധതിയിൽപ്പെടുത്തിയിരിക്കുന്നത്;

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) ഈ പദ്ധതി പ്രകാരം എന്തൊക്ക കാര്യങ്ങളാണ് ഓരോ കടൽതീരത്തും നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്; ഇതിന്റെ ഭാഗമായി എവിടെയെല്ലാം, എന്തെല്ലാം കാര്യങ്ങൾ നടപ്പിലാക്കി; വിശദവിവരം നൽകുമോ;

(സി) മത്സ്യത്തൊഴിലാളികൾക്ക് എന്തൊക്കെ നേട്ടങ്ങളാണ് ഇതുകൊണ്ട് ഉണ്ടാകുക ; വിശദവിവരം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്തെ കടൽത്തീരങ്ങളിലെ ജൈവവൈവിധ്യം സംരക്ഷിക്കുന്നതിനും തീരസംരക്ഷണം ഉറപ്പാക്കുന്നതിനും കടലാക്രമണത്തിന്റെ തീവ്രത കുറച്ച് തീരദേശവാസികളുടെ ഭൂമിയും സ്വത്തും സംരക്ഷിക്കുന്നതിനുമായി അനുയോജ്യമായ പ്രദേശങ്ങളിൽ വൃക്ഷങ്ങൾ വച്ചുപിടിപ്പിച്ച് ഒരു 'ബയോ ഷീൽഡ്' ഒരുക്കുന്നതിനാണ് പദ്ധതി ലക്ഷ്യമിടുന്നത്. ഈ പദ്ധതിക്ക് അനുയോജ്യമായ പ്രദേശങ്ങൾ കണ്ടെത്തുന്ന പ്രാഥമിക പ്രവർത്തനങ്ങൾ മാത്രമാണ് ആരംഭിച്ചിട്ടുള്ളത്.

(ബി) ഗ്രീൻ ക്ലൈമറ്റ് ഫണ്ട് പ്രയോജനപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കുന്നതിനുദ്ദേശിക്കുന്നത്. പദ്ധതിയുടെ 'കൺസപ്റ്റ് നോട്ട് ' തയ്യാറാക്കി പരിസ്ഥിതി വകുപ്പിന് സമർപ്പിച്ചിട്ടുണ്ട്. ടി പദ്ധതിക്ക് അംഗീകാരം കിട്ടുന്ന മുറയ്ക്ക് വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കുന്നതാണ്. ഡി.പി.ആർ. തയ്യാറാക്കുമ്പോൾ മാത്രമാണ് ഓരോ തീരത്തും നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ അന്തിമമായി തീരുമാനിക്കുന്നത്.

(സി) വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയ ശേഷം മാത്രമേ ഓരോ പ്രദേശത്തെയും മത്സ്യത്തൊഴിലാളികൾക്ക് ഉണ്ടാകുന്ന ഭൗതിക നേട്ടങ്ങൾ വ്യക്തമാകുകയുള്ളൂ. എന്നിരുന്നാലും തീരത്തുനിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ സുരക്ഷിത സ്ഥാനങ്ങളിലേയ്ക്ക് പുനരധിവസിപ്പിക്കുന്നതിനും തീരദേശത്ത് 'ബയോ ഷീൽഡ്' ഒരുക്കുന്നതിനും മത്സ്യത്തൊഴിലാളികൾക്ക് ജീവനോപാധി പദ്ധതികൾ നടപ്പാക്കുന്നതിനും ഉദ്ദേശിക്കുന്നു. ഈ പദ്ധതികൾ നടപ്പാക്കുന്നതിലൂടെ മത്സ്യത്തൊഴിലാളികളെ സാമൂഹികമായും സാമ്പത്തികമായും ഉയർത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ബയോ ഷീൽഡ് തയ്യാറാക്കുന്നതിലൂടെ ആഗോളതാപനം കുറയ്ക്കുന്നതിനും കടലിൽനിന്നും കരയിലേയ്ക്കുള്ള ഉപ്പ് കാറ്റിന്റെ ഭാഗമായി ഉണ്ടാകുന്ന നാശനഷ്ടം ഒരുപരിധിവരെ തടയുന്നതിനും കഴിയും.

## മത്സ്യബന്ധന ഹാച്ചറികൾ

115 (738) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ മത്സ്യബന്ധനവുമായി ബന്ധപ്പെട്ട് എത്ര ഹാച്ചറികൾ പ്രവർത്തിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇവിടത്തെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ?

ഉത്തരം

(എ) കോതമംഗലം മണ്ഡലത്തിൽ മത്സ്യമേഖലയുമായി ബന്ധപ്പെട്ട് ഒരു ഹാച്ചറി പ്രവർത്തിക്കുന്നുണ്ട്.

(ബി) ഭൂതത്താൻകെട്ട് മൾട്ടി സ്പീഷീസ് ഇക്കോ ഹാച്ചറിയുടെ ഒന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് മത്സ്യവിത്തുൽപ്പാദനവും വിപണനവും നടത്തിവരുന്നു. രണ്ടാം ഘട്ട പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

## അക്ഷരസാഗരം

116 (739) ശ്രീ. പുരുഷൻ കടലുണ്ടി:
ശ്രീ. കെ. ആൻസലൻ:
ശ്രീ. വി. അബ്ദുറഹിമാൻ:
ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് തീരപ്രദേശങ്ങളിലെ സാക്ഷരത ലക്ഷ്യമാക്കി അക്ഷരസാഗരം പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(ബി) തീരദേശത്ത് സാക്ഷരത ഏറ്റവും കുറവുള്ള ഏതൊക്കെ ജില്ലകളിലാണ് ഈ പദ്ധതി നടപ്പിലാക്കിയിട്ടുള്ളത്;

(സി) ഏത് ഏജൻസിയാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിയിൽ തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ സഹകരണവും ജനകീയ പങ്കാളിത്തവും ഉറപ്പുവരുത്താൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 2016-17 വർഷത്തിൽ തിരുവനന്തപുരം, മലപ്പുറം, കാസർഗോഡ് എന്നീ ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കിയത്. 2017-18 വർഷത്തിൽ കൊല്ലം, എറണാകുളം, കോഴിക്കോട് എന്നീ ജില്ലകളിൽ നടപ്പാക്കുന്നതിന് അംഗീകാരം നൽകിയിട്ടുണ്ട്.

(സി) കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്.

(ഡി) പ്രസ്തുത പദ്ധതി തദ്ദേശഭരണ സ്ഥാപനങ്ങൾ, ഫിഷറീസ് വകുപ്പ്, മത്സ്യമേഖലയിലെ സംഘടനകൾ, മത്സ്യത്തൊഴിലാളി സംഘടനകൾ എന്നിവരുടെ സഹകരണത്തോടെയാണ് നടപ്പിലാക്കി വരുന്നത്.

**ഉൾനാടൻ മത്സ്യത്തൊഴിലാളി ക്ഷേമ പദ്ധതികൾ**

117 (740) ശ്രീ. എം. സ്വരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉൾനാടൻ മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി വരുന്നു എന്ന് അറിയിക്കുമോ;

(ബി) ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് കൂടുതൽ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ-സി) മത്സ്യത്തൊഴിലാളികളെ കടലോരം, ഉൾനാടൻ എന്നിങ്ങനെ വേർതിരിച്ചല്ല പദ്ധതി നടപ്പിലാക്കുന്നത്. മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനായി ഫിഷറീസ് വകുപ്പ് നേരിട്ടും വകുപ്പിന്റെ കീഴിലുള്ള ഏജൻസികൾ മുഖേനയും താഴെ പറയുന്ന പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നത്.

1. ഭവനരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് ഭവന പദ്ധതി
2. ഭവന പുനരുദ്ധാരണ പദ്ധതി
3. ആരോഗ്യകരമായ ശൗചാലയ നിർമ്മാണ പദ്ധതി
4. മത്സ്യത്തൊഴിലാളി കോളനി പുനരുദ്ധാരണം
5. മത്സ്യത്തൊഴിലാളികൾ മത്സ്യഫെഡിൽനിന്നും എടുക്കുന്ന വായ്പകൾക്ക് പലിശ ഒഴിവാക്കി നൽകുന്ന പദ്ധതി
6. മത്സ്യത്തൊഴിലാളി വനിതകൾക്ക് പലിശരഹിത വായ്പ
7. മത്സ്യത്തൊഴിലാളി ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി
8. മത്സ്യത്തൊഴിലാളി പെൻഷൻ
9. പഞ്ഞമാസ ആനുകൂല്യമായ സമ്പാദ്യ സമാശ്വാസ പദ്ധതി

മത്സ്യബോർഡ് വഴി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കുന്നു.

1. ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി
2. ആം ആദ്മി ബീമ യോജന പദ്ധതി
3. എസ്.എസ്.എൽ.സി. ക്യാഷ് അവാർഡ്
4. ഉന്നത വിദ്യാഭ്യാസ പ്രോത്സാഹനം
5. കായിക വിനോദ മത്സരത്തിൽ പ്രശസ്ത വിജയം നേടുന്നവർക്ക് പാരിതോഷികം
6. തണൽ മത്സ്യത്തൊഴിലാളി ആശ്വാസ പദ്ധതി

സാഫ് മുഖേന ഉൾനാടൻ മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ സ്ത്രീകൾ ഉൾപ്പെടുന്ന ഗ്രൂപ്പുകൾക്ക് തീരമൈത്രി പദ്ധതിവഴി ലഘു സംരംഭങ്ങൾ ആരംഭിക്കുന്നതിനും അവയുടെ സുസ്ഥിരമായ പ്രവർത്തനം ഉറപ്പ് വരുത്തുന്നതിനും സഹായം നൽകുന്നു.

**ഉൾനാടൻ മത്സ്യോൽപ്പാദനം**

118 (741) <u>ശ്രീമതി പി. അയിഷാ പോറ്റി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉൾനാടൻ മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) മത്സ്യോൽപ്പാദനം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് ഏതെല്ലാം പുതിയ സ്ഥാപനങ്ങൾ ആരംഭിക്കും; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) ഫിഷറീസ് വകുപ്പ് മുഖേന 2016-17 സാമ്പത്തിക വർഷം 50% കേന്ദ്രാവിഷ്കൃത പദ്ധതിയായ ബ്ലൂറെവലൂഷൻ പദ്ധതിപ്രകാരം മത്സ്യ കൃഷിക്കായി പുതിയ കുളങ്ങൾ നിർമ്മിക്കുന്നതിനും നിലവിലുള്ള കുളങ്ങൾ പുനഃരുദ്ധരിക്കുന്നതിനും ഓരുജലാശയങ്ങളിലെ കൂടുകൃഷി, മത്സ്യകർഷകർക്കുള്ള പരിശീലനം എന്നീ പദ്ധതികൾക്കുമായി 1002.6 ലക്ഷം രൂപയുടെ കേന്ദ്രാനുമതി ലഭിച്ചിരുന്നു. ഇതിൽ 510.1 ലക്ഷം രൂപ കേന്ദ്ര വിഹിതമാണ്. ഇതുകൂടാതെ പൊതുജലാശയങ്ങളിൽ മത്സ്യ/കൊഞ്ച് വിത്ത് നിക്ഷേപിക്കുന്ന ഓപ്പൺ വാട്ടർ റാഞ്ചിംഗ് പദ്ധതി പ്രകാരം 2016-17 സാമ്പത്തിക വർഷം 102.35 ലക്ഷം രൂപയും ചെലവഴിച്ചിട്ടുണ്ട്.

കൂടാതെ സംസ്ഥാനത്തെ ഉൾനാടൻ മത്സ്യലഭ്യത വർദ്ധിപ്പിക്കുന്നതിനും നൂതന മത്സ്യകൃഷി രീതി വ്യാപിപ്പിക്കുന്നതിനുമായി നൂതന മത്സ്യകൃഷിയുടെ പ്രദർശന കുളങ്ങൾക്കായി 2016-17 സാമ്പത്തിക വർഷം 550 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുകയും ആയതിന്റെ പ്രവർത്തനങ്ങൾ ഫിഷറീസ് ഡയറക്ടർ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഓരുജല മത്സ്യങ്ങളുടെ സമ്മിശ്ര മത്സ്യകൃഷി, ഓരുജല മത്സ്യങ്ങളുടെ കൂടുകൃഷി, റിസർവ്വോയറുകളിലെ കൂടുകൃഷി, SPF (Specific Pathogen Free) കാരചെമ്മീൻ കൃഷി, ആറ്റുകൊഞ്ചുകൃഷി, റീസർക്കുലേറ്ററി അക്വാകൾച്ചർ സിസ്റ്റം, സമുദ്രങ്ങളിലെ ചിപ്പി, കല്ലുമ്മേക്കായ് കൃഷി, ഗിഫ്റ്റ് (Genetically Improved Farmed Tilapia Culture) കൃഷി, നാരൻ ചെമ്മീൻ കൃഷി, അന്തരീക്ഷവായു ശ്വസിക്കുന്ന മത്സ്യങ്ങളുടെ കൃഷി എന്നീ ഘടകങ്ങളാണ് ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയത്തിന് കീഴിൽ നാഷണൽ അഡാപ്റ്റേഷൻ ഫണ്ട് ഫോർ ക്ലൈമറ്റ് ചെയ്ഞ്ച് പദ്ധതിയിൽ ഉൾപ്പെടുത്തി ഏജൻസി ഫോർ ഡെവലപ്മെന്റ് ഓഫ് അക്വാകൾച്ചർ കേരള (ADAK) വഴി നബാർഡിന്റെ സഹായത്തോടെ കൈപ്പാട്-പൊക്കാളി നിലങ്ങളിലെ സംയോജിത മത്സ്യ-നെൽകൃഷി എന്ന പദ്ധതി (2015-19) ആലപ്പുഴ (100 ഹെക്ടർ), എറണാകുളം (100 ഹെക്ടർ), തൃശ്ശൂർ (100 ഹെക്ടർ), കണ്ണൂർ (300 ഹെക്ടർ) ജില്ലകളിലായി നടപ്പിലാക്കി വരുന്നു.

ഉൾനാടൻ മത്സ്യകൃഷി വികസനത്തിനായി 2017-18 സാമ്പത്തിക വർഷത്തിൽ വിവിധ പദ്ധതികൾക്കുള്ള അംഗീകാരം നൽകിയിട്ടുണ്ട്. അതിൽ ഉൾനാടൻ മത്സ്യസമ്പത്ത് സംരക്ഷണത്തിനും നടത്തിപ്പിനുമായി 350 ലക്ഷം രൂപയുടെ പദ്ധതികളും മത്സ്യോൽപ്പാദന കേന്ദ്രങ്ങളും ഹാച്ചറികളും സ്ഥാപിക്കുന്നതിനായി 900 ലക്ഷം രൂപയുടെ പദ്ധതികളും നിലവിലുള്ള ഫാമുകളുടെയും ഹാച്ചറികളുടെയും വികസനങ്ങൾക്കും പ്രവർത്തനങ്ങൾക്കുമായി 800 ലക്ഷം രൂപയുടെ പദ്ധതികളും അക്വാകൾച്ചർ വികസന പ്രവർത്തനങ്ങൾക്കായി 2838 ലക്ഷം രൂപയുടെ പദ്ധതികൾക്കുമുള്ള അംഗീകാരവും നൽകിയിട്ടുണ്ട്.

(ബി) 2017-18 വർഷത്തിൽ ഓടയത്ത് ഒരു ഓരുജല മത്സ്യഹാച്ചറി സ്ഥാപിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

**മത്സ്യത്തൊഴിലാളികൾക്ക് വീട്**

119 (742) <u>ശ്രീ. വി. ഡി. സതീശൻ:</u>
<u>ശ്രീ. എം. വിൻസെന്റ്:</u>
<u>ശ്രീ. ഹൈബി ഈഡൻ:</u>
<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭവനരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് വീട് വച്ച് നൽകാൻ എന്തെല്ലാം പദ്ധതികൾ ഈ സർക്കാർ ആവിഷ്കരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കുമോ;

(ബി) കടലോരത്ത് നിശ്ചിത പരിധിക്കുള്ളിൽ വസിക്കുന്നവരെ പുനരധിവസിപ്പിക്കാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; വിശദമാക്കുമോ;

(സി) പുനരധിവസിപ്പിക്കേണ്ടവരുടെ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; ഇവർക്കുവേണ്ടി പ്രത്യേക പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്തെ ഭവനരഹിതരായ മത്സ്യത്തൊഴിലാളികൾക്ക് വീട് വച്ച് നൽകാൻ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം അനുബന്ധമായി* ചേർത്തിരിക്കുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) കടലോരത്ത് 50 മീറ്ററിനുള്ളിൽ വസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനായി ഒരു ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിനായി മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും എന്നതിൽപ്പെടുത്തി 2017-18 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കുന്ന ഭവന പദ്ധതിയിൽ 700 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ മേൽ പദ്ധതിയിൽ ഉൾപ്പെടുത്തി 750 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നിതിനുള്ള ധനസഹായത്തിനായി 7500 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. ഇതിൽ തീരദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെയാണ് പരിഗണിക്കുന്നത്.

(സി) ഫിഷറീസ് വകുപ്പ് 2016-17-ൽ നടത്തിയ പ്രാഥമിക കണക്കെടുപ്പ് പ്രകാരം തീരദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്ന ഏകദേശം 24454 കുടുംബങ്ങളുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ട്.

തീരപ്രദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ കണ്ടെത്തുന്നതിനായി തിരുവനന്തപുരം, കാസർഗോഡ് ജില്ലകളിൽ സർവ്വേ നടത്തിയിട്ടുണ്ട്. ടി സർവ്വേ റിപ്പോർട്ട് പ്രകാരം തിരുവനന്തപുരം ജില്ലയിൽ 3339 കുടുംബങ്ങളും കാസർഗോഡ് ജില്ലയിൽ 1102 കുടുംബങ്ങളുമുണ്ടെന്ന് കണക്കാക്കിയിട്ടുണ്ട്. ബാക്കിയുള്ള ഏഴ് തീരദേശ ജില്ലകളിലും സർവ്വേ നടത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

**ഡോ. മീനാകുമാരി കമ്മീഷൻ റിപ്പോർട്ട്**

120 (743) <u>ശ്രീ. പി. കെ. ശശി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ അധികാരക്കാലയളവിൽ മത്സ്യത്തൊഴിലാളികളെ (മത്സ്യമേഖല മുഴവനുമായി) സംരക്ഷിക്കുന്നതിനും സംരക്ഷണം ഉറപ്പുവരുത്തുന്നതിനും എന്ത് നടപടികൾ സ്വീകരിച്ചു;എത്ര തുക ഇതിനായി 5 വർഷ കാലയളവിൽ ഉപയോഗിച്ചുവെന്നും ജില്ല തിരിച്ച് വിശദാംശം വ്യക്തമാക്കുമോ;

(ബി) മത്സ്യത്തൊഴിലാളി മേഖലയിൽ "മീനാകുമാരി കമ്മീഷൻ റിപ്പോർട്ട് " മുൻ സർക്കാർ അംഗീകരിച്ചതുമൂലം മത്സ്യത്തൊഴിലാളികൾ അനുഭവിക്കുന്ന പ്രശ്നങ്ങൾ പ്രസ്തുത സർക്കാർ പരിശോധിച്ചിരുന്നുവോ;

(സി) ഇല്ലെങ്കിൽ ഈ സർക്കാർ അത് പരിശോധിക്കാനും സംസ്ഥാന മത്സ്യ മേഖലാ തൊഴിലാളികൾക്ക് ഗുണകരമായ പ്രവൃത്തികൾ കൈക്കൊള്ളാനും ഫലപ്രദമല്ലാത്ത മീനാകുമാരി കമ്മീഷൻ റിപ്പോർട്ട് തള്ളാനും കടൽ സമ്പത്ത് സംസ്ഥാനത്ത് ലഭ്യമാക്കാനും എന്ത് നടപടി സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) മുൻ സർക്കാരിന്റെ അധികാര കാലയളവിൽ മത്സ്യത്തൊഴിലാളികളെ (മത്സ്യ മേഖല മുഴുവനായി) സംരക്ഷിക്കുന്നതിനും സംരക്ഷണം ഉറപ്പ് വരുത്തുന്നതിനും നടപ്പാക്കിയ വിവിധ പദ്ധതികളും ആയതിന് 5 വർഷക്കാലയളവിൽ ഉപയോഗിച്ച തുക സംബന്ധിച്ച് ജില്ല തിരിച്ചുള്ള വിശദാംശവും അനുബന്ധമായി* ചേർക്കുന്നു.

(ബി) ഡോ. മീനാകുമാരി കമ്മീഷൻ റിപ്പോർട്ട് കേരളത്തിലെ മത്സ്യത്തൊഴിലാളികളെ ദോഷകരമായി ബാധിക്കുന്നതിനാൽ പ്രസ്തുത റിപ്പോർട്ടിലെ ശിപാർശകൾ തള്ളിക്കളയണമെന്ന് മുൻ സർക്കാർ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ഡോ. മീനാകുമാരി കമ്മീഷൻ റിപ്പോർട്ട് കേന്ദ്ര സർക്കാർ അംഗീകരിച്ചതായി അറിവില്ല. ഡോ. മീനാകുമാരി കമ്മീഷൻ റിപ്പോർട്ടിനെതിരായി ഉയർന്ന തൊഴിലാളികളുടെയും സംസ്ഥാന സർക്കാരുകളുടെയും പ്രതിഷേധത്തെ തുടർന്ന് ഡോ. എസ്. അയ്യപ്പൻ കമ്മിറ്റിയെ നിയോഗിക്കുകയും പുതിയ സമുദ്ര മത്സ്യബന്ധന നയം രൂപീകരിക്കുന്നതിനു ടി കമ്മിറ്റി തയ്യാറാക്കിയ ശിപാർശകളുടെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ പുതിയ മറൈൻ ഫിഷിംഗ് പോളിസി ആവിഷ്കരിച്ചതായും അറിയുന്നു. സംസ്ഥാന സർക്കാർ ഡോ. എസ്. അയ്യപ്പൻ കമ്മിറ്റിയുടെ കരട് റിപ്പോർട്ടിന്മേൽ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ താൽപ്പര്യം മുൻനിർത്തിയുള്ള അഭിപ്രായം മുൻപ് അറിയിച്ചിട്ടുമുണ്ട്.

**ഫിഷർമെൻ കോളനികൾ**

121 (744) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫിഷർമെൻ കോളനികളുടെ നവീകരണത്തിന് ഫിഷറീസ് വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ എന്തെല്ലാമാണ്;

(ബി) ഭവന നിർമ്മാണത്തിനും പുനരുദ്ധാരണത്തിനും നിലവിലുള്ള തുക വർദ്ധിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) വാടാനപ്പള്ളി ഫിഷർമെൻ കോളനിയിലെ ജീർണ്ണാവസ്ഥയിലുള്ള വീടുകൾ പുനർനിർമ്മിക്കുന്നതിന് നടപടി കൈക്കൊള്ളുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) ഫിഷർമെൻ കോളനികളുടെ നവീകരണത്തിനായി ഫിഷറീസ് വകുപ്പ് 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് സഹായത്തോടെയും മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യ വികസനവും മാനവശേഷി വികസനവും (2016-17) എന്ന പദ്ധതിയിൽ ഉൾപ്പെടത്തി ഫിഷർമെൻ കോളനികളിലെ അടിസ്ഥാന സൗകര്യ വികസന പദ്ധതികളും ഭവന നിർമ്മാണം, ഭവന നവീകരണം എന്നിവയ്ക്കുള്ള ധനസഹായ പദ്ധതികളും നടപ്പിലാക്കിവരുന്നു.

(ബി) 2016-17 സാമ്പത്തിക വർഷത്തിൽ ഭവന നിർമ്മാണത്തിന് 2 ലക്ഷം രൂപ വീതവും ഭവന പുനരുദ്ധാരണത്തിന് 50,000 രൂപ വീതവുമാണ് ധനസഹായമായി അനുവദിച്ചത്. എന്നാൽ 2017-18 സാമ്പത്തിക വർഷത്തിൽ ഭവന നിർമ്മാണനത്തിന് 3.50 ലക്ഷം രൂപ വീതം ധനസഹായം നൽകുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്.

(സി) 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് മുഖേന ഫിഷർമെൻ കോളനി നവീകരണ പദ്ധതിയിലുൾപ്പെടുത്തി ഭവന നിർമ്മാണം, ഭവന നവീകരണം എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിന് വാടാനപ്പള്ളി ഫിഷർമെൻ കോളനിയെ തെരഞ്ഞെടുത്തിരുന്നു. ഭവന നിർമ്മാണ ധനസഹായത്തിന് അപേക്ഷ ക്ഷണിച്ചിരുന്നുവെങ്കിലും ഭവന നിർമ്മാണ ധനസഹായം 4 ലക്ഷം രൂപയാക്കി ഉയർത്തണമെന്ന ആവശ്യം ഉന്നയിച്ച് കോളനി നിവാസികൾ അപേക്ഷ സമർപ്പിക്കുകയുണ്ടായില്ല. 2017-18 സാമ്പത്തിക വർഷത്തിൽ ഫിഷർമെൻ കോളനി നവീകരണ പദ്ധതി ഭരണാനുമതിയിൽ ഉൾപ്പെട്ടിട്ടില്ല.

**മത്സ്യവിത്ത് ഉൽപ്പാദനം**

122 (745) <u>ശ്രീ. എ. എൻ. ഷംസീർ:</u>
<u>ശ്രീ. എ. പ്രദീപ്കുമാർ:</u>
<u>ശ്രീ. ജോൺ ഫെർണാണ്ടസ്:</u>
<u>ശ്രീ. എം. നൗഷാദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മത്സ്യവിത്ത് ഉൽപ്പാദനം പരിമിതമായി മാത്രം നടക്കുന്നതിനാൽ മത്സ്യകൃഷിയെ അത് സാരമായി ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള ഹാച്ചറികളുടെ പ്രവർത്തന പുരോഗതി അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ;

(സി) മത്സ്യത്തൊഴിലാളികളുടെ പങ്കാളിത്തത്തോടെ സർക്കാർ-സർക്കാരിതര മത്സ്യവിത്ത് ഉത്പാദന കേന്ദ്രങ്ങളും നഴ്സറികളും സ്ഥാപിക്കുകവഴി മത്സ്യവിത്ത് ക്ഷാമം പരിഹരിക്കാൻ കഴിയുമെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഫിഷറീസ് വകുപ്പിന്റെ കീഴിലുള്ള ഹാച്ചറികളുടെ പ്രവർത്തന പുരോഗതി അവലോകനം ചെയ്യാറുണ്ട്. സർക്കാർ ഹാച്ചറികളുടെ 2016-17 വർഷത്തെ മത്സ്യ/ആറ്റുകൊഞ്ച്/ചെമ്മീൻ കുഞ്ഞുൽപ്പാദനം 13.63 കോടിയാണ്. 2017-18 വർഷത്തിൽ 17.14 കോടി മത്സ്യ/ആറ്റുകൊഞ്ച്/ചെമ്മീൻ കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്.

(സി) സർക്കാർ/സർക്കാരിതര മത്സ്യവിത്ത് ഉൽപ്പാദന കേന്ദ്രങ്ങളും നഴ്സറികളും സ്ഥാപിക്കുന്നതുവഴി മത്സ്യവിത്ത് ക്ഷാമം പരിഹരിക്കാൻ കഴിയുന്നതാണ്. 2017-18 വർഷത്തിൽ സർക്കാർ ഉടമസ്ഥതയിൽ ഓടയത്ത് ഒരു ഓരുജല മത്സ്യ ഹാച്ചറി സ്ഥാപിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടുകൂടി വ്യക്തികൾക്കും ഗ്രൂപ്പുകൾക്കും സഹകരണ സംഘങ്ങൾക്കും ശുദ്ധജല/ഓരുജല ഹാച്ചറികൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികൾ നിലവിലുണ്ട്.

**മത്സ്യത്തൊഴിലാളികൾക്ക് നഷ്ടപരിഹാരം**

123 (746) ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ചാലിയത്ത് 12-3-2017-ൽ രാത്രി വൻ തീപിടുത്തം ഉണ്ടായതും മത്സ്യ തൊഴിലാളികൾക്ക് വൻ നാശനഷ്ടം ഉണ്ടായതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ, എന്തൊക്കെ നാശനഷ്ടങ്ങളാണ് ഉണ്ടായത്;

(സി) ഏകദേശം എത്ര തുകയുടെ നഷ്ടമാണ് കണക്കാക്കിയിട്ടുള്ളത്;

(ഡി) ദുരന്തബാധിതർക്ക് നഷ്ടപരിഹാരം നൽകുവാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) തീപിടിത്തത്തിൽ ഏതാണ്ട് 14-ഓളം ഷെഡ്ഡുകളും ആയിരക്കണക്കിന് മത്സ്യ വിപണന ബോക്സുകളും ഔട്ട്ബോർഡ് എഞ്ചിനുകളും വലകളും ഉൾപ്പടെ അനുബന്ധ സാമഗ്രികൾ പൂർണ്ണമായും നശിച്ചിരിക്കുകയാണ്. കൂടാതെ ഒരു ഇൻസുലേറ്റഡ് ലോറി ഭാഗികമായും, ഒരു പിക്കപ്പ് വാൻ, ഒരു മോട്ടോർ സൈക്കിൾ എന്നിവ പൂർണ്ണമായും കത്തി നശിച്ചു.

(സി) ഏകദേശം 50,96,250 രൂപയുടെ മൂല്യം വരുന്ന ഉപജീവന മാർഗ്ഗങ്ങളുടെയും അടിസ്ഥാന സൗകര്യങ്ങളുടെയും നാശനഷ്ടം സംഭവിച്ചിട്ടുണ്ട്.

(ഡി) ദുരന്തബാധിതർക്ക് നഷ്ടപരിഹാരം നൽകുന്നതിനായി നാശനഷ്ടം സംബന്ധിച്ച പട്ടിക ഫിഷറീസ് ഡയറക്ടർ തയ്യാറാക്കിവരുന്നു.

**മത്സ്യബന്ധന വകുപ്പ് പദ്ധതികൾ**

124(747) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർക്കല നിയോജക മണ്ഡലത്തിൽ മത്സ്യബന്ധന വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ ഏതെല്ലാം എന്ന് വ്യക്തമാക്കാമോ?

ഉത്തരം

വർക്കല നിയോജകമണ്ഡലത്തിൽ മത്സ്യബന്ധ വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ അനുബന്ധമായി ചേർക്കുന്നു.*

**തീരദേശവാസികളുടെ സംരക്ഷണം**

125 (748) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തീരദേശത്തെ കടലാക്രമണത്തെ ചെറുത്ത്, തീരദേശവാസികളെ സംരക്ഷിക്കുന്നതിനുവേണ്ടി എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്;

(ബി) അനുവദിച്ച 2 കോടി രൂപ തീരദേശവാസികളുടെയും മത്സ്യത്തൊഴിലാളികളുടെയും അവകാശ സംരക്ഷണം ഉറപ്പുവരുത്തുന്നതിനുവേണ്ടി ഏതെങ്കിലും രീതിയിലുള്ള നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്താണെന്ന് വ്യക്തമാക്കാമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) കടലാക്രമണത്തിൽ വീടും സ്ഥലവും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിന്റെ ഭാഗമായി ആദ്യഘട്ടമെന്ന നിലയിൽ 248 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിനായി 25 കോടി രൂപയുടെ പദ്ധതിക്ക് 2016-17 സാമ്പത്തിക വർഷത്തിൽ ഭരണാനുമതി നൽകുകയുണ്ടായി. ഇതിനായി 2016-17 സാമ്പത്തിക വർഷം അഡീഷണൽ ആതറൈസേഷൻ മുഖേന അനുവദിച്ച 2 കോടി രൂപ പദ്ധതി നടപ്പിലാക്കുന്നതിനായി ജില്ലകൾക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

കടലോരത്ത് 50 മീറ്ററിനുള്ളിൽ വസിക്കുന്നവരെ പുനരധിവസിപ്പിക്കുന്നതിനായി ഒരു ഹെക്ടർ സ്ഥലം ഏറ്റെടുക്കുന്നതിനായി മത്സ്യത്തൊഴിലാളികളുടെ അടിസ്ഥാന സൗകര്യവികസനവും മാനവശേഷി വികസനവും എന്നതിൽപ്പെടുത്തി 2017-18 സാമ്പത്തിക വർഷത്തിൽ 700 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ മേൽ പദ്ധതിയിൽ ഉൾപ്പെടുത്തി 750 മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് സ്ഥലം വാങ്ങി വീട് വയ്ക്കുന്നതിനുള്ള ധനസഹായത്തിനായി 7500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ തീരദേശത്ത് 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെയാണ് പരിഗണിക്കുന്നത്.

(ബി) തീരദേശവാസികൾക്കും മത്സ്യത്തൊഴിലാളികൾക്കും ശുദ്ധമായ കുടിവെള്ളം, അടച്ചുറപ്പുള്ള വാസയോഗ്യമായ ഭവനങ്ങൾ, വൈദ്യുതി, സാനിറ്റേഷൻ സൗകര്യങ്ങൾ, ആരോഗ്യ വിദ്യാഭ്യാസ അടിസ്ഥാന സൗകര്യങ്ങൾ എന്നിവ ഏർപ്പെടുത്തുന്നതിന് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

പിടിച്ചെടുക്കുന്ന മത്സ്യത്തിന്റെ വിൽപ്പനാവകാശവും കടലിലേയ്ക്കുള്ള പ്രവേശനാവകാശവും മത്സ്യത്തൊഴിലാളിക്ക് ഉറപ്പാക്കുന്നതിനുതകുന്ന നിയമനിർമ്മാണവും പരിഗണനയിലാണ്.

**മത്സ്യമേഖലയുടെ വികസനം**

126 (749) <u>ശ്രീ. എം. സ്വരാജ് :</u>
<u>ശ്രീ. എം. മുകേഷ് :</u>
<u>ശ്രീമതി യു. പ്രതിഭ ഹരി :</u>
<u>പ്രൊഫ. കെ. യു. അരുണൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യമേഖലയുടെ വികസനത്തിനായി ഈ സർക്കാർ എന്തെല്ലാം നവീന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്;

(ബി) കായൽ അലങ്കാര മത്സ്യകൃഷി പുനരുജ്ജീവിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) കടൽ മത്സ്യോൽപ്പാദനം സംസ്ഥാനത്ത് കുറഞ്ഞുവരുന്ന സാഹചര്യത്തിൽ, കടൽ മത്സ്യവിഭവ ശോഷണം കുറയ്ക്കുന്നതിനുള്ള എന്തെല്ലാം ഇടപെടലുകൾ നടത്താൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) മത്സ്യമേഖലയുടെ വികസനത്തിനായി താഴെപ്പറയുന്ന നവീന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളത്.

1. ഭൂരഹിതർക്ക് ഭൂമി വാങ്ങുന്നതിനും ഭവന നിർമ്മാണത്തിനുമുള്ള പദ്ധതികൾ
2. കടലാക്രമണത്തിൽ ഭൂമിയും വീടും നഷ്ടപ്പെട്ട മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനുള്ള പ്രത്യേക പദ്ധതി
3. മത്സ്യത്തൊഴിലാളി ഭവന പുനർ വൈദ്യുതീകരണ പദ്ധതി
4. രക്ഷിതാക്കൾ മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് ധനസഹായം നൽകുന്ന പദ്ധതി
5. മത്സ്യത്തൊഴിലാളികളുടെ മക്കളുടെ സ്കൂൾ തലത്തിലെ കൊഴിഞ്ഞ് പോക്ക് ഒഴിവാക്കുന്നതിനുള്ള പദ്ധതി
6. വിദ്യാതീരം പദ്ധതി പ്രകാരം പി.എസ്.സി. പരീക്ഷകൾക്കും ബാങ്ക് ടെസ്റ്റുകൾക്കും സിവിൽ സർവ്വീസ് പരീക്ഷയ്ക്കും സൗജന്യ പരിശീലനം നൽകുന്ന പദ്ധതി
7. സ്കൂൾ തലത്തിലുള്ള പെൺകുട്ടികൾക്ക് സൈക്കിൾ വിതരണം ചെയ്യുന്ന പദ്ധതി
8. തീരപ്രദേശത്തെ സ്കൂളുകൾക്കായുള്ള സ്മാർട്ട് ക്ലാസ്സ് പദ്ധതി
9. തീരപ്രദേശത്തെ സ്കൂളുകൾക്കായുള്ള കിച്ചൺ ഷെഡ്ഡ് പദ്ധതി
10. സ്കൂളുകളുടെ കളിസ്ഥലം നവീകരിക്കുന്ന പദ്ധതി

11. കടലാക്രമണ ഭീഷണിയിൽ കടലോരത്തുനിന്നും 50 മീറ്ററിനുള്ളിൽ താമസിക്കുന്നവരെ സുരക്ഷിത സ്ഥലത്തേയ്ക്ക് മാറ്റി താമസിപ്പിക്കുന്ന പദ്ധതി

12. മത്സ്യത്തൊഴിലാളി പെൻഷൻ തുക 600 രൂപയിൽനിന്ന് 1000 രൂപയായും തുടർന്ന് 1,100 രൂപയായും വർദ്ധിപ്പിച്ചു.

13. പഞ്ഞമാസം ആനുകൂല്യമായി സമ്പാദ്യ സമാശ്വാസ പദ്ധതി തുക 2,700 രൂപയിൽ നിന്ന് 4,500 രൂപയായി വർദ്ധിപ്പിച്ചു.

14. തീരദേശ വിദ്യാലയത്തിന് കായിക പഠന സൗകര്യമേർപ്പെടുത്തുന്ന പദ്ധതി.

(ബി) ഉണ്ട്.

(സി) കടൽമത്സ്യ വിഭവ ശോഷണം തടയുന്നതിനായി ഫിഷറീസ് വകുപ്പ് മുഖേന താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നുണ്ട്.

1. വലിപ്പമെത്താത്ത മത്സ്യങ്ങളെ പിടിച്ചെടുക്കുന്നത് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് കേന്ദ്ര സമുദ്രജല ഗവേഷണ കേന്ദ്രത്തിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 14 ഇനം മത്സ്യങ്ങളെ പിടിക്കുന്നതിന് നിശ്ചിത വലിപ്പം നിശ്ചയിക്കുകയും നിശ്ചിത വലിപ്പത്തിൽ കുറഞ്ഞ ടി മത്സ്യങ്ങളെ പിടിക്കുന്നതിന് ശിക്ഷ ഏർപ്പെടുത്തുകയും ചെയ്തുവരുന്നു. ഇതുകൂടാതെ 44 ഇനം മത്സ്യങ്ങളുടെ കുഞ്ഞുങ്ങളെ പിടിക്കുന്നതിനുകൂടി നിരോധനം ഏർപ്പെടുത്തി വിജ്ഞാപനം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചുവരികയാണ്.

2. മത്സ്യങ്ങളുടെ പ്രജനന കാലമായ മൺസൂൺകാലത്ത് ട്രോളിംഗ് നിരോധനം ഏർപ്പെടുത്തി പൊരുന്ന മത്സ്യങ്ങളുടെ ചൂഷണം ഒഴിവാക്കുന്നതിന് ശ്രദ്ധിച്ചുവരുന്നു.

3. അശാസ്ത്രീയവും നിയമവിധേയമല്ലാത്തതുമായ മത്സ്യബന്ധന മുറകളിൽ ഏർപ്പെടുന്ന മത്സ്യബന്ധന യാനങ്ങളെ കണ്ടെത്തി കേരള സമുദ്ര മത്സ്യബന്ധന നിയന്ത്രണ നിയമം അനുസരിച്ച് പിഴ ഏർപ്പെടുത്തുന്നു.

4. തീരക്കടലിലെ മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി കൃത്രിമ പാരുകൾ നിക്ഷേപിക്കുന്ന പദ്ധതി നടപ്പാക്കിവരുന്നു.
5. കടലിലും കായലിലും മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി വാണിജ്യ പ്രാധാന്യമുള്ള മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിക്കുന്ന പദ്ധതി നടപ്പാക്കുന്നു.
6. മത്സ്യബന്ധനത്തിനുപരിയായി മത്സ്യകൃഷിയിലൂടെയും മത്സ്യ ഉൽപ്പാദനം ലക്ഷ്യമിട്ട് മത്സ്യത്തൊഴിലാളികൾ മുഖാന്തിരം കടലിലും കായലിലും മത്സ്യ കൂട് കൃഷി നടപ്പാക്കാൻ ഉദ്ദേശിക്കുന്നു.

**മത്സ്യസമ്പത്തിലെ കുറവ്**

127 (750) ശ്രീ. പി. ടി. തോമസ് :

ശ്രീ. വി. ടി. ബൽറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സമുദ്രതീരത്തെ മത്സ്യസമ്പത്ത് ക്രമാതീതമായി കുറയുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച് ഏതെങ്കിലും തരത്തിലുള്ള പഠനം നടത്തിയിട്ടുണ്ടോ; വിശദാംശം നൽകാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) കേരള തീരത്ത് നടപ്പിലാക്കിവരുന്ന ട്രോളിംഗ് നിരോധനത്തിന്റെ പ്രത്യാഘാതത്തെക്കുറിച്ച് പഠിക്കുന്നതിനായി നിയോഗിച്ച വിദഗ്ദ്ധ സമിതി നടത്തിയ പരിശോധനയിൽ മത്സ്യ ലഭ്യതയിൽ കുറവ് കാണുന്നതായി കണ്ടെത്തിയിട്ടുണ്ട്. കൂടാതെ ഫിഷറീസ് വകുപ്പിനുകീഴിലെ സ്റ്റാറ്റിസ്റ്റിക്കൽ വിഭാഗം 9 മറൈൻ ജില്ലകളിൽ നടപ്പാക്കുന്ന മറൈൻ ക്യാച്ച് അസെസ്സ്മെന്റ് സർവ്വേയുടെ 2006-07 മുതലുള്ള 10 വർഷത്തെ കടൽ മത്സ്യ ഉൽപ്പാദനത്തിന്റെ കണക്കുകൾ പ്രകാരം സമുദ്ര മത്സ്യോൽപ്പാദനം കുറയുന്നതായി കണ്ടെത്തിയിട്ടുണ്ട്. ആയതിന്റെ വിശദാംശം ചുവടെ ചേർക്കുന്നു:

2006-07 മുതൽ 2015-16 വരെയുള്ള കാലയളവിലെ കടൽ മത്സ്യ ഉൽപ്പാദനം

സ്ഥിതി വിവര കണക്ക്

| Sl. No | Year | Production (Metric Tonne) |
|---|---|---|
| 1 | 2006-07 | 598057 |
| 2 | 2007-08 | 586286 |
| 3 | 2008-09 | 583150 |
| 4 | 2009-10 | 570013 |
| 5 | 2010-11 | 560398 |
| 6 | 2011-12 | 553177 |
| 7 | 2012-13 | 530638 |
| 8 | 2013-14 | 522308 |
| 9 | 2014-15 | 524468 |
| 10 | 2015-16 | 516745 |

**സഹകരണ സംഘങ്ങൾ**

128 (751) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മത്സ്യഫെഡിന് കീഴിൽ എത്ര സഹകരണ സംഘങ്ങൾ നിലവിലുണ്ട്;

(ബി) ഈ സംഘങ്ങൾ പലതും നിർജ്ജീവാവസ്ഥയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഈ സഹകരണ സംഘങ്ങളുടെ ഉന്നമനത്തിന് എന്തെങ്കിലും നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) 669 സഹകരണ സംഘങ്ങൾ മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്.

(സി) ഉദ്ദേശിക്കുന്നുണ്ട്. നിലവിൽ പ്രവർത്തനരഹിതമായ സംഘങ്ങൾ പ്രവർത്തനക്ഷമമാക്കുന്നതിനായി ബന്ധപ്പെട്ട യൂണിറ്റ് ഇൻസ്പെക്ടർ, ഫിഷറീസ് അസിസ്റ്റന്റ് രജിസ്ട്രാർ, മേഖല ഫിഷറീസ് ജോയിന്റ് ഡയറക്ടർ എന്നിവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഇൻഷ്വറൻസ് തുക**

129 (752) ശ്രീ. എസ്. ശർമ്മ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ സാമൂഹ്യ സുരക്ഷ ഉറപ്പാക്കുന്നതിനായി നടപ്പാക്കുന്ന ഇൻഷ്വറൻസ് തുക വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) മത്സ്യത്തൊഴിലാളികൾക്കുള്ള സമ്പാദ്യ സമാശ്വാസ പദ്ധതിക്ക് ഈ വർഷം എത്ര തുക വകയിരുത്തിയിട്ടുണ്ട്; ഈ തുക വർദ്ധിപ്പിക്കാൻ സർക്കാർ തയ്യാറാകുമോ?

ഉത്തരം

(എ) 2017-18 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തിൽ മത്സ്യത്തൊഴിലാളികളുടെ ഇൻഷ്വറൻസ് തുക 5 ലക്ഷത്തിൽനിന്നും 10 ലക്ഷം രൂപയായി വർദ്ധിപ്പിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) 2017-18 വർഷത്തിൽ പദ്ധതി നടത്തിപ്പിനായി 2,060 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഈ വർഷം മുതൽ സമ്പാദ്യ സമാശ്വാസ പദ്ധതിയുടെ ആനുകൂല്യം 2,700 രൂപയിൽ നിന്നും 4,500 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. കേന്ദ്ര വിഹിതമായ 1,500 രൂപ കൂടി ലഭ്യമാക്കിയാലേ ടി തുക മത്സ്യത്തൊഴിലാളികൾക്ക് പൂർണ്ണതോതിൽ നൽകാനാകൂ.

**കായിക്കര പാലം**

130 (753) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വക്കം - കായിക്കര പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന കായിക്കര പാലം നിർമ്മാണം സംബന്ധിച്ച് വകുപ്പ് തല നടപടിക്രമങ്ങൾ എന്തെല്ലാം പൂർത്തിയായെന്ന് വെളിപ്പെടുത്താമോ;

(ബി) അപ്രോച്ച് റോഡിന് സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടി പൂർത്തീകരിച്ചോ; ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കുമോ;

(സി) പാലം നിർമ്മാണം ഉടൻ ആരംഭിക്കാൻ കഴിയുമോ എന്നറിയിക്കാമോ?

ഉത്തരം

(എ & ബി) തീരദേശ പഞ്ചായത്തുകളായ അഞ്ചുതെങ്ങിനെയും വക്കത്തെയും യോജിപ്പിക്കുന്ന കായിക്കര പാലം നിർമ്മിക്കുന്നതിന് 2013-ന് 1935 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് നബാർഡിന്റെ സഹായത്തോടെ നടപ്പിലാക്കുന്നതിനുള്ള പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി തയ്യാറാക്കിയിരുന്നു. സ്ഥലം ലഭ്യമായ പ്രവൃത്തികൾക്കാണ് നബാർഡ് മുൻഗണന നൽകി അംഗീകാരം നൽകിയിരുന്നത്. ആയതിനാൽ ടി പദ്ധതിയുടെ അപ്രോച്ച് റോഡിനാവശ്യമായ സ്ഥലം ഉൾപ്പെടുന്ന വക്കം, അഞ്ചുതെങ്ങ് ഗ്രാമപഞ്ചായത്തുകൾക്ക് നിർമ്മാണത്തിനാവശ്യമായ സ്ഥലം ഏറ്റെടുത്ത് നൽകുവാൻ കത്ത് നൽകിയെങ്കിലും വിലകൊടുത്ത് വാങ്ങാനുള്ള ഫണ്ട് ഇല്ലായെന്ന് പഞ്ചായത്തുകൾ അറിയിച്ചു.

മേൽ പ്രവൃത്തിയുടെ നിർമ്മാണത്തിനായി ഏറ്റെടുക്കേണ്ട സർവ്വേ നമ്പരുകളും അവയുടെ വിസ്തീർണ്ണവും ഉൾക്കൊള്ളുന്ന കരട് സ്കെച്ച് ചിറയിൻകീഴ് തഹസിൽദാരിൽനിന്ന് ലഭിച്ചതനുസരിച്ച് വക്കം വില്ലേജിൽനിന്നും 20.396 ആർ സ്ഥലവും അഞ്ചുതെങ്ങ് വില്ലേജിൽനിന്ന് 13.355 ആർ സ്ഥലവും ഏറ്റെടുക്കേണ്ടതുണ്ട്. ഏറ്റെടുക്കേണ്ട സ്ഥലങ്ങൾക്ക് കമ്പോളവില അനുസരിച്ച് 50,59,410 രൂപ വേണ്ടിവരും. ടി സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

(സി) കായിക്കര പാലത്തിന്റെ അപ്രോച്ച് റോഡിനാവശ്യമായ 33.75 ആർ സ്ഥലം പഞ്ചായത്ത് ഏറ്റെടുത്ത് നൽകിയാൽ പാലം നിർമ്മാണത്തിനുള്ള തുടർ നടപടി സ്വീകരിക്കുന്നതാണ്.

**ഹാർബർ എഞ്ചിനീയറിംഗ്**

131 (754) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം അസംബ്ലി മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുവഴി നടപ്പാക്കുന്ന നിലവിലുള്ള ഓരോ പ്രവൃത്തികളുടെയും പുരോഗതി വിശദമാക്കാമോ?

<u>ഉത്തരം</u>

കായംകുളം അസംബ്ലി മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുവഴി നടപ്പാക്കുന്ന നിലവിലുള്ള ഓരോ പ്രവൃത്തികളുടെയും പുരോഗതിയുടെ വിശദാംശം അനുബന്ധമായി* ചേർത്തിരിക്കുന്നു.

**നീക്കംചെയ്ത എക്കൽ**

132 (755) <u>ശ്രീ. എം. സ്വരാജ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ മണ്ഡലത്തിലെ വിവിധ പ്രദേശങ്ങളിൽ വിവിധ പ്രവൃത്തികൾക്കായി കായലുകളിൽനിന്നും നീക്കം ചെയ്ത എക്കൽ, തീരത്ത് നിക്ഷേപിച്ചിരിക്കുന്നതിലൂടെ, പരിസ്ഥിതിക്കും ഈ പ്രദേശത്തെ ജനങ്ങൾക്കും ഉണ്ടാകുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ;

(സി) എങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ;

(ഡി) ഈ എക്കൽ നീക്കം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ-ഡി) ഫിഷറീസ്, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുകൾ തൃപ്പൂണിത്തുറ മണ്ഡലത്തിലെ കായലുകളിൽനിന്ന് എക്കൽ നീക്കം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല. എന്നാൽ കായലുകളിൽനിന്നും നീക്കം ചെയ്യുന്ന എക്കൽ നിക്ഷേപിക്കാൻ പ്രത്യേക സ്ഥലം ഇല്ലാത്തതിനാൽ ജലസേചന വകുപ്പ് എക്കൽ കായൽ തീരത്തു നിക്ഷേപിച്ചുവരുന്നു. കുന്നൂർ കനാലിൽ ആഴം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി നീക്കിയ എക്കൽ കരയോടുചേർന്നു നിക്ഷേപിക്കുന്ന സ്ഥിതി മുൻപുണ്ടായിരുന്നു. മഴയിൽ ഈ എക്കൽ ഒഴുകി വീണ്ടും കായലിലേയ്ക്ക് പതിക്കുന്നതുമൂലം മത്സ്യത്തൊഴിലാളികൾക്ക് ബുദ്ധിമുട്ട് ഉണ്ടായിരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിരുന്നു. ഈ പ്രശ്നം പരിഹരിക്കാൻ ജലസേചന വകുപ്പിനോട് ആവശ്യപ്പെടുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**ഫിഷിംഗ് ഹാർബർ**

133 (756) <u>ശ്രീ. റ്റി. വി. രാജേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ പുതിയങ്ങാടി മത്സ്യബന്ധന തുറമുഖത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവൃത്തികളുടെ വിശദാംശം നൽകാമോ;

(ബി) സി. ഡബ്ല്യൂ. പി. ആർ. എസ്. മുഖേന നടത്തുന്ന മാതൃകാ പഠനത്തിന്റെ അന്തിമ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ എപ്പോഴേയ്ക്ക് ലഭ്യമാക്കാൻ കഴിയും; ഇതുവരെ എത്ര രൂപ മാതൃകാ പഠനത്തിന് ചെലവായിട്ടുണ്ട്;

(സി) പരിസ്ഥിതി പഠനം നടത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇത് എപ്പോൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നത്; വിശദാംശം നൽകുമോ ?

<u>ഉത്തരം</u>

(എ) കണ്ണൂർ ജില്ലയിലെ കല്ല്യാശ്ശേരി മണ്ഡലത്തിലെ പുതിയങ്ങാടി മത്സ്യബന്ധന തുറമുഖത്തിന്റെ ഇൻവെസ്റ്റിഗേഷൻ പ്രവർത്തനങ്ങളുടെ ഭാഗമായ ടോപ്പോഗ്രാഫിക്കൽ സർവ്വേ, പെർമനന്റ് പോയിന്റ് സ്ഥാപിക്കൽ, സിഡിവാല്യു സ്ഥാപിക്കൽ, കറണ്ട് മീറ്റർ ഒബ്സർവേഷൻ, ഷോർലൈൻ സർവ്വേ, ബാത്തിമെട്രിക് സർവ്വേ, ബെഡ് സാമ്പിൾ ശേഖരിക്കൽ, വാട്ടർ സാമ്പിൾ ശേഖരിക്കൽ തുടങ്ങിയ പ്രവൃത്തികൾ ചെയ്തിട്ടുണ്ട്. മാതൃകാ പഠനം നടത്തുന്നതിന് CWPRS പൂനെയെ ചുമതലപ്പെടുത്തുകയും ഇൻവെസ്റ്റിഗേഷൻ ഡേറ്റാകൾ CWPRS-ന് നൽകുകയും ചെയ്തു. അതിന്റെ അടിസ്ഥാനത്തിൽ മത്സ്യബന്ധന തുറമുഖത്തിന്റെ മാതൃകാപഠനം CWPRS മുഖേന പുരോഗമിച്ചുവരുന്നു. ടി പഠനത്തിന് പെരുമ്പ, കുപ്പം എന്നി പുഴകളുടെ ഡിസ്ചാർജ് ഡാറ്റ CWPRS ആവശ്യപ്പെട്ടതനുസരിച്ച് IDRB ചീഫ് എഞ്ചിനിയറോട് ആവശ്യപ്പെട്ടിരിക്കുകയാണ്.

(ബി) CWPRS-ൽനിന്നും മാതൃകാ പഠനത്തിന്റെ അന്തിമ റിപ്പോർട്ട് ലഭിച്ചിട്ടില്ല. മാതൃകാ പഠനത്തിന് പെരുമ്പ, കുപ്പം എന്നീ പുഴകളുടെ ഡിസ്ചാർജ് ഡാറ്റ ആവശ്യമായതിനാൽ ആയത് ലഭിക്കുന്ന മുറയ്ക്ക് പഠനം പൂർത്തീകരിച്ച് അന്തിമ റിപ്പോർട്ട് ലഭിക്കുന്നതാണ്. മാതൃകാപഠനം നടത്തുന്നതിന് 34,27,610 രൂപ ചെലവായിട്ടുണ്ട്.

(സി) മാതൃകാപഠനം പൂർത്തീകരിച്ച് അന്തിമ റിപ്പോർട്ട് ലഭ്യമായതിനുശേഷം പരിസ്ഥിതി പഠനം നടത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണം

134 (757) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ഫിഷിംഗ് ഹാർബറിന്റെ നിർമ്മാണം ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) നിർമ്മാണത്തിലെ അപാകത ചൂണ്ടിക്കാട്ടി ആരുടെയെങ്കിലും ഭാഗത്തു നിന്ന് പരാതികൾ ലഭിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ആ പരാതികൾ പരിശോധിച്ചപ്പോൾ സർക്കാരിന് മനസ്സിലായിട്ടുള്ള വസ്തുതകൾ എന്താണ്;

(ഡി) പരാതിയിൽ സ്വീകരിച്ച നടപടി എന്താണെന്ന് വ്യക്തമാക്കാമോ;

(ഇ) നിർമ്മാണം പൂർത്തിയായെങ്കിൽ ഹാർബറിന്റെ ഉദ്ഘാടനം എപ്പോൾ നടത്താനാണ് ഉദ്ദേശിക്കുന്നത്;

(എഫ്) ഇല്ലെങ്കിൽ ഏതെല്ലാം പ്രവൃത്തികളാണ് ബാക്കിയുള്ളതെന്നും അവ എപ്പോൾ പൂർത്തീകരിക്കുമെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ആർ.കെ.വി.വൈ. പദ്ധതിയിലുൾപ്പെടുത്തി ഭരണാനുമതി നൽകിയ കാസർഗോഡ് ഫിഷിംഗ് ഹാർബറിന്റെ വടക്ക് തെക്ക് പുലിമുട്ടുകൾ, ലേലപ്പുര, ഡ്രഡ്ജിംഗ്, റിക്ലമേഷൻ, ഷോർ പ്രൊട്ടക്ഷൻ വാൾ, ഇന്റേണൽ റോഡ് & പാർക്കിംഗ് ഏരിയ, അപ്രോച്ച് റോഡ്, ഗേറ്റ് & ഗേറ്റ് ഹൗസ്, കോമ്പൗണ്ട് വാൾ, ടോയ്‌ലറ്റ് ബ്ലോക്ക്, വാട്ടർ സപ്ലൈ, ട്രീറ്റ്മെന്റ് പ്ലാന്റ്, ഇലക്ട്രിഫിക്കേഷൻ, നെറ്റ് മെൻഡിംഗ് ഷെഡ് തുടങ്ങിയ ഘടകങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. വടക്ക് ഭാഗത്തെ പുലിമുട്ടിന്റെ വടക്ക് വശത്തുള്ള സ്വാഭാവിക ചാനൽ അടയ്ക്കുന്നതിനുള്ള പ്രവൃത്തി പുരോഗമിച്ചുവരുന്നു. ടി പ്രവൃത്തിയുടെ 25% പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) ഹാർബറിന്റെ ഭാഗമായി നിർമ്മിച്ച പുലിമുട്ടുകൾക്കിടയിലുള്ള ആഴം, ഇവ തമ്മിലുള്ള അകലം എന്നിവ കുറവാണെന്ന് കാണിച്ച് പ്രാദേശിക മത്സ്യത്തൊഴിലാളി സംഘടനകൾ, ധീവരസഭാ പ്രസിഡന്റ് അഡ്വ. യു. എസ്. ബാലൻ തുടങ്ങിയവർ പരാതി ബോധിപ്പിക്കുകയുണ്ടായി.

(സി) പുലിമുട്ടുകൾക്കിടയിലെ ചാനലിന്റെ ആഴം വർദ്ധിപ്പിക്കുന്ന പ്രവൃത്തി ഏർപ്പാടാക്കിയിരുന്നില്ല. ഡ്രഡ്ജ് ചെയ്ത് നീക്കുന്ന മണൽ സ്വാഭാവിക ചാനലിൽ നിക്ഷേപിച്ച് അടയ്ക്കുന്നതിനാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരുന്നത്. അതനുസരിച്ച് ഇപ്പോൾ പുലിമുട്ടുകൾക്കിടയിലെ മണ്ണ് നീക്കം ചെയ്ത് ആഴം വർദ്ധിപ്പിക്കുന്ന പ്രവൃത്തിയും ഡ്രഡ്ജ് സ്പോയിൽ സ്വാഭാവിക ചാലിൽ ഇടുന്ന പ്രവൃത്തിയും പുരോഗമിച്ചുവരുന്നു. ടി പ്രവൃത്തി പൂർത്തീകരിക്കുന്നതോടെ ചാനലിന് ആഴം ഇല്ലെന്ന മത്സ്യത്തൊഴിലാളികളുടെ ആശങ്ക തീരുന്നതാണ്. നിലവിൽ പുലിമുട്ടുകൾ തമ്മിലുള്ള അകലം കുറവാണെന്ന നിവേദനത്തിലെ ആശങ്ക ശരിയല്ല. മത്സ്യബന്ധന യാനങ്ങൾക്ക് ഒരേ സമയം കടലിൽ പോകുന്നതിനും തിരികെ ഹാർബറിൽ പ്രവേശിക്കുന്നതിനും നിലവിലുള്ള വീതി പര്യാപ്തമാണെന്ന് മോഡൽ സ്റ്റഡി നടത്തിയ CWPRS പൂനെ തന്നെ സ്ഥിരീകരിച്ചിട്ടുണ്ട്. പുലിമുട്ടിന്റെ അഗ്ര ഭാഗത്തുണ്ടാകുന്ന സ്വാഭാവിക തിരയിളക്കം മത്സ്യത്തൊഴിലാളികൾക്ക് ആശങ്കയുണ്ടാക്കുന്നത് കണക്കിലെടുത്ത് നിലവിലുള്ള പുലിമുട്ടുകളുടെ നീളം വർദ്ധിപ്പിക്കുന്നതിനും മൗത്തിന്റെ വീതി കൂട്ടുന്നതിനുമുള്ള നടപടി സ്റ്റഡി ഏജൻസി ആയ CWPRS വഴി എടുക്കുന്നതാണ്.

(ഡി) വടക്കു ഭാഗത്തെ സ്വാഭാവിക ചാനൽ അടയ്ക്കുന്നതിനുള്ള പ്രവൃത്തി പുരോഗമിച്ചുവരികയാണ്. പുലിമുട്ടുകൾക്കിടയിലുള്ള മണ്ണ് നീക്കം ചെയ്ത് ചാനലിന്റെ ആഴം വർദ്ധിപ്പിക്കുന്ന പ്രവൃത്തിക്ക് പ്രത്യേക ഭരണാനുമതി നൽകിയിട്ടുണ്ട്. പുലിമുട്ടുകളുടെ നീളം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തയ്യാറാക്കിയിട്ടുണ്ട്.

(ഇ) വടക്ക് ഭാഗത്തെ ചാനൽ അടയ്ക്കുന്ന പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് ഹാർബർ ഭാഗികമായി കമ്മീഷൻ ചെയ്യാവുന്നതാണ്.

(എഫ്) ഒന്നാം ഘട്ടത്തിൽ പൂർത്തിയാക്കുവാൻ സാധിക്കാത്ത അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക്, ഗിയർഷെഡ്, ക്യാന്റീൻ, കടമുറികൾ, റെസ്റ്റ് ഷെഡ്, വർക്ക്ഷോപ്പ് തുടങ്ങിയ ഘടകങ്ങൾ പൂർത്തീകരിക്കുന്നതിനും പുലിമുട്ടുകളുടെ നീളം വർദ്ധിപ്പിക്കുന്നതിനുമുള്ള പ്രവൃത്തിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കിയിട്ടുണ്ട്.

### ഹാർബർ എഞ്ചിനിയറിംഗ് പദ്ധതികൾ

135 (758) <u>ശ്രീ. ആർ. രാജേഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരമേറ്റശേഷം മാവേലിക്കര മണ്ഡലത്തിൽ ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് തീരദേശ റോഡുകളുടെ നിലവാരം ഉയർത്തുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 5 റോഡ് പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | റോഡ് പ്രവൃത്തിയുടെ പേര് | ഭരണാനുമതി തുക ലക്ഷത്തിൽ | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|
| 1 | വിവേകാനന്ദജംഗ്ഷൻ-മാവേലിമുക്ക് റ്റി.എ.കനാൽ എസ്.എൻ.ഡി.പി. ഹൈസ്കൂൾ റോഡ് | 34.45 | ദർഘാസ് ക്ഷണിച്ചിട്ടുണ്ട് |
| 2 | വള്ളികുന്നം പഞ്ചായത്തിലെ പള്ളക്കത്തറ-കൊട്ടാരത്തിൽ മുക്ക് റോഡ് | 16.96 | ദർഘാസ് ക്ഷണിച്ചിട്ടുണ്ട് |
| 3 | ആശാൻ മുക്ക്-ഏലിയാസ് നഗർ റോഡ് | 22.79 | ദർഘാസ് ക്ഷണിച്ചിട്ടുണ്ട് |
| 4 | കല്ലരിക്കുന്നിൽ മുക്ക്-കുമ്പിളുമല പള്ളി റോഡ് | 77.91 | സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി ഹാർബർ എഞ്ചിനിയറിംഗ് വകുപ്പ് സ്വീകരിച്ചു വരുന്നു |
| 5 | പ്രായിക്കര തറയിൽമുക്ക് റോഡ് | 28.00 | 70% പ്രവൃത്തി പൂർത്തിയായി |

## ഹാർബർ എഞ്ചിനിയറിംഗ് പ്രവൃത്തികൾ

136 (759) ശ്രീ. എം. സ്വരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുമുഖേന തൃപ്പൂണിത്തുറ മണ്ഡലത്തിൽ എന്തെല്ലാം പ്രവൃത്തികൾക്ക് ഭരണാനുമതി നൽകി എന്നും ഏതെല്ലാം പ്രവൃത്തികൾ തുടങ്ങി എന്നും വിശദമാക്കുമോ;

(ബി) ഇനി ഏതെല്ലാം പ്രവൃത്തികളാണ് ഭരണാനുമതിക്കായി പരിഗണനയിലുള്ളതെന്ന് അറിയിക്കുമോ;

(സി) ഈ പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ;

(ഡി) എന്നത്തേയ്ക്ക് ഇവയുടെ ഭരണാനുമതി ലഭ്യമാക്കുമെന്ന് അറിയിക്കുമോ?

### ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഹാർബർ എഞ്ചിനീയറിംഗ് വകുപ്പുമുഖേന തീരദേശ റോഡുകളുടെ നിലവാരമുയർത്തൽ പദ്ധതിയിൽ ഉൾപ്പെടുത്തി തൃപ്പൂണിത്തുറ മണ്ഡലത്തിൽ താഴെപ്പറയുന്ന പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്.

1. കുമ്പളം പഞ്ചായത്ത് വാർഡ് 6-ലെ ചേപ്പനം കോനാട്ട് റോഡ് ടാറിംഗും കാന നിർമ്മാണവും. ഭരണാനുമതി തുക 20 ലക്ഷം രൂപ
2. കുമ്പളം പഞ്ചായത്ത് വാർഡ് 6-ലെ പാനപ്പറമ്പ് പ്രദേശത്ത് കാന നിർമ്മാണം. ഭരണാനുമതി തുക 30.40 ലക്ഷം രൂപ.
3. കുമ്പളം പഞ്ചായത്ത് വാർഡ് 11-ലെ യംഗ് സ്പോർട്ട്സ് റോഡ് ടാറിംഗ്. ഭരണാനുമതി തുക 25 ലക്ഷം രൂപ

പ്രവൃത്തികൾ ഒന്നും തുടങ്ങിയിട്ടില്ല. പ്രവൃത്തി നടപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(ബി) തീരദേശ റോഡുകളുടെ നിലവാരമുയർത്തൽ പദ്ധതിയിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന 2 പ്രവൃത്തികളാണ് ഭരണാനുമതിക്കായി പരിഗണനയിലുള്ളത്.

1. കുമ്പളം പഞ്ചായത്ത് വാർഡ് 2-ലെ ഉദയത്തിൻവാതിൽ തീരദേശ റോഡ്
2. മരട് മുനിസിപ്പാലിറ്റിയിലെ നെല്ലിക്കൽ തീരദേശ റോഡ് ടാറിംഗും കാന നിർമ്മാണവും.

(സി&ഡി) കുമ്പളം പഞ്ചായത്ത് വാർഡ് 2-ലെ ഉദയത്തിൻവാതിൽ തീരദേശ റോഡ് ഏകദേശം 4 മീറ്ററോളം കായൽ നികത്തിയാണ് ചെയ്യേണ്ടി വരുന്നത്. ഇത് സാധ്യമല്ലാത്തതിനാലും കായലിനോട് അനുബന്ധിച്ച് കിടക്കുന്ന ഭൂമിയുടെ കൺസന്റ് ലഭിച്ചിട്ടില്ലാത്തതിനാലും ഈ റോഡ് പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല. സ്ഥലലഭ്യത ഉറപ്പാകുന്ന മുറയ്ക്ക് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതാണ്.

മരട് മുനിസിപ്പാലിറ്റിയിലെ നെല്ലിക്കൽ തീരദേശ റോഡിന്റെ ടാറിംഗിനും കാന നിർമ്മാണ പ്രവൃത്തിക്കുമുള്ള 23 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ഭരണാനുമതിക്കായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് സമർപ്പിച്ചിട്ടുണ്ട്. ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ടി പ്രവൃത്തിക്ക് ഭരണാനുമതി നൽകുന്നതാണ്.

**കശുവണ്ടി ഫാക്ടറികൾ തുറക്കുന്നതിനുള്ള നടപടി**

137 (760) <u>ശ്രീ. ആർ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ അടഞ്ഞുകിടക്കുന്ന കശുവണ്ടി ഫാക്ടറികൾ തുറക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദീകരിക്കുമോ;

(ബി) പൊതുമേഖലയിലെ ഫാക്ടറികൾ പ്രവർത്തിക്കുന്നതിനാവശ്യമായ കശുവണ്ടി ശേഖരിച്ചുകഴിഞ്ഞിട്ടുണ്ടോ; എത്ര മെട്രിക് ടൺ തോട്ടണ്ടി ശേഖരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) സ്വകാര്യ മേഖലയിലെ കശുവണ്ടി ഫാക്ടറികൾ തുറക്കുന്നതിന് ബജറ്റിൽ എത്ര തുക നീക്കിവച്ചിട്ടുണ്ടെന്നും, അവ എപ്രകാരം വിനിയോഗിക്കുമെന്നും വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടത്തിയ നിരന്തര ഇടപെടലുകളിലൂടെയും വിവിധ ഗവൺമെന്റ് ഉത്തരവുകൾവഴി ടെണ്ടർ കണ്ടീഷനിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി താൽക്കാലികമായി കൂടുതൽ വ്യാപാരികൾ ടെണ്ടറിൽ പങ്കെടുക്കുന്നതിനുവേണ്ടി നടപടികൾ സ്വീകരിച്ചതുവഴി തോട്ടണ്ടി ലഭ്യമാക്കി കോർപ്പറേഷൻ ഫാക്ടറികൾ 17-8-2016 മുതൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ളതുമാണ്.കൂടാതെ തോട്ടണ്ടിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന കശുവണ്ടി സംഭരിക്കുന്നതിന്റെ ഭാഗമായി കൃഷി വകുപ്പിന്റെയും പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും കീഴിലുള്ള ഫാമുകൾ, പ്ലാന്റേഷൻ കോർപ്പറേഷന്റെ കാസർഗോഡ് ജില്ലയിലെ കാസർഗോഡ്, രാജപുരം, ചീമേനി, കണ്ണൂർ ജില്ലയിലെ നാട്ടുകാണി എന്നീ എസ്റ്റേറ്റുകൾ, റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ കോർപ്പറേഷൻ ലിമിറ്റഡ് (RPL), സ്റ്റേറ്റ് ഫാമിംഗ് കോർപ്പറേഷൻ ഓഫ് കേരള (SFCK), കൊല്ലം ജില്ലാ പഞ്ചായത്തിന്റെ വിവിധ ഫാമുകൾ എന്നിവിടങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന നാടൻ തോട്ടണ്ടി സംഭരിക്കുന്നതിനുള്ള ക്രമീകരണങ്ങൾ കശുവണ്ടി വികസന കോർപ്പറേഷനും കാപെക്സും സംയുക്തമായി ഏറ്റെടുത്തിട്ടുണ്ട്. കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നിന്നുമാത്രം ഇതിനകം 550 മെട്രിക് ടൺ തോട്ടണ്ടി കോർപ്പറേഷനും കാപെക്സിനും ലഭിച്ചിട്ടുണ്ട്. ആഭ്യന്തരമായി ഉൽപ്പാദിപ്പിക്കുന്ന കശുവണ്ടി പരമാവധി സംഭരിച്ച് തൊഴിലാളികൾക്ക് ജോലി നൽകുന്നതിനുള്ള ശ്രമങ്ങളാണ് നടത്തിവരുന്നത്. കൂടാതെ വിദേശ രാജ്യങ്ങളിൽനിന്നും ഇ-ടെണ്ടർ മുഖേന തോട്ടണ്ടി ഇറക്കുമതി ചെയ്ത് തൊഴിലാളികൾക്ക് പരമാവധി തൊഴിൽ നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കൂടാതെ ചെറുകിട കർഷകരിൽ നിന്നും സംഭരിക്കുന്ന തോട്ടണ്ടിക്ക് വില നിശ്ചയിക്കുന്നതിന് 30-1-2017-ലെ സ.ഉ.(കൈയ്യെഴുത്ത്) നമ്പർ 07/2017/വ്യവ. പ്രകാരം അഡീഷണൽ ചീഫ് സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യവകുപ്പ് ചെയർമാനായും പ്രിൻസിപ്പൽ സെക്രട്ടറി, കൃഷി വകുപ്പ്, പ്രിൻസിപ്പിൽ സെക്രട്ടറി, പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പ്, ധനകാര്യ വകുപ്പ് പ്രതിനിധി, ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ അതാത് ജില്ലയിലെ ഡെപ്യൂട്ടി ഡയറക്ടർ, ബന്ധപ്പെട്ട ജില്ലാ കളക്ടർ, കശുവണ്ടി വികസന കോർപ്പറേഷന്റെയും കാപെക്സിന്റെയും മാനേജിംഗ് ഡയറക്ടർമാർ എന്നിവർ അംഗങ്ങളായിട്ടുമുള്ള ഒരു വില നിർണ്ണയ സമിതി രൂപീകരിച്ച് പ്രവർത്തനം നടത്തിവരുന്നു.

(ബി) തോട്ടണ്ടി സംഭരണം 2017 ജൂലൈ മാസത്തോടുകൂടി മാത്രമേ പൂർത്തിയാവുകയുള്ളൂ. കാസർഗോഡ് പ്ലാന്റേഷൻ കോർപ്പറേഷൻ എസ്റ്റേറ്റുകളിൽ നിന്നും ഏകദേശം 280 മെട്രിക് ടൺ തോട്ടണ്ടിയും ആറളം ഫാമിൽനിന്നും 230 മെട്രിക് ടൺ തോട്ടണ്ടിയും കൊല്ലം ജില്ലയിലെ വിവിധ കൃഷി ഫാമുകളിൽനിന്നും 40 മെട്രിക് ടൺ തോട്ടണ്ടിയും ഉൾപ്പെടെ ഏകദേശം 550 മെട്രിക് ടൺ തോട്ടണ്ടി ഇതിനകം ശേഖരിച്ചിട്ടുണ്ട്.

(സി) തോട്ടണ്ടി ലഭ്യമാക്കി സ്വകാര്യ മേഖലയിലെ ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് സാഹചര്യമൊരുക്കുന്നതിനായി 20 കോടി രൂപ ബജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ബജറ്റ് പ്രഖ്യാപനം ഫലപ്രദമായി നടപ്പിൽ വരുത്തുന്നതിന് IRC ചേർന്ന് വിശദാംശങ്ങൾ ചർച്ച ചെയ്ത് നടപടികൾ സ്വീകരിക്കുന്നതാണ്.

## കശുവണ്ടി ഉൽപ്പാദനം

138 (761) ശ്രീ. മുല്ലക്കര രത്നാകരൻ: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കശുവണ്ടി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ?

### ഉത്തരം

സംസ്ഥാനത്തിനകത്ത് കശുമാവ് കൃഷിയിൽ താൽപ്പര്യമുള്ള കർഷകരെ കണ്ടെത്തി കശുമാവ് കൃഷി വ്യാപിപ്പിക്കുക എന്ന ലക്ഷ്യത്തോടെ കശുമാവ് കൃഷി വികസന ഏജൻസി 'കശുമാവ് പുതുകൃഷി' എന്ന പദ്ധതിവഴിയും സന്നദ്ധ സംഘടനകൾ, റസിഡന്റ്സ് അസോസിയേഷനുകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, കശുവണ്ടിത്തൊഴിലാളികൾ എന്നിവർവഴി കശുമാവ് കൃഷിയിൽ അവബോധം സൃഷ്ടിച്ചുകൊണ്ട് 'മുറ്റത്തൊരു കശുമാവ്' എന്ന പദ്ധതി പ്രകാരവും കശുമാവിൻ തൈകൾ നൽകി കൃഷി വ്യാപിപ്പിക്കുന്നുണ്ട്. കൂടാതെ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 5 ഏക്കറിൽ കൂടുതൽ സ്ഥലമുള്ള കർഷകർക്ക് കശുമാവിൻതോട്ടം ഉണ്ടാക്കുന്നതിനായി കശുമാവിൻതൈകളും സ്ഥലം ഒരുക്കുന്നതിന് ധനസഹായം നൽകുന്ന പദ്ധതിയും നടപ്പിലാക്കിവരുന്നു.

സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷൻ കശുമാവ് കൃഷി വികസനത്തിന് താഴെപ്പറയുന്ന വിവിധ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്:

1. കശുവണ്ടി വികസന കോർപ്പറേഷന്റെ കൊട്ടിയം ഫാക്ടറിയോട് അനുബന്ധിച്ചുള്ള കശുമാവ് നഴ്സറിയിൽ അത്യുൽപ്പാദന ശേഷിയുള്ള 2 ലക്ഷം കശുമാവ് ഗ്രാഫ്റ്റുകൾ ഉൽപ്പാദിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

2. കോർപ്പറേഷന്റെ 30 ഫാക്ടറികളിലായുള്ള 90 ഏക്കർ സ്ഥലത്ത് 3500-ഓളം കശുമാവ് തൈകൾ പുതുതായി നടുന്നതിനുള്ള ക്രമീകരണങ്ങൾ ചെയ്തു വരുന്നു.

3. സംസ്ഥാനത്തുള്ള തരിശു ഭൂമികൾ കണ്ടെത്തി കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനുള്ള പദ്ധതിയും ആസൂത്രണം ചെയ്തുവരുന്നു.

4. കശുമാവ് കൃഷി വികസനം ലക്ഷ്യമിട്ട് കശുവണ്ടി വികസന കോർപ്പറേഷന്റെ നഴ്സറിയിൽ ഉൽപ്പാദിപ്പിക്കുന്ന അത്യുൽപ്പാദനശേഷിയുള്ള കശുമാവ് ഗ്രാഫ്റ്റുകൾ 35 രൂപ നിരക്കിൽ കർഷകർക്ക് നൽകി വരുന്നു.

കശുമാവ് എസ്റ്റേറ്റ് സ്ഥാപിക്കുന്നതിന് നിലവിൽ നിയമപരമായ തടസ്സങ്ങളില്ലാത്തതിനാൽ അസോസിയേഷൻ ഓഫ് പ്ലാന്റേഴ്സ് കേരള (APK)യുമായി ഇക്കാര്യം ചർച്ച ചെയ്യുകയും അവർ കാഷ്യൂ എസ്റ്റേറ്റ് സ്ഥാപിക്കുന്നതിന് സമ്മതിക്കുകയും ചെയ്തിട്ടുണ്ട്. എ.പി.കെ.-യിൽനിന്നും പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് കാഷ്യു പ്ലാന്റേഷനുവേണ്ടിയുള്ള നടപടികൾ കേരളത്തിൽ വിപുലമായ തോതിൽ നടപ്പാക്കാൻ കഴിയുന്നതാണ്.

## കശുവണ്ടി വ്യവസായം

139 (762) <u>ശ്രീ. ആർ. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കശുവണ്ടി വ്യവസായത്തിനും തൊഴിലാളികളുടെ ക്ഷേമത്തിനുമായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) കശുവണ്ടി കോർപ്പറേഷൻ ഫാക്ടറികളിൽ, ഈ സർക്കാരിന്റെ കാലത്ത് നൽകാൻ കഴിഞ്ഞ തൊഴിൽ ദിനങ്ങൾ എത്രയാണെന്ന് വ്യക്തമാക്കുമോ;

(സി) തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

## ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടത്തിയ നിരന്തര ഇടപെടലുകളിലൂടെയും വിവിധ ഗവൺമെന്റ് ഉത്തരവുകൾവഴി ടെണ്ടർ കണ്ടീഷനിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി താൽക്കാലികമായി കൂടുതൽ വ്യാപാരികൾ പങ്കെടുക്കുന്നതിനുവേണ്ടി നടപടികൾ സ്വീകരിച്ചതുംവഴി തോട്ടണ്ടി ലഭ്യമാക്കി കോർപ്പറേഷൻ ഫാക്ടറികൾ 17-8-2016 മുതൽ തുറന്ന് പ്രവർത്തനം പുനരാരംഭിച്ചു. തൊഴിലാളികൾക്ക് അർഹമായ വേതനവും മറ്റ് ആനുകൂല്യങ്ങളും നൽകിവരുന്നു. സർക്കാർ തീരുമാനത്തെത്തുടർന്ന് തദ്ദേശീയ തോട്ടണ്ടിയും ശേഖരിച്ചുവരുന്നു. ഇതിനകം 550 മെട്രിക് ടണ്ണിലധികം തോട്ടണ്ടി സംഭരിച്ചിട്ടുണ്ട്. വ്യവസായത്തിനാവശ്യമായ തോട്ടണ്ടി ലഭ്യമാക്കുന്നതിന് ഒരു ബോർഡ് രൂപീകരിക്കുന്നതിനുള്ള നടപടികളും സർക്കാർ സ്വീകരിച്ചുവരികയാണ്.

(ബി) കശുവണ്ടി കോർപ്പറേഷൻ ഫാക്ടറികളിൽ ഈ സർക്കാരിന്റെ കാലത്ത് 70 തൊഴിൽ ദിനങ്ങൾ നൽകാൻ കഴിഞ്ഞിട്ടുള്ളതാണ്.

(സി) തൊഴിൽദിനങ്ങൾ ഉറപ്പാക്കുന്നതിനും വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടികൾ കോർപ്പറേഷനും കാപെക്സും സ്വീകരിച്ചുവരുന്നു.

## മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ

140 (763) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കശുവണ്ടി പരിപ്പിൽനിന്നും മൂല്യവർദ്ധിത ഉല്പന്നങ്ങൾ വിപണിയിൽ എത്തിക്കാൻ കശുവണ്ടി വികസന കോർപ്പറേഷൻ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കശുവണ്ടി വികസന കോർപ്പറേഷൻ വിദേശത്തേയ്ക്ക് പരിപ്പ് കയറ്റുമതി ചെയ്തതിന്റെ വിശദാംശങ്ങൾ നൽകുമോ;

(സി) ഇതിനുമുൻപ്, കോർപ്പറേഷൻ ഏറ്റവും അവസാനമായി പരിപ്പ് കയറ്റുമതി ചെയ്തത് എന്നാണ്; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ) വിവിധ ഗ്രേഡിലുള്ള പ്ലെയിനും, റോസ്റ്റഡ് പരിപ്പുകളും കൂടാതെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായ കാഷ്യൂ പൗഡർ, ബിറ്റ്സ്, സൂപ്പ്, കാഷ്യൂ വിറ്റ, ചോക്കോ കാജു, മിൽക്കി കാജു തുടങ്ങിയ സി.ഡി.സി. ബ്രാൻഡുകൾ വിതരണക്കാർവഴിയും ഫ്രാഞ്ചൈസിവഴിയും കച്ചവടം നടത്തിവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം രണ്ട് കണ്ടെയ്നർ (30 മെട്രിക് ടൺ)W 320 ഗ്രേഡ് പരിപ്പ് UAE-യിലേയ്ക്ക് കയറ്റുമതി ചെയ്തിട്ടുണ്ട്.

(സി) ഇതിന് മുൻപ് ഏറ്റവും അവസാനമായി 2014 മാർച്ച് മാസത്തിൽ W-320 ഗ്രേഡ് പരിപ്പ് 750 പെട്ടി (30 മെട്രിക് ടൺ) UAE-യിലേയ്ക്ക് കയറ്റുമതി ചെയ്തിട്ടുണ്ട്.

**കശുവണ്ടി ഫാക്ടറികൾ**

141 (764) <u>ശ്രീ. മുല്ലക്കര രത്നാകരൻ</u>: താഴെ കാണുന്ന ചോദ്യത്തിന് മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ കശുവണ്ടി ഫാക്ടറികൾ തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നടത്തിയ നിരന്തര ഇടപെടലുകളിലൂടെയും വിവിധ ഗവൺമെന്റ് ഉത്തരവുകൾവഴി ടെണ്ടർ കണ്ടീഷനിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി താൽക്കാലികമായി കൂടുതൽ വ്യാപാരികൾ പങ്കെടുക്കുന്നതിനുവേണ്ടി നടപടികൾ സ്വീകരിച്ചതുംവഴി തോട്ടണ്ടി വാങ്ങി കോർപ്പറേഷൻ ഫാക്ടറികൾ 17-8-2016 മുതൽ തുറന്ന് പ്രവർത്തനം ആരംഭിച്ചു. കൂടാതെ തോട്ടണ്ടിയുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്ന കശുവണ്ടി സംഭരിക്കുന്നതിന്റെ ഭാഗമായി കൃഷി വകുപ്പിന്റെയും പട്ടികജാതി/പട്ടികവർഗ്ഗ വികസന വകുപ്പിന്റെയും കീഴിലുള്ള ഫാമുകൾ, പ്ലാന്റേഷൻ കോർപ്പറേഷന്റെ കാസർഗോഡ് ജില്ലയിലെ കാസർഗോഡ്, രാജപുരം, ചീമേനി, കണ്ണൂർ ജില്ലയിലെ നാട്ടുകാണി എന്നീ എസ്റ്റേറ്റുകൾ, റീഹാബിലിറ്റേഷൻ പ്ലാന്റേഷൻ കോർപ്പറേഷൻ ലിമിറ്റഡ് (RPL), സ്റ്റേറ്റ് ഫാമിംഗ്

കോർപ്പറേഷൻ ഓഫ് കേരള (SFCK), കൊല്ലം ജില്ലാ പഞ്ചായത്തിന്റെ വിവിധ ഫാമുകൾ എന്നിവിടങ്ങളിൽ ഉൽപ്പാദിപ്പിക്കുന്ന നാടൻ തോട്ടണ്ടി സംഭരിക്കുന്നതിനുള്ള നടപടികൾ സർക്കാർ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ കോർപ്പറേഷനും കാപെക്സും സംയുക്തമായി ഏറ്റെടുത്തിട്ടുള്ളതും കശുവണ്ടി പരമാവധി സംഭരിച്ച് തൊഴിലാളികൾക്ക് ജോലി നൽകുന്നതിനുള്ള ശ്രമങ്ങൾ നടത്തി വരികയുമാണ്. കൂടാതെ വിദേശ രാജ്യങ്ങളിൽനിന്നും ഇ-ടെണ്ടർ മുഖേന തോട്ടണ്ടി ഇറക്കുമതി ചെയ്ത് തൊഴിലാളികൾക്ക് പരമാവധി തൊഴിൽ നൽകുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കൂടാതെ ചെറുകിട കർഷകരിൽ നിന്നും സംഭരിക്കുന്ന തോട്ടണ്ടിക്ക് വില നിശ്ചയിക്കുന്നതിന് 30-1-2017-ലെ സ.ഉ. (കൈയ്യെഴുത്ത്) നമ്പർ 07/2017/വ്യവ. പ്രകാരം അഡീഷണൽ ചീഫ് സെക്രട്ടറി, ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് ചെയർമാനായും പ്രിൻസിപ്പൽ സെക്രട്ടറി, കൃഷി വകുപ്പ്, പ്രിൻസിപ്പൽ സെക്രട്ടറി, പട്ടികജാതി പട്ടികവർഗ്ഗ വികസന വകുപ്പ്, ധനകാര്യ വകുപ്പ് പ്രതിനിധി, ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് വകുപ്പിന്റെ അതാത് ജില്ലയിലെ ഡെപ്യൂട്ടി ഡയറക്ടർ, ബന്ധപ്പെട്ട ജില്ലാ കളക്ടർ, കശുവണ്ടി വികസന കോർപ്പറേഷന്റേയും കാപെക്സിന്റെയും മാനേജിംഗ് ഡയറക്ടർമാർ എന്നിവർ അംഗങ്ങളായിട്ടുള്ള ഒരു വില നിർണ്ണയ സമിതി രൂപീകരിച്ചിട്ടുമുണ്ട്. അടച്ചിട്ട സ്വകാര്യ ഫാക്ടറികൾ തുറക്കുന്നതിനായി കശുവണ്ടി വ്യവസായ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും ബന്ധപ്പെട്ടവരുമായി പ്രത്യേക യോഗങ്ങൾ വിളിച്ചുചേർത്ത് ചർച്ച നടത്തിയിട്ടുണ്ട്. ചർച്ചയിലെ തീരുമാനത്തെത്തുടർന്ന് ഈ രംഗത്തെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനും തോട്ടണ്ടി ലഭ്യമാക്കുന്നതിനും ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്.

ബോധപൂർവ്വം ഫാക്ടറികൾ അടച്ചിടുന്ന ഫാക്ടറി ഉടമകൾക്കെതിരെ നിയമ നടപടികളും സ്വീകരിച്ചുവരികയാണ്.

**ഒ.ഡി.ഇ.പി.സി. മുഖേനയുള്ള നിയമനം**

142 (765) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒ.ഡി.ഇ.പി.സി. മുഖേന ഏതൊക്കെ രാജ്യങ്ങളിലാണ് ഉദ്യോഗാർത്ഥികൾക്ക് നിയമനം ലഭിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒ.ഡി.ഇ.പി.സി. നിയമനം ലഭിച്ചവരുടെ എണ്ണമെത്ര; ഏതൊക്കെ രാജ്യങ്ങളിലാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സുൽത്താനേറ്റ് ഓഫ് ഒമാൻ, യു.എ.ഇ., ഖത്തർ, സൗദി അറേബ്യ, അയർലണ്ട്, യുണൈറ്റഡ് കിംഗ്ഡം എന്നീ രാജ്യങ്ങളിൽ നിന്നാണ് ഇപ്പോൾ ഒ.ഡി.ഇ.പി.സി.-ക്ക് റിക്രൂട്ട്മെന്റ് നടത്തുന്നതിനുള്ള അവസരം ലഭിക്കുന്നത്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ഒ.ഡി.ഇ.പി.സി. മുഖേന 573 ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകി. സുൽത്താനേറ്റ് ഓഫ് ഒമാൻ, യു.എ.ഇ., ഖത്തർ, സൗദി അറേബ്യ, അയർലണ്ട്, യുണൈറ്റഡ് കിംഗ്ഡം എന്നീ രാജ്യങ്ങളിലേയ്ക്കാണ് നിയമനം നടത്തിയത്.

## കൂട്ട പിരിച്ചുവിടലിനെതിരെ നടപടി

143 (766) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ടെക്നോപാർക്ക് ഉൾപ്പെടെ സംസ്ഥാനത്തെ ഐ.ടി. മേഖലയിൽ ജീവനക്കാരെ പിരിച്ചുവിടുന്നുണ്ടോ; എങ്കിൽ ഇത്തരത്തിൽ കൂട്ട പിരിച്ചുവിടലിന് കാരണമായ സാഹചര്യം വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിൽ പിരിച്ചുവിട്ട ജീവനക്കാരുടെ എണ്ണവും കമ്പനികളുടെ പേരു വിവരവും ലഭ്യമാക്കാമോ;

(സി) ഐ. ടി. ജീവനക്കാർക്ക് മാത്രമായി ക്ഷേമനിധി ബോർഡ് രൂപീകരിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ?

<u>ഉത്തരം</u>

(എ) തിരുവനന്തപുരം ടെക്നോപാർക്ക് ഉൾപ്പെടെ ഐ.ടി. മേഖലയിൽ ജീവനക്കാരെ കൂട്ടമായി പിരിച്ചുവിടുന്നത് സംബന്ധിച്ച പരാതികൾ ലഭിച്ചിട്ടില്ല. വ്യക്തിപരമായ 2 പരാതികൾ തിരുവനന്തപുരം ജില്ലാ ലേബർ ഓഫീസിൽ ലഭിച്ചിട്ടുണ്ട്.

(ബി) പിരിച്ചുവിട്ട ജീവനക്കാരുടെ എണ്ണം - 2.

<u>കമ്പനികളുടെ പേര്</u>

1. R. R. Donnelley. 6th Floor, Thejaswini Building, Technopark.
2. U.S.T. Global. Nila Building, Technopark, Kazhakuttom.

(സി) കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ക്ഷേമനിധി ബോർഡിന്റെ വാണിജ്യ സ്ഥാപനങ്ങൾ എന്ന നിർവ്വചനത്തിൽ ഐ.ടി. മേഖലയും ഉൾപ്പെടുന്നുണ്ട്. ആയതിനാൽ ഐ.ടി. മേഖലയിലെ ജീവനക്കാർക്ക് കേരള ഷോപ്പ്സ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് വർക്കേഴ്സ് വെൽഫെയർ ഫണ്ട് ബോർഡിൽ അംഗമാകാവുന്നതാണ്.

**ഇതര സംസ്ഥാനത്തൊഴിലാളികൾ**

144 (767) <u>ശ്രീ. പി. സി. ജോർജ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ജോലി ചെയ്യുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ എണ്ണം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ;

(ബി) ഇവരുടെ ജില്ല തിരിച്ചുള്ള എണ്ണം (ആൺ, പെൺ ) വ്യക്തമാക്കുമോ;

(സി) പ്രായപൂർത്തിയായ ഇതര സംസ്ഥാന തൊഴിലാളികളെ (ആൺ, പെൺ) സ്വകാര്യ വ്യക്തികളുടെ വീടുകളിലും സ്ഥാപനങ്ങളിലും ജോലിക്ക് നിർത്തുന്നത് സംബന്ധിച്ച് എന്തെങ്കിലും നിയമം പാലിക്കേണ്ടതുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ & ബി) കേരള സർക്കാർ സ്ഥാപനമായ ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ തൊഴിൽ വകുപ്പിനുവേണ്ടി 2013-ൽ നടത്തിയ പഠന റിപ്പോർട്ടിൽ സംസ്ഥാനത്ത് 25 ലക്ഷത്തോളം ഇതര സംസ്ഥാനത്തൊഴിലാളികൾ ജോലി ചെയ്തുവരുന്നതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ 2010-ലെ കുടിയേറ്റത്തൊഴിലാളി ക്ഷേമ പദ്ധതി പ്രകാരം സംസ്ഥാനത്ത് 54366 ഇതര സംസ്ഥാനത്തൊഴിലാളികളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ജില്ല തിരിച്ചും ജൻഡർ അടിസ്ഥാനത്തിലുമുള്ള കണക്ക് തൊഴിൽ വകുപ്പിന്റെ പക്കൽ ലഭ്യമല്ല.

(സി) ഇതര സംസ്ഥാനത്തൊഴിലാളികളെ ജോലിക്ക് നിർത്തുന്നത് സംബന്ധിച്ച് 1979-ലെ ഇന്റർ സ്റ്റേറ്റ് മൈഗ്രന്റ് വർക്ക്മെൻ (റഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആക്ട്, 1970-ലെ കരാർത്തൊഴിലാളി നിയമം, 1996-ലെ ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വെൽഫെയർ (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആന്റ് കണ്ടീഷൻസ് ഓഫ് സർവ്വീസ്) ആക്ട്, 1960-ലെ കേരള ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട്, 1948-ലെ മിനിമം വേതന നിയമം, 1961-ലെ മെറ്റേണിറ്റി ബെനിഫിറ്റ് നിയമം, 1958-ലെ കേരള ഇൻഡസ്ട്രിയൽ എസ്റ്റാബ്ലിഷ്മെന്റ്സ് (നാഷണൽ ഫെസ്റ്റിവൽ & ഹോളിഡേയ്സ്) നിയമം എന്നീ നിയമങ്ങൾ ബാധകമാണ്.

## ഇതര സംസ്ഥാനത്തൊഴിലാളികൾക്ക് രജിസ്ട്രേഷൻ

145 (768) ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജോലി ചെയ്യുന്ന ഇതര സംസ്ഥാന തൊഴിലാളികളുടെ എണ്ണമെടുത്തിട്ടുണ്ടോ; എങ്കിൽ ഇത്തരത്തിലുള്ള എത്ര പേർ ഇവിടെ ജോലി ചെയ്യുന്നുണ്ട്; ഇവർക്ക് രജിസ്ട്രേഷൻ ഏർപ്പെടുത്തിയിട്ടുണ്ടോ; ഇതിനായി ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്;

(ബി) തൊഴിലിനെന്ന വ്യാജേന ക്രിമിനൽ സ്വഭാവമുള്ള ഇതര സംസ്ഥാന തൊഴിലാളികൾ ഇവിടെ എത്തുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇവരെ നിയന്ത്രിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഇവരുടെ രജിസ്ട്രേഷന് തദ്ദേശ ഭരണ സ്ഥാപനങ്ങളെക്കൂടി അധികാരപ്പെടുത്തുംവിധം എന്തെങ്കിലും നടപടി സ്വീകരിക്കാൻ പദ്ധതിയുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷന്റെ 2013-ലെ പഠനത്തിൽ സംസ്ഥാനത്ത് 25 ലക്ഷത്തിലധികം ഇതരസംസ്ഥാനത്തൊഴിലാളികൾ ജോലി ചെയ്തുവരുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. കേരള കുടിയേറ്റത്തൊഴിലാളി ക്ഷേമനിധി പദ്ധതി പ്രകാരം 54366 ഇതരസംസ്ഥാനത്തൊഴിലാളികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഇതര സംസ്ഥാനത്തൊഴിലാളികളുടെ രജിസ്ട്രേഷനും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ട് 'ആവാസ്' എന്ന പേരിൽ ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പുരോഗമിച്ചുവരുന്നു. ഇതിന്റെ ചുമതല 11-4-2017-ലെ സ.ഉ.(സാധാ) നമ്പർ521/17/തൊഴിൽ ഉത്തരവ് പ്രകാരം സ്മാർട്ട് ഐ.ടി. സർവീസസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്.

(ബി) തൊഴിലിനെന്ന വ്യാജേന ക്രിമിനൽ സ്വഭാവമുള്ള ഇതര സംസ്ഥാനത്തൊഴിലാളികൾ എത്തുന്നത് കണ്ടെത്തുന്നതിന് തൊഴിൽ വകുപ്പിന് പ്രത്യേക സംവിധാനങ്ങളില്ല.

(സി) ഇതര സംസ്ഥാനത്തൊഴിലാളികളുടെ രജിസ്ട്രേഷനും ആരോഗ്യ പരിരക്ഷയും ലക്ഷ്യമിട്ട് 'ആവാസ്' എന്ന പേരിൽ ഒരു ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു. ആവാസ് പദ്ധതിയെക്കുറിച്ചുള്ള ബോധവൽക്കരണത്തിന് തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വളരെ പ്രധാനപ്പെട്ട ഉത്തരവാദിത്വമാണ് നിറവേറ്റാനുള്ളത്.

**സമഗ്ര തൊഴിൽ നയം**

146 (769) <u>ശ്രീ. സണ്ണി ജോസഫ്</u> :
<u>ശ്രീ. വി. ഡി. സതീശൻ</u> :
<u>ശ്രീ. അടൂർ പ്രകാശ്</u> :
<u>ശ്രീ. അൻവർ സാദത്ത്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമഗ്ര തൊഴിൽ നയം രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ, വിശദമാക്കുമോ;

(ബി) തൊഴിൽ മേഖലയിൽ മാറ്റങ്ങൾ വരുത്തുവാൻ എന്തെല്ലാം കാര്യങ്ങളാണ് പ്രസ്തുത നയത്തിൽ ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത നയം രൂപീകരിക്കാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്, വിവരിക്കുമോ;

(ഡി) ടി നയം എന്നത്തേയ്ക്ക് പ്രഖ്യാപിക്കുമെന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ-ഡി) കരട് തൊഴിൽ നയം സർക്കാരിന്റെ പരിഗണനയിലാണ്.

**തോട്ടം തൊഴിലാളികൾ**

147 (770) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ തോട്ടം തൊഴിലാളികൾ പലപ്പോഴും അടിസ്ഥാന സൗകര്യങ്ങൾപോലും ഇല്ലാത്ത താമസ സ്ഥലങ്ങളിലാണ് കഴിയുന്നതെന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്ഥാനത്തെ തോട്ടം തൊഴിലാളികൾക്ക് മെച്ചപ്പെട്ട താമസ സൗകര്യം ഉറപ്പുവരുത്തുന്നതിന് എന്തെല്ലാം നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ട്;

(സി) തോട്ടം തൊളിലാളികൾക്ക് മെച്ചപ്പെട്ട താമസ സൗകര്യം ഉറപ്പു വരുത്തുന്നതിനും മറ്റ് ആനുകൂല്യങ്ങൾ നൽകുന്നതിനും ബന്ധപ്പെട്ട നിയമത്തിൽ ഏതെങ്കിലും തരത്തിലുള്ള മാറ്റം ആവശ്യമാണെന്ന് സർക്കാർ കരുതുന്നുണ്ടോ; എങ്കിൽ ഇതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി)) ഉണ്ട്. 1951-ലെ പ്ലാന്റേഷൻ ലേബർ ആക്ട് അനുസരിച്ച് തോട്ടം തൊഴിലാളികൾക്ക് താമസ സൗകര്യം ഒരുക്കേണ്ട ബാധ്യത തോട്ടം ഉടമകൾക്കാണ്. തൊഴിലുടമകൾ തോട്ടം തൊഴിലാളികളുടെ താമസ സ്ഥലങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നുണ്ടോ എന്ന് പ്ലാന്റേഷൻ ഇൻസ്പെക്ടർമാർ പരിശോധിച്ചുവരുന്നുണ്ട്. ഇപ്രകാരം തൊഴിലാളികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ആവശ്യമായ നിർദ്ദേശം പ്ലാന്റേഷൻ ഇൻസ്പെക്ടർമാർ തൊഴിലുടമകൾക്ക് നൽകിവരുന്നുണ്ട്. സംസ്ഥാനത്തെ തോട്ടം തൊഴിലാളികൾക്ക് മെച്ചപ്പെട്ട താമസസൗകര്യം ഒരുക്കുന്നതിനായി കേരള സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ഭവനം ഫൗണ്ടേഷൻ ഓഫ് കേരള മുഖേന പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. ഇതിന്റെ ഭാഗമായി പ്ലാന്റേഷൻ ഇൻസ്പെക്ടർമാർ മുഖേന തോട്ടം മേഖലയിൽ സമഗ്ര സർവ്വേ 2016-ൽ നടത്തിയിരുന്നു. സർവ്വേയുടെ അടിസ്ഥാനത്തിൽ സ്വന്തമായി വീടും, ഭൂമിയും ഇല്ലാത്ത തോട്ടം തൊഴിലാളികൾക്ക് ഭവനം ഫൗണ്ടേഷൻ മുഖേനയോ, കേരള സർക്കാരിന്റെ സമ്പൂർണ്ണ പാർപ്പിട പദ്ധതിയായ "ലൈഫ് മിഷൻ" മുഖേനയോ സ്വന്തമായി വീട് നിർമ്മിച്ച് നൽകുന്നതിനുള്ള പദ്ധതി സർക്കാർ പരിഗണിച്ചുവരികയാണ്. പദ്ധതി പ്രകാരം സ്വന്തമായി 3 സെന്റ് ഭൂമിയെങ്കിലും ഉള്ളവർക്ക് 400 sq. ft. ഉള്ള വ്യക്തിഗത വീടുകളും, സ്വന്തമായി സ്ഥലമില്ലാത്തവർക്ക് 400 sq. ft. ഉള്ള അപ്പാർട്ട്മെന്റുകളും നിർമ്മിച്ച് നൽകാൻ ഉദ്ദേശിക്കുന്നു. ഇതിൽ 2 ബെഡ്റൂം, മൾട്ടി പർപ്പസ് റൂം, അടുക്കള, കുളിമുറി എന്നീ സൗകര്യങ്ങൾ ഉണ്ടായിരിക്കും.

(സി) ഇപ്പോൾ പരിഗണനയിലില്ല.

**റാങ്ക് ലിസ്റ്റിന്റെ കാലപരിധി**

148 (771) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള എക്സൈസ് ഗാർഡ് റാങ്ക് ലിസ്റ്റിൽപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് 30 വയസ്സ് പ്രായപരിധിയും എൻട്രൻസ് ടെസ്റ്റ് യോഗ്യതയും നിർബന്ധമാക്കിയിട്ടുണ്ടോ;

(ബി) 2015-ൽ നിലവിൽവന്ന റാങ്ക് ലിസ്റ്റിന്റെ കാലപരിധി അവസാനിപ്പിച്ച് ഉത്തരവായിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ) നിലവിലുള്ള എക്സൈസ് സ്പെഷ്യൽ റൂൾസ് പ്രകാരം വനിതാ സിവിൽ എക്സൈസ് ഓഫീസർ/സിവിൽ എക്സൈസ് ഓഫീസർ ഉദ്യോഗാർത്ഥികളുടെ പ്രായപരിധി 31 വയസ്സാണ്. മാത്രമല്ല എൻഡ്യൂറൻസ് ടെസ്റ്റ് യോഗ്യതയും ആവശ്യമാണ്.

(ബി) സിവിൽ എക്സൈസ് ഓഫീസർ തസ്തിക ട്രെയിനി പോസ്റ്റായി മാറ്റുകയും സെലക്ഷൻ നടപടികളിൽ എൻഡ്യൂറൻസ് ടെസ്റ്റ് ഉൾപ്പെടുത്തുകയും ചെയ്തുകൊണ്ട് 3-10-2015 പ്രാബല്യത്തിൽ നിയമനചട്ടങ്ങളിൽ ഭേദഗതി വരുത്തിയതിനെ തുടർന്ന് 534/13 നമ്പർ പ്രകാരം നിലവിൽവന്ന റാങ്ക് പട്ടികയിൽനിന്നുള്ള നിയമന ശിപാർശ താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണെന്ന് പി.എസ്.സി. അറിയിച്ചിട്ടുണ്ട്. നിലവിലുള്ള റാങ്ക് ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരുടെ നിയമനത്തിന് സഹായകരമായ നിലയ്ക്ക് ചട്ടഭേദഗതി വരുത്തുന്നകാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

**അസംഘടിത തൊഴിലാളി ക്ഷേമനിധി ബോർഡ്**

149 (772) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അസംഘടിത തൊഴിലാളി ക്ഷേമനിധി ബോർഡ് രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ അതിന്റെ പുരോഗതി സംബന്ധിച്ച വിശദാംശം നൽകാമോ;

(ബി) തൊഴിലാളികൾക്ക് യുവിൻ കാർഡ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 2008-ലെ അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ നിയമപ്രകാരം കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് 25-2-2011-ലെ ജി.ഒ.(എം.എസ്.) നമ്പർ. 29/2011/തൊഴിൽ (എസ്.ആർ.ഒ. 156/2011) പ്രകാരം രൂപീകരിച്ചിട്ടുണ്ട്. കേരള കൈത്തൊഴിലാളി വിദഗ്ദ്ധ തൊഴിലാളി ക്ഷേമപദ്ധതി, കേരള ഗാർഹിക തൊഴിലാളി ക്ഷേമനിധി പദ്ധതി, കേരള പാചക തൊഴിലാളി ക്ഷേമനിധി പദ്ധതി, കേരള അലക്കു തൊഴിലാളി ക്ഷേമനിധി പദ്ധതി, കേരള ക്ഷേത്ര ജീവനക്കാരുടെ ക്ഷേമനിധി പദ്ധതി എന്നിവയാണ് കേരള അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡിന്റെ പരിധിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്. ബോർഡിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ ഓഫീസ് സംവിധാനവും തസ്തികകളും അനുവദിച്ചു നൽകിയിട്ടുണ്ട്. ബോർഡിന് കീഴിൽ വരുന്ന വിവിധ ക്ഷേമ പദ്ധതികൾ മുഖേനയുള്ള ആനുകൂല്യ വിതരണത്തിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) യുവിൻ കാർഡ് വിതരണവുമായി ബന്ധപ്പെട്ട് കേന്ദ്ര തൊഴിൽ മന്ത്രാലയത്തിന്റെ അന്തിമ മാർഗ്ഗ നിർദ്ദേശം ലഭിക്കാത്തതിനാൽ പ്രസ്തുത കാർഡ് വിതരണം ആരംഭിച്ചിട്ടില്ല.

**തൊഴിൽജന്യ രോഗങ്ങൾ**

150 (773) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശുചിത്വ സൗകര്യങ്ങളുടെയും, ചികിത്സാ സൗകര്യങ്ങളുടെയും അഭാവത്താൽ തൊഴിൽജന്യ രോഗങ്ങൾ കൂടി വരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തൊഴിൽജന്യ രോഗങ്ങൾ തടയാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഫാക്ടറീസ് ആക്ടിലെ ഷെഡ്യൂൾ 3 പ്രകാരം 29 തൊഴിൽജന്യ രോഗങ്ങൾ പ്രതിപാദിക്കുന്നു. കൊല്ലത്ത് സ്ഥാപിതമായ ഒക്യുപ്പേഷണൽ ഹെൽത്ത് റിസർച്ച് സെന്ററിലെ സൗകര്യങ്ങൾ ഉപയോഗിച്ച് തൊഴിൽജന്യ

രോഗങ്ങൾ കണ്ടുപിടിക്കുന്നതിനുള്ള സർവ്വേ 2015-16 കാലഘട്ടത്തിൽ ക്രഷർ ഫാക്ടറി തൊഴിലാളികളിലും, 2016-17 വർഷങ്ങളിൽ കശുവണ്ടി ഫാക്ടറി തൊഴിലാളികളിലും നടത്തുകയുണ്ടായി. ക്രഷർ ഫാക്ടറി തൊഴിലാളികളിൽ നടത്തിയ സർവ്വേയിൽ 4 തൊഴിലാളികളിൽ സിലിക്കോസിസ് എന്ന തൊഴിൽജന്യ രോഗം കണ്ടുപിടിക്കപ്പെട്ടിട്ടുണ്ട്. പ്രസ്തുത തൊഴിൽ സ്ഥലം ഇൻഡസ്ട്രിയൽ ഹൈജീൻ ലാബിന്റെ സഹായത്തോടെ പ്രസ്തുത രോഗത്തിന് കാരണമാകുന്ന സിലിക്കാ പൊടിപടലങ്ങൾ എന്നിവയുടെ അളവ് തിട്ടപ്പെടുത്തി പൊടിപടലങ്ങൾ പുറത്തേയ്ക്ക് വമിക്കുന്നത് ക്രഷർ യന്ത്രങ്ങളിൽ തടയുന്നതിനായി ഫാക്ടറി റൂളുകളിൽ ആവശ്യമായ ഭേദഗതി വരുത്തി തൊഴിൽജന്യ രോഗങ്ങൾ തടയുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. മറ്റ് തൊഴിലിടങ്ങളിലെ ആക്ടിൽ പ്രതിപാദിക്കുന്ന തൊഴിൽജന്യ രോഗങ്ങൾ സർവ്വേയിലൂടെ കണ്ടുപിടിച്ച് തടയുന്നതിനുവേണ്ട നടപടികൾ വകുപ്പ് വരുന്ന വർഷങ്ങളിലും ആസൂത്രണം ചെയ്തുവരുന്നു.

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്

151 (774) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി താലൂക്കിൽ ഒരു എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ഇല്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; തൊഴിൽ അന്വേഷകരുടെ സൗകര്യത്തിനായി പട്ടാമ്പിയിൽ ഒരു എപ്ലോയ്മെന്റ് എക്സ്ചേഞ്ച് സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) സംസ്ഥാനത്തെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകൾ കമ്പ്യൂട്ടർവൽക്കരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

(സി) തൊഴിൽ അന്വേഷകർക്ക് അവരുടെ അപേക്ഷയുടെ സ്റ്റാറ്റസ് അറിയുവാനുള്ള നടപടികൾ സ്വീകരിക്കുന്നത് ഈ രംഗത്തെ അഴിമതി കുറയുവാൻ സഹായകമാകുമെന്നുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പട്ടാമ്പി താലൂക്ക് ആസ്ഥാനമാക്കി പുതിയ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് ആരംഭിക്കണമെന്ന നിർദ്ദേശം സർക്കാർ പരിശോധിക്കുകയും ആയത് പരിഗണിക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്. നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിലെ 84 എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളും കമ്പ്യൂട്ടർവൽക്കരിച്ചുകഴിഞ്ഞിട്ടുണ്ട്. 35,88,399 പേരുടെ ഡാറ്റാ ഡിജിറ്റലൈസ് ചെയ്യുകയും അവ ഓൺലൈൻ സോഫ്റ്റ്‌വെയർ മുഖേന അതാത് ഓഫീസുകളിൽ ലഭ്യവുമാണ്. ഓൺലൈൻ സംവിധാനം നിലവിൽ വരുന്നതോടെ ഉദ്യോഗാർത്ഥികൾക്ക് എവിടെയിരുന്നും ഏതു സമയത്തും അവരുടെ രജിസ്ട്രേഷൻ വിവരങ്ങൾ അറിയാനും പുതിയ വിവരങ്ങൾ ചേർക്കുവാനും രജിസ്ട്രേഷൻ പുതുക്കാനും സാധിക്കുന്നതാണ്.

(സി) തൊഴിൽ അന്വേഷകർക്ക് അവരുടെ അപേക്ഷയുടെ സ്റ്റാറ്റസ് അറിയാനുള്ള നടപടികൾ സ്വീകരിക്കുന്നതോടെ ഈ രംഗം സുതാര്യമാക്കാൻ സാധിക്കുന്നതാണ്. നിലവിൽ ഉപയോഗത്തിലുള്ള ഓൺലൈൻ സോഫ്റ്റ്‌വെയർ പൊതുജനങ്ങൾക്ക് തുറന്നുകൊടുക്കുന്നതോടുകൂടി തൊഴിൽ അന്വേഷകർക്ക് അവരുടെ എംപ്ലോയ്മെന്റ് രജിസ്ട്രേഷൻ സ്റ്റാറ്റസ് എവിടെയിരുന്നും ഏത് സമയത്തും അറിയുവാൻ സാധിക്കുന്നതാണ്.

**ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾ**

152 (775) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ബുദ്ധിമാന്ദ്യമുള്ളവരുൾപ്പടെയുള്ള ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾ എത്ര പേർ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്തിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്ക് വ്യക്തമാക്കാമോ;

(ബി) ഇത്തരത്തിൽ ഏത് വർഷംവരെ രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികൾക്ക് ഇതിനകം ജോലി നൽകി; ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്ത് ബുദ്ധിമാന്ദ്യമുള്ളവരുൾപ്പടെയുള്ള ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് സ്വയംതൊഴിൽ കണ്ടെത്തുന്നതിന് 'കൈവല്യ പദ്ധതി' ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ഈ പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ഡി) ഈ പദ്ധതി പ്രകാരം ലഭിക്കുന്ന സാമ്പത്തിക സഹായത്തിന് എത്ര ശതമാനം പലിശയാണ് ഈടാക്കുന്നത്?

(ഇ) ഈ പദ്ധതിയുടെ ഉപാധികൾ എന്തൊക്കെയാണ്;

(എഫ്) കൈവല്യ പദ്ധതിമൂലം സാമ്പത്തിക സഹായം ലഭിക്കുന്ന ബുദ്ധിമാന്ദ്യമുൾപ്പെടെയുള്ള ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾക്ക് ഭാവിയിൽ സർക്കാർ ജോലി ലഭിക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള നിയമതടസ്സമുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ ബുദ്ധിമാന്ദ്യമുള്ളവരുൾപ്പെടെ 61912 ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു:

| ജില്ല | എണ്ണം |
|---|---|
| തിരുവനന്തപുരം | 11351 |
| കൊല്ലം | 6765 |
| പത്തനംതിട്ട | 2362 |
| ആലപ്പുഴ | 4449 |
| കോട്ടയം | 3569 |
| ഇടുക്കി | 1640 |
| എറണാകുളം | 5671 |
| തൃശ്ശൂർ | 4357 |
| പാലക്കാട് | 3955 |
| മലപ്പുറം | 4975 |
| കോഴിക്കോട് | 6460 |
| വയനാട് | 1169 |
| കണ്ണൂർ | 3287 |
| കാസർഗോഡ് | 1902 |
| ആകെ | 61912 |

(ബി) നിയമനത്തിനായി നാമനിർദ്ദേശം ചെയ്യപ്പെടുന്ന ഉദ്യോഗാർത്ഥികളുടെ രജിസ്ട്രേഷൻ സീനിയോറിറ്റി ഓരോ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും വ്യത്യസ്തമായിരിക്കും. മാത്രമല്ല എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അറിയിക്കപ്പെടുന്ന ഒഴിവുകളുടെ യോഗ്യത, സംവരണ വിഭാഗം എന്നിവയ്ക്കനുസരിച്ചും രജിസ്ട്രേഷൻ സീനിയോറിറ്റി വ്യത്യാസപ്പെടും. ഈ സാഹചര്യത്തിൽ കൃത്യമായ വിവരം ശേഖരിക്കേണ്ടതുണ്ട്.

(സി) ഉണ്ട്. സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ടുപോയ ഭിന്നശേഷിക്കാരെ മുഖ്യധാരയിലേയ്ക്ക് കൈപിടിച്ചുയർത്തുന്നതിനായി ആരംഭിച്ച കൈവല്യ പദ്ധതിയിൽ താഴെപ്പറയുന്ന നാല് ഘടകങ്ങളുണ്ട്.

1. വൊക്കേഷണൽ & കരിയർ ഗൈഡൻസ്
2. മത്സരപരീക്ഷകൾക്കുള്ള പരിശീലനം
3. കപ്പാസിറ്റി ബിൽഡിംഗ്
4. സ്വയം തൊഴിൽ സംരംഭങ്ങൾക്കുള്ള പലിശരഹിത വായ്പാ പദ്ധതി

കൈവല്യ പദ്ധതിയിലേയ്ക്കുള്ള അപേക്ഷാഫോറം എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും ലഭ്യമാണ്. ഉദ്യോഗാർത്ഥികൾക്ക് അവരവർ രജിസ്റ്റർ ചെയ്തിട്ടുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്.

(ഡി) ഈ പദ്ധതി പ്രകാരം സ്വയം തൊഴിൽ സംരംഭകർക്ക് പലിശ രഹിത വായ്പയാണ് നൽകുന്നത്. വായ്പത്തുകയുടെ 50 ശതമാനം (പരമാവധി 25,000 രൂപ) സബ്സിഡിയും നൽകുന്നു.

(ഇ)

1. കേരളത്തിലെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പി.ഡബ്ല്യു.ഡി. ആക്ടിൽ നിർവ്വചിച്ചിട്ടുള്ള പ്രകാരം 40 ശതമാനം ഭിന്നശേഷിയുടെ സർട്ടിഫിക്കറ്റ് സഹിതം രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ ഉദ്യോഗാർത്ഥികൾക്കും കൈവല്യ പദ്ധതിയിലേയ്ക്ക് അപേക്ഷിക്കാവുന്നതാണ്.
2. ഉദ്യോഗാർത്ഥികൾക്ക് അവർ രജിസ്റ്റർ ചെയ്തിട്ടുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ അപേക്ഷ നൽകാവുന്നതാണ്.

3. എല്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിലും അപേക്ഷ നൽകുന്ന ഉദ്യോഗാർത്ഥികളുടെ വിവരങ്ങൾ ഉൾപ്പെടുത്തി ഒരു ഡാറ്റാ ബാങ്ക് തയ്യാറാക്കാവുന്നതാണ്.
4. കൈവല്യയുടെ ഘടക പദ്ധതികളിലേയ്ക്ക് ഈ ഡാറ്റാ ബാങ്കിന്റെ അടിസ്ഥാനത്തിൽ ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നതായിരിക്കും.
5. സ്വയംതൊഴിൽ പദ്ധതിയിലേയ്ക്ക് അപേക്ഷിക്കുന്നതിന് അപേക്ഷകന്റെ പ്രായം 21-നും 55-നും മദ്ധ്യേ ആയിരിക്കണം.
6. സ്വയം തൊഴിൽ വായ്പ ലഭിക്കുന്നതിന് കുടുംബ വാർഷിക വരുമാനം രണ്ട് ലക്ഷം രൂപയിൽ കവിയാൻ പാടില്ല.
7. വില്ലേജ് ഓഫീസർ നൽകുന്ന വരുമാന സർട്ടിഫിക്കറ്റ് അപേക്ഷയോടൊപ്പം ഹാജരാക്കേണ്ടതാണ്.
8. ബി.പി.എൽ. റേഷൻ കാർഡ് ഉടമകൾ വരുമാന സർട്ടിഫിക്കറ്റ് ഹാജരാക്കേണ്ടതില്ല.
9. ജില്ലാ കളക്ടർ അദ്ധ്യക്ഷനായുള്ള ഒരു ജില്ലാതല സമിതിയാണ് വായ്പ നൽകുന്നതിനുള്ള സംരംഭകരെ തെരഞ്ഞെടുക്കുന്നത്.
10. വായ്പാത്തുക അപേക്ഷകന്റെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നേരിട്ട് നിക്ഷേപിക്കുകയാണ് ചെയ്യുന്നത്.
11. വായ്പാത്തുക 60 തുല്യ തവണകളായി തിരിച്ചടയ്ക്കേണ്ടതാണ്.
12. വായ്പ ലഭിക്കുന്നതിനായി തെരഞ്ഞെടുക്കപ്പെടുന്ന സംരംഭകൻ തിരിച്ചടവ് ഉറപ്പുവരുത്തുന്നതിനായുള്ള ബോണ്ട് ഒപ്പിട്ട് നൽകേണ്ടതാണ്.

(എഫ്) ഈ പദ്ധതി മുഖേന പലിശരഹിത സ്വയം തൊഴിൽ വായ്പ ലഭിച്ചിട്ടുള്ള ഉദ്യോഗാർത്ഥികളെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയുള്ള സ്ഥിരം നിയമനങ്ങൾക്കും വായ്പ തിരിച്ചടവും സംരംഭത്തിന്റെ നടത്തിപ്പും മുടങ്ങാത്ത വിധത്തിലാണെങ്കിൽ സംരംഭം നന്നായി തുടർന്നുപോകുമെന്ന ഉറപ്പിന്മേൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുവഴിയുള്ള താൽക്കാലിക നിയമനങ്ങൾക്കും പരിഗണിക്കുന്നതാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴിയായോ മറ്റേതെങ്കിലും ഏജൻസി വഴിയായോ സ്ഥിരനിയമനം ലഭിക്കുകയാണെങ്കിൽ, സബ്സിഡി ഒഴികെ ബാക്കിയുള്ള തിരിച്ചടവ് തുക ഒറ്റത്തവണയായി തിരിച്ചടയ്ക്കേണ്ടതാണ്.

## എംപ്ലോയബിലിറ്റി സെന്റർ

153 (776) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചിറ്റൂർ എംപ്ലോയബിലിറ്റി സെന്ററിന്റെ വികസനത്തിന് കൈക്കൊണ്ടിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ബി) യുവജനങ്ങൾക്കായി ടി പദ്ധതിയിൽ ഉൾപ്പെടുത്താനുദ്ദേശിക്കുന്ന പരിപാടികളെന്തെല്ലാം;

(സി) പ്രസ്തുത പദ്ധതിക്ക് മൊത്തം എത്ര രൂപ വകയിരുത്തിയിട്ടുണ്ട്;

(ഡി) ടി സെന്ററിലേയ്ക്ക് കരാറടിസ്ഥാനത്തിൽ എത്ര തസ്തികകൾ സൃഷ്ടിക്കുവാൻ ഉദ്ദേശിക്കുന്നുവെന്നും എത്രപേർക്ക് സെന്റർവഴി തൊഴിൽ നൽകാൻ ഉദ്ദേശിക്കുന്നുവെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ചിറ്റൂർ കരിയർ ഡെവലപ്മെന്റ് സെന്ററിന്റെ സേവനം ഉദ്യോഗാർത്ഥികൾക്ക് നല്ല രീതിയിൽ ലഭ്യമാക്കുന്നതിനുവേണ്ടി റിസപ്ഷൻ ഏരിയ, കൗൺസിലിംഗ് റൂം, കമ്പ്യൂട്ടർ പരിശീലനത്തിനായി പ്രത്യേക സൗകര്യങ്ങൾ, സ്മാർട്ട് ക്ലാസ്സ് റൂം, കരിയർ ലൈബ്രറി എന്നിവ സജ്ജീകരിച്ചിട്ടുണ്ട്.

(ബി) കരിയർ ഇൻഫർമേഷൻ, വ്യക്തിഗത ഗൈഡൻസ്, ഗ്രൂപ്പ് ഗൈഡൻസ്, കരിയർ കൗൺസിലിംഗ്, കരിയർ ഇന്ററസ്റ്റ് ഗോൾ സെറ്റിംഗ്, പ്രീ ഇന്റർവ്യൂ പരിശീലനം, വ്യക്തിത്വ വികസന പരിപാടികൾ, അനുയോജ്യമായ കോഴ്സുകളുടെ തെരഞ്ഞെടുപ്പ് എന്നിവയിലൂടെയും മത്സര പരീക്ഷാ പരിശീലന പരിപാടികൾ, മോക്ക് ഇന്റർവ്യൂ എന്നിവയിലൂടെയും മികച്ച കോഴ്സുകളും തൊഴിലും നേടിയെടുക്കുവാൻ ഉദ്യോഗാർത്ഥികളെ പ്രാപ്തരാക്കുകയാണ് കരിയർ ഡെവലപ്മെന്റ് സെന്ററിന്റെ പ്രവർത്തനംകൊണ്ട് ലക്ഷ്യമിടുന്നത്. കൂടാതെ വിദ്യാഭ്യാസ മേഖലയിൽ ഉണ്ടാകുന്ന പുതിയ കോഴ്സുകളെക്കുറിച്ചും തൊഴിൽ മേഖലയിലെ നൂതന പ്രവണതകളെക്കുറിച്ചും അറിവ് പകർന്നു നൽകുക, ഉദ്യോഗാർത്ഥിയുടെ സ്കിൽ, എബിലിറ്റി, ആപ്റ്റിറ്റ്യൂഡ് എന്നിവ ടെസ്റ്റ് ചെയ്ത് തൊഴിലിനുള്ള സ്വീകാര്യതയും നിലവാരവും മനസ്സിലാക്കിക്കൊടുക്കുക, മൃദു നൈപുണ്യ പരിശീലനം നൽകി പ്രൊഫഷണൽ സമീപനം ഉള്ളവരാക്കി മാറ്റുക എന്നിവയും ടി സെന്ററുകൾ മുഖേന നടത്തുവാൻ ഉദ്ദേശിക്കുന്നു.

(സി) 2017-18 സാമ്പത്തിക വർഷം എട്ട് കോടി രൂപയാണ് കേരളത്തിലെ എംപ്ലോയബിലിറ്റി സെന്റർ/സി.ഡി.സി. പദ്ധതിക്ക് വകയിരുത്തിയിട്ടുള്ളത്.

(ഡി) ചിറ്റൂർ കരിയർ ഡെവലപ്മെന്റ് സെന്ററിലേയ്ക്ക് അസിസ്റ്റന്റ് സെന്റർ മാനേജർ-കം-കരിയർ കൗൺസിലർ, ഐ.ടി. ഓഫീസർ, ഫ്രണ്ട് ഓഫീസ് മാനേജർ, ഓഫീസ് അറ്റൻഡന്റ് എന്നീ തസ്തികകൾ കരാറടിസ്ഥാനത്തിൽ സൃഷ്ടിക്കണമെന്നുള്ള വിവരങ്ങൾ ഉൾപ്പെടുത്തിയ പ്രോജക്റ്റ് റിപ്പോർട്ട് സർക്കാരിന്റെ പരിശോധനയിലാണ്. ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ മാർഗ്ഗനിർദ്ദേശങ്ങളും ആവശ്യമായ പരിശീലനവും നൽകുകയാണ് പ്രധാനമായും കരിയർ ഡെവലപ്മെന്റ് സെന്ററുകൾകൊണ്ട് ഉദ്ദേശിക്കുന്നത്.

**നൈപുണ്യ പദ്ധതി**

154 (777) ശ്രീ. ആർ. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നൈപുണ്യ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) നൈപുണ്യ യോഗ്യതാ ചട്ടക്കൂടിൽ ഉൾപ്പെടാത്തതിനാൽ കേരളത്തിൽ നിന്നുള്ള കുട്ടികൾക്ക് കേന്ദ്ര സർക്കാർ ജോലിക്ക് അപേക്ഷിക്കാൻ കഴിയുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇത് പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) 'നൈപുണ്യ' എന്ന പേരിൽ ഒരു പദ്ധതി വകുപ്പിൽ നടപ്പിലാക്കുന്നില്ല. തൊഴിൽ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് (KASE) നടപ്പിലാക്കിവരുന്ന വിവിധ നൈപുണ്യ വികസന പദ്ധതികൾ താഴെപ്പറയുന്നവയാണ്.

1. മികവിന്റെ കേന്ദ്രങ്ങൾ

2. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് കൺസ്ട്രക്ഷൻ

3. കൗശൽ കേന്ദ്രങ്ങൾ

4. എംപ്ലോയബിലിറ്റി സെന്ററുകൾ
5. കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ (KSID)
6. കരിയർ ഡെവലപ്മെന്റ് സെന്റർ

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. വ്യാവസായിക പരിശീലന വകുപ്പിന്റെ കീഴിലുള്ള ഐ.ടി.ഐ.-കളിൽ നടത്തുന്ന ട്രേഡുകളുടെ സിലബസ് നൈപുണ്യ യോഗ്യതാ ചട്ടക്കൂടിൽ (National Skill Qualification Frame Work)-ൽ ഉൾപ്പെടുത്തി ഡയറക്ടർ ജനറൽ ഓഫ് ട്രെയിനിംഗ് (DGT), ന്യൂഡൽഹി ഇതിനോടകം പരിഷ്കരിച്ചിട്ടുണ്ട്. സെന്റർ ഓഫ് എക്സലൻസും അക്രഡിറ്റഡ് സ്ഥാപനങ്ങളുംവഴി KASE നടപ്പിലാക്കുന്ന എല്ലാ നൈപുണ്യ പരിശീലന പദ്ധതികളും നൈപുണ്യ യോഗ്യതാ ചട്ടക്കൂടിനുള്ളിൽ ഉൾക്കൊള്ളിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഐ.ടി.ഐ.-ക്ക് സ്വന്തം കെട്ടിടം**

155 (778) ശ്രീ. എം. സ്വരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃപ്പൂണിത്തുറ മണ്ഡലത്തിലെ മരട് ഐ.ടി.ഐ.-ക്ക് സ്വന്തം കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികളുടെ ഇന്നത്തെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) എത്രയുംവേഗം ഈ നിർമ്മാണം പൂർത്തിയാക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ നൽകുമോ;

(സി) എന്നത്തേയ്ക്ക് ഈ നിർമ്മാണം പൂർത്തീകരിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത് എന്ന് വ്യക്തമാക്കാമോ;?

ഉത്തരം

(എ) മരട് ഐ.ടി.ഐ.-ക്കാവശ്യമായ 2205 ചതുരശ്ര മീറ്റർ കെട്ടിടം നിർമ്മിക്കുന്നതിന് 2015-16 വർഷം 3.99 കോടി രൂപ അനുവദിക്കുകയും പി.ഡബ്ല്യു.ഡി. തുടർ നടപടി സ്വീകരിക്കുകയും ചെയ്തു. മണ്ണ് പരിശോധന പൂർത്തിയായി. അപ്രൂവ്ഡ് ബിൽഡിംഗ് പ്ലാനും സ്ട്രക്ചറൽ ഡിസൈനും തയ്യാറാക്കുന്നതിനുള്ള നടപടി പൊതുമരാമത്ത് വകുപ്പിൽ സ്വീകരിച്ചുവരുന്നുണ്ട്.

(ബി&സി) ഈ നിർമ്മാണം എത്രയും വേഗം പൂർത്തിയാക്കാൻ ട്രെയിനിംഗ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**വൈഗാ ത്രെഡ്സ് കമ്പനി**

156 (779) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ പാട്ടത്തിന് നൽകിയ സ്ഥലത്ത് പ്രവർത്തിച്ചുവന്നിരുന്ന ചാലക്കുടി മണ്ഡലത്തിലെ കൊരട്ടിയിലെ വൈഗാ ത്രെഡ്സ് കമ്പനി പ്രവർത്തനം അവസാനിപ്പിച്ചിട്ട് വർഷങ്ങൾ പിന്നിട്ടിട്ടും പ്രസ്തുത സ്ഥലം തിരിച്ചെടുക്കുന്നതിനും, കമ്പനിയിലെ തൊഴിലാളികളുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും, അർഹമായ കോമ്പൻസേഷനുകൾ അനുവദിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇത് സംബന്ധിച്ച നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(സി) നടപടികൾ പൂർത്തീകരിക്കുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കാമോ?

ഉത്തരം

(എ) ഉണ്ട്. ഇത് സംബന്ധിച്ച നടപടികൾ സർക്കാരിലെ വ്യവസായ, റവന്യൂ വകുപ്പുകൾ സ്വീകരിച്ചുവരുന്നു,

(ബി & സി) വൈഗാ ത്രെഡ്സ് കമ്പനിക്ക് സർക്കാർ പാട്ടത്തിന് നൽകിയ ഭൂമി മുഴുവനായും സർക്കാരിലേയ്ക്ക് ഏറ്റെടുത്തിട്ടുള്ളതാണ്. M/s വൈഗാ ത്രെഡ്സ് പ്രോസസേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് ഇതിനകം അടച്ചുപൂട്ടിക്കഴിഞ്ഞതും സ്ഥാപനത്തിന്റെ Asset and effects ബഹുമാനപ്പെട്ട കർണാടക ഹൈക്കോടതിയുടെ 5-3-2015-ലെ കമ്പനി പെറ്റീഷൻ നമ്പർ 90/08 ഉത്തരവിന്റെ അടിസ്ഥാനത്തിൽ Official Liquidator of Karnataka-യുടെ സംരക്ഷണത്തിലായിട്ടുള്ളതുമാണ്. കമ്പനിക്കെതിരെ claim petition ബഹുമാനപ്പെട്ട കർണ്ണാടക ഹൈക്കോടതിയിൽ ഫയൽ ചെയ്യുന്നതിനുവേണ്ടി counsel-നെ ചുമതലപ്പെടുത്തുന്ന വിഷയം അഡ്വക്കേറ്റ് ജനറലിന്റെ പരിഗണനയിലാണ്.

ഈ വിഷയത്തിൽ സർക്കാർ താൽപ്പര്യവും തൊഴിലാളികളുടെ അവകാശങ്ങളും സംരക്ഷിക്കുന്നതിന് വ്യക്തമായ നിർദ്ദേശം ലിക്വിഡേറ്റർ മുമ്പാകെ സമർപ്പിക്കുന്നതിനായി കർണാടക ഹൈക്കോടതിയിൽ ഒരു അഡ്വക്കേറ്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. സർക്കാരിന് ലഭിക്കേണ്ട എല്ലാ തുകയും ഈടാക്കുന്നതിന് എല്ലാ വകുപ്പുകളുടെയും ഒരു യോഗം കൂടുകയും അതുപ്രകാരം കമ്പനിയിൽനിന്നും സർക്കാരിന് ലഭിക്കേണ്ട ബാധ്യതകൾ സംബന്ധിച്ച് തൃശ്ശൂർ ജില്ലാ കളക്ടർ സമർപ്പിച്ച സ്റ്റേറ്റ്മെന്റ് ഒഫിഷ്യൽ ലിക്വിഡേറ്റർ മുമ്പാകെ സമർപ്പിക്കുന്നതിനായി മേൽ സൂചിപ്പിച്ച പ്രകാരം ചുമതലപ്പെടുത്തിയ അഡ്വക്കേറ്റിന് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്.

## പുതിയ കോഴ്സുകൾ

157 (780) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിലെ മാടായി ഐ.ടി.ഐ.-യിൽ ഇപ്പോൾ ഏതൊക്കെ കോഴ്സുകളാണ് നിലവിലുള്ളത്;

(ബി) പുതിയ കോഴ്സുകൾ തുടങ്ങുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഏതൊക്കെ ട്രേഡുകളാണ് പുതുതായി അനുവദിച്ചിട്ടുള്ളത്; വിശദാംശം നൽകുമോ?

### ഉത്തരം

(എ) ആർക്കിടെക്ച്ചറൽ അസിസ്റ്റന്റ് (2 യൂണിറ്റ്), കമ്പ്യൂട്ടർ ഓപ്പറേറ്റർ ആന്റ് പ്രോഗ്രാമിംഗ് അസിസ്റ്റന്റ് (2 യൂണിറ്റ്) എന്നീ രണ്ട് എസ്.സി.വി.ടി. ട്രേഡുകളാണ് മാടായി ഐ.ടി.ഐ.-യിൽ നിലവിലുള്ളത്.

(ബി&സി) മാടായി ഐ.ടി.ഐ.-യിൽ പുതിയ ട്രേഡുകൾ തുടങ്ങുന്ന വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

## എൻഫോഴ്സ്മെന്റ് വിഭാഗം

158 (781) ശ്രീ. എസ്. ശർമ്മ:
ശ്രീ. സി. കൃഷ്ണൻ:
ശ്രീ. ബി. സത്യൻ:
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊഴിൽ വകുപ്പിന്റെ എൻഫോഴ്സ്മെന്റ് വിഭാഗം ശക്തിപ്പെടുത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദ വിവരം വ്യക്തമാക്കാമോ;

(ബി) തൊഴിലാളികൾക്ക് തൊഴിൽ നിയമപ്രകാരമുള്ള ആനുകൂല്യങ്ങളും തൊഴിൽ പരിരക്ഷയും മിനിമം വേതനവും ലഭിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താനായി എൻഫോഴ്സ്മെന്റ് വിഭാഗം സ്വകാര്യസ്ഥാപനങ്ങളിൽ പരിശോധന നടത്താറുണ്ടോ;

(സി) സ്വകാര്യ മേഖലയിൽ എൻഫോഴ്സ്മെന്റ് വിഭാഗത്തിന്റെ പ്രവർത്തനം കൂടുതൽ ഫലപ്രദമാക്കുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സ്വീകരിച്ചിട്ടുണ്ട്. വിവിധ തൊഴിൽ നിയമങ്ങൾ പ്രകാരമുള്ള രജിസ്ട്രേഷൻ, റിന്യൂവൽ, ഭേദഗതി എന്നിവയ്ക്ക് ഓൺലൈൻ സംവിധാനം മുഖേന അപേക്ഷിക്കുന്നതിനായി ലേബർ കമ്മീഷണറേറ്റ് ഓട്ടോമേഷൻ സിസ്റ്റം (LCAS) നടപ്പിലാക്കിയിട്ടുണ്ട്. അസംഘടിത മേഖലയിലെ തൊഴിലാളികൾക്ക് മിനിമം വേതനം ലഭ്യമാക്കുന്നതിനായി വേതന സുരക്ഷാ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പദ്ധതിവഴി തൊഴിലാളികൾക്ക് ബാങ്ക് മുഖേന വേതനം ലഭ്യമാക്കുന്നതോടൊപ്പം നിയമം അനുശാസിക്കുന്ന കുറഞ്ഞ വേതനം യഥാസമയം ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനും കൂടാതെ വേജ് സ്ലിപ്പ് നേരിട്ട് ഓൺലൈൻ മുഖേന ലഭ്യമാക്കുന്നതിനും കഴിയുന്നതാണ്. 1948-ലെ മിനിമം വേതന നിയമപ്രകാരവും 1936-ലെ വേതനം കൊടുക്കൽ നിയമപ്രകാരവും നിശ്ചയിക്കപ്പെട്ട വേതനം തൊഴിലാളികൾക്ക് കൃത്യസമയത്ത് ലഭ്യമാകുന്നുണ്ടോയെന്ന് തൊഴിൽ വകുപ്പിലെ ഇൻസ്പെക്ടർമാർക്ക് ഓൺലൈൻ ആയിത്തന്നെ പരിശോധിക്കുന്നതിനും ഇതിൽ വീഴ്ച വരുത്തുന്ന സ്ഥാപനങ്ങൾക്കെതിരെ നിയമനടപടികൾ സ്വീകരിക്കുന്നതിനും കഴിയും. തൊഴിൽ വകുപ്പ് ആരംഭിച്ച കോൾസെന്റർ മുഖേന വകുപ്പിനെ സംബന്ധിച്ചുള്ള സംശയങ്ങളും പരാതികളും 155214/180042555214 എന്നീ നമ്പരുകളിൽ രാവിലെ 7 മണി മുതൽ വൈകുന്നേരം 7 മണി വരെ വിളിച്ച് പരിഹരിക്കാവുന്നതാണ്. എല്ലാ ഇൻസ്പെക്ടർമാർക്കും CUG സിം കാർഡ് നൽകിയിട്ടുണ്ട്. ഹെൽപ്പ്ലൈനിലൂടെ ലഭിക്കുന്ന പരാതികൾ തത്സമയം രജിസ്റ്റർ ചെയ്യപ്പെടുകയും അതാത് ഇൻസ്പെക്ടർമാർക്ക് യഥാസമയംതന്നെ അതിന്മേൽ നടപടി സ്വീകരിക്കുന്നതിനും കഴിയുന്നു. 2017-ൽ നാളിതുവരെ 10380 സ്ഥാപന പരിശോധനകൾ നടത്തുകയും 1437 പ്രോസിക്യൂഷനും 121 ക്ലെയിം പെറ്റീഷനും ഫയൽ ചെയ്യുകയും ചെയ്തിട്ടുണ്ട്.

(ബി) ഉണ്ട്. തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം ഉദ്യോഗസ്ഥർ, സ്വകാര്യ സ്ഥാപനങ്ങളിൽ പരിശോധന നടത്തി വിവിധ തൊഴിൽ നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾ ജീവനക്കാർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താറുണ്ട്.

(സി) സ്വീകരിക്കും. തൊഴിൽ മേഖലയുമായി ബന്ധപ്പെട്ടവരുടെ പ്രശ്നങ്ങൾ പരിശോധിച്ച് പരിഹാരം കണ്ടെത്തുവാനും മാന്യമായ വേതനവും വേതനവ്യവസ്ഥകളും തൊഴിലുറപ്പും സംരക്ഷിച്ച് തൊഴിലാളികളെ മുഖ്യധാരയിൽ കൊണ്ടുവരുന്നതിനുമായി തൊഴിൽ വകുപ്പിലെ എൻഫോഴ്സ്മെന്റ് വിഭാഗം

ഉദ്യോഗസ്ഥർ സ്വകാര്യ സ്ഥാപനങ്ങളിൽ പരിശോധന നടത്തുകയും വിവിധ തൊഴിൽ നിയമപ്രകാരമുള്ള ആനുകൂല്യങ്ങൾ ജീവനക്കാർക്ക് ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യാറുണ്ട്. കൂടാതെ തൊഴിലാളികൾക്ക് തൊഴിൽ പരിരക്ഷ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി ജീവനക്കാർക്ക് വിശ്രമത്തിനും വിശ്രമ വേളകളിൽ ഇരിക്കാനുമുള്ള സൗകര്യംകൂടി തൊഴിലുടമ സ്ഥാപനത്തിൽ നൽകണമെന്ന വ്യവസ്ഥയും ക്രഷ്, ടോയ്ലെറ്റ് സൗകര്യം എന്നിവ സജ്ജീകരിക്കണമെന്ന വ്യവസ്ഥയും ഉൾപ്പെടുത്തി 1961-ലെ കേരള ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് (ചട്ടങ്ങളിൽ) ഭേദഗതി പുറപ്പെടുവിച്ചിട്ടുണ്ട്. തൊഴിലാളികൾക്ക് തൊഴിലിടങ്ങളിൽ ഇരിപ്പിടങ്ങൾ നൽകുന്നതിനും നിയമലംഘനങ്ങൾക്കുള്ള പിഴത്തുക വർദ്ധിപ്പിച്ചുകൊണ്ടുമുള്ള കേരള ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് ചട്ടങ്ങളിലുള്ള ഭേദഗതി സർക്കാർ പരിഗണനയിലാണ്. മിനിമം വേതന നിയമലംഘനങ്ങൾക്കുള്ള പിഴത്തുക വർദ്ധിപ്പിച്ചുകൊണ്ടും ടി നിയമത്തിലെ സെക്ഷൻ 20 (1) പ്രകാരം മിനിമം വേജസ് ക്ലെയിം കേസ്സുകളുടെ അതോറിറ്റിയായി ഡെപ്യൂട്ടി ലേബർ കമ്മീഷണർമാരെ നിയമിച്ചുകൊണ്ടുമുള്ള ഭേദഗതി ബിൽ സർക്കാർ പാസ്സാക്കിയിട്ടുണ്ട്. തൊഴിൽ സ്ഥാപനങ്ങളുടെ ഗുണനിലവാരം മെച്ചപ്പെടുത്തി മെച്ചപ്പെട്ട തൊഴിൽ അന്തരീക്ഷം സൃഷ്ടിക്കുന്നതിനായി കേരള ഷോപ്പ് ആന്റ് കൊമേഴ്സ്യൽ എസ്റ്റാബ്ലിഷ്മെന്റ് നിയമത്തിനുകീഴിൽ വരുന്ന സ്ഥാപനങ്ങളിൽ ഗ്രേഡിംഗ് സിസ്റ്റം നടപ്പിലാക്കുന്നത് സംബന്ധിച്ചുള്ള നടപടിയും സർക്കാർ പരിഗണനയിലാണ്. സംസ്ഥാനത്ത് വിവിധ സ്വകാര്യ മേഖലകളിൽ ജോലി ചെയ്യുന്ന ജീവനക്കാരുടെ വേതനം ബാങ്ക് വഴി നൽകുന്നതിനായുള്ള വേതന സുരക്ഷാ പദ്ധതി (ഇ-പേയ്മെന്റ്) വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. തൊഴിൽ തർക്കങ്ങൾ ഉണ്ടാകുമ്പോൾ ബന്ധപ്പെട്ട കൺസീലിയേഷൻ/അഡ്ജൂഡിക്കേഷൻ സംവിധാനങ്ങൾ ഉപയോഗിച്ച് സമയബന്ധിതമായി തീർപ്പ് കൽപ്പിച്ച് തൊഴിലാളികളുടെ പരാതികൾക്ക് നിവൃത്തി കാണാറുണ്ട്. 75 തൊഴിൽ മേഖലകളിൽ മിനിമം വേതനം നിശ്ചയിച്ചിട്ടുണ്ട്. കൂടാതെ നിർമ്മാണ മേഖല ഉൾപ്പെടെയുള്ള സ്വകാര്യ മേഖലയിൽ തൊഴിൽ ചെയ്യുന്ന തൊഴിലാളികളുടെ വിവിധ നിയമപ്രകാരമുള്ള സേവനവേതന വ്യവസ്ഥകൾ ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി സ്ഥാപന പരിശോധനകൾ, സ്ക്വാഡ് ഇൻസ്പെക്ഷൻ, സ്പെഷ്യൽ ഡ്രൈവ് എന്നിവ നടത്തുന്നുണ്ട്. 2017-ൽ 10380 സ്ഥാപനപരിശോധനകൾ നടത്തുകയും 1437 പ്രോസിക്യൂഷൻ, 121 ക്ലെയിം പെറ്റീഷൻ എന്നിവ നൽകി തുടർനടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.

## സ്കിൽ ഡെവലപ്മെന്റ് ഇനിഷ്യേറ്റീവ് പ്രോഗ്രാം

159 (782) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കേന്ദ്രസർക്കാർ സഹായത്തോടെ തൊഴിൽ വകുപ്പിന് കീഴിൽ സ്കിൽ ഡെവലപ്മെന്റ് ഇനിഷ്യേറ്റീവ് പ്രോഗ്രാം എന്ന പേരിൽ ഒരു പദ്ധതി നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ ഉദ്ദേശ്യ-ലക്ഷ്യങ്ങൾ എന്തെല്ലാമാണ്;വിശദാംശം നൽകുമോ;

(സി) പദ്ധതി ആരംഭിച്ചതുമുതൽ നാളിതുവരെയായി എത്രപേർക്ക് ഇതിന്റെ ഗുണഫലം ലഭിച്ചിട്ടുണ്ട്; ജില്ല തിരിച്ചുള്ള വിശദവിവരം ലഭ്യമാക്കുമോ;

(ഡി) ഇതിനായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ എത്ര തുകയാണ് ഓരോ വർഷവും അനുവദിച്ചിട്ടുള്ളതെന്നും അവ എങ്ങനെ ചെലവഴിച്ചുവെന്നുമുള്ള വിശദാംശം കൂടി ലഭ്യമാക്കുമോ?

ഉത്തരം

(എ) സ്കിൽ ഡെവലപ്മെന്റ് ഇനിഷ്യേറ്റീവ് സ്കീം എന്ന പേരിൽ ഒരു പദ്ധതി നിലവിലുണ്ട്.

(ബി) സ്കൂൾ വിദ്യാഭ്യാസം ഇടയ്ക്കുവച്ച് മുടങ്ങിപ്പോയവർക്കും വൈദഗ്ദ്ധ്യമില്ലാതെ തൊഴിലെടുത്തുകൊണ്ടിരിക്കുന്ന തൊഴിലാളികൾക്കും ഐ.ടി.ഐ പാസ്സായവർക്കും വിവിധ ട്രേഡുകളിൽ തൊഴിൽ പരിശീലനം നൽകി അവരുടെ തൊഴിൽ നൈപുണ്യം വർദ്ധിപ്പിച്ച് സർക്കാർ-സർക്കാരിതര തൊഴിൽ മേഖലകളിൽ ജോലിക്ക് സന്നദ്ധരാക്കുക എന്നുള്ളതാണ് ഈ പദ്ധതിയുടെ മുഖ്യ ഉദ്ദേശ്യം.

(സി) പദ്ധതി ആരംഭിച്ച 2007 മേയ് മുതൽ 31-3-2017 വരെ ഈ പദ്ധതി മുഖേന 31842 പേർക്ക് ട്രെയിനിംഗ് വിജയകരമായി പൂർത്തിയാക്കി സർട്ടിഫിക്കറ്റ് നൽകിയിട്ടുണ്ട്.

ഇവരുടെ ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| 1 | തിരുവനന്തപുരം | 1675 |
| 2 | കൊല്ലം | 2737 |
| 3 | പത്തനംതിട്ട | 2487 |
| 4 | ആലപ്പുഴ | 1126 |
| 5 | കോട്ടയം | 4414 |
| 6 | ഇടുക്കി | 165 |
| 7 | എറണാകുളം | 2166 |
| 8 | തൃശ്ശൂർ | 2597 |
| 9 | പാലക്കാട് | 1004 |
| 10 | കോഴിക്കോട് | 3914 |
| 11 | മലപ്പുറം | 7371 |
| 12 | കണ്ണൂർ | 1375 |
| 13 | വയനാട് | 811 |
| | ആകെ | 31842 |

(ഡി) ഇതിനായി കേന്ദ്ര സർക്കാരിൽനിന്നും 17.93 കോടി രൂപ (31-3-2017 വരെ) ലഭിച്ചിട്ടുണ്ട്. അതിൽ ട്രെയിനിംഗ് & അസ്സസ്സിംഗ് ഫീസ് ഇനത്തിലും ഭരണചെലവുകൾക്കുമായി ആകെ 16.34 കോടി രൂപ ചെലവായിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | വർഷം | ഫണ്ട് ലഭിച്ചത് (കോടിയിൽ) | ഫണ്ട് വിനിയോഗം (കോടിയിൽ) |
|---|---|---|---|
| 1 | 2011-12 | 2.07 | ഇല്ല |
| 2 | 2012-13 | 12.98 | 0.63 |
| 3 | 2013-14 | ഇല്ല | 2.45 |
| 4 | 2014-15 | ഇല്ല | 10.48 |
| 5 | 2015-16 | 0.92 | 2.26 |
| 6 | 2016-17 | 1.96 | 0.52 |
| | ആകെ | 17.93 | 16.34 |

100 ശതമാനം കേന്ദ്ര ഫണ്ട് ലഭിക്കുമെന്ന നിഗമനത്തിൽ 2015-16, 2016-17 സാമ്പത്തിക വർഷത്തിൽ പദ്ധതി നടപ്പിലാക്കാൻ 20 കോടി രൂപ സംസ്ഥാന ബജറ്റിൽ വകയിരുത്തിയിരുന്നു. എന്നാൽ കേന്ദ്ര സർക്കാരിൽനിന്നും 91.90 ലക്ഷം രൂപ മാത്രമേ അനുവദിച്ചിരുന്നുള്ളൂ. 2015-16-ൽ 50 ലക്ഷവും 2016-17-ൽ 41.9 ലക്ഷം രൂപയുമായി 2230-101-67-SDIS ശീർഷകം മുഖേന പിൻവലിച്ചിട്ടുണ്ട്.

**ഐ.ടി.ഐ.-യുടെ വികസനം**

160 (783) <u>ശ്രീ. ബി. ഡി. ദേവസ്സി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി ഗവൺമെന്റ് ഐ.ടി.ഐ.-യുടെ വികസനത്തിനും അന്താരാഷ്ട്ര നിലവാര സൗകര്യം ഒരുക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) ഇതിന്റെ ഭാഗമായി എന്തെല്ലാം പുതിയ സൗകര്യങ്ങളാണ് ചാലക്കുടി ഗവൺമെന്റ് ഐ.ടി.ഐ.-യിൽ ഏർപ്പെടുത്തുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) ഐ.ടി.ഐ.-യിൽ വിദ്യാർത്ഥികളുടെ ഹോസ്റ്റൽ കെട്ടിടം പുതുക്കി പണിയുന്നതിനും സ്റ്റാഫിനായി പുതിയ ഫ്ലാറ്റ് സമുച്ചയം നിർമ്മിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) മാന്ദ്യവിരുദ്ധ പാക്കേജിൽ ഉൾപ്പെടുത്തി 10 ഐ.ടി.ഐ.കളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന പദ്ധതിയിൽ ചാലക്കുടി ഐ.ടി.ഐ.-യെയും ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിലേക്കായുള്ള വിശദമായ പദ്ധതി റിപ്പോർട്ട് കേരള അക്കാഡമി ഫോർ സ്കിൽസ് എക്സലൻസ് തയ്യാറാക്കിവരുന്നു.

(സി) ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ഹോസ്റ്റൽ, സ്റ്റാഫ് ക്വാർട്ടേഴ്സ് ഉൾപ്പെടെയുള്ള നിർമ്മാണ പ്രവൃത്തികൾക്ക് അനുമതി നൽകുന്ന വിഷയം സർക്കാർ പരിശോധിക്കുന്നതാണ്.

**പരിശീലനം**

161 (784) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർമ്മാണത്തൊഴിലാളികൾക്കും, സാങ്കേതിക വിദഗ്ദ്ധർക്കും പരിശീലനം നൽകാൻ സർക്കാർ തലത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) നിർമ്മാണ മേഖലയിലെ നൂതന യന്ത്രോപകരണങ്ങളിൽ വിദഗ്ദ്ധ പരിശീലനം നൽകുന്നതിനായി സർക്കാർ നിയന്ത്രണത്തിൽ ഇൻസ്റ്റിറ്റ്യൂട്ട് നിലവിലുണ്ടോ; എങ്കിൽ എത്ര പേർക്ക് ഇതിനകം പരിശീലനം നൽകി എന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) കേന്ദ്ര നിയമമായ ബിൽഡിംഗ് & അദർ കൺസ്ട്രക്ഷൻ വർക്കേഴ്സ് വെൽഫെയർ സെസ്സ് ആക്ട് പ്രകാരം ബിൽഡിംഗ് സെസ്സ് കളക്ഷന്റെ 20 ശതമാനം തുക നൈപുണ്യ വികസനത്തിനായി നീക്കിവയ്ക്കേണ്ടതാണ്.

കൺസ്ട്രക്ഷൻ മേഖലകളിൽ ഉരുത്തിരിയുന്ന തൊഴിലവസരങ്ങളെ പ്രയോജനപ്പെടുത്താൻ ശാസ്ത്രീയമായി തയ്യാറാക്കിയ പ്രത്യേക പരിശീലന പദ്ധതികളിലൂടെ തീവ്രപരിശീലനം നൽകി അതിവിദഗ്ദ്ധ തൊഴിൽ പ്രൊഫഷണലുകളെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ കൊല്ലം ജില്ലയിലെ ചവറയിൽ ആരംഭിക്കുന്ന ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ചർ ആന്റ് കൺസ്ട്രക്ഷന്റെ (IIIC) ഒന്നാം ഘട്ട നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി. അന്താരാഷ്ട്ര നിലവാരത്തിലുള്ള കൺസ്ട്രക്ഷൻ എഞ്ചിനീയറിംഗ് ആന്റ് മാനേജ്മെന്റ് കോഴ്സുകളും മേസണറി, കാർപെന്ററി, പ്ലംബിംഗ്, ഇലക്ട്രിക്കൽ, ഡ്രാഫ്റ്റ്സ്മാൻ, സൂപ്പർവൈസർ, സൈറ്റ് മാനേജർ എന്നീ വ്യത്യസ്ത മേഖലകളിൽ നൈപുണ്യ വികസനത്തിനുതകുന്ന കോഴ്സുകളുമാണ് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് കൺസ്ട്രക്ഷനിലൂടെ (IIIC) ലഭ്യമാക്കുന്നത്. ഐ.ടി.ഐ. സർട്ടിഫിക്കറ്റ്/ ഡിപ്ലോമ/എഞ്ചിനീയറിംഗ് ബിരുദധാരികൾക്ക് രാജ്യത്തിനകത്തും പുറത്തും തൊഴിൽ ലഭ്യത ഉറപ്പുവരുത്തുവാൻ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് കൺസ്ട്രക്ഷനിലൂടെ (IIIC) സാധിക്കും. ബിൽഡിംഗ് കൺസ്ട്രക്ഷൻ അക്കാദമി ഓഫ് സിംഗപ്പൂർ, നാഷണൽ കൺസ്ട്രക്ഷൻ കോളേജ് ഓഫ് യുണൈറ്റഡ് കിംഗ്ഡം തുടങ്ങിയ അന്താരാഷ്ട്ര സ്ഥാപനങ്ങളുടെ അതേ നിലവാരത്തിലുള്ള പഠന സൗകര്യങ്ങളാണ് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് കൺസ്ട്രക്ഷനിൽ (IIIC) ഒരുക്കുന്നത്. 1,92,000 ചതുരശ്രയടിയുള്ള അക്കാദമിക് ബ്ലോക്ക് പണി പൂർത്തിയായി. 240 പേരെ ഉൾക്കൊള്ളിക്കാൻ കഴിയുന്ന 35600 ചതുരശ്രയടിയുള്ള ഹോസ്റ്റൽ ബ്ലോക്കിന്റെ നിർമ്മാണത്തിന്റെ 85 ശതമാനവും പൂർത്തിയായി കഴിഞ്ഞു. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് കൺസ്ട്രക്ഷൻ (IIIC) പ്രവർത്തന സജ്ജമാക്കുന്നതിന്റെ ഭാഗമായും മുന്നോട്ടുള്ള പ്രവർത്തനങ്ങൾ നിശ്ചയിക്കുന്നതിനുമായി നിലവിലുള്ള വ്യവസ്ഥകൾ അംഗീകരിച്ച് കോഴ്സുകൾ നടത്തുവാൻ വ്യവസായ പങ്കാളികൾ ആരുംതന്നെ മുന്നോട്ട് വരാത്തതിനാൽ ഡയറക്ടർ ബോർഡിന്റെ തീരുമാനപ്രകാരം കൺസ്ട്രക്ഷൻ മേഖലിയിലുള്ള പ്രഗത്ഭർ, വ്യവസായ പ്രമുഖർ, സാമ്പത്തിക-നിയമ വിദഗ്ദ്ധർ എന്നിവരുൾപ്പെടുന്ന ഒരു സമിതിക്ക് രൂപം നൽകിയിട്ടുണ്ട്. സമിതിയുടെ നിർദ്ദേശപ്രകാരം ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് കൺസ്ട്രക്ഷനിലൂടെ (IIIC) പരിശീലന പദ്ധതികൾ ഉടൻ ആരംഭിക്കുന്നതാണ്.

നിലവിൽ ബോർഡിന്റെ കീഴിലുള്ള ഐ.എ.ബി.റ്റി. (IABT) എന്ന സ്ഥാപനം മുഖേന ഐ.ടി.ഐ. പാസ്സായ 35 വയസ്സിനുതാഴെ പ്രായമുള്ള നിർമ്മാണ തൊഴിലാളികൾക്കും അംഗതൊഴിലാളികളുടെ മക്കൾക്കും കാർപെന്ററിയിൽ 6 ആഴ്ചത്തെ വിദഗ്ദ്ധ പരിശീലനത്തിനായി കർണാടകയിലെ ബാംഗ്ലൂരിലുള്ള അഡ്വാൻസ്ഡ് വുഡ് വർക്കിംഗ് സെന്റർ എന്ന കർണാടക സർക്കാരിന്റെ ഉടമസ്ഥതയിലുള്ള സ്ഥാപനത്തിലേയ്ക്ക് സ്റ്റൈപ്പെന്റോടുകൂടി അയച്ചുവരുന്നു.

(ബി) അന്താരാഷ്ട്ര നിലവാരത്തിൽ കൺസ്ട്രക്ഷൻ മേഖലയിലെ വിവിധ ട്രേഡുകളിൽ കോഴ്സുകളും പരിശീലന പദ്ധതികളും നടപ്പിലാക്കുകയും ഉദ്യോഗാർത്ഥികളെ ലോകോത്തര നിലവാരത്തിലേയ്ക്കുയർത്തി തൊഴിൽ സാധ്യത വർദ്ധിപ്പിക്കുകയും ചെയ്യുക എന്ന ലക്ഷ്യത്തോടെ ഗവൺമെന്റ് ഒരുക്കുന്ന സംരംഭമാണ് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് കൺസ്ട്രക്ഷൻ (IIIC). നിർമ്മാണ മേഖലയിലെ നൂതന യന്ത്രോപകരണങ്ങളിൽ വിദഗ്ദ്ധ പരിശീലനം നൽകുന്ന പരിശീലന പദ്ധതികളും നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഇൻഫ്രാസ്ട്രക്ച്ചർ ആന്റ് കൺസ്ട്രക്ഷന്റെ (IIIC) നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി വരുന്നു.

**ലഹരി വിമുക്ത കേരളം**

162 (785) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരിവിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാൽക്കരിക്കുന്നതിന് കേരള സംസ്ഥാന ലഹരിവർജ്ജന മിഷൻ 'വിമുക്തി' എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ 6-10-2016-ലെ ജി.ഒ.(എം.എസ്.) 94/2016 പ്രകാരം സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗരേഖയുടെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) 6-10-2016-ലെ ജി.ഒ. (എം. എസ്.) നമ്പർ 94/2016/നി.വ. സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി വച്ചിട്ടുണ്ട്. *

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## റീഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡ്

163 (786) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റീഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡിന്റെ പ്രവർത്തനങ്ങൾ വിലയിരുത്തിയിട്ടുണ്ടോ;

(ബി) റീഹാബിലിറ്റേഷൻ പ്ലാന്റേഷൻസ് ലിമിറ്റഡിന്റെ പുരോഗതിക്കായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ലാറ്റക്സ് ഉൽപ്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് കമ്പനി പ്രത്യേക പരിഗണന നൽകിയതിന്റെ ഭാഗമായി റബ്ബർ പാൽ ഉൽപ്പാദനത്തിൽ 2016-17 സാമ്പത്തിക വർഷത്തിൽ കേരളത്തിലെ റബ്ബർ പ്ലാന്റേഷനുകളിൽ റീഹാബിലിറ്റേഷൻ പ്ലാന്റേഷന് ഒന്നാം സ്ഥാനം കൈവരിക്കുന്നതിന് കഴിഞ്ഞിട്ടുണ്ട്. വിക്രം സാരാഭായി സ്പേസ് സെന്ററിലേക്കായി റോക്കറ്റ് കേസ്സ് ഇൻസുലേഷൻ ഷീറ്റുകൾ (Rocasin) ഉൽപ്പാദിപ്പിച്ച് നൽകുക, അത്യുൽപ്പാദനശേഷിയുള്ള റബ്ബർ ഇനങ്ങളായ RRII 105, RRII 414, RRII 430 തുടങ്ങിയവയുടെ തൈകൾ ഉൽപ്പാദിപ്പിച്ച് വിപണനം ചെയ്യുക, കൃഷിയിൽ വൈവിദ്ധ്യവൽക്കരണം നടത്തുക എന്നിവ പ്രായോഗികമാക്കിയിട്ടുണ്ട്.

കൂടാതെ താഴെപ്പറയുന്ന മേഖലകളിൽ കമ്പനി കൺസൾട്ടൻസി സേവനങ്ങൾ നൽകുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു

1. റബ്ബർ പ്ലാന്റേഷനുകൾക്കനുയോജ്യമായ സ്ഥലം തെരഞ്ഞെടുക്കൽ
2. റബ്ബർ നഴ്സറികളുടെ രൂപീകരണവും തൈകളുടെ ഉൽപ്പാദനവും
3. തൈ വയ്ക്കലിന്റെ മുന്നൊരുക്കങ്ങൾ
4. റബ്ബർ പ്ലാന്റേഷനുകളുടെ രൂപീകരണം, സ്ഥാപനം, നടത്തിപ്പ് തുടങ്ങിയവ
5. ടാപ്പിംഗ് പരിശീലനം/പ്രവർത്തനം, റബ്ബർ സംസ്കരണവും വിപണനവും.

## ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

164 (787) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ക്ഷേമനിധിയിൽ അംഗമായിട്ടുള്ള പാറമട തൊഴിലാളികൾ ഉൾപ്പെട്ടിട്ടുണ്ടോ;

(ബി) നിലവിൽ ഏതൊക്കെ ക്ഷേമനിധിയിൽ അംഗമയിട്ടുള്ളവരാണ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെട്ടിട്ടുള്ളത്; വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. ക്ഷേമനിധിയിൽ അംഗത്വം ഉള്ളതും ഇല്ലാത്തവരുമായ എല്ലാ പാറമട തൊഴിലാളികളെയും മൈൻ വർക്കേഴ്സ് എന്ന വിഭാഗത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി)

1. കേരള കർഷകത്തൊഴിലാളി ക്ഷേമനിധി ബോർഡ്
2. മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ്
3. കയർ/കൈത്തറി/തയ്യൽ/ബീഡി/ഈറ്റ-പനമ്പ്, കാട്ടുവള്ളി, ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ്
4. കേരള ലോട്ടറി ഏജന്റ്സ് ആന്റ് സെല്ലേഴ്സ് ക്ഷേമനിധി ബോർഡ്

കൂടാതെ താഴെപ്പറയുന്ന ക്ഷേമനിധി ബോർഡുകളിൽനിന്നും പെൻഷൻ വാങ്ങുന്നവർ

1. കശുവണ്ടി തൊഴിലാളി ക്ഷേമനിധി ബോർഡ്
2. കള്ളുചെത്തു തൊഴിലാളി ക്ഷേമനിധി ബോർഡ്
3. നിർമ്മാണ തൊഴിലാളി ക്ഷേമനിധി ബോർഡ്
4. അബ്കാരി തൊഴിലാളി ക്ഷേമനിധി ബോർഡ്
5. മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ്
6. ചുമട്ടുത്തൊഴിലാളി ക്ഷേമനിധി ബോർഡ്. എന്നിവരെയാണ് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

## മദ്യ ഔട്ട്ലെറ്റുകൾ മാറ്റി സ്ഥാപിക്കൽ

165 (789) ശ്രീ. വി. ഡി. സതീശൻ:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. കെ. മുരളീധരൻ:
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ ദേശീയ സംസ്ഥാന പാതയോരത്തുനിന്നും ബിവറേജസ് കോർപ്പറേഷന്റെയും കൺസ്യൂമർ ഫെഡിന്റെയും ഔട്ട്ലെറ്റുകൾ മാറ്റിസ്ഥാപിക്കുന്നതിനുള്ള സാവകാശം തേടിയിട്ടുണ്ടോ;

(ബി) എത്ര നാളത്തെ സാവകാശമാണ് മദ്യ ഔട്ട്ലെറ്റുകൾ മാറ്റുന്നതിന് ആവശ്യപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) സുപ്രീം കോടതി വിധി മറികടക്കാൻ സംസ്ഥാനത്തെ ദേശീയ സംസ്ഥാന പാതകളുടെ പദവി റദ്ദാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) മൂന്ന് മാസത്തെ സാവകാശമാണ് ആവശ്യപ്പെട്ടിട്ടുള്ളത്.

(സി) ഇപ്പോൾ പരിഗണനയിലില്ല.

## മദ്യവിൽപ്പന ശാലകൾ

166 (790) ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ-സംസ്ഥാന പാതയോരത്തുനിന്ന് മദ്യ വില്പന ശാലകൾ 500 മീറ്റർ മാറ്റി സ്ഥാപിക്കണമെന്ന ബഹു. സുപ്രീം കോടതി വിധി സംസ്ഥാനത്തെ മദ്യ വില്പനയെ എപ്രകാരം ബാധിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) എത്ര മദ്യ വില്പന ശാലകളാണ് തന്മൂലം മാറ്റിസ്ഥാപിക്കേണ്ടി വന്നതെന്നും എത്രയെണ്ണം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടെന്നും വ്യക്തമാക്കുമോ;

(സി) എന്തൊക്കെ തടസ്സങ്ങളാണ് ഇക്കാര്യത്തിൽ സർക്കാർ നേരിടുന്നതെന്നും ആയത് പരിഹരിക്കുന്നതിന് എന്തൊക്കെ മാർഗ്ഗങ്ങൾ അവലംബിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്നും അറിയിക്കുമോ?

<u>ഉത്തരം</u>

(എ) കോടതി വിധിമൂലം ബിവറേജസ് കോർപ്പറേഷന് പ്രതിവർഷം ഏകദേശം 2000 കോടി രൂപയുടെ റവന്യൂ നഷ്ടമുണ്ടാകുമെന്നാണ് കണക്കാക്കുന്നത്. മദ്യവിൽപ്പന കേന്ദ്രങ്ങൾ അടച്ചുപൂട്ടിയതുമൂലം തുറന്നിരിക്കുന്ന ഷോപ്പുകളിൽ ഉപഭോക്താക്കളുടെ അനിയന്ത്രിതമായ തിരക്ക് അനുഭവപ്പെടുന്നുണ്ട്.

(ബി) കോടതിയുത്തരവിനെത്തുടർന്ന് ബിവറേജസ് കോർപ്പറേഷന്റെ 179 ചില്ലറ വിൽപ്പനശാലകൾ അടച്ചുപൂട്ടിയതിൽ 55 എണ്ണം മാത്രമേ വീണ്ടും തുറക്കാൻ സാധിച്ചിട്ടുള്ളൂ. കൺസ്യൂമർഫെഡിന്റെ 28 വിദേശമദ്യ വിൽപ്പനശാലകളും 2 ബിയർ ഷോപ്പുകളുമാണ് അടച്ചുപൂട്ടിയത്. അതിൽ 23 വിദേശമദ്യ വിൽപ്പനശാലകളും ഒരു ബിയർ പാർലറും തുറന്ന് പ്രവർത്തിപ്പിക്കുന്നുണ്ട്.

(സി) അബ്കാരി ആക്ട്, അബ്കാരി നിയമം എന്നിവയിലെ എല്ലാ വ്യവസ്ഥകളും പാലിച്ചുകൊണ്ട് മദ്യവിൽപ്പനശാലകൾ മാറ്റിസ്ഥാപിക്കുന്നതിന് ജനവാസം കുറഞ്ഞ സ്ഥലങ്ങളിൽ അനുയോജ്യമായ കെട്ടിടം ലഭിക്കാത്തതും തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഡി.ആന്റ്.ഒ. ലൈസൻസ് ലഭിക്കാത്തതും പ്രദേശവാസികളുടെ എതിർപ്പുയരുന്നതുമാണ് പ്രധാന പ്രശ്നങ്ങൾ. പരാതികൾക്ക് പരിഹാരം കണ്ടെത്തിയും ജനപ്രതിനിധികളടക്കമുള്ളവരുമായി ചർച്ച ചെയ്ത് ഔട്ട് ലെറ്റുകൾ പ്രവർത്തിക്കുന്നതിന് അനുയോജ്യമായ കെട്ടിടങ്ങൾ കണ്ടെത്തിയും പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

**ലഹരി വിമുക്ത കേന്ദ്രങ്ങൾ**

167 (791) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരിക്കടിമപ്പെടുന്നവരുടെ എണ്ണം സംസ്ഥാനത്ത് വർദ്ധിച്ചു വരുമ്പോഴും ലഹരി വിമുക്ത ചികിത്സാ കേന്ദ്രങ്ങളുടെ എണ്ണം വളരെ പരിമിതമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സർക്കാർ തലത്തിൽ ഇപ്പോൾ എത്ര ലഹരി വിമുക്ത കേന്ദ്രങ്ങൾ പ്രവർത്തിച്ചുവരുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഇപ്പോഴുള്ള ലഹരി വിമുക്ത ചികിത്സാ കേന്ദ്രങ്ങളിലധികവും നഗരങ്ങളിലാണെന്നതിനാൽ ഗ്രാമീണ മേഖലയിൽ ഇത്തരം കേന്ദ്രങ്ങൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ;

(ഡി) നിലവിലുള്ള ലഹരി വിമുക്ത കേന്ദ്രങ്ങളുടെ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) എക്സൈസ് വകുപ്പിന് കീഴിൽ ഇപ്പോൾ ലഹരി വിമുക്ത ചികിത്സാ കേന്ദ്രങ്ങളൊന്നുംതന്നെ പ്രവർത്തിക്കുന്നില്ല.

(സി) കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ നടപ്പിലാക്കിവരുന്ന 'വിമുക്തി' പദ്ധതിയുടെ ഭാഗമായി എല്ലാ ജില്ലകളിലും ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ ലഹരി വിമുക്ത ചികിത്സാ കേന്ദ്രങ്ങൾ ആരംഭിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിനുള്ള നടപടികൾ സ്വീകരിക്കുന്ന വേളയിൽ ഇക്കാര്യം കൂടി പരിശോധിക്കുന്നതാണ്.

(ഡി) കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ 'വിമുക്തി'യുടെ ഭാഗമായി നിലവിലുള്ള ലഹരി വിമുക്ത ചികിത്സാ കേന്ദ്രങ്ങളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ നടപടി സ്വീകരിക്കുന്നതാണ്.

## മദ്യവിൽപ്പനശാലകൾ

168 (792) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ ദേശീയ പാതയോരത്ത് പ്രവർത്തിക്കുന്ന എത്ര മദ്യ വിൽപ്പന ശാലകൾ സുപ്രീംകോടതി ഉത്തരവ് പ്രകാരം അടച്ചുപൂട്ടിയിട്ടുണ്ടെന്ന് നിയോജകമണ്ഡലാടിസ്ഥാനത്തിൽ വ്യക്തമാക്കാമോ;

(ബി) നിലവിൽ അടച്ചുപൂട്ടിയ മദ്യവിൽപ്പനശാലകൾ സൗകര്യപ്രദമായ സ്ഥലങ്ങളിലേയ്ക്ക് മാറ്റി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ തിരുവനന്തപുരം ജില്ലയിലെ ഏതൊക്കെ വിൽപ്പനശാലകൾ മാറ്റി സ്ഥാപിക്കുന്നുണ്ടെന്നും അവ എവിടേക്കാണ് മാറ്റുന്നതെന്നും ഇനം തിരിച്ച് വ്യക്തമാക്കാമോ?

## ഉത്തരം

(എ) സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ തിരുവനന്തപുരം ജില്ലയിൽ ബിയർ-വൈൻ പാർലറുകൾ ഉൾപ്പെടെ, അടച്ചുപൂട്ടിയ മദ്യവിൽപ്പനശാലകളുടെ എണ്ണം നിയോജകമണ്ഡലാടിസ്ഥാനത്തിൽ ചുവടെ ചേർക്കുന്നു:

| | |
|---|---|
| പാറശ്ശാല | 4 |
| കോവളം | 2 |
| കാട്ടാക്കട | 1 |
| ആറ്റിങ്ങൽ | 12 |
| വർക്കല | 8 |
| വട്ടിയൂർക്കാവ് | 6 |
| നേമം | 3 |
| കഴക്കൂട്ടം | 3 |
| തിരുവനന്തപുരം | 15 |

(ബി) ഉദ്ദേശിക്കുന്നുണ്ട്. മാറ്റി സ്ഥാപിക്കാനുദ്ദേശിക്കുന്ന ഷോപ്പുകളുടെ വിവരം

| ക്രമ നമ്പർ | ഷോപ്പിന്റെ പേര് | മാറ്റി സ്ഥാപിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലം |
|---|---|---|
| 1 | കളിയിക്കാവിള | ചെങ്കവിള |
| 2 | പാറശ്ശാല | നെയ്യാറ്റിൻകര |
| 3 | ബാലരാമപുരം | തേമ്പാമുട്ടം |
| 4 | കിള്ളിപ്പാലം | പള്ളിച്ചൽ |
| 5 | പഴവങ്ങാടി | പനവിള |
| 6 | ബേക്കറി | മുക്കോല, നെട്ടയം |
| 7 | വിതുര | മരുതാമല |
| 8 | കല്ലമ്പലം | കല്ലമ്പലം |
| 9 | വർക്കല | മരക്കടമുക്ക് |
| 10 | വെമ്പായം | മാങ്കുഴി |

കോവളം, മണ്ണന്തല, ആര്യനാട്, കിളിമാനൂർ, മംഗലപുരം എന്നീ ഷോപ്പുകൾ മാറ്റി സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൺസ്യൂമർഫെഡിന്റെ മാറ്റി സ്ഥാപിക്കുന്ന എഫ്.എൽ-1 ഷോപ്പുകളുടെ വിവരം ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | എഫ്.എൽ. 1 ഷോപ്പിന്റെ പേര് | മാറ്റാൻ ഉദ്ദേശിക്കുന്ന സ്ഥലം |
|---|---|---|
| 1 | സ്റ്റാച്യു | ശാസ്തമംഗലം |
| 2 | പഴവങ്ങാടി | വഞ്ചിയൂർ |
| 3 | വെഞ്ഞാറമൂട് | നെല്ലനാട് |

**മദ്യ വിലവർദ്ധന**

169 (793) ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ബിവറേജസ് കോർപ്പറേഷൻ മദ്യത്തിന് വില വർദ്ധിപ്പിച്ചിട്ടുണ്ടോ; എത്ര ശതമാനം വർദ്ധനയാണ് നടപ്പിലാക്കിയതെന്നും അതുമൂലമുള്ള വരുമാന വർദ്ധനവ് എത്രയെന്നും അറിയിക്കുമോ;

(ബി) മദ്യത്തിന്റെ വില കൂട്ടിയതുവഴി മദ്യ ഉല്പാദക കമ്പനികൾക്ക് അധിക സാമ്പത്തിക വരുമാനം ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ & ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മദ്യത്തിന് വില വർദ്ധിപ്പിച്ചിട്ടില്ല. എന്നാൽ ബിവറേജസ് കോർപ്പറേഷന്റെ ലാഭശതമാനത്തിന് 4 ശതമാനം വർദ്ധനവ് വരുത്തിയ സാഹചര്യത്തിൽ മദ്യത്തിന്റെ വില കൂടിയിട്ടുണ്ട്. അതിന്റെ ഫലമായി കോർപ്പറേഷന്റെ വരുമാനത്തിൽ ഏകദേശം 35 കോടി രൂപയുടെ വർദ്ധന ഉണ്ടായിട്ടുണ്ട്. ഇപ്രകാരം ഉണ്ടായിട്ടുള്ള മദ്യ വില വർദ്ധനയിലൂടെ മദ്യ ഉൽപ്പാദന കമ്പനികൾക്ക് അധിക സാമ്പത്തിക വരുമാനം ഉണ്ടായിട്ടില്ല.

**മദ്യ-മയക്കുമരുന്ന് വ്യാപനം തടയാൻ നടപടി**

170 (794) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിൽ ആവശ്യത്തിന് മിനിസ്റ്റീരിയൽ ജീവനക്കാരെ നിയമിക്കാൻ നടപടി സ്വീകരിക്കുമോ;

(ബി) മിനിസ്റ്റീരിയൽ ജീവനക്കാരുടെ നിയമനം സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) മയക്കുമരുന്നുകളുടെയും മറ്റും വ്യാപനം തടയുവാൻ ആവശ്യത്തിന് ജീവനക്കാരെ പി.എസ്.സി. വഴി നിയമിക്കാൻ നടപടി സ്വീകരിക്കുമോ;

(ഡി) അനധികൃത മദ്യ-മയക്കുമരുന്ന് നിർമ്മാണ-വിതരണ പ്രവർത്തനങ്ങൾ തടയാൻ സ്വീകരിച്ചുവരുന്ന മുൻകരുതലുകൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) എക്സൈസ് വകുപ്പിൽ ആഫീസ് അറ്റൻഡന്റ്, ടൈപ്പിസ്റ്റ്, കോൺഫിഡൻഷ്യൽ അസിസ്റ്റന്റ് എന്നീ കേഡറിൽ മിനിസ്റ്റീയൽ വിഭാഗം ജീവനക്കാർ സേവനം അനുഷ്ഠിക്കുന്നുണ്ട്. വകുപ്പിൽ നിലവിൽ ആവശ്യത്തിന് മിനിസ്റ്റീരിയൽ ജീവനക്കാരുണ്ട്.

(ബി) മിനിസ്റ്റീരിയൽ ജീവനക്കാരുടെ നിയമനം സംബന്ധിച്ച പഠനം എക്സൈസ് വകുപ്പ് നടത്തിയിട്ടില്ല.

(സി) മദ്യം, മയക്കുമരുന്ന് എന്നിവയുടെ വ്യാപനം തടയുന്നതിനായി തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് എക്സൈസ് കമ്മീഷണർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

(ഡി) അനധികൃത മദ്യ-മയക്കുമരുന്ന് നിർമ്മാണ-വിതരണ പ്രവർത്തനങ്ങൾ തടയുന്നതിനായി എൻഫോഴ്സ്മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തി റെയ്ഡുകളും വാഹന പരിശോധനയും നടത്തിവരുന്നു. ചെക്ക്പോസ്റ്റുകളിൽ വാഹന പരിശോധന കാര്യക്ഷമമായ രീതിയിൽ നടത്തിവരുന്നു. 24 മണിക്കൂറും പ്രവർത്തിക്കുന്ന സ്ട്രൈക്കിംഗ് ഫോഴ്സ് കൺട്രോൾ റൂമുകൾ പ്രവർത്തിച്ചുവരുന്നു. പോലീസ്, ഫോറസ്റ്റ്, റവന്യൂ, മറൈൻ എൻഫോഴ്സ്മെന്റ് എന്നീ വകുപ്പുകളുമായി ചേർന്ന് സംയുക്ത റെയ്ഡുകളും കർണാടക, തമിഴ്നാട് എന്നീ സംസ്ഥാനങ്ങളിലെ എക്സൈസ് ഉദ്യോഗസ്ഥരുമായി ചേർന്ന് അന്തർ സംസ്ഥാന ബോർഡർ പട്രോളിംഗുകളും റെയ്ഡുകളും നടത്തിവരുന്നുണ്ട്. സ്പെഷ്യൽ സ്ക്വാഡുകൾ രൂപീകരിച്ച് രഹസ്യ നിരീക്ഷണം നടത്തി അനധികൃത മദ്യ-മയക്കുമരുന്ന് നിർമ്മാണ വിതരണ പ്രവർത്തനങ്ങളെ തടയുന്നു.

## മദ്യ വിൽപ്പന

171 (795) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. എ. പി. അനിൽ കുമാർ :
ശ്രീ. എൽദോസ് കുന്നപ്പിള്ളി :
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ - സംസ്ഥാന പാതകൾക്കുസമീപമുള്ള മദ്യവില്പന സുപ്രീം കോടതി നിരോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഏതെല്ലാം തരത്തിലുള്ള മദ്യകേന്ദ്രങ്ങളാണ് നിരോധനത്തിന്റെ പരിധിയിൽ വരുന്നതെന്ന് വ്യക്തമാക്കുമോ;

(സി) കോടതി നിരോധനപ്രകാരം സംസ്ഥാനത്ത് പൂട്ടിയതും പൂട്ടാനുള്ളതുമായ മദ്യകേന്ദ്രങ്ങളുടെ വിശദാംശം നൽകുമോ;

(ഡി) സുപ്രീം കോടതി വിധിയനുസരിച്ച് മദ്യകേന്ദ്രങ്ങൾ നിർത്തലാക്കാൻ എന്തെല്ലാം നടപടി കൈക്കൊണ്ടിട്ടുണ്ട് എന്ന് വിശദമാക്കാമോ?

### ഉത്തരം

(എ) ബഹുമാനപ്പെട്ട സുപ്രീംകോടതി 15-12-2016-ലെ സി.എ. 12164-12166/2016 നമ്പർ വിധിയിലൂടെ ദേശീയ/സംസ്ഥാന പാതകളുടെ 500 മീറ്റർ പരിധിക്കുള്ളിൽ മദ്യവിൽപ്പന നിരോധിച്ചിട്ടുണ്ട്. എന്നാൽ 20000-ൽ താഴെ ജനസംഖ്യയുള്ള തദ്ദേശഭരണ പ്രദേശങ്ങളിൽ ദൂരപരിധി 220 മീറ്ററായി നിജപ്പെടുത്തിയിട്ടുണ്ട്.

(ബി) മദ്യ വിൽപ്പന നടത്തുന്ന എല്ലാ സ്ഥാപനങ്ങളും സുപ്രീംകോടതി വിധിയുടെ പരിധിക്കുള്ളിൽ വരുന്നതാണ്.

(സി) ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് 137 റീട്ടെയിൽ ഔട്ട്ലെറ്റുകളും 8 ബാർ ഹോട്ടലുകളും 18 ക്ലബ്ബുകളും 9 മിലിറ്ററി ക്യാന്റീനുകളും 532 ബിയർ & വൈൻ പാർലറുകളും ഒരു ബിയർ റീട്ടെയിൽ ഔട്ട്ലെറ്റും 1092 കള്ളുഷാപ്പുകളും അടച്ചുപൂട്ടിയിട്ടുണ്ട്. നിലവിൽ കോടതി ഉത്തരവിന് വിരുദ്ധമായി മദ്യകേന്ദ്രങ്ങളൊന്നും ദേശീയ സംസ്ഥാന പാതയോരത്ത് പ്രവർത്തിക്കുന്നില്ല.

(ഡി) ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയനുസരിച്ച് സംസ്ഥാന/ദേശീയ പാതയോരത്തുനിന്നും 500 മീറ്റർ പരിധിക്കുള്ളിൽ പ്രവർത്തിച്ചു വന്നിരുന്ന എല്ലാ മദ്യവിൽപ്പനശാലകളുടെയും പ്രവർത്തനം 1-4-2017 മുതൽ നിർത്തലാക്കിയിട്ടുണ്ട്.

**ബാർ ലൈസൻസ്**

172 (796) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര ബാറുകൾക്ക് പുതുതായി ലൈസൻസ് നൽകി; അവ ഏതെല്ലാം;

(ബി) കോടതി വിധിപ്രകാരം ഏതെങ്കിലും ബാറുകൾക്ക് ലൈസൻസ് നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) 2016 മേയ് 25-ന് ശേഷം പുതിയതായി അനുവദിച്ച ബിയർ/വൈൻ പാർലർ ലൈസൻസുകൾ എത്രയാണ്; ജില്ല തിരിച്ച് കണക്ക് നൽകുമോ?

ഉത്തരം

(എ) ഒന്ന്. എറണാകുളം ജില്ലയിലെ ഹോട്ടൽ ഡ്യൂലാൻഡ്

(ബി) ഇല്ല.

(സി) 2016 മേയ് 25-നുശേഷം കൊല്ലം, ആലപ്പുഴ ജില്ലകളിൽ ഓരോ ബിയർ/വൈൻ പാർലറുകൾ അനുവദിച്ചിട്ടുണ്ട്. ഇവ രണ്ടും കെ.റ്റി.ഡി.സി.യുടെ ഹോട്ടലുകൾക്കാണ്

**ബാറുകളും ബിയർ, വൈൻ പാർലറുകളും**

173 (797) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ദേശീയ പാതയോരത്ത് ഇപ്പോൾ പ്രവർത്തിക്കുന്ന ബാറുകളും ബിയർ, വൈൻ പാർലറുകളും എത്ര; വിശദമാക്കുമോ;

(ബി) കോടതി ഉത്തരവുകൾ വഴി അനുവാദം ലഭിച്ച് പ്രവർത്തിക്കുന്ന ബാറുകൾ എത്ര;

(സി) കോട്ടയ്ക്കൽ നിയോജകമണ്ഡലത്തിൽ ഏതെങ്കിലും ബാറുകളോ ബിയർ, വൈൻ പാർലറുകളോ കോടതി ഉത്തരവ് പ്രകാരം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ; എങ്കിൽ ഏതെല്ലാം;

(ഡി) എക്സൈസ് വകുപ്പിൽ കേസ്സുകൾ കൈകാര്യം ചെയ്യുവാൻ എക്സൈസ് ആസ്ഥാനത്ത് നിയമ വകുപ്പ് ഉദ്യോഗസ്ഥർ ഉണ്ടോ; ഇല്ലെങ്കിൽ നിയമ വകുപ്പിൽ നിന്നും ആവശ്യമായ ഉദ്യോഗസ്ഥരെ ഡെപ്യൂട്ടേഷൻ വഴി നിയമിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ദേശീയ പാതയോരത്തിന് 500 മീറ്റർ പരിധിക്കുള്ളിൽ ഇപ്പോൾ ഒരു ബാർ മാത്രമേ പ്രവർത്തിക്കുന്നുള്ളൂ. ജനസംഖ്യ 20000-ൽ താഴെ ആയതിനാൽ ദേശീയപാതയിൽനിന്നും 220 മീറ്റർ ദൂരത്തിൽ സ്ഥിതി ചെയ്യുന്ന ഹോട്ടൽ "വൈത്തിരി വില്ലേജ്" ആണ് ഈ ബാർ ഹോട്ടൽ.

(ബി) 31-3-2017-ലെ സുപ്രീംകോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ അടച്ചുപൂട്ടിയ ശേഷം വിവിധ കോടതി ഉത്തരവുകളുടെ അടിസ്ഥാനത്തിൽ 4 ബാറുകളും 66 ബിയർ/വൈൻ പാർലറുകളും ഇപ്പോൾ തുറന്നു പ്രവർത്തിക്കുന്നുണ്ട്.

(സി) ഇല്ല.

(ഡി) ഉണ്ട്. നിയമവകുപ്പിൽനിന്നും ഡെപ്യൂട്ടി സെക്രട്ടറി റാങ്കിലുള്ള ഒരുദ്യോഗസ്ഥൻ ലാ ഓഫീസറായി പ്രവർത്തിച്ചുവരുന്നു.

**മദ്യഷാപ്പുകളുടെ നിയന്ത്രണം**

174 (798) <u>ശ്രീ. ആർ. രാമചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ പാതയോരങ്ങളിലെ മദ്യഷാപ്പുകളുടെ നിയന്ത്രണം സംബന്ധിച്ച് സുപ്രീം കോടതി ഉത്തരവിനെ തുടർന്ന് കേരളത്തിൽ എത്ര ബിവറേജസ് ഔട്ട്ലെറ്റുകൾ അടച്ചുവെന്നും എത്ര കള്ളുഷാപ്പുകൾ നിർത്തിവച്ചുവെന്നും വിശദമാക്കുമോ;

(ബി) കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ പൂട്ടിയ ബാറുകൾ, ബിയർ & വൈൻ പാർലറുകൾ എന്നിവയുടെ എണ്ണം ലഭ്യമാക്കുമോ;

(സി) സുപ്രീംകോടതിയുടെ ഉത്തരവ് നടപ്പിലാക്കുന്നതിന് കൂടുതൽ സമയം ആവശ്യപ്പെട്ട് കോടതിയെ സമീപിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ 124 ബിവറേജസ് ഔട്ട് ലെറ്റുകളും 1092 കള്ളുഷാപ്പുകളും പ്രവർത്തനം നിർത്തിയിട്ടുണ്ട്.

(ബി) കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 8 ബാർ ഹോട്ടലുകളും 532 ബിയർ/വൈൻ പാർലറുകളും പൂട്ടിയിട്ടുണ്ട്.

(സി) ഉണ്ട്.

**മദ്യശാലകൾ**

175 (799) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേശീയ സംസ്ഥാനപാതയോരങ്ങളിൽ മദ്യശാലകൾ വേണ്ടെന്ന ബഹു. സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചു; ഇതിൻ പ്രകാരം എത്ര മദ്യശാലകൾ മാറ്റി സ്ഥാപിച്ചു; എത്ര വിൽപ്പന ഔട്ട് ലെറ്റുകൾ അടച്ചുപൂട്ടി;

(ബി) ഇത്തരം മദ്യശാലകളിൽനിന്ന് മദ്യം പാഴ്സ് ചെയ്ത് വിൽപ്പന പാടില്ലെന്ന് പ്രസ്തുത വിധിയിൽ പരാമർശിച്ചിട്ടുണ്ടോ; എങ്കിൽ അതിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

ഉത്തരം

(എ) ബഹുമാനപ്പെട്ട സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ ദേശീയ/ സംസ്ഥാന പാതകളുടെ 500 മീറ്റർ പരിധിയ്ക്കുള്ളിൽ പ്രവർത്തിച്ചിരുന്ന എല്ലാ മദ്യശാലകളും 1-4-2017 മുതൽ അടച്ചുപൂട്ടിയിട്ടുണ്ട്. കോടതി വിധിയിലെ വ്യവസ്ഥകൾക്കും എക്സൈസ് നിയമത്തിലെ ചട്ടങ്ങൾക്കും അനുസൃതമായ കെട്ടിടങ്ങൾ ലഭ്യമാകുന്ന മുറയ്ക്ക് പൂട്ടിയ മദ്യശാലകൾ പുനഃസ്ഥാപിച്ചുവരുന്നു. ഇത്തരത്തിൽ 78 വിദേശ മദ്യഷാപ്പുകളും 53 കള്ളുഷാപ്പുകളും മാറ്റി സ്ഥാപിച്ചിട്ടുണ്ട്. 137 റീട്ടെയിൽ ഔട്ട്ലെറ്റുകളും 8 ബാർ ഹോട്ടലുകളും 18 ക്ലബ്ബുകളും 9 മിലിറ്ററി ക്യാന്റീനുകളും 532 ബിയർ & വൈൻ പാർലറുകളും ഒരു ബിയർ റീട്ടെയിൽ ഔട്ട്ലെറ്റും 1092 കള്ളുഷാപ്പുകളും കോടതി വിധിയുടെ അടിസ്ഥാനത്തിൽ അടച്ചുപൂട്ടിയിട്ടുണ്ട്.

(ബി) ഇല്ല.

**മദ്യവിൽപ്പന കേന്ദ്രങ്ങൾ**

176 (800) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ സംസ്ഥാനത്തെ ദേശീയ-സംസ്ഥാന പാതയോരത്തെ ബിവറേജസ് കോർപ്പറേഷന്റെ മദ്യവില്പന കേന്ദ്രങ്ങൾ മാറ്റി സ്ഥാപിച്ചതിന്റെയും മാറ്റിസ്ഥാപിക്കാനുള്ളവയുടെയും എണ്ണം വ്യക്തമാക്കുമോ;

(ബി) കോടതിവിധിയനുസരിച്ച് അടച്ചുപൂട്ടേണ്ടിവരുന്നതും മാറ്റി സ്ഥാപിക്കേണ്ടി വരുന്നതുമായ ബിയർ/വൈൻ പാർലറുകളുടെ എണ്ണം വ്യക്തമാക്കുമോ;

<u>ഉത്തരം</u>

(എ) സുപ്രീംകോടതി വിധിയുടെ അടിസ്ഥാനത്തിൽ ദേശീയ-സംസ്ഥാന പാതയോരത്തെ ബിവറേജസ് കോർപ്പറേഷന്റെ 55 മദ്യവിൽപ്പന കേന്ദ്രങ്ങൾ ഇതുവരെ മാറ്റി സ്ഥാപിച്ചിട്ടുണ്ട്. ഇനി 124 എണ്ണം മാറ്റി സ്ഥാപിക്കേണ്ടതുണ്ട്.

(ബി) 532

**ലൈസൻസ് ഫീസ്**

177 (801) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാരിന്റെ കാലത്ത് രൂപപ്പെടുത്തിയ മദ്യ നയത്തിന്റെ അടിസ്ഥാനത്തിൽ നൽകിയ ബിയർ-വൈൻ പാർലറുകൾ, കള്ളുഷാപ്പുകൾ, ബാറുകൾ എന്നിവയുടെ കാലാവധി നീട്ടി നൽകിയിട്ടുണ്ടോ;

(ബി) എങ്കിൽ കാലാവധി നീട്ടി/പുതുക്കി നൽകിയത് പുതിയ മദ്യ നയത്തിന്റെ അടിസ്ഥാനത്തിലാണോ എന്ന് വ്യക്തമാക്കുമോ;

(സി) ബിയർ-വൈൻ പാർലറുകൾ, കള്ളുഷാപ്പുകൾ, ബാറുകൾ ഇവ ഓരോന്നിനും മുൻ സർക്കാരിന്റെ കാലത്ത് നിശ്ചയിച്ചിരുന്ന ലൈസൻസ് ഫീസ് എത്രയായിരുന്നു;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാലാവധി പുതുക്കി/നീട്ടി നൽകിയ ഓരോന്നിനും നിശ്ചയിച്ച ലൈസൻസ് ഫീസ് എത്രയായിരുന്നു;

(ഇ) കാലാവധി പുതുക്കി/നീട്ടി നൽകിയപ്പോൾ, മുൻ സർക്കാർ നിശ്ചയിച്ച ലൈസൻസ് ഫീസിൽ എന്തെങ്കിലും വർദ്ധന വരുത്തിയിട്ടുണ്ടോ; എങ്കിൽ എത്രയാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) അല്ല.

(സി) ബിയർ/വൈൻ പാർലറുകൾക്ക് 4 ലക്ഷം രൂപയും ബാറുകൾക്ക് 23 ലക്ഷം രൂപയും ആയിരുന്ന മുൻ സർക്കാരിന്റെ 2016-17 കാലയളവിലെ ലൈസൻസ് ഫീസ്. കള്ളുഷാപ്പുകൾക്ക് ഏകീകൃത ലൈസൻസ് ഫീസ് നിലവിലില്ല. ഓരോന്നിനും കാലാകാലങ്ങളിൽ സർക്കാർ വിജ്ഞാപനം ചെയ്യുന്ന തരത്തിൽ വ്യത്യസ്തമായ ലൈസൻസ് ഫീസാണ് നിലവിലുള്ളത്. 24-2-2014-ലെ G.O.(P)/38/2014/നി.വ. നമ്പർ സർക്കാർ ഉത്തരവുപ്രകാരം വിജ്ഞാപനം ചെയ്തതനുസരിച്ചുള്ള ലൈസൻസ് ഫീസാണ് (റെന്റൽ) നിലവിലുള്ളത്.

(ഡി) 2016-17 കാലയളവിലെ ലൈസൻസ് ഫീസിന് ആനുപാതികമായ തുക ഈടാക്കിയാണ് 2017-18 വർഷത്തേയ്ക്ക് കള്ളുഷാപ്പുകൾ 3 മാസത്തേക്കും മറ്റുള്ള മദ്യഷാപ്പുകൾ ഒരു വർഷത്തേക്കും കാലാവധി ദീർഘിപ്പിച്ച് നൽകിയത്. (ബിയർ/വൈൻ പാർലറുകൾക്ക് 4 ലക്ഷം രൂപയും ബാറുകൾക്ക് 23 ലക്ഷം രൂപയും)

(ഇ) വർദ്ധനവ് വരുത്തിയിട്ടില്ല.

**മദ്യനയം**

178 (802) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ മദ്യനയം എന്നത്തേയ്ക്ക് പ്രഖ്യാപിക്കും;

(ബി) നിലവിലുള്ള മദ്യനയത്തിൽനിന്നും എന്തെങ്കിലും മാറ്റങ്ങൾ പുതിയമദ്യനയത്തിൽ വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ എന്തൊക്കെ മാറ്റങ്ങൾ വരുത്താനുദ്ദേശിക്കുന്നു; വിശദാംശങ്ങൾ നൽകുമോ?

<u>ഉത്തരം</u>

(എ-സി) പുതിയ മദ്യനയം രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**എക്സൈസ് വകുപ്പ് മുഖേന ലഭിച്ച വരുമാനം**

179 (803) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 സാമ്പത്തിക വർഷത്തിൽ എക്സൈസ് വകുപ്പ് മുഖേന സർക്കാരിന് ലഭിച്ച വരുമാനം എത്രയാണ്;

(ബി) ഈ വരുമാനത്തിൽ മുൻവർഷത്തിൽ നിന്നുള്ള വ്യതിയാനം എത്രയാണ്; വിശദമാക്കുമോ;

(സി) 2016-17 കാലയളവിൽ ബിവറേജസ് കോർപ്പറേഷൻ വില്പന നടത്തിയ മദ്യത്തിന്റെയും ബിയറിന്റെയും വിശദവിവരങ്ങൾ നൽകാമോ;

(ഡി) മുൻവർഷത്തെ അപേക്ഷിച്ച് വില്പനയിലുണ്ടായ വ്യത്യാസം എത്ര ശതമാനമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2016-17 സാമ്പത്തിക വർഷത്തിൽ എക്സൈസ് വകുപ്പ് മുഖേനയുള്ള ആകെ വരുമാനം 2007,87,57,058 രൂപയാണ്.

(ബി) 2016-17 സാമ്പത്തിക വർഷത്തിൽ 2015-16 സാമ്പത്തിക വർഷത്തിലെ വരുമാനത്തെ അപേക്ഷിച്ച് 4.59 ശതമാനം (88.14 കോടി രൂപ) വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(സി) 2016-17 കാലയളവിൽ ബിവറേജസ് കോർപ്പറേഷൻ മുഖേന 12,134 കോടി രൂപയുടെ മദ്യവിൽപ്പന നടത്തിയിട്ടുണ്ട്. ആയതിൽ 10,719 കോടി രൂപ ഇന്ത്യൻ നിർമ്മിത വിദേശമദ്യ വിൽപ്പന ഇനത്തിലും 1415 കോടി രൂപ ബിയർ/വൈൻ വിൽപ്പന ഇനത്തിലും ലഭിച്ചതാണ്.

(ഡി) ബിവറേജസ് കോർപ്പറേഷൻ മുഖേനയുള്ള മദ്യവിൽപ്പനയിൽ 2016-17 സാമ്പത്തിക വർഷത്തിൽ 2015-16 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 5 ശതമാനം (557 കോടി രൂപ) വർദ്ധനവുണ്ടായിട്ടുണ്ട്.

**എക്സൈസ് വകുപ്പ് കണ്ടെത്തിയ സ്പിരിറ്റ്**

180 (804) <u>ശ്രീ. വി. പി. സജീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2015 ഏപ്രിൽ മുതൽ 2016 മാർച്ച് വരെയുള്ള കാലയളവിൽ എക്സൈസ് വകുപ്പ് സംസ്ഥാനത്ത് ആകെ കണ്ടെത്തിയ അനധികൃത സ്പിരിറ്റിന്റെ അളവെത്ര എന്നറിയിക്കാമോ;

(ബി) 2016 ഏപ്രിൽ മുതൽ 2017 മാർച്ച് വരെയുള്ള കാലയളവിൽ എക്സൈസ് വകുപ്പ് സംസ്ഥാനത്ത് കണ്ടെത്തിയ അനധികൃത സ്പിരിറ്റിന്റെ അളവെത്ര;

(സി) 2016 സെപ്റ്റംബർ 1 മുതൽ 2017 മാർച്ച് 31 വരെ എക്സൈസ് വകുപ്പ് കണ്ടെത്തിയ അനധികൃത സ്പിരിറ്റിന്റെ അളവെത്ര എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 18,779.650 ലിറ്റർ

(ബി) 2,872.700 ലിറ്റർ

(സി) 191.200 ലിറ്റർ

**അബ്കാരി നിയമമനുസരിച്ച് എടുത്ത കേസ്സുകൾ**

181 (805) ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജനുവരി മുതൽ 2017 മാർച്ച് വരെ എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്ത മൊത്തം കേസ്സുകളുടെ എണ്ണം എത്ര എന്ന് വെളിപ്പെടുത്തുമോ;

(ബി) അതിൽ കോട്പ പ്രകാരം എടുത്ത കേസ്സുകളുടെ എണ്ണം എത്ര; ശതമാനം എത്ര;

(സി) അബ്കാരി നിയമമനുസരിച്ച് എടുത്ത കേസ്സുകളുടെ എണ്ണം എത്ര; ശതമാനം എത്ര;

(ഡി) മയക്കുമരുന്ന് നിരോധന നിയമമനുസരിച്ച് എടുത്ത കേസ്സുകളുടെ എണ്ണം എത്ര; ശതമാനം എത്ര എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 99042 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ബി) 64740. ആകെ കേസ്സുകളുടെ 65.37 ശതമാനം

(സി) 29892. ആകെ കേസ്സുകളുടെ 30.18 ശതമാനം

(ഡി) 4410. ആകെ കേസ്സുകളുടെ 4.45 ശതമാനം

**വിമുക്തി പദ്ധതി**

182 (806) ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീമതി വീണാ ജോർജ്ജ്:
ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരി ഉപയോഗം മൂലമുണ്ടാകുന്ന പ്രശ്നങ്ങൾ തടയുന്നതിനും ലഹരി ഉപയോഗം നിരുത്സാഹപ്പെടുത്തുന്നതിനും വിമുക്തി പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ;

(ബി) പ്രസ്തുത പദ്ധതിയുടെ പങ്കാളിത്തം, നടത്തിപ്പ് എന്നിവ സംബന്ധിച്ച വിശദ വിവരം നൽകുമോ;

(സി) ഈ പദ്ധതി വിഭാവന ചെയ്യുന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ജനപങ്കാളിത്തം ഉറപ്പാക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ, ആരോഗ്യ, സാംസ്കാരിക സ്ഥാപനങ്ങൾ എന്നിവയുടെ സാന്നിദ്ധ്യം ഉറപ്പാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) സ്കൂൾ/കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ, എൻ.എസ്.എസ്., കുടുംബശ്രീ, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതികളടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ റസിഡന്റ്സ് അസോസിയേഷൻ എന്നിവയുടെ പങ്കാളിത്തത്തോടുകൂടിയാണ് ലഹരി വിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാൽക്കരിക്കുന്നതിന് വിമുക്തി മിഷന്റെ നേതൃത്വത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നത്.

വിമുക്തി മിഷന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ചെയർമാനും എക്സൈസ് വകുപ്പുമന്ത്രി വൈസ് ചെയർമാനും നികുതി വകുപ്പ് സെക്രട്ടറി കൺവീനറുമായി ഒരു ഗവേണിംഗ് ബോഡി രൂപീകരിച്ചിട്ടുണ്ട്. ആരോഗ്യം, തദ്ദേശസ്വയംഭരണം, വിദ്യാഭ്യാസം, ധനകാര്യം, ടൂറിസം, കായികവും യുവജനക്ഷേമവും പട്ടികജാതി പട്ടികവർഗ്ഗ വികസനം, സാസ്കാരികകാര്യം, മത്സ്യബന്ധനം എന്നീ വകുപ്പ് മന്ത്രിമാർ, ചീഫ് സെക്രട്ടറി, കലാ-കായിക-സാംസ്കാരിക, സാഹിത്യ സന്നദ്ധ സംഘടനാ പ്രതിനിധികൾ, സ്പോർട്സ് കൗൺസിൽ പ്രസിഡന്റ്, അഡ്വക്കേറ്റ് ജനറൽ, കേരള പഞ്ചായത്ത് അസോസിയേഷൻ പ്രസിഡന്റ് എന്നിവർ ഈ ഗവേണിംഗ് ബോഡിയിൽ അംഗങ്ങളാണ്.

വിമുക്തി മിഷന് സംസ്ഥാനതലത്തിൽ എക്സൈസ് വകുപ്പുമന്ത്രി ചെയർമാനായും നികുതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി വൈസ് ചെയർമാനായും എക്സൈസ് കമ്മീഷണർ കൺവീനറായും ഒരു എക്സിക്യൂട്ടീവ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്.

കൂടാതെ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായും ജില്ലാ കളക്ടർ കൺവീനറായും ജില്ലാതല എക്സിക്യൂട്ടീവ് കമ്മിറ്റികളും അതോടൊപ്പംതന്നെ തദ്ദേശഭരണ സ്ഥാപനതലത്തിലും (ജില്ല/ബ്ലോക്ക്/കോർപ്പറേഷൻ/മുനിസിപ്പാലിറ്റി/പഞ്ചായത്ത്)വാർഡ് തലത്തിലും (ജില്ല/ബ്ലോക്ക്/കോർപ്പറേഷൻ/മുനിസിപ്പാലിറ്റി/പഞ്ചായത്ത്) 'വിമുക്തി' കമ്മിറ്റികൾക്ക് രൂപം നൽകിയിട്ടുള്ളതാണ്. വിമുക്തി മിഷന്റെ പ്രവർത്തനങ്ങൾ നടത്തുന്നതിന് സ്റ്റേറ്റ് കോ-ഓർഡിനേറ്ററെ നിയമിച്ചിട്ടുണ്ട്.

(സി) വിമുക്തി പദ്ധതി വിഭാവന ചെയ്യുന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ജനപങ്കാളിത്തം ഉറപ്പാക്കുന്നതിന് ജില്ലാ പഞ്ചായത്ത്, കോർപ്പറേഷൻ, ബ്ലോക്ക്, മുനിസിപ്പാലിറ്റി, ഗ്രാമപഞ്ചായത്ത് തുടങ്ങിയ തദ്ദേശഭരണ സ്ഥാപനങ്ങൾ, സ്കൂൾ/കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ, സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, എൻ.സി.സി., എൻ.എസ്.എസ്., മദ്യവർജ്ജന സമിതികളടക്കമുള്ള സന്നദ്ധ സംഘടനകൾ, ആരോഗ്യവകുപ്പ്, ആർട്സ്/സ്പോർട്സ് ക്ലബ്ബുകൾ, ലൈബ്രറി കൗൺസിൽ, കുടുംബശ്രീ, വിദ്യാർത്ഥി-യുവജന മഹിളാ സംഘടനകൾ, കലാകായിക സാംസ്കാരിക സാഹിത്യം, മാധ്യമ രംഗത്തെ പ്രതിനിധികൾ ബഹുമാനപ്പെട്ട എം.പി. മാർ, എം.എൽ.എ മാർ, വാർഡ് മെമ്പർമാർ, അങ്കണവാടി ജീവനക്കാർ, ആശാവർക്കർ, റസിഡന്റ്സ് അസോസിയേഷൻ ഭാരവാഹികൾ എന്നിവരെയൊക്കെ വിവിധ തലത്തിലുള്ള വിമുക്തി കമ്മിറ്റികളിൽ അംഗങ്ങളാക്കി അവരുടെ സാന്നിദ്ധ്യവും പങ്കാളിത്തവും ഉറപ്പാക്കിയിട്ടുണ്ട്.

**വിമുക്തി മിഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ**

183 (807) <u>ശ്രീ. കെ. ദാസൻ :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലഹരി വിമുക്ത കേരളം ലക്ഷ്യമാക്കി സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന വിമുക്തി മിഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കാമോ;

(ബി) ഈ പദ്ധതിയുടെ ഭാഗമായി ജില്ല-താലൂക്ക് തലത്തിൽ നടപ്പിലാക്കേണ്ട കാര്യങ്ങൾ എന്തെല്ലാം; എക്സൈസ് ഓഫീസുകളിൽ ഇതിന്റെ ഭാഗമായി എന്തെല്ലാം കാര്യങ്ങളാണ് നടപ്പാക്കുന്നത്;വിശദമാക്കാമോ;

(സി) കൊയിലാണ്ടിയിലെ എക്സൈസ് ഓഫീസിലെ സൗകര്യങ്ങളുടെ അപര്യാപ്തത, പദ്ധതിയുടെ വിജയകരമായ നടത്തിപ്പിന് തടസ്സമായി നിൽക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പരിഹാരനടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) മദ്യവർജ്ജനത്തിന് ഊന്നൽ നൽകിയും മയക്കമരുന്നുകളുടെ ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കുവാനും ലക്ഷ്യമിട്ട് 6-10-2016-ലെ ജി.ഒ. (എം.എസ്.) നമ്പർ 94/2016/നി.വ. സർക്കാർ ഉത്തരവുപ്രകാരം കേരള സംസ്ഥാന ലഹരി വർജ്ജനമിഷൻ "വിമുക്തി" രൂപീകരിച്ചിട്ടുള്ളതാണ്. പ്രസ്തുത മിഷനിൽ സ്റ്റുഡന്റ്സ് പോലീസ് കേഡറ്റ്, സ്കൂൾ-കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ, എൻ.എസ്.എസ്., കുടുംബശ്രീ, സംസ്ഥാന ലൈബ്രറി കൗൺസിൽ, മദ്യവർജ്ജന സമിതികളടക്കമുള്ള സന്നദ്ധ സംഘടനകൾ, വിദ്യാർത്ഥി-യുവജന-മഹിളാ സംഘടനകൾ എന്നിവരുടെ പങ്കാളിത്തത്തോടുകൂടി ലഹരിക്കെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിച്ച് ലഹരി വിമുക്ത കേരളം എന്ന ലക്ഷ്യം സാക്ഷാൽക്കരിക്കുക എന്നതാണ് 'വിമുക്തി' മിഷന്റെ ഉദ്ദേശ്യലക്ഷ്യം.

(ബി) വിമുക്തി മിഷന്റെ സ്റ്റേറ്റ് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാനമനുസരിച്ചുള്ള ലഹരി വിരുദ്ധ ബോധവൽക്കരണ പദ്ധതികളാണ് ജില്ലാ താലൂക്ക് തലത്തിൽ നടപ്പിലാക്കിവരുന്നത്. ഈ തീരുമാനങ്ങൾ നടപ്പിലാക്കുന്നതിനായി ജില്ലാ തലത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനും കോർപ്പറേഷൻ മേയർ, മുനിസിപ്പൽ ചെയർപേഴ്സൺമാർ വൈസ് ചെയർമാൻമാരായും ജില്ലാ കളക്ടർ കൺവീനറായും എക്സൈസ് ഡെപ്യൂട്ടി കമ്മീഷണർ ജോയിന്റ് കൺവീനറായും വിവിധ പ്രതിനിധികൾ മെമ്പർമാരായും ഉള്ള ജില്ലാ എക്സിക്യൂട്ടീവ് കമ്മിറ്റിയും ബ്ലോക്ക്/കോർപ്പറേഷൻ/മുനിസിപ്പാലിറ്റി/ പഞ്ചായത്ത്/വാർഡുതല കമ്മിറ്റികളും വിമുക്തി മിഷനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

എക്സൈസ് ഉദ്യോഗസ്ഥരുടെ നേതൃത്വത്തിൽ അതാത് ഓഫീസ് പരിധിക്കുള്ളിലെ സ്കൂൾ/കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകളുമായി ചേർന്നും റസിഡന്റ്സ് അസോസിയേഷൻ, കോളനികൾ എന്നിവ കേന്ദ്രീകരിച്ചും ലഹരി വിരുദ്ധ ബോധവൽക്കരണ ക്ലാസ്സുകളും പ്രവർത്തനങ്ങളും ഷോർട്ട് ഫിലിം പ്രദർശനവും ബോധവൽക്കരണ പാവനാടകവും എക്സൈസ് ഉദ്യോഗസ്ഥർ അവതരിപ്പിക്കുന്ന ബോധവൽക്കരണ നാടകം, ബോധവൽക്കരണ സ്റ്റാളുകൾ തുടങ്ങി വിവിധ ഇനം പരിപാടികളും നടത്തിവരുന്നു.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**വിമുക്തി പദ്ധതിയുടെ വിശദാംശങ്ങൾ**

184 (808) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ ആരംഭിച്ചിരിക്കുന്ന വിമുക്തി പദ്ധതിയുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ.

(ബി) ഈ പദ്ധതി എത്ര ജില്ലകളിൽ വിജയകരമായി നടപ്പിലാക്കി വരുന്നു;മദ്യവർജ്ജനവും മയക്കുമരുന്നുകളുടെ ദുരുപയോഗവും തടയാൻ സംസ്ഥാനത്തുള്ള ബോധവൽക്കരണ ക്ലിനിക്കുകളുടെ പ്രവർത്തനങ്ങൾ വ്യക്തമാക്കാമോ; പുതുതായി എത്ര ക്ലിനിക്കുകൾ ആരംഭിക്കാൻ കഴിഞ്ഞു;

(സി) മയക്കുമരുന്നിന്റെയും മദ്യത്തിന്റെയും ദുരുപയോഗത്തെക്കുറിച്ച് വരുന്ന അദ്ധ്യയനവർഷം സ്കൂൾ, കോളേജ് തലത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന ബോധവൽക്കരണ പദ്ധതികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ) കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി"യുടെ പ്രവർത്തനങ്ങളുടെ ഭാഗമായി സ്കൂൾ/കോളേജ് വിദ്യാഭ്യാസ സ്ഥാപനതല പ്രവർത്തനങ്ങൾ, ക്രിയാത്മക പ്രവർത്തനങ്ങൾ, സാമൂഹിക പ്രവർത്തനങ്ങൾ, വിവര വ്യാപന സംവിധാനങ്ങൾ, മദ്യവും മയക്കുമരുന്നും ഉപയോഗിച്ചു തുടങ്ങിയവരെ തിരുത്തൽ പ്രക്രിയ, നിയമവിരുദ്ധ ലഹരി ഉൽപ്പന്നങ്ങളുടെ ലഭ്യതയും വിതരണവും ഇല്ലാതാക്കൽ ഉദ്ദേശിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ, പുനരധിവാസം എന്നീ പദ്ധതികളാണ് നടത്തുന്നത്.

(ബി) കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി" യുടെ പ്രവർത്തനങ്ങളിലൂടെ എല്ലാ ജില്ലകളിലും ലഹരിക്കെതിരെയുള്ള ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തിവരുന്നുണ്ട്. എക്സൈസ് വകുപ്പിന്റെ കീഴിൽ ബോധവൽക്കരണ ക്ലിനിക്കുകൾ ഒന്നുംതന്നെ ആരംഭിച്ചിട്ടില്ല. എന്നാൽ കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി" യുടെ ഭാഗമായി എല്ലാ

ജില്ലകളിലും ഡീ-അഡിക്ഷൻ സെന്ററുകൾ ആരോഗ്യവകുപ്പിന്റെ നിയന്ത്രണത്തിൽ രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. അതോടൊപ്പം കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി" യുടെ ഭാഗമായി ദേശീയ നിലവാരത്തിൽ ആധുനിക സജ്ജീകരണങ്ങളോടുകൂടിയ ഒരു മാതൃകാ ഡീ-അഡിക്ഷൻ സെന്റർ എക്സൈസ് വകുപ്പിന് കീഴിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ജൂൺ 26-ന് അന്താരാഷ്ട്ര ലഹരി വിരുദ്ധ ദിനാചരണത്തിന്റെ ഭാഗമായി എല്ലാ സ്കൂൾ/കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകൾ മുഖാന്തിരം ഓരോ ആക്ടിവിറ്റി സംഘടിപ്പിക്കുന്നതാണ്. സ്കൂൾ/കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകളുടെ കയ്യെഴുത്തു മാസിക മത്സരം, സ്കൂൾ/കോളേജ് ലഹരി വിരുദ്ധ ക്ലബ്ബുകളുടെ നോട്ടീസ് ബോർഡിൽ പോസ്റ്റർ തയ്യാറാക്കി പതിക്കൽ, വിദ്യാർത്ഥികളെ ഉൾപ്പെടുത്തി ക്വിസ്, ഉപന്യാസ മത്സരങ്ങൾ, സ്കൂൾ/കോളേജ് ലഹരി വിരുദ്ധ ക്ലബ്ബ് കൺവീനർമാർക്ക് ശിൽപ്പശാല, പ്രൊഫഷണൽ കോളേജുകൾപ്പെടെയുള്ള കോളേജ് വിദ്യാർത്ഥികളെ പങ്കെടുപ്പിച്ചുകൊണ്ട് ഷോർട്ട് ഫിലിം ഫെസ്റ്റിവൽ മത്സരം എന്നിവയാണ് വരുന്ന അദ്ധ്യയന വർഷം സ്കൂൾ/കോളേജ് തലത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രധാന പദ്ധതികൾ. കൂടാതെ 2017-18 അദ്ധ്യയനവർഷം സ്കൂൾ പാഠ്യപദ്ധതിയിൽ ലഹരിവിരുദ്ധ ആശയങ്ങളടങ്ങിയ പാഠഭാഗങ്ങൾ ഉൾപ്പെടുത്തുവാൻ വിദ്യാഭ്യാസ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

**സർക്കാരിന് ഉണ്ടാകുന്ന നഷ്ടം**

185 (809) ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഹു. സുപ്രീംകോടതിവിധിമൂലം ബാറുകളും സർക്കാർ മദ്യശാലകളും പൂട്ടിയതുകാരണം സർക്കാരിന് ഉണ്ടാകുന്ന നഷ്ടം എത്രകോടിയെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ;

(ബി) ഒരു മാസം ഉണ്ടാകുന്ന നഷ്ടം എത്ര കോടിയെന്ന് ബാറുകൾ തിരിച്ചും സർക്കാർ മദ്യശാലകൾ തിരിച്ചും വിശദമാക്കുമോ;

(സി) ബഹു. സുപ്രീംകോടതി വിധിക്കെതിരെ സർക്കാർ അപ്പീൽ നൽകുന്നകാര്യം പരിഗണനയിൽ ഉണ്ടോ; എങ്കിൽ എന്ത് മാനദണ്ഡത്തിന്റെ പേരിലാണ് അപ്പീൽ എന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ഹൈവേയുടെ സമീപം പ്രവർത്തിക്കുന്ന മദ്യഷാപ്പുകൾ 2017 ഏപ്രിൽ 1-ന് മുമ്പായി മാറ്റിസ്ഥാപിക്കണമെന്ന ബഹുമാനപ്പെട്ട സുപ്രീം കോടതി ഉത്തരവിനെത്തുടർന്ന് 2016 ഡിസംബർ മുതൽ കെ.എസ്.ബി.സി.-യുടെ വിറ്റുവരവിൽ കുറവുണ്ടായിട്ടുണ്ട്. ഇന്ത്യൻ നിർമ്മിത വിദേശമദ്യം, ബിയർ എന്നിവയുടെ വിൽപ്പന അളവിലും വിൽപ്പന മൂല്യത്തിലും ഉണ്ടായ കുറവ് ചുവടെ ചേർക്കുന്നു:

ഇന്ത്യൻ നിർമ്മിത വിദേശമദ്യ വിൽപ്പനയുടെ അളവിലുണ്ടായ കുറവ്

(ലക്ഷം കെയ്സിൽ)

| മാസം | 2016-17 | 2015-16 | വർദ്ധനവ്/ കുറവ് | വർദ്ധനവ്/ കുറവ് ശതമാനത്തിൽ |
|---|---|---|---|---|
| നവംബർ | 15.72 | 15.08 | 0.64 | 4 % |
| ഡിസംബർ | 17.52 | 17.82 | (-) 0.30 | (-) 2 % |
| ജനുവരി | 15.56 | 16.66 | (-) 1.10 | (-) 7 % |
| ഫെബ്രുവരി | 16.36 | 17.32 | (-) 0.96 | (-) 6 % |
| മാർച്ച് | 16.11 | 16.66 | (-) 0.55 | (-) 3 % |
| ഏപ്രിൽ (17-4-2017 വരെ) | 8.64 | 9.04 | 0.40 | (-) 4 % |

ബിയർ വിൽപ്പനയുടെ അളവിലുണ്ടായ കുറവ്

(ലക്ഷം കെയ്സിൽ)

| മാസം | 2016-17 | 2015-16 | വർദ്ധനവ്/ കുറവ് | വർദ്ധനവ്/ കുറവ് ശതമാനത്തിൽ |
|---|---|---|---|---|
| നവംബർ | 11.05 | 8.97 | 2.08 | 23 % |
| ഡിസംബർ | 11.83 | 12.22 | (-) 0.39 | (-) 3 % |
| ജനുവരി | 11.53 | 12.88 | (-) 1.35 | (-) 10 % |
| ഫെബ്രുവരി | 13.67 | 14.01 | (-) 0.34 | (-) 2 % |
| മാർച്ച് | 13.50 | 18.15 | (-) 4.65 | (-) 26 % |
| ഏപ്രിൽ (17-4-2017 വരെ) | 4.86 | 9.60 | (-) 4.74 | (-) 49 % |

ആകെ വിൽപ്പനമൂല്യത്തിലുണ്ടായ കുറവ്

(തുക കോടി രൂപയിൽ)

| മാസം | 2016-17 | 2015-16 | വർദ്ധനവ്/ കുറവ് | വർദ്ധനവ്/ കുറവ് ശതമാനത്തിൽ |
|---|---|---|---|---|
| നവംബർ | 903.27 | 842.22 | 61.05 | 7 % |
| ഡിസംബർ | 1040.10 | 1000.19 | 39.91 | 4 % |
| ജനുവരി | 1008.64 | 995.21 | 12.83 | 1 % |
| ഫെബ്രുവരി | 973.55 | 971.47 | 2.08 | 0.21 % |
| മാർച്ച് | 1031.60 | 1041.45 | (-) 9.85 | (-) 1 % |
| ഏപ്രിൽ (17-4-2017 വരെ) | 521.94 | 594.94 | (-) 73 | (-) 12 % |

നിലവിൽ കെ.എസ്.ബി.സി.-യുടെ വിറ്റുവരവ് തുകയിൽ പ്രതിദിനം 4.56 കോടി രൂപയുടെ കുറവുണ്ടായിട്ടുണ്ട്. ഇതേ അവസ്ഥ തുടരുകയാണെങ്കിൽ കെ.എസ്.ബി.സി.-യുടെ വിറ്റുവരവിൽ 2016-17 സാമ്പത്തിക വർഷത്തെ അപേക്ഷിച്ച് 2017-18 സാമ്പത്തിക വർഷത്തിൽ ഏകദേശം 1700 മുതൽ 2000 കോടി രൂപയുടെ കുറവുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. കൂടാതെ ബഹുമാനപ്പെട്ട സുപ്രീം കോടതി വിധിപ്രകാരം 1-4-2017 മുതൽ പ്രവർത്തിക്കാൻ കഴിയാതെയിരിക്കുന്ന മദ്യഷാപ്പുകൾ, ബാറുകൾ തുടങ്ങിയവ തുടർന്നും മാറ്റി സ്ഥാപിച്ച് പ്രവർത്തിപ്പിക്കാൻ കഴിയാതെ വരികയാണെങ്കിൽ ലൈസൻസ് ഫീസ് ഇനത്തിൽ സർക്കാരിന് ഉദ്ദേശം 35 കോടിയിലധികം രൂപയുടെ നഷ്ടവും ഉണ്ടാകാനിടയുണ്ട്.

(ബി) കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷനിൽ നിന്നും ബാറുകളിലേക്കും കൺസ്യൂമർ ഫെഡിലേയ്ക്കുമുള്ള വിൽപ്പനയിൽ പ്രതിമാസം 72 കോടി രൂപയുടെ നഷ്ടവും കെ.എസ്.ബി.സി.-യുടെ വിദേശമദ്യ ചില്ലറ വിൽപ്പനശാലകളിൽനിന്നുള്ള വിറ്റുവരവിൽ പ്രതിമാസം 67 കോടി രൂപയുടെ നഷ്ടവുമുണ്ടായിട്ടുണ്ട്.

(സി) പരിഗണനയിലില്ല.

**യൂണിഫോം അലവൻസ്**

186 (810) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എക്സൈസ് വകുപ്പിന് കീഴിലുള്ള ജീവനക്കാർ യൂണിഫോം ഉപയോഗിക്കുന്നുണ്ടോ;

(ബി) പ്രതിവർഷം എത്ര മീറ്റർ തുണിയാണ് ഇതിനുവേണ്ടി വാങ്ങുന്നത്;

(സി) എത്ര ജീവനക്കാർക്ക് യൂണിഫോം അലവൻസ് നൽകുന്നുണ്ട്;

(ഡി) സർക്കാർ ചെലവിൽ നൽകുന്ന യൂണിഫോം സർക്കാർ ഉടമസ്ഥതയിലുള്ള മില്ലുകൾ, ഖാദി, കൈത്തറി മേഖലകൾ എന്നിവിടങ്ങളിൽ നിന്ന് വാങ്ങുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) എക്സൈസ് വകുപ്പിൽ മിനിസ്റ്റീരിയൽ ജീവനക്കാർ ഒഴികെയുള്ള ജീവനക്കാർ യൂണിഫോം ഉപയോഗിക്കുന്നുണ്ട്.

(ബി) യൂണിഫോം അലവൻസ് തുകയായിട്ടാണ് ജീവനക്കാർക്ക് അനുവദിക്കുന്നത്.

(സി) 5002 ജീവനക്കാർക്ക് യൂണിഫോം അലവൻസ് നൽകുന്നുണ്ട്.

(ഡി) ഇപ്പോൾ പരിഗണനയിലില്ല.

**മദ്യവിപണന മാർഗ്ഗനിർദ്ദേശം**

187 (811) ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ്, നാളിതുവരെയും മദ്യനയം പ്രഖ്യാപിച്ചിട്ടില്ലെന്ന കാര്യം ശരിയാണോ; എങ്കിൽ മദ്യനയം ഔദ്യോഗികമായി പ്രഖ്യാപിക്കാതെ മുൻ സർക്കാരിന്റെ നയം തുടരാനാണോ ഉദ്ദേശിക്കുന്നത്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം വിവിധ കോടതികൾ മദ്യ വിപണനവുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ചിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) എങ്കിൽ ഈ കാലയളവിലെ ഏതെല്ലാം വിധികളുടെ നടപ്പാക്കലാണ് നടന്നിട്ടുള്ളത് എന്ന് വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ശരിയാണ്. എൽ.ഡി.എഫ്. സർക്കാരിന്റെ മദ്യനയം പ്രഖ്യാപിക്കുന്നതുവരെ നിലവിലുള്ള മദ്യനയം തുടരുന്നതാണ്.

(ബി & സി) ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ 31-3-2017-ലെ CA.No. 12164-12166/16-ാം നമ്പർ കേസ്സുകളിലെ വിധിന്യായപ്രകാരം ദേശീയ/സംസ്ഥാന പാതകളിൽ നിന്നും കാണുന്ന തരത്തിലോ നേരിട്ട് പ്രവേശിക്കുന്ന തരത്തിലോ ദേശീയ/സംസ്ഥാന പാതയോരങ്ങളിൽ നിന്നും 500 മീറ്ററിനുള്ളിലോ ഒരു മദ്യഷാപ്പും 01-4-2017 മുതൽ പ്രവർത്തിക്കാൻ പാടില്ലെന്ന് ഉത്തരാവായിട്ടുള്ളതാണ്. ടി ഉത്തരവ് പാലിച്ചിട്ടുണ്ട്.

**മദ്യവിൽപ്പന**

188 (812) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 വർഷത്തിൽ മദ്യവില്പനയിലൂടെ മൊത്തം എത്ര തുക ലഭിച്ചു എന്ന് വ്യക്തമാക്കുമോ;

(ബി) കഞ്ചാവ്, കറുപ്പ്, മറ്റ് മയക്കുമരുന്നുകൾ എന്നിവ എക്സൈസ് വകുപ്പ് വിപണനം ചെയ്യുന്നുണ്ടോ; എങ്കിൽ അതിലൂടെ എന്തു തുക ലഭിച്ചു എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 2016-17 വർഷത്തിൽ വിദേശമദ്യവിൽപ്പനയിലൂടെ 12,134 കോടി രൂപയുടെയും എക്സൈസ് ഡ്യൂട്ടി, ലൈസൻസ് ഫീ, ടീ ടാക്സ്, ഗാലനേജ് ഫീ, റെന്റൽ എന്നിവയിലൂടെ 1969,26,39,546 രൂപയുടെയും വരുമാനമുണ്ടായിട്ടുണ്ട്.

(ബി) നിരോധിത ലഹരിവസ്തുക്കൾ വിപണനം ചെയ്യുന്നില്ല.

**സ്പിരിറ്റ് കേസ്സുകൾ**

189 (813) <u>ശ്രീ. എൽദോസ് കുന്നപ്പിള്ളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016 ജൂലൈ 1 മുതൽ 2017 മാർച്ച് 31 വരെ എത്ര സ്പിരിറ്റ് കേസ്സുകളാണ് എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്തിട്ടുള്ളത്;

(ബി) 2015 ജൂലൈ 1 മുതൽ 2016 മാർച്ച് 31 വരെ എത്ര സ്പിരിറ്റ് കേസ്സുകൾ രജിസ്റ്റർ ചെയ്തുവെന്ന് വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) 9 എണ്ണം

(ബി) 34 എണ്ണം

## എക്സൈസ് വകുപ്പിന് സ്വന്തമായി കെട്ടിടങ്ങൾ

190 (814) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, കാസർഗോഡ് ജില്ലയിൽ എക്സൈസ് വകുപ്പ് നടത്തിയ പ്രവർത്തനങ്ങളും അതിനുവേണ്ടി ചെലവഴിച്ച തുകയും മണ്ഡലം തിരിച്ച് വ്യക്തമാക്കുമോ;

(ബി) കാസർകോഡ് ജില്ലയിൽ എക്സൈസ് വകുപ്പിന് സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ സർക്കാർ ഫണ്ട് അനുവദിച്ചിട്ടുണ്ടോ;

(സി) എങ്കിൽ അതിനുവേണ്ടി ഇതുവരെ നടന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ഡി) കാസർകോഡ് ജില്ലയിൽ എക്സൈസ് ഭവന് എവിടെയാണ് കെട്ടിടം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നത്; ഇതിന് എത്ര തുക നീക്കിവച്ചിട്ടുണ്ട്;

(ഇ) പ്രസ്തുത ജില്ലയിൽ റേഞ്ച് ഓഫീസുകൾക്ക് പുതിയ കെട്ടിടം നിർമ്മിക്കാൻ ഉദ്ദേശ്യമുണ്ടോ; എങ്കിൽ അതിന്റെ വിശദാംശം നൽകുമോ?

### ഉത്തരം

(എ) കാസർഗോഡ് എക്സൈസ് കോംപ്ലക്സ് നിർമ്മാണത്തിനായി 3-6-2015-ൽ സർക്കാർ പുതുക്കിയ എസ്റ്റിമേറ്റ് ആവശ്യപ്പെട്ടതിനെത്തുടർന്ന് 28-3-2017-ൽ കാസർഗോഡ് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ 3.5 കോടി രൂപയുടെ പുതുക്കിയ എസ്റ്റിമേറ്റ് ലഭ്യമാക്കിയിരുന്നു. എന്നാൽ ടി എക്സൈസ് കോംപ്ലക്സ് പ്ലാനിൽ എക്സൈസ് ഡിവിഷൻഓഫീസ്, അസി. എക്സൈസ് കമ്മീഷണർ ഓഫീസ്, കോൺഫറൻസ് ഹാൾ, വീഡിയോ കോൺഫറൻസ് ഹാൾ, ജില്ലാതല വിമുക്തി ഓഫീസ് എന്നിവ ഉൾപ്പെടുത്താത്തതിനാൽ 28-3-2017-ൽ ലഭ്യമാക്കിയ എസ്റ്റിമേറ്റ് 11-4-2017-ൽ കാസർഗോഡ് ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർക്ക് മടക്കി അയച്ചുകൊടുത്ത് മേൽപ്പടി ഓഫീസുകൾകൂടി ഉൾപ്പെടുത്തി പുതിയ പ്ലാനും എസ്റ്റിമേറ്റും എത്രയുംവേഗം ലഭ്യമാക്കാൻ നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിലെ അധൂർ, പെർള എന്നീ എക്സൈസ് ചെക്ക് പോസ്റ്റുകളിൽ 20,91,000 രൂപ ചെലവിൽ (ഒരെണ്ണം 10,45,500 രൂപ) രണ്ട് കണ്ടെയ്നർ മോഡ്യൂൾസ് സ്ഥാപിച്ചിട്ടുള്ളതാണ്. കൂടാതെ 24,000 രൂപ ചെലവിൽ ഹോസ്ദുർഗ്ഗ് സർക്കിൾ ഓഫീസിൽ ഒരു 1 കെ.വി. ഓൺലൈൻ യു.പി.എസും 29,400 രൂപ വീതം ചെലവിൽ കാസർഗോഡ് എക്സൈസ് ഡിവിഷൻ ഓഫീസിൽ ഇ-ഓഫീസ് സിസ്റ്റം നടപ്പാക്കാൻ വേണ്ടി 2 കമ്പ്യൂട്ടറും വാങ്ങിനൽകിയിട്ടുള്ളതാണ്.

(ബി) ഇല്ല.

(സി) ബാധകമല്ല.

(ഡി) പുലിക്കുന്ന് എന്ന സ്ഥലത്താണ് എക്സൈസ് ഭവൻ നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നത്. ഇതിനായി തുക ഒന്നും തന്നെ നീക്കിവച്ചിട്ടില്ല.

(ഇ) ബദിയടുക്ക റേഞ്ച് ഓഫീസിന് കെട്ടിടം പണിയാൻ 100 ലക്ഷം രൂപയുടെ എസ്റ്റിമേറ്റും പ്ലാനും ലഭ്യമായിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

**മദ്യവിൽപ്പന കേന്ദ്രങ്ങൾ**

191 (815) ശ്രീ. മുല്ലക്കര രത്നാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബെവ്കോ, സിവിൽ സപ്ലൈസ് എന്നിവയുടെ ഉടമസ്ഥതയിൽ എത്ര മദ്യവില്പന കേന്ദ്രങ്ങൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സുപ്രീംകോടതി വിധിയുടെ വെളിച്ചത്തിൽ സംസ്ഥാനത്ത് എത്ര മദ്യ വില്പന കേന്ദ്രങ്ങൾ അടച്ചുപൂട്ടിയെന്നും എത്ര മദ്യ വില്പന കേന്ദ്രങ്ങൾ മാറ്റി സ്ഥാപിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്ത് എത്ര ബാർ ഹോട്ടലുകൾ നിലവിലുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ബെവ്കോയുടെ ഉടമസ്ഥതയിൽ നിലവിൽ 145 മദ്യവിൽപ്പന കേന്ദ്രങ്ങളുണ്ട്. സിവിൽ സപ്ലൈസ് മദ്യവിൽപ്പന കേന്ദ്രങ്ങൾ നടത്തുന്നില്ല. എന്നാൽ കൺസ്യൂമർ ഫെഡ് 23 FL 1 ഷോപ്പുകൾ നടത്തുന്നുണ്ട്.

(ബി) സുപ്രീംകോടതി വിധിയുടെ വെളിച്ചത്തിൽ 137 ചില്ലറ മദ്യവിൽപ്പനശാലകളും 8 ബാർ ഹോട്ടലുകളും 18 ക്ലബ്ബുകളും 9 മിലിറ്ററി ക്യാന്റീനുകളും 532 ബിയർ/വൈൻ പാർലറുകളും ഒരു ബിയർ റീട്ടെയിൽ ഔട്ട്‍ലെറ്റും 1092 കള്ള് ഷാപ്പുകളും അടച്ചുപൂട്ടിയിട്ടുണ്ട്. കൂടാതെ ബെവ്കോയുടെ 55 വിദേശമദ്യഷോപ്പുകളും കൺസ്യൂമർഫെഡിന്റെ 23 വിദേശമദ്യ ഷോപ്പുകളും ഒരു ബിയർ ഷോപ്പും 53 കള്ളുഷാപ്പുകളും മാറ്റിസ്ഥാപിച്ചിട്ടുണ്ട്.

(സി) സംസ്ഥാനത്ത് നിലവിൽ 22 ബാർ ഹോട്ടലുകൾ പ്രവർത്തിക്കുന്നുണ്ട്.

**വ്യാജമദ്യം, കഞ്ചാവ് മുതലായവ തടയുന്നതിന് നടപടി**

192 (816) ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വ്യാജമദ്യ - മയക്കുമരുന്ന് ഉപയോഗം തടയുന്നതിന്റെ ഭാഗമായി എക്സൈസ് വകുപ്പ് സംസ്ഥാനത്ത് എത്ര റെയ്ഡുകൾ നടത്തിയിട്ടുണ്ട്;

(ബി) ഇതിൽ എത്ര ലിറ്റർ വ്യാജമദ്യം പിടിച്ചെടുത്തിട്ടുണ്ട്;

(സി) എത്ര കിലോ കഞ്ചാവ് പിടിച്ചെടുത്തിട്ടുണ്ട്;

(ഡി) എത്ര കിലോ നിരോധിത പുകയില ഉല്പന്നങ്ങൾ പിടിച്ചെടുത്തിട്ടുണ്ട്;

(ഇ) മറ്റ് നിരോധിത ലഹരി ഉല്പന്നങ്ങൾ എത്ര പിടിച്ചെടുത്തിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(എഫ്) വ്യാജമദ്യ - നിരോധിത പുകയില ഉല്പന്നങ്ങൾ, കഞ്ചാവ് തുടങ്ങിയവ കണ്ടെത്തുന്നതിന് നിരന്തരം റെയ്ഡുകൾ നടത്തുന്നതിന് എക്സൈസ് വകുപ്പ് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 25-5-2016 മുതൽ 31-3-2017 വരെയുള്ള കാലയളവിൽ എക്സൈസ് വകുപ്പ് 120124 റെയ്ഡുകൾ നടത്തിയിട്ടുണ്ട്.

(ബി) 1330 ലിറ്റർ സ്പിരിറ്റ്, 3242 ലിറ്റർ ചാരായം, 133740 ലിറ്റർ കോട, 9973 ലിറ്റർ അന്യസംസ്ഥാന മദ്യം, 1140 ലിറ്റർ മറ്റ് വ്യാജമദ്യങ്ങൾ മുതലായവ എക്സൈസ് വകുപ്പ് പിടിച്ചെടുത്തിട്ടുണ്ട്.

(സി) 742 കിലോഗ്രാം കഞ്ചാവ് എക്സൈസ് വകുപ്പ് പിടിച്ചെടുത്തിട്ടുണ്ട്.

(ഡി) 34484 കിലോഗ്രാം ഹാൻസ്, പാൻപരാഗ്, സിഗരറ്റ്, ബീഡി തുടങ്ങിയവ അടക്കമുള്ള പുകയില ഉൽപ്പന്നങ്ങളും അവയുടെ 1337665 പായ്ക്കറ്റും എക്സൈസ് വകുപ്പ് പിടിച്ചെടുത്തിട്ടുണ്ട്.

(ഇ) 2286 കഞ്ചാവ് ചെടികളും 11.246 കിലോഗ്രാം ഹാഷിഷ് ഓയിലും 39.61 ഗ്രാം ഹെറോയിനും 105.14 ഗ്രാം ബ്രൗൺഷുഗറും 34 ഗ്രാം ഓപ്പിയവും 170 ഗ്രാം ചരസും 57 ആംപ്യൂളുകളും 7544 ടാബ്ലറ്റുകളും പിടിച്ചെടുത്തിട്ടുണ്ട്.

(എഫ്) വ്യാജമദ്യ-നിരോധിത പുകയില ഉൽപ്പന്നങ്ങൾ, കഞ്ചാവ് തുടങ്ങിയവ കണ്ടെത്തുന്നതിനും അവയുടെ ഉൽപ്പാദനവും വിതരണവും തടയുന്നതിനും എക്സൈസ് വകുപ്പ് ശക്തമായ പരിശോധനകൾ നടത്തുകയും കുറ്റകൃത്യങ്ങളിൽ ഏർപ്പെടുന്നവർക്കെതിരെ കർശന നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തുവരുന്നു. പോലീസ്, ഫോറസ്റ്റ്, റവന്യൂ, മറൈൻ എൻഫോഴ്സ്മെന്റ് വകുപ്പുകളിലെ ഉദ്യോഗസ്ഥരുമായി ചേർന്ന് സംയുക്ത പരിശോധനകൾ നടത്തുന്നു. അന്യസംസ്ഥാനങ്ങളിൽനിന്നുള്ള മദ്യത്തിന്റെയും മയക്കുമരുന്നുകളുടെയും പുകയില ഉൽപ്പന്നങ്ങളുടെയും അനധികൃത കടത്ത് തടയുന്നതിന് ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ശക്തിപ്പെടുത്തിയിട്ടുള്ളതും ബോർഡർ/ഹൈവേ പട്രോളിംഗ് യൂണിറ്റുകളുടെ പ്രവർത്തനം സജീവമാക്കിയിട്ടുള്ളതുമാണ്. എക്സൈസ് ഇന്റലിജൻസ്, ഷാഡോ എക്സൈസ് വിഭാഗങ്ങളും ഫലപ്രദമായി പ്രവർത്തിച്ചുവരുന്നു.

**ജോലി നഷ്ടപ്പെടുന്നവരുടെ സംരക്ഷണം**

193 (817) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സുപ്രീം കോടതി വിധിയുടെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ ഭൂരിഭാഗം മദ്യശാലകളും അടച്ചുപൂട്ടിയതിന്റെ ഭാഗമായി ജോലി നഷ്ടപ്പെടുന്നവർക്ക് എന്ത് സംരക്ഷണമാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

സുപ്രീം കോടതി വിധിയുടെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ മദ്യശാലകൾ അടച്ചുപൂട്ടിയതിന്റെ ഭാഗമായി ജോലി നഷ്ടപ്പെടുന്നവർക്ക് എന്ത് സംരക്ഷണം നൽകണമെന്ന കാര്യം സർക്കാർ പരിശോധിച്ചുവരികയാണ്.

**എക്സൈസ് ഓഫീസ്**

194 (818) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യത്തിന് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചാലക്കുടി താലൂക്കിൽ എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ ഓഫീസും അതിരപ്പിള്ളി പഞ്ചായത്തിൽ എക്സൈസ് റേഞ്ച് ഓഫീസും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

ചാലക്കുടി ഉൾപ്പെടെയുള്ള 12 പുതിയ താലൂക്കുകളിൽ എക്സൈസ് സർക്കിൾ ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള എക്സൈസ് കമ്മീഷണറുടെ ശിപാർശ സർക്കാർ പരിശോധിച്ചുവരുന്നു. അതിരപ്പിള്ളി പഞ്ചായത്തിൽ റേഞ്ച് ഓഫീസ് അനുവദിക്കണമെന്ന ആവശ്യം പരിഗണനയിലില്ല.

**അടച്ചുപൂട്ടിയ ബിവറേജസ് ഔട്ട്ലെറ്റുകൾ**

195 (819) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുപ്രീം കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ അടച്ചുപൂട്ടിയ ബിവറേജസ് ഔട്ട്ലെറ്റുകൾ എത്ര എന്നും ഇതിൽ പ്രവർത്തനം പുനരാരംഭിക്കാൻ കഴിഞ്ഞവ എത്ര എന്നും വെളിപ്പെടുത്താമോ;

(ബി) നിലവിലെ അബ്കാരി ആക്ട് പ്രകാരം പുതിയ ഔട്ട്ലെറ്റുകൾ സ്ഥാപിക്കുമ്പോൾ പാലിക്കപ്പെടേണ്ട നിബന്ധനകൾ എന്തെല്ലാം;

(സി) ഔട്ട്ലെറ്റുകൾ സ്ഥാപിക്കുന്നതിന് അബ്കാരി ആക്ടിലെ വ്യവസ്ഥകൾ പാലിക്കപ്പെടാത്തതുകൊണ്ടാണോ വ്യാപക പ്രതിഷേധങ്ങളും, ജനകീയ പ്രക്ഷോഭങ്ങളും ഉയർന്നുവരുന്നത് എന്ന് വ്യക്തമാക്കാമോ;

(ഡി) ആരാധനാലയങ്ങൾ, ജനവാസ കേന്ദ്രങ്ങൾ എന്നിവയ്ക്ക് സമീപം ഔട്ട്ലെറ്റുകൾ സ്ഥാപിക്കുമ്പോൾ പാലിക്കപ്പെടേണ്ട വ്യവസ്ഥകൾ എന്തെല്ലാം; ഇതിൽ ജാഗ്രതക്കുറവ് ഉണ്ടായിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) സുപ്രീംകോടതി ഉത്തരവുപ്രകാരം പാതയോരത്തുപ്രവർത്തിച്ചിരുന്ന 179 ബിവറേജസ് ഔട്ട്ലെറ്റുകൾ അടച്ചുപൂട്ടിയിട്ടുണ്ട്. അതിൽ 55 എണ്ണത്തിന്റെ പ്രവർത്തനം പുനരാരംഭിക്കാൻ കഴിഞ്ഞിട്ടുണ്ട്.

(ബി) നിലവിലെ അബ്കാരി നിയമങ്ങളും ചട്ടങ്ങളും പ്രകാരം ഷോപ്പുകൾ സ്ഥാപിക്കുമ്പോൾ വിദ്യാലയങ്ങൾ, ആരാധനാലയങ്ങൾ, പട്ടികജാതി പട്ടികവർഗ്ഗ കോളനികൾ, ശ്മശാനം എന്നിവയിൽനിന്നും 200 മീറ്റർ അകലം പാലിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ D&O ലൈസൻസ് നേടേണ്ടതുണ്ട്.

(സി) അബ്കാരി നിയമങ്ങളും ചട്ടങ്ങളും പാലിച്ചുമാത്രമാണ് ബിവറേജസ് ഔട്ട് ലെറ്റുകൾ മാറ്റി സ്ഥാപിക്കുന്നത്.

(ഡി) ആരാധനലായങ്ങളിൽനിന്നും 200 മീറ്റർ മാറി മാത്രമേ ഔട്ട് ലെറ്റുകൾ സ്ഥാപിക്കാവൂ. എന്നാൽ ജനവാസകേന്ദ്രങ്ങളിൽ നിന്നുള്ള ദൂരപരിധി അബ്കാരി നിയമത്തിലും ചട്ടങ്ങളിലും പരാമർശിക്കുന്നില്ല. ഷോപ്പുകൾ മാറ്റി സ്ഥാപിക്കുമ്പോൾ അബ്കാരി നിയമങ്ങളും ചട്ടങ്ങളും പാലിക്കുന്നതിൽ ജാഗ്രതക്കുറവ് ഉണ്ടായിട്ടില്ല.

## ലഹരി വസ്തുക്കളുടെ വിൽപ്പന

196 (820) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധസ്ഥലങ്ങളിൽ കഞ്ചാവ്, ചരസ്സ് മുതലായ ലഹരിവസ്തുക്കൾ വിറ്റഴിയ്ക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഈ സർക്കാർ അധികാരമേറ്റശേഷം മേൽ വിഷയത്തിൽ എത്ര കേസ്സുകൾ പിടിച്ചിട്ടുണ്ടെന്നും എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നുമുള്ളതിന്റെ ജില്ല തിരിച്ചുള്ള വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(സി) കേരളത്തിൽ നിലനിൽക്കുന്ന വിദേശമദ്യനയംമൂലമാണോ ലഹരി വസ്തുക്കൾ കൂടുതലായി വിറ്റഴിക്കപ്പെടുന്നത്; വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) കേരളത്തിലെ എല്ലാ മേഖലയിലേയും ആൾക്കാരേയും സംഘടനകളേയും രാഷ്ട്രീയ-സാമൂഹ്യ പ്രസ്ഥാനങ്ങളേയും ഉൾപ്പെടുത്തി ചർച്ചകൾ നടത്തി വളരെ നല്ലതരത്തിൽ പുതിയ മദ്യനയം ഉണ്ടാക്കാൻ സർക്കാർ പദ്ധതിയുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

### ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 25-5-2016 മുതൽ 31-3-2017 വരെ കഞ്ചാവ് അടക്കമുള്ള ലഹരി വസ്തുക്കളുമായി ബന്ധപ്പെട്ട് എൻ.ഡി.പി.എസ്. നിയമപ്രകാരം എക്സൈസ് വകുപ്പ് പിടിച്ചെടുത്തതും രജിസ്റ്റർ ചെയ്തതുമായ കേസ്സുകളുടെ ജില്ല തിരിച്ചുള്ള എണ്ണം ചുവടെ ചേർക്കുന്നു:

| ജില്ല | പിടിച്ചെടുത്തതും രജിസ്റ്റർ ചെയ്തതുമായ എൻ.ഡി.പി.എസ്. കേസ്സുകൾ |
|---|---|
| (1) | (2) |
| തിരുവനന്തപുരം | 185 |
| കൊല്ലം | 450 |
| പത്തനംതിട്ട | 196 |
| ആലപ്പുഴ | 243 |
| കോട്ടയം | 336 |

| (1) | (2) |
|---|---|
| ഇടുക്കി | 341 |
| എറണാകുളം | 429 |
| തൃശ്ശൂർ | 309 |
| പാലക്കാട് | 168 |
| മലപ്പുറം | 295 |
| കോഴിക്കോട് | 153 |
| വയനാട് | 154 |
| കണ്ണൂർ | 167 |
| കാസർഗോഡ് | 60 |
| ആകെ | 3486 |

(സി) സംസ്ഥാനത്ത് ലഹരി വസ്തുക്കളുടെ വിപണനവും ഉപഭോഗവും വർദ്ധിച്ചുവരുന്നത് നിലവിലുള്ള മദ്യനയത്തിന്റെ ഫലമാണെന്ന് കരുതുന്നതിന് അടിസ്ഥാനമായി പഠനങ്ങൾ ഒന്നും തന്നെ നടന്നിട്ടില്ല. എന്നാൽ നിലവിലുള്ള മദ്യനയം നടപ്പിലായശേഷം എക്സൈസ് വകുപ്പ് കണ്ടെടുക്കുന്ന എൻ.ഡി.പി.എസ്. കേസ്സുകളിൽ വൻവർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2013, 2014 വർഷങ്ങളിൽ യഥാക്രമം 793, 970 എൻ.ഡി.പി.എസ്. കേസ്സുകളാണ് എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്യുകയുണ്ടായതെങ്കിൽ, പുതിയ അബ്കാരി നയം നടപ്പിലാക്കിയശേഷം 2015, 2016 വർഷങ്ങളിൽ യഥാക്രമം 1430, 2985 എൻ.ഡി.പി.എസ്. കേസ്സുകളും 2017 മാർച്ച് വരെ 1425 എൻ.ഡി.പി.എസ്. കേസ്സുകളുമാണ് എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

(ഡി) എല്ലാ വിഭാഗത്തിലെയും ആൾക്കാരുടെ അഭിപ്രായം കണക്കിലെടുത്ത് അവ പരിശോധിച്ച് മാത്രമായിരിക്കും പുതിയ മദ്യനയം രൂപീകരിക്കുക.

**മയക്കുമരുന്നിന്റെ വിൽപ്പനയും ഉപഭോഗവും**

197 (821) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മയക്കുമരുന്നിന്റെ വിൽപ്പനയും ഉപഭോഗവും വർദ്ധിച്ചതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കണക്കുകളുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) കഴിഞ്ഞ പത്തുമാസക്കാലയളവിൽ എക്സൈസ് വകുപ്പ് നടത്തിയ റെയ്ഡുകളുടെ എണ്ണമെത്ര; അതുവഴി പിടിച്ചെടുത്ത മയക്കുമരുന്നിന്റെ അളവെത്ര; വ്യാജ ചാരായം, വ്യാജ സ്പിരിറ്റ്, കഞ്ചാവ് എന്നിവയുടെ അളവ് എത്രയെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 25-5-2016 മുതൽ 31-3-2017 വരെ കഞ്ചാവ് അടക്കമുള്ള ലഹരി വസ്തുക്കളുമായി ബന്ധപ്പെട്ട് എൻ.ഡി.പി.എസ്. നിയമപ്രകാരം എക്സൈസ് വകുപ്പ് 3486 കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 2015-16 വർഷം സമാന കാലയളവിൽ 1566 കേസ്സുകളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. എന്നാൽ നിലവിലുള്ള മദ്യനയം നടപ്പിലായശേഷമാണ് എക്സൈസ് വകുപ്പ് കണ്ടെടുക്കുന്ന എൻ.ഡി.പി.എസ്. കേസ്സുകളിൽ വൻവർദ്ധനവ് ഉണ്ടായിട്ടുള്ളത്. 2013, 2014 വർഷങ്ങളിൽ യഥാക്രമം 793, 970 എൻ.ഡി.പി.എസ്. കേസ്സുകളാണ് എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്യുകയുണ്ടായതെങ്കിൽ, പുതിയ അബ്കാരി നയം നടപ്പിലാക്കിയശേഷം 2015, 2016 വർഷങ്ങളിൽ യഥാക്രമം 1430, 2985 എൻ.ഡി.പി.എസ്. കേസ്സുകളും 2017-ൽ മാർച്ച് മാസംവരെ 1425 എൻ.ഡി.പി.എസ്. കേസ്സുകളുമാണ് എക്സൈസ് വകുപ്പ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

(ബി) പ്രസ്തുത കാലയളവിൽ എക്സൈസ് വകുപ്പ് 120124 റെയ്ഡുകൾ നടത്തിയിട്ടുണ്ട്. പ്രസ്തുത റെയ്ഡുകളിൽ പിടിച്ചെടുത്ത മയക്കുമരുന്ന്, വ്യാജ ചാരായം, വ്യാജ സ്പിരിറ്റ്, കഞ്ചാവ് എന്നിവയുടെ അളവ് ചുവടെ ചേർക്കുന്നു:

| | |
|---|---|
| ഹാഷിഷ് ഓയിൽ | 11.246 കിലോഗ്രാം |
| ഹെറോയിൻ | 39.61 ഗ്രാം |
| ബ്രൗൺഷുഗർ | 105.14 ഗ്രാം |
| ഓപ്പിയം | 34 ഗ്രാം |
| ചരസ്സ് | 170 ഗ്രാം |
| ആംപ്യൂളുകൾ | 57 എണ്ണം |
| ടാബ്ലറ്റ് | 7544 എണ്ണം |
| വ്യാജ ചാരായം | 3242 ലിറ്റർ |
| വ്യാജ സ്പിരിറ്റ് | 1330 ലിറ്റർ |
| കഞ്ചാവ് | 742 കിലോഗ്രാം |

**വർദ്ധിച്ചുവരുന്ന മയക്കുമരുന്നുപയോഗം**

198 (822) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബാറുകൾ, ബെവ്കോ ഔട്ട്ലെറ്റുകൾ എന്നിവ അടച്ചുപൂട്ടിയ സാഹചര്യത്തിൽ, സ്കൂളുകളിലും കോളേജുകളിലും മയക്കുമരുന്ന് ലഹരിയുടെ ഉപയോഗം വർദ്ധിച്ചുവരുന്നതായിട്ടുള്ള മാധ്യമവാർത്തകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) വിദ്യാർത്ഥികളിൽ വ്യാപകമായ തോതിൽ വർദ്ധിച്ചുവരുന്ന മയക്കുമരുന്ന് ഉപയോഗം തടയുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്; പ്രസ്തുത നടപടികൾ പര്യാപ്തമാണെന്ന് കരുതുന്നുണ്ടോ; ശക്തമായ നടപടി ഇക്കാര്യത്തിൽ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) വിദ്യാർത്ഥികൾക്കിടയിലെ മയക്കുമരുന്ന് ഉപയോഗം തടയുന്നതിനായി ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനത്തോടൊപ്പം വൈവിദ്ധ്യമാർന്ന ബോധവൽക്കരണ പ്രവർത്തനങ്ങളും നടത്തിവരുന്നു. സ്കൂൾ/ കോളേജ് ക്യാമ്പസ്സുകളുടെ 100 വാര പരിധിക്കുള്ളിൽ "കോട്പാ" നിയമപ്രാകരം പുകയില ഉൽപ്പന്നങ്ങളുടെ വിപണനവും ഉപയോഗവും പൂർണ്ണമായും നിരോധിച്ചിട്ടുണ്ട്. മദ്യവർജ്ജനത്തിന് ഊന്നൽ നൽകിയും മയക്കുമരുന്നുകളുടെയും മറ്റ് ലഹരികളുടെയും ഉപഭോഗം പൂർണ്ണമായും ഇല്ലാതാക്കുവാനും ലക്ഷ്യമിട്ട് കേരള സംസ്ഥാന ലഹരി വർജ്ജന മിഷൻ "വിമുക്തി" എന്ന പദ്ധതി നടപ്പിലാക്കി വരുന്നു. സ്കൂൾ/കോളേജുകളിൽ ലഹരിക്കെതിരെ പ്രവർത്തിക്കുന്നതിനുവേണ്ടി സംസ്ഥാന തലത്തിൽ 2542 ലഹരി വിരുദ്ധ ക്ലബ്ബുകൾ രൂപീകരിച്ചിട്ടുണ്ട്. സ്കൂൾ വിദ്യാർത്ഥികൾക്ക് പേരോ മറ്റ് വിവരങ്ങളോ വെളിപ്പെടുത്താതെ തന്നെ ലഹരി വസ്തുക്കളുടെ വിൽപ്പനയ്ക്കും ഉപയോഗത്തിനെതിരെയുമുള്ള പരാതികളും വിവരങ്ങളും

അധികൃതരെ അറിയിക്കുന്നതിന് സ്കൂൾ/കോളേജ് ക്യാമ്പസുകളിൽ 1400-ഓളം പരാതിപ്പെട്ടികൾ സ്ഥാപിച്ചിട്ടുണ്ട്. 2014-15, 2015-16, 2016-17 അദ്ധ്യയന വർഷങ്ങളിൽ സ്കൂൾ പാഠ്യപദ്ധതിയിലെ വിവിധ ക്ലാസ്സുകളിലെ പാഠപുസ്തകങ്ങളിൽ ലഹരി വിരുദ്ധ ആശയമടങ്ങിയ പാഠഭാഗങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്. ലഹരി വിരുദ്ധ ആശയങ്ങളടങ്ങിയ പാഠഭാഗങ്ങൾ 2017-18 അദ്ധ്യയന വർഷം സ്കൂൾ പാഠ്യപദ്ധതിയിൽ ഉൾപ്പെടുത്തുവാൻവേണ്ടി വിദ്യാഭ്യാസ വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ലഹരി വിരുദ്ധ ക്ലബ്ബുമായി സഹകരിച്ച് പ്രവർത്തിക്കുന്ന വിദ്യാർത്ഥികളെ പ്രോൽസാഹിപ്പിക്കുക എന്ന ലക്ഷ്യത്തോടെ മികച്ച ലഹരി വിരുദ്ധ ക്ലബ്ബ്, ക്ലബ്ബ് അംഗം, ക്ലബ്ബുകൾ പ്രസിദ്ധീകരിക്കുന്ന മികച്ച മാഗസിൻ, മാഗസിനിലെ സൃഷ്ടികൾ എന്നിവയ്ക്ക് ക്യാഷ് അവാർഡും പ്രശസ്തി പത്രവും നൽകിവരുന്നുണ്ട്. വിദ്യാർത്ഥികളിലെ ലഹരി ഉപയോഗം കുറയ്ക്കുന്നതിനായി ഇത്തരത്തിൽ ശക്തമായ ബോധവൽക്കരണ നടപടികൾ നിലവിൽ സ്വീകരിച്ചുവരുന്നുണ്ട്.

### മദ്യവിൽപ്പനശാലകളുടെ ദൂരപരിധി

199 (823) <u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മദ്യ വിൽപ്പനശാലകൾ ദേശീയ സംസ്ഥാന പാതകളിൽ നിന്ന് മാറ്റി സ്ഥാപിക്കണമെന്ന ഉത്തരവിന്റെ വെളിച്ചത്തിൽ എത്ര മദ്യവിൽപ്പനശാലകൾ, ബാറുകൾ, ബിയർ &വൈൻ പാർലറുകൾ, കള്ളുഷാപ്പുകൾ എന്നിവ അടച്ചു പൂട്ടേണ്ടി വന്നു എന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) ഈ നിയമംമൂലം തൊഴിൽ രഹിതരായ വ്യക്തികളുടെ എണ്ണം ഓരോമേഖലയിലും എത്രയെന്ന് വ്യക്തമാക്കാമോ; ഇവരുടെ പുനരധിവാസത്തിന് സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിയ്ക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇതുമൂലം ബിവറേജസ് കോർപറേഷന് ഇതുവരെ സംഭവിച്ച വ്യാപാര കമ്മി എത്രയെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) മദ്യവിൽപ്പനശാലകൾ ദേശീയ/സംസ്ഥാന പാതകളിൽനിന്ന് മാറ്റി സ്ഥാപിക്കണമെന്ന ഉത്തരവിന്റെ വെളിച്ചത്തിൽ 137 റീട്ടെയിൽ ഔട്ട് ലെറ്റുകളും 8 ബാർ ഹോട്ടലുകളും 532 ബിയർ & വൈൻ പാർലറുകളും 1092 കള്ളുഷാപ്പുകളും അടച്ചുപൂട്ടിയിട്ടുണ്ട്.

(ബി) ഇക്കാര്യത്തിലെ തൊഴിൽപരമായ പ്രശ്നങ്ങൾ സർക്കാർ പരിശോധിച്ചു വരികയാണ്.

(സി) അനുബന്ധമായി ചേർത്തിരിക്കുന്നു*.

**ലേബർ കോടതികൾ**

200 (824) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിലും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ലേബർ കോടതികൾ പ്രവർത്തിച്ചുവരുന്നുണ്ടെന്നും അവ എവിടെയൊക്കെയാണെന്നും വ്യക്തമാക്കുമോ;

(ബി) തൊഴിൽതർക്കങ്ങൾ വർദ്ധിച്ചുവരുന്നത് കണക്കിലെടുത്ത് കൂടുതൽ ലേബർ കോടതികൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് നാല് ലേബർ കോടതികൾ കൊല്ലം, എറണാകുളം, കോഴിക്കോട്, കണ്ണൂർ എന്നീ ജില്ലകളിൽ പ്രവർത്തിച്ചുവരുന്നു.

(ബി) കൂടുതൽ ലേബർ കോടതികൾ സ്ഥാപിക്കുന്ന വിഷയം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(നക്ഷത്രചിഹ്നമിടാത്ത 788-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു)

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

9.30 AM]

## II. അനുസ്മരണം

### ഒന്നാം കേരള നിയമസഭയുടെ ആദ്യ സമ്മേളനത്തിന്റെ അറുപതാം വാർഷികം

മി. സ്പീക്കർ: ചരിത്രത്തിലെ അതിനിർണ്ണായകമായ ഒരു സുദിനമാണിന്ന്. ഓർമ്മകളിലേയ്ക്കുള്ള ഒരു എത്തിനോട്ടം; കേരളം കടന്നുവന്ന വഴികളെക്കുറിച്ച് ഓർമ്മ പുതുക്കാനുള്ള ഒരവസരം; കേരള മാതൃകയിലുള്ള വികസന കുതിപ്പിലേയ്ക്ക് വാതായനങ്ങൾ തുറന്ന് നാം ഉയർന്നുപോയ അനുഭവങ്ങൾക്ക് സാക്ഷ്യം വഹിച്ച സഭാഹാളാണിത്. ഐക്യകേരളത്തിലെ ആദ്യ നിയമസഭാ സമ്മേളനം ചേർന്നത് 1957 ഏപ്രിൽ മാസം 27-ാം തീയതിയായിരുന്നു. അതിന്റെ 60 വർഷമാണ് ഇന്ന് പിന്നിടുന്നത്. ഈ അറുപതാം വാർഷികത്തിൽ വൈവിദ്ധ്യപൂർണ്ണമായ നിരവധി ആഘോഷപരിപാടികളും സംവാദങ്ങളും നമ്മൾ സംഘടിപ്പിക്കുകയുണ്ടായി. ഏപ്രിൽ 27-ാം തീയതി നിയമസഭാ ദിനമായിട്ടാണ് നമ്മൾ ആചരിച്ചുവരുന്നത്. ഈ ദിനം അങ്ങേയറ്റം പ്രാധാന്യത്തോടുകൂടി ആചരിക്കാനും നമുക്ക് മുൻപേ നടന്നുപോയ ജനനേതാക്കളുടെ ദീപ്തമായ സ്മരണകൾക്ക് മുന്നിൽ ആദരവ് അർപ്പിക്കാനുമുള്ള കടമയാണ് നാം നിർവ്വഹിക്കുന്നത്. നമ്മുടെ ജനാധിപത്യ വഴിത്താരയിൽ സുപ്രധാനമായ നാഴികക്കല്ലാണ് ഈ സമ്മേളനം. ജനാധിപത്യത്തിന്റെ ധാർമ്മികതയും അനുഭവങ്ങളും കേരളീയ സമൂഹത്തിൽ രൂപപ്പെടുത്തിയത് ഈ സഭാഹാളിൽ വച്ചാണ്. വിപ്ലവാത്മകമായ നിയമനിർമ്മാണങ്ങളിലൂടെ സാമൂഹ്യ ജീവിതത്തെ മാറ്റി മറിക്കുന്നതിന് അടിത്തറ പാകിയ സഭാവേദിയാണിത്.

ഇന്ത്യയിലാദ്യമായി ഒരു നിയമനിർമ്മാണസഭ രൂപീകരിച്ചത് തിരുവിതാംകൂറിലാണ്. അത് 1888 മാർച്ച് 30-നായിരുന്നു. 8 അംഗങ്ങളുള്ള ആ സഭയുടെ രൂപീകരണത്തിന് നേതൃത്വം നൽകിയത് ശ്രീമൂലം തിരുനാൾ രാമവർമ്മ മഹാരാജാവാണ്. പരിമിതികളുണ്ടായിരുന്നെങ്കിലും അത് വിപ്ലവകരമായ ഒരു കാൽവയ്പ്പായിരുന്നു. തിരുവിതാംകൂർ ലെജിസ്ലേറ്റീവ് കൗൺസിൽ പരിമിതമായിട്ടാണെങ്കിലും ജനാധിപത്യത്തിന്റെ ആദ്യ പാഠങ്ങൾ നമ്മുടെ പൊതുസമൂഹത്തിന് മുമ്പാകെ അവതരിപ്പിച്ചു. 1935-ൽ കൊച്ചി ലെജിസ്ലേറ്റീവ് കൗൺസിൽ രൂപീകരിക്കപ്പെട്ടു. 1930 മുതൽ തെരഞ്ഞെടുക്കപ്പെട്ട മലബാർ ഡിസ്ട്രിക്ട് ബോർഡ് നിലവിൽ വന്നു. അതിനുശേഷമാണ് ഐക്യകേരളത്തിന്റെ രൂപീകരണവും അതിന്റെ തുടർ ജനാധിപത്യ പ്രക്രിയകളും സംഭവിക്കുന്നത്.

ഇറ്റലിയിലെ സാൻ മാരിനോയ്ക്കുശേഷം തെരഞ്ഞെടുക്കപ്പെട്ട ആദ്യത്തെ കമ്മ്യൂണിസ്റ്റ് സർക്കാരാണ് 1957-ൽ ഇവിടെ അധികാരത്തിൽ വന്നത്. ആ ഗവൺമെന്റിന്റെ നേതൃത്വത്തിലുള്ള ചരിത്രപ്രസിദ്ധമായതും മുമ്പേ നടക്കുന്നതുമായ നിരവധി നിയമനിർമ്മാണ പ്രക്രിയകൾക്ക് ഈ സഭ സാക്ഷ്യം വഹിച്ചു. ഒഴിപ്പിക്കൽ നിർത്തിവയ്ക്കുന്ന ബിൽ, കാർഷിക കടാശ്വാസം, വിദ്യാഭ്യാസം തുടങ്ങി നിരവധിയായ, നാം ഇതിനകം ചർച്ച ചെയ്തു കഴിഞ്ഞ ബില്ലുകളുടെയെല്ലാം തുടക്കം ഈ സഭയിൽ നിന്നായിരുന്നു. അധികാര വികേന്ദ്രീകരണമെന്ന നമ്മുടെ അടിസ്ഥാന സങ്കൽപ്പത്തെ ഉയർത്തിപ്പിടിച്ചുകൊണ്ട് ആദ്യ കേരള നിയമസഭയിൽത്തന്നെ കേരള ഡിസ്ട്രിക്ട് കൗൺസിലുകൾ രൂപീകരിക്കുന്ന ബിൽ അവതരിപ്പിക്കുകയുണ്ടായി. നമ്മുടെ അധികാര വികേന്ദ്രീകരണ പ്രക്രിയയ്ക്ക് അടിത്തറ പാകിയ ഒരു നിയമനിർമ്മാണമായിരുന്നു അത്. അതോടൊപ്പം അതിന് മുൻപുള്ള കേരളത്തിന്റെ നിരവധി ബോദ്ധ്യങ്ങളെ മാറ്റിമറിച്ചതും ആ സർക്കാരിന്റെയും ആ നിയമസഭയിൽ നടന്ന നിയമനിർമ്മാണ പ്രക്രിയകളുടെയും നേതൃത്വത്തിലായിരുന്നു.

കൊളോണിയൽ പാരമ്പര്യമുള്ള ഒരു പോലീസ് സംവിധാനമാണ് ഇവിടെയുണ്ടായിരുന്നത്. ആ പോലീസ് സംവിധാനത്തിന് ജനകീയ മുഖം നൽകി ജനങ്ങളുടെ സേവകരാക്കി മാറ്റുന്നതിനുള്ള പ്രഖ്യാപനവും പരിശ്രമവും അന്ന് നടന്നു. പക്ഷേ ദീർഘമായ 60 വർഷങ്ങൾ പിന്നിടുമ്പോൾ ആ ലക്ഷ്യം പൂർത്തീകരിച്ചിട്ടുണ്ടോ എന്നത് പരിശോധനയ്ക്ക് വിധേയമാക്കണം എന്നുകൂടി ഈ അവസരത്തിൽ ഞാൻ ഓർമ്മിപ്പിക്കുകയാണ്. ഈ നാട്ടിലെ പോലീസ് സേന ജനമൈത്രിയോടുകൂടി പെരുമാറണമെന്നുള്ള നിർദ്ദേശം നിരന്തരമായി നാം മുന്നോട്ടുവയ്ക്കുകയാണെങ്കിലും മുഖ്യമന്ത്രിയെയും മന്ത്രിമാരെയും ഒരുപക്ഷേ ഡി.ജി.പി.-യെയും അതിന് താഴെയുള്ള ഉദ്യോഗസ്ഥരെയും കാണാൻ കഴിയുമെങ്കിലും അതിന്റെ താഴേയ്ക്ക് പോകുംതോറും ജനങ്ങൾ ഭയപ്പാടോടുകൂടി പോലീസിനെ സമീപിക്കുന്ന രീതി ഇന്നും തുടരുന്നത് നിർഭാഗ്യകരമാണ്. ജനാധിപത്യത്തിന്റെ വികാസപ്രക്രിയയിൽ നിർണ്ണായകമായ പങ്ക് വഹിക്കേണ്ട ഒരു വിഭാഗത്തിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചുകൂടി ഗൗരവമായ ആത്മപരിശോധന നടത്തേണ്ട സന്ദർഭമാണിത്.

സംസ്ഥാന പ്ലാനിംഗ് ബോർഡ് രൂപീകരിക്കപ്പെട്ടതും ആസൂത്രണ പ്രക്രിയയ്ക്ക് നേതൃത്വപരമായ പങ്ക് വഹിക്കാനുള്ള സാദ്ധ്യതകളുണ്ടായതും അന്നാണ്. 1958-ൽ മുഖ്യമന്ത്രി ചെയർമാനായി അഡ്മിനിസ്ട്രേറ്റീവ് റിഫോംസ് കൗൺസിൽ രൂപീകരിക്കപ്പെടുകയുണ്ടായി. ആ കൗൺസിൽ മുന്നോട്ടുവച്ച ഭരണനിർവ്വഹണ പ്രക്രിയയാണ് ഇന്ന് നമ്മുടെ മൗലിക രേഖയായി ഉപയോഗപ്പെടുത്തി കൊണ്ടിരിക്കുന്നത്. നമ്മുടെ ഭരണ സംവിധാനത്തിന്റെ മൗലിക രേഖ എന്ന് വിശേഷിപ്പിക്കാവുന്ന അസാധാരണമായ ആർജ്ജവവും ഉൾക്കാഴ്ചയുമുള്ള ഒരു

റിപ്പോർട്ടായിരുന്നു അത്. പക്ഷേ ഭരണസംവിധാനം ഈ ദീർഘമായ 60 വർഷങ്ങൾക്കുശേഷവും നമ്മൾ ആഗ്രഹിക്കുന്ന നിലയിൽ മുന്നോട്ടുപോകുന്നുണ്ടോ എന്നതും ബഹുമാനപ്പെട്ട സാമാജികർ പരിശോധിക്കേണ്ടതാണ്. വേഗതയാണ് ജനങ്ങൾ ആഗ്രഹിക്കുന്ന കാര്യം, എന്നാൽ വേഗതയെ തടസ്സപ്പെടുത്തുന്ന ഘടകങ്ങൾ മറികടക്കാൻ നമുക്കിന്നും കഴിഞ്ഞിട്ടില്ല. ഭരണസംവിധാനത്തിന്റെ ഭാഗമായ ഡയറക്ടറേറ്റും സെക്രട്ടേറിയറ്റും സമാന്തരമായ പ്രവർത്തിക്കുന്നതിന്റെ പ്രയാസങ്ങൾ ഇന്ന് നമ്മൾ അനുഭവിക്കുകയാണ്. വേഗതയോടുകൂടിയ തീരുമാനങ്ങളും നിർവ്വഹണ സംവിധാനങ്ങളും ഉറപ്പുവരുത്താൻ ആവശ്യമായ നിയമനിർമ്മാണവും നടപടിക്രമങ്ങളും ഇനിയും ഗൗരവത്തോടുകൂടി നമുക്ക് മുന്നോട്ടു കൊണ്ടുപോകേണ്ടതുണ്ട്. ജനപ്രതിനിധികൾ അക്ഷരാർത്ഥത്തിൽ ഒരു സമൂഹത്തിന്റെ എല്ലാ പ്രശ്നങ്ങളും ഉന്നയിക്കുകയും അതിനോട് പ്രതികരിക്കുകയും ചെയ്യുന്ന പൊതുവായ ദേശീയവും സംസ്ഥാന സംബന്ധവുമായ കാഴ്ചപ്പാടുകൾ ഉള്ളവരായിരിക്കണം എന്നായിരുന്നു ആദ്യഘട്ടത്തിലെ ധാരണയും പ്രവൃത്തിയും. എന്നാൽ പലപ്പോഴും ഇന്നത്തെ ജനപ്രാതിനിധ്യത്തിന്റെ സ്വഭാവക്രമങ്ങൾ മാറിമറിഞ്ഞിരിക്കുന്നുവെന്നത് ഞാനുൾപ്പെടെയുള്ള എല്ലാ ജനപ്രതിനിധികളും പരിശോധിക്കേണ്ട ഒരു വിഷയമാണ്. പ്രാദേശിക വികസന പ്രക്രിയകളിലൂടെ പ്രാദേശികമായ പ്രാതിനിധ്യത്തിന്റെ നിലപാട് ഉയർത്തിപ്പിടിക്കുമ്പോൾ സംസ്ഥാനത്തിന്റെയും ദേശീയ താൽപ്പര്യങ്ങളുടെയും വക്താക്കളായി മാറുന്ന കാര്യത്തിൽ നമുക്ക് കുറവ് സംഭവിക്കുന്നുണ്ടോ? നിയമനിർമ്മാണത്തിലും അതുപോലെയുള്ള പരമപ്രധാനമായ കാര്യത്തിൽ പങ്കുവഹിക്കുന്നതിലും നമുക്ക് സംഭവിക്കുന്ന കുറവുകൾ എന്തെല്ലാമാണെന്ന് പരിശോധിക്കുന്നതും നന്നായിരിക്കും. അതുകൊണ്ട് ജനാധിപത്യത്തിന്റെ ഒരു പാഠശാലയാണ് യഥാർത്ഥത്തിൽ നിയമസഭകളും പാർലമെന്റും. ജനാധിപത്യത്തിന്റെ മൂല്യങ്ങളെ സംബന്ധിച്ചും ധാർമ്മികതയെ സംബന്ധിച്ചും പൊതുസമൂഹത്തിനുമുന്നിൽ പ്രദർശിപ്പിക്കേണ്ട ഒരു പ്രദർശനശാല കൂടിയാണ് നിയമസഭ. ജനാധിപത്യത്തിന്റെ പാഠശാല എന്ന നിലയിൽ ഉന്നതമായ, ഉദാത്തമായ ജനാധിപത്യ ധാർമ്മികത പൊതുസമൂഹത്തിലേയ്ക്ക് പ്രസരിപ്പിക്കാൻ നമുക്ക് കഴിയുന്നുണ്ടോ എന്നുകൂടി സ്വയം വിമർശനത്തിൽ പരിശോധിക്കേണ്ടതുണ്ട്. കേരളീയ വികസനത്തെ സംബന്ധിച്ച് വ്യത്യസ്തങ്ങളായ അഭിപ്രായങ്ങൾ പലപ്പോഴും ഇവിടെ രൂപപ്പെട്ടിട്ടുണ്ട്. ഈ വികസന മാതൃകയെ സംബന്ധിച്ച് ശരിയും തെറ്റുമായ നിലപാടുകളിൽ യോജിപ്പും വിയോജിപ്പും രേഖപ്പെടുത്തിയിട്ടുണ്ട്. വികസനത്തിന്റെ മാതൃക സൃഷ്ടിച്ചുവെങ്കിലും നമുക്ക് നഷ്ടപ്പെട്ട അവസരങ്ങളുടെ ചരിത്രവുമുണ്ടെന്ന് ഓർമ്മിക്കണം. കേരളത്തിന്റെ വികസനരംഗത്ത് ഭരണകക്ഷികൾക്കും പ്രതിപക്ഷ കക്ഷികൾക്കും ഒരു പൊതുസമവായം ചില മേഖലകളിലെങ്കിലും സൃഷ്ടിക്കാൻ കഴിയുമോയെന്ന് ഈ അവസരത്തിൽ ഗൗരവമായി പരിശോധിക്കേണ്ടതുണ്ട്.

കേരളത്തിന് നഷ്ടപ്പെട്ട അവസരങ്ങൾ എന്താണെന്ന് ഒന്നൊന്നായി ഇവിടെ വിശദീകരിക്കുന്നില്ല. LNG ആയാലും ദേശീയപാതയായാലും കരിമണൽ ഖനനം പോലെയുള്ള കേരളത്തിന്റെ സമ്പത്തിനെ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്ന വിഷയങ്ങളായാലും നിയതമായ ഒരു തീരുമാനം എടുക്കുന്നതിൽ നമുക്ക് യോജിച്ച് മുന്നോട്ടുപോകാൻ സാധിക്കണം. ജനാധിപത്യത്തിലെ സുപ്രധാനമായൊരു നാഴികക്കല്ലായി കാണാവുന്ന, ഒരു തൂണായി കാണാവുന്ന മാധ്യമങ്ങൾ ഇക്കാര്യത്തിൽ നല്ല നിലപാട് സ്വീകരിക്കുമെന്നുകൂടി ഉറപ്പുവരുത്താൻ നമുക്ക് സാധിക്കും. നിയമനിർമ്മാണസഭയുടെ പ്രാഥമിക കടമയായ നിയമ നിർമ്മാണത്തിന് കൂടുതൽ പ്രാധാന്യം നൽകുവാനും പാർശ്വവൽക്കരിക്കപ്പെട്ട ജനവിഭാഗങ്ങളുടെ ഭരണഘടനാപരമായ സംരക്ഷണം ഉറപ്പുവരുത്താനുമുള്ള എല്ലാ ബാദ്ധ്യതയും ഏറ്റെടുക്കാൻ കഴിയാവുന്ന നിലയിൽ ഉജ്ജ്വലമായ കടമകൾ ഏറ്റെടുക്കാൻ ഭാവിയിലും ഈ സഭയ്ക്ക് സാധിക്കട്ടെയെന്ന് ആഗ്രഹിച്ചുകൊണ്ട് അറുപതാം വാർഷികത്തിൽ ഈ സഭയിൽ ഒത്തുചേർന്ന മുഴുവൻ അംഗങ്ങളേയും ചെയർ അഭിവാദ്യം ചെയ്യുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അങ്ങ് പ്രകടിപ്പിച്ച അഭിപ്രായത്തോട് പൂർണ്ണമായും യോജിക്കുകയാണ്. നമ്മുടെ നിയമസഭയെ സംബന്ധിച്ചിടത്തോളം അങ്ങ് സൂചിപ്പിച്ചതുപോലെ ചരിത്രപ്രധാനമായ ഒരു ദിനമാണ് ഇന്ന്. ഐക്യകേരള സംസ്ഥാനം രൂപം കൊണ്ടതിനുശേഷം ആദ്യത്തെ നിയമസഭ സമ്മേളിച്ചതിന്റെ 60-ാം വാർഷിക ദിനമാണ് ഇന്ന് നാം ഇവിടെ സമ്മേളിച്ചുകൊണ്ട് ആചരിക്കുന്നത്. ഗൃഹാതുരത്വം കലർന്ന ധാരാളം ഓർമ്മകൾ ഈ നിയമസഭാ ഹാളിൽ സ്പന്ദിച്ചുനിൽക്കുന്നുണ്ട്. അത്തരമൊരവസരത്തിലാണ് ഈ സമ്മേളനം ചേരുന്നത്. ആദ്യ നിയമസഭാ സ്പീക്കറായിരുന്ന ആർ. ശങ്കര നാരായണൻ തമ്പിയുടെയും ആദ്യ മുഖ്യമന്ത്രിയായിരുന്ന ഇ. എം. എസ്. നമ്പൂതിരിപ്പാടിന്റെയും മറ്റ് ഒട്ടേറെ മഹത് വ്യക്തിത്വങ്ങളുടെയും ചിന്തകൾകൊണ്ടും ശബ്ദംകൊണ്ടും മുഖരിതമായ സഭാന്തരീക്ഷമാണ് ഇവിടെയുള്ളത്. കേരളത്തിന്റെ ഭാഗധേയം നിർണ്ണയിക്കുന്നതിൽ നിർണ്ണായകമായ ഇടപെടലുകളും അതിന്റെ ഭാഗമായുള്ള പുരോഗമനാത്മകമായ എത്രയോ നിയമനിർമ്മാണങ്ങളും ഈ സഭയിൽ പാസ്സാക്കപ്പെട്ടിട്ടുണ്ട്. അതിൽ ചിലത് അങ്ങുതന്നെ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതിന്റെ ഭാഗമായി സജീവമായ ഒട്ടേറെ സംവാദങ്ങൾ ഈ സഭയിൽ ഉയർന്നുവന്നിട്ടുമുണ്ട്. ജനക്ഷേമകരമായ, വികസനത്തിൽ ഊന്നിക്കൊണ്ടുള്ള വളരെ പ്രധാനപ്പെട്ട ധാരാളം തീരുമാനങ്ങൾ ഈ സഭാവേദിയിലുണ്ടായിട്ടുണ്ട്. അങ്ങനെയെല്ലാമുള്ള ചരിത്രത്തിന്റേതായ ഒരു ഗന്ധം പടർന്നുനിൽക്കുന്ന അന്തരീക്ഷമാണ് ഇവിടെയുള്ളത്.

നിയമസഭാ ചരിത്രത്തെക്കുറിച്ച് ആലോചിക്കുമ്പോൾ 1957-ലെ കാര്യം മാത്രം നമ്മൾ ആലോചിച്ചാൽ പോര. 1888 മാർച്ച് 30-ന് നിയമനിർമ്മാണ കൗൺസിൽ രൂപീകരിച്ചുകൊണ്ട് ഇറങ്ങിയ ഉത്തരവിന്റെ കാര്യം അങ്ങിവിടെ ശരിയായ രീതിയിൽത്തന്നെ ചൂണ്ടിക്കാണിച്ചു. ആ കൗൺസിൽ 32 തവണ സിറ്റിംഗ് നടത്തി എന്നത് ശ്രദ്ധിക്കപ്പെടേണ്ട കാര്യമാണ്. ഇതേ ഘട്ടത്തിൽത്തന്നെയാണ് സാമൂഹിക പ്രസ്ഥാനങ്ങൾ അതിശക്തമായി നമ്മുടെ നാട്ടിൽ ഉയർന്നുവന്നിരുന്നത്. 1891-ലെ മലയാളി മെമ്മോറിയൽ ഒപ്പുവയ്ക്കൽ ആ ഘട്ടത്തിലാണ്. അതിനെത്തുടർന്ന് വിപുലമായ രീതിയിൽ ജനപ്രാതിനിധ്യ തലത്തിൽ സഭയെ ഉടച്ചുവാർക്കുന്നതിനുള്ള പ്രക്ഷോഭങ്ങളാണ് ഇവിടെ ഉയർന്നുവന്നിട്ടുള്ളത്. കാരണം, ആ ഘട്ടത്തിൽ നിലനിന്നിരുന്ന സഭയുടെ കാര്യങ്ങൾ പരിശോധിച്ചാൽ ഉപദേശക സ്വഭാവം മാത്രമേ ആ കൗൺസിലിന് ഉണ്ടായിരുന്നുള്ളൂ. അതുകൊണ്ടുതന്നെ സഭയെ ഉടച്ചുവാർക്കാനുള്ള പ്രക്ഷോഭങ്ങൾ ഉയർന്നുവരികയും വലിയൊരളവിൽ അത് വിജയിക്കുകയും ചെയ്തു. 1904 ആയപ്പോഴേയ്ക്കും ശ്രീമൂലം പ്രജാസഭ രൂപപ്പെടുന്ന നിലയുണ്ടായി. എന്നാൽ ആ സഭ മുഖ്യമായും ഭൂവുടമകളുടെയും വ്യാപാരികളുടെയും സഭയായിരുന്നു. ജനങ്ങളുടെ ആവശ്യങ്ങൾ ഭരണാധികാരികളെ അറിയിക്കുക, ഭരണാധികാരികളുടെ നയങ്ങൾ ജനങ്ങളെ അറിയിക്കുക ഇങ്ങനെ രണ്ടുതരത്തിലുള്ള അധികാരങ്ങളാണ് അല്ലെങ്കിൽ ചുമതലകളാണ് അവരിൽ നിക്ഷിപ്തമായിരുന്നത്. പേഷ്കാർമാരാണ് അംഗങ്ങളെ നിശ്ചയിച്ചിരുന്നത്. ഇതിന്റെ ജനാധിപത്യ സ്വഭാവം എത്രമേൽ പരിമിതമായിരുന്നുവെന്ന് പ്രത്യേകം പറയേണ്ടതില്ല; അന്നത്തെ വോട്ടവകാശ നില പരിശോധിച്ചാൽ അത് മനസ്സിലാകും. അത് സമ്പത്തിന്റെ അടിസ്ഥാനത്തിലായിരുന്നു. അന്നത്തെ ആറായിരം രൂപയോ അതിന് മുകളിലോ വാർഷിക വരുമാനമുള്ളവർക്ക് മാത്രമേ വോട്ടവകാശം ഉണ്ടായിരുന്നുള്ളൂ. അതായത് സമ്പന്നരിലേയ്ക്ക് ചുരുങ്ങിയതും ഒരു ചെറിയ ന്യൂനപക്ഷത്തിൽ ഒതുങ്ങിനിന്നതുമായ പരിമിതമായ സംവിധാനമായിരുന്നു അത്. ഇന്ന് വി.ജെ.ടി. ഹാൾ എന്നറിയപ്പെടുന്ന വിക്ടോറിയ ജൂബിലി ടൗൺ ഹാളിലായിരുന്നു ശ്രീമൂലം പ്രജാസഭയുടെ ആദ്യ സമ്മേളനം നടന്നത്. അതിനും നാട്ടിനെ സംബന്ധിച്ചിടത്തോളം ഉപയോഗപ്രദമായ ഒരു പങ്ക് നിർവ്വഹിക്കാനായി. ഭരണകാര്യത്തിലുള്ള ജനവികാരം ഒരു ചെറിയ അളവിൽ പ്രതിഫലിപ്പിക്കുന്നതിന് ആ സമിതി ഉപകരിക്കപ്പെട്ടു. ലെജിസ്ലേറ്റീവ് കൗൺസിലും പ്രജാസഭയും ഒരുപോലെ ആ ഘട്ടത്തിൽ നിലനിന്നു. അവിടെ കുമാരനാശാനെയും അയ്യങ്കാളിയെയും പോലുള്ളവരുടെ ഉജ്ജ്വലങ്ങളായ പ്രസംഗങ്ങൾകൂടിയുണ്ടായി. ആ തരത്തിൽ ചരിത്രത്തിൽ ശ്രീമൂലം പ്രജാസഭ പ്രത്യേകമായിത്തന്നെ ഇടം നേടിയിട്ടുണ്ട്. ആ പ്രസംഗങ്ങളാകട്ടെ സാമൂഹ്യ നീതിക്കുവേണ്ടിയുള്ള അതിശക്തമായ ശബ്ദമായിരുന്നു.

കേരള നിയമസഭയുടെ ആറ് ദശകങ്ങളിലെ നിയമനിർമ്മാണ രംഗത്തെ സംഭാവനകളെക്കുറിച്ച് അങ്ങ് പ്രത്യേകം സൂചിപ്പിക്കുകയുണ്ടായി. പുരോഗമനപരവും വിപ്ലവാത്മകവുമായ അനേകം നിയമനിർമ്മാണങ്ങൾക്ക് ഈ സഭ വേദിയായിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളുമായി തട്ടിച്ചുനോക്കുമ്പോൾ കേരള നിയമസഭ ഈ കാലയളവിൽ പാസ്സാക്കിയ പല നിയമങ്ങളും സംസ്ഥാനത്തിന്റെ സാമൂഹിക-സാമ്പത്തിക-രാഷ്ട്രീയ മണ്ഡലങ്ങളിലും ജനജീവിതത്തിലും ദൂരവ്യാപകമായ ഫലങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. ഇന്നലെ ഒരു പ്രത്യേക അനുഭവമുണ്ടായി; നമ്മുടെ ഗവർണർ നേരത്തേ സുപ്രീം കോടതിയുടെ ചീഫ് ജസ്റ്റിസായിരുന്ന ആളാണല്ലോ; കേരള നിയമസഭ പാസ്സാക്കിയിട്ടുള്ള നിയമങ്ങൾ പല സംസ്ഥാനങ്ങളും മാതൃകയായി എടുത്ത് അത്തരത്തിലുള്ള നിയമങ്ങൾ സൃഷ്ടിക്കാൻ തയ്യാറായിട്ടുണ്ടെന്ന് അദ്ദേഹം സ്വന്തം അനുഭവം വച്ച് പറയുകയുണ്ടായി. അത്തരത്തിലുള്ള ഒട്ടേറെ നിയമനിർമ്മാണങ്ങൾക്ക് നേതൃത്വം നൽകാൻ കഴിഞ്ഞ സഭയാണിത്. മറ്റ് സംസ്ഥാനങ്ങൾ മാത്രമല്ല കേന്ദ്ര സർക്കാർപോലും ഇവിടത്തെ നിയമങ്ങളുടെ ചുവടുപിടിച്ച് നിയമങ്ങൾ കൊണ്ടുവന്നിട്ടുണ്ട് എന്നത് നമുക്ക് കാണാൻ കഴിയും. കേരളത്തിലെ ജനപ്രതിനിധികളുടെ സഭ എന്ന പൂർണ്ണമായ അർത്ഥത്തിൽ അതിന്റെ പ്രവർത്തനം ആരംഭിച്ചതിന്റെ വിശദാംശങ്ങൾ പരിശോധിക്കുമ്പോൾ പഴയതിന്റെ പ്രസക്തി നമ്മൾ മറന്നുപോകാൻ പാടില്ല. ഒട്ടേറെ അധികാരങ്ങളില്ലാത്ത സഭകളായിരുന്നുവെങ്കിലും പൂർണ്ണമായ പ്രാതിനിധ്യമുള്ള സഭയിലേയ്ക്ക് എത്തുന്നതിന് അത്തരം സഭകൾ വലിയ പങ്കുവഹിച്ചിട്ടുണ്ട് എന്നത് നാം ഓർക്കേണ്ടതായിട്ടുണ്ട്. ക്ഷേത്രപ്രവേശന വിളംബരം ഉൾപ്പെടെയുള്ളവ കേരളത്തിന്റെ സാമൂഹിക-രാഷ്ട്രീയ ചരിത്രത്തിൽ വഹിച്ച പങ്ക് നിസ്തുലമാണ്. രാജകീയ വിളംബരങ്ങളിലൂടെ തിരുവിതാംകൂറിലെ വിവിധ സമുദായങ്ങളുടെ ക്ഷേമത്തിനായി ജന്മി കുടിയാൻ ആക്ട്, നായർ ആക്ട്, ഈഴവ ആക്ട്, നാഞ്ചിനാട് വെള്ളാള ആക്ട്, ട്രാവൻകൂർ ക്ഷത്രിയ ആക്ട് ഇവയെല്ലാം നിലവിൽ വന്നത് വിസ്മരിക്കാൻ കഴിയുന്ന കാര്യമല്ല.

ഭാഷാടിസ്ഥാനത്തിൽ ഒരു സംസ്ഥാനമായി മാറിയതിനുശേഷം 1957 ഏപ്രിൽ ആദ്യം നിലവിൽവന്ന ഒന്നാം കേരള നിയമസഭ നിയമ നിർമ്മാണത്തിന്റേതായ മഹത്തായ ഒരു ചരിത്രമാണ് സൃഷ്ടിച്ചത്. സംസ്ഥാനത്തിന്റെ ഇതേവരെയുള്ള സാമൂഹിക സാമ്പത്തിക രാഷ്ട്രീയ വികസനത്തിന് അടിത്തറയായി മാറിയ നിരവധി പുരോഗമനാത്മകമായ നിയമനിർമ്മാണങ്ങൾക്ക് ഈ സഭ ആ കാലത്തുതന്നെ വേദിയായി മാറി. അങ്ങ് ചൂണ്ടിക്കാണിച്ചതുപോലെ ഭൂപരിഷ്കരണം, തൊഴിലാളി ക്ഷേമം, വിദ്യാഭ്യാസം, തദ്ദേശഭരണം, സാമൂഹ്യക്ഷേമം തുടങ്ങിയ മേഖലകളിൽ സദുദ്ദേശപരമായ പല നിയമനിർമ്മാണങ്ങൾക്കും തുടക്കം കുറിക്കാൻ ഒന്നാം കേരള നിയമസഭയ്ക്ക് കഴിഞ്ഞിരുന്നു. 1957-ലെ കേരള കാർഷികബന്ധ ബിൽ കേരളത്തിലെ ഭൂവുടമ കുടിയാൻ ബന്ധങ്ങളിൽ സമഗ്രവും സമൂലവുമായ പരിഷ്കാരങ്ങൾ കൊണ്ടുവന്നു. കൃഷിഭൂമി കർഷകന് എന്ന മുദ്രാവാക്യം യാഥാർത്ഥ്യമാക്കുന്നതിൽ ഈ നിയമ നിർമ്മാണം

വലിയ പങ്ക് വഹിച്ചു. ഭൂപരിഷ്കരണ നിയമം ആ രംഗത്ത് വലിയ ചലനങ്ങൾ സൃഷ്ടിച്ചു. കേരളത്തിന്റെ വികസനത്തിന്റെ പ്രാധാന്യം ഉൾക്കൊണ്ട് കേരള മോഡൽ എന്ന് വിശേഷിപ്പിക്കപ്പെടുന്ന ഇതിന്റെ പ്രത്യേകതയെക്കുറിച്ച് വിലയിരുത്തുന്നവരെല്ലാം അതിൽ ഭൂപരിഷ്കരണം വഹിച്ച പങ്ക് അംഗീകരിക്കുന്നുണ്ട്. കൃഷിഭൂമിയിൽനിന്ന് കർഷകരെ ഒഴിപ്പിക്കുന്നത് തടയുന്നതിനും കുടിയാൻമാർക്ക് ഉടമസ്ഥാവകാശം നൽകുന്നതിനും കൈവശം വയ്ക്കാവുന്ന ഭൂമിക്ക് പരിധി ഏർപ്പെടുത്തുന്നതിനും പരിധിയിൽ കവിഞ്ഞ ഭൂമി സർക്കാരിൽ നിക്ഷിപ്തമാക്കുന്നതിനും ഇതുമൂലം സാധിച്ചു. അതോടൊപ്പം തൊഴിലാളികൾക്ക് മെച്ചപ്പെട്ട തൊഴിൽ സാഹചര്യങ്ങൾ സൃഷ്ടിക്കുന്നതിനും പ്രോവിഡന്റ് ഫണ്ടുപോലെയുള്ള ആനുകൂല്യങ്ങൾ ഉറപ്പുവരുത്തുന്നതിനും വിവിധ മേഖലകളിലെ തൊഴിലാളികൾക്ക് ക്ഷേമനിധികൾ രൂപീകരിക്കുന്നതിനുമെല്ലാം ഈ സഭ കാലാകാലങ്ങളിൽ പാസ്സാക്കിയ നിയമങ്ങൾ വഴിവച്ചിട്ടുണ്ട് എന്നത് വസ്തുതയാണ്. 1958-ലെ കേരള എഡ്യൂക്കേഷൻ ആക്ട് വിദ്യാഭ്യാസരംഗത്ത് വിപ്ലവാത്മകമായ മാറ്റങ്ങളാണ് സൃഷ്ടിച്ചത്. വിവിധ സർവ്വകലാശാലകൾക്കായുള്ള നിയമങ്ങൾ സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ രംഗത്ത് പ്രത്യേകമായ ഉണർവ് നൽകുകയുണ്ടായി. ഇതിന്റെ ഭാഗമായി സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ രംഗം മെച്ചപ്പെടുകയും സാർവ്വത്രികമായ വിദ്യാഭ്യാസം ഉറപ്പുവരുത്തുന്നതിന് കഴിയുകയും ചെയ്തു.

ജനാധിപത്യത്തിന്റെ യഥാർത്ഥ ശക്തി കുടികൊള്ളുന്നത് അധികാര വികേന്ദ്രീകരണത്തിലാണെന്ന് ആ ഘട്ടത്തിൽ സർക്കാർ മനസ്സിലാക്കുകയും അതിനുതകുന്ന നടപടികൾ ഈ സഭ സ്വീകരിക്കുകയും ചെയ്തത് അങ്ങുതന്നെ പരാമർശിക്കുകയുണ്ടായി. ഞാൻ അതിന്റെ ആവർത്തനത്തിലേയ്ക്ക് കടക്കുന്നില്ല. എങ്കിലും കേരള ഡിസ്ട്രിക്ട് അഡ്മിനിസ്ട്രേഷൻ ആക്ട് ജില്ലാ കൗൺസിലുകൾ രൂപീകരിക്കുന്നതിനും ഈ രംഗത്ത് മാറ്റങ്ങൾ കൊണ്ടുവരുന്നതിനും സഹായിച്ച കാര്യം നാം ഓർക്കേണ്ടതായിട്ടുണ്ട്. അതിന്റെ തുടർച്ചയായി 1960-ലെ കേരള പഞ്ചായത്ത് രാജ് ആക്ട്, മുനിസിപ്പാലിറ്റീസ് ആക്ട്, 1961-ലെ കേരള മുനിസിപ്പൽ കോർപ്പറേഷൻ ആക്ട് ഇവയെല്ലാം എടുത്തുപറയേണ്ട നിയമനിർമ്മാണങ്ങളാണ്. അധികാര വികേന്ദ്രീകരണവുമായി ബന്ധപ്പെട്ട് രാജ്യത്ത് ആദ്യമായി പഞ്ചായത്തുകളിൽ ത്രിതല സംവിധാനം കൊണ്ടുവന്നത് നമ്മുടെ കൊച്ചു സംസ്ഥാനമായ കേരളമാണ്. സാമ്പത്തിക വികസനം, സാമൂഹിക നീതിയിൽ അധിഷ്ഠിതമായ വികസന പദ്ധതികൾ ഇവയെല്ലാം നേരിട്ട് നടത്തുന്നതിനുള്ള അധികാരവും ഉത്തരവാദിത്വവും പഞ്ചായത്തുകൾക്ക് നൽകുക വഴി വികസന പ്രക്രിയയിൽ ഗ്രാമങ്ങളുടെ പങ്കാളിത്തവും ജനങ്ങളുടെ ഇടപെടലുകളും കൂടുതൽ ഫലപ്രദമാക്കാൻ സാധിച്ചു. കാർഷിക രംഗത്ത് പുതുജീവൻ നൽകുന്ന നിരവധി നിയമനിർമ്മാണങ്ങൾ കേരള നിയമസഭയ്ക്ക് നടത്താൻ കഴിഞ്ഞു. കേരളത്തിലെ

നെൽവയലുകളുടെയും നീർത്തടങ്ങളുടെയും സംരക്ഷണത്തിനായി പാസ്സാക്കിയ 2009-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ട് നെൽകൃഷി വീണ്ടെടുക്കുന്നതിനും പുനരുജ്ജീവിപ്പിക്കുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ളതായിരുന്നു. 2006-ലെ കർഷക കടാശ്വാസ കമ്മീഷൻ ആക്ട്, 2008-ലെ കേരള ഫിഷർമെൻ ഡെബ്റ്റ് റിലീഫ് കമ്മീഷൻ ആക്ട് തുടങ്ങിയവ പ്രത്യേകം എടുത്തുപറയേണ്ടതാണ്. 2008-ലാണ് പ്രവാസി കേരളീയരുടെ ക്ഷേമം മുൻനിർത്തിയുള്ള നിയമം ഈ സഭ പാസ്സാക്കിയത്. തുഞ്ചത്ത് എഴുത്തച്ഛന്റെ പേരിലുള്ള മലയാളം സർവ്വകലാശാല ആക്ട് മലയാള ഭാഷയുടെയും സാഹിത്യത്തിന്റെയും കേരള സംസ്കാരത്തിന്റെയും പഠനവും ഗവേഷണവും പ്രോത്സാഹിപ്പിക്കുന്നതിന് അങ്ങേയറ്റം സഹായകരമായിത്തീർന്നു. പരിസ്ഥിതിയുടെ ശാസ്ത്രീയമായ സംരക്ഷണത്തിനും പമ്പാനദിയെ മാലിന്യമുക്തമാക്കി സംരക്ഷിക്കുന്നതിനും നദീതീര സംരക്ഷണത്തിനും കേരള നിയമസഭ പ്രത്യേകം പ്രത്യേകം നിയമങ്ങൾ പാസ്സാക്കിയതും നാം ആരോഗ്യ മേഖലയിൽ പുത്തൻ ഉണർവ് സൃഷ്ടിച്ചുകൊണ്ട് കേരള ആരോഗ്യശാസ്ത്ര സർവ്വകലാശാല ആക്ട് സംസ്ഥാനത്ത് മെഡിക്കൽ വിദ്യാഭ്യാസത്തിന്റെ കാര്യത്തിലുണ്ടാക്കിയ ഐക്യരൂപം, അതിന്റെ ഗുണനിലവാരം ഉയർത്തുന്നതിന് വഹിച്ച പങ്ക് എന്നിവ പ്രത്യേകം ഓർമ്മിക്കേണ്ടതാണ്. സംസ്ഥാനത്തെ പോലീസ് സേനയുടെ നിയന്ത്രണവും അധികാരങ്ങളും കർത്തവ്യങ്ങളും സംബന്ധിച്ച നിയമം ക്രോഡീകരിക്കുന്നതിനും ഭേദഗതി ചെയ്യുന്നതിനും കഴിഞ്ഞിട്ടുണ്ട്. പൗരന്മാരുടെ പ്രശ്നങ്ങൾക്ക് ഫലപ്രദവും സമയബന്ധിതവുമായ പരിഹാരത്തിന് വ്യവസ്ഥ ചെയ്യുന്നതിനും നിശ്ചിത സമയപരിധിക്കുള്ളിൽ പൊതുജനങ്ങൾക്ക് സേവനം നൽകുന്നതിനും സർക്കാർ ജീവനക്കാരുടെ പ്രതിബദ്ധത ഉറപ്പുവരുത്തുന്നതിനുമായി സേവനാവകാശ നിയമം ഇവിടെ പാസ്സാക്കുകയുണ്ടായി. ഭരണം കൂടുതൽ സുതാര്യമാക്കുന്നതിനും സർക്കാർ വിവരങ്ങൾ പൊതുതാൽപ്പര്യത്തിൽ ഏത് പൗരനും നൽകുന്നതിനും ഇത് അവസരമൊരുക്കി. സംസ്ഥാനത്ത് യുവജന കമ്മീഷൻ, ന്യൂനപക്ഷ കമ്മീഷൻ എന്നിവ രൂപീകരിക്കുന്നതിന് സാധിച്ചത് ഈ മേഖലയിൽ നടത്തിയ നിയമനിർമ്മാണങ്ങളുടെ ഫലമായിട്ടായിരുന്നു. ഇങ്ങനെ ഒട്ടേറെ കാര്യങ്ങൾ നമ്മുടെ സംസ്ഥാനത്ത് നടപ്പിലാക്കാൻ ഈ സഭാവേദിയിലൂടെ നമുക്ക് കഴിഞ്ഞിരുന്നു. കേരളത്തിന്റെ വികസന അജണ്ടകളും കാഴ്ചപ്പാടുകളും അങ്ങ് സൂചിപ്പിച്ചതുപോലെ കാര്യമായ തോതിൽ മാറിയേ തീരൂ എന്ന യാഥാർത്ഥ്യം നാം ഉൾക്കൊള്ളേണ്ടതുണ്ട്. ഈ ഘട്ടത്തിൽ അതുമായി ബന്ധപ്പെട്ട അഭിപ്രായ പ്രകടനങ്ങളിലേയ്ക്ക് കടക്കുന്നില്ല. അത് പ്രത്യേകമായി എല്ലാപേരുംകൂടി ചർച്ച ചെയ്യേണ്ട ഒരു വിഷയമാണ് എന്നാണ് തോന്നുന്നത്. സംസ്ഥാനത്തിന്റെ വികസനത്തിന് പ്രാധാന്യം കൊടുത്തുകൊണ്ടാണ് നമ്മുടെ സംസ്ഥാനം ഇപ്പോൾ കേരള ഇൻഫ്രാസ്ട്രക്ച്ചർ ഇൻവെസ്റ്റ്മെന്റ് ഫണ്ട് ബോർഡ് യാഥാർത്ഥ്യമാക്കുന്ന

നിയമമുണ്ടാക്കിയത് . ഇങ്ങനെ നിയമനിർമ്മാണ രംഗത്ത് ഒട്ടേറെ നേട്ടങ്ങൾ നമുക്ക് അവകാശപ്പെടാനുള്ളപ്പോഴും നാം പാസ്സാക്കി അയച്ച ചില നിയമങ്ങൾക്ക് ഇപ്പോഴും പ്രസിഡന്റിന്റെ അനുമതി കിട്ടാതെയിരിക്കുന്നുണ്ട് എന്നതും നാം ഓർക്കേണ്ടതായിട്ടുണ്ട്. അതോടൊപ്പംതന്നെ കാലികപ്രസക്തമല്ലാത്ത നിയമങ്ങളുടെ ക്രോഡീകരണവും കാലഹരണപ്പെട്ടവ റദ്ദാക്കുന്നതിനുള്ള ശ്രമങ്ങളും നാം ഗൗരവമായി നടത്തേണ്ടതായിട്ടുണ്ട്.

മറ്റൊരുകാര്യം ഓർഡിനൻസിന്റേതാണ്. അടിയന്തര ഘട്ടങ്ങളിൽ ഓർഡിനൻസുകൾ ഒഴിവാക്കാനാവില്ല. എന്നാലും ഏറ്റവും അടുത്ത അവസരത്തിൽത്തന്നെ അത് സഭയിൽ ബില്ലാക്കി അവതരിപ്പിച്ച് പാസ്സാക്കാനാകണം എന്നതുതന്നെയാണ് ആ കാര്യത്തിൽ നമുക്ക് സ്വീകരിക്കാവുന്ന സമീപനം. നിയമനിർമ്മാണമാണ് നിയമസഭയുടെ പ്രധാന ധർമ്മം എന്ന കാര്യം പലപ്പോഴും നാം മറന്നുപോകാറുണ്ട്. ജനകീയ പ്രശ്നങ്ങളും രാഷ്ട്രീയ പ്രശ്നങ്ങളും സ്വാഭാവികമായും സഭയിൽ വലിയ തോതിൽ ഉയർന്നുവരികതന്നെ ചെയ്യും. അത് ഒഴിവാക്കാൻ കഴിയുന്നതല്ല. അതോടൊപ്പംതന്നെ, അതിനേക്കാൾ ഉപരിയായി നിയമനിർമ്മാണ കാര്യത്തിൽ അതാണ് പ്രധാന ധർമ്മമെന്ന് കണ്ടുകൊണ്ട് ജാഗ്രത പുലർത്താൻ നമുക്ക് കഴിയേണ്ടതായിട്ടുണ്ട്. അക്കാര്യത്തിലുള്ള ഒരു സ്വയം വിമർശനത്തിന് ഈ അവസരം നാം ഉപയോഗിക്കണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. മുന്നോട്ടുള്ള യാത്രയിൽ നമുക്ക് കൈമോശം വന്നതോ, വിട്ടുപോയതോ, വിസ്മരിച്ചുപോയതോ ആയ ചിലതിനെപ്പറ്റി നാം ഗൗരവമായി ഓർക്കേണ്ടതുണ്ട്. അതിൽ ഏറ്റവും പ്രധാനപ്പെട്ടതാണ് ഭൂപരിഷ്കരണത്തിന് ശേഷംവന്ന കൃഷിഭൂമിയുടെ തുണ്ടുവൽക്കരണമടക്കമുള്ള പ്രശ്നങ്ങൾ. ഒറ്റയ്ക്ക് കൃഷി എന്നത് ഇന്നത്തെ കാലത്ത് വലിയതോതിലുള്ള പ്രശ്നങ്ങളുണ്ടാക്കുന്നുണ്ട്. അവിടെയാണ് കൂട്ടായി കൃഷിചെയ്യുന്ന ഒരു രീതി ഉയർന്നുവരേണ്ടത്. അത് ഉൽപ്പാദനക്ഷമത വളർത്തുന്നതിനും കൃഷി ആദായകരമാക്കുന്നതിനും സഹായിക്കുന്ന ഒന്നായിരിക്കും. പക്ഷെ അത്തരമൊരു സംസ്കാരത്തിലേയ്ക്ക് നമുക്ക് വേണ്ടത്ര ഉയർന്നുവരാൻ കഴിഞ്ഞിട്ടില്ല. വിദ്യാഭ്യാസ രംഗത്ത് വലിയതോതിലുള്ള മുന്നേറ്റമുണ്ടാക്കാൻ നമുക്ക് കഴിഞ്ഞെങ്കിലും നിലവാരം മെച്ചപ്പെടുത്താനുള്ള ഇടപെടലുകൾ ഇനിയും ശക്തമായി നടത്തേണ്ടതായിട്ടുണ്ട്. ചില നടപടികൾ ഇപ്പോൾ ആരംഭിച്ചിട്ടുണ്ട്. അത് കൂടുതൽ ജാഗ്രതയോടെ പൂർണ്ണതയിലേയ്ക്ക് എത്തിക്കാൻ നമുക്ക് കഴിയണം.

ഭൂപരിഷ്കരണ രംഗത്തും കാർഷിക രംഗത്തും അധികാര വികേന്ദ്രീകരണ രംഗത്തും മറ്റും ഉണ്ടാകേണ്ടിയിരുന്ന പ്രവർത്തനങ്ങളുടെ സമഗ്രമായ വീണ്ടെടുപ്പായിരുന്നു ജനകീയാസൂത്രണത്തിലൂടെ നാം ലക്ഷ്യമിട്ടത്. കേരളത്തിന്റെ

വികസനത്തിന്റെ ശരിയായ സ്വാദ് അനുഭവിക്കാൻ കഴിയാത്ത അനേകലക്ഷം പാവപ്പെട്ടവർ നമ്മുടെ നാട്ടിലുണ്ട്. അവരുടെ അടുത്തേയ്ക്ക് വികസനം എത്തുക എന്ന ഉദ്ദേശ്യത്തോടെയാണ് ഇപ്പോൾ സംസ്ഥാന സർക്കാർ പ്രഖ്യാപിച്ച നാല് മിഷനുകൾ പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. അവരുടെ അടുത്തേയ്ക്ക് നമ്മുടെ നാടിന്റെ യഥാർത്ഥ വികസനത്തിന്റെ ഗുണം എത്തിക്കാൻ നമുക്ക് കൂട്ടായി പ്രവർത്തിക്കേണ്ടതുണ്ട്. നവോത്ഥാന മൂല്യങ്ങളിലൂടെയും പുരോഗമനപരമായ ആശയങ്ങളിലൂടെയും നാം നേടിയെടുത്ത നമ്മുടെ നാടിന്റെ സാമൂഹിക-സാമ്പത്തിക-രാഷ്ട്രീയ മണ്ഡലങ്ങളിലെ ഉന്നതിയും വ്യതിരിക്തതയും നമുക്ക് നിലനിർത്താൻ കഴിയേണ്ടതായിട്ടുണ്ട്. നിലവിൽ നാം അഭിമുഖീകരിക്കുന്ന ചില വെല്ലുവിളികൾ അതിജീവിച്ചുകൊണ്ട്, വരുംകാലത്തെ നിയമനിർമ്മാണ പ്രവർത്തനങ്ങൾ കൂടുതൽ അർത്ഥവത്താക്കാൻ ഈ ദിനം നമുക്ക് കരുത്ത് പകരുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് അങ്ങയുടെ വാക്കുകൾക്ക് പൂർണ്ണമായ പിന്തുണ നൽകിക്കൊണ്ട് അവസാനിപ്പിക്കുന്നു.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ആദ്യമായി ഈ നിയമസഭയിൽ ഇതുപോലൊരു യോഗം ചേരാൻ അവസരമുണ്ടാക്കിയ സ്പീക്കറെ ഞാൻ ആത്മാർത്ഥമായി അഭിനന്ദിക്കുകയാണ്. ബഹുമാന്യനായ അങ്ങും മുഖ്യമന്ത്രിയും പ്രകടിപ്പിച്ച അഭിപ്രായങ്ങളോട് യോജിക്കുകയാണ്. 1982 ജൂൺ 24-ന് 26-ാമത്തെ വയസ്സിൽ ഈ ക്ലറൻ സെക്രട്ടേറിയറ്റിന്റെ മനോഹരമായ അസംബ്ലി മന്ദിരത്തിലേയ്ക്ക് കടന്നുവരാൻ കഴിഞ്ഞ ഒരാളാണ് ഞാൻ. 1933 ഡിസംബർ 12-ന് ബ്രിട്ടീഷ് ഇന്ത്യയിലെ ഗവർണ്ണർ ജനറൽ ലോർഡ് വെല്ലിംഗ്ടൺ തറക്കല്ലിട്ട നിയമസഭാ മന്ദിരമാണിത്. 1939 ഫെബ്രുവരി 9-ന് തിരുവിതാംകൂർ ദിവാൻ സർ സി. പി. രാമസ്വാമി അയ്യർ ഉദ്ഘാടനം ചെയ്ത ഈ മന്ദിരത്തിൽ വന്നപ്പോൾ ഞാൻ അത്ഭുതത്തോടെ നിരവധി കാര്യങ്ങൾ ഓർത്തുപോയി. ഈ നിയമസഭയ്ക്ക് തെരഞ്ഞെടുത്ത ജനങ്ങളുടെ ആഗ്രഹങ്ങൾ പൂർത്തീകരിക്കാൻ കഴിയുമോ; ജനാധിപത്യത്തിന്റെ ശ്രീകോവിലിൽ ജനങ്ങളുടെ മോഹങ്ങൾ, പ്രതീക്ഷകൾ, സ്വപ്നങ്ങൾ, ആശങ്കകൾ ഇവയെല്ലാം പൂർത്തീകരിക്കാൻ കഴിയുമോ; കേരള നിയമസഭ കേരളത്തിലെ പാവപ്പെട്ടവരുടെ, സാധാരണക്കാരുടെ യാതനകളും ദുഃഖങ്ങളും പേറുന്ന ലക്ഷങ്ങളിൽനിന്ന് അകലത്തിലാണോ; ലെജിസ്ലേച്ചറും എക്സിക്യൂട്ടീവും തമ്മിലുള്ള ദൂരം വർദ്ധിക്കുകയാണോ; ഭരണപക്ഷവും പ്രതിപക്ഷവും തമ്മിലുള്ള ബന്ധം ഭരണഘടന വിഭാവന ചെയ്ത രീതിയിലാണോ മുന്നോട്ടുപോകുന്നത്; ഇത്തരം ചോദ്യങ്ങളായിരുന്നു അന്ന് ഈ നിയമസഭയിലേയ്ക്ക് കടന്നുവന്നപ്പോൾ എന്റെ മനസ്സിനെ മദിച്ചിരുന്നത്. നാല് തവണ നിയമസഭയിലും നാല് തവണ പാർലമെന്റിലും പ്രവർത്തിക്കാൻ കഴിഞ്ഞ ഒരു എളിയ പൊതുപ്രവർത്തകനാണ് ഞാൻ. 28 വർഷക്കാലത്തെ എന്റെ പാർലമെന്ററി പ്രവർത്തനത്തിൽ രണ്ട് തവണ, 29-ാമത്തെ വയസ്സിൽ കെ. കരുണാകരന്റെ മന്ത്രിസഭയിലും കഴിഞ്ഞ തവണ

ശ്രീ. ഉമ്മൻ ചാണ്ടിയുടെ മന്ത്രിസഭയിലും മന്ത്രിയായി പ്രവർത്തിക്കാനുള്ള അവസരം എനിക്ക് ലഭിച്ചു. അതിനുശേഷവും ഇത്തരം ചോദ്യങ്ങൾ എന്റെ മനസ്സിനെ അലട്ടുന്നുണ്ട്. പാർലമെന്ററി ഡെമോക്രസിയിലൂടെ നാം നേടിയ വമ്പിച്ച നേട്ടങ്ങൾ ഞാൻ വിസ്മരിക്കുന്നില്ല. ഇന്ത്യയ്ക്ക് മാതൃകയായ നിയമനിർമ്മാണങ്ങൾ പാസ്സാക്കിയ നിയമസഭയാണ് നമ്മുടേത്. അതിനേക്കാൾ വലിയൊരു കാര്യമുണ്ട്. കേരള നിയമസഭയിലെ സബ്ജക്ട് കമ്മിറ്റിയാണ് പാർലമെന്റിൽ സ്റ്റാൻഡിംഗ് കമ്മിറ്റിയായി മാറിയത്. ശ്രീ. ശിവരാജ് പാട്ടീൽ ലോക് സഭ സ്പീക്കറായിരുന്ന കാലത്ത് കേരളത്തിലെ എം.പി.-മാരെ വിളിച്ചുചേർത്ത് ഇവിടത്തെ സബ്ജക്ട് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തിയ ശേഷമാണ് ലോക്സഭയിൽ ബഡ്ജറ്റ് സ്ക്രൂട്ടിനിക്ക് കൂടുതൽ സമയം നൽകുന്നതിന് സ്റ്റാൻഡിംഗ് കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചത്. കേരളത്തിന്റെ ഏറ്റവും അഭിമാനകരമായ ഒരു മുഹൂർത്തമായി അന്നത്തെ സ്പീക്കർ ലോക്സഭയിൽ പ്രഖ്യാപിച്ച അപൂർവ്വമായ ആ നിമിഷം ഞാനിവിടെ ഓർക്കുകയാണ്.

ദൈവത്തിന്റെ സ്വന്തം നാടായ കേരളം 12 മുഖ്യമന്ത്രിമാരുടെ നേതൃത്വത്തിൽ കൈവരിച്ച നേട്ടങ്ങൾ ചെറുതല്ല. ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്, പട്ടം താണുപിള്ള, ആർ. ശങ്കർ, സി. അച്യുതമേനോൻ, കെ. കരുണാകരൻ, പി. കെ. വാസുദേവൻ നായർ, സി. എച്ച്. മുഹമ്മദ് കോയ, ഇ. കെ. നായനാർ, സർവ്വശ്രീ. എ. കെ. ആന്റണി, വി. എസ്. അച്യുതാനന്ദൻ, ഉമ്മൻ ചാണ്ടി, പിണറായി വിജയൻ തുടങ്ങിയ 12 മുഖ്യമന്ത്രിമാരിലൂടെ അറുപത് വർഷങ്ങളായി കേരളം നേടിയ നേട്ടങ്ങൾ ഇന്ത്യയിലെ ഒരു സംസ്ഥാനത്തിനും നേടാൻ കഴിഞ്ഞിട്ടില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. ആ യാഥാർത്ഥ്യം നമുക്ക് വിസ്മരിക്കാൻ കഴിയില്ല. പുരോഗമനപരമായ നിയമനിർമ്മാണങ്ങൾ നടത്തിയ കേരളം എന്നും ഒരു രാഷ്ട്രീയ പരീക്ഷണശാലയായിരുന്നു. സാമൂഹ്യ സുരക്ഷയിലൂന്നിയ പദ്ധതികൾ നമ്മുടെ മുഖമുദ്രകളായിരുന്നു. പാർട്ടിസിപ്പേറ്ററി ഡെമോക്രസി, സെക്കുലറിസം, സോഷ്യൽ ജസ്റ്റീസ്, ഗ്രോയിംഗ് ഓപ്പർച്യൂണിറ്റി ഫോർ സിറ്റിസൺ ഇൻ ഡിസിഷൻ മേക്കിംഗ് ഇതെല്ലാം ആധുനിക കേരളം നിർമ്മിക്കാനുള്ള വമ്പിച്ച മുദ്രാവാക്യങ്ങളായി സ്വീകരിച്ചുകൊണ്ടാണ് ഈ പന്ത്രണ്ട് മുഖ്യമന്ത്രിമാരും കേരളത്തിൽ പ്രവർത്തിച്ചതെന്ന് തുറന്നുസമ്മതിക്കാൻ ഈ അവസരം ഞാൻ വിനിയോഗിക്കുകയാണ്. സാമ്പത്തിക അസമത്വം, സമ്പത്തിന്റെ നീതിപൂർവ്വമല്ലാത്ത വിതരണം, തൊഴിലില്ലായ്മ, ദാരിദ്ര്യം തുടങ്ങിയ നിരവധി പ്രശ്നങ്ങൾ നേരിട്ട ഒരു സംസ്ഥാനം ഒന്നുമില്ലായ്മയിൽനിന്ന് ലോകത്തിന് മാതൃകയായ കേരളാ മോഡൽ സൃഷ്ടിച്ചത് അദ്ധ്വാനശീലരായ കേരളീയരും അദ്ധ്വാനം ഉയർത്തിപ്പിടിച്ചുകൊണ്ട് നിയമസഭകളിൽ പ്രവർത്തിച്ച വിവിധ കക്ഷികളിൽപ്പെട്ട നിയമസഭാ സാമാജികരും മന്ത്രിമാരും മുഖ്യമന്ത്രിമാരും അടങ്ങുന്ന ഒരു ജനാധിപത്യ പ്രക്രിയയിലൂടെയായിരുന്നു. അറുപത് വർഷക്കാലത്തെ നമ്മുടെ പ്രവർത്തനം അഭിമാനകരമാണെന്ന് അങ്ങ് പറഞ്ഞതിനോട് ഞാൻ യോജിക്കുന്നു.

പക്ഷേ സത്യസന്ധമായ ഒരു വിലയിരുത്തൽകൂടി നമ്മൾ നടത്തണം. നമ്മുടെ ശക്തിയും നേട്ടങ്ങളും പറയുന്നതോടൊപ്പം കുറവുകൾകൂടി കാണണം. ഇതിൽ പാർലമെന്റിനും നിയമസഭയ്ക്കും നിറവേറ്റാൻ കഴിയാത്ത പങ്കിനെപ്പറ്റി നമുക്കൊരു സെൽഫ് ക്രിട്ടിസിസംകൂടി ആവശ്യമാണെന്ന് ഞാൻ കരുതുകയാണ്. അറുപത് വർഷം പിന്നിട്ടപ്പോൾ ഇന്നത്തെ ജനാധിപത്യ വ്യവസ്ഥയിലൂടെ സാമൂഹ്യ അടിത്തറ ബലപ്പെട്ടു. പാർശ്വവൽക്കരിക്കപ്പെട്ടവർ, പട്ടികജാതി/ പട്ടിക വർഗ്ഗവിഭാഗക്കാർ, മത്സ്യത്തൊഴിലാളികൾ, സാമ്പത്തികമായും സാമൂഹികമായും പിന്നോക്കം നിൽക്കുന്നവർ തുടങ്ങിയവരുടെയെല്ലാം പ്രാതിനിധ്യം ഉറപ്പുവരുത്താൻ കേരള നിയമസഭയ്ക്ക് കഴിഞ്ഞു. ഫ്യൂഡൽ വ്യവസ്ഥയിൽ നിന്ന് സാമൂഹ്യ നീതിയിലേയ്ക്ക് പരിവർത്തനം ചെയ്യപ്പെട്ട ഒരു നിയമസഭയായി കേരള നിയമസഭ മാറിയെന്നുള്ളത് ചരിത്രത്താളുകളിൽ തങ്കലിപികളാൽ എഴുതപ്പെടേണ്ട അപൂർവ്വമായ ഒന്നാണ്. ഇന്ത്യ പാസ്സാക്കേണ്ട ഒരു നിയമം കൂടിയുണ്ട്, അത് വനിതാ റിസർവേഷൻ ബില്ലാണ്. നമ്മുടെ നിയമസഭയിൽ വനിതാ എം.എൽ.എ.-മാരുടെ എണ്ണം കുറവാണ്. ഇന്ത്യ കാത്തിരിക്കുന്ന ഒരു നിയമം, വനിതകൾക്ക് തുല്യപ്രാതിനിധ്യം കൊടുത്തുകൊണ്ടുള്ള, ജെൻഡർ ഇക്വാളിറ്റിക്കുവേണ്ടിയുള്ള നിയമം ഭാവിയിൽ പാർലമെന്റ് പാസ്സാക്കുമെന്ന് ഞാൻ കരുതുകയാണ്.

അങ്ങ് ഇവിടെ ഐക്യമുന്നണി രാഷ്ട്രീയത്തെക്കുറിച്ച് സൂചിപ്പിച്ചു. ഐക്യമുന്നണി രാഷ്ട്രീയത്തിന് നേതൃത്വം കൊടുത്തത് കേരളമാണ്. കേരളം ഒരു രാഷ്ട്രീയ പരീക്ഷണശാലയാണ്. ഇവിടെ നിന്നാണ് ഐക്യമുന്നണി രാഷ്ട്രീയം ഉരുത്തിരിഞ്ഞുവന്നത്. കോമൺ മിനിമം പ്രോഗ്രാമിലൂടെ ലോകത്തിനുതന്നെ മാതൃകയായ കൂട്ടുകക്ഷി മന്ത്രിസഭയുണ്ടായത് ഇവിടെയാണ്. ആ മന്ത്രിസഭയുടെ പ്രവർത്തനങ്ങൾ ഏറ്റവും നല്ല നിലയിൽ പോയത് കേരളത്തിലാണ്. ഇപ്പോഴും അത് മുന്നോട്ടുപോകുന്നു. വ്യത്യസ്ത അഭിപ്രായമുള്ള രാഷ്ട്രീയ കക്ഷികൾ ഒരു കോമൺ മിനിമം പ്രോഗ്രാമിന്റെ അടിസ്ഥാനത്തിൽ ഒരുമിച്ചുചേരുന്നു. അവർ രാജ്യം ഭരിക്കുന്നു; സംസ്ഥാനം ഭരിക്കുന്നു. ഇത് ഏറ്റവും ഫലപ്രദമായി നടപ്പാക്കിയ സംസ്ഥാനം കേരളമാണ്. ബഹുമാനപ്പെട്ട സ്പീക്കർ, അങ്ങ് ഈ സഭ നടത്തിക്കൊണ്ടുപോകുന്ന ആളാണ്. അങ്ങേയ്ക്ക് മുമ്പ് എത്രയോ മഹാരഥൻമാർ ഈ കസേരയിൽ ഇരുന്നിട്ടുണ്ട്. ഇന്ന് സഭാപ്രവർത്തനങ്ങൾ സുഗമമായി നടത്തിക്കൊണ്ടുപോകുന്നത് ദുഷ്കരമാണ്. സഭ മുന്നോട്ടുകൊണ്ട് പോകുമ്പോൾ പ്രതിപക്ഷത്തിന്റെയും ഭരണപക്ഷത്തിന്റെയും സഹകരണമുണ്ടാകണം. ജനങ്ങൾക്കാവശ്യമുള്ള നിയമനിർമ്മാണങ്ങൾ പാസ്സാക്കണം. അവരുടെ ആവലാതികൾ ഉയർത്തിപ്പിടിക്കണം. ഈ സഭയിൽ ഉയരുന്ന ശബ്ദം പുറത്തുള്ള ജനങ്ങളുടെ പ്രതീക്ഷകളും വികാരങ്ങളുമാണ്. അത് ജനാധിപത്യത്തിന്റെയും ഭരണഘടനയുടെയും നിയമങ്ങളുടെയും ചട്ടങ്ങളുടെയും നാല് അതിരുകൾക്കുള്ളിൽ നിന്നാകണം. ഇവിടെ ജനാധിപത്യം എന്നുപറയുന്നത് നമ്പർ ഗെയിം മാത്രമല്ല,

51 V/s 49 അല്ല. 51 ആരാണ്, 49 ആരാണ് എന്ന് തീരുമാനിക്കുന്നത് ജനങ്ങളാണ്. ട്രഷറി ബെഞ്ചിനേയും പ്രതിപക്ഷത്തെയും തെരഞ്ഞെടുക്കുന്നത് ജനങ്ങളാണ്. അതുകൊണ്ടുതന്നെ ആ ജനങ്ങളുടെ അഭിപ്രായത്തെ മാനിക്കാൻ ഇരുപക്ഷത്തിനുമുള്ള ഉത്തരവാദിത്വം ഞാൻ എടുത്തുപറയുന്നു. പ്രതിപക്ഷം തീർച്ചയായും കൺസ്ട്രക്ടീവ് ആകണമെന്ന അഭിപ്രായമുള്ളയാളാണ് ഞാൻ. ഭരണപക്ഷവും പ്രതിപക്ഷവും ചേരുമ്പോഴാണ് ജനാധിപത്യം മഹത്തരമാകുന്നത്; ശക്തിപ്പെടുന്നത്; സാർത്ഥകമാകുന്നത്. റൂളിംഗ് പാർട്ടി പ്രതിപക്ഷത്തെ കേൾക്കണം, കോൺഫിഡൻസിലെടുക്കണം, കൺസൾട്ട് ചെയ്യണം, കൺസെൻസസ് ഉണ്ടാക്കണം. പാർലമെന്ററി ജനാധിപത്യം അർത്ഥ പൂർണ്ണമാകുന്നത് കൺസെൻസസ്സിലൂടെയാണ്; ഏറ്റുമുട്ടലിലൂടെയല്ല. പ്രതിപക്ഷം സഹകരിക്കാവുന്ന മേഖലകളിൽ സഹകരിക്കണം. ഭരണകക്ഷി പ്രതിപക്ഷത്തെ വിശ്വാസത്തിലെടുക്കണം; അപ്പോഴാണ് ഏറ്റവും ഫലപ്രദമായ ജനാധിപത്യ പ്രക്രിയ ഇവിടെ ശക്തിപ്പെടുത്താൻ നമുക്ക് കഴിയുന്നത്.

എന്നെ വിഷമിപ്പിക്കുന്ന ഒരു കാര്യമുണ്ട്, ഞാൻ അത് അങ്ങയോട് തുറന്നുപറയാൻ ആഗ്രഹിക്കുന്നു. ഇന്ന് ഓപ്പോസിറ്റ് പോയിന്റ് കേൾക്കാൻ ആഗ്രഹിക്കുന്നവരുടെ എണ്ണം കുറവാണ്. We are in a diverse country; political pluralism is the heart of our democracy; സ്പീക്കറായ അങ്ങ് അനുവദിക്കുന്നിടത്തോളം ഏതൊരംഗത്തിനും തന്റെ അഭിപ്രായം പറയാനുള്ള സ്വാതന്ത്ര്യമുണ്ട്. നമ്മൾ ജീവിക്കുന്നത് plural society-യിലാണ്. ആ ബഹുസ്വരത സഭയിലും പ്രതിഫലിക്കും. അതുകൊണ്ടുതന്നെ നമ്മുടെ ചർച്ചകൾ അർത്ഥപൂർണ്ണമാകണം; നിയമസഭാ സാമാജികർക്ക് ജനങ്ങൾ നൽകുന്ന അധികാരം ഫലപ്രദമായി ഉപയോഗിക്കണമെന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല. മഹാത്മജി ഒരിക്കൽ പറഞ്ഞിട്ടുണ്ട്. 'No system should stand like a Minar, rather it should be like a sea where all beings are live together' - നമ്മുടെ സിസ്റ്റം ഒരു ഗോപുരമാകരുത്; ഒരു സമുദ്രമാകണം; എല്ലാത്തിനെയും ഉൾക്കൊള്ളാൻ കഴിയുന്ന ഒരു സമുദ്രമായി മാറാൻ സാധിക്കണം. നമ്മുടെ സിസ്റ്റം കറക്ട് ചെയ്യാൻ നമുക്ക് സാധിക്കണം. ഒരു അതിന് നേതൃത്വം നൽകാൻ കഴിയുന്നതാകണമെന്നുള്ളതുതന്നെയാണ് ഇന്ന് ജനങ്ങൾ നമ്മിൽ അർപ്പിച്ചിരിക്കുന്ന ഉത്തരവാദിത്വം. ഗുഡ് ഗവേണൻസാണ് ഒരു സർക്കാരിന്റെ മുഖമുദ്രയായി മാറേണ്ടത്; അതാണ് പാർലമെന്റിന്റെ മുഖമുദ്രയായി മാറേണ്ടത്. ജനപ്രതിനിധികൾക്ക് അക്കൗണ്ടബിലിറ്റിയുണ്ട്; ജന പ്രതിനിധികൾക്ക് വിശ്വാസ്യതയുണ്ടാകണം. ഭരണ-പ്രതിപക്ഷ കക്ഷികളുടെ പ്രവർത്തനങ്ങളിൽ കാലോചിതമായ മാറ്റം വരുത്തണം. എനിക്ക് ഒരു നിർദ്ദേശംകൂടി മുന്നോട്ടുവയ്ക്കാനുണ്ട്. രാഷ്ട്രീയപാർട്ടികളുടെ 60 വർഷത്തെ പ്രവർത്തനങ്ങൾ പരിശോധിക്കുമ്പോൾ കാലോചിതമായ മാറ്റം ആവശ്യമാണ്. എന്റെ പാർട്ടി ഉൾപ്പെടെയുള്ള രാഷ്ട്രീയ കക്ഷികൾ സ്വയം വിമർശനത്തിന് തയ്യാറായി, ആധുനിക

കാലഘട്ടത്തിലെ ചെറുപ്പക്കാരുടെയും പുതിയ തലമുറയുടെയും സ്വപ്നങ്ങൾക്ക് നിറം പകരാൻ കഴിയത്തക്ക നിലയിൽ, നമ്മുടെ പ്രവർത്തനങ്ങളിൽ കാലോചിതമായ മാറ്റം വരുത്തണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ഇലക്ടറൽ റിഫോംസ് ഇന്ന് ആവശ്യമാണ്. നമ്മുടെ രാജ്യത്തുണ്ടായിരിക്കുന്ന ഏറ്റവും വലിയ പ്രതിസന്ധിയും പ്രശ്നങ്ങളും നമ്മുടെ തെരഞ്ഞെടുപ്പ് സിസ്റ്റത്തിലുണ്ടാകുന്ന പ്രശ്നങ്ങളാണ്. അതിലേയ്ക്കൊന്നും ഞാൻ ഈ സന്ദർഭത്തിൽ കടന്നുപോകുന്നില്ല. വികസനത്തിന് സമന്വയം വേണമെന്ന് അങ്ങ് ഒരു നിർദ്ദേശം മുന്നോട്ടുവച്ചു. പ്രതിപക്ഷത്തിന് ഒരു അഭിപ്രായ വ്യത്യാസവുമില്ല. വികസന സമന്വയത്തിലൂടെ മാത്രമേ മുന്നോട്ടുപോകാൻ കഴിയുകയുള്ളൂ. ഞങ്ങൾ ഭരണപക്ഷമായാലും അവർ പ്രതിപക്ഷമായാലും അതേ നിലപാടുകൾ സ്വീകരിക്കണമെന്നുള്ള അഭിപ്രായം മാത്രമേ എനിക്കുള്ളൂ. ഇക്കാര്യത്തിൽ രാഷ്ട്രീയ പാർട്ടികൾ തമ്മിലുള്ള ഒരു കൺസെൻസസാണ് സംസ്ഥാന താൽപ്പര്യത്തിന് ഏറ്റവും അനുകൂലമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. മനോഹരമായ ഹാളും അതിമനോഹരമായ അന്തരീക്ഷവും തീർച്ചയായും കേരളത്തിന്റെ ജനാധിപത്യ പ്രക്രിയയെ ശക്തിപ്പെടുത്തുമെന്ന് ഞാൻ കരുതുന്നു. അങ്ങേയ്ക്കും അങ്ങയിലൂടെ കേരളത്തിലെ ജനങ്ങൾക്കും അഭിവാദ്യങ്ങൾ നേരുന്നു. ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, അങ്ങും ബഹുമാന്യനായ മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും പ്രകടിപ്പിച്ചിട്ടുള്ള വികാരത്തോട് പൊതുവിൽ ഞാൻ യോജിക്കുകയാണ്. കേരള നിയമസഭയ്ക്ക് 60 വയസ്സ് പിന്നിടുന്ന ഈ സന്തോഷകരമായ മുഹൂർത്തത്തിൽ ഇവിടെ വരാനും ഈ പരിപാടിയിൽ പങ്കെടുത്ത് ഏതാനും വാക്കുകൾ സംസാരിക്കാനും അവസരം ലഭിച്ചതിൽ ഞാൻ ഏറെ സന്തോഷിക്കുകയാണ്. അതിന് എന്നെ തെരഞ്ഞെടുത്ത ജനങ്ങളോട് ഞാൻ നന്ദി പറയുകയാണ്.

60 വർഷത്തെ കേരള നിയമസഭയുടെ ചരിത്രത്തെക്കുറിച്ച് ദീർഘമായ സംസാരം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവുമെല്ലാം ഇവിടെ നടത്തി. അതുപോലെ ധാരാളം കാര്യങ്ങൾ പറയണമെന്ന് ഞാൻ ഉദ്ദേശിക്കുന്നില്ല. 1970-കളിൽ ഇതേ നിയമസഭാ മന്ദിരത്തിന്റെ ബാൽക്കണിയിൽ ഇതു കാണാൻ വന്ന ഒരു കാഴ്ചക്കാരനെന്ന നിലയിൽ ഞാൻ അവിടെയിരുന്നത് ഇപ്പോൾ ഓർക്കുകയാണ്. അവിടെയിരുന്നാൽ ഇതിന്റെ അകത്തളത്തിൽ എന്താണ്; എങ്ങനെയാണ് ഇരിക്കുന്നത് എന്നുപോലും പൂർണ്ണമായും കാണാൻ കഴിയുമായിരുന്നില്ല. ഇന്ന് ഇത്തരം ഒരു അവസരമുണ്ടായതിൽ ഞാൻ തീർച്ചയായും ഏറെ സന്തോഷം കൊള്ളുന്നു. കേരളപ്പിറവിക്ക് മുമ്പുള്ള കാര്യത്തെക്കുറിച്ച് ദീർഘമായിത്തന്നെ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. നമ്മുടെ ഭരണ സംവിധാനത്തിന് പുതിയ മുതൽക്കൂട്ടുകൾ നൽകിയ മുൻകാലത്തെ ഭരണ സംവിധാനത്തെക്കുറിച്ചും അതിന്റെ അപര്യാപ്തതകളെക്കുറിച്ചും നല്ല

വശങ്ങളെക്കുറിച്ചുമെല്ലാം ഇവിടെ പ്രതിപാദിക്കുകയുണ്ടായി. അതുപോലെ നമ്മുടെ സാമൂഹ്യ പരിഷ്കർത്താക്കൾ കേരളത്തെ രൂപപ്പെടുത്തിയെടുക്കുന്നതിനുവേണ്ടി നൽകിയിട്ടുള്ള വിലപ്പെട്ട സംഭാവനകൾകൂടി കണക്കിലെടുത്തുവേണം കേരളത്തെയും കേരളത്തിലെ പുതിയ സർക്കാരിനെയും നിയമസഭയെയും അതിന്റെ പ്രവർത്തനങ്ങളെയുമെല്ലാം വിലയിരുത്തേണ്ടതെന്നാണ് ഈ സന്ദർഭത്തിൽ ഞാൻ സൂചിപ്പിക്കാൻ ആഗ്രഹിക്കുന്നത്. നമ്മുടെ കേരളത്തെ ഈ രീതിയിൽ മാറ്റിയെടുക്കുന്നതിനുവേണ്ടി കേരളം കണ്ട പ്രഗത്ഭരായ ഭരണകർത്താക്കൾ നൽകിയ സംഭാവനകളും വിവിധങ്ങളായ നിയമ നിർമ്മാണങ്ങൾക്കുവേണ്ടി നടത്തിയിട്ടുള്ള പരിശ്രമങ്ങളും വിസ്മരിച്ചുകൂട. കർഷകബന്ധ ബിൽ നടപ്പാക്കുന്നതിനുവേണ്ടി; ആ ബിൽ അവതരിപ്പിക്കുന്നതിനുവേണ്ടി, അഹോരാത്രം എന്ന പ്രയോഗം ഏറ്റവും ശരിയായിരിക്കുമെന്ന് ഞാൻ കരുതുന്നു, ദിവസങ്ങളോളം രാപ്പകലില്ലാതെ നിയമസഭാ സാമാജികർ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളെക്കുറിച്ച് നേതാക്കൾ സൂചിപ്പിച്ചത് ഞാൻ ഓർക്കുകയാണ്. എത്ര വലിയ പ്രവർത്തനമാണ് അവർ അതിനുവേണ്ടി സംഘടിപ്പിച്ചത്. കർഷകബന്ധ ബിൽ തീർച്ചയായും കേരളത്തിന്റെ സാമൂഹ്യ പരിവർത്തനത്തിൽ ഏറ്റവും വലിയ സംഭാവന നൽകിയെന്ന് നമുക്കെല്ലാവർക്കുമറിയാം. അതുപോലെ മറ്റൊരു പ്രധാനപ്പെട്ട കാര്യമാണ്, വിദ്യാഭ്യാസ നയം. കേരളത്തിലെ മുഴുവൻ ജനങ്ങൾക്കും വിദ്യാഭ്യാസം നൽകുന്നതിനുവേണ്ടിയുള്ള നടപടികളുമായിട്ടാണ് 1957-ലെ ഗവൺമെന്റ് മുന്നോട്ടുപോയത്. 1957-ലെ ഗവൺമെന്റ് സ്വീകരിച്ച നടപടിയുടെ ചുവടുപിടിച്ച് ഏറെക്കഴിഞ്ഞാണെങ്കിലും 2002-ൽ കേന്ദ്ര ഗവൺമെന്റിനുപോലും വിദ്യാഭ്യാസത്തെ മൗലികാവകാശമായി മാറ്റുന്നതിനുവേണ്ടിയുള്ള തീരുമാന മെടുക്കേണ്ടിവന്നുവെന്ന് നമുക്ക് കാണാൻ കഴിയും. കേരളത്തിൽ തുടക്കം കുറിച്ച കാര്യങ്ങളാണ്, കേരളം ആദ്യമേ കണ്ടെത്തിയ കാര്യങ്ങളാണ്, കേരളം രാജ്യത്തോടും ലോകത്തോടും വിളിച്ചുപറഞ്ഞ സാമൂഹ്യ പരിവർത്തനത്തിന് വേണ്ടിയുള്ള ഏറ്റവും ശക്തമായ നിലപാടുകളും നയങ്ങളും നടപടികളുമാണ് പിൽക്കാലത്ത് കേന്ദ്ര സർക്കാരും നേരത്തേ ഇവിടെ ചൂണ്ടിക്കാണിച്ചതുപോലെ വിവിധ സംസ്ഥാനങ്ങളിലെ ഗവൺമെന്റുകളുമെല്ലാം നയമായും അതുപോലെതന്നെ അവരുടേതായ തീരുമാനങ്ങളായും പിന്നീട് പ്രഖ്യാപിച്ചിട്ടുള്ളത്. കേരളത്തെ സംബന്ധിച്ചിടത്തോളം ഇപ്പോൾ പന്ത്രണ്ടാമത് മുഖ്യമന്ത്രിയിൽ എത്തിനിൽക്കുന്നു. അവരിൽ ഓരോരുത്തരും നൽകിയ സംഭാവനകൾ നമുക്ക് കാണാൻ കഴിയും. കേരളത്തെ സംബന്ധിച്ച് ഏറ്റവുമധികം ആളുകൾ രാജ്യത്ത് ചർച്ച ചെയ്യപ്പെടുന്ന വിഷയം ഭൂവുടമ-കുടിയാൻ ബന്ധത്തിലുണ്ടായ അടിസ്ഥാനപരമായ മാറ്റമാണ്. ആ മാറ്റത്തെത്തുടർന്ന് ലക്ഷക്കണക്കിനാളുകൾ ഭൂമിയുടെ ഉടമകളായി

മാറിയെന്നുള്ളത് നമുക്ക് കാണാൻ കഴിയണം. അങ്ങനെ ലക്ഷക്കണക്കിന് കുടുംബങ്ങളെ ഭൂമിയുടെ ഉടമകളാക്കി മാറ്റാൻ കഴിഞ്ഞ, ഏറ്റവും അടിസ്ഥാനപരമായ മാറ്റം വരുത്താൻ കഴിഞ്ഞ ഒരു നിയമസഭയും അതിനുള്ള നിയമനിർമ്മാണം നടത്തിയ സഭയുമാണ് ഇതെന്നത് നമുക്ക് എപ്പോഴും അഭിമാനിക്കാൻ കഴിയുന്ന കാര്യമാണ്. അവശേഷിക്കുന്ന ഏതാനും കുടുംബങ്ങളുടെ ഭൂമിയില്ലായ്മയും വീടില്ലായ്മയും പരിഹരിക്കുന്നതിനുവേണ്ടി ഇപ്പോൾ സർക്കാർ ആവിഷ്കരിച്ച് നടപ്പാക്കുന്ന പദ്ധതികൾ ഈ സന്ദർഭത്തിൽ നമുക്ക് എല്ലാവർക്കും അറിയാവുന്ന കാര്യങ്ങളാണ്. ഇനിയും അവശേഷിക്കുന്ന ഭൂരഹിതർക്ക് ഭൂമി നൽകാനും വീടില്ലാത്തവർക്ക് വീട് നൽകാനുമുള്ള പദ്ധതികൾ പ്രാവർത്തികമാക്കാൻ ശ്രമിക്കുന്ന സന്ദർഭത്തിൽ തീർച്ചയായും 60 വർഷങ്ങൾക്ക് മുമ്പുള്ള അവസ്ഥയിലേയ്ക്ക് തിരിഞ്ഞുനോക്കിയാൽ, കേരളത്തിൽ കേവലം ആയിരക്കണക്കിന് ആളുകളുടെ കയ്യിൽ മാത്രമുണ്ടായിരുന്ന ഭൂമിയാണ് ഇന്ന് ലക്ഷക്കണക്കിന് ആളുകളുടെ ഉടമസ്ഥതയിലേയ്ക്ക് കൈമാറ്റം ചെയ്യപ്പെട്ടിട്ടുള്ളതെന്ന് മനസ്സിലാകും. അത് നിസ്സാരമായ കാര്യമല്ല. രക്തം ചിന്താതെ ഈ കേരളത്തിൽ അത്തരം ഒരു നിയമനിർമ്മാണത്തിന് തുടക്കം കുറിച്ചത് 1957-ലാണ്. പിന്നീട് 1963-ൽ നിയമത്തിൽ ആവശ്യമായ പരിഷ്കാരം വരുത്തുകയും 1969-ൽ അധികാരത്തിൽ വന്ന സി. അച്യുത മേനോൻ സർക്കാർ പരിഷ്കാരങ്ങൾ നടപ്പാക്കുകയും 1970-നെ തുടർന്നുള്ള വർഷങ്ങളിൽ കേരളത്തിൽ ഭൂമിയുടെ ഉടമസ്ഥാവകാശ രേഖ ആളുകൾക്ക് കൈമാറ്റം ചെയ്യുകയും ചെയ്ത സാഹചര്യവുമെല്ലാം നമുക്ക് എല്ലാവർക്കും അറിയാവുന്നതാണ്. അത്തരത്തിൽ കേരളം നേടിയ നേട്ടങ്ങൾ നിലനിർത്തി പുതിയ നേട്ടങ്ങൾ കൈവരിക്കാൻവേണ്ടി ശ്രമം നടത്തുന്ന ഈ സന്ദർഭത്തിൽ, 60 വർഷം പിന്നിട്ട കേരളത്തിലെ അനുഭവങ്ങൾ, ഏറ്റവും വിലപ്പെട്ട ഇന്നലെകളിലെ ചരിത്രം തീർച്ചയായും നമുക്ക് ഏറ്റവും വലിയ കരുത്ത് പകരും; ആ പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാൻ കഴിയും; കൂടുതൽ നേട്ടങ്ങൾ കേരളത്തിന് കൈവരിക്കാൻ കഴിയുമെന്ന പ്രത്യാശയോടെ, പ്രതീക്ഷയോടെ ഞാൻ എന്റെ വാക്കുകൾ ഉപസംഹരിക്കുകയാണ്.

<u>ഡോ. എം. കെ. മുനീർ</u>: സർ, തികച്ചും വൈകാരികമായാണ് ഞാൻ ഈ വേദിയിൽ ഈ സ്ഥാനത്തുനിന്നുകൊണ്ട് സംസാരിക്കുന്നത്. 1957 ഏപ്രിൽ 27-നാണ് പ്രോട്ടെം സ്പീക്കറായ റോസമ്മ പുന്നൂസ് എല്ലാവർക്കും സത്യപ്രതിജ്ഞ ചൊല്ലിക്കൊടുത്തത്. അതിനുശേഷം സ്പീക്കർ തെരഞ്ഞെടുപ്പ് നടന്നു. ഐകകണ്ഠ്യേനയാണ് അന്ന് ശങ്കരനാരായണൻ തമ്പിയെ സ്പീക്കറായി തെരഞ്ഞെടുത്തത്. അദ്ദേഹത്തെ അന്നത്തെ മുഖ്യമന്ത്രി ഇ.എം.എസ്.

നമ്പൂതിരിപ്പാടും പ്രതിപക്ഷനേതാവ് പി. ടി. ചാക്കോയും ഒരുമിച്ച് ആനയിച്ച് അങ്ങ് ഇരിക്കുന്ന ഈ വേദിയിലേയ്ക്ക് കൊണ്ടുപോയി. അതിന് സാക്ഷികളായി ഈ സഭയിൽ സി. അച്യുതമേനോനെയും വി. ആർ. കൃഷ്ണയ്യരെയും പോലുള്ള പ്രഗത്ഭ മന്ത്രിമാർ, പട്ടം താണുപിള്ളയെപ്പോലെയുള്ള പ്രതിഭാശാലിയായ വ്യക്തികൾ തുടങ്ങി ധാരാളം ആളുകൾ ഉണ്ടായിരുന്നു. അന്ന് ഞാൻ ഇപ്പോൾ നിൽക്കുന്ന ഇതേ സ്ഥലത്ത് നിന്നുകൊണ്ട് എന്റെ പിതാവ് സി. എച്ച്. മുഹമ്മദ് കോയ എന്ന ഒരു മുപ്പത് വയസ്സുകാരൻ സ്പീക്കറെ അനുമോദിച്ചുകൊണ്ട് ഈ നിയമസഭയിൽ കന്നിപ്രസംഗം നടത്തുകയുണ്ടായി. അദ്ദേഹം നിന്ന അതേ സ്ഥലത്ത് നിന്നുകൊണ്ട്; അദ്ദേഹം അന്ന് അലങ്കരിച്ച എട്ട് പേരുടെ നിയമസഭാ കക്ഷി നേതാവ് എന്ന അതേ പദവിയിൽ നിന്നുകൊണ്ട് ഇവിടെ സംസാരിക്കാൻ ലഭിച്ച അവസരത്തെ എന്റെ ജീവിതത്തിലെ ഏറ്റവും ധന്യമായ മുഹൂർത്തമായി ഞാൻ കാണുകയാണ്. ബഹുമാനപ്പെട്ട സ്പീക്കർ, അതിന് അങ്ങയോട് ഒരായിരം നന്ദി പ്രകടിപ്പിക്കാൻ ഞാൻ ഈ അവസരം വിനിയോഗിക്കുന്നു. ആ കാലഘട്ടത്തെ നമുക്ക് ഓർക്കേണ്ടതുണ്ട്. ആ കാലഘട്ടത്തിൽ ഇവിടെയുണ്ടായിരുന്ന നേതാക്കളെ നമ്മൾ ഓർക്കേണ്ടതുണ്ട്. അന്ന് ആ മന്ത്രിസഭയിൽ വി. ആർ. കൃഷ്ണയ്യർ, ഡോ. എ. ആർ. മേനോൻ, ജോൺ കടുവാക്കോട്ട്, പി. കെ. കോരു, വി. രാമകൃഷ്ണപിള്ള എന്നിവർ സ്വതന്ത്രരായാണ് തെരഞ്ഞെടുക്കപ്പെട്ടത്. അന്ന് കോൺഗ്രസ്സും മുസ്ലീം ലീഗും അടക്കമുള്ളവർ പ്രതിപക്ഷത്താണ് ഇരുന്നിട്ടുള്ളതെങ്കിലും ആ മന്ത്രിസഭയിൽ ഉണ്ടായിരുന്ന മൂന്ന് സ്വതന്ത്ര അംഗങ്ങൾക്ക് പി.എസ്.പി.യും മുസ്ലീം ലീഗും പിന്തുണ നൽകിക്കൊണ്ടാണ് ആ തെരഞ്ഞെടുപ്പിൽ അവരെ മത്സരിപ്പിച്ച് ജയിപ്പിച്ചതെന്നുള്ളത് സാന്ദർഭികമായി ഞാൻ ഓർക്കുകയാണ്. ഞങ്ങൾ മതനിരപേക്ഷതയോടുള്ള സമർപ്പണം അന്ന് ആരംഭിച്ചതാണ്. ഞങ്ങൾ ഇന്നും ആ മതേതരത്വത്തിനുവേണ്ടി നിലകൊള്ളുന്നു. ജീവിതത്തിലുടനീളം ഈ പ്രസ്ഥാനം മതേതരത്വം ഉയർത്തിപ്പിടിക്കുമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

ബഹുമാനപ്പെട്ട മുഖ്യമന്ത്രി സൂചിപ്പിച്ചതുപോലെ കേരള എഡ്യൂക്കേഷൻ ബിൽ, കേരള യൂണിവേഴ്സിറ്റി ബിൽ, അഗ്രേറിയൻ റിലേഷൻ ബിൽ ഉൾപ്പെടെ സുപ്രധാനമായ 88 ബില്ലുകളാണ് അന്നത്തെ നിയമസഭയിൽ പാസ്സാക്കിയത്. ഒന്നാം കേരള നിയമസഭ ഏകദേശം ഏഴ് സെഷനുകളിലായി 175 സിറ്റിംഗുകൾ നടത്തുകയുണ്ടായി. അതിന് മുമ്പുള്ള ശ്രീമൂലം പ്രജാസഭയുടെ ചരിത്രമൊന്നും പറയുന്നില്ല. കാരണം അതിവിടെ സവിസ്തരം പ്രതിപാദിച്ചതാണ്. അന്ന് തുടങ്ങിവച്ച വിപ്ലവകരമായ നിയമനിർമ്മാണങ്ങൾ പിന്നീട് വന്ന എല്ലാ മന്ത്രിസഭകളും തുടരുകയുണ്ടായി. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് സൂചിപ്പിച്ചതുപോലെ 12 മുഖ്യമന്ത്രിമാരുടെ കാലഘട്ടത്തിൽ കൊണ്ടുവന്നിട്ടുള്ള

സുപ്രധാനമായ നിയമനിർമ്മാണങ്ങളൊന്നും കേരളം വിസ്മരിക്കില്ല. അതുകൊണ്ടാണ് വിദ്യാഭ്യാസ-ആരോഗ്യ-സാമൂഹ്യ പരിഷ്കരണ രംഗങ്ങളിലൊക്കെ കേരള മോഡൽ എന്നുപറയുന്ന ഒന്ന് നമുക്ക് സ്ഥാപിച്ചെടുക്കാൻ സാധിച്ചിട്ടുള്ളത്. കേരളം എന്നും മുമ്പേ പറക്കുന്ന പക്ഷിയാണ്. കേരളത്തെ നോക്കിയാണ് എല്ലാ സംസ്ഥാനങ്ങളും പല നിയമനിർമ്മാണങ്ങളും നടത്തിയിട്ടുള്ളത്. പാർശ്വവൽക്കരിക്കപ്പെട്ടവരെ മുഴുവൻ നമ്മൾ ഓരോ ഘട്ടങ്ങളിലൂടെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവന്നു. അവസാനം എല്ലാവരും അവഗണിച്ചുനിന്നിരുന്ന ട്രാൻസ്ജെൻഡർ വിഭാഗത്തിനുപോലും പോളിസി തയ്യാറാക്കി നിയമസഭയിൽ വയ്ക്കാൻ സാധിച്ചത് കേരളത്തിനാണ്. അതുപോലെ ധാരാളം കാര്യങ്ങൾ പിന്നീട് വന്ന മന്ത്രിസഭകൾ സംഭാവന ചെയ്തിട്ടുണ്ട്. കേരളത്തിന്റെ വളർച്ച പരിശോധിച്ചാൽ രണ്ട് മുന്നണികളാണ് പിന്നീട് മാറിമാറി വന്നിട്ടുള്ളതെങ്കിലും ഓരോ മുന്നണിക്കും അവകാശപ്പെടാൻ സാധിക്കുന്ന ധാരാളം സംഭാവനകൾ ഇവിടെയുണ്ടായിട്ടുണ്ട്. അത് ഇവിടെ നിലനിർത്താൻ സാധിക്കണം. വികസനത്തിന്റെ കാര്യത്തിൽ രാഷ്ട്രീയം മറന്നുകൊണ്ടുള്ള ഐക്യമുണ്ടാക്കാൻ കഴിയണം.

തമിഴ്നാട് മുഖ്യമന്ത്രിയായിരുന്ന ജയലളിതയുടെ ശവസംസ്കാര ചടങ്ങിന് കേരളത്തിന്റെ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനും പ്രതിപക്ഷനേതാവ് ശ്രീ. രമേശ് ചെന്നിത്തലയും കേരളത്തിന്റെ മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടിയും ഒരേ വാഹനത്തിൽ ചെന്നിറങ്ങിയപ്പോൾ തമിഴകം കൗതുകത്തോടുകൂടിയാണ് നോക്കിനിന്നത്. വിഭിന്നമായ രാഷ്ട്രീയത്തിന്റെയും വ്യത്യസ്തമായ പ്രത്യയ ശാസ്ത്രത്തിന്റെയും പേരിൽ നമ്മൾ വിഭിന്നമായി നിൽക്കുമ്പോഴും ആർദ്രമായ മനസ്സോടുകൂടി മനുഷ്യൻ എന്ന നിലയ്ക്ക് നമുക്ക് തോളുരുമ്മി നിൽക്കാൻ കഴിയുമെന്ന് ഇന്ത്യക്ക് മുഴുവൻ കാണിച്ചുകൊടുക്കാൻ സാധിക്കുന്ന സംസ്ഥാനമാണ് കേരളം. ഈ പവിത്രമായ രാഷ്ട്രീയത്തിന് അപ്പുറമുള്ള മനുഷ്യത്വം നമുക്ക് കാത്തുസൂക്ഷിക്കാൻ സാധിക്കണം. 1991-ലാണ് ഞാൻ ഈ നിയമസഭയിലേയ്ക്ക് കടന്നുവരുന്നത്. അന്ന് ഞാൻ പല അതികായന്മാരെയും ഇവിടെ കണ്ടിട്ടുണ്ട്. ഇന്ന് നമ്മുടെ കൂടെയില്ലാത്ത കെ. കരുണാകരൻ, ഇ. കെ. നായനാർ അതുപോലെ പി. എസ്. ശ്രീനിവാസൻ, ചന്ദ്രശേഖരൻ തുടങ്ങിയ ധാരാളം ആളുകളുടെ പ്രഭാഷണങ്ങൾ ഞാൻ ഇന്നും ഓർക്കുകയാണ്. ബേബി ജോണിനെപ്പോലെ, അന്ന് ഈ നിരയിൽ എടുത്ത് പറയാനുള്ള ധാരാളം ആളുകളുണ്ടായിരുന്നു. ഞാൻ എല്ലാവരുടെയും പേര് ഓർക്കുന്നുണ്ട്, പക്ഷെ സമയം ഇല്ലാത്തതുകൊണ്ടാണ് പറയാത്തത്. എല്ലാവരെയും മാനിച്ചുകൊണ്ട്, അവർ പ്രതിപക്ഷത്തിന് നൽകിയ ബഹുമാനം, അവർ പരസ്പരം

നൽകിയ ബഹുമാനം, ഒരിക്കലും ആഭാസത്തിന്റെ അതിർവരമ്പുകൾ ലംഘിക്കാത്ത അവരുടെ പ്രസംഗം, മാന്യതയുടെ ഉത്തുംഗശൃംഗത്തിൽ നിന്നുകൊണ്ട് അവർ നടത്തിയിട്ടുള്ള പെരുമാറ്റം അവയൊക്കെ നമുക്ക് മാതൃകയാകണം. ആ പൂർവ്വസൂരികൾ ചലിച്ച വഴിക്ക് ഒരു പെരുമാറ്റചട്ടമുണ്ടാക്കാൻ നമുക്ക് കഴിയില്ല. എങ്കിലും ആ പൂർവ്വസൂരികളെ ഓർത്തുകൊണ്ട് നമ്മുടെ ജീവിതത്തിൽ നമ്മൾ ഉപയോഗിക്കുന്ന പദങ്ങളിലും മാന്യമായ പെരുമാറ്റത്തിലും അവരുടെ പാത പിൻപറ്റിക്കൊണ്ട് പോകാൻ സാധിക്കുമെന്നുള്ള പ്രതിജ്ഞ ചെയ്തുകൊണ്ടുവേണം ഈ നിയമസഭയിൽനിന്ന് നമ്മൾ ഇറങ്ങിപ്പോകാൻ എന്ന അഭ്യർത്ഥനകൂടി ഞാൻ മുന്നോട്ടുവയ്ക്കുകയാണ്. നമ്മൾ സാധാരണ രാഷ്ട്രീയ വാഗ്വാദങ്ങൾക്കുവേണ്ടി അധിക സമയം ചെലവഴിക്കുന്നു. ഇത് നിയമനിർമ്മാണ സഭയാണ്. ഇപ്പോൾ നമ്മൾ കാണുന്നത്, നിയമനിർമ്മാണം നടക്കുന്ന സമയത്ത് അമെന്റ്മെന്റ് കൊടുത്തിട്ടുള്ള അംഗങ്ങൾമാത്രം അതിനുവേണ്ടി സഭയിൽ ഇരിക്കുകയും മറ്റുള്ളവരെല്ലാം മറ്റ് ആവശ്യങ്ങൾക്കുവേണ്ടി ഇറങ്ങിപ്പോകാനുള്ള സമയമായി അതിനെ കാണുകയും ചെയ്യുന്ന എന്നുള്ളതാണ്. പക്ഷെ, കഴിഞ്ഞ കാലങ്ങളിലുള്ള പ്രൊസീഡ്യുവർ, ഇവിടെ നടന്നിട്ടുള്ള ഓരോ നിയമനിർമ്മാണത്തിലും ആരൊക്കെയാണ് ഇടപെട്ടത്, ആരൊക്കെയാണ് അമെന്റ്മെന്റ് കൊടുത്തതെന്ന് പരിശോധിച്ചാൽ അന്നത്തെ നിയമങ്ങളൊക്കെ സമ്പൂർണ്ണവും സമ്പുഷ്ടവും ആകാനുള്ള കാരണം എന്താണെന്ന് നമുക്ക് ബോദ്ധ്യമാകും. അതുകൊണ്ട് വരും നാളുകളിൽ രാഷ്ട്രീയമായ വാഗ്വാദങ്ങൾക്ക് പുറമേ കൂടുതൽ സമയം നിയമനിർമ്മാണത്തിനുവേണ്ടി എല്ലാ അംഗങ്ങൾക്കും ചെലവഴിക്കാൻ സാധിക്കട്ടെ എന്നുമാത്രം പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ഇവിടെ സൂചിപ്പിച്ചതുപോലെ, ക്രിട്ടിസിസം നമുക്ക് ഉൾക്കൊള്ളാൻ സാധിക്കണം. കാരണം, ഒരു കനേഡിയൻ പാർലമെന്റേറിയൻ പറഞ്ഞിട്ടുള്ളത് "The reading of history proves that freedom always dies when criticism ends" എന്നാണ്. വിമർശനം അവസാനിക്കുമ്പോൾ നമ്മുടെ സ്വാതന്ത്ര്യം മരിക്കുന്നു, വിമർശനം ഉൾക്കൊള്ളാനുള്ള വിശാല മനസ്സുകൂടി നമുക്ക് കാത്തുസൂക്ഷിക്കാൻ സാധിക്കണം. 'ഈ മനോഹരതീരത്ത് ഇനിയൊരു ജന്മം കൂടി തരുമോ' എന്നത് ഈ നിയമസഭ വിട്ടുപോയപ്പോൾ ഞങ്ങളൊക്കെ പാടിയ ഒരു പാട്ടാണ്. ആ ജന്മം ഞങ്ങൾക്ക് വീണ്ടും നൽകിയ പ്രിയപ്പെട്ട സ്പീക്കർക്ക് ഒരായിരം നന്ദി രേഖപ്പെടുത്തികൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ശ്രീ. സി. കെ. നാണു: സർ, ബഹുമാനപ്പെട്ട സ്പീക്കറും മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവുമെല്ലാം ഇവിടെ പ്രകടിപ്പിച്ച അഭിപ്രായത്തോട് ഞാൻ യോജിക്കുന്നു. ഇവിടെ അധികാരത്തിലിരുന്നവരും അംഗങ്ങളായി വന്നവരേക്കാൾ ഒരു വലിയ ജനവിഭാഗവും നമ്മൾ പാസ്സാക്കിയ നിയമങ്ങൾ നടപ്പാക്കാൻ കഴിയുന്ന രൂപത്തിലുള്ള സമൂഹത്തെ വളർത്തിയെടുക്കാൻ പരിശ്രമിച്ചിരുന്നു. സ്വാമി വിവേകാനന്ദൻ കേരളത്തെക്കുറിച്ച് പറഞ്ഞത് ഭ്രാന്താലയമെന്നായിരുന്നു. ആ ഭ്രാന്താലയത്തിൽനിന്ന് കേരളത്തെ രക്ഷിക്കാൻ അനേകം നേതാക്കൾ ധീരോദാത്തമായ പോരാട്ടങ്ങൾ നടത്തി സ്വാതന്ത്ര്യം സമ്പാദിച്ചപ്പോൾ പല ഭാഗത്തും രാജവാഴ്ച നിലനിർത്താൻ സാധിക്കുമോയെന്ന് പരിശ്രമിച്ചവരുണ്ട്. അതിനെതിരായി പോരാട്ടം നടത്തിയവർ, സമൂഹത്തിലെ ഭൂരിപക്ഷം വരുന്ന ജനവിഭാഗങ്ങളെ ക്ഷേത്രങ്ങളിലേയ്ക്ക് കടക്കാൻ അനുവദിക്കാത്തവർക്കെതിരെ ഐതിഹാസികമായ പോരാട്ടങ്ങൾ നടത്തിയവർ തുടങ്ങിയ ജനതയുടെയെല്ലാം വിജയത്തിന്റെ ഫലമായാണ് ഇന്ത്യാ രാജ്യത്ത് സാമൂഹ്യമായും വിദ്യാഭ്യാസപരമായും മുന്നിൽ നിൽക്കുന്ന സംസ്ഥാനമായി കേരളത്തെ മാറ്റാൻ സാധിച്ചത്. അന്ന് പോരാട്ടം നടത്തിയതിന്റെ ഫലമായി ഭരണഘടന അംഗീകരിച്ച് പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ അവകാശങ്ങൾക്കുവേണ്ടി പ്രത്യേക സംവരണം ഏർപ്പെടുത്തി. എന്നാൽ ഇവിടത്തെ ഭൂരിപക്ഷം വരുന്ന പിന്നോക്ക വിഭാഗങ്ങളും ന്യൂനപക്ഷങ്ങളും തങ്ങളുടെ ഭരണഘടനാപരമായ സംവരണം നൽകണമെന്ന് പറഞ്ഞ് പട്ടികജാതി/പട്ടികവർഗ്ഗക്കാരുടെ സംവരണം ദീർഘിപ്പിച്ചു. എന്നാൽ ആ സംവരണം വർഷങ്ങളായി നടപ്പിലാക്കാൻ കഴിയാതിരുന്ന കേന്ദ്ര സർക്കാർ ഒരു ഘട്ടത്തിൽ അതിലേയ്ക്ക് നീങ്ങിയപ്പോൾ പിന്നോക്ക വിഭാഗത്തിന്റെ താൽപ്പര്യങ്ങൾക്ക് വിരുദ്ധമായി പ്രവർത്തിച്ച ഒരു മേഖല ഇന്ത്യാ രാജ്യത്തുണ്ടായിരുന്നു. കേരളം രൂപീകൃതമായതിനുശേഷം പല നിയമ നിർമ്മാണങ്ങൾ നടത്തിയെങ്കിലും വലിയൊരു ജനവിഭാഗത്തിന്റെ അടിസ്ഥാനപരമായ താൽപ്പര്യങ്ങൾ സംരക്ഷിക്കുന്ന കാര്യത്തിൽ ഇന്ത്യയും അതിന്റെ ഭാഗമായ കേരളവും ഇനിയും മുന്നോട്ടുപോകേണ്ടതായിട്ടുണ്ട്.

1957-ൽ ഇന്ത്യൻ ജനാധിപത്യം അപകടത്തിലായ, അടിയന്തരാവസ്ഥ വന്ന ഘട്ടത്തിൽ, സെക്രട്ടേറിയറ്റിന് മുന്നിൽ ഇന്ത്യൻ ജനാധിപത്യം സംരക്ഷിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നടത്തിയ പ്രകടനത്തിൽ കേരളത്തിലെ മുഖ്യമന്ത്രിയായിരുന്ന സഖാവ് ഇ.എം.എസ്. നമ്പൂതിരിപ്പാട് പങ്കെടുത്തത് ഞാൻ ഓർമ്മിക്കുന്നു. നിയമപരമായ നടപടികൾ സ്വീകരിക്കാനും ജനാധിപത്യം സംരക്ഷിക്കാനും നടത്തിയ പോരാട്ടങ്ങൾക്ക് കേരളത്തിലെ

പ്രഗത്ഭരായ അനേകം ആളുകൾ നേതൃത്വം നൽകിയിട്ടുണ്ട്. അതുകൊണ്ട് കഴിഞ്ഞകാലത്ത് നമ്മൾ പാസ്സാക്കിയ നിയമങ്ങളോടൊപ്പം കേരളത്തിലെയടക്കം വലിയൊരു വിഭാഗം ജനങ്ങളുടെ അവകാശങ്ങൾ നേടിയെടുക്കാനും ഇന്ത്യക്ക് മാതൃകയാകാനും കഴിയുന്ന രൂപത്തിലുള്ള നേതൃത്വം നൽകാൻ ഭാവിയിൽ താങ്കൾക്കും മുഖ്യമന്ത്രിക്കും നമുക്കും സാധിക്കട്ടെ എന്ന് ആശംസിക്കുകയും എല്ലാ ഭാവുകങ്ങളും നേരുകയും ചെയ്യുന്നു.

ശ്രീ. കെ. എം. മാണി: സർ, ഈ നിയമസഭാ മന്ദിരത്തിൽ നിൽക്കുമ്പോൾ ധാരാളം വികാരങ്ങൾ എന്റെ മനസ്സിൽക്കൂടി കടന്നുപോകുന്നു. പാർലമെന്ററി പ്രവർത്തനങ്ങളുടെ ഹരിശ്രീ ഞാൻ പഠിച്ചത് ഈ നിയമസഭയിലിരുന്നാണ്. ഇത് എന്റെ രാഷ്ട്രീയ ശ്രീകോവിലാണ്. എന്റെ ജീവിതത്തിലെ പിള്ളത്തൊട്ടിലാണിത്. സമാരംഭിച്ചിട്ട് 60 വർഷം തികയുന്ന ഈ സന്ദർഭത്തിൽ ഒരു നിമിഷം ആദരവോടുകൂടി ഞാൻ നിങ്ങളുടെ മുമ്പിൽ തലകുനിക്കുകയാണ്. 1956-ൽ ഭാഷാ സംസ്ഥാനങ്ങൾ രൂപീകൃതമായപ്പോൾ വയബിലിറ്റിയുടെ അടിസ്ഥാനത്തിലല്ല സംസ്ഥാനങ്ങൾ രൂപീകരിക്കപ്പെട്ടത്. റവന്യൂ മിച്ചമുണ്ടായിരുന്ന തിരു-കൊച്ചിയും റവന്യൂ കമ്മിയുണ്ടായിരുന്ന മലബാറും ചേർത്ത് ഐക്യകേരളം രൂപീകരിക്കുകയുണ്ടായി. തന്നെയുമല്ല, മൂന്ന് മേഖലകളിൽ ഒരേ കാര്യത്തിന് വ്യത്യസ്തമായ നിയമങ്ങളാണ് കേരളത്തിലുണ്ടായിരുന്നത്. നിയമങ്ങളെല്ലാം ക്രോഡീകരിക്കേണ്ട ചുമതലയായിരുന്നു ആദ്യ മന്ത്രിസഭയുടേത്. അതുപോലെതന്നെ ഈ മൂന്ന് പ്രദേശങ്ങളിൽപ്പെട്ട സിവിൽ സർവ്വീസ് ഉദ്യോഗസ്ഥരുടെ സർവ്വീസ് ഇന്റഗ്രേഷന്റെ ചുമതലയും സർക്കാരിന് നടത്തേണ്ടതായി വന്നു. അവരുടെ സേവന-വേതന ചട്ടങ്ങൾ ക്രോഡീകരിക്കുക എന്നത് വളരെ ശ്രമകരമായിരുന്നു. എന്നാൽ അതെല്ലാം നല്ല രീതിയിൽ നിർവ്വഹിക്കുകയുണ്ടായി എന്നത് ഞാൻ ഓർക്കുകയാണ്. കഴിഞ്ഞ 60 വർഷത്തെ വിവിധ ഭരണഘടനാ ഭേദഗതി നിയമങ്ങൾകൊണ്ട് സ്റ്റേറ്റ് ലിസ്റ്റിലെ പല അധികാരങ്ങളും കൺകറന്റ് ലിസ്റ്റിലേയ്ക്ക് മാറ്റപ്പെട്ടു. അധികാര വികേന്ദ്രീകരണം പഞ്ചായത്ത്/മുനിസിപ്പാലിറ്റികളിലേയ്ക്ക് കൈമാറ്റം ചെയ്തു. കേന്ദ്രത്തിൽനിന്നും തത്തുല്യമായ അധികാര കൈമാറ്റം ഉണ്ടായിട്ടില്ല എന്നത് ദുഃഖകരമായ കാര്യമാണ്.

ആദ്യ കർഷകബന്ധ നിയമം ഭരണഘടനാ വിരുദ്ധമായി കോടതി പ്രഖ്യാപിച്ചു. 1963-ലെ നിയമം അന്നത്തെ റവന്യൂ മന്ത്രി പി. ടി. ചാക്കോയാണ് കൊണ്ടുവന്നത്. ആദ്യ സർക്കാർ കൊണ്ടുവന്ന വിദ്യാഭ്യാസ നിയമം യു.ഡി.എഫ്. സർക്കാർ പിന്നീട് ചില ഭേദഗതികളോടുകൂടി നടപ്പിലാക്കുകയുണ്ടായി. 1968-ൽ നിയമങ്ങൾ ക്രോഡീകരിക്കുവാൻ ഒരു കമ്മീഷനെ നിയമിച്ചെങ്കിലും അവർ

റിപ്പോർട്ടൊന്നും നൽകിയില്ല. 2002-ൽ ഞാൻ ചെയർമാനായി ഒരു നിയമ പരിഷ്കരണ കമ്മിറ്റി നിയമിതമായത് ഓർക്കുകയാണ്. അന്ന് നിലവിലുണ്ടായിരുന്ന 1020 നിയമങ്ങളിൽ 697 എണ്ണം ശിപാർശ നൽകിയതനുസരിച്ച് റദ്ദ് ചെയ്തു. 26 പുതിയ ബില്ലുകൾ അന്ന് പബ്ലിഷ് ചെയ്തു. അതിൽ 7 ബില്ലുകൾ സഭ പാസ്സാക്കി. 2006-ൽ നിയമിച്ച ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യർ കമ്മീഷൻ 550 പുതിയ നിയമങ്ങൾ ശിപാർശ ചെയ്തു; അതിൽ ഒന്നുപോലും നാളിതുവരെ നിയമമാക്കിയിട്ടില്ല. ഇക്കാര്യം ഗൗരവത്തോടുകൂടി നമ്മൾ പരിശോധിക്കണം. ആ ശിപാർശകളിൽ പ്രസക്തമായവ നിയമമാക്കി മാറ്റാൻ കഴിയുമോ എന്നുള്ളത് ഈ ഗവൺമെന്റ് പരിശോധിക്കേണ്ടതാണെന്നാണ് എന്റെ വിനയപൂർവ്വമായ അഭിപ്രായം. ജസ്റ്റിസ് കെ. ടി. തോമസിനെ പുതിയ കമ്മീഷനായി നിയമിച്ചിട്ടുണ്ട് എന്നുള്ളത് ശുഭോതർക്കമാണ്. കാർഷിക പരിഷ്കരണ രംഗത്ത് മൂന്ന് നിയമങ്ങൾ സഭ പാസ്സാക്കുകയുണ്ടായി 1963-ലെ ലാൻഡ് റിഫോംസ് ആക്ട്, 1971-ലെ കണ്ണൻ ദേവൻ ഹിൽസ് ഏറ്റെടുക്കൽ നിയമം, 1971-ലെ സ്വകാര്യ വനദേശവൽക്കരണ നിയമം. 1961-ലെ ഭൂപരിഷ്കരണ നിയമത്തിന് 1969-ൽ കൊണ്ടുവന്ന ഭേദഗതികൾ കോടതി അസ്ഥിരപ്പെടുത്തുകയുണ്ടായി. പിന്നീട് വന്ന സർക്കാർ പ്രസ്തുത നിയമത്തെ ഒൻപതാം പട്ടികയിൽ ഉൾപ്പെടുത്തി അത് നിയമമാക്കി ശാശ്വതീകരിച്ചു. ചില സവിശേഷതകളുള്ളത്, കുടികിടപ്പുകാർക്ക് 3, 5, 10 സെന്റുവീതം സ്ഥലം നൽകിയ പല ക്രയവിക്രയങ്ങളും പാട്ടമായിട്ടാണ് കരുതുന്നത്. ആ പാട്ട വ്യവസ്ഥയ്ക്ക് സ്ഥിരാവകാശം നൽകിയതും സ്വകാര്യവനം ദേശവൽക്കരിച്ചതുമെല്ലാം പുരോഗമനപരമായ നടപടികൾക്ക് ഈ സഭ സാക്ഷ്യം വഹിച്ചുവെന്നതിന് തെളിവാണ്. ദേശവൽക്കരിക്കപ്പെട്ട പ്ലാന്റേഷൻ ഒഴികെയുള്ള ഭൂമി സർക്കാർ ഏറ്റെടുത്തു. സർക്കാർ ദേശവൽക്കരിച്ച ഭൂമിയിൽ പലതും ജൻമികൾക്ക് വിട്ടുകൊടുക്കാൻ കോടതി നിർദ്ദേശിച്ചപ്പോൾ 2000-ൽ 'Ecologically fragile' നിയമംവഴി ഇത് വീണ്ടും റിസർവ് വനമാക്കിമാറ്റി. 46 വർഷമായി ജൻമിമാരുമായി കേസ് നടക്കുകയാണ്. കൃഷിക്കാർക്ക് നൽകാനായി മാറ്റിവച്ച ഭൂമി ഇപ്പോൾ കേന്ദ്ര വനസംരക്ഷണ നിയമത്തിന്റെ പരിധിയിൽ വരുന്നതാകയാൽ ഇതിന്റെ മൂന്നിരട്ടി ഭൂമി വനമാക്കാൻ വിട്ടുനൽകിയാലേ ഈ ഭൂമി കർഷകർക്ക് നൽകാൻ സാധിക്കുകയുള്ളൂ. കണ്ണൻ ദേവൻ ഹിൽസ് നിയമമനുസരിച്ച് കൃഷിക്കാർക്ക് നൽകാൻ സർക്കാർ ഏറ്റെടുത്ത ഭൂമി പല കാരണങ്ങളാൽ ഇന്നും കൃഷിക്കാർക്ക് നൽകാൻ കഴിഞ്ഞിട്ടില്ലെന്നുള്ള കാര്യം വളരെ ശ്രദ്ധയോടുകൂടി നമ്മൾ പരിശോധിക്കേണ്ടതാണ്. കാർഡമം ഹിൽസ് റിസർവിലെ 28000 ഹെക്ടർ ഭൂമി വനസംരക്ഷണ നിയമമനുസരിച്ച് കേന്ദ്രാനുമതി വാങ്ങി കർഷകർക്ക് പട്ടയം പതിച്ച് നൽകാൻ എന്റെ കഠിനപ്രയത്നം കൊണ്ട് സാധിച്ചുവെന്നത് ചാരിതാർത്ഥ്യജനകമായി ഞാൻ അനുസ്മരിക്കുകയാണ്.

ഈ നിയമസഭയുടെ ചരിത്രം പരിശോധിക്കുമ്പോൾ നമുക്ക് അഭിമാനമുണ്ട്. ഞാനൊരു കാര്യം മാത്രമേ പറയാൻ ആഗ്രഹിക്കുന്നുള്ളൂ. നമ്മുടെ നിയമസഭയിൽ രാഷ്ട്രീയ ചർച്ചയ്ക്കാണ് കൂടുതൽ സമയമെടുക്കുന്നതും കൂടുതൽ പ്രാധാന്യം നൽകുന്നതും. എന്നാൽ നിയമനിർമ്മാണസഭകൊണ്ടുദ്ദേശിക്കുന്നത് കൂടുതലായും നിയമനിർമ്മാണമാണ്. നിയമനിർമ്മാണത്തിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കുകയും ജനോപകാരപ്രദമായ നിയമങ്ങൾ കൊണ്ടുവരാൻ ഈ നിയമസഭ നേതൃത്വം നൽകുകയും ചെയ്യേണ്ടത് ആവശ്യമാണ്. അതിനുവേണ്ടി പുതിയ നിയമങ്ങൾ കൊണ്ടുവരാനും മാറ്റങ്ങൾ സൃഷ്ടിക്കാനും നമ്മൾ ശ്രദ്ധിക്കണമെന്ന് മാത്രം ഉദ്ബോധിപ്പിച്ചുകൊണ്ട് ഈ 60-ാം വാർഷികം നടത്തുന്നതിന് ഒരവസരം തുറന്നുതന്നതിൽ അങ്ങയോടുള്ള നന്ദി പ്രത്യേകിച്ച് രേഖപ്പെടുത്തിക്കൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ശ്രീ. എ. കെ. ശശീന്ദ്രൻ: സർ, കേരള നിയമസഭയുടെ ചരിത്രത്തിൽ എല്ലാവർക്കും അങ്ങേയറ്റം അഭിമാനിക്കാൻ വക നൽകുന്ന ഒരു ഉജ്ജ്വല മുഹൂർത്തത്തിനാണ് നാമെല്ലാം സാക്ഷിയായിക്കൊണ്ടിരിക്കുന്നത്. ഭാഷാടിസ്ഥാനത്തിൽ സംസ്ഥാനങ്ങൾ രൂപീകരിച്ചതിനുശേഷം 1957-ലെ ആദ്യ തെരഞ്ഞെടുപ്പിലാണ് സഖാവ് ഇ.എം.എസ്.-ന്റെ നേതൃത്വത്തിൽ ഒരു സർക്കാർ അധികാരത്തിൽ വന്നത്. തിരുവിതാംകൂറിലും മലബാറിലുമായി നടന്ന നിരവധി ദേശീയ-പ്രാദേശിക പ്രക്ഷോഭങ്ങളുടെയും നവോത്ഥാന പ്രസ്ഥാനങ്ങളുടെയും പ്രവർത്തനഫലമായി കേരളീയ സമൂഹം കൈവരിച്ച പുരോഗമന ചിന്തയാണ് ചരിത്രത്തിലാദ്യമായി ബാലറ്റ് പേപ്പറിലൂടെ ഒരു കമ്മ്യൂണിസ്റ്റ് ഗവൺമെന്റിനെ കേരളത്തിൽ അധികാരത്തിൽ വരുത്താനിടയാക്കിയത്. ആ കാലത്ത് ആർക്കും താനൊരു പുരോഗമനവാദിയാണെന്ന് അവകാശപ്പെടാനുള്ള സാഹചര്യമുണ്ടായിരുന്നു. എത്ര അറുപിന്തിരിപ്പൻ ചിന്താഗതി മനസ്സിൽ കാത്തുസൂക്ഷിക്കുന്നവനായാലും പുറമേ വരുമ്പോൾ താനൊരു പുരോഗമന വാദിയാണെന്നൊരു ചിത്രം അവതരിപ്പിക്കാൻ ശ്രമിക്കാറുണ്ട്. അങ്ങനെയൊരു പുരോഗമന സ്വഭാവമുള്ള രാഷ്ട്രീയ മനസ്സാണ് കേരളത്തിനുള്ളത്. എന്നാൽ ഇന്ന് അറുപത് വർഷം പൂർത്തിയാക്കുന്ന ഈ സന്ദർഭത്തിൽ കേരള രാഷ്ട്രീയത്തിന്റെ മനസ്സ് അങ്ങനെ തന്നെയാണോയെന്ന പരിശോധന നടത്തേണ്ടത് ആവശ്യമാണെന്ന് എനിക്ക് തോന്നുകയാണ്. കാലം മാറുന്നതിനനുസരിച്ച്, നിരവധി വിപ്ലവകരമായ നിയമനിർമ്മാണങ്ങൾ സൃഷ്ടിക്കുന്നതിനനുസരിച്ച്, ഇന്ത്യയ്ക്കാകെ മാതൃകയായ പല നടപടികളും സ്വീകരിക്കുന്നതിനനുസരിച്ച് നമ്മുടെ സമൂഹം പുരോഗമന പാതയിലൂടെ ആശിച്ച വിധത്തിൽ മുന്നോട്ട് പോകുന്നുണ്ടോയെന്ന സംശയം സ്വാഭാവികമായും ഉയർന്നുവന്നിരിക്കുകയാണ്.

ഞാൻ 1980-ലാണ് ഈ സഭയിൽ നിയമസഭാ സാമാജികനായി എത്തിച്ചേരുന്നത്. അന്ന് ഇവിടെ എത്തിച്ചേർന്നത് സവിശേഷമായ രാഷ്ട്രീയ കൂട്ടുകെട്ടിന്റെ പശ്ചാത്തലത്തിലാണ്. അടിയന്തരാവസ്ഥയ്ക്കുശേഷം ഇന്ത്യയിൽ രൂപംകൊണ്ട സവിശേഷ രാഷ്ട്രീയ സാഹചര്യത്തിൽ ഇന്ത്യയിലെ പുരോഗമന ജനാധിപത്യ ശക്തികൾ ഒറ്റക്കെട്ടായി സ്വേച്ഛാധികാര പ്രവണതയെയും വർഗ്ഗീയതയെയും ചെറുക്കണമെന്നൊരു രാഷ്ട്രീയമാണുണ്ടായിരുന്നത്. ആ രാഷ്ട്രീയത്തിന് നേതൃത്വം നൽകിക്കൊണ്ട് എന്നെ ഈ നിയമസഭയിലേയ്ക്ക് കൈപിടിച്ചുകൊണ്ടുവന്നത് അന്നത്തെ നിയമസഭാ കക്ഷി നേതാവായിരുന്ന ശ്രീ. ഉമ്മൻ ചാണ്ടിയായിരുന്നു. അതിനോടൊപ്പം ചേരാൻ അന്നത്തെ കേരള കോൺഗ്രസ് നേതാവായ ശ്രീ. കെ. എം. മാണിയും ഉണ്ടായിരുന്നു. ആർ.എസ്.പി.-യുടെ ആജാനുബാഹുവായ നേതാവ് സഖാവ് ബേബി ജോണും എന്നെ ആ വഴിക്ക് നയിക്കുന്നതിൽ വലിയ സംഭാവന നൽകിയിട്ടുണ്ട്. പക്ഷേ 1980-നുശേഷം ധാരാളം രാഷ്ട്രീയ മാറ്റങ്ങൾ നമ്മുടെ സംസ്ഥാനത്തുണ്ടായി. ഇന്നിപ്പോൾ നാം ഭയപ്പെടുന്നതെന്താണ്? നമ്മുടെ നിയമനിർമ്മാണ സഭകളും ജനാധിപത്യ സംവിധാനവും പോകുന്ന വഴികളിലെവിടെയെങ്കിലും ഇരുട്ടിലെവിടെയെങ്കിലും വർഗ്ഗീയതയുടെ കശാപ്പുകത്തിയുമായി ആരെങ്കിലും ഒളിച്ചുനിൽക്കുന്നുണ്ടോയെന്ന് ഭയപ്പെടേണ്ട ഒരു സാഹചര്യം ഇന്ന് നമ്മുടെ രാജ്യത്ത് നിലവിലില്ലേ? ആ സാഹചര്യത്തിൽനിന്ന് ആലോചിക്കുമ്പോൾ ഇന്ന് രാജ്യം ചർച്ച ചെയ്യുന്നൊരു രാഷ്ട്രീയമുണ്ട്. വർഗ്ഗീയതയെ ചെറുക്കാൻ, സ്വേച്ഛാധികാര പ്രവണതയെ ചെറുക്കാൻ മതേതര ജനാധിപത്യ ശക്തികളുടെയും പുരോഗമന ശക്തികളുടെയും കൂട്ടായ്മ അനിവാര്യമാണെന്ന രാഷ്ട്രീയമാണ് അറുപതാം വാർഷികം ആഘോഷിക്കുന്ന ഈ ഘട്ടത്തിൽ കേരളവും രാഷ്ട്രവും ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. അതാണ് 1980-ൽ ഈ നിയമസഭയിലെ ഒരംഗമായി എത്തിച്ചേരാൻ അവസരമുണ്ടായ എനിക്ക് അങ്ങേയറ്റം ചാരിതാർത്ഥ്യത്തിന് വക നൽകുന്നത്.

നിയമസഭയിലെ എല്ലാ പാർട്ടികളും രാജ്യം ആവശ്യപ്പെടുന്ന പുതിയ രാഷ്ട്രീയ സാഹചര്യങ്ങളോട് ക്രിയാത്മകമായി പ്രവർത്തിക്കാൻ കഴിയുമോയെന്ന് ആലോചിക്കേണ്ട ഒരു ഘട്ടം കൂടിയാണിതെന്ന് ഞാൻ ചൂണ്ടികാണിക്കുകയാണ്. ഇവിടെ പലരും ചൂണ്ടിക്കാണിച്ചുപോലെ ആവേശകരമായതും വേദനിപ്പിക്കുന്നതുമായ നിരവധി ഓർമ്മകളുണ്ട്. സ്പീക്കർമാർ സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ ചൂണ്ടികാണിക്കുകയുണ്ടായി. 1982 മുതൽ 1987 വരെയുള്ള ഏഴാം കേരള നിയമസഭയിൽ ഞാൻ പ്രതിപക്ഷത്തെ ഒരംഗമായിരുന്നു. അന്ന് നിയമസഭയിൽ പ്രശ്നങ്ങൾ ഉണ്ടായപ്പോൾ എം. വി.

രാഘവൻ ഉൾപ്പെടെയുള്ള 6 എം.എൽ.എ.-മാരെ സ്പീക്കർ സസ്പെൻഡ് ചെയ്തു. അങ്ങനെ സസ്പെൻഡ് ചെയ്ത എം.എൽ.എ.-മാരെ ഈ നിയമസഭയിലേയ്ക്ക് കടത്തിക്കൊണ്ടുവരുന്നതിനുവേണ്ടി ആ വാതിലിലാണ് വലിയ സംഘർഷം ഉണ്ടായത്. സംഘർഷമുണ്ടായപ്പോൾ ഇന്ന് നിയമസഭയിൽ നമ്മോടൊപ്പമുള്ള ശ്രീ. കെ. കൃഷ്ണൻകുട്ടിയുടെ കൈ മുറിഞ്ഞത് ആ ചില്ലുവാതിൽ ഇടിച്ച് തകർത്തപ്പോഴാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ ഉപനേതാവ് ഡോ. എം. കെ. മുനീർ അന്ന് എങ്ങനെയായിരുന്നു സഭാതലം കൈകാര്യം ചെയ്തിരുന്നതെന്നത് സംബന്ധിച്ച സൂചന നൽകുകയുണ്ടായി. അന്ന് ഭരണപക്ഷത്ത് അതികായനായ സി. എച്ച്. മുഹമ്മദ് കോയ സാഹിബ് ഉണ്ടായിരുന്നു. അദ്ദേഹം ഇടപെട്ട് ശ്രീ. കെ. കൃഷ്ണൻകുട്ടിക്കുണ്ടായ വേദനയെക്കുറിച്ച് സംസാരിച്ചു, പ്രശ്നങ്ങളെക്കുറിച്ച് സംസാരിച്ചു. ഒടുവിൽ ആ അന്തരീക്ഷം മയപ്പെടുത്തിയത് അത്ഭുതാവഹമായ വിധത്തിലായിരുന്നു. കൃഷ്ണൻകുട്ടി എന്ന പാവപ്പെട്ട ഒരു എം.എൽ.എ.-യാണ് ആ ജനൽ ചില്ലിൽ മുട്ടിയതെന്ന് ആ ക്രൂരനായ കണ്ണാടി ചില്ലിന് അറിയാമായിരുന്നില്ലല്ലോയെന്ന് അദ്ദേഹം പറഞ്ഞപ്പോൾ സഭയുടെ അന്തരീക്ഷമാകെ മാറി. കൃഷ്ണൻകുട്ടിപോലും പൊട്ടിച്ചിരിച്ചു. അനുനയത്തിന്റെയും പുഞ്ചിരിയുടെയും പൊട്ടിച്ചിരിയുടെയും ആ അനുഭവം ഞാൻ ഇപ്പോൾ ഓർക്കുകയാണ്. അങ്ങനെയാണ് സഭാതലത്തിൽ എല്ലാവരും പെരുമാറേണ്ട തെന്നൊരു സൂചന അങ്ങും മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും പ്രതിപക്ഷ ഉപനേതാവും ഇവിടെ സ്വീകരിച്ചുകാണുന്നതിൽ ഞാൻ അതീവ സന്തുഷ്ടനാണ്. അങ്ങനെ മാതൃകാപരമായൊരു സഭയായി കേരള നിയമസഭയെ ഇന്ത്യക്കുമുന്നിൽ, ലോകത്തിനുമുന്നിൽ ഉയർത്തിക്കാട്ടാൻ അങ്ങ് നടത്തുന്ന ശ്രമങ്ങളിൽ ഒന്നുമാത്രമാണ് ഈ അറുപതാം വാർഷികാഘോഷ പരിപാടികളുടെ ഭാഗമായ ഈ സവിശേഷ സമ്മേളനമെന്ന് കരുതിക്കൊണ്ട് അതിന് മുൻകയ്യെടുത്ത അങ്ങയെയും അതിന് സഹകരിച്ച ഗവൺമെന്റിനെയും ബന്ധപ്പെട്ട എല്ലാവരെയും അനുമോദിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു.

<u>ശ്രീ. കെ. ബി. ഗണേഷ് കുമാർ</u>: സർ, ഇ.എം.എസ്. മന്ത്രിസഭയുടെ 60-ാം വാർഷികവും ആദ്യ കേരള നിയമസഭയുടെ 60-ാം വാർഷികവും ആഘോഷിക്കുന്ന സന്ദർഭത്തിൽ പഴയ സഭാഹാളിലേയ്ക്ക് ഇന്നത്തെ സമ്മേളനം മാറ്റിയ സ്പീക്കറുടെ ആശയസമ്പുഷ്ടവും പുരോഗമനപരവുമായ ബുദ്ധിസാമർത്ഥ്യത്തെ അഭിനന്ദിക്കുകയാണ്. ഒരു കുടുംബത്തിലെ മൂന്ന് തലമുറയിൽപ്പെട്ടവർക്ക് കേരള ജനാധിപത്യ സംവിധാനത്തിൽ ജനവിശ്വാസം നേടി സഭയിലെത്താൻ കഴിഞ്ഞ ചരിത്രം എന്റെ കുടുംബത്തിനുണ്ട്. ശ്രീമൂലം പ്രജാസഭയിൽ എന്റെ മുത്തച്ഛനായ കീഴൂട്ട് രാമൻപിള്ളയ്ക്ക് അംഗമാകാനും ഞാൻ ജനിക്കുന്നതിനുമുൻപുതന്നെ എന്റെ

പിതാവിന് ഏറ്റവും പ്രായം കുറഞ്ഞ അംഗമെന്ന നിലയിൽ കേരള നിയമസഭയിലേയ്ക്ക് വരാനും ഏതാണ്ട് 30 വർഷത്തോളം ഈ സഭയിലിരിക്കാനും കഴിഞ്ഞു. അതിനുശേഷം 2001 മുതൽ ഈ സഭാഹാളിൽ അല്ലെങ്കിൽപ്പോലും കഴിഞ്ഞ 16 വർഷം കേരളത്തിലെ ജനങ്ങളെ പ്രതിനിധീകരിച്ചുകൊണ്ട് ഈ നിയമനിർമ്മാണ സഭയിലെത്താൻ എളിയവനായ എനിക്കും അവസരം കിട്ടി. അങ്ങനെ മൂന്ന് തലമുറകളെ അനുഗ്രഹിച്ച കേരളത്തിലെ മതേതര വിശ്വാസികളായ ജനങ്ങളുടെ മുമ്പിൽ ഈ അവസരത്തിൽ ഞാൻ ശിരസ് നമിച്ചുകൊണ്ട് അവർക്ക് നന്ദിപറയുകയാണ്.

ഈ സഭയിലിരുന്ന്, ഈ ഹാളിലേയ്ക്ക് വരാൻ കഴിഞ്ഞതൊരു ഭാഗ്യമെന്ന് പറയുന്നത്, ഞാൻ ജനിക്കുന്നതിന് മുമ്പ് എന്റെ പിതാവ് ഈ സഭയിൽ വരികയുണ്ടായി; തൊട്ടുപിറകിലത്തെ ബെഞ്ചിൽ അദ്ദേഹത്തിന്റെ പേര് എഴുതിവച്ചിട്ടുണ്ട്; അത് കാണാനുള്ള ഭാഗ്യം കിട്ടിയെന്നൊരു സന്തോഷമുള്ളതു കൊണ്ടാണ്. ഇ.എം.എസ്. മന്ത്രിസഭയിൽ 11 - നക്ഷത്രങ്ങളുണ്ടായിരുന്നതായാണ് ചരിത്രം രേഖപ്പെടുത്തുന്നത്. അതിൽ ജസ്റ്റിസ് വി. ആർ. കൃഷ്ണയ്യരും ഇ.എം.എസ്. നമ്പൂതിരിപ്പാടും സി. അച്യുതമേനോനും ജോസഫ് മുണ്ടശ്ശേരിയെപ്പോലുള്ള വിദ്യാഭ്യാസ വിദഗ്ദ്ധരായ മഹാന്മാരായ വ്യക്തികളുമുണ്ട്. അതിനുശേഷം വന്ന മന്ത്രിസഭയിൽ വി. വി. ഗിരിയും കെ. കരുണാകരനും ശ്രീ. എ. കെ. ആന്റണിയുമുണ്ട്. അങ്ങനെ ഈ സമൂഹത്തിന്റെ, രാജ്യത്തിന്റെ നന്മ ആഗ്രഹിക്കുന്ന ബഹുമുഖ പ്രതിഭകളായ ഇന്നത്തെ പൊതുപ്രവർത്തകർ മാതൃകയാക്കേണ്ട അനേകം പ്രഗത്ഭന്മാർ ഇരുന്ന ഈ ഇരിപ്പിടത്തിൽ പുതിയ തലമുറയിൽപ്പെട്ട നമുക്കും ഇരിക്കാനുള്ള ഭാഗ്യം സിദ്ധിച്ചതിനെ ഞാനും ഇവിടെയിരിക്കുന്ന എല്ലാ അംഗങ്ങളും വളരെ നന്ദിയോടെയും ചാരിതാർത്ഥ്യത്തോടെയുമാണ് കാണുന്നത്.

നമ്മുടെ നിയമസഭ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾക്ക് മാത്രമല്ല, ലോക ജനാധിപത്യത്തിനുതന്നെ മാതൃകയാണ്. ഇറ്റലിയിലെ സാൻ മാരിനോയിൽ ജനാധിപത്യത്തിലൂടെ കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങൾ അധികാരത്തിലെത്തിയ ചരിത്രം മാറ്റി നിർത്തിയാൽ വിപ്ലവത്തിലൂടെ പല രാജ്യങ്ങളുടെയും ഭരണ സാരഥ്യം കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളുടെ കയ്യിൽ എത്തിച്ചേർന്നെങ്കിലും ജനാധിപത്യമെന്ന ആശയത്തിലൂടെ ഏഷ്യാ ഭൂഖണ്ഡത്തിൽ ആദ്യമായി കേരളത്തിലാണ് തെരഞ്ഞെടുക്കപ്പെട്ട ഒരു സർക്കാർ അധികാരത്തിൽ വരുന്നത്. അന്നുവരെ ചിന്തിക്കാൻ കഴിയാത്ത അത്ഭുതപ്പെടുത്തുന്ന ഇത്തരം ആശയങ്ങൾ കൊണ്ടുവരുന്ന ജനാധിപത്യ മര്യാദയും ബുദ്ധിസാമർത്ഥ്യവും കാണിക്കുന്ന കേരളത്തിലെ ജനങ്ങൾ തെരഞ്ഞെടുത്തവരാണ് നമ്മൾ ഓരോരുത്തരും. അതിൽ നമുക്ക് അഭിമാനിക്കാം. ഈ സഭ ലോക ജനാധിപത്യത്തിന് മാതൃകയാകുന്ന

അനേകം നിയമങ്ങൾ പാസ്സാക്കിയിട്ടുണ്ട്. ആകസ്മികമാണെങ്കിൽപ്പോലും കർഷകന്റെ മണ്ണിന്റെ മണമുള്ള, അദ്ധ്വാനിക്കുന്ന ജനവിഭാഗങ്ങളുടെ വിയർപ്പിന്റെ മണമുള്ള ഭൂപരിഷ്കരണ നിയമമുൾപ്പെടെ പാവപ്പെട്ടവനെ സഹായിക്കാനുള്ള നിയമങ്ങൾ, മനസ്സാക്ഷിയുള്ളവർക്ക് മാനുഷിക പരിഗണനയുള്ള നിയമങ്ങൾ പാസ്സാക്കുന്നതിൽ ലോകത്തിന് മാതൃകയായ ഒരു നിയമസഭയാണ് നമ്മുടേത്. അങ്ങനെ നിർമ്മിച്ച നിയമങ്ങൾ എത്രത്തോളം ജനങ്ങൾക്ക് ഉപകാരപ്പെട്ടുവെന്ന് നമ്മൾ ചിന്തിക്കണം. എനിക്കുമുമ്പ് സംസാരിച്ച പല പ്രമുഖ വ്യക്തികളും പറഞ്ഞ ഒരു കാര്യമുണ്ട്. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവരെ സംരക്ഷിക്കാൻ ഇന്ത്യൻ ഭരണഘടനയനുസരിച്ച് വിഭാവന ചെയ്ത ഒരു നിയമം, സുരക്ഷയും ആനുകൂല്യങ്ങളും നൽകി സമൂഹത്തിന്റെ മുൻനിരയിലേയ്ക്ക് അവരെ കൊണ്ടുവരാൻ ശ്രമിക്കുന്ന ആ നിയമം എത്രത്തോളം ഫലപ്രദമായി നടപ്പിലാക്കാൻ കഴിഞ്ഞുവെന്നത് ചിന്തിക്കേണ്ട വിഷയമാണ്. അവർക്ക് നൽകുന്ന ആനുകൂല്യങ്ങൾ അവരിലേയ്ക്ക് എത്തിക്കാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് ആലോചിക്കണം. അവരുടെ ജീവിതനിലവാരമുയർത്താനുള്ള നമ്മുടെ പരിശ്രമങ്ങൾ അറുപത് വർഷം പിന്നിടുമ്പോൾ അതെവിടെ എത്തിനിൽക്കുന്നുവെന്ന് ചിന്തിക്കണം. ആ നിയമം അത്രത്തോളം വിജയിച്ചുവെന്ന് ഞാൻ സമ്മതിക്കില്ല. പ്രകൃതിയെ സംരക്ഷിക്കാനുള്ള നിയമങ്ങളും വയലുകൾ നികത്തുന്നതിനെതിരെ കൊണ്ടുവന്ന നിയമവും എത്രത്തോളം ഫലപ്രദമായിയെന്ന് നോക്കണം. വയലുകളും കുളങ്ങളുമെല്ലാം നികത്തിയതിന്റെ ഫലമായി വെള്ളമില്ലാതെ നാം കഷ്ടപ്പെടുകയാണ്. ഡാമുകളിൽപ്പോലും വെള്ളമില്ലാത്ത അവസ്ഥയാണ്. ജനങ്ങൾക്ക് കുടിവെള്ളം എത്തിച്ചുകൊടുക്കാൻ സാധിക്കാത്ത അവസ്ഥയിലാണ് സർക്കാർ. ഈ അവസ്ഥയിലേയ്ക്ക് നമ്മളെ എത്തിച്ചത് നമ്മൾ തന്നെയാണ്. ഇതിനൊക്കെ നിയമങ്ങളുണ്ട്. സഭയിൽ അതിശക്തമായ നിയമങ്ങൾ പാസ്സാക്കിയെന്ന് അഭിമാനിക്കുമ്പോഴും ആ നിയമങ്ങൾ ജനങ്ങളിലെത്തിക്കാനും ജനങ്ങൾക്ക് ഉപകാരപ്പെടുംവിധം എത്രത്തോളം ഫലവത്തായി നടപ്പിലാക്കാനും കഴിഞ്ഞുവെന്ന് നമ്മൾ ചിന്തിക്കണം. അതിനുള്ള സംവിധാനമുണ്ടാക്കണം. നിയമനിർമ്മാണസഭയും ഭരണസംവിധാനങ്ങളും തമ്മിലുള്ള അകലം കൂടുന്നുണ്ടോയെന്ന് സംശയിക്കുന്നുവെന്ന് പ്രതിപക്ഷനേതാവ് പറഞ്ഞു. അത് ശരിയാണ്. അകലം വളരെ കൂടുന്നു. ഇവിടെ നിർമ്മിക്കുന്ന നിയമങ്ങൾ അതിന്റേതായ അർത്ഥത്തിൽ ഫലവത്താകുന്നുണ്ടോ?പമ്പാനദിയെ സംരക്ഷിക്കാൻ നമ്മൾ നിയമം പാസ്സാക്കി. പമ്പാ നദിയുടെ പഴയ സ്ഥിതിയും ഇപ്പോഴുള്ള സ്ഥിതിയും തമ്മിൽ എന്തെങ്കിലും വ്യത്യാസമുണ്ടോ? പാസ്സാക്കുന്ന നിയമങ്ങൾ കർശനമായി നടപ്പാക്കാൻ നമുക്ക് കഴിയുന്നില്ല. നമ്മൾ നിർമ്മിക്കുന്ന നിയമങ്ങൾ കർശനമായി നടപ്പാക്കാൻ കഴിയാതെ വരുമ്പോൾ നിയമസഭാ സാമാജികരായ

ഒരോ വ്യക്തിക്കും സത്യത്തിൽ വിഷമമുണ്ടാകും. വ്യക്തിപരമായി ചോദിച്ചാൽ നമ്മൾകൂടി വോട്ട് ചെയ്ത്, ചർച്ചയിൽ പങ്കെടുത്ത് പാസ്സാക്കിയ നിയമത്തിന്റെ ഗുണം നാട്ടിലെ ജനങ്ങൾക്ക് ലഭിക്കാതെ വരുമ്പോൾ നമുക്ക് ഓരോരുത്തർക്കും നിരാശയില്ലേയെന്ന് നമ്മൾ ചിന്തിക്കണം. എന്തിനുവേണ്ടിയായിരുന്നു ഈ വ്യഥാവ്യായാമമെന്ന് തോന്നിപ്പോകുന്ന സാഹചര്യങ്ങൾ പലപ്പോഴും ഉണ്ടായിട്ടുണ്ട്. ഞാൻ ദീർഘിപ്പിക്കുന്നില്ല.

ഈ സഭയിൽ മുമ്പിരുന്ന എന്റെ പിതാവടക്കമുള്ളവരും ഇന്നിവിടെ സംസാരിച്ചവരും പറഞ്ഞത്, അന്ന് പ്രതിപക്ഷവും ഭരണപക്ഷവും തമ്മിൽ വളരെ അടുപ്പമുണ്ടായിരുന്നു എന്നാണ്. ഇവിടെ കസേരകൾ തമ്മിലുള്ള അകലം കുറവാണ്. തൊട്ടടുത്തിരുന്ന് സംസാരിക്കാം, വിശേഷങ്ങൾ പറയാം, കുടുംബ കാര്യങ്ങൾ പറയാം, സന്തോഷം പങ്കുവയ്ക്കാം, ദുഃഖങ്ങൾ പങ്കുവയ്ക്കാം. പക്ഷേ നമ്മുടെ പുതിയ നിയമസഭയിൽ ഇരിപ്പിടങ്ങൾ തമ്മിലുള്ള അകലം കൂടുതലാണ്. അതുകൊണ്ടാണ് എല്ലാവരും തമ്മിൽ അകലം വന്നിട്ടുള്ളതെന്ന് എനിക്ക് സംശയമുണ്ട്. ഈ നിയസഭയിൽ പ്രതിപക്ഷത്തിരുന്നവരും ഭരണ പക്ഷത്തിരുന്നവരും തമ്മിലുള്ള വ്യക്തിപരമായ ബന്ധം വളരെ നല്ലതായിരുന്നു. ഇനിയും അങ്ങനെതന്നെയായിരിക്കണമെന്ന് ഞാൻ ആഗ്രഹിക്കുന്നു. സഭയിലുള്ള പ്രതിപക്ഷവും ഭരണപക്ഷവും മന്ത്രിമാരും അംഗങ്ങളും തമ്മിലും അവരുടെ കുടുംബാംഗങ്ങൾ തമ്മിലും നല്ല ബന്ധമുണ്ടായിരുന്നു. അവർ കുടുംബ വിശേഷങ്ങളും സുഖദുഃഖങ്ങളും പരസ്പരം പങ്കുവയ്ക്കാനുള്ള മനസ്സുണ്ടായിരുന്നവരാണെന്ന് പറഞ്ഞു കേട്ടിട്ടുണ്ട്. പക്ഷേ ഇപ്പോൾ പലപ്പോഴും അതിന് കഴിയുന്നില്ല. അത് എന്തുകൊണ്ടാണെന്നുള്ളത് ഒരു പുനർചിന്തനത്തിന് വിധേയമാക്കേണ്ടതാണ്. രാഷ്ട്രീയമായ അകൽച്ചയൊന്നുമല്ല, കാരണം രാഷ്ട്രീയമായി അങ്ങനെ വിരോധമൊന്നുമില്ല. ഇവിടെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതുപോലെ, തമിഴ്നാട് മുഖ്യമന്ത്രിയായിരുന്ന ജയലളിത മരിച്ചപ്പോൾ പ്രതിപക്ഷനേതാവും മുഖ്യമന്ത്രിയും മുൻമുഖ്യമന്ത്രിയും ഒരേ വാഹനത്തിൽ പോയി. ഈ സഭയിൽ പല പ്രമേയങ്ങളും നമ്മൾ ഒറ്റക്കെട്ടായി പാസ്സാക്കിയിട്ടുണ്ട്. നിയമസഭ പുതിയ മന്ദിരത്തിലായതിനുശേഷമാണ് ഞാൻ അംഗമായി എത്തിയത്. അവിടത്തെ സ്ഥിതിയെന്താണ്? ചില അംഗങ്ങൾ അവർക്ക് ആളാകാൻ വേണ്ടി മറ്റുള്ളവരുടെ കുടുംബകാര്യം നിയമസഭയിലും പുറത്തും വലിച്ചിഴയ്ക്കുന്ന നാണംകെട്ട ചിത്രം കാണേണ്ടി വന്നിട്ടുണ്ട്. സഭയിലെ സഹപ്രവർത്തകന്റെ കുടുംബകാര്യങ്ങൾ തെരുവിൽ വലിച്ചിഴയ്ക്കുന്ന അംഗങ്ങളായി പലരും അധഃപതിച്ചുവെന്നതിൽ വേദനയുണ്ട്. അത്തരം അധഃപതനത്തിൽനിന്നും നമ്മൾ മാറണം. നമ്മൾ സ്നേഹത്തോടെ ഒരുമിച്ച് നിൽക്കണം. നമ്മുടെ ലക്ഷ്യം ഈ രാജ്യത്തിന്റെ നന്മയാണ്; ഈ നാടിന്റെ പുരോഗതിയാണ്. ഇവിടത്തെ പാവപ്പെട്ടവന്റെ ഉയർച്ചയാണ് നമ്മുടെ ലക്ഷ്യം. അതിൽ രാഷ്ട്രീയമില്ല. അതുകൊണ്ട് നാടിന്റെ നന്മയ്ക്കുവേണ്ടിയും പുതിയ നിയമങ്ങൾ കൊണ്ടു

വരുന്നതിനുവേണ്ടിയും ഒറ്റക്കെട്ടായി പ്രവർത്തിക്കണം. കേരളത്തിന്റെ ചരിത്രമായ വിദ്യാഭ്യാസ പരിഷ്കരണ നിയമം ജോസഫ് മുണ്ടശ്ശേരി കൊണ്ടുവന്ന അതേ സഭയ്ക്കുള്ളിൽ ഇന്ന് വളരെ ആകസ്മികമായിട്ടാണോയെന്നറിയില്ല, മലയാളത്തെ ശ്രേഷ്ഠഭാഷയായി പ്രഖ്യാപിച്ച കേരളത്തിൽ, ആ ശ്രേഷ്ഠഭാഷ സ്കൂളുകളിൽ അന്തസ്സായി, ധൈര്യസമേതം കുട്ടികൾക്ക് ഉപയോഗിക്കാൻ കഴിയുന്ന വിധത്തിലുള്ള ഒരു നിയമം ഇന്ന് ഈ സഭയിൽ കൊണ്ടുവന്ന് ചർച്ച ചെയ്യാൻ തുടങ്ങുന്നുവെന്നത് വളരെ ശ്രദ്ധേയമായ ഒരു കാര്യമാണ്. അതിന് ഈ സർക്കാരിനെ അഭിനന്ദിക്കുകയാണ്.

എനിക്ക് ഒരു കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് പറയാനുള്ളത്, കുടിവെള്ളക്ഷാമത്തിനും വരൾച്ച പ്രതിരോധിക്കുന്നതിനുമായി നടപ്പ് നിയമസഭയിൽത്തന്നെ ജലസംരക്ഷണത്തിന് ശക്തമായ നിയമം കൊണ്ടുവന്ന് ജൂൺ മാസത്തിൽ പെയ്യാൻ പോകുന്ന മഴയിൽ ഒരു തുള്ളി വെള്ളംപോലും പാഴാകാതെ, സർക്കാരിന്റെ സർവ്വ സന്നാഹവും ഉപയോഗിച്ച് അതിനെ തടഞ്ഞുനിർത്തി ഇതുപോലെ ഒരു ദുരവസ്ഥ ഇനിയും കേരളത്തിലുണ്ടാകാതിരിക്കാനുള്ള നടപടി സ്വീകരിക്കണം. നിയമം നിർമ്മിച്ചാൽ മാത്രം പോര, ആ നിയമം കർശനമായി നടപ്പാക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകയ്യെടുക്കണമെന്ന അഭ്യർത്ഥനയോടെ എല്ലാവിധ അഭിവാദ്യങ്ങളുമർപ്പിച്ചു കൊണ്ട് ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു.

മി. സ്പീക്കർ: പ്രസംഗത്തിന്റെ സമയം നീണ്ടുപോകുന്നതിൽ ബഹുമാനപ്പെട്ട അംഗങ്ങൾ അസ്വസ്ഥത പ്രകടിപ്പിക്കുന്നുണ്ടെന്ന് ചെയർ അറിയിക്കുകയാണ്.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, അങ്ങും മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും ഉൾപ്പെടെയുള്ളവർ ഇവിടെ വ്യക്തമാക്കിയ അഭിപ്രായങ്ങളോടൊപ്പം ഞാനും പങ്കുചേരുകയാണ്. ഐതിഹാസികമായ ചരിത്ര സംഭവങ്ങൾക്ക് സാക്ഷ്യം വഹിച്ച ഈ നിയമസഭാ വേദിയിൽ ഇത്തരമൊരു സംഗമത്തിന് അവസരമൊരുക്കിയ അങ്ങയെയും ഇതിന് സഹായിച്ചവരെയും ഞാൻ അഭിനന്ദിക്കുകയാണ്. ഈ സഭയുടെ ചരിത്രത്തെക്കുറിച്ചും ചരിത്ര പശ്ചാത്തലത്തെക്കുറിച്ചും അറിയാവുന്നവർ ഇവിടെ രേഖപ്പെടുത്തിയ അഭിപ്രായങ്ങളുള്ളതുകൊണ്ട് ഒരു കൂട്ടിച്ചേർക്കൽ ആവശ്യമില്ല .

ആദ്യമായി ഒരു നിയമസഭാംഗമായപ്പോൾ ഈ നിയമസഭാ മന്ദിരത്തിൽ വന്ന അനുഭവം ഞാൻ ഓർമ്മിക്കുകയാണ്. മാതൃകാപരമായ നിയമ നിർമ്മാണങ്ങളും കർമ്മ പദ്ധതികളും ആസൂത്രണം ചെയ്തുകൊണ്ട് മതേതര ജനാധിപത്യ പരമാധികാര രാജ്യമായ ഇന്ത്യയുടെ ചരിത്രത്തിൽ ഒരിടം നേടിയ നമ്മുടെ നിയമസഭ തീർച്ചയായും ചരിത്രത്തിലെ അതിവിശിഷ്ടമായ, അനർഘമായ

ഒരു മുഹൂർത്തത്തിന് സാക്ഷ്യം വഹിക്കുകയാണ്. ഐക്യകേരളം രൂപീകരണത്തിനുശേഷം ആദ്യമായി അധികാരത്തിൽ വന്ന ഇ.എം.എസ്. മന്ത്രിസഭ മുതൽ ഇന്ന് മുഖ്യമന്ത്രിപദം അലങ്കരിക്കുന്ന ശ്രീ. പിണറായി വിജയൻ വരെ നീണ്ടുനിൽക്കുന്ന ഭരണകൂടങ്ങളുടെ പ്രവർത്തനങ്ങൾ ഈ സംസ്ഥാനത്തിന് മാത്രമല്ല ജനാധിപത്യ മഹാരാജ്യത്തിന് മാതൃകാപരമായി പ്രവർത്തിക്കുമ്പോൾ തീർച്ചയായും ഇത്തരമൊരു കൂട്ടായ്മയിലൂടെ നമ്മുടെ ചരിത്രബോധത്തെയും രാഷ്ട്രീയ സംസ്കാരത്തെയും ജനാധിപത്യ മതേതര ബോധത്തെയും ഉന്നതമാക്കാനുള്ള ഒരു വേദിയൊരുക്കിയതിന് നന്ദി അറിയിക്കുന്നതോടൊപ്പം അതിൽ പങ്കെടുക്കാൻ കഴിഞ്ഞതിലുമുള്ള സന്തോഷവും സംതൃപ്തിയും രേഖപ്പെടുത്തിക്കൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

11.00 AM]

<u>ശ്രീ. ഒ. രാജഗോപാൽ</u> : സർ, ഈ നിയമസഭാ ഹാളിൽ ആദ്യമായിട്ടാണ് എനിക്ക് സംസാരിക്കാൻ അവസരം ലഭിച്ചിട്ടുള്ളത്. അതിൽ സന്തോഷം പ്രകടിപ്പിക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും സംസാരിച്ചുകഴിഞ്ഞ ഒട്ടേറെ കാര്യങ്ങൾ ആവർത്തിച്ചുപറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല. പക്ഷേ ഒന്നുരണ്ട് കാര്യങ്ങൾ പ്രത്യേകിച്ച് എടുത്തുപറയേണ്ടതായിട്ടുണ്ടെന്ന് തോന്നുന്നു. നമ്മുടെ നാട്ടിൽ ഈ സഭ തുടങ്ങുന്ന അവസരത്തിൽ വിവിധ രാഷ്ട്രീയ പാർട്ടികളുണ്ടായിരുന്നു. അതിൽ പലതും അസ്തമിച്ചുപോയി. ഇന്ന് ആ പാർട്ടികളുടെ പേരില്ല; ആരുമില്ല; മന്ത്രിമാരും എം.എൽ.എ.-മാരും എം.പി.-മാരുമുണ്ടായിരുന്നു. പുതിയ കക്ഷികളും പുതിയ സാഹചര്യവുമുണ്ടാകുന്നു. മാറ്റം അനിവാര്യമാണ്. ആ മാറ്റം ഉൾക്കൊള്ളാൻ എല്ലാവരും തയ്യാറാകണം. അതിനെ അസഹിഷ്ണുതയോടെ വീക്ഷിക്കുന്ന ഒരു സമീപനം തീർച്ചയായും ജനാധിപത്യത്തിന് ചേരുന്നതല്ല.

ഞാൻ പ്രത്യേകിച്ചും വേദനയോടെ ഒരു കാര്യം പറയട്ടെ. അങ്ങയുടെ പിന്നിൽ മഹാത്മാഗാന്ധിജിയുടെ ചിത്രമുണ്ട്. അദ്ദേഹത്തെ നാം രാഷ്ട്രപിതാവായി കണക്കാക്കുകയാണ്. ആ രാഷ്ട്രപിതാവിനെ കൊന്നത് എന്റെ പാർട്ടിയാണെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിയമസഭയിൽ പറഞ്ഞിരിക്കുന്നു. അത് വളരെ ദുഃഖകരമായ കാര്യമാണ്. അതിന്റെ അടിസ്ഥാനമെന്താണെന്ന് വ്യക്തമായിട്ടില്ല. കാരണം പല കോടതികളും കോൺഗ്രസ് നിയമിച്ച മൂന്ന് കമ്മീഷനുകളും അന്വേഷിച്ച് ആർ.എസ്.എസ്.-ന് ഇതിൽ യാതൊരു പങ്കുമില്ലെന്ന് വിധിയുണ്ടായശേഷവും, അങ്ങനെ പറയുന്നവർക്കെതിരെ കേസ് നടത്തി പല

കോടതികളും ശിക്ഷിച്ചതിനുശേഷവും വീണ്ടും നിയമസഭയുടെ പ്രിവിലേജസ് ഉപയോഗപ്പെടുത്തിക്കൊണ്ട് ഇത്തരം ഗുരുതരമായ ആരോപണമുന്നയിച്ചത് വളരെ ഖേദകരമാണ്. നിയമസഭയ്ക്ക് അകത്താകുമ്പോൾ അതിനുള്ള പ്രിവിലേജസുണ്ട്; അതുകൊണ്ട് പറയാം. ഞാൻ അന്ന് പറയാൻ ശ്രമിച്ചുവെങ്കിലും എനിക്ക് അതിനുള്ള അവസരം ലഭിക്കാത്തതുകൊണ്ട് പറയുകയാണ്, ഈ സാഹചര്യത്തിൽ എനിക്ക് ബഹുമാനപ്പെട്ട സ്പീക്കറോട് അഭ്യർത്ഥിക്കാനുള്ളത്, ഇത് പരിശോധിച്ച് സഭാരേഖയിൽനിന്ന് ആ ഭാഗം മാറ്റേണ്ടത് അദ്ദേഹത്തോട് ചെയ്യുന്ന നീതിയായിരിക്കും. അല്ലെങ്കിൽ തെറ്റായിട്ടുള്ള ഒരു കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിയമസഭയിൽ പറയുകയെന്ന് പറഞ്ഞാൽ അത് നല്ല കാര്യമല്ല.

രണ്ടാമത്തെ കാര്യം, ഭരണഘടനയെ മാനിച്ചുകൊണ്ടാണ് നാമെല്ലാം രാഷ്ട്രീയ പ്രവർത്തനം നടത്തുന്നത്. മന്ത്രിമാരാകുമ്പോൾ സത്യപ്രതിജ്ഞ ചെയ്യുന്നു. പക്ഷേ ഇവിടെ മന്ത്രിസഭ ഭരണഘടനയുടെ അടിസ്ഥാന മൂല്യങ്ങൾക്കനുസരിച്ച് പലപ്പോഴും പ്രവർത്തിക്കുന്നില്ല എന്നുള്ളത് ദുഃഖകരമായ ഒരു കാര്യമാണ്. പോസിറ്റീവായ കാര്യങ്ങളില്ലെന്ന് പറയുന്നില്ല. സമയം പരിമിതമായതുകൊണ്ട് അതെല്ലാം ആവർത്തിച്ചുപറയുന്നില്ല. ഏതായാലും ഒരു കാര്യം പറയട്ടെ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞതുപോലെ വി.ജെ.ടി. ഹാളിന്റെ ആദ്യത്തെ പേര് ശ്രീമൂലം പ്രജാ സഭ എന്നായിരുന്നല്ലോ; ആ ശ്രീമൂലം പ്രജാസഭയിലെ അംഗമായിരുന്ന അയ്യങ്കാളി വളരെ വർഷങ്ങളായി ഒരു സമൂഹത്തിന്റെ മുഴുവൻ നേതാവാണ്. ആ സമൂഹം വി.ജെ.ടി. ഹാളിന് ആ പേര് മാറ്റി അയ്യങ്കാളിയുടെ നാമധേയം നൽകണമെന്ന് പലപ്രാവശ്യം അഭ്യർത്ഥിച്ചിട്ടുണ്ട്. അതിൽ ഒരുപദ്രവവുമില്ല, ഒരു നഷ്ടവുമില്ല. പക്ഷേ അതൊരു പ്രതീകാത്മകമായ നടപടിയാണ്. വിക്ടോറിയ റാണിയുടെ പേര് മാത്രമേ പാടുള്ളൂ എന്ന നിലപാടാണ് നാം സ്വീകരിച്ചിട്ടുള്ളത്. ഈ അവശവിഭാഗത്തിന്റെ നേതാവിനെയും അവരുടെ പ്രവർത്തനങ്ങളും അംഗീകരിക്കാൻ തയ്യാറാകാത്ത ഒരു സാഹചര്യം നിർഭാഗ്യകരമാണ്. ഈ നിർദ്ദേശം പരിഗണിക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

മഹിളകളുടെ പ്രാധാന്യത്തെ സംബന്ധിച്ചുള്ളതാണ് മറ്റൊരു പ്രധാന കാര്യം. ഭരണഘടന അനുസരിച്ച് നമുക്ക് തുല്യ അവകാശമുണ്ടെന്ന് പറയാൻ സാധിക്കും. ഇന്നത്തെ സാഹചര്യത്തിൽ മഹിളകൾക്ക് തുല്യ അവകാശം കിട്ടുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ സാധിക്കുമോ; അവരെ അവഹേളിക്കുന്ന തരത്തിലുള്ള പലതും സംഭവിക്കുന്നു. കണ്ണടച്ച് ഇരുട്ടാക്കാൻ നമുക്ക് സാദ്ധ്യമല്ല. ആത്മപരിശോധന നടത്തണം. ബന്ധപ്പെട്ട ആളുകൾ താൽക്കാലിക രാഷ്ട്രീയ ലാഭത്തിനുവേണ്ടി അവർക്കെതിരെ നടത്തുന്ന അക്രമങ്ങളെ കണ്ടില്ലെന്ന്

നടിക്കുന്നതും കുറച്ചുകാണുന്നതും ശരിയായ ഒരു സമീപനമാണെന്ന് തോന്നുന്നില്ല. വേറൊരു കാര്യംകൂടി പറയട്ടെ. ഭരണഘടന അനുസരിച്ച് ഓരോ സ്ഥാപനങ്ങളിലുമുള്ളവർക്ക് അധികാരങ്ങൾ നിർണ്ണയിച്ചിട്ടുണ്ട്. ആ അധികാരങ്ങൾ കടന്ന് സത്യസന്ധമായും നീതിപൂർവ്വമായും പ്രവർത്തിക്കാൻ തയ്യാറാകുന്ന ഉദ്യോഗസ്ഥരെ ആക്ഷേപിക്കാനാണ് അവർ ആർ.എസ്.എസ്.-കാർ എന്നു പറയുന്നത്. ഭരണഘടനയുടെ ഏത് നിയമവും ലംഘിക്കാമെന്നുള്ള ഒരു സാഹചര്യമുണ്ടായിരിക്കുന്നു. ഇത് തികച്ചും തെറ്റായ കാര്യമാണ്.

മി. സ്പീക്കർ: അങ്ങ് ഈ സാഹചര്യത്തിന്റെ സൗഹൃദം തകരാറിലാക്കുകയാണോ?

ശ്രീ. ഒ. രാജഗോപാൽ: സർ, ഇത് രാഷ്ട്രീയമല്ല, സുപ്രീംകോടതിയുടെ നിർദ്ദേശമുണ്ട്......(ബഹളം)......ഭരണഘടനയുടെ വ്യവസ്ഥകൾ പാലിക്കാതെ പോകുകയാണെങ്കിൽ ഇത് തീർച്ചയായും ദൈവത്തിന്റെ സ്വന്തം നാടായി തുടരില്ല എന്ന് പറയേണ്ട സാഹചര്യം വന്നിരിക്കുന്നു.

മി. സ്പീക്കർ: ഇന്നേ ദിവസം ആരും രാഷ്ട്രീയ ആരോപണങ്ങൾ ഉന്നയിക്കുന്നില്ല.

ശ്രീ. ഒ. രാജഗോപാൽ: സർ, ഇതിന് വാസ്തവത്തിൽ മാറ്റമില്ലേ; ഇത് അടിസ്ഥാനപരമായ കാര്യമാണ്.

മി. സ്പീക്കർ: പ്ലീസ്....പ്ലീസ്....അങ്ങയെപ്പോലെ സീനിയറായ ആൾ ഇത് ചെയ്യരുത്.

ശ്രീ. ഒ. രാജഗോപാൽ: സർ, മറ്റ് പ്രസ്ഥാനങ്ങളോട് കാണിക്കുന്ന അസഹിഷ്ണുത തീർച്ചയായും നമ്മൾ വച്ചുപുലർത്താൻ പാടില്ല എന്നുള്ള ഒരു അഭിപ്രായംകൂടി രേഖപ്പെടുത്തിക്കൊള്ളുന്നു. ഈ നിയമസഭയുടെ മാന്യത സംരക്ഷിക്കാൻ എല്ലാവർക്കും ബാദ്ധ്യതയുണ്ട്. ഞാൻ അതിൽ വിശ്വസിക്കുന്ന ആളുമാണ്. അതിനുവേണ്ടി പ്രവർത്തിക്കുന്നതാണ്. അതിലുള്ള അപചയങ്ങളെ ചൂണ്ടിക്കാണിക്കേണ്ടത് എന്റെ കടമയാണ് എന്നുള്ള നിലയ്ക്കാണ് ഞാൻ പറയുന്നത്. അത് സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ ചിന്തിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. വി. എസ്. അച്യുതാനന്ദൻ: സർ, ആദ്യ നിയമസഭാ സമ്മേളനത്തിന്റെ അറുപതാം വാർഷികമാഘോഷിക്കുന്ന ഒരു ചരിത്ര മുഹൂർത്തമാണിത്. കേരളത്തിന്റെ മുന്നേറ്റ ചരിത്രത്തിന് ശില പാകിയ ദിനത്തിന്റെ ഓർമ്മകളാൽ നാം നിറയുകയാണ്. അവിടെ നിന്നാണ് കേരളവും മലയാളിയും സാമൂഹ്യ

മുന്നേറ്റത്തിന്റെ വിസ്മയ പ്രപഞ്ചം സൃഷ്ടിച്ചുതുടങ്ങിയത്. കേരള ചരിത്രത്തിന്റെ കുതിപ്പിന് ഊർജ്ജവും ഉന്മേഷവും പകർന്ന ആ ദിനത്തിന്റെ ഓർമ്മകളിൽ ഉയിർകൊള്ളാൻ അവസരം ഒരുക്കിയ ബഹുമാനപ്പെട്ട സ്പീക്കർ പി. ശ്രീരാമകൃഷ്ണനെയും എൽ.ഡി.എഫ്. സർക്കാരിനെയും ഞാൻ അഭിനന്ദിക്കുകയാണ്. കേരളം നടന്നു മുന്നേറിയ വഴികളിൽ ധാരാളം ആളുകളുടെ ചോരയും കണ്ണീരുമുണ്ട്. സ്വന്തം ഭൂമിയോ ചരിത്രമോ അന്യമായ ഒരു കാലം മലയാളികൾക്കുണ്ടായിരുന്നു. വിവേചനങ്ങളുടെയും വേർതിരിവുകളുടെയും അടിച്ച മർത്തലുകളുടെയും ചൂഷണങ്ങളുടെയും നാളുകളിലൂടെയാണ് നാം കടന്നുവന്നത്. ഭരണ-നിയമ സംവിധാനങ്ങൾക്ക് കൃത്യതയോ വ്യക്തതയോ അന്യമായിരുന്ന നാളുകളായിരുന്നു അത്. രാജഭരണവും ദിവാൻ ഭരണവും വിദേശാധിപത്യത്തിന്റെ ക്രൗര്യവും അടങ്ങിയ കാലമായിരുന്നു അത്. ഈ കാലത്തോട് വ്യത്യസ്തമായ തലങ്ങളിലും വിവിധ സ്വഭാവ-രൂപ ഭാവങ്ങളിലും സന്ധിയില്ലാതെ കലഹിച്ചും ഏറ്റുമുട്ടിയുമാണ് നാം പുതിയ വഴികളിലേയ്ക്ക് സഞ്ചരിക്കുന്നത്. ഈ സഞ്ചാരത്തിനിടയിലെ പ്രതീക്ഷാനിർഭരമായ സംഭവമായിരുന്നു രാജ്യത്തിന്റെ സ്വാതന്ത്ര്യ പ്രാപ്തി. 1956 നവംബർ 1-ന് ഐക്യകേരളമെന്ന മലയാളിയുടെ മഹാസ്വപ്നംകൂടി സാക്ഷാൽക്കരിക്കപ്പെട്ടതോടെ നമ്മുടെ പ്രതീക്ഷകൾക്ക് പുതിയ ചിറകുകൾ മുളച്ചു. കേരളപ്പിറവിക്കുശേഷം 1957 ഫെബ്രുവരി-മാർച്ച് മാസങ്ങളിലായി നടന്ന ആദ്യ നിയമസഭാ തെരഞ്ഞെടുപ്പിൽ കമ്മ്യൂണിസ്റ്റ് പാർട്ടി അധികാരത്തിലെത്തി. കർഷകരും തൊഴിലാളികളും പാവപ്പെട്ടവരുമടങ്ങുന്ന സാധാരണക്കാരുടെ മോഹനസ്വപ്നങ്ങൾ പൂവണിയിക്കാൻ കഴിയുന്ന നിയമ-ഭരണ നടപടികൾ സ്വീകരിക്കുമെന്ന പ്രതീക്ഷകൾ സമ്മാനിച്ചുകൊണ്ടാണ് ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ നേതൃത്വത്തിലുള്ള സർക്കാർ 1957 ഏപ്രിൽ 5-ന് സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റത്. അധികാരമേറ്റതിന്റെ ആറാം നാളിൽ ആ സർക്കാർ കൊണ്ടുവന്ന കുടിയിറക്കൽ നിരോധന ഓർഡിനൻസ് കേരളത്തിന്റെ സാമൂഹിക ജീവിതം ചിട്ടപ്പെടുത്തുവാനും മെച്ചപ്പെടുത്തുവാനും സഹായകമായ നടപടികളുടെ അരുണോദയമായിരുന്നു. ആ സർക്കാർ പാസ്സാക്കിയ കാർഷിക പരിഷ്കരണ നിയമവും വിദ്യാഭ്യാസ നിയമവുമടക്കമുള്ള നിയമനിർമ്മാണ നടപടികളുടെ കേളികൊട്ട് ആരംഭിച്ചതും ഇവിടെ നിന്നായിരുന്നു. പിന്നീട് പുതിയ മന്ദിരത്തിലേയ്ക്ക് മാറുന്ന 1998 വരെ ഈ സഭാവേദിയാണ് കേരളത്തിന്റെ രാഷ്ട്രീയ-സാമൂഹ്യ-സാമ്പത്തിക ജീവിതത്തിന്റെ ചാലും ചലനവും അടയാളപ്പെടുത്തിയിരുന്നത്. 1957 ഏപ്രിൽ 27-ന് സഭ ചേർന്ന ദിവസംതന്നെ അംഗങ്ങളുടെ സത്യപ്രതിജ്ഞയ്ക്കൊപ്പം വൈകിട്ട് ഗവർണറുടെ നയപ്രഖ്യാപനവും നടന്നതായാണ് ചരിത്രം പറയുന്നത്. അന്ന് 114 നിയമസഭാ മണ്ഡലങ്ങളേ ഉണ്ടായിരുന്നുള്ളൂ. അവയിൽ 12 എണ്ണം ദ്വയാംഗ മണ്ഡലങ്ങളായിരുന്നു. അങ്ങനെ

ആകെ അംഗങ്ങൾ 126 ആയിരുന്നു. ഇന്നത് 140 ആയി ഉയർന്നു. ഗവർണറുടെ നയപ്രഖ്യാപനത്തിന്റെ സമയവും രീതിയും മാറി. ഇതൊക്കെ സാങ്കേതികവും നിയമപരവുമായ മാറ്റങ്ങൾ മാത്രമാണ്. എന്നാൽ സഭയുടെ പൊതുസ്വരം കേരളത്തിന്റെയും മലയാളിയുടെയും മുന്നേറ്റത്തിനുതകുന്ന നിയമ നിർമ്മാണങ്ങളുടേതായിരുന്നു. ഈ സഭാവേദിയും ഇവിടെ സമ്മേളിച്ച സാമാജികരുടെ ഇടപെടലുകളും നിയമസഭയുടെ അർത്ഥവും ആശയങ്ങളുമാണ് കേരള ചരിത്രത്തെയും സാമൂഹ്യ ജീവിതത്തെയും ഉയരങ്ങളിലേയ്ക്ക് കൊണ്ടുപോയത്. രാഷ്ട്രീയത്തോടും മലയാളിയുടെ ജീവിതത്തോടും സാർത്ഥകമായി സംവദിച്ച, സാമാജികരുടെ രാഷ്ട്രീയ അഭിപ്രായ വ്യത്യാസങ്ങളെയും നിലപാടുകളെയും മലയാളിയുടെ ജീവിതത്തിന്റെ ഹൃദയപക്ഷത്ത് പ്രതിഷ്ഠിച്ച മുന്നേറിയ പാരമ്പര്യമാണ് ഈ സഭയ്ക്കുള്ളത്. അതുകൊണ്ടുതന്നെയാണ് രാജ്യത്തെ 29 സംസ്ഥാനങ്ങളിൽ പല തലത്തിലും മികവ് സ്വന്തമാക്കാൻ കേരളത്തിന് കഴിഞ്ഞത്.

നമ്മുടെ പുതിയ നിയമസഭാ മന്ദിരം രാജ്യത്തെ ഏറ്റവും പ്രശസ്തമായ നിയമനിർമ്മാണ വേദിയാണ്. കാലവും ജീവിതവും മാറിയതിനനുസരിച്ച് പുതിയ പ്രവർത്തനങ്ങളും പ്രതിസന്ധികളും നമുക്ക് നേരിടേണ്ടിവന്നിട്ടുണ്ട്. ഇവയൊക്കെ പരിഹരിക്കാൻ പുതിയ നിയമനിർമ്മാണസഭകളും അനിവാര്യമാണ്. ഒന്നാം നിയമസഭയിൽ അന്നത്തെ കാലമാവശ്യപ്പെടുന്ന നിയമനിർമ്മാണങ്ങളാണ് നടത്തിയത്. അതിനോട് നീതി പുലർത്തുന്ന തരത്തിൽ പുതിയ കാലത്തിന്റെ പ്രശ്നങ്ങളും സാദ്ധ്യതകളും കണ്ടറിഞ്ഞുകൊണ്ട് നിയമസഭാ പ്രവർത്തനം മുന്നോട്ടുകൊണ്ടുപോകാൻ കഴിയണം. നിർഭാഗ്യവശാൽ ഈ ലക്ഷ്യത്തിലേയ്ക്ക് നടന്നടുക്കാൻ പല കാരണങ്ങളുംകൊണ്ട് നമുക്ക് കഴിയുന്നില്ലെന്നത് സമ്മതിക്കാതെ വയ്യ. വർഷത്തിന്റെ മൂന്നിലൊന്ന് സമയംപോലും സഭ സമ്മേളിക്കുന്നില്ല. സമ്മേളിക്കുന്ന ദിവസങ്ങളിൽത്തന്നെ പല നടപടികളും വേഗത്തിൽ വായിച്ചുവിടേണ്ടിവരുന്ന സ്ഥിതിയുണ്ട്. ബില്ലുകളുടെ ചർച്ചകളിൽ ഗൗരവതരമായ സംഭാവനകൾ ചെയ്യാൻ കഴിയുന്നവരുടെ എണ്ണം കുറഞ്ഞുവരുന്നുവെന്ന പരാതിയുമുണ്ട്. സഭാസമ്മേളനങ്ങളിലെ ഗൗരവതരമായ ഇടപെടലുകളെക്കാൾ മാധ്യമശ്രദ്ധ ലഭിക്കുന്നത് നാവുപിഴവുകൾക്കും അന്ത:സാരശൂന്യമായ തമാശകൾക്കുമാണെന്ന് വരുന്നത് ഭൂഷണമാണോയെന്ന് ബന്ധപ്പെട്ടവരെല്ലാം ആലോചിക്കണം. പഴയ കാലത്തെ സാമാജികരുടെ സരസമായ നേരമ്പോക്കുകളിൽപ്പോലും രാഷ്ട്രീയത്തിന്റെയും ജീവകാരുണ്യ പ്രവർത്തനത്തിന്റെയും സത്ത ചാലിച്ചുചേർത്തിരുന്നുവെന്നതാണ് ശ്രദ്ധേയം. ഭൂപരിഷ്കരണം, ഭരണപരിഷ്കാരം, തദ്ദേശഭരണ സ്ഥാപനങ്ങളെ പ്രാദേശിക

സർക്കാരുകളായി മാറ്റുന്നതിന്റെ തുടക്കം, അധികാര വികേന്ദ്രീകരണത്തിന്റെയും ജനകീയാസൂത്രണത്തിന്റെയും ആദ്യപാഠങ്ങൾ, പോലീസ് സേനയിലെ പരിഷ്കാരങ്ങൾ എന്നിങ്ങനെ ജീവിതത്തിന്റെ സർവ്വസ്പർശിയായ കാര്യങ്ങൾ ചർച്ച ചെയ്ത വേദിയാണിത്. കേരള നിയമസഭയുടെ 60 വർഷത്തിനിടയിലെ ഏറ്റവും സുദീർഘവും അർത്ഥപൂർണ്ണവുമായ ബില്ലിന്റെ ചർച്ച നടന്നത് ഈ ചരിത്രസ്മാരകത്തിലാണ്. 124 മണിക്കൂർ ചർച്ച ചെയ്താണ് കാർഷിക-ഭൂപരിഷ്കരണ നിയമം പാസ്സാക്കിയത്. സഭയ്ക്കുള്ളിലും സെലക്ട് കമ്മിറ്റി നിലവാരത്തിലും അതിവിശദമായ ചർച്ച നടന്നതും ഈ ബില്ലുകളുമായി ബന്ധപ്പെട്ടായിരുന്നു. സെലക്ട് കമ്മിറ്റിതന്നെ 60 ദിവസംകൊണ്ട് ഇത്രയേറെ ഗൗരവത്തോടെ ചർച്ച ചെയ്ത മറ്റൊരു ബിൽ പിൽക്കാലത്ത് നിയമമാക്കിയിട്ടുണ്ടോ എന്ന് സംശയമാണ്. ഞാൻ ദീർഘിപ്പിക്കുന്നില്ല. ഈ തിരിഞ്ഞുനോട്ടം കേവലം ഗൃഹാതുരത്വം നിറഞ്ഞ ഓർമ്മകൾ അയവിറക്കാനല്ല. മറിച്ച്, പാഠങ്ങൾ ഉൾക്കൊള്ളുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ ഇന്നത്തെ സങ്കീർണ്ണ സാഹചര്യങ്ങളിൽ ഇടപെടുന്നതിനുള്ള കരുത്താർജ്ജിക്കുന്നതിനുമാണ് ലക്ഷ്യമാക്കിയിട്ടുള്ളത്. ഈ ലക്ഷ്യ സാക്ഷാൽക്കാരത്തിനുള്ള ഓർമ്മപ്പെടുത്തലായി ഇന്നത്തെ സമ്മേളനം മാറുമെന്നാണ് ഞാൻ ആശിക്കുന്നത്. അങ്ങനെയുണ്ടാകട്ടെ എന്ന് ആശംസിച്ചുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. ഉമ്മൻ ചാണ്ടി : സർ, നമുക്കെല്ലാം ധന്യമായ ഒരു മുഹൂർത്തമാണിത്. 1970-ൽ ഈ നിയമസഭയിലേയ്ക്ക് വന്ന എനിക്ക് 1998 വരെ, 28 വർഷക്കാലം തുടർച്ചയായി ഈ മന്ദിരത്തിൽ പ്രവർത്തിക്കാൻ സാധിച്ചത് ഞാൻ ഓർക്കുകയായിരുന്നു. ഒരു നിയമസഭാ സാമാജികനെന്ന നിലയിൽ എന്റെ പഠന കളരി ഈ നിയമസഭാ ഹാളാണ്. അതുപോലെതന്നെ മൂന്ന് പ്രാവശ്യം മന്ത്രിയായപ്പോൾ, മന്ത്രിയെന്ന നിലയിലുള്ള ധാരാളം അനുഭവ സമ്പത്തും. അതിൽ വീഴ്ചകളും കുറവുകളും വന്നിട്ടുണ്ട്, അഭിനന്ദനവും ലഭിച്ചിട്ടുണ്ട്. ഇവിടെനിന്ന് വളരെയേറെ അനുഭവസമ്പത്ത് ലഭിച്ചു. അങ്ങനെയുള്ള ഈ മന്ദിരം എന്നെ സംബന്ധിച്ചിടത്തോളം വ്യക്തിപരമായി വളരെ വൈകാരിക ബന്ധമുള്ള ഒന്നാണ്. അങ്ങ് ഈ ഹാളിന്റെ പരിമിതികളെക്കുറിച്ച് പറഞ്ഞു. ഈ ഹാളിന് പരിമിതികളുണ്ടെന്ന കാര്യം സമ്മതിക്കുന്നു. എന്നാലും ഇത് വളരെ ഹൃദ്യമായിട്ടുള്ള ഹാളാണെന്നാണ് എന്റെ അഭിപ്രായം. അങ്ങ് മുൻകയ്യെടുത്ത് ഇങ്ങനെയൊരു സമ്മേളനം വിളിച്ചതിൽ പ്രത്യേകം നന്ദിയുണ്ട്. വർഷത്തിലൊരിക്കലെങ്കിലും ഈ ഹാളിൽവച്ച് ഇങ്ങനെയൊരു കൂട്ടായ്മ നടത്തുന്നതിന് മുൻകയ്യെടുക്കണം. ശ്രീ. കെ. ബി. ഗണേഷ് കുമാർ സീറ്റുകൾ തമ്മിലുള്ള അടുപ്പത്തെ സംബന്ധിച്ച് പറഞ്ഞു. അത് ശരിയാണ്.

പൊതുപ്രവർത്തകർ എപ്പോഴും മറ്റുള്ളവരുമായി അടുത്ത് നിൽക്കുകയും ഇടുങ്ങിയ വഴികളിലൂടെ സഞ്ചരിക്കുകയും ചെയ്താലാണ് തെറ്റ് ചെയ്യാതെ മുമ്പോട്ട് പോകാൻ സാധിക്കുന്നത്. ഇവിടെ ഇടുങ്ങിയ വഴികളും അടുത്തടുത്ത സീറ്റുകളുമാണ്. അതുകൊണ്ട് വർഷത്തിലൊരിക്കലെങ്കിലും അതിനുള്ള അവസരമുണ്ടാക്കണമെന്ന ഒരഭ്യർത്ഥന നടത്തുകയാണ്.

അങ്ങ് ഇവിടെ പറഞ്ഞ ഒരഭിപ്രായത്തോട് ഞാൻ പൂർണ്ണമായും യോജിക്കുകയാണ്. നമുക്ക് നഷ്ടപ്പെട്ട അവസരങ്ങൾ തിരിച്ചെടുക്കണം. വിദ്യാഭ്യാസ-ആരോഗ്യ മേഖലകളിലും സാമൂഹ്യ മണ്ഡലങ്ങളിലും നമുക്ക് ധാരാളം അഭിമാനകരമായ നേട്ടങ്ങൾ ഉണ്ടായിട്ടുണ്ട്. പക്ഷേ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിലും അടിസ്ഥാനസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിലും ഐ.ടി., ടൂറിസം മേഖലകളിലും അർഹിക്കുന്ന രീതിയിൽ വളരാൻ സാധിച്ചിട്ടില്ല. ഉൽപ്പാദന മേഖലകളിൽ നമ്മുടെ പങ്ക് വളരെ ദയനീയമാണ്. അതിന് സമവായം വേണമെന്ന് അങ്ങ് പറഞ്ഞതിനോട് ഞാൻ യോജിക്കുകയാണ്. സമവായത്തിന് ഗവൺമെന്റ് മുൻകയ്യെടുക്കുകയും പ്രതിപക്ഷം അതിനോട് സഹകരിക്കുകയും വേണം. നാമെല്ലാം പ്രവർത്തിക്കുന്നത് ജനങ്ങൾക്കുവേണ്ടിയും നാടിന്റെ നന്മയ്ക്ക് വേണ്ടിയുമാണെങ്കിൽ ഈ നാടിന്റെ നഷ്ടപ്പെട്ട അവസരങ്ങൾ തിരിച്ചുപിടിക്കാൻ സമവായത്തോടുകൂടിയ പ്രവർത്തനശൈലി അംഗീകരിച്ചേ മതിയാകൂ. അതിന് ഗവൺമെന്റ് മുൻകയ്യെടുക്കണം. പ്രതിപക്ഷത്തുനിന്നും അതിന് പൂർണ്ണ പിന്തുണയുണ്ടാകുമെന്ന് പറയാൻ ആഗ്രഹിക്കുന്നു. നമ്മുടെ നേട്ടങ്ങളെക്കുറിച്ചും അവസരങ്ങൾ വിനിയോഗിക്കുന്നതിനെക്കുറിച്ചും പറയുമ്പോൾ, വിദേശ മലയാളികളെ നമുക്കൊരിക്കലും മറക്കാൻ സാധിക്കില്ല. അവർ വഹിച്ചിട്ടുള്ള പങ്കും നൽകിയിട്ടുള്ള സംഭാവനയും അവർ കാണിക്കുന്ന താൽപ്പര്യവുംകൂടി പ്രയോജനപ്പെടുത്തിക്കൊണ്ട് നമുക്ക് മുന്നോട്ടുപോകാം. ഞാൻ കൂടുതൽ സമയമെടുക്കുന്നില്ല. കാരണം ഇവിടെ എല്ലാപേരും ഈ നിയമസഭയുടെ നേട്ടങ്ങളെക്കുറിച്ചും സംസ്ഥാനത്തിന്റെ നേട്ടങ്ങളെക്കുറിച്ചും പറഞ്ഞു. എനിക്ക് ഒരു കാര്യം മാത്രമെ പറയാനുള്ളൂ. നാമൊക്കെ പാർലമെന്ററി ജനാധിപത്യത്തിന്റെ പരിധിയിൽ നിന്നുകൊണ്ട് പ്രവർത്തിക്കുന്നവരാണ്. ഇതിനോട് വിശ്വാസമില്ലാത്തവരും ഇതിനെ എതിർക്കുന്നവരുമുണ്ട്. അവരെക്കുറിച്ച് നമുക്കൊന്നും പറയാൻ കഴിയുകയില്ല. സർക്കാർ അവരെ നിയമത്തിന്റെ വഴികളിലൂടെയാണ് കൈകാര്യം ചെയ്യേണ്ടത്. നക്സലൈറ്റുകൾ, മാവോയിസ്റ്റുകൾ, ഭീകരവാദികൾ എന്നിവരൊക്കെ പാർലമെന്ററി ഡെമോക്രസിയിൽക്കൂടി ഈ

രാജ്യത്ത് നേട്ടങ്ങളുണ്ടാകില്ലെന്നും ജനങ്ങളുടെ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാകില്ലെന്നും വിശ്വസിക്കുകയും അതിനെതിരായി പ്രവർത്തിക്കുകയും ചെയ്യുന്നവരാണ്. അവരുടെ കാര്യത്തിൽ നമുക്കൊന്നും ചെയ്യാൻ സാധിക്കുകയില്ല. പക്ഷേ നാം പാർലമെന്ററി ജനാധിപത്യത്തിൽ വിശ്വസിക്കുന്നവരാണ്. നാം അതിന്റെ അവസരങ്ങൾ വിനിയോഗിക്കുന്നവരും അവകാശങ്ങൾ നേടിയെടുക്കുന്നവരുമാണ്. അങ്ങനെയുള്ള നാം പാർലമെന്ററി ഡെമോക്രസിയെ ശക്തിപ്പെടുത്താൻ പ്രവർത്തിക്കണം. എന്റെ അഭിപ്രായത്തിൽ ജനാധിപത്യ ശക്തിക്ക് ഏറ്റവും ആവശ്യം സഹിഷ്ണുതയാണ്. മറ്റുള്ളവർ പറയുന്നത് കേൾക്കുക, അതിനകത്ത് എന്തെങ്കിലും ശരിയുണ്ടെങ്കിൽ അംഗീകരിക്കുക. തെറ്റുണ്ടെങ്കിൽ അത് തെറ്റാണെന്ന് ബോദ്ധ്യപ്പെടുത്തുക. പക്ഷേ, നമ്മൾ സഹിഷ്ണുത പലപ്പോഴും കൈവിടുന്നു. ഞാൻ ആരെയും കുറ്റപ്പെടുത്തുന്നില്ല. നാമൊക്കെ അവസരത്തിനൊത്ത് സഹിഷ്ണുത കാണിക്കുകയോ കാണിക്കാതിരിക്കുകയോ ചെയ്യുന്ന സാഹചര്യങ്ങളുണ്ട്. ആ സഹിഷ്ണുത കൈവിടുമ്പോഴാണ് പലപ്പോഴും ഈ സഭയ്ക്ക് അകത്തും പുറത്തും കേരളത്തിനും നാണക്കേടുണ്ടാക്കുന്ന വിധത്തിലുള്ള പല സംഭവങ്ങളുമുണ്ടായത്. അതുകൊണ്ട് പാർലമെന്ററി ജനാധിപത്യത്തിൽ വിശ്വസിക്കുകയും അതിന്റെ അവസരങ്ങൾ വിനിയോഗിക്കുകയും ചെയ്യുന്ന നാം, പാർലമെന്ററി ഡെമോക്രസിയെ ശക്തിപ്പെടുത്താൻ സഹിഷ്ണുതയോടുകൂടി മറ്റുള്ളവരെ കേൾക്കാനും കേട്ടതിൽ നല്ലതുണ്ടെങ്കിൽ അംഗീകരിക്കാനും തെറ്റാണെങ്കിൽ കഴിയുന്നത്ര ബോദ്ധ്യപ്പെടുത്തുവാനും ശ്രമിച്ചുകൊണ്ട് മുന്നോട്ടുപോകുകയാണ് വേണ്ടത്. കേരളം പലതിനും മാതൃകയായിരുന്നിട്ടുണ്ട്. പലതിനും മുമ്പിൽ നാം നടന്നിട്ടുണ്ട്. പാർലമെന്ററി ഡെമോക്രസി ശക്തിപ്പെടുത്തി ജനങ്ങളുടെ പ്രതീക്ഷയ്ക്കൊത്ത് ഉയരുന്നതിനുള്ള പ്രവർത്തന രംഗത്തും നാമൊരു മാതൃകയായി പ്രവർത്തിക്കണം. അങ്ങയോട് പ്രത്യേകം നന്ദി പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. എൻ. വിജയൻ പിള്ള: സർ, അങ്ങും മുഖ്യമന്ത്രിയും പ്രതിപക്ഷനേതാവും മുൻമുഖ്യമന്ത്രിമാരും മറ്റ് കക്ഷിനേതാക്കളും പ്രകടിപ്പിച്ച അഭിപ്രായങ്ങൾ തന്നെയാണ് എനിക്കുമുള്ളത്. തീർച്ചയായും 60 വർഷം പിന്നിടുന്ന ഈ ദിവസം വളരെ സുപ്രധാനമാണ്. ഞാൻ പുതിയ ഒരംഗമാണ്. എനിക്ക് രണ്ട് സഭയിലും പങ്കെടുക്കാൻ കഴിഞ്ഞതിൽ അതിയായ സന്തോഷമുണ്ട്. കാരണം ഒന്നാമത്തെ നിയമസഭ കൂടിയ ഈ ഹാളിലെയും ഇപ്പോൾ നിയമസഭ കൂടിക്കൊണ്ടിരിക്കുന്ന പുതിയ ഹാളിലെയും അനുഭവങ്ങളുടെ വെളിച്ചത്തിൽ ഇവിടെ ഇരിക്കുന്ന നേതാക്കൾ അറുപത് വർഷത്തെ പാർലമെന്ററി ഡെമോക്രസിയുടെ അസംബ്ലി

ജീവിതത്തെപ്പറ്റി ധാരാളം കാര്യങ്ങൾ പറഞ്ഞു. മുമ്പ് ഇവിടെയുണ്ടായിരുന്ന രണ്ട് വ്യക്തികൾ ജീവിച്ചിരിപ്പുണ്ട്. അതിൽ ഒരു വ്യക്തിയായ ശ്രീ. ഇ. ചന്ദ്രശേഖരൻ ഇന്നത്തെ 'മാതൃഭൂമി' ദിനപത്രത്തിലൂടെ പറഞ്ഞത് മുമ്പ് ഈ സഭയിൽ അഭിപ്രായ വ്യത്യാസങ്ങൾ പ്രകടിപ്പിക്കുന്നത് ആശയവിനിമയ പ്രസംഗത്തിലൂടെ യാണെന്നാണ്. ഇന്ന് തീവ്രമായ മറ്റ് വികാരങ്ങളിൽക്കൂടിയാണ് സഭയിൽ പെരുമാറുന്നത്, അത് മാറണമെന്നതാണ് അദ്ദേഹത്തിന്റെ അഭിപ്രായം. ഈ രീതിയിലുള്ള പാർലമെന്ററി ജനാധിപത്യത്തിൽ അറുപത് വർഷത്തെ പ്രവർത്തനത്തിലൂടെയും ഇവിടെ നടത്തിയിട്ടുള്ള നിയമനിർമ്മാണങ്ങളിലൂടെയും സാധാരണക്കാരനും പാവപ്പെട്ടവനുമൊക്കെ നേടിയെടുക്കാൻ കഴിഞ്ഞിട്ടുള്ള ധാരാളം ഗുണങ്ങളുണ്ട്. സഖാവ് പിണറായി വിജയന്റെ നേതൃത്വത്തിലുള്ള സർക്കാർ നാല് മിഷനുകൾ ഇവിടെ നടപ്പാക്കുവാൻ ആഗ്രഹിക്കുന്നു. ഈ നാല് മിഷനുകളെയും നാടിന്റെ ഐശ്വര്യത്തിനുവേണ്ടിയുള്ള പുതിയൊരു പരിവർത്തനമായി ഭരണപക്ഷവും പ്രതിപക്ഷവും അംഗീകരിച്ച് ഭരണഘടനയിലെ മൂല്യങ്ങൾ ഉൾക്കൊണ്ടുകൊണ്ട് ഈ സംസ്ഥാനത്തെ ജനങ്ങൾക്കുവേണ്ടി ഐക്യത്തോടുകൂടി പ്രവർത്തിക്കണമെന്നുമാത്രം പറഞ്ഞുകൊണ്ട് എല്ലാവിധ അഭിവാദ്യങ്ങളും അർപ്പിച്ചുകൊണ്ട് നിർത്തുന്നു. നന്ദി, നമസ്കാരം.

ശ്രീ. പി. സി. ജോർജ്: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി, പ്രതിപക്ഷനേതാവ്, കക്ഷിനേതാക്കൾ, മുൻമുഖ്യമന്ത്രിമാരായ സഖാവ് വി. എസ്. അച്യുതാനന്ദൻ, ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി തുടങ്ങിയവരും ഇതിനെല്ലാമുപരിയായി സഭയുടെ നാഥനായ അങ്ങും പ്രകടിപ്പിച്ച എല്ലാ വികാരത്തോടും ഞാൻ യോജിക്കുകയാണ്. 1980-ൽ ബഹുമാനപ്പെട്ട പി. ജെ. ജോസഫിന്റെ കൂടെയാണ് ഞാൻ ആദ്യമായി ഈ സഭയിലേയ്ക്ക് കടന്നുവരുന്നത്. അദ്ദേഹം ഇപ്പോൾ ഇവിടെയില്ല. അദ്ദേഹത്തിനും നന്ദി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇപ്പോൾ ശ്രീ. മുഹമ്മദ് മുഹസിൻ പി. ഇരിക്കുന്ന സ്ഥാനത്താണ് 1998-ൽ ഞാൻ ഇരുന്നത്. അന്ന് ഇടുക്കി ജില്ലക്കാരനായ തോമസ് ജോസഫാണ് എന്റെ അടുത്തുണ്ടായിരുന്നത്. ഇപ്പോൾ ഇടുക്കി ജില്ലക്കാരനായ ശ്രീ. റോഷി അഗസ്റ്റിനാണ് എന്നോടൊപ്പം ഇരിക്കുന്നതെന്ന് ഞാൻ കാണുന്നു. വളരെ നീണ്ട ചർച്ചയിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല, ഒന്നുരണ്ട് കാര്യങ്ങൾ മാത്രം പറഞ്ഞുകൊണ്ട് അവസാനിപ്പിക്കാം.

മഹാനായ ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്, വിശ്വപൗരനായി ഉയർന്ന ആ വലിയ മനുഷ്യൻ, അറുപത് വർഷങ്ങൾക്കുമുമ്പ് ഇരുന്ന സ്ഥാനത്ത് ഒന്നാം സ്ഥാനത്തായി ബഹുമാനപ്പെട്ട പിണറായി വിജയൻ ഇരിക്കുകയാണ്. ജനാധിപത്യ പ്രക്രിയയിലൂടെ ലോകത്ത് ആദ്യമായി തെരഞ്ഞെടുക്കപ്പെട്ടു വന്ന കമ്മ്യൂണിസ്റ്റുകാരനാണ് ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട്. ആ വലിയ മനുഷ്യന്റെ ഓർമ്മയ്ക്ക് മുമ്പിൽ ഞാൻ ശിരസ് നമിക്കുകയാണ്. അദ്ദേഹമിരുന്ന കസേരയിൽ ഇരിക്കാൻ ഭാഗ്യം കിട്ടിയത് ഒരു ദൈവാനുഗ്രഹമായി പിണറായി സഖാവിന്

കണക്കാക്കാമെന്നാണ് എനിക്ക് പറയാനുള്ളത്. ഞാൻ ഈ സഭയിൽ വരുമ്പോൾ അന്നത്തെ പ്രതിപക്ഷ നേതാവ് കെ. കരുണാകരനാണ്. കെ. കരുണാകരന്റെ അനുയായിയായി പ്രവർത്തിച്ചുവന്ന ശ്രീ. രമേശ് ചെന്നിത്തലയ്ക്ക് അദ്ദേഹത്തിന്റെ കസേരയിൽ ഇരിക്കാൻ കഴിഞ്ഞു. പക്ഷേ ഇടയ്ക്ക് അദ്ദേഹം കരുണാകരനെ ഒന്ന് കുത്തി; അത് വേറെകാര്യം. ഞാനത് പ്രത്യേകം ഓർക്കുകയാണ്. ഞാൻ ഒരു കാര്യംകൂടി പറയട്ടെ, ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് കേരളത്തിന് നൽകിയ ഏറ്റവും വലിയ സംഭാവന എന്താണ്? ഒരു സോഷ്യലിസ്റ്റ് കാഴ്ചപ്പാടോടുകൂടി ഈ സംസ്ഥാന ഭരണത്തെ അദ്ദേഹം നയിച്ചു. ഇവിടത്തെ പാർശ്വവൽക്കരിക്കപ്പെട്ടവർ, പട്ടികജാതിക്കാർ, പട്ടികവർഗ്ഗക്കാർ, പിന്നോക്കക്കാർ ഉൾപ്പെടെയുള്ളവർക്ക് അവരുടേതായ രീതിയിലുള്ള അംഗീകാരം നൽകിയില്ലെങ്കിൽ ഒരു രാഷ്ട്രീയ പാർട്ടിക്കും മുന്നോട്ടുപോകാൻ കഴിയില്ലെന്ന പാഠം പഠിപ്പിച്ചു എന്നതാണ് ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാട് കേരളത്തിന് നൽകിയ ഏറ്റവും വലിയ സംഭാവന. അദ്ദേഹത്തിന്റെ ആ കാഴ്ചപ്പാട് വിട്ട് ഇവിടത്തെ പ്രാദേശിക പാർട്ടികൾക്കോ നാഷണൽ പാർട്ടികൾക്കോ പ്രവർത്തിക്കാൻ കഴിയാത്ത സാഹചര്യമുണ്ടായി. മറ്റ് പല സ്ഥലങ്ങളിലും നാഷണൽ പാർട്ടികൾ പല സ്വഭാവങ്ങൾ എടുക്കുമ്പോഴും കേരളത്തിൽ ഒരു സോഷ്യലിസ്റ്റ് കാഴ്ചപ്പാടിൽ പ്രവർത്തിക്കാൻ പ്രചോദനമായി തീർന്നത് മഹാനായ ഇ. എം. ശങ്കരൻ നമ്പൂതിരിപ്പാടിന്റെ പ്രവർത്തനങ്ങളാണ്. ഒരു ചെറിയ കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ നിർത്തുകയാണ്. ഇന്ന് നമ്മുടെ സംസ്ഥാനത്ത് ഇരുപത്തി ഒൻപതിനായിരത്തോളം കോളനികളുണ്ട്. 33 ലക്ഷത്തോളം വരുന്ന എസ്.സി./എസ്.ടി. വിഭാഗവും. അവരിൽ 49 ശതമാനവും ഈ കോളനികളിലാണ് കഴിയുന്നതെന്നുപറഞ്ഞാൽ 60 വർഷം യു.ഡി.എഫും എൽ.ഡി.എഫും മാറിമാറി ഭരിച്ചിട്ട് ഈ വിഭാഗത്തോട് നീതി ചെയ്യാൻ കഴിഞ്ഞോ എന്നത് ചർച്ച ചെയ്യണം. ഞാൻ കണക്ക് നോക്കിയപ്പോൾ കോളനിയിൽ താമസിക്കുന്ന 49.50 ശതമാനം പോലെതന്നെ 28 ശതമാനം തോട്ടുപുറമ്പോക്കിലും ആറ്റുപുറമ്പോക്കിലും താമസിക്കുകയാണ്. അപ്പോൾ ഇവിടത്തെ എസ്.സി./എസ്.ടി. വിഭാഗങ്ങളുടെ ഗതി എന്താണ്; കോടാനുകോടി രൂപ നമ്മൾ ചെലവഴിച്ചു. എന്നിട്ട് എവിടെ നിൽക്കുന്നു? എന്തുകൊണ്ട് ഈ പാവങ്ങൾക്ക് സ്വന്തമായി ഒരു വീടുണ്ടാക്കാൻ കഴിയുന്ന സാഹചര്യമില്ല? ഈ നാല് വർഷംകൊണ്ട് പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും

സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി ശ്രീ. എ. കെ. ബാലന്റെ ഭാഗത്തുനിന്നും ശക്തമായ ഇടപെടൽ ഇക്കാര്യത്തിലുണ്ടാകണം എന്നുമാത്രം ഞാൻ സൂചിപ്പിക്കുന്നു. അതുപോലെതന്നെയാണ് മത്സ്യത്തൊഴിലാളികളുടെ കാര്യവും. അവർക്കുവേണ്ടിയും ചില നീക്കങ്ങൾ നടത്തുന്നതിൽ സന്തോഷമുണ്ട്. പിന്നോക്കക്കാർ, പാർശ്വവൽക്കരിക്കപ്പെട്ടവർ എന്നിവർക്കുവേണ്ടി ശക്തമായ ഇടപെടലുകൾ നടത്താൻ ജനപ്രതിനിധികൾ തയ്യാറാകണം. അതോടൊപ്പം, നമ്മുടെ സർക്കാർ നൽകുന്ന ഉറപ്പുകളുണ്ട്. ആ ഉറപ്പുകൾ എത്രമാത്രം പാലിക്കപ്പെടുന്നുണ്ട്? ഞാൻ ശ്രദ്ധിച്ചിട്ടുള്ളതുകൊണ്ട് പറയുകയാണ്. ഇതിനായി ഉറപ്പുകൾ സംബന്ധിച്ച സമിതിയുണ്ട്. മന്ത്രിമാർ നൽകുന്ന എത്ര ഉറപ്പുകൾ പാലിക്കപ്പെടുന്നുവെന്ന് നിർബന്ധമായും ഉറപ്പുവരുത്താൻ ബഹുമാനപ്പെട്ട സ്പീക്കറുടെ ഭാഗത്തുനിന്നും ശക്തമായ ഇടപെടലുണ്ടാകണം എന്നുമാത്രം അഭ്യർത്ഥിച്ചുകൊണ്ട് ഇവിടെ ഇങ്ങനെ ഒരു അവസരമുണ്ടാക്കിയ അങ്ങയേയും സർക്കാരിനേയും പ്രത്യേകമായി അഭിനന്ദിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു.

മി. സ്പീക്കർ: ഓർഡർ... ഓർഡർ... ചട്ടം 300 അനുസരിച്ചുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രസ്താവനയാണ്. അതിനുമുൻപ് ഒരു അറിയിപ്പ്. ബില്ലിന്റെ ചർച്ച പൂർത്തീകരിച്ചതിനുശേഷം ബഹുമാനപ്പെട്ട പല അംഗങ്ങളും സഭയിൽ ഇപ്പോൾ ഇരിക്കുന്ന സീറ്റിൽവച്ച് ഒരു ഫോട്ടോ എടുക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുണ്ട്. അതുകൊണ്ട് ബില്ലിന്റെ ചർച്ച പൂർത്തീകരിച്ചതിനുശേഷം ഗ്രൂപ്പ് ഫോട്ടോ എടുക്കാൻ ഏർപ്പാടാക്കിയിട്ടുണ്ട്.

## III. ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

### വിദ്യാഭ്യാസ വായ്പ

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, നമ്മുടെ നാട്ടിൽ വിദ്യാഭ്യാസ വായ്പാ കുടിശ്ശികയും ബാങ്കുകളുടെ നടപടികളും ഗൗരവമായ സാമൂഹ്യപ്രശ്നമായി മാറിയിട്ടുണ്ട്. വിദ്യാഭ്യാസ വായ്പയ്ക്കായി വീടും വസ്തുക്കളും ഈടുവച്ച് കടക്കെണിയിൽപ്പെട്ട, സമൂഹത്തിൽ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന കുടുംബങ്ങളെ സഹായിക്കുന്ന ഒരു തിരിച്ചടവ് സഹായ പദ്ധതിയാണ് നമുക്ക് ആവശ്യം. അപ്രകാരമുള്ള പദ്ധതി സംബന്ധിച്ച പ്രസ്താവനയാണ് ഈ സഭയിൽ അവതരിപ്പിക്കുന്നത്.

വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി

സംസ്ഥാനത്ത് വിദ്യാഭ്യാസ വായ്പയെടുത്ത് കടക്കെണിയിലായവരെ സഹായിക്കാനായി ഒരു വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതി (Education Loan Repayment Support Scheme) നടപ്പാക്കാൻ സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ഇതൊരു കടാശ്വാസ പദ്ധതിയല്ല. വായ്പാ തിരിച്ചടവ് അവധിക്കുശേഷമുള്ള (Repayment Holiday) നാലു വർഷക്കാലയളവിൽ സർക്കാർ സഹായത്തോടുകൂടിയുള്ള ഒരു തിരിച്ചടവ് സഹായ പദ്ധതിയാണ്. പദ്ധതിയുടെ പ്രസക്ത ഭാഗങ്ങൾ ചുവടെ ചേർക്കുന്നു:

1. സാമ്പത്തിക സഹായം.

(i) നിഷ്ക്രിയ ആസ്തി ആകാത്ത 9 ലക്ഷം രൂപ വരെ വായ്പകൾ അനുവദിച്ചിട്ടുള്ള വിദ്യാഭ്യാസ വായ്പാ അക്കൗണ്ടുകൾക്ക് (1-4-2016-ന് മുമ്പ് വായ്പാ തിരിച്ചടവ് തുടങ്ങിയവർക്ക്) ഈ തിരിച്ചടവ് സഹായം ലഭിക്കും. ഒന്നാം വർഷം വായ്പയുടെ 90 ശതമാനവും രണ്ടാം വർഷം 75 ശതമാനവും മൂന്നാം വർഷം 50 ശതമാനവും നാലാം വർഷം 25 ശതമാനവും സർക്കാർ വിഹിതമായി നൽകി തിരിച്ചടയ്ക്കാൻ സഹായിക്കും.

(ii) (a) 31-3-2016-നോ അതിന് മുമ്പോ നിഷ്ക്രിയ ആസ്തിയായി (NPA - Non Performing Asset) മാറിയിട്ടുള്ളതും നാല് ലക്ഷം രൂപ വരെ വായ്പ എടുത്തിട്ടുമുള്ളവർക്ക് വായ്പാ തുകയുടെ 40 ശതമാനം മുൻകൂറായി അടയ്ക്കുകയും വായ്പയിന്മേലുള്ള പലിശ ബാങ്ക് ഇളവുചെയ്ത് കൊടുക്കുകയും ചെയ്താൽ 60 ശതമാനം സർക്കാർ നൽകി ലോൺ ക്ലോസ് ചെയ്യാൻ സഹായിക്കും.

(ii) (b) 31-03-2016-നോ അതിന് മുൻപോ നിഷ്ക്രിയ ആസ്തിയായി (NPA) മാറിയിട്ടുള്ളതും നാല് ലക്ഷത്തിനുമേൽ ഒമ്പതുലക്ഷം രൂപ വരെ അനുവദിച്ചിട്ടുള്ളതുമായ വിദ്യാഭ്യാസ വായ്പകളിൽ ഒരു പ്രത്യേക പാക്കേജായി ലോൺ ക്ലോസ് ചെയ്യാൻ ബാങ്കുകൾ തയ്യാറാകുന്നപക്ഷം മുതലിന്റെ 50 ശതമാനം (പരമാവധി 2,40,000 രൂപ) സർക്കാർ സഹായമായി നൽകും. ബാക്കി വരുന്ന തുകയുടെ തിരിച്ചടവ് കാലാവധി ബാങ്ക് പുനഃക്രമീകരിച്ച് നൽകുകയോ, വായ്പയെടുത്തയാൾ മുഴുവനായി അടയ്ക്കുകയോ വേണം.

(ബി) വായ്പയുടെ കാലയളവിൽ മരണപ്പെട്ടതോ, അപകടംമൂലം ശാരീരികമായോ മാനസികമായോ വൈകല്യം നേരിടുകയോ ചെയ്ത വിദ്യാർത്ഥികളുടെ വായ്പയുടെ മുഴുവൻ പലിശയും ബാങ്ക് ഇളവ് ചെയ്ത് കൊടുക്കുന്നപക്ഷം മുഴുവൻ വായ്പാ തുകയും സർക്കാർ നൽകും.

2. <u>റിലീഫ് കാലയളവ്:</u>

തിരിച്ചടവ് അവധിക്കുശേഷമുള്ള നാല് വർഷത്തേക്ക് അർഹരായ വിദ്യാർത്ഥികൾക്ക് ഈ പദ്ധതി പ്രകാരം സാമ്പത്തിക സഹായം നൽകും.

3. <u>പ്രാബല്യ തീയതി:</u>

ഈ പദ്ധതി 01-04-2016 മുതൽ മുൻകാല പ്രാബല്യത്തിൽ നിലവിൽ വരും.

4. <u>വരുമാന പരിധി:</u>

01-04-2016-ൽ ആറുലക്ഷം രൂപ വരെ കുടുംബ വാർഷിക വരുമാനമുള്ള വിദ്യാർത്ഥികൾക്ക് ഇതിന്റെ പ്രയോജനം ലഭിക്കും. അംഗവൈകല്യമുള്ള വിദ്യാർത്ഥികൾക്ക് വാർഷിക വരുമാന പരിധി ഒമ്പതുലക്ഷം രൂപയായിരിക്കും.

5. <u>വായ്പാ പരിധി:</u>

ഒമ്പത് ലക്ഷം രൂപ വരെ അനുവദിച്ചിട്ടുള്ള വായ്പകൾക്ക് ഈ പദ്ധതി പ്രകാരമുള്ള സാമ്പത്തിക സഹായം ലഭിക്കും. റിസർവ് ബാങ്കിന്റെ മാർഗ്ഗനിർദ്ദേശങ്ങൾ നിഷ്ക്രിയ ആസ്തിയായ സെക്യേർഡ് വായ്പ അക്കൗണ്ടുകൾ (നാലുലക്ഷത്തിനുമുകളിലുള്ള വായ്പകൾ സെക്യേർഡ് വായ്പകളായി കണക്കാക്കുന്നു.) പുനഃക്രമീകരിക്കാൻ അനുവദിക്കുന്നില്ല. അതിനാൽ, നിഷ്ക്രിയ ആസ്തിയായി മാറിയിട്ടുള്ളതും നാല് മുതൽ ഒമ്പതുലക്ഷം രൂപ വരെ അനുവദിച്ചിട്ടുള്ളതുമായ വിദ്യാഭ്യാസ വായ്പകൾക്ക് പലിശ ഇളവ് നൽകിക്കൊണ്ട് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ വായ്പ ക്ലോസ് ചെയ്യാൻ സാധിക്കില്ലെന്ന് എസ്.എൽ.ബി.സി. (State Level Banker's Committee) അറിയിച്ചിട്ടുണ്ട്. ആയതിനാൽ ഈ തിരിച്ചടവ് പദ്ധതി നടപ്പിലാക്കിയശേഷം ബാങ്കുകളുമായി കൂടിയാലോചിച്ച് നാല് ലക്ഷത്തിനുമുകളിലുള്ള വായ്പകൾക്കായി പ്രത്യേക പാക്കേജ് തയ്യാറാക്കാൻ നടപടി സ്വീകരിക്കും.

വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിക്കായി ഏകദേശം 900 കോടി രൂപയുടെ സാമ്പത്തിക ബാദ്ധ്യത വരുമെന്ന് എസ്.എൽ.ബി.സി. അറിയിച്ചിട്ടുണ്ട്. ഇതിനായി 500 മുതൽ 600 കോടി രൂപ വരെ ചെലവ് വരുമെന്ന് പ്രതീക്ഷിക്കുന്നു.

പ്രതിപക്ഷനേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): സർ, ഇത് നല്ലൊരു പദ്ധതിയാണ്. ഞങ്ങൾ ഒരു നോട്ടീസ് തരുന്നുണ്ട്. ഇതുസംബന്ധിച്ച് ബിസിനസ്സ് അഡ്വൈസറി കമ്മിറ്റിയിൽ ആലോചിച്ചിട്ട് ഒരു ചർച്ച വേണം. കാരണം ഇതിനെ സംബന്ധിച്ച് ചില പുതിയ നിർദ്ദേശങ്ങൾകൂടി വയ്ക്കാനുണ്ട്.

<u>മി. സ്പീക്കർ</u>: അക്കാര്യം പരിശോധിക്കാം.

## IV. നിയമനിർമ്മാണകാര്യം

### 2017-ലെ മലയാള ഭാഷ (നിർബന്ധിത ഭാഷ) ബില്ലിന്റെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

മി. സ്പീക്കർ: വളരെ ചരിത്രപ്രസിദ്ധമായ ഒരു നിയമമാണ് അറുപതാം വാർഷികത്തിൽ ചേരുന്ന ഈ സമ്മേളനത്തിൽ അവതരിപ്പിക്കുന്നത്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി രവീന്ദ്രനാഥ്): സർ, 2017-ലെ മലയാള ഭാഷാ (നിർബന്ധിത ഭാഷ) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി.സ്പീക്കർ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

## V. ക്രമപ്രശ്നം

### ബില്ലിലെ അവ്യക്തത

ശ്രീ. എം. ഉമ്മർ: സർ, 60 വർഷത്തെ മഹിതമായ പാരമ്പര്യം അയവിറക്കി ഏകസ്വരത്തിൽ മുന്നോട്ടുപോകുന്ന ഈ സഭയിൽ നിയമനിർമ്മാണകാര്യത്തിൽ ഒരു ഭിന്നസ്വരം രേഖപ്പെടുത്തേണ്ടി വന്നതിൽ എനിക്ക് അതിയായ ഖേദമുണ്ട്.

മി. സ്പീക്കർ: ഈ ബില്ലിന്റെ ഉള്ളടക്കത്തോട് അങ്ങേയ്ക്ക് ആശയപരമായ തടസ്സമൊന്നുമില്ലല്ലോ?

ശ്രീ. എം. ഉമ്മർ: സർ, ആശയപരമായ തടസ്സമുണ്ട്. അതാണ് പറയാൻ പോകുന്നത്. ഭരണഘടനയുടെ ആർട്ടിക്കിൾ 29 (1) വകുപ്പിൽ പറയുന്നത് 'Any section of the citizens residing in the territory of India or any part thereof having a distinct language, script or culture of its own shall have the right to conserve the same' എന്നാണ്. സംസ്ഥാനത്ത് സർക്കാർ നടപ്പിലാക്കുന്ന, നിർബന്ധിത മലയാള ഭാഷ കൊണ്ടുവരുന്ന ഈ ബില്ലിനോട് അക്ഷരാർത്ഥത്തിൽ ഞാൻ യോജിക്കുകയാണ്. പക്ഷേ, അത് നടപ്പിലാക്കുമ്പോഴുണ്ടാകുന്ന ഭരണഘടനാപരമായ ചില പ്രശ്നങ്ങൾ ഞാൻ സഭയുടെ മുൻപാകെ കൊണ്ടുവരികയാണ്. സംസ്ഥാനത്ത് നിയമം പ്രാബല്യത്തിൽ വരുമ്പോൾ നിലവിലുള്ള ഭാഷാപരമായ സന്തുലിതാവസ്ഥ മാറ്റപ്പെടും.

ഉദാഹരണത്തിന് അറബി, ഉറുദു, തമിഴ്, കന്നട, സംസ്കൃതം തുടങ്ങിയ ഭാഷകൾക്ക് പ്രത്യേകമായ സമയക്രമം ഏർപ്പെടുത്തിയിട്ടുള്ള നിരവധി വിദ്യാലയങ്ങൾ സംസ്ഥാനത്തുണ്ട്. ന്യൂനപക്ഷ ഭാഷ സംസാരിക്കുകയും പ്രയോഗിക്കുകയും ചെയ്യുന്ന ജനതയുടെ ഭാഷാക്രമം അന്യംനിന്നുപോകാൻ ഇതിൽ ധാരാളമായ സാദ്ധ്യതകളുണ്ട്. ഇത്തരത്തിൽ ഭിന്നമായ ഭാഷയോ, ലിപിയോ സംരക്ഷിക്കേണ്ടത് സംസ്ഥാനത്തിന്റെ കർത്തവ്യവും അതോടൊപ്പം അത് പരിപാലിച്ചുപോരുന്നു എന്നത് ഒരു ജനതയുടെ മൗലികാവകാശവുമാണ്. ഇത്തരത്തിൽ ഒരു നിയമം പ്രാബല്യത്തിൽ വന്നാൽ ന്യൂനപക്ഷ ഭാഷ സംസാരിക്കുന്നവരുടെ മൗലികാവകാശങ്ങളുടെ ലംഘനമായിരിക്കും എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇത് വളരെ അവധാനതയോടുകൂടി കാണേണ്ടതാണ്. 1980-ൽ നായനാർ സർക്കാരിന്റെ കാലത്ത് ഭാഷാ ന്യൂനപക്ഷങ്ങളുടേതായ ഒരു പ്രശ്നമുണ്ടായി. അറബിക്, ഉറുദു, സംസ്കൃതം ഭാഷകളായി നടപ്പിലാക്കിയപ്പോൾ accommodation, declaration, qualification എന്നുള്ള ചില സംഗതികളുണ്ടായപ്പോൾ വലിയതോതിൽ പ്രക്ഷോഭ ങ്ങളുണ്ടാകുകയും അവസാനം അത് സർക്കാരിന് പിൻവലിക്കേണ്ട ഒരു സാഹചര്യമുണ്ടാകുകയും ചെയ്ത കാര്യം ഞാൻ ഈ സന്ദർഭത്തിൽ ഓർമ്മപ്പെടുത്തുകയാണ്. കേന്ദ്ര നിയമത്തിന് വിരുദ്ധമായതിനാൽ ഇത് നിലനിൽക്കുകയില്ല. ആർട്ടിക്കിൾ 254-ൽ അത് കൃത്യമായി പറയുന്നുണ്ട്. 2012-ലെ സെൻട്രൽ ബോർഡ് ഓഫ് സെക്കണ്ടറി എഡ്യൂക്കേഷൻ ആക്ടിലെ വ്യവസ്ഥകളനുസരിച്ചാണ് സംസ്ഥാനത്തെ സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സ്കൂളുകൾ പ്രവർത്തിക്കുന്നത്. അവ പ്രവർത്തിക്കുന്നതിനുള്ള എൻ.ഒ.സി. മാത്രമാണ് സംസ്ഥാന സർക്കാർ നൽകുന്നത്. അതായത് കേന്ദ്ര ആക്ടിലെ വ്യവസ്ഥകൾക്ക് വിരുദ്ധമായി ആർട്ടിക്കിൾ 254 പ്രകാരം സംസ്ഥാന സർക്കാരിന് നിയമനിർമ്മാണം നടത്താൻ കഴിയുകയില്ല. 2012-ലെ കേന്ദ്ര ആക്ടിലെ വ്യവസ്ഥ പ്രകാരമാണ് സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സ്കൂളുകളിലെ പാഠ്യപദ്ധതികൾ തീരുമാനിച്ചിട്ടുള്ളത്. പ്രസ്തുത വ്യവസ്ഥ ഇവിടെ സംസ്ഥാനം നിയമനിർമ്മാണത്തിലൂടെ മറികടക്കാൻ ശ്രമിക്കുകയാണ്. ഇതിന് നിയമപരമായ നിലനിൽപ്പുണ്ടാകുകയില്ല. തമിഴ്നാട് സർക്കാർ ഇതിന് സമാനമായി പാസ്സാക്കിയ നിയമത്തിന്റെ കോപ്പി എന്റെ കൈവശമുണ്ട്. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 254 ചോദ്യം ചെയ്യപ്പെടാൻ സാദ്ധ്യതയുള്ളതുകൊണ്ട് 2006-ൽ തമിഴ്നാട് ഗവൺമെന്റ് പാസ്സാക്കിയ നിയമത്തിൽ സി.ബി.എസ്.ഇ. സ്കൂളുകളെയും കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള മറ്റ് വിദ്യാലയങ്ങളെയും ഒഴിവാക്കിയിട്ടുണ്ട്. അതുകൊണ്ട് ഇതിന് ഭരണഘടനാപരമായ നിലനിൽപ്പില്ല എന്നുപറയാൻ ഞാൻ ആഗ്രഹിക്കുന്നു.

അതുപോലെതന്നെ ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 21(എ) പ്രകാരം വിദ്യാഭ്യാസം മൗലികാവകാശമാണ്. അതിന് ഊന്നൽ നൽകുന്നതിന് വേണ്ടിയുള്ളതാണ് 2009-ലെ Right of Children to Free and Compulsory Education Act. 2009-ലെ വിദ്യാഭ്യാസ അവകാശ നിയമം നിലനിൽക്കുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സ്കൂളുകളുടെ എൻ.ഒ.സി. റദ്ദാക്കാനിടയാകുകയാണെങ്കിൽ ആ സ്കൂളുകളിലെ കുട്ടികളുടെ ഭാവിയും അതിൻമേലുണ്ടാകുന്ന നിയമനടപടികൾമൂലം ഈ ബില്ലിന്റെ സാധുതയും നഷ്ടപ്പെടും. എൻ.ഒ.സി. റദ്ദ് ചെയ്താലും കോടതി വിധി പ്രകാരം കുട്ടികൾക്ക് മൗലികാവകാശം സംരക്ഷിച്ചുകിട്ടും. അതുകൊണ്ട് ഈ ബിൽ നിലനിൽക്കില്ല എന്നുള്ളതാണ്. 2009-ലെ Right of Children to Free and Compulsory Education Act, ലെ 2(b) വകുപ്പ് പ്രകാരം കേന്ദ്രീയ വിദ്യാലയങ്ങൾ, സൈനിക വിദ്യാലയങ്ങൾ, നവോദയ വിദ്യാലയങ്ങൾ തുടങ്ങി കേരളത്തിൽ ധാരാളമായി സ്പെഷ്യലൈസ്ഡ് കാറ്റഗറി സ്കൂളുകൾ നടത്തപ്പെടുന്നുണ്ട്. അതൊന്നുംതന്നെ ഈ ബില്ലിന്റെ പരിധിയിൽ വരുന്നില്ല. അപ്പോൾ സംസ്ഥാനത്തെ ചില സി.ബി.എസ്.ഇ. വിദ്യാലയങ്ങൾ ഒഴിവാക്കപ്പെടുകയും ചില വിദ്യാലയങ്ങൾ ഇതിന്റെ പരിധിയിൽ കൊണ്ടുവരികയും ചെയ്യുമ്പോൾ സ്വാഭാവികമായും അത് ഡിസ്ക്രിമിനേഷനാണ്, അത് തുല്യതാവകാശ ത്തിനെതിരാണ്; മൗലികാവകാശത്തിനെതിരാണ്. അതുകൊണ്ട് ഈ രണ്ടർത്ഥത്തിൽ നോക്കുകയാണെങ്കിലും ഞാൻ നേരത്തേ സൂചിപ്പിച്ച ഭരണഘടനയുടെ 29, 254 തുടങ്ങിയ വകുപ്പുകൾക്ക് വിരുദ്ധമായതുകൊണ്ട് ഇത് പിൻവലിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. കെ. എം. മാണി: സർ, ഭരണഘടനാപരമായ പല പ്രശ്നങ്ങളും ഇതിൽ ഉദിച്ചിട്ടുണ്ട്. റൂൾ 71-ൽ പറയുന്നത് ഭരണഘടനാപരമായ ജ്യൂറിസ്ഡിക്ഷൻ ഇല്ലെങ്കിൽ ഒരു ഫുൾ ചർച്ച സ്പീക്കർ അനുവദിക്കണമെന്നാണ്. ക്ലോസ് 3(1) പ്രകാരം 2017-18 അദ്ധ്യയന വർഷം മുതൽ ഒന്നാം തരം മുതൽ പത്താം തരം വരെയുള്ള എല്ലാ സ്കൂളുകളിലും മലയാള ഭാഷ നിർബന്ധിതമായി പഠിപ്പിക്കണം എന്നുള്ളതാണ്. മലയാള ഭാഷയോട് നമുക്ക് ആദരവുണ്ട്, ഭാഷ പോഷിപ്പിക്കണം. ഭാഷാപോഷണം വളരെ നല്ലതാണ്, അത് വികസിപ്പിക്കേണ്ടതുമാണ്. ഇവിടത്തെ പ്രശ്നം അതല്ല. മാതൃഭാഷ പഠിപ്പിച്ചില്ലെങ്കിൽ ശിക്ഷ വരെ ഈ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. അത് പ്രായോഗികമല്ലാത്ത ഒരു കാര്യമാണ്. നിർബന്ധമായി പഠിപ്പിക്കണമെന്ന് പറയുന്നതിൽ പല ബുദ്ധിമുട്ടുകളുമുണ്ട്. നിയമസഭയുടെ ജ്യൂറിസ്ഡിക്ഷന് പുറത്ത് കേന്ദ്രത്തിന്റെ അധികാര പരിധിയിലേയ്ക്കുള്ള കടന്നുകയറ്റം ഇതിനകത്തുണ്ട്. ഈ പ്രശ്നം വിശദമായി പരിശോധിക്കേണ്ടതാണ്.

ഇവിടെ ശ്രീ. എം. ഉമ്മർ ചൂണ്ടിക്കാണിച്ചതുപോലെ ആർട്ടിക്കിൾ-254 കൺകറണ്ട് ലിസ്റ്റിൽ, ബില്ലിലെ ഇതേ വിഷയം സംബന്ധിച്ച് കേന്ദ്ര നിയമമുണ്ട്. ആർട്ടിക്കിൾ-254 അനുസരിച്ച് പ്രസിഡന്റിന്റെ അസന്റ് വാങ്ങിയാലേ നിയമ പ്രാബല്യം സിദ്ധിക്കുകയുള്ളൂ. 2009 -ലെ Right of Children to Free and Compulsory Education Act ആണ് കേന്ദ്രത്തിൽ നിലവിലുള്ള സമാനമായ മറ്റൊരു ആക്ട്. അങ്ങനെയിരിക്കെ സംസ്ഥാനത്തിന് കേന്ദ്രത്തിനുമേൽ ഡയറക്ഷൻ കൊടുക്കാൻ കഴിയില്ല. അഥവാ സംസ്ഥാനത്തിനകത്ത് പ്രവർത്തിക്കുന്ന കേന്ദ്ര സ്കൂളുകൾക്ക് ഡയറക്ഷൻ കൊടുക്കാൻ സംസ്ഥാനത്തിന് അധികാരമില്ല. ഇവിടെ സൂചിപ്പിച്ചതുപോലെ കേന്ദ്രീയ വിദ്യാലയം, നവോദയ വിദ്യാലയം, സൈനിക സ്കൂൾ, ഇന്റർനാഷണൽ സ്കൂൾ തുടങ്ങിയവയ്ക്ക് ഡയറക്ഷൻ കൊടുക്കാൻ സംസ്ഥാനത്തിന് അധികാരമില്ല. ബില്ലിലെ 3(1)-ൽ പറയുന്നത് സംസ്ഥാനത്തെ എല്ലാ സ്കൂളുകളിലും മലയാളം നിർബന്ധമാക്കണമെന്നാണ്. കേന്ദ്രീയ വിദ്യാലയങ്ങളിൽ മലയാളം, ഹിന്ദി തുടങ്ങിയവയൊക്കെ പഠിപ്പിക്കുന്നുണ്ട്.

മി. സ്പീക്കർ: ബിൽ സബ്ജക്ട് കമ്മറ്റിക്ക് പോയി തിരിച്ചുവന്നശേഷം ക്ലോസ് ബൈ ക്ലോസ് ഡിസ്കഷൻ ഉണ്ട്.

ശ്രീ. കെ. എം. മാണി: സർ, തമിഴ്, അറബി, കന്നഡ, സംസ്കൃതം സ്കൂളുകളുണ്ട്. ഇവിടെയൊക്കെ മലയാളം നിർബന്ധമാക്കൽ എങ്ങിനെ നടപ്പിലാക്കാൻ കഴിയും? അത് ഭരണഘടനാ വിരുദ്ധമാണ്. അത് ശരിയായിട്ടുള്ള കാര്യമല്ല. സർക്കാർ ഇക്കാര്യത്തിൽ പുനർവിചിന്തനം നടത്തണം. ആർട്ടിക്കിൾ 30-ൽ പറയുന്നത് മൈനോറിറ്റീസിന് അവരുടെ ചോയ്സ് അനുസരിച്ചുള്ള വിദ്യാഭ്യാസമാണ് നൽകേണ്ടത് എന്നാണ്. ജൂറിസ്ഡിക്ഷനില്ലെങ്കിൽ അതിനെക്കുറിച്ച് വിശദമായി ചർച്ച ചെയ്യണമെന്നാണ് നിയമം പറയുന്നത്. അതിന്റെ ലംഘനമാണ് ഈ ബില്ലിലെ വ്യവസ്ഥകൾ. ഇംഗ്ലീഷ് സംസാരിക്കണമെന്നതാണ് നമ്മുടെ പൊതുവായ തത്വം. ഇംഗ്ലീഷ് സംസാരിക്കാൻ കുട്ടികൾ പഠിക്കണം, എന്നാലേ വിദേശങ്ങളിലൊക്കെ പോകാനും അഖിലേന്ത്യാ മത്സരപരീക്ഷകളിൽ വിജയിക്കാനും കഴിയൂ. മലയാളം സംസാരിക്കുന്നതിന് പ്രത്യക്ഷമായോ പരോക്ഷമായോ യാതൊരു നിരോധനവും പാടില്ലെന്ന് പറയുന്നത് യുക്തിസഹമല്ല. പരോക്ഷമായ നിരോധനംപോലും മലയാളം സംസാരിക്കുന്നതിന് പാടില്ല എന്നുപറഞ്ഞാൽ ഇംഗ്ലീഷ് മീഡിയം സ്കൂളിന്റെ ഉദ്ദേശ്യംതന്നെ പരാജയപ്പെടുത്തുകയാണ്. ആർട്ടിക്കിൾ 348(3)-ൽ ഇംഗ്ലീഷല്ലാത്ത മറ്റുഭാഷകളിലാണ് ബില്ലുകളെങ്കിൽ അതിന്റെ ഓഥന്റിക്കേറ്റഡ് ഇംഗ്ലീഷ് തർജ്ജമ

കൂടി എൻക്ലോസ് ചെയ്തിരിക്കണം എന്നാണ് പറയുന്നത്. ഇംഗ്ലീഷ് ഭാഷയായിരിക്കും ബില്ലിലെ വ്യാഖ്യാനത്തിന്റെ ആധികാരിക ടെക്സ്റ്റ് എന്നാണ് നമ്മൾ സ്വീകരിച്ചിരിക്കുന്ന തത്വം. ബില്ലുകൾ മലയാളത്തിലായിരിക്കണമെന്ന് നിയമസഭാ ചട്ടങ്ങളിൽ പറയുന്നുണ്ടെങ്കിലും അതിന്റെ ഓഥന്റിക്കേറ്റഡ് ടെക്സ്റ്റ് ഗവർണർ അപ്രൂവ് ചെയ്ത് പബ്ലിഷ് ചെയ്ത ഇംഗ്ലീഷ് തർജ്ജമ യായിരിക്കും. ഇന്ത്യൻ കോൺസ്റ്റിറ്റ്യൂഷൻ ആർട്ടിക്കിൾ 345 അനുസരിച്ച് സംസ്ഥാനം ഒരു നിയമംവഴി ഔദ്യോഗിക ഭാഷ തീരുമാനിക്കുംവരെ ഇംഗ്ലീഷ് ഭാഷ ഉപയോഗിക്കണം. കേരളത്തിൽ ഒരു നിയമമുണ്ട്, അതിൽ ഇംഗ്ലീഷും മലയാളവും ഒഫീഷ്യൽ ലാംഗ്വേജായി ഉപയോഗിക്കാമെന്നാണ് പറഞ്ഞിരിക്കുന്നത്. ഹയർ സ്റ്റഡീസ്, ടെക്നിക്കൽ സ്റ്റഡീസ്, ആൾ ഇന്ത്യ സർവ്വീസ്, ഇന്റർവ്യൂ ഇവയ്ക്കൊക്കെ ഇംഗ്ലീഷ് വേണം. അങ്ങനെയിരിക്കെ ഇംഗ്ലീഷിനെ പിൻതള്ളുന്നത് ശരിയല്ല. മലയാളം ഉപയോഗിച്ചില്ലെങ്കിൽ പണിഷ്മെന്റുപോലും പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് സർക്കാർ ഇക്കാര്യം പുനഃപരിശോധിക്കണം, നിർബന്ധമാക്കാൻ പാടില്ല, ശിക്ഷ കൽപ്പിക്കാൻ പാടില്ല എന്നാണ് എന്റെ അഭിപ്രായം.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഇന്നത്തെ സുപ്രധാന നിയമസഭാ സമ്മേളനത്തിൽ മാതൃഭാഷയുമായി ബന്ധപ്പെട്ട് ഒരു ബിൽ വന്നതിൽ ഏറെ സന്തോഷിക്കുന്നു. എനിക്ക് മുൻപ് സംസാരിച്ചപ്പോൾ തടസ്സവാദങ്ങളുന്നയിച്ച രണ്ട് ബഹുമാന്യ അംഗങ്ങൾ ചൂണ്ടിക്കാണിച്ച പോലെ തീരെ അവധാനതയില്ലാതെ ഒരു പ്രൈവറ്റ് ബില്ലിന്റെ മാതൃകയിലാണ് ഇത് അവതരിപ്പിച്ചത്. സാധാരണ ഏറ്റവും കൂടുതൽ വരുന്നത് ഓരോ വിഭാഗങ്ങൾക്കുമുള്ള ക്ഷേമനിധിയുമായി ബന്ധപ്പെട്ട ബില്ലാണ്. ആ ബില്ലിന് കാണിക്കുന്ന അവധാനതപോലും ഈയൊരു ബില്ലിലുണ്ടായില്ലെന്ന് പറയേണ്ടി വന്നതിൽ ഖേദമുണ്ട്. ഭരണഘടനാ വിരുദ്ധമായി ഒരു നിയമം പാസ്സാക്കിയാൽ അതിന് നിലനിൽപ്പില്ല. ഇന്നേ ദിവസം പാസ്സാക്കുന്ന ബിൽ, നിലനിൽപ്പില്ലാതെ, പ്രസിഡന്റിന്റെ അസന്റ് കിട്ടാതെ പോയാൽ, കോടതികൾ തള്ളിക്കളഞ്ഞാൽ അത് നമ്മുടെ നിയമസഭയ്ക്കുതന്നെ കുറച്ചിലാണ്; അതുകൊണ്ടാണിത് ചൂണ്ടിക്കാണിക്കുന്നത്.

മി. സ്പീക്കർ: അത് ചൂണ്ടിക്കാണിക്കാൻ തടസ്സവാദങ്ങൾ വേണമെന്നില്ല. സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വരുമ്പോൾ വിശദമായ ചർച്ചയ്ക്ക് വിധേയമാക്കാം. മലയാളികൾ മലയാളം പഠിക്കണം എന്ന ബില്ല് വരുമ്പോൾ തടസ്സവാദമുന്നയിക്കണോ എന്ന് ആലോചിച്ചാൽ മതി.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ ക്ലോസ് ബൈ ക്ലോസ് ഡിസ്കഷനിലേയ്ക്ക് പോകുന്നില്ല; തടസ്സവാദങ്ങളുന്നയിക്കുകയുമല്ല. മലയാളനാട്ടിൽ മലയാളികൾ

മലയാള ഭാഷ പഠിക്കണം, അതിന് വികസനമുണ്ടാകണം, എല്ലാവിധത്തിലുള്ള പുരോഗതിയുമുണ്ടാകണം. ഞങ്ങളെല്ലാം അതിന്റെ കൂടെയാണ്, പക്ഷേ മലയാളികളല്ലാത്തവരും ഇവിടെയുണ്ട്. അവരുടെ ഭാഗത്തുനിന്നും ഒരു ഒബ്ജക്ഷൻ വന്നാൽ ഈ ബില്ലിന്റെ സ്ഥിതിയെന്താവും? ഇപ്പോൾത്തന്നെ കാസർഗോഡ് നിന്നുള്ള എം.എൽ.എ.-മാരായ ശ്രീ. എൻ. എ. നെല്ലിക്കുന്നും, ശ്രീ. പി. ബി അബ്ദുൽ റസ്സാക്കും കന്നഡ സ്കൂളുകൾ നടത്തുന്നവർ ഇതിനകംതന്നെ അവരെ സമീപിച്ചു കഴിഞ്ഞുവെന്ന കാര്യം ചൂണ്ടിക്കാണിച്ചു. എന്റെ തടസ്സവാദം ന്യൂനപക്ഷങ്ങളുടെ സംരക്ഷണത്തിനാണ്. ആർട്ടിക്കിൾ 29-ൽ പറയുന്നത് " ഭിന്നമായ ഭാഷയോ, സംസ്കാരമോ, ലിപിയോ, സ്വന്തമായുള്ള ഏതൊരു വിഭാഗത്തിനും അത് സംരക്ഷിക്കുന്നതിനുള്ള അവകാശമുണ്ട്" എന്നാണ്. It is a fundamental right. ഈ റൈറ്റ് ഉപയോഗിച്ചുകൊണ്ട് അവർ കോടതിയിൽ പോയാൽ നിയമം പുറത്തുപോകും; അവരുടെ ഇഷ്ടപ്രകാരമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ സ്ഥാപിക്കുവാനും ഭരണം നടത്തുവാനും അവകാശമുണ്ടായിരിക്കുന്നതാണ്. നിയമത്തിന്റെ മലയാളം ഇതാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട എൻ. ഷംസുദ്ദീൻ, നേരത്തേ എം. ഉമ്മർ ഇക്കാര്യം ഇവിടെ സൂചിപ്പിച്ചു കഴിഞ്ഞു. ഇനി ആവർത്തിക്കേണ്ടതില്ല.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഞാൻ പറഞ്ഞോട്ടെ, .....right to establish and administer educational institutions of their choice. അതുകൊണ്ട് ഞാൻ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നത് ഇതാണ്, ഭരണഘടനാവിരുദ്ധമായിട്ടുള്ള ഈ നിയമത്തിന് നിലനിൽപ്പില്ലാതെ പോകും എന്നതുകൊണ്ട്, നമ്മൾ മലയാള ഭാഷയ്ക്കുവേണ്ടി ഒരു നിയമമുണ്ടാക്കുമ്പോൾ അത് നിലനിൽക്കുന്നതായിരിക്കണം, അത് സമഗ്രമായിരിക്കണം, അതുകൊണ്ട് ഇത് പിൻവലിച്ച് സമഗ്രമായ രീതിയിൽ ഒരു ബിൽ കൊണ്ടുവരാൻ ശ്രമിക്കണം. ഇവിടെ നമ്മൾ പാസ്സാക്കിയ 2015-ലെ മലയാള ഭാഷാ (വ്യാഖ്യാനവും പരിപോഷണവും) ബിൽ, ഇപ്പോഴും രാഷ്ട്രപതിയുടെ അസന്റിനുവേണ്ടി കാത്തിരിക്കുകയാണ്. അതുകൊണ്ട് ഭരണഘടന അനുസൃതമായിരിക്കണം നിയമങ്ങൾ. ഈ നിയമത്തെ ഭരണഘടനയ്ക്കുള്ളിൽ കൊണ്ടുവരാൻ നമുക്ക് സാധിക്കും. അതിനനുസരിച്ച് അവധാനതയോടെ ഒരു പ്രിപ്പറേഷനുണ്ടാകണമെന്ന തടസ്സവാദം മാത്രമാണുള്ളത്. ഇന്നത്തെ ദിവസം ശ്രീ. എം. ഉമ്മർ സൂചിപ്പിച്ചതുപോലെ, തടസ്സവാദം ഉന്നയിക്കുന്നതിൽ പ്രയാസമുണ്ട്. പക്ഷേ ഇത് അക്കാദമിക് ഇന്ററസ്റ്റിൽ കാണുമ്പോൾ, ഒരു നിയമം വന്നപ്പോൾ തടസ്സവാദം ഉന്നയിക്കാൻ സാമാജികർ ഇല്ലെന്നുവരുന്നതും നമുക്കൊരു പോരായ്മയാണ്. നിയമപരമായ വസ്തുതയും, ഭരണഘടനാപരമായ സംഗതിയുമാണ് ഞങ്ങൾ ചൂണ്ടിക്കാണിച്ചിട്ടുള്ളത്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ,

ഈ ബില്ലുമായി ബന്ധപ്പെട്ട് പ്രസക്തമായ കാര്യങ്ങളാണ് ഇവിടെ ക്രമപ്രശ്നമായി കൊണ്ടുവന്നതെന്ന് എനിക്ക് തോന്നുന്നില്ല. സംസ്ഥാനത്തെ എല്ലാ വിദ്യാലയങ്ങളിലും 2017-18 അദ്ധ്യയന വർഷം മുതൽ ഒന്നാം തരം മുതൽ പത്താം തരം വരെയുള്ള ക്ലാസ്സുകളിൽ ഒരു ഭാഷ എന്നുള്ള നിലയിൽ മലയാളം പഠിപ്പിക്കേണ്ടതാണ്. എന്നാൽ ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ മലയാളം മീഡിയമാക്കാൻ പോകുന്നുവെന്നുള്ള തെറ്റായ ധാരണയാണ് ഇവിടെ വന്നിട്ടുള്ളത്. മലയാളത്തെ സ്നേഹിക്കുന്ന മലയാളികളുടെ ഒരു ചിരകാല സ്വപ്നമാണ് ഇവിടെ യാഥാർത്ഥ്യമാകാൻ പോകുന്നത്. ഇതുമായി ബന്ധപ്പെട്ട് മലയാളം മിഷന്റെ ഒരു യോഗം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വിളിച്ചുചേർത്തിരുന്നു. ഞാൻ മലയാളം മിഷന്റെ വൈസ് ചെയർമാൻ കൂടിയായിരുന്നു. മരിക്കുമ്പോൾ സന്തോഷത്തോടുകൂടി എനിക്ക് മരിക്കാൻ സാധിക്കുമെന്നാണ് ഇതുമായി ബന്ധപ്പെട്ട് സുഗതകുമാരി ടീച്ചർ പറഞ്ഞത്. അതാണ് ഈ ബില്ലിന്റെ പ്രത്യേകത. ഇത് നിയമസഭയുടെ ചരിത്രത്തിൽ സ്വർണ്ണലിപികളിൽ എഴുതപ്പെടുന്ന ഒരു നിയമമായിരിക്കും. ഇതിനെ രാഷ്ട്രീയമായോ അല്ലെങ്കിൽ നിയമപരമായോ എതിർക്കേണ്ട ഒരാവശ്യവുമില്ല. എന്തിനാണ് ഇതിനെ എതിർക്കുന്നത് എന്നുള്ളത് എനിക്ക് മനസ്സിലാകുന്നില്ല. രാഷ്ട്രീയമായി എതിർക്കാൻ സാധിക്കില്ല. വേണമെങ്കിൽ നിയമപരമായി ചോദ്യം ചെയ്യാം. അതിന് മറുപടി പറയാൻ സർക്കാർ ബാദ്ധ്യസ്ഥമാണ്. രാഷ്ട്രീയമായി ഇതിനെ എതിർക്കേണ്ട എന്ത് കാര്യമാണുള്ളത്; ഈ ബില്ലിനെ എതിർക്കേണ്ട എന്ത് ആശങ്കയാണുള്ളത്? ഈ ബിൽ കേരളത്തിലെ മലയാളികളുടെ ഒരു ചിരകാലാഭിലാഷമാണ്. അതാണ് ഇവിടെ യാഥാർത്ഥ്യമാകാൻ പോകുന്നത്. ഈ ബിൽ ഭരണഘടനാപരമായി നിലനിൽക്കില്ല എന്നാണ് ബഹുമാനപ്പെട്ട കെ. എം. മാണിയും ശ്രീ. എം. ഉമ്മറും ശ്രീ. എൻ. ഷംസുദ്ദീനും സൂചിപ്പിച്ചത്. ഈ ക്രമപ്രശ്നത്തിന് സമാനമായൊരു പെറ്റീഷനാണ് തമിഴ്നാട് ഹൈക്കോടതിയിൽ വന്നത്. 2006-ൽ ഇതിന് സമാനമായിട്ടുള്ള ഒരു നിയമം തമിഴ്നാട് നിയമസഭയിൽ കൊണ്ടുവന്നു. ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 29-നും ആർട്ടിക്കിൾ 30-നും വിരുദ്ധമാണെന്നാണ് തമിഴ്നാട് സർക്കാർ പാസ്സാക്കിയിട്ടുള്ള നിയമത്തിനെതിരായി കൊണ്ടുവന്ന പെറ്റീഷൻ. ഇതിന്റെ ഭാഗമായി ഇന്ത്യൻ ഭരണഘടനയുടെ ആർട്ടിക്കിൾ 29, ആർട്ടിക്കിൾ 30 തുടങ്ങിയവയെ ഒരു രൂപത്തിലും ചോദ്യം ചെയ്യുന്നില്ല എന്നുള്ളതാണ് ബഹുമാനപ്പെട്ട ഹൈക്കോടതി സൂചിപ്പിച്ചത്. 'Government had taken a policy decision to make Tamil Language compulsory from standard I to X. Tamil language was absolutely required for smooth running of day to day affairs of people living in the State and for carrying out daily administration. It was ultimately for legislatures to take decision on

Educational Policy one way or other. It was not for province of Court to decide on good or bad points of such policy, as jurisdiction of Court was limited to intervene in implementation of policy only when such policy was found to be against any Statute or Constitution. Therefore, there was no infringement of Article 29, 30 of the Constitution of India by introduction of Tamil as compulsory subject from standard I onwards'.

Shri. K. C. Joseph: Sir, I'm on a point of Order.

മി. സ്പീക്കർ: മന്ത്രിയുടെ മറുപടി അവസാനിപ്പിച്ചതിനുശേഷം താങ്കൾക്ക് അവസരം നൽകാം. ......പ്ലീസ്....പ്ലീസ്....ഇരിക്കൂ.

ശ്രീ. എ. കെ. ബാലൻ: സർ, ഞാൻ മറുപടി പറഞ്ഞതിനുശേഷം വഴങ്ങാം. ആർട്ടിക്കിൾ 29-ഉം ആർട്ടിക്കിൾ 30-ഉം മൈനോരിറ്റിയുമായി ബന്ധപ്പെട്ടുള്ളതാണ്. അതിനെ ഒരു രൂപത്തിലും ഇത് infringe ചെയ്യുന്നില്ല എന്ന് തമിഴ്നാട് ഹൈക്കോടതി കൃത്യമായി പറഞ്ഞു. അതിന്റെ ഭാഗമായി കോടതി സൂചിപ്പിച്ച കാര്യമിതാണ്, 'Though Article 30 does not lay down any limitations upon the right of the minority to administer educational institutions, the said right is not absolute and it is subject to reasonable restrictions issued in State interest. What could be the State interest is a policy of the Government to decide on various considerations. It is well accepted that the Courts can take into consideration the matter of common knowledge and presume that the Legislature understand and correctly appreciate the needs of its own people and particularly the interest of the students themselves. A Legislation with the above understanding culminated into one of the policy of the Government is neither unreasonable nor arbitrary'. അവസാനം കോടതി പറയുകയാണ്, 'In view of the above discussions, we hold that the impugned Legislation is not colourable exercise of power intended with any malafide intention to take away the rights of the Minorities to use their mother tongue as a medium of instruction and it does not in any way curtail the rights guaranteed on the minority institutions under Article 29(1) and 30(1) of the Constitution of India. The impugned Legislation is neither unreasonable, discriminatory nor it results in minority institutions loosing their character. Hence, the challenge to the impugned Act must be negatived. Accordingly the writ petitions fail and they are dismissed'. ഇവിടെ വന്ന ക്രമപ്രശ്നത്തിന്റെ

ഏതാണ്ട് ഉള്ളടക്കമാണ് ഇതുമായി ബന്ധപ്പെട്ടുകൊണ്ടുള്ള പെറ്റീഷനിലും വന്നിട്ടുള്ളത്. അതുകൊണ്ട് ആർട്ടിക്കിൾ 29-ഉം 30-ഉം ഒരു രൂപത്തിലും ഹിറ്റ് ചെയ്യുന്നില്ല. ഭരണഘടനാപരമായുള്ള ഒരു പ്രശ്നവും ഇതുമായി ബന്ധപ്പെട്ടില്ല. അതുകൊണ്ട് ശ്രീ. കെ. എം. മാണിയുടെ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

ശ്രീ. എം. ഉമ്മർ നാല് കാര്യങ്ങളാണ് സൂചിപ്പിച്ചത്. അതിൽ ആദ്യത്തേത് മൈനോരിറ്റിയുമായി ബന്ധപ്പെട്ടതാണ്. അതിന് ഞാൻ നേരത്തേ ഉത്തരം നൽകി. രണ്ടാമത്തേത്, സെൻട്രൽ ബോർഡ് ഓഫ് സെക്കൻഡറി എഡ്യൂക്കേഷൻ ആക്ട്, 2012-ന് വിരുദ്ധമാണ് ഇതെന്നാണ് പറഞ്ഞത്. ബഹുമാനപ്പെട്ട മെമ്പർ മനസ്സിലാക്കേണ്ട ഒരു കാര്യം, ഈ ബിൽ പാസ്സായാൽ അതിലുള്ള ഒരു ആർട്ടിക്കിളിനെയും ഇത് ചോദ്യം ചെയ്യുന്നില്ല. സെൻട്രൽ ബോർഡ് ഓഫ് സെക്കൻഡറി എഡ്യൂക്കേഷൻ ആക്ട്, 2012 ബിൽ ആയിട്ടേയുള്ളൂ, ഇതുവരെ അത് പാസ്സായിട്ടില്ല. സെക്കൻഡറി എഡ്യൂക്കേഷനുമായി ബന്ധപ്പെട്ട് കേരളത്തിലെ സ്ഥാപനങ്ങൾക്ക് ഒരു ആശങ്കയും ഉണ്ടാകേണ്ട ആവശ്യമില്ല. മൂന്നാമത്തേത്, ഏതെങ്കിലും സ്കൂളിന്റെ അംഗീകാരം പിൻവലിച്ചാൽ 2009-ലെ Right of Children to Free and Compulsory Education Act-ന്റെ വ്യവസ്ഥപ്രകാരം ഒരു ബുദ്ധിമുട്ടുമുണ്ടാകുന്നില്ല. ഏതെങ്കിലും രൂപത്തിൽ എൻ.ഒ.സി. റദ്ദ് ചെയ്യുന്നുണ്ടെങ്കിൽ സമീപ സ്കൂളുകളിൽ അവിടെയുള്ള വിദ്യാർത്ഥികൾക്ക് പ്രവേശനം നൽകുക എന്നത് മാൻഡേറ്ററിയാണ്. അത് Right of Children to Free and Compulsory Education ഗ്യാരന്റി ചെയ്യുന്നുണ്ട്. നാലാമത്തെ കാര്യം, സ്പെഷ്യൽ കാറ്റഗറി എന്ന വിഭാഗത്തെ ബില്ലിൽ ഒഴിവാക്കിയിട്ടില്ല എന്നതാണ്. എന്നാൽ ബില്ലിലെ നിർവചനത്തിൽ 2(ബി) പ്രകാരം 'സംസ്ഥാന സർക്കാരിന്റെ നിയന്ത്രണ പരിധിയിൽ വരുന്ന സ്കൂളുകൾക്ക് മാത്രമേ' ഈ നിയമം ബാധകമാകൂ. അതുകൊണ്ട് ബഹുമാനപ്പെട്ട എം. ഉമ്മർ പറഞ്ഞ നാല് കാര്യങ്ങളും ഈ ബില്ലുമായി ബന്ധപ്പെട്ട് നിലനിൽക്കുന്നതല്ല. ഇതാണ് ക്രമപ്രശ്നവുമായി ബന്ധപ്പെട്ട് സൂചിപ്പിക്കാനുള്ളത്.

ശ്രീ. എം. ഉമ്മർ: സർ, .......

മി. സ്പീക്കർ: ഇനി ചർച്ചയ്ക്ക് അവകാശമുണ്ട്. ചർച്ച കഴിഞ്ഞ് സബ്ജക്ട് കമ്മിറ്റിയിൽ പോകും. നിങ്ങൾ തടസ്സവാദം ഉന്നയിച്ചതിന് ബഹുമാനപ്പെട്ട മന്ത്രി മറുപടി പറഞ്ഞു.

ശ്രീ. എം. ഉമ്മർ: സർ, .......(മൈക്ക് ഓഫ്).........

മി. സ്പീക്കർ: ഇല്ലാത്ത കീഴ്വഴക്കങ്ങൾ ശ്രീ. എം. ഉമ്മർ കൊണ്ടുവരരുത്. അങ്ങ് വിഷയം ഉന്നയിച്ചു. അതിന് അദ്ദേഹം വിശദീകരണം നൽകി. ചെയർ

റൂളിംഗ് നൽകും. അതിനുശേഷം ചർച്ചയിൽ പങ്കെടുക്കാം. നിങ്ങൾക്ക് സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്യാം.

ശ്രീ. എം. ഉമ്മർ: സർ, ബഹുമാനപ്പെട്ട മന്ത്രി മറുപടി പറയുമ്പോൾ ഒരു വസ്തുതയുമില്ലാതെ പറയരുത്. ( മൈക്ക് ഓഫ്)

മി. സ്പീക്കർ: അത് രണ്ട് പൊസിഷനിൽനിന്ന് രണ്ടുപേർക്കും വ്യാഖ്യാനിക്കാൻ പറ്റും. പരസ്പരം വ്യാഖ്യാനിച്ച് കൺവിൻസ് ചെയ്യാൻ സാധിക്കുമോ?

ശ്രീ. എം. ഉമ്മർ: സർ, ഇതൊരു ലെജിസ്ലേറ്റീവ് ഡിബേറ്റാണ്. അങ്ങ് പറയാൻ അനുവദിക്കണം. ചെയർ റൂൾ ചെയ്യുന്നതിനുമുമ്പ് നിയമനിർമ്മാണവുമായി ബന്ധപ്പെട്ട് ഒരു കോൺസ്റ്റിറ്റ്യൂഷണൽ പ്രശ്നം പറയുകയാണ്. ഒറ്റവാചകം ഞാൻ പറഞ്ഞോട്ടെ. തമിഴ്നാട് ഗവൺമെന്റ് പാസ്സാക്കിയ നിയമത്തിൽ സി.ബി.എസ്.ഇ.യെ ഉൾപ്പെടുത്തിയിട്ടില്ല. ബഹുമാനപ്പെട്ട മിനിസ്റ്റർ മിസ്‍ലീഡ് ചെയ്യുകയാണ്. .......ബഹളം........

മി. സ്പീക്കർ: അത് സബ്ജക്ട് കമ്മിറ്റിയിൽ പോയി വരട്ടെ. അപ്പോൾ ക്ലോസ് ബൈ ക്ലോസ് എടുത്ത് ചർച്ച ചെയ്യാം. ഇരിക്കു....ഇരിക്കു..... (ബഹളം)....പ്ലീസ്...പ്ലീസ്....

ശ്രീ. എം. ഉമ്മർ: സർ, ഇത് രാഷ്ട്രീയമല്ല.

മി. സ്പീക്കർ: സർ, രാഷ്ട്രീയമല്ല ശരിയാണ്. അങ്ങ് ഇരിക്കു....പ്ലീസ്.... (ബഹളം)...........പ്ലീസ്....നിങ്ങൾ ഇടപെടേണ്ട...പ്ലീസ്...പ്ലീസ്....ദയവായി സീറ്റിൽ ഇരിക്കു......നിങ്ങൾക്ക് ആവശ്യത്തിന് സമയം നൽകി. നിങ്ങൾ വിശദീകരിക്കുകയും ചെയ്തു. അത് ഡിബേറ്റാക്കാൻ കഴിയില്ല. പ്ലീസ്.....പ്ലീസ്...

ശ്രീ. കെ. സി. ജോസഫ്: സർ, പോയിന്റ് ഓഫ് ഓർഡർ. വളരെ പ്രസക്തമായ കാര്യമാണ്.....(ബഹളം)....അങ്ങനെ അക്ഷമരാകരുത്; വിഷയം ഗൗരവമുള്ളതാണ്. ശ്രീ. എം. ഉമ്മറും ശ്രീ. കെ. എം. മാണിയും പറഞ്ഞ കാര്യങ്ങൾ വളരെ പ്രസക്തമാണ്. ഈ ബിൽ പാസ്സാക്കാനുള്ള സഭയുടെ കോമ്പീറ്റൻസിയാണ് ചോദ്യം ചെയ്യുന്നത്. ഈ സഭയിൽ ഒരു പ്രീസിഡന്റുണ്ട്. വർഷം ഞാൻ ഓർക്കുന്നില്ല. ഇതുപോലൊരു ബില്ലിന്റെ കാര്യത്തിൽ ഡിസ്പ്യൂട്ട് ഉണ്ടായപ്പോൾ അഡ്വക്കേറ്റ് ജനറലിനെ വിളിച്ചുവരുത്തി. ശ്രീ. എ. കെ. ബാലന്റെ സീറ്റിന് പുറകിലുള്ളത് എ.ജി.യുടെ സീറ്റാണ്. ശ്രീ. എം. ഉമ്മറും ശ്രീ. കെ. എം. മാണിയും ഉന്നയിച്ച കോമ്പീറ്റൻസിയുടെ പ്രശ്നം ഗുരുതരമായതിനാൽ എനിക്ക്

അപേക്ഷിക്കാനുള്ളത്, ബിൽ ചർച്ച ചെയ്യുന്ന വേളയിൽ എ.ജി.യെ വിളിച്ചുവരുത്തി സഭ അഭിപ്രായം കേൾക്കണമെന്നാണ്. 2015-ൽ മലയാള ഭാഷ (വ്യാപനവും പരിപോഷണവും) ബിൽ പാസ്സാക്കി. 2015-ൽ ഞാനാണ് ആ ബിൽ അവതരിപ്പിച്ചത്. ആ ബില്ലിന് ഇന്നുവരെ പ്രസിഡന്റിന്റെ അസന്റ് കിട്ടിയിട്ടില്ല. ആ ബിൽ ഇതിനേക്കാൾ ഭാഷാ പരിപോഷണത്തിന് വ്യവസ്ഥകളുള്ളതായിരുന്നു. 10-ാം ക്ലാസ്സുവരെ ഗവൺമെന്റ്/എയ്ഡഡ് സ്കൂളുകളിൽ ഭാഷ മലയാള മാകണമെന്നാണ് അതിൽ പറഞ്ഞിരുന്നത്. ഗവൺമെന്റ്/ എയ്ഡഡ്/ സി.ബി.എസ്.ഇ./ഐ.സി.എസ്.ഇ. സ്കൂളുകളിൽ മലയാളം വേണമെന്നാണ് ഈ ബില്ലിൽ പറഞ്ഞിരിക്കുന്നത്. അന്ന് പരിമിതമായി പറഞ്ഞിട്ടുപോലും ആ ബില്ലിന് ഇന്നുവരെ പ്രസിഡന്റിന്റെ അസന്റ് ലഭിച്ചിട്ടില്ലെന്നുള്ളത് കാണാതെപോകരുത്. അതിനുകാരണം സഭയ്ക്ക് കൺകറന്റ് ലിസ്റ്റിൽപ്പെട്ട നിയമങ്ങൾ പാസ്സാക്കാനുള്ള കോമ്പീറ്റൻസിയാണ്. അതുകൊണ്ട് ഇത്തരം കാര്യങ്ങൾ പരിശോധിക്കണം. ചർച്ചയ്ക്ക് വിരോധമില്ല. നിയമസാധുത പരിശോധിക്കാതെ പോയാൽ 2015-ലെ ബിൽ പോലെ ഈ ബില്ലും വഴിയിലാകും, നിയമമാകില്ല.

ശ്രീ. കെ. എം. മാണി: സർ, തമിഴ്നാട് ഹൈക്കോടതി വിധിക്കകത്ത് ഭാഷ കമ്പൽസറി ആക്കുന്നത് ചർച്ചാവിഷയമായിരുന്നോ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, സി.ബി.എസ്.ഇ.-യും ഐ.സി.എസ്.ഇ.-യും സെൻട്രൽ ബോർഡിന്റെ കീഴിലുള്ളതാണ്. ഇവിടെ പാസ്സാക്കുന്ന നിയമം അതിനുംകൂടി ബാധകമാകുമോ; നിലനിൽക്കുമോയെന്ന് ദയവായി അങ്ങ് പരിശോധിക്കണമെന്നാണ് എനിക്ക് ഓർമ്മിപ്പിക്കാനുള്ളത്. രണ്ടും രണ്ടാണ്. കേരള സിലബസിലുള്ളതും കേരള സർക്കാരിന്റെ കീഴിലുള്ളതുമായ സ്കൂളുകൾക്ക് ബാധകമാകുന്ന ഏത് നിയമവും പാസ്സാക്കാൻ കോമ്പീറ്റൻസിയുണ്ട്. എന്നാൽ സെൻട്രൽ ബോർഡ് ഓഫ് സെക്കൻഡറി എഡ്യൂക്കേഷൻ പരീക്ഷ നടത്തുമ്പോൾ കേരളത്തിൽ ഒരു നിയമം പാസ്സാക്കിയാൽ അത് നിലനിൽക്കുമോ എന്നുള്ളത് പരിശോധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

മി. സ്പീക്കർ: നല്ല ഒരു ലക്ഷ്യത്തിലേയ്ക്കുള്ള യാത്ര ആരംഭിക്കുകയാണ്. വഴിയിൽ തടസ്സങ്ങളുണ്ടെങ്കിൽ അപ്പോൾ തട്ടിമാറ്റാം. കുറച്ചകലെ തടസ്സമുണ്ടെന്ന് കരുതി യാത്ര ആരംഭിക്കരുതെന്ന് പറയുന്നത് ശരിയല്ല.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, അത് പരിശോധിച്ചാൽ മതി. ..... (ബഹളം)....

<u>മി. സ്പീക്കർ</u>: അസന്റ് കിട്ടാത്ത വേറെയും ബില്ലുകളുണ്ട്. അതൊന്നും ഇവിടെ ഡിബേറ്റ് ചെയ്യാൻ കഴിയില്ല.

<u>ശ്രീ. എ. കെ. ബാലൻ</u>: സർ, ലെജിസ്ലേറ്റീവ് കോമ്പീറ്റൻസിയെക്കുറിച്ച് നിയമ വകുപ്പിനും ഗവൺമെന്റിനും യാതൊരു സംശയവുമില്ല. അതുകൊണ്ട് ഒരു അപ്രിഹെൻഷൻസും ഇതിന്റെ ഭാഗമായി ആവശ്യമില്ല. തമിഴ്നാടിനെ സംബന്ധിച്ചിടത്തോളം തമിഴ് ഭാഷ നിർബന്ധതമാണെന്ന് തന്നെയാണ് ആക്ടിലുള്ളത്. ഏതെങ്കിലും രൂപത്തിലുള്ള നിയമപ്രശ്നങ്ങളുണ്ടെങ്കിൽ ഇനിയും സമയമുണ്ടല്ലോ. ഇതിന്റെ ഇന്റൻഷനെ ചോദ്യം ചെയ്യേണ്ട കാര്യമില്ല. ഈ ബിൽ സദുദ്ദേശ്യത്തോടെ കൊണ്ടുവന്നിട്ടുള്ളതാണ്. നിയമപ്രശ്നങ്ങളുണ്ടെങ്കിൽ നമുക്ക് കൂട്ടായി സുപ്രീംകോടതി വരെ പോകാം. നിലവിൽ പ്രശ്നങ്ങളൊന്നുമില്ല. ബില്ലിന്റെ അവതരണവുമായി ബന്ധപ്പെട്ട് ലെജിസ്ലേറ്റീവ് കോമ്പീറ്റൻസിയുണ്ടോയെന്നുള്ളത് ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗിന്റെ ഭാഗമായി പറഞ്ഞാൽ മതി.

## VI. റൂളിംഗ്

<u>മി. സ്പീക്കർ</u>: സർവ്വശ്രീ. എം. ഉമ്മർ, കെ. എം. മാണി, എൻ. ഷംസുദ്ദീൻ എന്നീ അംഗങ്ങൾ ഉന്നയിച്ച തടസ്സവാദങ്ങൾക്ക് ബഹുമാനപ്പെട്ട പാർലമെന്ററി കാര്യ വകുപ്പുമന്ത്രി വിശദീകരണം നൽകുകയുണ്ടായി. ബില്ലിലെ വ്യവസ്ഥകൾ പ്രത്യക്ഷത്തിൽ നിയമസഭയുടെ നിയമനിർമ്മാണ അധികാരങ്ങൾക്ക് പുറത്താണെന്നോ ഭരണഘടനാവിരുദ്ധമാണെന്നോ ഉള്ള തടസ്സവാദങ്ങൾ നിലനിൽക്കുന്നതല്ലെന്നാണ് ചെയറിന്റെയും അഭിപ്രായം. എന്നാൽ ബില്ലിലെ ഏതാനും ഖണ്ഡങ്ങളെ സംബന്ധിച്ച് ആഴത്തിലുള്ള പഠനവും പരിശോധനയും വേണ്ടിവന്നേക്കാമെന്ന് തന്നെയാണ് ചെയർ കരുതുന്നത്. അപ്രകാരമുള്ള പരിശോധനകൾ ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റി തലത്തിൽ നടത്താൻ അവസരമുണ്ട്. ആ അവസരം ബഹുമാന്യരായ അംഗങ്ങൾ വിനിയോഗിക്കണം. ബില്ലിന്റെ അവതരണത്തിനെതിരെയുള്ള തടസ്സവാദങ്ങൾ നിലനിൽക്കുന്നതല്ലെന്ന് റൂൾ ചെയ്യുന്നു.

### നിയമനിർമ്മാണകാര്യം (തുടർച്ച)

വിദ്യാഭ്യാസ വകുപ്പുമന്ത്രി <u>(പ്രൊഫ. സി. രവീന്ദ്രനാഥ്)</u>: സർ, 2017-ലെ മലയാള ഭാഷ (നിർബന്ധിത ഭാഷ) ബിൽ വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, സഖാവ് ഇ.എം.എസ്. മുഖ്യമന്ത്രിയായ കേരളത്തിന്റെ ആദ്യ മന്ത്രിസഭയുടെ 60-ാം വാർഷികത്തിൽ, കേരളത്തിന്റെ ആദ്യ വിഭ്യാഭ്യാസ വകുപ്പുമന്ത്രിയായ പ്രൊഫ. ജോസഫ് മുണ്ടശ്ശേരി വിദ്യാഭ്യാസ ബിൽ അവതരിപ്പിച്ചതടക്കം ചരിത്രമുറങ്ങുന്ന ഈ ഹാളിൽ വച്ചുതന്നെ ചരിത്രം രചിക്കാനുള്ള ഈ ബിൽ അവതരിപ്പിക്കാൻ കഴിഞ്ഞതിൽ മനസ്സ് നിറഞ്ഞ കൃതാർത്ഥതയോടെ രണ്ടുവാക്ക് സംസാരിക്കാം. ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി പറഞ്ഞതുപോലെ ഈ ബിൽ വർഷങ്ങളായി കേരളം പ്രതീക്ഷിക്കുന്നതാണ്. മാതൃഭാഷ പഠിക്കുകയെന്നത് ഭരണഘടനാവിരുദ്ധമാണെന്ന് ആരും പറയില്ല; പറയാൻ പാടില്ലെന്നാണ് എന്റെ അഭിപ്രായം. മാതൃഭാഷ പഠിക്കുന്നത് ഭരണഘടനാപരമാണ്, അത് മനുഷ്യന്റെ അവകാശം കൂടിയാണ്. ആ അർത്ഥത്തിൽ കേരളത്തിൽ പഠിക്കുന്ന എല്ലാ കുട്ടികളും മലയാളം പഠിക്കണമെന്ന ആശയത്തെ മുൻനിർത്തിയാണ് ഈ ബില്ലിനെ സമീപിക്കേണ്ടതും ചർച്ച നടക്കേണ്ടതുമെന്നാണ് എനിക്ക് ആദ്യമായി പറയാനുള്ളത്. അതിന്റെ ദാർശനികമായ തലമാണ് ഓരോ മലയാളിയും തിരിച്ചറിയേണ്ടത്. അതുകൊണ്ട് ആ അർത്ഥത്തിൽ വിശദമായ ചർച്ച നിയമസഭയിലും തുടർന്ന് സബ്ജക്ട് കമ്മിറ്റിയിലും ഉണ്ടാകേണ്ടതാണെന്നാണ് എനിക്ക് ആമുഖമായി പറയാനുള്ളത്.

മലയാള ഭാഷാ പഠനം നിരവധി വെല്ലുവിളികളെ നേരിടുന്ന പശ്ചാത്തലത്തിലാണ് ഈ ബിൽ അവതരിപ്പിക്കുന്നത്. കേരളത്തിൽ സർക്കാർ, എയ്ഡഡ്, അൺ എയ്ഡഡ്, സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. തുടങ്ങിയ എല്ലാ സ്കൂളുകളിലും 10-ാം ക്ലാസ്സുവരെ പഠിക്കുന്ന എല്ലാ വിദ്യാർത്ഥികളും മലയാളം പഠിച്ചിരിക്കണമെന്നതാണ് ഈ ബില്ലിന്റെ പ്രഥമലക്ഷ്യം. ആ ലക്ഷ്യം നടപ്പിലാക്കുമ്പോൾ നിലവിലുള്ള സ്കൂളുകളിലെ ഒരു കുട്ടിയുടെയും ഒരവകാശവും നിഷേധിക്കപ്പെടുകയില്ലെന്ന് നമുക്ക് ഉറപ്പാക്കാം. അക്കാര്യത്തിൽ ഒരു സംശയവും വേണ്ട. ഓറിയന്റൽ സ്കൂളുകൾ ഉൾപ്പെടെ പല തരത്തിലുള്ള സ്കൂളുകളുണ്ട്. ഉർദുവും സംസ്കൃതവും പഠിപ്പിക്കുന്ന സ്കൂളുകളിൽ ഇപ്പോൾ പഠിപ്പിക്കുന്ന മുഖ്യവിഷയങ്ങൾ നിലനിർത്തിക്കൊണ്ടുതന്നെ മലയാളം പഠിപ്പിക്കുകയെന്ന ലക്ഷ്യം സർക്കാർ ഏറ്റെടുക്കുകയാണ്. അവിടെ ആരുടെയെങ്കിലും തൊഴിൽ നഷ്ടപ്പെടുകയോ, മറ്റ് ഭാഷകളോ സംസ്കാരമോ പഠിക്കാനുള്ള അവസരം നഷ്ടപ്പെടുകയോ ചെയ്യുമെന്ന്

ആരും ഭയപ്പെടരുത്. ഇപ്പോൾ നിലനിൽക്കുന്ന അവരുടെ അവകാശങ്ങളെ കുറച്ചുകൂടി പരിപോഷിപ്പിക്കുന്ന തരത്തിൽ, സാംസ്കാരികമായ അവബോധം ഉണർത്തുന്ന രീതിയിൽ മാതൃഭാഷ പഠിപ്പിക്കണമെന്ന ലക്ഷ്യമാണ് സർക്കാരിനുള്ളത്; അതാണ് ഈ ബില്ലിലൂടെ പ്രതിഫലിപ്പിക്കുന്നത്. അത് നിലവിൽ കേരളത്തിലുള്ള എല്ലാ പ്രതിസന്ധികളെയും മറികടക്കാനുള്ള സാംസ്കാരിക ഇടപെടലായി കാണണമെന്നാണ് അഭ്യർത്ഥിക്കാനുള്ളത്. അത്തരത്തിൽ തീർച്ചയായും എല്ലാ കുട്ടികളും മലയാളം എഴുതാനും വായിക്കാനും പഠിക്കണമെന്നത് മാത്രമല്ല ആത്യന്തികമായ ലക്ഷ്യം. മാതൃഭാഷയാണ് പഠിക്കുന്നതെന്നുള്ളതുകൊണ്ട് അതിന് വിശാല തലത്തിലുള്ള കുറേ അർത്ഥങ്ങളുണ്ട്. മാതൃഭാഷാ പഠനത്തിലൂടെ കേരളത്തിന്റെ ഭാഷാ സൗന്ദര്യ മണ്ഡലവും മാനവികതയുടെ മണ്ഡലവും നേരിടുന്ന പ്രതിസന്ധി പരിഹരിക്കുക എന്നതുകൂടി ഈ ബില്ലിന്റെയും സംസ്ഥാന സർക്കാരിന്റെയും ലക്ഷ്യമാണ്. മാനവികത നേരിടുന്ന വെല്ലുവിളികൾ പരിഹരിക്കുക എന്നതാണ് വിദ്യാഭ്യാസത്തിന്റെ ലക്ഷ്യം. കേവലം തൊഴിലാളികളെ സൃഷ്ടിക്കുക എന്നതിനപ്പുറം മാനവികത വികസിപ്പിച്ച് മനുഷ്യന്റെ ആശയതലങ്ങൾ വളർത്തി മനുഷ്യനും പ്രകൃതിയും തമ്മിലും മനുഷ്യനും മനുഷ്യനും തമ്മിലും മനുഷ്യനും ഇതര ജീവികളും തമ്മിലുമുള്ള സ്ഥൂലസൂക്ഷ്മ ബന്ധങ്ങൾ തിരിച്ചറിയുന്ന അവസ്ഥയിലേയ്ക്ക് മാനവികതയെ വളർത്തിയെടുക്കുകയെന്ന ലക്ഷ്യം ഇതിനുണ്ടെന്നുള്ളതാണ് നാം മനസ്സിലാക്കേണ്ട ഏറ്റവും പ്രധാനപ്പെട്ട കാര്യം. 1957 മുതൽ ഈ ലക്ഷ്യത്തിലെത്താൻ കേരളം നിരവധി ശ്രമങ്ങൾ വിദ്യാഭ്യാസത്തിലൂടെയും മറ്റ് മേഖലകളിലൂടെയും നടത്തിയിട്ടുണ്ട്. ഇതിന്റെ ഫലമായാണ് കേരളം വിശ്വപ്രസിദ്ധമായത്. എന്നാൽ ഇന്ന് ചില പ്രശ്നങ്ങൾ നിലവിലുണ്ട്.

വിദ്യാലയങ്ങളിൽ മാതൃഭാഷ പഠിപ്പിക്കണമെന്നുമാത്രമല്ല, ഒരു വിദ്യാലയത്തിലും മലയാളം സംസാരിക്കുന്നതിന് തടസ്സവുമുണ്ടാകരുത് എന്നുള്ളതും പ്രധാനപ്പെട്ട നിലപാടാണ്. മാതൃഭാഷയാണ് സ്വത്വം, മാതൃഭാഷയിലൂടെയാണ് മാനവ വികാസം സ്വായത്തമാക്കുന്നത് അതിന് തടസ്സമുണ്ടാക്കുന്നത്. വിദ്യാഭ്യാസമായി പരിഗണിക്കാൻ കഴിയില്ല. കാരണം വിദ്യാഭ്യാസം, മാനസിക വികസനത്തിന്റെ പ്രധാനപ്പെട്ട ഘടകമാണ്. പത്തുകൊല്ലത്തെ പഠനശേഷവും മാതൃഭാഷ തെറ്റുകൂടാതെ എഴുതാൻ കഴിയാത്ത ഒരു വിഭാഗം കുട്ടികൾ സ്കൂൾ വിദ്യാഭ്യാസം പൂർത്തിയാക്കുന്നുവെന്ന് ആക്ഷേപമുണ്ട്. ഞാൻ പൂർണ്ണമായും അതിനോട് യോജിക്കുന്നില്ലെങ്കിലും ചില പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ട്, അതും

പരിഹരിക്കപ്പെടേണ്ടതുണ്ട്. മലയാളപഠനം നേരിടുന്ന വെല്ലുവിളി, കേരളത്തിൽ അനുഭൂതിയുടെയും സൗന്ദര്യത്തിന്റെയും മണ്ഡലങ്ങൾ നേരിടുന്ന വെല്ലുവിളി കൂടിയാണ്. വളരെ ഗൗരവ്വപൂർവ്വം ഇത് പരിഹരിക്കപ്പെടണം. ഇല്ലെങ്കിൽ വിദ്യാഭ്യാസ വികാസം പൂർണ്ണമാകില്ല. ലോകത്തിന്റെ നെറുകയിൽ നമ്മൾ നിൽക്കുന്നുവെന്നുള്ളത് ഭാവിയിൽ അർത്ഥവത്തായി മാറുകയില്ല. മറ്റ് ഭാഷകൾ പഠിപ്പിക്കുന്നതിന്റെയും പഠിക്കുന്നതിന്റെയും ഉദ്ദേശ്യമല്ല മാതൃഭാഷാ പഠനത്തിനുള്ളത്. മാതൃഭാഷാ പഠനത്തിന് ഒരു ദാർശനികതലം കൂടിയുണ്ട്. മനുഷ്യന്റെ ആശയ-സൗന്ദര്യ-അനുഭൂതി മണ്ഡലങ്ങൾ വികസിപ്പിക്കുന്നതിനും മാനവ വികാസത്തിനുമുള്ള ഉത്തമ ഉപകരണമാണ് മാതൃഭാഷ. മറ്റ് ഭാഷയിലൂടെ അത് സാദ്ധ്യമല്ല. മലയാള പഠനം നിർബന്ധമാക്കുന്നത് ഈ മണ്ഡലങ്ങളുടെ സമഗ്ര വികസനത്തിലൂടെ മാനവികതയുടെ പ്രകാശ ഗോപുരങ്ങൾ സൃഷ്ടിക്കുന്നതിനുവേണ്ടിയാണ്. മാതൃഭാഷാ പഠനമല്ല, മാതൃഭാഷാ സാഹിത്യം യഥാർത്ഥ പഠന വിഷയമല്ലാതാകുന്നുവെന്ന പ്രശ്നംപോലും ഗൗരവമാണ്. ഇതും പരിഹരിക്കപ്പെടേണ്ടതുണ്ട്. ഈ ബില്ലിന്റെ തുടർ പ്രവർത്തനങ്ങളിൽ അതെല്ലാം ലക്ഷ്യമായി വരുന്നുവെന്നതുകൂടി ഉൾക്കൊണ്ടുകൊണ്ട് ഈ ബിൽ ചർച്ച ചെയ്യേണ്ടതുണ്ട്. ഭാഷാപഠന ദർശനത്തിലേയ്ക്ക് മലയാള പഠനത്തെ ഉയർത്തണമെന്ന ലക്ഷ്യമാണ് സർക്കാരിനുള്ളത്. അറിവല്ല അനുഭൂതിയാണ് വ്യക്തിയെ നിർണ്ണയിക്കുന്നതെന്ന് നമുക്കെല്ലാവർക്കുമറിയാം. മനുഷ്യചിന്തയും അന്വേഷണ ഭാവങ്ങളും രൂപപ്പെടുത്തുന്നത് മാതൃഭാഷാ മാധ്യമത്തിലൂടെയാണ്. മറ്റൊരു ഭാഷ അനുകരിച്ച് ശീലിച്ച ഒരാൾക്ക് ചിന്താപരമായ അടിമത്തം നേരിടേണ്ടിവരും. ചിന്താപരമായ അടിമത്തം വൈജ്ഞാനിക വികാസത്തിന് തടസ്സമായി തീരും. ആ അടിമത്തത്തിന്റെ പാതയിലൂടെ മലയാളികൾ നടന്നു നീങ്ങുന്നതിനെ ക്രിയാത്മകമായി പ്രതിരോധിക്കാൻ കൂടിയാണ് ഈ ബിൽ. കൈകൊണ്ടും കാൽ കൊണ്ടുമല്ലാതെ മനസ്സുകൊണ്ടും തങ്ങളുടെ സർഗ്ഗശേഷി കൊണ്ടും സൃഷ്ടി നടത്താൻ കഴിയാത്ത അവസ്ഥയിലേയ്ക്കാണ് നാം പോകുന്നത്. കമ്പോളത്തിന്റെ സർഗ്ഗശേഷി വികസനത്തിനാവശ്യമായ ഭാഷ മതിയെന്ന പ്രതിലോമ ദർശനം നമ്മളെ കീഴ്പ്പെടുത്തുന്നു. സാർത്ഥകമായ ചിന്തയ്ക്ക് തനിമയുള്ളതും ചരിത്രാവബോധമുള്ളതുമായ ഭാഷ കൂടിയേതീരൂ. അതാണ് മാതൃഭാഷ. മാതൃഭാഷ പഠിക്കുന്നതിനുള്ള തടസ്സങ്ങൾ നീക്കുന്നതിന് കേരളീയർ ഒറ്റക്കെട്ടായി നിലപാട് എടുക്കേണ്ടതാണ്. ഇവിടെ അതാണ് സംസ്ഥാന സർക്കാർ ആവശ്യപ്പെടുന്നത്. ചിന്തയുടെ പ്രഭവകേന്ദ്രം ഭാഷയാണ്. ചിന്തയുടെ നവീകരണം

ഭാഷയുടെ ശുദ്ധീകരണത്തിലൂടെ, നവീകരണത്തിലൂടെ മാത്രമേ കഴിയൂ. നാം നേരിടുന്ന വെല്ലുവിളികൾ നിരവധിയാണ്. അത് ഓരോന്നും ഇവിടെ വിവരിക്കുന്നില്ല. ഏതായാലും മലയാള ഭാഷാപഠനം നിർബന്ധമാക്കുന്നത് വിവിധ മാനവിക മണ്ഡലങ്ങളുടെ വളർച്ചയ്ക്കുവേണ്ടിയാണെന്ന വളരെ പ്രധാനപ്പെട്ട ആശയം ഞാൻ നിങ്ങളുടെ മുന്നിൽ വയ്ക്കുകയാണ്. ന്യൂനപക്ഷ താൽപ്പര്യങ്ങളും മനുഷ്യാവകാശങ്ങളും ലംഘിക്കാതെ, ഏത് ഭാഷ പഠിക്കുന്നതിനുള്ള അവകാശങ്ങളും ലംഘിക്കാതെ തന്റെ സ്വത്വം വളർത്തിയെടുത്ത് മാനവികതയുടെയും ദാർശനികതയുടെയും മണ്ഡലം വികസിപ്പിക്കാൻ മാതൃഭാഷ കേരളത്തിൽ ഓരോരുത്തരും പഠിക്കണമെന്ന ആശയംതന്നെ നിയമസഭയിലെ മുഴുവൻ പേരും ഒറ്റക്കെട്ടായി പറയേണ്ടതുണ്ട്. അത് കേരളത്തിന്റെ വളർച്ചയ്ക്ക് ആവശ്യമാണ്. അങ്ങനെ വളർന്ന രാഷ്ട്രങ്ങളാണ് ലോകത്തിന്റെ നെറുകയിലേയ്ക്കെത്തയിട്ടുള്ളത്. സ്വത്വം വളർത്തുകയും ആശയ-അനുഭൂതി മണ്ഡലങ്ങളെ വളർത്തുകയും ചെയ്യുന്നതാണ് യഥാർത്ഥത്തിൽ മനുഷ്യ വികസനമെന്നുപറയുന്നത്. അതിന് ഒരു തടസ്സവും സംസ്ഥാന സർക്കാർ ബില്ലിലൂടെ വരുത്തിയിട്ടില്ല. അത് ആ ബില്ലിൽ വളരെ വ്യക്തമായി പറയുന്നുണ്ട്. ഇനിയും തുടർന്നുവരുന്ന ചർച്ചകൾ, ബില്ലിന്റെ റൂൾസ് എന്നിവ ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങളുണ്ടെങ്കിൽ അത് മാറ്റുന്നതിനുള്ള വഴികളാണ്. ഏതായാലും അതിന്റെ യഥാർത്ഥ ദാർശനികതലത്തെ കണ്ടുകൊണ്ട്, അതിനുള്ള തടസ്സങ്ങൾ നീക്കി കേരളം മലയാള ഭാഷയിലൂടെ വളരുന്ന ഒരു തലമുറയുടെ നാടാണെന്നുപറയാൻ നമുക്ക് കഴിയണം. മലയാള ഭാഷ (നിർബന്ധിത ഭാഷ) ബിൽ നടപ്പിലാക്കുന്നതിലൂടെയും തുടർ നടപടികളിലൂടെയും മികച്ച ഭാഷാനുഭവങ്ങളിലേയ്ക്ക്, സാഹിത്യാനുഭവങ്ങളിലേയ്ക്ക്, അനുഭൂതിയുടെ സൗന്ദര്യത്തിലേയ്ക്ക് മാനവികതയുടെ പൂർണ്ണതയിലേയ്ക്ക് വളരെ കരുതലോടെ, അതീവ ശ്രദ്ധയോടെ കേരളം നീങ്ങുകയാണ്. അതുകൊണ്ട് ഇത് ചർച്ച ചെയ്യപ്പെടണം.

Shri. V.T. Balram: Sir, I move that " This House resolves to disapprove the Malayalam Language (Compulsory Language) Ordinance, 2017 (Ordinance No.5 of 2017)"

മി. സ്പീക്കർ: അങ്ങ് ഭാഷയിൽ നല്ല കയ്യടക്കമുള്ള ആളാണ്. നല്ല ട്രോളറാണ്. 50 മിനിട്ടിന്റെ പ്രസംഗം 5 മിനിട്ടുകൊണ്ട് പറയാനുള്ള ശേഷിയുണ്ട്. അതൊക്കെ ഭംഗിയായി കൈകാര്യം ചെയ്ത് മറ്റുള്ളവർക്ക് മാതൃകയാകണം.

ശ്രീ. വി. ടി. ബൽറാം: സർ, വളരെ മഹിതമായ ധാരാളം നിയമനിർമ്മാണ മുഹൂർത്തങ്ങൾക്ക് സാക്ഷ്യം വഹിച്ച പതിറ്റാണ്ടുകളുടെ പാരമ്പര്യമുള്ള ഈ അസംബ്ലി ഹാളിൽവച്ച് ഇങ്ങനെയൊരു വിഷയത്തിൽ സംസാരിക്കാൻ അവസരമുണ്ടായി എന്നുള്ളത് വ്യക്തിപരമായിത്തന്നെ എനിക്ക് കിട്ടിയ ഒരു സൗഭാഗ്യമായി കരുതുകയാണ്. പ്രതീകങ്ങൾക്ക് നമ്മുടെയൊക്കെ ജീവിതങ്ങളിൽ വലിയ പ്രാധാന്യമുണ്ട്. ആ നിലയിൽ ഇന്നത്തെ ദിവസത്തിന്റെ പ്രതീകാത്മകത ഒട്ടും ചോർന്നുപോകാതെ വീണ്ടുമൊരിക്കൽക്കൂടി നിയമനിർമ്മാണത്തിന്റെ നല്ലൊരു മുഹൂർത്തം ഇവിടെ പുനരാവിഷ്കരിക്കുന്നതിന് നേതൃത്വം നൽകിയ സഭാദ്ധ്യക്ഷനും സഭാനേതാവിനും പ്രതിപക്ഷ നേതാവിനും മറ്റെല്ലാവർക്കും എന്റെ അഭിനന്ദനങ്ങളും അഭിവാദ്യങ്ങളും അറിയിക്കുകയാണ്. ഒരു പുതിയ നിയമനിർമ്മാണത്തെക്കുറിച്ച് നമ്മളിന്ന് ചർച്ച ചെയ്യുകയാണ്. അതുമായി ബന്ധപ്പെട്ട എന്റെ വിയോജിപ്പ് ആദ്യംതന്നെ അറിയിക്കുകയാണ്. ഒരു നിയമനിർമ്മാണത്തെക്കുറിച്ച് ചിന്തിക്കുമ്പോൾ അതിന്റെ നിയമപരമായ സാംഗത്യം ഉറപ്പുവരുത്തുകയെന്നുള്ളത് വളരെ പ്രധാനമാണ്. ഇവിടെ തടസ്സവാദങ്ങളുന്നയിച്ച ബഹുമാന്യരായ ചില അംഗങ്ങൾ വളരെ പ്രധാനപ്പെട്ട കാര്യങ്ങളാണ് ചൂണ്ടിക്കാണിച്ചിട്ടുള്ളത്. ഭരണഘടനയുടെ കൺകറന്റ് ലിസ്റ്റിൽപ്പെട്ട വിദ്യാഭ്യാസവുമായി ബന്ധപ്പെട്ട് നടത്തുന്ന ഏത് നിയമനിർമ്മാണവും ഭരണഘടനാതത്വങ്ങൾക്ക് വിരുദ്ധമാകാതെ കൃത്യമായി മുന്നോട്ടുകൊണ്ടുപോകാൻ നമുക്ക് സാധിക്കണം. ആ നിലയിലുള്ള ഒരു ജാഗ്രത നിയമനിർമ്മാണത്തിന്റെ തുടക്കം മുതൽ തന്നെ വേണമെന്നാണ് എനിക്കും അഭ്യർത്ഥിക്കാനുള്ളത്. നിയമപരമായ സാംഗത്യം പരിശോധിക്കേണ്ടത് നിയമസഭ തന്നെയാണ്. അത് സബ്ജക്ട് കമ്മിറ്റിക്ക് വിട്ടുകൊടുക്കുന്ന പ്രവണത പൂർണ്ണമായും ശരിയാണോ എന്നുള്ളതുകൂടി ഈ അവസരത്തിൽ നമ്മൾ ചിന്തിക്കണമെന്ന് ആമുഖമായി പറയുകയാണ്. എന്നാൽ ഈ ബില്ലിന്റെ അന്തസ്സത്തയെയോ അതിന്റെ ഉദ്ദേശ്യശുദ്ധിയെയോ ചോദ്യം ചെയ്യാൻ ഞാനാഗ്രഹിക്കുന്നില്ല. ഭാഷ ആശയവിനിമയത്തിനുള്ള ഒരുപാധിയായി എങ്ങനെയാണ് വളർന്നുവന്നത് എന്നുള്ളത് ചരിത്രപരമായിത്തന്നെ നമുക്ക് വിലയിരുത്താൻ കഴിയുന്ന ഒരു കാര്യമാണ്. ആംഗ്യഭാഷയിൽ തുടങ്ങി അടയാള ഭാഷയിലൂടെയും വായ്മൊഴിയിലൂടെയുമൊക്കെ എത്രയോ സഹസ്രാബ്ദങ്ങൾ മുന്നോട്ടുപോയിട്ടാണ് അച്ചടിയുടെ അല്ലെങ്കിൽ അക്ഷരങ്ങളുടെ ആദ്യ രൂപങ്ങൾ രൂപപ്പെട്ടത് എന്ന് നമുക്കറിയാം. ആ നിലയിൽ നാമിന്ന് കാണുന്ന സംസ്കാരങ്ങളുടെയൊക്കെ രൂപപ്പെടലിന് അടിസ്ഥാനമായി മാറിയത് ഭാഷതന്നെയാണ് എന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഭാഷയും ഭാഷയിലുള്ള സാഹിത്യവും നാട്ടറിവുകളും നാടൻ കലകളും നാട്ടാചാരങ്ങളുമൊക്കെയാണ് നമ്മുടെ സംസ്കാരത്തിന്റെ ആകെത്തുകയെന്ന് നമുക്കറിയാം.

നമ്മളെല്ലാവരും ഇന്ത്യയുടെ സാംസ്കാരിക ബഹുത്വത്തിൽ അഭിമാനിക്കുന്നവരാണ്. ലോകത്തിൽവച്ച് ഏറ്റവും കൂടുതൽ 'ബഹുസ്വരത' യുള്ള ഒരു നാടായി ഇന്ത്യയെ നമ്മളെല്ലാവരും അഭിമാനത്തോടുകൂടി കരുതുന്നു. ഇന്ത്യയുടെ ഏറ്റവും വലിയ കരുത്താണ് ആ 'ബഹുസ്വരത' എന്ന് നമ്മൾ അഭിമാനിക്കുകയും ചെയ്യുന്നു. ഈ നാടിന്റെ സാംസ്കാരിക ബഹുത്വത്തിന് അടിത്തറയായി മാറിയിട്ടുള്ളത് ഇന്ത്യയിലെ ഭാഷാ വൈവിദ്ധ്യം തന്നെയാണെന്നത് നമുക്ക് കാണാതിരിക്കാൻ നിർവ്വാഹമില്ല. 2011-ലെ സെൻസസ് പ്രകാരം 1652 ഭാഷകളുണ്ട് എന്നുള്ളതാണ് കണക്ക്. പലതും കുറച്ച് ആളുകൾ മാത്രം സംസാരിക്കുന്ന ഭാഷകളാണ്. പക്ഷെ പത്തുലക്ഷത്തിലധികം ആളുകൾ സംസാരിക്കുന്ന ഭാഷകളുടെ എണ്ണം 29 ആണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഭരണഘടനയുടെ ഷെഡ്യൂളിൽ ഔദ്യോഗിക ഭാഷാസ്ഥാനം അലങ്കരിക്കുന്ന 22 ഭാഷകളുണ്ട്. അതിലൊന്നാണ് ഹിന്ദി. രാഷ്ട്രഭാഷ എന്ന നിലയിൽ ഹിന്ദിക്ക് പ്രത്യേകമായിട്ടുള്ള അംഗീകാരമൊന്നുമില്ല. ഈ 22 ഭാഷകളിലുംപെട്ട ഒരു ഭാഷ മാത്രമാണ് ഹിന്ദി എന്നുള്ളതാണ് എന്റെ അറിവ്. ആ നിലയിൽ 22 ഭാഷകളിൽപ്പെട്ട പ്രധാനപ്പെട്ട ഒരു ഭാഷയായ മലയാളത്തിന് അതിന്റേതായിട്ടുള്ള അംഗീകാരം എന്നുമുണ്ടാകണമെന്ന് ഓരോ മലയാളിയും ആഗ്രഹിക്കുകയാണ്. എത്രയോ പതിറ്റാണ്ടുകളായി നമ്മൾ ആ സ്വപ്നവുമായി മുന്നോട്ടുപോവുകയാണ്. ബഹുമാന്യനും ഈ നാട്ടുകാരനും കൂടിയായ പ്രശസ്ത കവി ഒ.എൻ.വി. കുറുപ്പിനെപ്പോലെയുള്ളവർ ഐക്യമലയാള പ്രസ്ഥാനവുമായി ബന്ധപ്പെട്ട് എത്രയോ പതിറ്റാണ്ടുകളായി ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയ ആളുകളാണ്. ഇതിന്റെയൊക്കെ ഭാഗമായി 2011 സെപ്റ്റംബർ 1-ലെ സർക്കാർ ഉത്തരവുപ്രകാരം മലയാളം നിർബന്ധിത ഒന്നാം ഭാഷയാക്കി മാറ്റി എന്നുള്ളത് നമുക്കറിയാം. സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സ്കൂളുകളിലൊക്കെ മലയാളം പഠിപ്പിക്കുന്നതിനെക്കുറിച്ചുള്ള ആലോചന തുടങ്ങുന്നത് ആ ഘട്ടത്തിലാണ്. പക്ഷെ മറ്റു പലരും ചൂണ്ടിക്കാണിച്ചതുപോലെ 2015 ഡിസംബർ 17-ന് കേരള നിയമസഭ പാസ്സാക്കിയ മലയാള ഭാഷയുടെ വ്യാപനവും പരിപോഷണവും സംബന്ധിച്ച ബില്ലിന് ഇപ്പോഴും രാഷ്ട്രപതിയുടെ അംഗീകാരം ലഭിക്കാത്ത സാഹചര്യം മുന്നിൽകണ്ടുകൊണ്ടുവേണം പുതിയ ബില്ലിനെക്കുറിച്ച് നാം ആലോചിക്കേണ്ടത് എന്നത് മാത്രമാണ് പ്രതിപക്ഷ നിരയിൽനിന്നും വന്ന വിമർശനം. അത് ഈ ബില്ലിന്റെ മൊത്തത്തിലുള്ള ഉള്ളടക്കത്തോടുള്ള വിമർശനമല്ല. മലയാളം പഠിക്കാൻ കഴിയുന്ന അന്തരീക്ഷം കേരളത്തിലെ സ്കൂളുകളിലുണ്ടാകണം എന്ന ആഗ്രഹത്തോടുള്ള എതിർപ്പല്ല; നമ്മളൊക്കെ ഒറ്റക്കെട്ടായിത്തന്നെ ആ അഭിപ്രായം പങ്കുവയ്ക്കുന്നവരാണെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. പക്ഷെ നിയമമാകുമ്പോൾ നിയമപരമായിട്ടുള്ള കാര്യങ്ങൾ

കുറച്ചുകൂടി ജാഗ്രതയോടുകൂടി പരിശോധിക്കണമെന്നുമാത്രമേ പറയുന്നുള്ളൂ. ക്ലാസ്സിക്കൽ പദവിയുള്ള ഒരു ഭാഷയായി, ശ്രേഷ്ഠഭാഷ എന്നുള്ള തർജ്ജിമ എത്രത്തോളം ശരിയാണെന്നറിയില്ല, മലയാളം അംഗീകരിക്കപ്പെടുന്നത് 2013-ലാണ്. തുടർന്ന് അതിനെതിരെ വലിയ വിവാദം ഉണ്ടായപ്പോൾ കോടതിയെപ്പോലും ഇടപെടുവിച്ച് നിയമയുദ്ധങ്ങൾ നടത്തിയാണ് അന്നത്തെ യു.ഡി.എഫ്. സർക്കാർ മലയാളത്തിന്റെ ശ്രേഷ്ഠഭാഷാ പദവി അല്ലെങ്കിൽ ക്ലാസ്സിക്കൽ ഭാഷാപദവി സംരക്ഷിച്ചത് എന്നുള്ളത് ചരിത്രത്തിന്റെ ഭാഗമായി നിൽക്കുകയാണ്. പക്ഷെ ക്ലാസ്സിക്കൽ ഭാഷയായി മലയാളം അംഗീകരിക്കപ്പെട്ടുവെങ്കിലും ക്ലാസ്സിൽ പഠിപ്പിക്കുന്ന ഭാഷയായി മലയാളം ഇതുവരെ പൂർണ്ണ അർത്ഥത്തിൽ മാറിയിട്ടില്ല എന്നുള്ളിടത്താണ് ഇങ്ങനെയൊരു നിയമനിർമ്മാണത്തെക്കുറിച്ച് നമ്മൾ ആലോചിക്കുന്നത്. കേരളത്തിലെ മുഴുവൻ സ്കൂളുകളിലും മലയാളം നിർബന്ധിത ഒന്നാം ഭാഷയായി പഠിപ്പിക്കണം, അതിനുള്ള സാഹചര്യമുണ്ടാകണം എന്നുതന്നെയാണ് നമ്മളൊക്കെ ആഗ്രഹിക്കുന്നത്. അതിന്റെ നിയമപരമായിട്ടുള്ള കാര്യങ്ങൾ ഉറപ്പുവരുത്തണമെന്നുള്ള ജാഗ്രത അതോടൊപ്പമുണ്ടാകണമെന്ന് അടിവരയിട്ട് പറയുന്നു എന്നുമാത്രമേയുള്ളൂ.

മാതൃഭാഷാ വിവേചനം എന്നുപറയുന്നത് മറ്റെല്ലാതരം വിവേചനങ്ങളേയും പോലെ ഗൗരവത്തോടുകൂടി കാണേണ്ട കാര്യമാണ്. നമ്മൾ ലിംഗ വിവേചനത്തെക്കുറിച്ചും വംശീയ വിവേചനത്തെക്കുറിച്ചും ജാതി വിവേചനത്തെ കുറിച്ചുമൊക്കെ പറയുന്നതുപോലെതന്നെ ഭാഷാപരമായ വിവേചനത്തെക്കുറിച്ചും ചിന്തിക്കേണ്ടതായിട്ടുണ്ട്. ആ നിലയിൽ ഈ ബിൽ നിയമമായി ഈ അദ്ധ്യയനവർഷം മുതൽതന്നെ നടപ്പാക്കപ്പെടുമ്പോൾ ഇതുമായി ബന്ധപ്പെട്ട് പ്രായോഗികതലത്തിൽ ഉയർന്നുവന്നേക്കാവുന്ന നിരവധി പ്രശ്നങ്ങളുണ്ട്. വിദ്യാഭ്യാസ വകുപ്പും ഡി.പി.ഐ.യും അതൊക്കെ എത്രത്തോളം ഗൗരവത്തോടും മുന്നൊരുക്കത്തോടുംകൂടി ചെയ്തിട്ടുണ്ട് എന്നുള്ള കാര്യം നമുക്ക് ഇപ്പോഴും വ്യക്തമല്ല എന്നുള്ളൊരു ആശങ്ക ഇവിടെ നിൽക്കുകയാണ്. ഇനി ഒരു മാസംപോലുമില്ല പുതിയ അദ്ധ്യയന വർഷം തുടങ്ങാൻ. ആ നിലയിൽ 2017-ൽ ഒറ്റയടിക്ക് ഇത് നടപ്പാക്കുമ്പോൾ അത് പ്രായോഗികമായി എങ്ങനെ മുന്നോട്ടുകൊണ്ടുപോകാം എന്നതിനെക്കുറിച്ച് വിദ്യാഭ്യാസ വകുപ്പിന് കൃത്യമായിട്ടുള്ള വ്യക്തതയുണ്ടാകണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. കാരണം, ഹയർ സെക്കണ്ടറി തലത്തിൽ പരീക്ഷ മലയാളത്തിലെഴുതാം; പക്ഷേ പാഠപുസ്തകങ്ങൾ ഇതുവരെ മലയാളത്തിൽ തയ്യാറാക്കിയിട്ടില്ല. ഇംഗ്ലീഷിലുള്ള പാഠപുസ്തകങ്ങൾ പഠിച്ചുവേണം മലയാളത്തിൽ പരീക്ഷയെഴുതാൻ. മെഡിക്കൽ/എഞ്ചിനീയറിംഗ് പ്രവേശന പരീക്ഷകൾ മലയാളത്തിൽ എഴുതാൻ കഴിയുന്ന സാഹചര്യം കേരളത്തിലില്ല.

അതിനെക്കുറിച്ച് നമുക്ക് ആലോചിക്കേണ്ടതായിട്ടുണ്ട്. യു.പി.എസ്.സി.-യുടെ സിവിൽ സർവ്വീസ് പരീക്ഷ മലയാളത്തിലെഴുതാം. പക്ഷേ സെക്രട്ടേറിയറ്റ് അസിസ്റ്റന്റ് അടക്കമുള്ള കേരള പി.എസ്.സി.-യുടെ പരീക്ഷ ഇപ്പോഴും മലയാളത്തിലെഴുതാൻ കഴിയുന്ന സാഹചര്യം നമുക്ക് സൃഷ്ടിക്കാൻ സാധിച്ചിട്ടില്ല എന്നുള്ളതാണ് അവസ്ഥ. ഈ നിലയിൽ പലതരത്തിലുള്ള വൈരുദ്ധ്യങ്ങൾ ഇവിടെ നിലനിൽക്കുന്നുണ്ട്. ആ നിലയിൽ കാര്യങ്ങൾ കാണാനും മുന്നോട്ടുകൊണ്ടുപോകാനും നമുക്ക് സാധിക്കണം. വി.എച്ച്.എസ്.ഇ.യിൽ മലയാളം പാഠ്യവിഷയമാക്കാൻ നമുക്കിതുവരെ കഴിഞ്ഞിട്ടില്ല. അതിനുള്ള അദ്ധ്യാപകരുടെ കുറവടക്കം ആ മേഖലയിൽ നിൽക്കുകയാണ്. ഇവിടെ പറഞ്ഞതുപോലെ ഓറിയന്റൽ സ്കൂളുകളിൽ അദ്ധ്യയനം ഉറപ്പുവരുത്താൻ എന്തുചെയ്യണമെന്നുള്ളതിനെ കുറിച്ച് നമുക്ക് ആലോചിക്കണം. ഇവിടെ ശ്രീ. എൻ. ഷംസുദ്ദീൻ പറഞ്ഞത് വളരെ പ്രധാനപ്പെട്ടൊരു കാര്യമാണ്. നമ്മുടെ ബോർഡർ ജില്ലകളിൽ, പ്രത്യേകിച്ചും കാസർഗോഡ് പോലുള്ള ജില്ലകളിൽ ഇന്നലെ പ്രത്യക്ഷ സമരം തുടങ്ങിക്കഴിഞ്ഞു. ഞാൻ സമരം ചെയ്യുന്നവരുമായി ഫോണിൽ സംസാരിച്ചു. അവർ വലിയ ആശങ്കയിലാണ്. ഭാഷാന്യൂനപക്ഷങ്ങളുടെ ഇത്തരത്തിലുള്ള ആശങ്കകൾ പരിഹരിക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രിയിവിടെ പറഞ്ഞു. അത് ഉറപ്പുവരുത്തണമെന്ന് ഒന്നുകൂടി അടിവരയിട്ട് അദ്ദേഹത്തോട് അഭ്യർത്ഥിക്കുകയാണ്. കാരണം, അവരുടേത് കന്നടയടക്കമുള്ള ഭാഷയാണ്. അപ്പോൾ അവർക്ക് ഒരു ആശങ്കയുണ്ടാക്കുന്ന തരത്തിൽ നമ്മൾ മലയാളം അടിച്ചേൽപ്പിക്കുന്ന സാഹചര്യമുണ്ടാവുകയാണെങ്കിൽ അത് ഇന്ത്യയുടെ ബഹുസ്വരതയ്ക്കുമേലുള്ള കടന്നുകയറ്റത്തിന്റെ തലത്തിൽതന്നെയുള്ള, ഗൗരവ സ്വഭാവമുള്ള കാര്യമായി നമുക്ക് കാണേണ്ടി വരും.

തമിഴ്നാട് ഇക്കാര്യത്തിൽ പല നടപടികളും സ്വീകരിക്കുന്നുണ്ട്. പക്ഷെ തമിഴ്നാട്ടിൽ സി.ബി.എസ്.ഇ. സ്കൂളുകളെയും ഐ.സി.എസ്.ഇ. സ്കൂളുകളെയും ഏത് നിലയിലാണ് അവരുടേതായിട്ടുള്ള നിയമത്തിൽ പരിഗണിച്ചിട്ടുള്ളതെന്നത് പ്രത്യേകമായി സർക്കാർ പരിശോധിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. തമിഴർ സ്വന്തം ഭാഷയെ വികസിപ്പിക്കുന്നതിനുവേണ്ടി നിരവധി ഇടപെടലുകൾ നടത്തിയിട്ടുള്ളതാണ്. പ്രത്യേകിച്ചും ആധുനിക കാലഘട്ടത്തിൽ ഭാഷ സാർവ്വത്രികമായി ഉപയോഗിക്കാൻ കഴിയുന്ന ഒരന്തരീക്ഷം സൃഷ്ടിക്കണമെങ്കിൽ അതിനനുസൃതമായി ഭാഷയ്ക്ക് വളർച്ചയുണ്ടാകണം, പുതിയ പദങ്ങളുണ്ടാകണം. പ്രത്യേകിച്ചും ശാസ്ത്രീയമേഖലയും പുതിയ സാങ്കേതിക വിദ്യകളുമൊക്കെയായി ബന്ധപ്പെട്ട് പുതിയ പദങ്ങൾ കടന്നുവരുമ്പോൾ ആ പദങ്ങൾക്ക് സമാനമായ പദങ്ങൾ അതത് ഭാഷകളിൽ രൂപപ്പെടുത്തിയെടുക്കാൻ നമുക്ക് കഴിയണം. പക്ഷെ മലയാളത്തിന് അത്തരത്തിലുള്ള ഒരു ജാഗ്രത വേണ്ടത്ര ഉണ്ടായിട്ടില്ല.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഭാഷാ ന്യൂനപക്ഷത്തിന് എന്തോ ഒരു ആശങ്ക ഇതുമായി ബന്ധപ്പെട്ടുണ്ടായിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട അംഗം പറയുകയുണ്ടായി. ഭാഷാ ന്യൂനപക്ഷത്തിന് ഇതുമായി ബന്ധപ്പെട്ട് ഒരു തരത്തിലുള്ള ആശങ്കയും ഉണ്ടാകേണ്ടതായിട്ടില്ല. ഭാഷാ ന്യൂനപക്ഷങ്ങൾ ഏത് തരത്തിലാണോ പഠിക്കുന്നത് അതേ തരത്തിൽത്തന്നെ പഠനം തുടരും. ഒരു ആശങ്കയും ആ കാര്യത്തിൽ ഉണ്ടാകേണ്ടതില്ല.

ശ്രീ. വി. ടി. ബൽറാം: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രഖ്യാപനത്തെ ഞാൻ സ്വാഗതം ചെയ്യുകയാണ്. അവർക്ക് അവരുടേതായ സ്വത്വം നിലനിർത്തിക്കൊണ്ടുതന്നെ മുന്നോട്ടുപോകാൻ ഈ നിയമം തടസ്സമാകാത്ത ഒരു ജാഗ്രത സർക്കാരിന്റെ ഭാഗത്തുനിന്നുമുണ്ടാകണമെന്ന് ഒരിക്കൽക്കൂടി അഭ്യർത്ഥിക്കുകയാണ്. ഞാൻ പറഞ്ഞുവന്നത് തമിഴ് അടക്കമുള്ള ഭാഷകൾ പുതിയ സാങ്കേതിക പദങ്ങൾ ഉൾക്കൊള്ളുന്ന കാര്യത്തിൽ മലയാളികളെക്കാൾ എത്രയോ മുന്നിലാണ്. വളരെ രസകരമായിട്ടുള്ളതും കേൾക്കുമ്പോൾ കൗതുകം തോന്നുന്നതുമായ നിരവധി പദങ്ങൾ സാങ്കേതിക വിദ്യകളുമായി ബന്ധപ്പെട്ട് അവർക്ക് സൃഷ്ടിച്ചെടുക്കാൻ സാധിച്ചിട്ടുണ്ട്. നമ്മളൊക്കെ ഇപ്പോൾ വളരെയധികം ഉപയോഗിക്കുന്ന "കമ്പ്യൂട്ടർ" എന്ന പദത്തിന് "കണിനി" എന്ന നിഷ്കളങ്കമായിട്ടുള്ള, വളരെ കൗതുകം തോന്നുന്ന ഒരു തമിഴ് പദത്തെ സൃഷ്ടിച്ചെടുക്കാൻ സാധിച്ചിട്ടുണ്ട്. അതുപോലെയുള്ള നിരവധി കാര്യങ്ങളുണ്ടാകുന്നുണ്ട്. ഞാൻ കൂടുതൽ ദീർഘമായി സംസാരിക്കുന്നില്ല. ഏതായാലും ഇതുമായി ബന്ധപ്പെട്ട് ഇവിടെ ഉയർന്നുവന്ന ആശങ്കകൾ പൂർണ്ണമായി പരിഹരിക്കാൻ കഴിയുന്ന രീതിയിലുള്ള ചർച്ചകൾ സബ്ജക്ട് കമ്മിറ്റിയിൽ ഉയർന്നുവരണമെന്ന് ആഗ്രഹിക്കുകയാണ്.

ഭാഷ സാമ്രാജ്യങ്ങളെ സൃഷ്ടിച്ചിട്ടുണ്ട്. ഭാഷയുടെ പേരിലാണ് പലപ്പോഴും യുദ്ധങ്ങളുണ്ടായിട്ടുള്ളത്, പുതിയ രാജ്യങ്ങളുണ്ടായിട്ടുള്ളത്. നമ്മുടെ അയൽ രാജ്യമായ ബംഗ്ലാദേശ് രൂപപ്പെടുന്നത് അന്നത്തെ പൂർവ്വ പാകിസ്ഥാനിൽ പടിഞ്ഞാറൻ പാകിസ്ഥാനിലെ ഉറുദു ഭാഷ അടിച്ചേൽപ്പിച്ചതിന്റെ ഭാഗമായി ഉയർന്നുവന്ന ബംഗ്ലാ വികാരത്തെ തുടർന്നാണെന്ന് നമുക്കറിയാം. ആ നിലയിൽ ധാരാളം ഉദാഹരണങ്ങൾ ലോകത്തിന്റെ പല ഭാഗങ്ങളിൽനിന്ന് ഭാഷാ രാഷ്ട്രീയവുമായി ബന്ധപ്പെട്ട് ഉയർന്നുവരുന്നുണ്ട്. 1988-ലാണ് പ്രശസ്തനായ നൊബേൽ സമ്മാനജേതാവായ ഇംഗ്ലീഷ് നാടകകൃത്ത് ഹരോൾഡ് പിന്റർ 'മൗണ്ടൻ ലാംഗ്വേജ്' എന്ന് നാടകമെഴുതിയത്. മലനാടൻ ഭാഷയെക്കുറിച്ചുള്ള ചർച്ചകൾ കേരളത്തിലും സജീവമായിക്കൊണ്ടിരിക്കുന്ന ഒരു കാലഘട്ടത്തിലാണ് മൗണ്ടൻ ലാംഗ്വേജ് പോലെയുള്ള സാഹിത്യകൃതികളുടെ പ്രാധാന്യം നമ്മൾ മനസ്സിലാക്കേണ്ടത്. ഭാഷയ്ക്ക് കൃത്യമായ രാഷ്ട്രീയമുണ്ടെന്നും അത്

എങ്ങനെയാണ് അധിനിവേശത്തിന്റെ രാഷ്ട്രീയമാകുന്നതെന്നും വരേണ്യതയുടെയും കീഴാളതയുടെയും രാഷ്ട്രീയത്തെ എങ്ങനെയാണ് അത് വേർതിരിക്കുന്ന തെന്നുമൊക്കെ കൃത്യമായി വിവരിക്കുന്ന ഒരു നാടകമാണത്. നാട്ടുഭാഷയെക്കുറിച്ചും ഗ്രാമ്യഭാഷയെക്കുറിച്ചും പലതരത്തിലുള്ള ചർച്ചകൾ നടക്കുകയാണ്. മലയാളത്തെക്കുറിച്ചുതന്നെ മണിപ്രവാളം മുതൽ ആധുനികകാലംവരെയുള്ള സമകാലിക മാറ്റങ്ങളെക്കുറിച്ച് ചർച്ച ചെയ്യപ്പെട്ടുകൊണ്ടിരിക്കുന്ന കാലത്ത് നാട്ടുഭാഷയെയും ഗ്രാമ്യഭാഷയെയും അതിന്റേതായ അർത്ഥത്തിൽ കാണേണ്ടതുണ്ട് എന്നാണ് എനിക്ക് തോന്നുന്നത്. നമ്മുടെ നാടൻ ഭാഷ നമ്മളെല്ലാം ഇഷ്ടപ്പെടുന്നു. ആ ഭാഷയിൽ സ്നേഹമുണ്ട്, കരുതലുണ്ട്, നൈർമ്മല്യമുണ്ട്. ആ ഭാഷ സംസാരിക്കുമ്പോൾ കേൾക്കുന്ന ആൾക്ക് പറയുന്ന ആളിനോട് സ്നേഹവും ബഹുമാനവും തോന്നുമെന്നുള്ളതാണ് നാട്ടുഭാഷയുടെയും ഗ്രാമ്യഭാഷയുടെയും സാധാരണഗതിയിലുള്ള ലക്ഷണം. പക്ഷെ ഇന്ന് ആ നാട്ടുഭാഷയുടെയും ഗ്രാമീണ ഭാഷയുടെയും പേരിൽ ന്യായീകരിക്കപ്പെടുന്നത് അഹന്തയുടെയും ഔന്നത്യത്തിന്റെയും പരമപുച്ഛത്തിന്റയും പരദൂഷണത്തിന്റെയും അധികാര ഗർവ്വിന്റെയും മേലാള മനോഭാവത്തിന്റെയും സ്ത്രീവിരുദ്ധതയുടെയും ഭാഷയാണ് എന്നുപറയുമ്പോഴാണ് ഇത് ഗ്രാമ്യഭാഷയല്ലെന്നും ഈ നിലയിലുള്ള ഒരു മലയാളമല്ല നമുക്ക് വേണ്ടതെന്നുമുള്ള തിരിച്ചറിവിലേയ്ക്ക് കേരളത്തിലെ ജനങ്ങളെത്തുന്നത്. ആ നിലയിൽ മലയാളത്തിനുവേണ്ടി, മലയാളത്തിന്റെ ഭാവിക്കുവേണ്ടി നമ്മുടെ നാട്ടിലെ കുട്ടികൾ മലയാളം ശരിയായ രീതിയിൽ പഠിച്ച് മലയാളത്തിൽ അഭിമാനംകൊണ്ട്, മലയാളത്തിന്റെ സംസ്കാരത്തെ ഉയർത്തിപ്പിടിച്ച് മുന്നോട്ടുപോകുന്ന തരത്തിൽ സദുദ്ദേശ്യപരമായ ഒരു നിയമനിർമ്മാണമായിരിക്കണം ഇതെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. മോൻസ് ജോസഫിനുവേണ്ടി ഡോ. എൻ. ജയരാജ് : സർ, മലയാളത്തിന്റെ മുഴുവൻ സൗന്ദര്യവും ഏറ്റുവാങ്ങിയ നിളയുടെ തീരത്തെ വിദ്യാർത്ഥിയായിരുന്ന അങ്ങയെ, സഭയുടെ അദ്ധ്യക്ഷൻ എന്ന നിലയിൽ, ഇന്നിവിടെ മലയാള ഭാഷയുമായി ബന്ധപ്പെട്ട സുപ്രധാനമായ ഒരു നിയമനിർമ്മാണത്തിന് നേതൃത്വം നൽകിയതിന് പ്രത്യേകം അഭിനന്ദിക്കുകയാണ്. രസതന്ത്രം അദ്ധ്യാപകനായ പ്രൊഫ. സി. രവീന്ദ്രനാഥ്, വിദ്യാഭ്യാസ വകുപ്പുമന്ത്രി എന്ന നിലയിൽ സുപ്രധാനമായ മറ്റൊരു നിയമനിർമ്മാണത്തിനുകൂടി തയ്യാറാകുന്നു. തുടക്കത്തിൽ ഒന്നുരണ്ട് വിയോജിപ്പുകളും നിരാകരണപ്രമേയവും വന്നപ്പോൾ എല്ലാവരും ഇതിനെതിരാണെന്ന രൂപത്തിലുള്ള ചില ചർച്ചകൾ

ഇവിടെയുണ്ടായി. യഥാർത്ഥത്തിൽ ഇതിന്റെ അടിസ്ഥാനപരമായ, ആശയപരമായ കാര്യത്തോട് ഞങ്ങൾക്കാർക്കും വിയോജിപ്പില്ല എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. തെറ്റിദ്ധരിക്കപ്പെട്ട മറ്റൊരു കാര്യം - മീഡിയം ഓഫ് ഇൻസ്ട്രക്ഷൻ - പഠിപ്പിക്കുന്ന ഭാഷ എന്ന രീതിയിലാണ്. യഥാർത്ഥത്തിൽ മലയാളംകൂടി സ്കൂളുകളിൽ പഠിപ്പിക്കുക എന്നുള്ള ഒരു ആശയമാണ് ഈ നിയമത്തിന്റെ പുറകിലുള്ളത്. ഈ ബില്ലിന്റെ തുടക്കത്തിൽത്തന്നെ നിർബന്ധിത ഭാഷ എന്ന് എഴുതിയത് ശരിയല്ലെന്ന് വിശ്വസിക്കുന്ന ഒരാളാണ് ഞാൻ. മലയാളിയുടെ സ്വത്വബോധത്തെ ഏറ്റവും മുറുകെ പിടിക്കേണ്ടതാണ് ഈ ഭാഷ. ഞാനും അങ്ങുമൊക്കെത്തന്നെ ഈ സഭയിലിരിക്കാൻ കാരണം ഇങ്ങനെയൊരു ഭാഷയുള്ളതുകൊണ്ട് മാത്രമാണ്. ഭാഷാടിസ്ഥാനത്തിൽ രൂപാന്തരപ്പെടുത്തിയ ഒരു സംസ്ഥാനത്തിന്റെ പ്രതിനിധികൾ എന്ന നിലയിലാണ് 1957-ൽ നമുക്ക് ഇവിടെ ഇരിക്കാനിടയായത്. അതുകൊണ്ടുതന്നെ നിർബന്ധിത ഭാഷ എന്ന് പറയുമ്പോൾ സ്വന്തം അമ്മയെ നിർബന്ധിച്ച് 'അമ്മേ' എന്ന് വിളിപ്പിക്കേണ്ട ആവശ്യമുണ്ടോ എന്നതാണ് പ്രധാനപ്പെട്ട കാര്യം. അതുകൊണ്ട് നിർബന്ധിത ഭാഷ എന്നതിനുപകരം പ്രധാന ഭാഷ എന്നൊരു വാക്കോ മറ്റെന്തെങ്കിലും വാക്കോ ഉപയോഗിക്കണം എന്നതാണ് ഇതുമായി ബന്ധപ്പെട്ട എന്റെ പ്രധാനപ്പെട്ട നിർദ്ദേശം. ഇവിടെ വളരെ പ്രധാനപ്പെട്ട ഒരു കാര്യം, ഇതിൽ പത്താം ക്ലാസ്സുവരെ മാത്രമേ പറയുന്നുള്ളൂ. യഥാർത്ഥത്തിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ നടത്തുന്ന പരീക്ഷകളിൽ നൂറ് മാർക്കിൽ 90 മാർക്കിനുള്ള ചോദ്യങ്ങളും ഇംഗ്ലീഷിലാണ്. സ്വന്തം ഭാഷയിൽ എഴുതാൻ അവകാശമുള്ളത് ആകെക്കൂടി 10 മാർക്കിന് മാത്രമാണ്. ഇപ്പോഴും ഇവിടെ നിലനിൽക്കുന്ന ഒരു സംവിധാനമതാണ്. അത് മാറേണ്ടതുണ്ട്. അതുകൊണ്ട് പത്താം ക്ലാസ്സ് വരെയെന്നുള്ളത് മാറ്റി പ്ലസ് ടു വരെയെന്നാക്കേണ്ടതാണ്. മാത്രമല്ല, കോളേജ് തലത്തിൽപോലും മലയാളത്തിൽ പരീക്ഷയെഴുതാൻ സാധിക്കുന്ന ഒരു സാഹചര്യമുള്ള ഈ സംസ്ഥാനത്ത്, പ്രത്യേകിച്ച് അഡ്മിനിസ്ട്രേറ്റീവ് സർവ്വീസിൽപോലും പ്രാദേശിക ഭാഷകൾക്ക് പ്രാധാന്യം കൊടുക്കുന്ന കാലത്ത് എന്തിന് ഇതിനെ പത്താം ക്ലാസ്സുവരെ ലിമിറ്റ് ചെയ്യുവെന്നുള്ളതാണ് പ്രധാനപ്പെട്ട ചോദ്യം. വളരെ ധൃതിപിടിച്ച് ഒരു ഓർഡിനൻസായി കൊണ്ടുവരാതെ കുറേക്കൂടി സമഗ്രമായി ഇത് ചർച്ച ചെയ്യണം. ഈ നിയമത്തിനോടുള്ള അഭിപ്രായവ്യത്യാസമല്ല, മലയാളിയെ സംബന്ധിച്ചിടത്തോളം ഒരു ഭാഷയിൽ വിശ്വസിക്കുന്ന അല്ലെങ്കിൽ അത്

ഉപയോഗിക്കുന്ന ആളുകൾ എന്ന നിലയിൽ മുമ്പോട്ടുപോകാൻ തീർച്ചയായിട്ടും കഴിയണം. ഞാൻ അങ്ങയോട് ഒരു കാര്യം പറയാൻ ആഗ്രഹിക്കുകയാണ്. അങ്ങ് മന്ത്രിയായിരിക്കുന്ന ഈ കാലത്ത് പഴയ മലയാള പാഠപുസ്തകങ്ങൾ പുനഃപ്രസിദ്ധീകരിക്കണം. കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് അത്തരമൊരു നിർദ്ദേശം സംസ്ഥാന വിദ്യാഭ്യാസ വകുപ്പിന് നൽകിയെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പഴയ പാഠപുസ്തകങ്ങൾ വീണ്ടും കൊണ്ടുവരണം. കുമാരനാശാന്റെ വരികളായ

"ഈ വല്ലിയിൽ നിന്നു ചെമ്മെ-പൂക്കൾ

പോവുന്നിതാ പറന്നമ്മേ!" എന്നത് ഒരു പക്ഷേ നമ്മളൊക്കെ നാലാം ക്ലാസിൽ വിദ്യാർത്ഥികളായിരുന്ന കാലത്ത് കുട്ടിയുടെയും അമ്മയുടെയും ചിത്രം കണ്ടുകൊണ്ട് പഠിച്ചവരാണ്. പക്ഷേ, 'സ്ലേറ്റേ സ്ലേറ്റേ പെൻസിലേ പെൻസിലേ എന്റെ കണക്ക് തെറ്റിയാൽ നിന്നെ ഞാൻ തല്ലിപ്പൊട്ടിക്കും' എന്നുള്ള പുതിയ കവിതകളിലൂടെ കുട്ടികളിലേയ്ക്ക് യഥാർത്ഥത്തിൽ പോസിറ്റീവായ ചിന്തകളല്ല കടന്നുവരുന്നത് എന്നുള്ളതാണ് പ്രധാനപ്പെട്ടൊരു കാര്യം. അങ്ങയോടുള്ള വാക്കുകൾ വീണ്ടും കടമെടുത്ത് പറയുകയാണ്, ഇതൊരു നിർബന്ധിത ഭാഷയെന്ന രൂപത്തിൽ പഠിപ്പിക്കുന്നതിനപ്പുറം നമ്മുടെ സ്വത്വബോധത്തിന്റെ ഭാഗമായി മാറ്റിയെടുക്കണം. സാംസ്കാരികമായ ഒരു പ്രവർത്തനത്തിന്റെ ഭാഗമായി ഇതിനെ കാണുമ്പോൾ യഥാർത്ഥത്തിൽ നിയമനിർമ്മാണം കൂടുതൽ പ്രസക്തമാകുന്നുവെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. അതുകൊണ്ടുതന്നെ ഇതിന്റെ ഉള്ളടക്കത്തോട് അഭിപ്രായ ഭിന്നതയില്ല; ഉള്ളടക്കത്തെ നൂറുശതമാനവും ഉൾക്കൊള്ളുകയാണ്. ഏറെ പരീക്ഷണങ്ങൾ നടത്തിയിട്ടുള്ള ഒരു മേഖലയാണ് നമ്മുടെ വിദ്യാഭ്യാസ വകുപ്പ്. അതുകൊണ്ട് പുതിയ പരീക്ഷണങ്ങളുമായി മുമ്പോട്ടുപോകുമ്പോൾ തീർച്ചയായും ഒരു കാര്യം വളരെ ഗൗരവമായി ചിന്തിക്കണം. അങ്ങേയ്ക്കറിയാം, രവീന്ദ്ര സംഗീതത്തെക്കുറിച്ച് അഭിമാനം കൊള്ളുന്നവരാണ് ബംഗാളികൾ. പക്ഷേ മലയാളികൾ അങ്ങനെ ആരെയെങ്കിലുംകുറിച്ച് അത്രമാത്രം അഭിമാനം കൊള്ളുന്നുണ്ട് എന്നെനിക്ക് തോന്നുന്നില്ല. ഏതായാലും വള്ളത്തോളിന്റെ കവിതകളൊക്കെ ആവർത്തിച്ച് പറയുമ്പോഴും അടിസ്ഥാനപരമായി സ്വന്തം ഭാഷയോട് എത്രമാത്രം ഹൃദയബന്ധം നമുക്കുണ്ടെന്നുള്ളത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. കുഞ്ഞുണ്ണി മാഷ് പറഞ്ഞതുപോലെ ആറ് മലയാളിക്ക് നൂറ് മലയാളമുള്ള ഈ നാട്ടിൽ സ്വന്തം ഭാഷ നിലനിർത്തുക എന്നത് ഓരോ മലയാളിയുടെയും അഭിമാനത്തിന്റെ പ്രശ്നമാണ് എന്നുപറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇവിടെ സെക്രട്ടേറിയറ്റിലെ ഒരു

ഫയൽ ഞാൻ ഒരിക്കൽ കാണാനിടയായി. സാംസ്കാരിക വകുപ്പുമായി ബന്ധപ്പെട്ട ഒരു ഫയലാണ്. എം.എൽ.എ. എന്ന നിലയിൽ ഞാൻ കൊടുത്ത ആസ്തി വികസന ഫണ്ട് ഏത് ഡിപ്പാർട്ട്മെന്റിന് കൊടുക്കണമെന്നുള്ളത് സംബന്ധിച്ചാണ് അതിനകത്ത് വളരെ ദീർഘമായി എഴുതിയിരിക്കുന്നത്. —മലയാളിയായ എനിക്കുപോലും അത് ഒരു വിധത്തിലും മനസ്സിലായില്ല. അവസാനം ഇത് സാംസ്കാരിക വകുപ്പിനാണോ പി.ഡബ്ല്യു.ഡി.-ക്കാണോ കൊടുക്കേണ്ടത് എന്നുപോലും അറിയാനായില്ല. ഭാഷാ നയത്തിന്റെ ഭാഗമായി, സാധാരണ ഉപയോഗിക്കുന്ന ഭാഷയിൽ രജിസ്റ്റർ എന്നുപറഞ്ഞാൽ ആർക്കും മനസ്സിലാകും. പേരേട് എന്ന് പറഞ്ഞാൽ ഒരു പക്ഷേ മനസ്സിലാകുകയില്ല. 'അന്ന് അമ്മയോടൊപ്പം പോയി' എന്നുപറഞ്ഞതിന് 'അന്നമ്മയോടൊപ്പം പോയി' എന്നെഴുതിയ മലയാളിയാണ് മലയാളത്തിന്റെ ശാപം എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

<u>ശ്രീ. ഇ. പി. ജയരാജൻ</u>: സർ, മലയാള ഭാഷയോട് വളരെക്കാലമായി നാം സ്വീകരിച്ചുവരുന്ന സമീപനത്തിന്റെ ഫലമായി ഇന്നത് മജ്ജയും മാംസവുമെല്ലാം നശിച്ച് ഒരു സ്കെലിട്ടണായിരിക്കുകയാണ്. അതിനെ ഉദ്ധരിക്കാൻ ആവശ്യമായ നിയമനിർമ്മാണം പ്രത്യേകിച്ച് കേരള ചരിത്രത്തിലെ ഒരു ചരിത്ര സങ്കേതത്തിൽ നടക്കുമ്പോൾ അതിന് കരുത്തും ശക്തിയും മജ്ജയും മാംസവും നൽകി പ്രോത്സാഹിപ്പിക്കാൻ പരിശ്രമിക്കേണ്ടതിനുപകരം അങ്ങയെപ്പോലുള്ള നിയമസഭാ സാമാജികർ തടസ്സവാദങ്ങൾ ഉന്നയിച്ച് ദുർബ്ബലപ്പെടുത്തുന്നത് എന്തിനു വേണ്ടിയാണ്?

<u>ശ്രീ. പി. സി. ജോർജ്</u>: സർ, ഇപ്പോൾ മലയാള ഭാഷയിലെ പലതിനും ഇംഗ്ലീഷ് വാക്കുകൾ വന്നിട്ടുണ്ട്. അങ്ങുതന്നെ പറഞ്ഞപ്പോൾ സ്കെലിട്ടൺ എന്ന് പറഞ്ഞില്ലേ; അതെന്താ മലയാളമാണോ; ഇപ്പോൾ വണ്ടി എന്നുള്ളതിന് 'യന്ത്രശകടം' എന്ന് പറയണമെന്നുണ്ടോ? ഇംഗ്ലീഷിലെ പല വാക്കുകളും മലയാളീകരിക്കപ്പെട്ടിട്ടുണ്ട്. സ്വിച്ച് എന്നതിന് 'വൈദ്യുത നിർഗ്ഗമന ആഗമന നിയന്ത്രണ ഉപകരണം' എന്നുപറയാതെ സ്വിച്ച് എന്നുതന്നെ പറയണം. അപ്പോൾ ആ കാര്യത്തിൽ ഡോ. എൻ. ജയരാജിന്റെ ഭാഗമാണ് ശരി. അതുകൊണ്ട് തർക്കമുണ്ടാക്കേണ്ട കാര്യമില്ല.

<u>ഡോ. എൻ. ജയരാജ്</u>: സർ, ലോകത്തിലെ ഏറ്റവും മനോഹരമായ പേര് ജയരാജനാണെന്ന് വിശ്വസിക്കുന്ന ഒരാളാണ് ഞാൻ. എന്റെ പേരുള്ള അല്ലെങ്കിൽ ആ പേരുള്ള അങ്ങയെപ്പോലെ ഒരാൾ, ഞാൻ പറഞ്ഞ ആശയത്തോട് വിയോജിക്കുമ്പോൾ, ......(ബഹളം)..... സത്യത്തിൽ ഞാൻ പറഞ്ഞത്

ആ അർത്ഥത്തിലല്ല; ഇതിന്റെ ആശയത്തോട് ഞാൻ പൂർണ്ണമായും യോജിക്കുന്നുവെന്ന് തുടക്കത്തിലേ പറഞ്ഞു. ഈ വിഷയ കുറേക്കൂടി ഗൗരവമായി നടപ്പാക്കണമെന്ന ആശയം മാത്രമാണ് ഞാൻ മുന്നോട്ടുവച്ചത്. കെമിസ്ട്രിയിൽ രാസത്വരകം എന്നൊരു പ്രയോഗമുണ്ട്. അതായത് ഒരു പ്രക്രിയയെ കൂട്ടതലായി ഊർജ്ജസ്വലമാക്കുന്ന കാറ്റലിസ്റ്റ് ഏജന്റ് എന്നുപറഞ്ഞതുപോലെ നമ്മുടെ ഭാഷയെ കുറേക്കൂടി സജീവമാക്കുന്നതിനുവേണ്ടിയുള്ള ഒരു രാസത്വരകമായി ഈ ബിൽ മാറണമെന്നാണ് ഞാൻ ഉദ്ദേശിച്ചത്. അതുകൊണ്ട് ഇത് പത്താം ക്ലാസ്സുകൊണ്ട് അവസാനിപ്പിക്കാതെ പ്ലസ് ടുവിലേയ്ക്ക് കൊണ്ടുവരണം. നാളെ ആരെങ്കിലും ഈ ബിൽ കണ്ടുകഴിഞ്ഞാൽ മാതൃഭാഷയ്ക്കുവേണ്ടി നിയമമുണ്ടാക്കാൻ നിർബന്ധമായി ഒരു നിയമം കൊണ്ടുവന്നുവെന്നുള്ള പരോക്ഷമായിട്ടുള്ള തെറ്റിദ്ധാരണ യുണ്ടാക്കുന്നത് ഒഴിവാക്കണമെന്ന അഭിപ്രായമാണ് എനിക്കുള്ളത്. അല്ലാതെ ഇതിന്റെ അടിസ്ഥാനപരമായ വിഷയങ്ങളോടല്ല വിയോജിപ്പ്. അതോടൊപ്പംതന്നെ പ്രധാനപ്പെട്ട ഒരു കാര്യം, പ്രധാന അദ്ധ്യാപകനെ മാത്രം ശിക്ഷിച്ചിട്ട് എന്താണ് കാര്യം, മാനേജർമാരെ വെറുതെ വിടരുത്. പ്രധാന അദ്ധ്യാപകന് 5000 രൂപ പിഴ കൊടുത്ത് ഈ വിഷയം അവസാനിപ്പിക്കരുത്. ഒരു ഭാഷ സംസാരിക്കുന്നതിന് തടസ്സം നിൽക്കുന്നവരിൽനിന്ന് വെറും 5,000 രൂപ പിഴ ഈടാക്കുന്നതല്ല, യഥാർത്ഥത്തിൽ ഇതിനെക്കാൾ കടുത്ത ശിക്ഷ നൽകണമെന്നുള്ള അഭിപ്രായക്കാരനാണ് ഞാൻ. നമ്മളൊക്കെ ഈ നാട്ടിൽ ജീവിച്ചുപോകുന്നത് ഞാൻ തുടക്കത്തിൽ പറഞ്ഞതുപോലെ ഒരു ഭാഷയുള്ളതുകൊണ്ടുതന്നെയാണ്. ശ്രീ. എം. ടി. വാസുദേവൻ നായർ പറഞ്ഞതുപോലെ ഈ ഭാഷയില്ലാതാകുമ്പോൾ ആത്മാവ് നഷ്ടപ്പെട്ട ജഡങ്ങളായി മാറിപ്പോകാതിരിക്കാൻ തീർച്ചയായും അത് സംരക്ഷിക്കാനുള്ള ബാദ്ധ്യത നമുക്കുണ്ട്.

ശ്രീമതി യു. പ്രതിഭ ഹരി: സർ, മലയാള ഭാഷ, സംസ്കാരം എന്നൊക്കെ മലയാളികൾ എപ്പോഴും പറയാറുണ്ട്. പക്ഷെ അങ്ങിവിടെ എതിർത്ത് സംസാരിക്കുമ്പോൾ അടുത്ത കാലത്ത് നമ്മുടെ മലയാള ചലച്ചിത്ര മേഖലയിൽ ജീവിത ഗന്ധിയായിട്ടുള്ള ചലച്ചിത്രങ്ങളുടെ പേരുപോലും ഇംഗ്ലീഷിലേയ്ക്ക് മാറിപ്പോകുന്നു. ഡയമണ്ട് നെക്ലേസ്, ക്രോണിക് ബാച്ചിലർ, അടുത്ത കാലത്തിറങ്ങിയിട്ടുള്ള എബിസിഡി, ഹൗ ഓൾഡ് ആർ യു എന്നിങ്ങനെ എല്ലാവരും ഇഷ്ടപ്പെടുന്ന ചലച്ചിത്രങ്ങളിൽപ്പോലും ഇംഗ്ലീഷിന്റെ കടന്നുകയറ്റം ഉണ്ടാകുന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ഡോ. എൻ. ജയരാജ്: സർ, ഭാഷ കുറേക്കൂടി സജീവമാകുന്നതും ലൈവായി വരുന്നതും ഉപയോഗിക്കുന്നതനുസരിച്ചാണ്. അച്ഛൻ മരിച്ചുവെന്ന് ഫെയ്സ് ബുക്കിലിട്ടാൽ ലൈക്ക് ചെയ്യുന്നവരാണ് മലയാളികൾ എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. അതിന്റെ അർത്ഥം അച്ഛൻ മരിച്ചുപോയത് നല്ലതായോ എന്നുള്ളതല്ല, മറിച്ച് യാന്ത്രികത നമ്മുടെ ഭാഷയിൽപോലും വരുന്നു. സത്യത്തിൽ ഞാൻ പലപ്പോഴും പറയാറുള്ള കാര്യമുണ്ട്; പണ്ട് പ്രണയലേഖനങ്ങൾ എഴുതുന്ന കാലഘട്ടമുണ്ടായിരുന്നു, ഒരുപക്ഷേ, ഭാഷയെ സജീവമാക്കിയ പ്രണയ ലേഖനങ്ങളുടെ കാലഘട്ടം, ഇന്ന് അതെല്ലാം ഒരുതരം യാന്ത്രികതയിലേയ്ക്ക് മാറുമ്പോൾ ഭാഷ യാന്ത്രികമായ തലത്തിലേയ്ക്ക് മാറിപ്പോകുന്നുവെന്നുള്ളതു കൊണ്ടാണ് നമ്മുടെയൊക്കെ വീടുകളിലും വിദ്യാലയങ്ങളിലും അന്തരീക്ഷത്തിലുമൊക്കെ ഭാഷയുടെ പഴയ സജീവത നഷ്ടപ്പെട്ടുപ്പോകുന്നത്. അതുകൊണ്ടുതന്നെ അത് വീണ്ടെടുക്കാനുള്ള വലിയ ശ്രമം നടത്തുകയാണ്. അത് അംഗീകരിക്കാതിരിക്കാനും ആദരിക്കാതിരിക്കാനും കഴിയില്ല. ഞാൻ അതിനെ പൂർണ്ണമായും പിന്താങ്ങുന്നു. പക്ഷെ, കുറേക്കൂടി സമഗ്രമായ കാഴ്ചപ്പാടിലൂടെ ഒരു നിയമനിർമ്മാണം കൊണ്ടുവരണമെന്നുള്ള അഭിപ്രായമാണ് എനിക്കുള്ളത്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഡോ. എൻ. ജയരാജ് പറഞ്ഞതിനോട് ഞാൻ യോജിക്കുന്നു. ഒരു ഭാഷയില്ലാതാകുമ്പോൾ ഒരു സംസ്കാരമാണ് ഇല്ലാതാകുന്നത്. അതുതന്നെയാണ് ഭാഷാ ന്യൂനപക്ഷങ്ങളുടെ ബില്ലുമായി ബന്ധപ്പെട്ട സംശയവും. ഞാൻ കന്നഡ ഭാഷാ ന്യൂനപക്ഷങ്ങൾ അധിവസിക്കുന്ന പ്രദേശത്തുനിന്ന് വരുന്ന എം.എൽ.എ. ആണ്. ഈ ബിൽ ഇവിടെ അവതരിപ്പിക്കുമെന്ന് അറിഞ്ഞയുടൻതന്നെ അവിടത്തെ ജനങ്ങൾ എന്റെ അടുത്ത് വന്നിരുന്നു. ഈ ബിൽ പാസ്സായാൽ അവർക്ക് കന്നഡ പഠിക്കാനുള്ള സൗകര്യം കേരളത്തിൽ നിഷേധിക്കപ്പെടുമെന്നും അതോടെ കന്നഡ സംസ്കാരം ഉന്മൂലനം ചെയ്യപ്പെടുമെന്നുമുള്ളതാണ് അവരുടെ ആശങ്ക. ബോംബെയിൽ ധാരാളം മലയാളി കുടുംബങ്ങൾ താമസിക്കുന്നുണ്ട്. അവിടുത്തെ മലയാളി കുട്ടികൾ ബോംബെയിൽ ഏതെങ്കിലും സ്കൂളുകളിൽ ചേർന്ന് പഠനം ആരംഭിക്കുമ്പോൾത്തന്നെ— ഹിന്ദിയും പഠിക്കണം. ഹിന്ദി പഠിക്കാൻ കഴിയില്ലെന്ന് പറഞ്ഞാൽ മഹാരാഷ്ട്ര സർക്കാർ അംഗീകരിക്കില്ല എന്ന കാര്യം ഞാൻ അവരോട് പറഞ്ഞു. കാസർഗോഡ് ജില്ലയിലെ കന്നഡ ഭാഷാ ന്യൂനപക്ഷങ്ങൾ പറയുന്നത് ബോംബെ പോലെയല്ല കാസർഗോഡ്; അതൊരു ലിംഗ്വിസ്റ്റിക് ഏരിയയാണെന്നാണ്. ഞങ്ങൾക്ക് ഇവിടെ ഭരണഘടനാപരമായ ചില അവകാശങ്ങളുണ്ട്. ആ അവകാശങ്ങൾ ഈ ബില്ലിലൂടെ നിഷേധിക്കപ്പെടുമെന്നതാണ് കന്നഡ ഭാഷാ ന്യൂനപക്ഷങ്ങളുടെ ആശങ്ക. ആ ആശങ്ക എങ്ങനെ ഇല്ലാതാക്കും എന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി പറയണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, ഞാൻ തന്നെ രണ്ട് തവണ ഇക്കാര്യത്തെക്കുറിച്ച് പറഞ്ഞു, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പറഞ്ഞു.

ഇവിടെ ഭാഷാ പഠനത്തിന് ഒരു ഭംഗവും സംഭവിക്കില്ല. അതിനാണ് ഞാൻ അതിന്റെ ദാർശനികതലം പറഞ്ഞത്. ഒരു ഭാഷാ പഠനത്തിനും ഞങ്ങൾ എതിരല്ല. നിലവിലുള്ള ഭാഷ പഠിക്കുന്നവർക്കുള്ള സൗകര്യങ്ങൾ നിലനിർത്തി കൊണ്ടുതന്നെ.....

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, കാസർഗോഡ് ജില്ലയിലെ കന്നഡ ഭാഷ സംസാരിക്കുന്ന ആളുകൾ മലയാളം പഠിക്കാൻ തയ്യാറല്ല.

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, ഞാൻ നേരത്തേ സൂചിപ്പിച്ചതിന്റെ അർത്ഥം മനസ്സിലാക്കിയാൽ മതി. ഇത് ഒരു ഭാഷാ പഠനത്തിനും എതിരല്ല. ഒരാൾ കന്നഡ ഭാഷ പഠിച്ചുകൊണ്ടിരിക്കുകയാണെങ്കിൽ അവർക്ക് അത് പഠിക്കാനുള്ള അവസരം നിഷേധിക്കപ്പെടുന്നില്ല. അതുകൂടാതെ കേരളത്തിൽ പഠിക്കുന്നതുകൊണ്ട് മലയാളം കൂടി പഠിക്കണമെന്നാണ് അവരോട് പറയുന്നത്. ഇത് ആദ്യം സ്വീകരിക്കപ്പെടണമെന്നില്ല. അവിടെയാണ് നമ്മുടെ ഇടപെടലുകൾ ഉണ്ടാകേണ്ടത്. നിങ്ങൾ കേരളത്തിലാണ് പഠിക്കുന്നതെങ്കിൽ മലയാളംകൂടി പഠിക്കണം എന്ന മാറ്റം നിരന്തരമായ സാമൂഹിക ഇടപെടലിലൂടെ കൊണ്ടുവരണം. ഒറ്റ ദിവസം കൊണ്ട് പൂർണ്ണമായും എല്ലാ ദിക്കിലും എത്തിക്കാൻ കഴിയുമെന്നല്ല പറയുന്നത്. പക്ഷെ, അതിനാണ് ഞാൻ നേരത്തേ ബില്ലിന്റെ ഫിലോസഫി പറഞ്ഞത്. ബില്ലിന്റെ പ്രായോഗികതലം നേരത്തേ പറഞ്ഞു. അതിൽ ഒരു ഭാഷ പഠിക്കുന്നതിനും എതിർപ്പില്ല, ഒരു തൊഴിലും ആർക്കും നഷ്ടപ്പെടുകയുമില്ല. സർക്കാർ അധികച്ചെലവ് വഹിച്ചുകൊണ്ട് എല്ലാവരെയും മലയാളം പഠിപ്പിക്കാനുള്ള എല്ലാ വഴികളും നോക്കും. അതിനുവേണ്ടി ചർച്ചകൾ നടത്തുന്ന കാര്യം നേരത്തേ സൂചിപ്പിച്ചു, ഇതിന് റൂൾസ് വരും; ഇനിയും ധാരാളം മാറ്റങ്ങൾ വരും. ഇതുസംബന്ധിച്ച് ബില്ലിലെ അഞ്ചാമത്തെ പേജിൽ വളരെ കൃത്യമായി പറഞ്ഞിട്ടുണ്ട്. തുടർ പ്രവർത്തനങ്ങൾക്ക് ഇനിയും ധാരാളം ചർച്ചകൾ നടക്കണം. അതിനനുസരിച്ച് നിയമങ്ങൾ ഉണ്ടാക്കണം. അതുണ്ടാക്കും. ഭാഷാ പഠനത്തിനും തൊഴിലിനും ഒരു പ്രശ്നവും വരില്ല. എല്ലാവരെയും മലയാളം പഠിപ്പിക്കാൻ നമ്മൾ ശ്രമിക്കണം. ഒരു തലമുറ അങ്ങനെ കടന്നുപോയാൽ അടുത്ത തലമുറ മലയാളം പഠിക്കേണ്ടാ എന്ന് പറയില്ല. അവർ മലയാളം പഠിക്കണമെന്ന് പറയും. ആ ഒരു തലത്തിലേയ്ക്ക് മലയാള ഭാഷാ പഠനത്തെ എത്തിക്കാനുള്ള ദാർശനിക നിലപാടാണ് നമ്മൾ സ്വീകരിക്കേണ്ടത്.

ശ്രീ. മുഹമ്മദ് മുഹസിൻ പി: സർ, മലയാള ഭാഷ ഒരു വിഷയമായി പഠിക്കുന്ന കാര്യം നിർബന്ധമാക്കുന്നത് നല്ല കാര്യമാണ്. ഞാൻ അടക്കമുള്ള ആളുകൾക്ക് അന്ന് പഠിക്കാൻ കഴിഞ്ഞിട്ടില്ല, ഇനി കഴിയും. ഇംഗ്ലീഷ് ഭാഷ കൂടുതൽ ഉപയോഗിക്കുന്നതുപോലെ മലയാളവും ഉപയോഗിക്കാനുള്ള ശ്രമങ്ങൾ നമ്മുടെ

ഭാഗത്തുനിന്നുണ്ടാകും. കാഴ്ചയ്ക്ക് ബുദ്ധിമുട്ടുള്ള ആളുകൾ ഏറ്റവും കൂടുതൽ ഉപയോഗിക്കുന്നത് ഇന്ററാക്ടീവ് സോഫ്റ്റ്‌വെയറാണ്. ഇംഗ്ലീഷിൽ 'ജോസ്' എന്ന സോഫ്റ്റ്‌വെയറുണ്ട്, മലയാളത്തിലും അതുപോലുള്ള സോഫ്റ്റ്‌വെയറുകളുണ്ട്. ആ സോഫ്റ്റ്‌വെയർ ഉപയോഗിച്ചാണ് അവർ പഠിക്കുന്നത്. നിലവിൽ മലയാളത്തിൽ യൂണിക്കോഡ് മാത്രമാണ് റീഡ് ചെയ്യുന്നത്. ഒന്നാം ക്ലാസ്സ് മുതൽ മലയാളത്തിൽ ഇന്ററാക്ടീവ് സോഫ്റ്റ്‌വെയറുണ്ടെങ്കിൽ കൂടുതൽ നന്നായി കുട്ടികൾക്ക് പഠിക്കാൻ കഴിയും. അത്തരത്തിൽ യൂണിക്കോഡ് അല്ലാതെ മറ്റ് സോഫ്റ്റ്‌വെയറുകൾകൂടി ഉപയോഗിച്ചുകൊണ്ട് കമ്പ്യൂട്ടർ തന്നെ എല്ലാ കാര്യങ്ങൾക്കും ഉപയോഗിക്കാൻ സാധ്യമാകുന്ന രീതിയിൽ ഇതിന്റെ ഭാഗമാക്കുമോ എന്നതാണ് എന്റെ ചോദ്യം.

ഡോ. എൻ. ജയരാജ്: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ ഭാഷ സജീവമാകുന്നത് കാലാനുസൃതമായ മാറ്റം ഭാഷയിലുണ്ടാകുമ്പോഴും ഭാഷ കൂടുതൽ ഉപയോഗിക്കപ്പെടുമ്പോഴും പുതിയ വാക്കുകൾ ഭാഷയിലേയ്ക്ക് കടന്നു വരുമ്പോഴുമാണ്. അതുകൊണ്ടുതന്നെ സാങ്കേതികവിദ്യയുടെ പുതിയ മാറ്റങ്ങൾ ഭാഷയിലുണ്ടാകുന്നത് ഏറ്റവും ആശാസ്യമായ കാര്യമാണെന്നുള്ളതിൽ യാതൊരു സംശയവുമില്ല.

ശ്രീ. പി. സി. ജോർജ്: സർ, മലയാളത്തിലെ ഏറ്റവും നല്ല ഭാഷ എവിടെയാണ് വരുന്നത്? നമ്മുടെ ചെറുകഥ, നോവൽ, കവിതകൾ, സാഹിത്യ നായകന്മാരുടെ ലേഖനങ്ങളൊക്കെ കണ്ടിട്ടുണ്ട്. പക്ഷെ, ഞാൻ വായിച്ചതിൽ വച്ച് കേൾക്കാൻ രസമുള്ള, മനസ്സിന് സ്വസ്ഥത തരുന്ന, നല്ല മലയാള ഭാഷ വരുന്നത് പ്രേമലേഖനത്തിലാണ്. ആ പ്രേമലേഖനത്തിലാണ് മുഴുവൻ കവിതയും കടന്നുവരുന്നത്. നല്ല ഭാഷ വരുന്നതും അവിടെയാണ്. അക്കാര്യം അങ്ങ് ശ്രദ്ധിച്ചിട്ടുണ്ടോ?

ഡോ. എൻ. ജയരാജ്: സർ, എനിക്ക് പ്രേമലേഖനം എഴുതി വലിയ പരിചയമൊന്നുമില്ല. എങ്കിലും അദ്ദേഹം പറഞ്ഞത് ശരിയാണ്. പ്രണയ കവിതകൾക്ക് അതിന്റേതായ വലിയ ഒരു തലമുണ്ട്. ഒരുപക്ഷേ മലയാളത്തിലെ ഒട്ടേറെ കവിതകൾ പ്രണയഗീതങ്ങളായി പുറത്തുവന്നിട്ടുണ്ട്. അങ്ങനെയെല്ലാംകൂടി ചേർന്നതാണ് നമ്മുടെ ഭാഷ. കഥയും കവിതയും എല്ലാം ചേരുമ്പോഴുണ്ടാകുന്ന മനോഹരമായ ഭാഷയാണത്. മലയാളിയെന്ന നിലയിൽ തീർച്ചയായും അതിൽ അഭിമാനിക്കാൻ കഴിയും. ഈ നാല് അതിരുകൾക്കകത്ത് നിൽക്കുമ്പോൾ മലയാളിയെന്ന നിലയിലുള്ള ആത്മാഭിമാനവും അതോടൊപ്പം ഇന്ന് ഈ ബില്ലിന്റെ ചർച്ച സംഘടിപ്പിക്കുവാൻ മുൻകയ്യെടുത്ത ബഹുമാനപ്പെട്ട സ്പീക്കറെ അഭിനന്ദിക്കുകയും 'ഒരു വട്ടംകൂടിയെൻ ഓർമ്മകൾ മേയുന്ന തിരുമുറ്റത്തെത്തുവാൻ മോഹം' എന്ന് ഒ.എൻ.വി. കുറുപ്പ് എഴുതിയതുപോലെ പഴയകാലത്തിന്റെ ഓർമ്മകൾ

ഒരിക്കൽക്കൂടി നമ്മുടെ ഇടയിലേയ്ക്ക് കടന്നുവന്ന മനോഹരമായ ദിവസത്തിൽ ഇത്തരമൊരു ബിൽ ചർച്ച ചെയ്യപ്പെടാൻ കഴിഞ്ഞതിലുള്ള സന്തോഷം ഒരിക്കൽക്കൂടി അറിയിക്കുകയും ചെയ്തുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ജോൺ ഫെർണാണ്ടസ്, അങ്ങേയ്ക്ക് ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) നമ്പർ ഭേദഗതി അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, 2017-ലെ മലയാള ഭാഷ (നിർബന്ധിത ഭാഷ) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 15-5-2017 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ചരിത്ര പ്രധാനമായ ഒരു ബില്ലാണ് ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. അറുപത് വർഷങ്ങൾക്കുമുമ്പ് ശൈലീവല്ലഭൻ, നിരൂപണ കേസരിയെന്നെല്ലാം വിശേഷിപ്പിക്കപ്പെട്ടിരുന്ന പ്രൊഫ. ജോസഫ് മുണ്ടശ്ശേരിയാണ് കേരളത്തിന്റെ മാറ്റത്തിന് തുടക്കം കുറിച്ച വിദ്യാഭ്യാസ ബിൽ അവതരിപ്പിച്ചത്. ഇപ്പോൾ മറ്റൊരു പ്രൊഫസർ ഭാവി കേരളത്തിനുവേണ്ടി ഒരു പുതിയ നിയമവുമായി ഇവിടെ വരികയാണ്. ചിലർ തടസ്സവാദമുന്നയിച്ച് അതിനെ എതിർക്കുന്നുണ്ട്. പ്രൊഫ. ജോസഫ് മുണ്ടശ്ശേരി വിദ്യാഭ്യാസ ബിൽ കൊണ്ടുവന്ന സന്ദർഭത്തിൽ അദ്ദേഹത്തിനെതിരെ 'തണ്ടാ മുണ്ടാ മുണ്ടശ്ശേരി' എന്ന് മുദ്രാവാക്യം വിളിച്ചവരുടെ പ്രേതം കൂടിയ പിൻതലമുറക്കാർ ഇപ്പോൾ ഈ ബില്ലിനെ എതിർക്കുന്നത് സ്വാഭാവികമാണ്. അവർക്ക് വല്ലാത്ത ഭയമുണ്ട്. കേരളത്തിലെ ഐ.സി.എസ്.ഇ., സി.ബി.എസ്.ഇ. സിലബസുകളുടെ അടിസ്ഥാനത്തിൽ അൺ എയ്ഡഡ് വിദ്യാലയങ്ങൾ നടത്തി കോടികൾ കൊള്ളയടിച്ച് വിദ്യാർത്ഥികളെ ക്രൂരമായി മർദ്ദിച്ച് കൊല്ലുന്നയാളുകളുടെ താൽപ്പര്യം സംരക്ഷിക്കാൻവേണ്ടി മാത്രമാണ് അവർ ഇത്തരമൊരു ബില്ലിനെ എതിർക്കുന്നതെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഈ ബില്ലിൽ എന്താണ് പ്രതിപാദിക്കുന്നത്? 'സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ മലയാളം സംസാരിക്കുന്നതിന് പ്രത്യക്ഷമായോ പരോക്ഷമായോ യാതൊരു നിരോധനവും ഏർപ്പെടുത്താൻ പാടില്ലാത്തതാകുന്നു' എന്ന് ഈ ബില്ലിൽ വ്യക്തമായി പറയുന്നുണ്ട്. സമീപകാലത്ത് കേരളത്തിൽ കണ്ടത് എന്താണ്? മലയാളം സംസാരിച്ചതിന്റെ പേരിൽ കുട്ടികളെ മർദ്ദിക്കുക മാത്രമല്ല അവരെ വിദ്യാലയങ്ങളിൽനിന്നും പുറത്താക്കുന്ന നടപടികൾവരെ ചില വിദ്യാലയങ്ങൾ തുടർന്നുവരുന്നു. മലയാളം എന്തോ അപരാധമാണെന്ന തോന്നൽ കുട്ടികളിലുളവാക്കാനാണ് ചില വിദ്യാലയങ്ങളും അദ്ധ്യാപകരും പരിശ്രമിച്ച

ക്കൊണ്ടിരിക്കുന്നത്. അതുകൊണ്ടുതന്നെ കർശനമായ നടപടികളിലൂടെ മലയാള ഭാഷ സംരക്ഷിക്കുകയും അതുവഴി പുതിയ സംസ്കാരത്തിലേയ്ക്ക് കേരളത്തെ എത്തിക്കുകയും ചെയ്യുക എന്ന ലക്ഷ്യവും മലയാള ഭാഷ (നിർബന്ധിത ഭാഷ) ബില്ലിന്റെ പിന്നിലുണ്ടെന്ന് കാണാൻ കഴിയും. ഈ ബിൽ പാസ്സായിക്കഴിയുമ്പോൾ ജനാധിപത്യ കേരളം കുറേക്കൂടി മുന്നോട്ട് പോകുമെന്നാണ് എനിക്ക് തോന്നുന്നത്. സമൂഹത്തിലെ എല്ലാവർക്കും സംസാരിക്കാൻ കഴിയുന്ന പൊതുഭാഷ, ജീവിതത്തിൽ എല്ലാവർക്കും തുല്യത ഇതെല്ലാം കൈവരുമ്പോഴാണ് ജനാധിപത്യസമൂഹം വികസിക്കുന്നത്. ഈ നിയമം പാസ്സാകുമ്പോൾ അത്തരത്തിലുള്ള ഒരു നീക്കത്തിലേയ്ക്ക് കേരളം പോകുമെന്നാണ് എനിക്ക് പറയാനുള്ളത്.

മലയാളം ശ്രേഷ്ഠ ഭാഷാ പദവി നേടിയ ഒരു ഭാഷയാണ്. ആ പദവി നേടിയെടുക്കുന്നതിനുവേണ്ടി വലിയ പരിശ്രമങ്ങൾ കേരളത്തിൽ നടന്നിട്ടുണ്ട്. 2006-ൽ ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ അന്നത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്ന ശ്രീ. എം. എ. ബേബി, അന്നത്തെ പ്രതിപക്ഷനേതാവായിരുന്ന ശ്രീ. ഉമ്മൻ ചാണ്ടി, ഒ. എൻ. വി. കുറുപ്പ്, ശ്രീമതി സുഗതകുമാരി, ഡോ. പുതുപ്പള്ളി രാമചന്ദ്രൻ, ശ്രീ. സച്ചിദാനന്ദൻ, ഓംചേരി എൻ. എൻ. പിള്ള തുടങ്ങിയ സാഹിത്യനായകന്മാരും അന്ന് കേരള സാഹിത്യ അക്കാദമിയുടെ സെക്രട്ടറിയും ഇന്ന് ഈ സഭയിലെ അംഗവുമായ ശ്രീ. പുരുഷൻ കടലുണ്ടി അടക്കമുള്ളയാളുകൾ മലയാള ഭാഷയ്ക്ക് ശ്രേഷ്ഠ ഭാഷാ പദവി നേടിയെടുക്കുന്നതിനുവേണ്ടി കേന്ദ്ര സർക്കാരിനെ സമീപിക്കുകയും അത് നേടിയെടുക്കുന്നതിനുള്ള വലിയ നീക്കങ്ങൾ നടത്തുകയും ചെയ്തു. ശ്രേഷ്ഠ ഭാഷാ പദവി ലഭിച്ചാൽ കുറേ പണം കിട്ടുമെന്ന് പറഞ്ഞ് ആ ശ്രമത്തെ പരിഹസിച്ച ചിലർ ഇന്ന് പ്രതിപക്ഷത്തുണ്ട്. അന്ന് ആ പരിശ്രമം നടത്തിയതിന്റെ ഫലമായി ശ്രേഷ്ഠ ഭാഷാ പദവി ലഭിച്ചു. അതിന്റെ അടിസ്ഥാനത്തിൽ കുറച്ച് പണം കിട്ടി. ആ പണമല്ലേ 2013-ൽ സ്ഥാപിച്ച മലയാളം സർവ്വകലാശാലയുടെ പ്രവർത്തനത്തിനുവേണ്ടി വിനിയോഗിച്ചത്? ഇതെല്ലാം കേരളത്തിന്റെ ചരിത്രമാണ്. അന്തരിച്ച ഒ.എൻ.വി. കുറുപ്പിനെ ഈ സന്ദർഭത്തിൽ പ്രത്യേകമായി സ്മരിക്കേണ്ടതുണ്ട്. ഇന്ന് നമ്മോടൊപ്പം ജീവിക്കുന്ന സുഗതകുമാരി ടീച്ചറിന്റെ മനസ്സ് നമ്മോടൊപ്പമുണ്ട്. 1957-ലാണ് മലയാളം ഔദ്യോഗിക ഭാഷയാക്കുന്നതിനുള്ള പരിശ്രമങ്ങൾക്ക് തുടക്കം കുറിച്ചത്. ഇ.എം.എസ്. സർക്കാരിന്റെ കാലത്തുതന്നെ ഭരണഭാഷ മലയാളമാക്കുകയെന്ന ലക്ഷ്യത്തോടെ കോമാട്ടിൽ അച്ചുതമേനോന്റെ നേതൃത്വത്തിൽ ഒരു കമ്മിറ്റി രൂപീകരിച്ചിരുന്നു.

1958-ൽ ആ കമ്മിറ്റി സർക്കാരിന് റിപ്പോർട്ട് നൽകി. 1967-ൽ ഇ.എം.എസ്. സർക്കാർ അധികാരത്തിൽ വന്നപ്പോൾ 1969-ലാണ് ഭരണഭാഷ മലയാളമാക്കുന്ന നിയമം പാസ്സാക്കിയത്. നമ്മുടെ നാട്ടിലെ ജനങ്ങളുടെ ഭാഷ ഔദ്യോഗിക ഭാഷയാക്കുന്നതിന് മറ്റാരെക്കാളും മുന്നിൽനിന്ന് പ്രവർത്തിച്ചിട്ടുള്ളത് ഇടതുപക്ഷമാണെന്ന് ചരിത്രം പരിശോധിച്ചാൽ കാണാൻ സാധിക്കും. അതുപോലെ ഇന്നും കേരളത്തിലെ കോടതികളെ നയിക്കുന്നത് സായിപ്പിന്റെ ഭാഷയാണ്.

ശ്രീ. കെ. സി. ജോസഫ്: സർ, അങ്ങ് പറയുന്നത് വസ്തുതാവിരുദ്ധമാണ്. 1969-ലെ Kerala Official Language Bill-ൽ പറയുന്നത് " Orders, rules, regulations and bye-laws issued by the Government under the Constitution or under any law made by Parliament or the Legislature of the State of Kerala; shall be Malayalam or English" . മലയാളമായി പ്രഖ്യാപിച്ചിട്ടില്ല.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, 1958-ൽ കേരളത്തിന്റെ ഔദ്യോഗിക ഭാഷ മലയാളമാണെന്ന് പ്രഖ്യാപിച്ചിട്ടുണ്ട്. അന്നത്തെ സംസ്ഥാന സർക്കാർ ഉത്തരവ് ലഭ്യവുമാണ്.

ശ്രീ. കെ. സി. ജോസഫ്: സർ, അങ്ങനെ പ്രഖ്യാപിച്ചാൽ പോര. 1967-ലെ സപ്തകക്ഷിമുന്നണി ഗവൺമെന്റ് പറയുന്നത് കേരളത്തിന്റെ ഔദ്യോഗിക ഭാഷ മലയാളമോ ഇംഗ്ലീഷോ ആണെന്നാണ്.

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, 1967 വരെ കേരളത്തിലെ ഭരണഭാഷ മലയാളമായിരുന്നില്ല. ഭരണഭാഷ മലയാളമാക്കുന്ന നടപടിക്ക് നിയമപരമായ അംഗീകാരം കൊണ്ടുവന്നത് 1967-ൽ അധികാരത്തിൽവന്ന ഇ.എം.എസ്-ന്റെ നേതൃത്വത്തിലുള്ള സപ്തകക്ഷിമുന്നണി സർക്കാരാണ്.

ശ്രീ. എ. പ്രദീപ്കുമാർ: സർ, ഭരണഭാഷ മലയാളമാക്കുന്ന വിഷയമല്ല ഈ ബില്ലിന്റെ ഭാഗമായി ചർച്ച ചെയ്യുന്നത്. പുതിയ തലമുറയെ ശുദ്ധ മാതൃഭാഷ പഠിപ്പിക്കാനുള്ള ശ്രമമാണ് നടത്തുന്നത്. വിദ്യാലയങ്ങളിൽ മലയാള ഭാഷ ഒരുതരത്തിലും നിരോധിക്കപ്പെടാൻ പാടില്ല, അത് പഠിപ്പിക്കണമെന്ന് നിർബന്ധിക്കുന്ന നിയമ നിർമ്മാണമാണിത്. സ്കൂളുകളിലൂടെ മാത്രമല്ല ഇപ്പോൾ ഭാഷയുടെ വ്യവഹാരം നടക്കുന്നത്. സ്കൂളുകൾക്ക് പുറത്ത് കുട്ടികളുടെ ഭാഷയെ സ്വാധീനിക്കുന്ന ധാരാളം ഘടകങ്ങൾ വരികയാണ്. മലയാള ഭാഷയെ അങ്ങേയറ്റം അപമാനിക്കുന്ന തരത്തിലുള്ള പ്രവണതകൾ ഈ സമൂഹത്തിൽ ശക്തമായി

നിൽക്കുകയാണ്, വിശേഷിച്ചും ചാനലുകളിൽ. ഒരു ചാനലും വ്യത്യസ്തമല്ല. മലയാളം ചാനലുകളിലെ വാർത്തയൊഴിച്ചുള്ള പല പരിപാടികളിലും മലയാള ഭാഷയെ പച്ചയായി അപമാനിക്കുന്നുണ്ട്. ഒരു ഉദാഹരണം, ഗായിക ശ്രീമതി കെ. എസ്. ചിത്ര, ശ്രീ. എം. ജി. ശ്രീകുമാർ എന്നിവർ ജഡ്ജസ്സായ ഒരു സംഗീത പരിപാടിയിൽ അതിന്റെ അവതാരക ഇംഗ്ലീഷും മലയാളവുമല്ലാതെ രണ്ടുംകൂടി കൂട്ടിക്കുഴച്ചാണ് സംസാരിക്കുന്നത്. ആ പരിപാടിയുടെ അവസാനം കുട്ടികളെക്കുറിച്ചുള്ള അഭിപ്രായം ചോദിക്കുമ്പോൾ എം. ജി. ശ്രീകുമാറിനെ ശ്രീച്ചേട്ടാന്ന് വിളിക്കുന്നതിനുപകരം 'ശ്രീ ചെറ്റാ' എന്നും ശ്രീമതി കെ. എസ്. ചിത്രയെ ചിത്രച്ചേച്ചിയെന്ന് വിളിക്കുന്നതിനുപകരം 'ചീത്തചേച്ചി' എന്നുമാണ് വിളിക്കുന്നത്. ചാനലുകളിൽ ഇങ്ങനെ ധാരാളം ഗോഷ്ടികൾ നടക്കുന്നു. ഈ ഗോഷ്ടികണ്ട് നമ്മുടെ കുട്ടികളും അത്തരത്തിൽ സംസാരിക്കുകയാണ്. ഈ നിയമനിർമ്മാണം ഏറ്റവും പ്രസക്തവും ആവശ്യവുമാണ്. ശുദ്ധമായ മലയാളം കുട്ടികളെ പഠിപ്പിക്കുന്നതോടൊപ്പം സമൂഹത്തിൽ അശുദ്ധമായ മലയാളം തിരുകിക്കയറ്റാനുള്ള പ്രവണതകൾക്ക് കടിഞ്ഞാണിടാനുള്ള നടപടികൂടി ഇതിനനുബന്ധമായി ആലോചിക്കേണ്ടതല്ലേ എന്നാണ് ഞാൻ ചോദിക്കുന്നത്.

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, അങ്ങ് പറഞ്ഞത് ശരിയാണ്. 'ചൊട്ട മുതൽ ചുടലവരെ' എന്നാണ് ചൊല്ല്. അതായത് പ്രാഥമിക വിദ്യാഭ്യാസം നേടുന്ന സന്ദർഭം മുതൽ മലയാളം നിർബന്ധമായി പഠിക്കാൻ തയ്യാറായിക്കഴിഞ്ഞാൽ ജീവിതം ചുടലയിലേക്കെടുക്കുന്നതുവരെ സംസ്കാര സമ്പന്നരായിരിക്കും മലയാളികൾ. ആ അർത്ഥത്തിൽ വേണം അതിനെ കാണാൻ. 1987-ലെ നായനാർ ഗവൺമെന്റിന്റെ കാലത്താണ് കോടതി വ്യവഹാരങ്ങളിൽ മലയാള ഉപയോഗിക്കുന്നത് സംബന്ധിച്ച് പഠിക്കുന്നതിനായി ജസ്റ്റിസ് കെ. കെ. നരേന്ദ്രൻ കമ്മീഷനെ ചുമതല ഏൽപ്പിച്ചത്.

ശ്രീ. പി. കെ. ബഷീർ: സർ, മലയാളം ഭരണഭാഷയാക്കുന്നത് നല്ല കാര്യമാണ്. മലയാള ഭാഷ വേണം, മലയാളം ഭരണ ഭാഷയാക്കണമെന്നൊക്കെ നമ്മൾ ഘോരഘോരം പറയുന്നുണ്ട്. സർക്കാർ സ്കൂളുകളിലും എയ്ഡഡ് സ്കൂളുകളിലും പൊതുവിദ്യാഭ്യാസം ശക്തിപ്പെടുത്തണമെന്ന് പറയുമ്പോഴും സർക്കാർ സ്കൂൾ അദ്ധ്യാപകരും എയ്ഡഡ് സ്കൂൾ അദ്ധ്യാപകരും അവരുടെ കുട്ടികളെ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലാണ് പഠിപ്പിക്കുന്നത്. ഇവിടെ നിയമമുണ്ടാക്കുന്ന നമുക്കും നമ്മുടെ മക്കളെയും മക്കളുടെ മക്കളെയും മലയാളം പഠിപ്പിക്കാനുള്ള ബാദ്ധ്യതയുണ്ടാകണം. അതിനുള്ള സംവിധാനമുണ്ടാക്കുമോ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്?

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: സർ, സ്കൂളുകളിൽ ഇങ്ങനെയുള്ള സംവിധാനം ഉണ്ടാകണമെങ്കിൽ അതിൽ ഒരു കാര്യംകൂടി ചെയ്യണം. പരീക്ഷ ഉൾപ്പെടെയുള്ള ടെസ്റ്റുകൾ നടത്തണം. മിക്കവാറും സ്ഥലത്ത് മോറൽ സയൻസ് ഉൾപ്പെടെയുള്ള വിഷയങ്ങൾ പഠിപ്പിക്കാനുള്ള സാഹചര്യം വരുന്നത് അങ്ങനെയൊരു പേപ്പറുള്ളതുകൊണ്ടാണ്. പരീക്ഷ പേപ്പർ മലയാളത്തിലാക്കുന്ന രീതിയിൽ നിയമപരമായി മാറ്റം വരുത്തണം.

<u>ശ്രീ. റ്റി. വി. രാജേഷ് :</u> സർ കേരളത്തിൽ പൊതുവിദ്യാഭ്യാസത്തെ ശക്തിപ്പെടുത്താനുള്ള കാര്യമായ ശ്രമം നടന്നുകൊണ്ടിരിക്കുകയാണ്. എന്നാൽ ഇന്ന് കണ്ടുവരുന്ന പ്രവണത, ഒട്ടുമിക്ക മലയാളം മീഡിയം സ്കൂളുകളും പടിപടിയായി ഇംഗ്ലീഷ് മീഡിയം സ്കൂളുകളായി മാറുകയാണ്. ഇംഗ്ലീഷ് മീഡിയം സ്കൂളുകളുണ്ടെങ്കിലേ കുട്ടികൾ വരൂ, കുട്ടികളെ ആകർഷിക്കാൻ കഴിയൂ എന്നൊരു നിലയുണ്ടാകുന്നു. ഇങ്ങനെ പോയാൽ അഞ്ചോ പത്തോ വർഷം കഴിയുമ്പോൾ കേരളത്തിൽ മലയാളം മീഡിയം സ്കൂളുകൾ ഇല്ലാത്ത സ്ഥിതിയുണ്ടാകും. പഠനം മാതൃഭാഷയിലൂടെയായിരിക്കണമെന്നാണ് ലോകം മുഴുവൻ അംഗീകരിച്ച തത്വം. മലയാളികൾ മദ്യത്തിന്റെ കാര്യത്തിലും മലയാളത്തിന്റെ കാര്യത്തിലും പൊതുവിൽ കാപട്യമാണ് കാണിക്കുന്നത്. ഇവിടെ വന്ന് മാതൃഭാഷയ്ക്കുവേണ്ടി മുദ്രാവാക്യം വിളിക്കുന്ന പലരുടെയും മക്കൾ ഇംഗ്ലീഷ് മീഡിയം സ്കൂളുകളിലാണ് പഠിക്കുന്നത്; എന്നിട്ടാണ് മാതൃഭാഷയെക്കുറിച്ച് സംസാരിക്കുന്നതെന്ന് ഇവിടെ ശ്രീ. പി. കെ. ബഷീർ പറഞ്ഞു. മദ്യത്തിന്റെയും മാതൃഭാഷയുടെയും കാര്യത്തിൽ കാണിക്കുന്ന ഈ കാപട്യത്തിന് മറ്റൊരുദാഹരണമാണ് പൊതുവിദ്യാലയത്തിൽ കുട്ടികളെ ആകർഷിക്കാനെന്ന വ്യാജേന മിക്ക സ്കൂളുകളും ഇംഗ്ലീഷ് മീഡിയമായി മാറിക്കൊണ്ടിരിക്കുന്നത്. യഥാർത്ഥത്തിൽ നമ്മൾ നടത്തുന്ന ഈ ചർച്ച എത്രമാത്രം നിരർത്ഥകമാണ്. ഈ കാര്യത്തിൽ അങ്ങയുടെ നിലപാട് എന്താണെന്നറിയാൻ ആഗ്രഹമുണ്ട്.

<u>ശ്രീ. ജോൺ ഫെർണാണ്ടസ്</u>: സർ, 1967-ൽ അന്നത്തെ സർക്കാർ ഇക്കാര്യം മുൻകൂട്ടി കണ്ടിരുന്നു. അന്ന് ഒരു വാദഗതി ഉയർന്നുവന്നത് സാങ്കേതിക പദങ്ങൾ മലയാളത്തിൽ എങ്ങനെയാക്കുമെന്നതാണ്. വിവിധ ഭാഷകളിലുള്ള സാങ്കേതിക പദങ്ങളെ മലയാളത്തിലേയ്ക്ക് കൊണ്ടുവരുന്നതിനും മലയാളത്തിൽ പുതിയ പദങ്ങൾ കണ്ടെത്തുന്നതിനുമാണ് കവിയും വിജ്ഞാനതൃഷ്ണയുള്ള വലിയ നേതാവുമായിരുന്ന എൻ. വി. കൃഷ്ണവാര്യരെ ഡയറക്ടറാക്കി 1967-ൽ മലയാള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് രൂപീകരിച്ചത്. ആ ഇൻസ്റ്റിറ്റ്യൂട്ട് കുറേയേറെ മുന്നോട്ടു പോവുകയും കുറേ പദങ്ങൾ നമുക്ക് സമ്മാനിക്കുകയും ചെയ്തിട്ടുണ്ട്. സാങ്കേതിക വിദ്യയുമായി ബന്ധപ്പെട്ട പദങ്ങളടക്കം മലയാളത്തിന് ലഭിച്ചിട്ടുണ്ട്; അത് ഇന്ന് നല്ലപോലെ ഉപയോഗപ്പെടുത്തുന്നുണ്ട്.

<u>ശ്രീ. എം. സ്വരാജ്</u>: സർ, ലോകത്തിൽ ഏത് രാജ്യത്തുപോയാലും അവിടത്തെ വിദ്യാലയത്തിൽ ചേർന്ന് ഒരു കുട്ടി പഠിക്കണമെന്നുണ്ടെങ്കിൽ അവിടത്തെ മാതൃഭാഷ പഠിക്കേണ്ടതായിട്ടുണ്ട്. അത് ആവശ്യമില്ലാത്ത ഒരു നാട് കേരളം മാത്രമാണ്. പൊതു മലയാളി ബോധത്തിന്റെ ഭാഗമായി ആംഗലേയ സംസ്കാരത്തോടും ആംഗലേയ ഭാഷയോടും മാനസികമായ ഒരു വിധേയത്വം, അത് കൂടുതൽ ഉൽകൃഷ്ടമാണ് എന്നൊരു തോന്നൽ, വന്നുപോയിട്ടുണ്ട്. അത് 190 കൊല്ലം വൈദേശിക ആധിപത്യത്തിന്റെ കീഴിൽ ജീവിച്ച ഒരു ഭൂപ്രദേശത്ത് സ്വാഭാവികമായും ഉണ്ടാകാനിടയുള്ള ഒന്നാണ്. അതുകൊണ്ടാണ് കുഞ്ഞുണ്ണിമാഷ് എഴുതിയത് 'മകൻ ജനിക്കുമ്പോൾതന്നെ ആംഗലേയം പറയണം അതിനുവേണ്ടി ഭാര്യയുടെ പ്രസവം അങ്ങോട്ടു മാറ്റി' എന്നർത്ഥത്തിൽ അദ്ദേഹം പരിഹാസരൂപേണ എഴുതിയിട്ടുണ്ട്. ....(ബഹളം)... ഞാൻ അങ്ങനെ പറയാത്തത് എന്റെ വർത്തമാനത്തിൽ ഒരു ആംഗലേയപദം വരണ്ടായെന്നുള്ളതു കൊണ്ടു മാത്രമാണ്. ഇങ്ങനെയൊരു സ്ഥിതി ഇവിടെ നിലനിൽക്കുന്നുണ്ട്. ലോകത്തിന്റെ മറ്റു പല ഭാഗങ്ങളിലും മാതൃഭാഷ സംരക്ഷിക്കുന്നതിനുവേണ്ടി വലിയ സമരങ്ങളും പോരാട്ടങ്ങളും രക്തസാക്ഷിത്വങ്ങളുമുണ്ടായിട്ടുണ്ട്. ആഫ്രിക്കയിലെ ഒരു വിഭാഗത്തിന്റെ ഭാഷയിൽ കൈവയ്ക്കാൻ അവിടത്തെ ആംഗലേയഭരണകൂടം ശ്രമിച്ചപ്പോൾ അതിനെതിരായി Lesotho-യിൽ അരങ്ങേറിയ വലിയ ഒരു പ്രക്ഷോഭത്തിലാണ് 'ഹെക്ടർ പീറ്റേഴ്സൺ' എന്ന വിദ്യാർത്ഥിക്ക് രക്തസാക്ഷിത്വം വഹിക്കേണ്ടി വന്നത്. ഇവിടെ അങ്ങനെയൊന്നുമുണ്ടായിട്ടില്ല, എന്നാൽ ഇവിടെ വലിയ പീഡനങ്ങളേറ്റുവാങ്ങിയിട്ടുണ്ട്. ഞാൻ ഇപ്പോഴും ഓർക്കുന്നു, ചാത്തമംഗലത്ത് ഒരു ആംഗലേയ പള്ളിക്കൂടത്തിൽ പഠിച്ച സെയ്ദ് സഫ്വാൻ മഷൂർ എന്ന കുട്ടി മലയാളത്തിൽ ഒരു വാക്ക് പറഞ്ഞപ്പോൾ നിർബന്ധിച്ച് ആ കുട്ടിയുടെ തല മുണ്ഡനം ചെയ്യിച്ച അനുഭവമുണ്ടായത് കുറച്ചുവർഷങ്ങൾക്ക് മുമ്പ് ഈ കേരളത്തിലാണ്. മാതൃഭാഷയിൽ ഒരു വാക്കുപറഞ്ഞതിന്റെ പേരിൽ തല മൊട്ടയടിക്കപ്പെട്ട കുട്ടികൾ, കനത്ത പിഴ ഒടുക്കേണ്ടിവന്ന കുട്ടികൾ ഇങ്ങനെയുള്ള പീഡനങ്ങളുണ്ടാകുന്ന ഒരു നാടായി നമ്മുടെ നാട് മാറി. ഇപ്പോഴും കുറേ ആളുകളുടെ മനസ് കത്തിയുമായി നിൽക്കുകയാണ്; മലയാളം പറയുന്നവരുടെ തല മുണ്ഡനം ചെയ്യാൻ. അങ്ങനെയുള്ളവരുടെ മനസ്സ് മാറ്റുന്നതിനുംകൂടി സഹായിക്കുന്ന ഒരു നിയമമാണ് ഇതെന്നും മുമ്പ് ഇങ്ങനെ പീഡിപ്പിക്കപ്പെട്ട കുട്ടികളോടുള്ള ഒരു കടം വീട്ടലാണ് ഈ നിയമമെന്നും അങ്ങ് കരുതുന്നുണ്ടോ ?

<u>ശ്രീ. ജോൺ ഫെർണാണ്ടസ്</u>: സർ, തീർച്ചയായും. വിദ്യാർത്ഥി നേതാക്കന്മാരായതുകൊണ്ട് ശ്രീ. എം. സ്വരാജിനും ഇപ്പോൾ സംസാരിക്കാൻ പോകുന്ന ശ്രീ. എ. എൻ. ഷംസീറിനും കുറേ കാര്യങ്ങൾ പറയാനുണ്ടാകും.

ശ്രീ. എ. എൻ. ഷംസീർ: സർ, മലയാള ഭാഷ നിർബന്ധമാക്കാനുള്ള ഓർഡിനൻസും അതിനെത്തുടർന്നുള്ള ചർച്ചയുമാണ് ഇവിടെ നടക്കുന്നത്. അതിനെ പിന്തുണച്ചുകൊണ്ടുതന്നെയാണ് ഞാനും സംസാരിക്കുന്നത്. എന്നാൽ ഇവിടെ ഒരു ആശങ്ക പങ്കുവയ്ക്കുകയാണ്, കാരണം കേരളത്തിന്റെ സമ്പദ്ഘടന മെച്ചപ്പെടുത്തുന്നതിൽ വലിയ പങ്കുവഹിച്ചത് ഗൾഫ് രാഷ്ട്രങ്ങളാണ്. ഇപ്പോൾ ഗൾഫ് രാഷ്ട്രങ്ങളിലെ കടുത്ത സാമ്പത്തിക പ്രതിസന്ധിയുടെ ഭാഗമായി പത്താം ക്ലാസ്സും ഒൻപതാം ക്ലാസ്സും പഠനം പൂർത്തീകരിച്ച മലയാളമറിയാത്ത കുട്ടികൾ നാട്ടിലേയ്ക്ക് തിരിച്ചുവരികയാണ്. അങ്ങനെ വരുന്ന കുട്ടികളെ ഇവിടെ എങ്ങനെയാണ് അക്കോമഡേറ്റ് ചെയ്യാൻ പോകുന്നത്; അവരെ എങ്ങനെ പഠിപ്പിക്കും? ഇതുവരെ ഭാഷ പഠിക്കാത്ത, സംസാരിക്കാൻ അറിയുന്ന, എന്നാൽ വായിക്കാൻ അറിയാത്ത കുറേ കുട്ടികളുള്ള നാടാണ് കേരളം. അത്തരം കുട്ടികളുടെ പ്രശ്നങ്ങൾ എങ്ങനെ പരിഹരിക്കും എന്നതുൾപ്പെടെ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഇതുമായി ബന്ധപ്പെട്ട ചർച്ചയ്ക്ക് മറുപടി പറയുമ്പോൾ ഇവിടെ വ്യക്തമാക്കേണ്ടതുണ്ട് എന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

ശ്രീ. ജോൺ ഫെർണാണ്ടസ്: സർ, ഈ അടുത്ത കാലത്താണ് വിദ്യാഭ്യാസ അവകാശ നിയമം ഇന്ത്യാ ഗവൺമെന്റ് പാസ്സാക്കിയത്. അതിൽ എട്ടാം ക്ലാസ്സുവരെ പഠന മാധ്യമം മാതൃഭാഷയിൽ ആയിരിക്കണമെന്ന് നിർദ്ദേശമുണ്ട്. അത് തീർച്ചയായും ഈ നിയമത്തിന് കുറേക്കൂടി ബലം നൽകുന്ന ഒന്നാണെന്ന് കാണാൻ കഴിയും. നമുക്ക് മലയാള ഭാഷയെക്കുറിച്ചും മലയാള ഭാഷ നിർബന്ധിതമാക്കേണ്ട ആവശ്യകതയെക്കുറിച്ചും പറയുമ്പോൾ എന്തുകൊണ്ടും ഓർത്തിരിക്കേണ്ട ഒരു കാവ്യശകലമുണ്ട്.

"മിണ്ടിത്തുടങ്ങാൻ ശ്രമിക്കുന്ന പിഞ്ചിളം-

ചുണ്ടിന്മേൽ അമ്മിഞ്ഞപ്പാലോടൊപ്പം,

അമ്മയെന്നുള്ള രണ്ടക്ഷരമല്ലയോ

സമ്മേളിച്ചിടുന്നതൊന്നാമതായ്?

മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ

മർത്യന പെറ്റമ്മ തൻ ഭാഷതാൻ" എന്ന് വള്ളത്തോൾ നമ്മോട് പറഞ്ഞിട്ടുണ്ട്. മാതൃഭാഷ അമ്മ തന്നെയാണെന്ന് നമ്മെ പഠിപ്പിച്ച വള്ളത്തോൾ അടക്കമുള്ള മഹാരഥന്മാരുടെ പിന്മുറക്കാരായ കവികൾ വീണ്ടും ഇത്തരം കാര്യങ്ങൾ നമ്മളെ ഓർമ്മിപ്പിച്ചിട്ടുണ്ട്. കുരീപ്പുഴ ശ്രീകുമാർ അദ്ദേഹത്തിന്റെ 'അമ്മ മലയാള'-ത്തിൽ എഴുതിയിട്ടുള്ളത്,

"ഓർക്കുക, അച്ഛനും അമ്മയും

പ്രണയിച്ച ഭാഷ മലയാളം

കുമ്പിളിൽ കഞ്ഞി വിശപ്പാറ്റുവാൻ

വാക്കു തന്ന മലയാളം

പെങ്ങളോടെല്ലാം പറഞ്ഞു

തളിർക്കുവാൻ വന്ന മലയാളം

കൂലി പോരെന്നതറിഞ്ഞു പിണങ്ങുവാൻ

ആയുധം തന്ന മലയാളം" എന്നാണ്. ആ നിലയ്ക്ക് മലയാള ഭാഷ നമുക്ക് നൽകിയിട്ടുള്ള മഹത്തായ സംഭാവനകളെക്കുറിച്ച്, പോരാടാനും സ്നേഹിക്കാനും പ്രണയിക്കാനും പഠിപ്പിച്ച ഭാഷയെന്ന നിലയ്ക്ക് മലയാളത്തിന്റെ മഹത്വത്തെക്കുറിച്ച് പറഞ്ഞിട്ടുണ്ട്.

"മലയാള ഭാഷ തൻ മാദക ഭംഗി നിൻ

മലർ മന്ദഹാസമായ് വിരിയുന്നു.

കിളികൊഞ്ചും നാടിന്റെ ഗ്രാമീണ ശൈലിനിൻ

പുളിയിലക്കര മുണ്ടിൽ തെളിയുന്നു"എന്ന് ശ്രീകുമാരൻ തമ്പി എഴുതുകയും ദേവരാജൻ മാഷ് സംഗീതം നൽകുകയും ഭാവഗായകനായ പി. ജയചന്ദ്രൻ പാടുകയും ചെയ്ത മലയാള സിനിമാഗാനം നമുക്ക് മറക്കാൻ കഴിയില്ല. ഈ നിലയ്ക്ക് മലയാള ഭാഷയുടെ മനോഹാരിതയും പ്രത്യേകതയും എന്നും നമ്മെ മുന്നോട്ടു നയിക്കും. കേരളത്തിന്റെ ഒരു പുതുയുഗത്തിന് തുടക്കം കുറിക്കുന്ന ഈ സന്ദർഭത്തിൽ വിദ്യാലയങ്ങളിൽ മലയാള ഭാഷ നിർബന്ധിതമാക്കുക എന്ന തീരുമാനം ലംഘിക്കുന്നവരെ ശിക്ഷിക്കാനുള്ള നടപടികളടക്കം മുന്നോട്ടു വച്ചുകൊണ്ടുള്ള ഈ നിയമം വളരെ പ്രധാനപ്പെട്ടതാണ്.

നമ്മുടെ ഭാഷയ്ക്ക് രണ്ടായിരത്തിലേറെ വർഷത്തെ പഴക്കമുണ്ട്. ഞാൻ അതിലേയ്ക്കൊന്നും കടക്കുന്നില്ല. രേഖപ്പെടുത്തപ്പെട്ട ഭാഷ എന്ന നിലയ്ക്ക് ക്രിസ്തുവിനുശേഷം 832-ലെ വാഴപ്പിള്ളി ശാസനമാണ് മലയാളത്തിൽ എഴുതപ്പെട്ട ആദ്യത്തെ രൂപം എന്ന നിലയ്ക്കാണ് ഭാഷാ ശാസ്ത്രകാരന്മാർ നമ്മളെ പഠിപ്പിച്ചിട്ടുള്ളത്. അതുകൊണ്ട് നൂറ്റാണ്ടുകളുടെ പഴക്കമുള്ള ഈ ഭാഷയെ ജീവിത ഭാഷയായി നിലനിർത്താൻ നമുക്ക് കഴിയണം. മലയാള ഭാഷയ്ക്ക് വ്യത്യസ്തങ്ങളായ വൈവിദ്ധ്യമുണ്ട്. എന്റെ നാടായ കൊച്ചിയിലെ സംസാരഭാഷയിലല്ല കാസർഗോഡ് ജില്ലക്കാർ സംസാരിക്കുന്നത്. കാസർഗോഡ് ജില്ലക്കാർ സംസാരിക്കുന്ന ഭാഷയല്ല വള്ളുവനാടിലെ ആളുകൾ സംസാരിക്കുന്നത്; അതല്ല കോഴിക്കോട് സംസാരിക്കുന്ന ഭാഷ; ആ ഭാഷയല്ല തിരുവനന്തപുരത്തെ

നെയ്യാറ്റിൻകര മുതൽ പാറശ്ശാലവരെയുള്ളവർ സംസാരിക്കുന്നത്. അത്തരത്തിൽ വ്യത്യസ്തങ്ങളായ ശൈലികളുണ്ട്. ഇതൊന്നും മനസ്സിലാക്കാതെ, ഭാഷയുടെ മനസ്സും മനസ്സുകൊണ്ടുള്ള സംസാരഭാഷയും മനസ്സിലാക്കാതെ വെറും അച്ചടിയന്ത്രങ്ങളെപ്പോലെ ജീവിക്കുന്ന ചിലർക്ക് മലയാളത്തിന്റെ വൈവിദ്ധ്യങ്ങൾ മനസ്സിലാകാതെ വരുമ്പോഴാണ് അവർ ചിലരെയൊക്കെ ആക്രമിക്കാൻ കോപ്പുകൂട്ടുന്നത്. അത് തിരിച്ചറിഞ്ഞുകൊണ്ട് മലയാള ഭാഷയെ രക്ഷിക്കാനും സംരക്ഷിക്കാനുമുള്ള പോരാട്ടത്തിൽ ഒരു ചുവട് മുന്നോട്ടുവയ്ക്കുകയാണ് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി. അതുകൊണ്ട് അദ്ദേഹത്തിനെതിരായി ഉയർന്നുവരുന്ന എല്ലാ നീക്കങ്ങളെയും ചെറുക്കാൻ നമുക്ക് കഴിയേണ്ടതുണ്ട്. നമുക്ക് പ്രധാനം ഭാഷയാണ്; ആ ഭാഷയെ സംരക്ഷിക്കാനായിരിക്കണം നമ്മുടെ നീക്കം എന്നുപറഞ്ഞുകൊണ്ട് ഞാൻ ഈ ബില്ലിനെ പിന്തുണയ്ക്കുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. കെ. സി. ജോസഫ്, അങ്ങേയ്ക്ക് ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) നമ്പർ ഭേദഗതി അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

ശ്രീ. കെ. സി. ജോസഫ്: സർ, 2017-ലെ മലയാള ഭാഷ (നിർബന്ധിത ഭാഷ) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു. ഈ ബില്ലിന് ഒരു വ്യക്തത വരുത്തണമെന്നാണ് എനിക്ക് ബഹുമാന്യനായ മന്ത്രിയോട് അപേക്ഷിക്കാനുള്ളത്. ഇന്ന് കേരളത്തിൽ നിലവിലുള്ളത് 1969-ലെ Kerala Official Language Act ആണ്. ആ ആക്ട് ഇന്നുവരെ റിപ്പീൽ ചെയ്തിട്ടില്ല. ഈ ബില്ലിലും അത് റിപ്പീൽ ചെയ്യുന്നില്ല. ആ ആക്ട് അവതരിപ്പിച്ചത് 1967-ലെ സർക്കാരാണ്. അന്നത്തെ മുഖ്യമന്ത്രി ഇ. എം. എസ്. നമ്പൂതിരിപ്പാട് പൈലറ്റ് ചെയ്ത ബില്ലാണ് ഇന്ന് നിലവിലുള്ളത്. കേരളത്തിലെ ഔദ്യോഗിക ഭാഷ മലയാളവും ഇംഗ്ലീഷും ആണെന്നാണ് ആ നിയമത്തിൽ പറയുന്നത്. അതിനെ മറികടന്നുള്ള ഒരു നിയമനിർമ്മാണം ഇതുവരെ നടത്തിയിട്ടില്ല. അതുകൊണ്ട് ഈ ബില്ലിന്റെ റിപ്പീലിംഗ് ക്ലോസിലെങ്കിലും ആവശ്യമായ മാറ്റം വരുത്തണം. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് '2015-ലെ മലയാള ഭാഷ (വ്യാപനവും പരിപോഷണവും ബിൽ) അവതരിപ്പിച്ചു. സഭ അത് ഐകകണ്ഠ്യേന പാസ്സാക്കി. അന്ന് അങ്ങും സഭാംഗമായിരുന്നു. ആ ബിൽ ചരിത്രസംഭവം തന്നെയായിരുന്നു. ആ ബില്ലിലെ വ്യവസ്ഥകൾ ഞാൻ ഓർക്കുകയാണ്. ഒന്ന്, ഭരണഘടനാ പ്രകാരമോ പാർലമെന്റോ നിയമസഭയോ ഉണ്ടാക്കിയ ചട്ടപ്രകാരമോ ഉത്തരവുകളിലും ചട്ടങ്ങളിലും റഗുലേഷനുകളിലും ബൈലോകളിലും ഉപയോഗിക്കേണ്ട ഭാഷ മലയാളമായിരിക്കും എന്ന് വ്യവസ്ഥ ചെയ്യുന്ന ബിൽ അവതരിപ്പിച്ചത് കഴിഞ്ഞ യു.ഡി.എഫ്. സർക്കാരാണ്. അന്ന് മുഖ്യമന്ത്രിക്കുവേണ്ടി ഞാനാണ് ബിൽ പൈലറ്റ് ചെയ്തത്. രണ്ട്, ഇന്ത്യൻ ഭരണഘടനയുടെ

346-347 അനുച്ഛേദങ്ങൾക്ക് വിധേയമായി കേരള സംസ്ഥാനത്തെ എല്ലാ ഔദ്യോഗിക ആവശ്യങ്ങൾക്കും ഉപയോഗിക്കേണ്ട ഭാഷ മലയാളമായിരിക്കേണ്ടതാണ്. മൂന്ന്, കോടതി ഭാഷ - ഹൈക്കോടതിയുടെ അനുമതിയോടുകൂടി ജില്ലാ കോടതിയുടെ കീഴിലുള്ള കോടതികളിൽ ഉപയോഗിക്കുന്ന ഭാഷയും കേസുകളുടെ വിധിന്യായങ്ങളും ഒരു നിശ്ചിത കാലയളവിനുള്ളിൽ മലയാളത്തിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കേണ്ടതാണ്. നാല്, മറ്റേതെങ്കിലും നിയമത്തിൽ എന്തുതന്നെ അടങ്ങിയിരുന്നാലും സർക്കാരിന് കീഴിലുള്ള അർദ്ധ ജുഡീഷ്യൽ അധികാരമുള്ള എല്ലാ സ്ഥാപനങ്ങളിലെയും ഉത്തരവുകൾ, വിധിന്യായങ്ങൾ എന്നിവ മലയാള ഭാഷയിലായിരിക്കേണ്ടതാണ്. അഞ്ച്, കേരളത്തിലെ എല്ലാ സർക്കാർ എയ്ഡഡ് സ്കൂളുകളിലും പത്താം തരംവരെ നിർബന്ധിത ഒന്നാംഭാഷ മലയാളമായിരിക്കേണ്ടതാണെന്ന ഒരു മാറ്റം മാത്രമാണ് അങ്ങ് ഈ നിയമത്തിൽ ആകെ വരുത്തിയിട്ടുള്ളത്. അതായത്, പത്താം തരംവരെയുള്ള സർക്കാർ എയ്ഡഡ് സ്കൂളുകൾ മാത്രമല്ല അൺ എയ്ഡഡ്, സർക്കാർ എൻ.ഒ.സി. കൊടുക്കേണ്ട സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. എന്നീ സ്കൂളുകളിലെ പഠനഭാഷ മലയാളമാക്കുന്നു. ഞങ്ങൾ ഈ ബില്ലിനെ പൂർണ്ണമായും സ്വാഗതം ചെയ്യുന്നു. ഈ ബില്ലിന്റെ പോരായ്മകൾ പറയുമ്പോൾ ഞങ്ങൾ എതിരാണെന്ന് ധരിക്കരുത്. ഈ ബിൽ പാസ്സാകുമ്പോൾ ഇത് കുറ്റമറ്റതായിരിക്കണം. ഞാനിത് പറയാനുള്ള കാരണം, 2015-ലെ മലയാള ഭാഷ (വ്യാപനവും പരിപോഷണവും) ബിൽ സഭ പാസ്സാക്കി അസ്സെന്റിനുവേണ്ടി ബഹുമാനപ്പെട്ട ഗവർണർക്ക് അയച്ചു. ഭരണഘടനാപരമായ കോമ്പീറ്റൻസി പരിശോധിക്കാനായി ബഹുമാനപ്പെട്ട ഗവർണർ ആ ബിൽ ഇന്ത്യൻ പ്രസിഡന്റിന് അയച്ചുകൊടുത്തു. ഇന്നുവരെ ആ ബിൽ മടങ്ങിവന്നിട്ടില്ല. നിയമവകുപ്പ് ഈ നിയമം പാസ്സാക്കാൻ നിയമസഭയ്ക്കുള്ള കോൺസ്റ്റിറ്റ്യൂഷണൽ കോമ്പീറ്റൻസി പരിശോധിക്കാതെ പോയാൽ ഈ ബില്ലിന്റെയും അവസ്ഥ മറ്റൊന്നായിരിക്കുകയില്ല. നേരത്തേ ഇവിടെ ബഹുമാനപ്പെട്ട അംഗങ്ങൾ ചൂണ്ടിക്കാണിച്ചതുപോലെ ഐ.സി.എസ്.ഇ.-യും സി.ബി.എസ്.ഇ.-യുമൊക്കെ സംസ്ഥാന സർക്കാരിന്റെ നിയന്ത്രണത്തിലല്ല. കേന്ദ്ര സർക്കാരിന്റെ പരിഗണനയിലുള്ള വിഷയത്തിൽ ഈ സഭയ്ക്ക് ബിൽ പാസ്സാക്കാൻ അധികാരമില്ല. അങ്ങനെ പാസ്സാക്കിയാൽ അത് നിലനിൽക്കില്ല. ഞാൻ 1985-ൽ എം.എൽ.എ. ആയി വന്നയാളാണ്. മുഖ്യമന്ത്രിയുടെ സീറ്റിന് പിറകിലുള്ള ഒരു സീറ്റ് അഡ്വക്കേറ്റ് ജനറലിനുള്ളതാണ്. എന്റെ 35 വർഷത്തെ നിയമസഭാ ജീവിതത്തിൽ ഒരു തവണ മാത്രമാണ് അഡ്വക്കേറ്റ് ജനറലിനെ നിയമസഭയിൽ വിളിച്ചുവരുത്തിയത്. അന്ന് കെ. കരുണാകരന്റെ ഗവൺമെന്റായിരുന്നു. നിയമപരമായ അധികാരത്തെപ്പറ്റി ഒരു ബില്ലിൽ അന്ന് തർക്കമുണ്ടായി. അന്ന് അഡീഷണൽ എ.ജി.യായിരുന്ന ശ്രീ. സിറിയക് ജോസഫിനെ വിളിച്ചുവരുത്തുകയും ശ്രീ. എ. കെ. ബാലന് പിറകിലുള്ള സീറ്റിലിരുന്ന് അദ്ദേഹം

ഈ സഭയിൽ നിയമവശങ്ങൾ അവതരിപ്പിക്കുകയും ചെയ്യു. എം.എൽ.എ.മാരെക്കൂടാതെ ഈ നിയമസഭയിൽ വന്നിരിക്കാൻ അധികാരമുള്ള ഏക വ്യക്തി അഡ്വക്കേറ്റ് ജനറലാണ്. ശ്രീ. കെ. എം. മാണിയും ശ്രീ. എം. ഉമ്മറും ഈ ബില്ലിന്റെ കോമ്പീറ്റൻസിയെക്കുറിച്ച് തർക്കമുന്നയിച്ച സാഹചര്യത്തിൽ ഈ ബിൽ സെലക്ട് കമ്മിറ്റി പരിഗണിക്കുമ്പോഴെങ്കിലും അഡ്വക്കേറ്റ് ജനറലിനെ വിളിച്ചുവരുത്തണമെന്നാണ് എനിക്ക് അപേക്ഷിക്കാനുള്ളത്. ഭരണഘടനയുടെ 177-ാം ആർട്ടിക്കിളിൽ പറയുന്നത്, Rights of Ministers and Advocate General as respect to the Houses - Every Minister and the Advocate General for a State shall have the right to speak in, and otherwise to take part in the proceedings of the Legislative Assembly of the state...എന്നാണ്. ഈ നിയമം കുറ്റമറ്റതായി മുന്നോട്ട് പോകണമെങ്കിൽ, ഈ നിയമത്തിന് 2015-ലെ നിയമത്തിന്റെ അവസ്ഥ ഉണ്ടാകാതിരിക്കണമെങ്കിൽ, ദയവായി അഡ്വക്കേറ്റ് ജനറലിനെ വിളിച്ചുവരുത്തി കോമ്പീറ്റൻസി പരിശോധിച്ച് പോരായ്മകളുണ്ടെങ്കിൽ പരിഹരിക്കണം. ഇത് ചരിത്ര സംഭവമാണെന്ന് ഇവിടെ എല്ലാവരും പറഞ്ഞു. അത് നല്ല കാര്യം.

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ചരിത്രത്തിലാദ്യമായി കേരളത്തിൽ ഒരു മലയാളം യൂണിവേഴ്സിറ്റി സ്ഥാപിച്ചു. 1956 നവംബർ ഒന്നിന് കേരള സംസ്ഥാനം രൂപീകൃതമായെങ്കിലും ഒരു യൂണിവേഴ്സിറ്റി സ്ഥാപിക്കാൻ 2015 വരെ കാത്തിരിക്കേണ്ടിവന്നു. മലയാള ഭാഷയ്ക്കുവേണ്ടിയും മലയാള ഭാഷയുടെ ഗവേഷണ പഠനത്തിനുവേണ്ടിയും ഒരു യൂണിവേഴ്സിറ്റി സ്ഥാപിച്ചത് ശ്രീ. ഉമ്മൻചാണ്ടിയുടെ നേതൃത്വത്തിലുള്ള കഴിഞ്ഞ സർക്കാരാണെന്നുള്ളത് മറന്നുപോകരുത്. മലയാളം ഒന്നാം ഭാഷയാക്കിയതും മലയാളം ഭരണ ഭാഷയാക്കാനുള്ള ഉത്തരവിറക്കിയതും കഴിഞ്ഞ സർക്കാരാണ്. അതുമാത്രമല്ല, ഇപ്പോൾ മലയാളം ക്ലാസ്സിക് ലാംഗ്വേജാണെന്ന് നേരത്തേ ശ്രീ. വി. ടി. ബൽറാം പറഞ്ഞു. എൽ.ഡി.എഫ്. ഭരണകാലത്ത് ശ്രീ. വി. എസ്. അച്ചുതാനന്ദൻ മുഖ്യമന്ത്രിയായിരുന്നപ്പോൾ ശ്രീ. എം. എ. ബേബിയായിരുന്നു സാംസ്കാരിക വകുപ്പുമന്ത്രി. മലയാളത്തിന് ക്ലാസ്സിക്കൽ ഭാഷാ പദവി ലഭിക്കുന്നതിനുള്ള നടപടി ആ ഗവൺമെന്റ് തുടങ്ങിവച്ചു. അന്ന് ശ്രീ. വി. എസ്. അച്ചുതാനന്ദൻ, ശ്രീ. എം. എ. ബേബി, അന്നത്തെ പ്രതിപക്ഷനേതാവ് ശ്രീ. ഉമ്മൻ ചാണ്ടി, ഒ. എൻ. വി. കുറുപ്പ്, സുഗതകുമാരി ടീച്ചർ, ശ്രീ. പുതുശ്ശേരി രാമചന്ദ്രൻ, പ്രൊഫ. നടുവട്ടം ഗോപാലകൃഷ്ണൻ എന്നിവർ മലയാളത്തിന് ഈ പദവി ലഭിക്കുന്നതിനുവേണ്ടി ഡൽഹിക്ക് പോകുകയും പ്രധാനമന്ത്രിയെ കണ്ട് നമ്മുടെ ഭാഗം അവതരിപ്പിക്കുകയും ചെയ്യു. പക്ഷേ അവസാനം തീരുമാനമുണ്ടായപ്പോൾ കേന്ദ്ര സാഹിത്യ അക്കാദമി പറഞ്ഞത് മലയാള ഭാഷയ്ക്ക് ആവശ്യമായ പഴക്കമില്ലെന്നാണ്. മലയാള ഭാഷയ്ക്ക് ക്ലാസ്സിക്കൽ

ലാംഗ്വേജ് ആകാൻ അർഹത ഇല്ലെന്നുപറഞ്ഞ് നിരാകരിച്ചു. അതിനുശേഷം ശ്രീ. ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായപ്പോൾ വീണ്ടും ഞങ്ങൾ ഡൽഹിക്കുപോയി ആ വിഷയം ടേക്കപ് ചെയ്തു. അഭിമാനപൂർവ്വം പറയട്ടെ, ശ്രീ. ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് ആ പദവി നേടിയെടുക്കാൻ കഴിഞ്ഞു. മലയാളം ക്ലാസ്സിക്കൽ ലാംഗ്വേജാക്കിയതിന്റെ ക്രെഡിറ്റ് ഉമ്മൻ ചാണ്ടി സർക്കാരിനാണ്. അതുകൊണ്ട് പറയുമ്പോൾ എല്ലാ ചരിത്രവും പറയണം. ദയവായി എല്ലാവർക്കും ഓർമ്മയുണ്ടായിരിക്കണം, ഒന്നും മൂടി വയ്ക്കേണ്ട. എനിക്ക് അപേക്ഷിക്കാനുള്ളത് ഈ നിയമം നടപ്പിലാകണമെങ്കിൽ ബഹുമാനപ്പെട്ട മന്ത്രി ദയവായി ഇതിന്റെ എല്ലാ വശങ്ങളും പരിശോധിക്കണമെന്നാണ്. സെലക്ട് കമ്മിറ്റി ഘട്ടത്തിലെങ്കിലും അഡ്വക്കേറ്റ് ജനറലിനെ വിളിച്ചുവരുത്തി ഇതിന്റെ കോമ്പീറ്റൻസി പരിശോധിക്കണം.

<u>ശ്രീ. ജി. എസ്. ജയലാൽ</u>: സർ, നമ്മൾ മലയാള ഭാഷയെ സംരക്ഷിക്കാൻ മത്സരിച്ച് നിൽക്കുകയാണ്. നമ്മൾ ജീവിക്കുന്ന സാമൂഹ്യ ചുറ്റുപാടാണ് ഇതുപോലെയുള്ള നിയമങ്ങളുണ്ടാക്കാൻ നിർബന്ധിതമാക്കുന്നത്. ഇന്നിപ്പോൾ നമ്മുടെ പ്രശ്നമെന്താണ്? നമ്മൾ അനുഭവിക്കുന്ന നിരവധിയായ സാമൂഹ്യ പ്രശ്നങ്ങളുണ്ട്. നിയമനിർമ്മാണം നടത്തി അതിജീവിക്കേണ്ടിവന്ന സാമൂഹ്യ പ്രശ്നങ്ങൾ പലതും സമൂഹത്തിലുണ്ടായിട്ടുള്ളത് നമ്മുടെ സംസ്കാരവുമായി പുതിയ തലമുറ അകന്നുപോകുന്നതുകൊണ്ടാണ്. വയോജന സംരക്ഷണ നിയമംപോലും ഈ നിയമസഭ പാസ്സാക്കേണ്ടിവന്നത് എന്തുകൊണ്ടാണ്? പഴയകാലത്ത് ഒരു നിയമവുമില്ലാതെ അച്ഛനെയും അമ്മയെയും സംരക്ഷിക്കുന്ന സംസ്കാരം നമുക്കുണ്ടായിരുന്നു. നമ്മുടെ സംസ്കാരവുമായി അകന്ന് പുതിയ തലമുറ ജീവിക്കാൻ തുടങ്ങിയതുകൊണ്ടാണ് നിരവധി നിയമനിർമ്മാണങ്ങൾ നടത്തേണ്ടി വന്നിട്ടുള്ളത്. ഇന്ന് 60 ശതമാനത്തിലധികം വിദ്യാർത്ഥികളും മലയാള ഭാഷയിൽനിന്ന് അകന്ന് വേറൊരു സംസ്കാരത്തിലേയ്ക്ക് പോകുകയാണ്. അവരാണ് നാളെ നമ്മുടെ രാജ്യത്തെ നിയന്ത്രിക്കേണ്ടത്. അവർ നിർബന്ധിതമോ സാങ്കേതികമോ ആയ തരത്തിൽ മലയാളം പഠിക്കുകയും മലയാള സംസ്കാരത്തിലേയ്ക്ക് അവരെ കൊണ്ടുവരികയും ചെയ്യുന്നത് പൊതു മുദ്രാവാക്യമായി മാറണം. വിദ്യാഭ്യാസത്തിന്റെ ആത്യന്തിക ലക്ഷ്യമായി പറയുന്നത് ഒരു നല്ല പൗരനെ സൃഷ്ടിക്കുക എന്നുള്ളതാണ്. പഠിക്കുന്നത് ജോലി നേടാനാണെന്നുള്ള സാങ്കേതികത്വത്തിലാണ് സമൂഹത്തിന്റെ ചിന്താഗതി പോകുന്നത്. ആ സാങ്കേതികത്വങ്ങൾ ഉൾപ്പെടെയുള്ള കാര്യങ്ങൾ പരിഗണിച്ചുകൊണ്ട് മലയാളത്തിന്റെ പ്രാധാന്യം എങ്ങനെ വർദ്ധിപ്പിക്കാമെന്ന തരത്തിലേയ്ക്കുള്ള ചിന്തകൂടി കൂട്ടിച്ചേർത്ത് ഈ ചർച്ച കൊണ്ടുപോയെങ്കിൽ മാത്രമേ നമുക്ക് ഉദ്ദേശിക്കുന്ന ഫലം ലഭിക്കു എന്ന അഭിപ്രായത്തോട് അങ്ങേക്ക് യോജിപ്പുണ്ടോ?

ശ്രീ. കെ. സി. ജോസഫ്: സർ, അങ്ങ് പറയുന്നതിനോട് എനിക്ക് വിയോജിപ്പില്ല.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, തമിഴ്നാട്ടിൽ പുതുതായി വരുന്ന ഇംഗ്ലീഷ് ഭാഷയിലെ വാക്കുകൾക്കെല്ലാം തമിഴ് വെർഷൻ ഉണ്ടാകാറുണ്ട്. മൊബൈൽ ഫോണിന് തമിഴിൽ കൈപേശി എന്നും ഇ-മെയിലിന് മിന്നഞ്ചൽ എന്നുമാണ് പറയുന്നത്. മലയാളികൾ മൊബൈലിന് മൊബൈൽ എന്നും ഫോണിന് ഫോൺ എന്നുമാണ് എഴുതുന്നത്. അതുകൊണ്ട് ഇതിനനുയോജ്യമായ മലയാള പദം കണ്ടെത്താനാണ് ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് പോലുള്ള സ്ഥാപനങ്ങൾ ശ്രമിക്കേണ്ടത്. തമിഴ്നാട് ചെയ്യുന്നതുപോലെ ഇംഗ്ലീഷ് വാക്കുകളെല്ലാം മലയാളീകരിക്കാൻ കഴിയണം. അസംബ്ലിക്ക് തമിഴിൽ ചട്ടമന്റെസഭൈ എന്നും പാർലമെന്റ് എം.പി.ക്ക് പാരാളുമന്റെ ഉറുപ്പിനർ എന്നും അസംബ്ലി മെമ്പറിനെ ചട്ടമന്റെ ഉറുപ്പിനർ എന്നുമാണ് പറയുന്നത്. എല്ലാ ഇംഗ്ലീഷ് വാക്കുകൾക്കും തമിഴ് വാക്കുകളുണ്ട്. കേരളത്തിൽ ഇംഗ്ലീഷാണ് മലയാളമായി ഉപയോഗിക്കുന്നത്. അങ്ങനെയൊരു മാറ്റത്തെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്? അങ്ങ് ഈ വകുപ്പിന്റെ മന്ത്രികൂടിയായിരുന്ന ആളാണല്ലോ?

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. പി. ഉബൈദുള്ള]

ശ്രീ. കെ. സി. ജോസഫ്: സർ, മലയാളികൾ ഭാഷാ സ്നേഹികളാണ്, ഭാഷാ ഭ്രാന്തൻമാരല്ല. ഒരു ഭാഷയും വളരുന്നത് ഒരു കമ്പാർട്ടുമെന്റിലല്ല. ലോകം വളരെ വിപുലമായിക്കൊണ്ടിരിക്കുകയാണ്. തമിഴ്നാടിനെപ്പോലെ നാം ഓരോ വാക്കിനും മലയാളം കണ്ടുപിടിക്കേണ്ട കാര്യമില്ല. നാം ഉപയോഗിക്കുന്ന സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ തുടങ്ങിയ വാക്കുകൾക്ക് പകരം മലയാളം വാക്ക് വേണോ? അങ്ങനെ ഉപയോഗിക്കേണ്ട കാര്യമില്ല, ഇത്തരം വാക്കുകൾ മലയാളീകരിക്കപ്പെട്ടുകഴിഞ്ഞു.

രണ്ട് കാര്യങ്ങളാണ് എനിക്ക് ഇവിടെ ചൂണ്ടിക്കാണിക്കാനുള്ളത്. ഒന്ന്, പ്രവാസി മലയാളികളുടെ കാര്യം സംബന്ധിച്ചാണ്. 24 ലക്ഷം മലയാളികൾ കേരളത്തിനു പുറത്തുണ്ടെന്ന് ശ്രീ. കെ. വി. അബ്ദുൾ ഖാദർ ഇവിടെ പറയുകയുണ്ടായി, അവരുടെ കുട്ടികൾ പഠിക്കുന്നത് ഐ.സി.എസ്.ഇ. സ്കൂളുകളിലാണ്. അവിടെ മലയാളം പഠിപ്പിക്കുന്നില്ല. അത്തരം സ്കൂളുകളിൽ പഠിക്കുന്ന വിദ്യാർത്ഥികളുടെ മാതാപിതാക്കളിൽ പലരും മടങ്ങിവരൽ ഭീഷണിയിലാണ്. അവർ മടങ്ങിവന്നാൽ ആ കുട്ടികളുടെ അവസ്ഥ എന്താകും? ഇവിടെ വന്ന് പത്താംക്ലാസ്സിന് തുല്യമായ മലയാളം പഠിക്കണമെന്ന് പറഞ്ഞാൽ, അവരുടെ ഭാവി എന്തായിരിക്കും? കേരളത്തിന്റെ സമ്പദ്ഘടനയ്ക്കുവേണ്ടി ജീവൻ ബലിയർപ്പിച്ച് പണിയെടുക്കുന്ന പ്രവാസി മലയാളികളുടെ കുഞ്ഞുങ്ങളുടെ ഭാവിയ്ക്ക് ദോഷകരമായ ഒന്നും ഈ ബില്ലിൽ ഉണ്ടാകാൻ പാടില്ല.

ശ്രീ. കെ. ആൻസലൻ: സർ, ഒരു ബിൽ അവതരിപ്പിക്കുന്നതിനുള്ള കാരണം കേരളത്തിലെ നിലവിലെ അവസ്ഥയാണ്. മെച്ചപ്പെട്ട ഇംഗ്ലീഷ് വിദ്യാഭ്യാസം ലഭിക്കുന്നതിനുവേണ്ടി അംഗീകാരമില്ലാത്ത സ്കൂളുകളിലേയ്ക്ക് കുട്ടികളെ അയയ്ക്കുക എന്ന കാഴ്ചപ്പാടിലേയ്ക്ക് കേരളത്തിന്റെ സാമൂഹിക വ്യവസ്ഥ മാറി കൊണ്ടിരിക്കുകയാണ്. അത്തരം സ്കൂളുകളിലേയ്ക്ക് പോകുന്ന കുട്ടികൾക്കുണ്ടാകുന്ന ഏറ്റവും വലിയ ദുരന്തമായിരുന്നു കേഡൽ ജിൻസൺ രാജ പത്തിരുപത് ദിവസങ്ങൾക്കുമുമ്പ് തിരുവനന്തപുരത്ത് നടത്തിയ കൊലപാതകം. ഒരു പ്രത്യേക രൂപത്തിലേയ്ക്ക് പുതിയ തലമുറയെ കൊണ്ടുചെന്നെത്തിക്കുന്നതിൽ അൺഎയ്ഡഡ് സ്കൂളുകൾ നടത്തിക്കൊണ്ടിരിക്കുന്ന പങ്ക് നമുക്ക് നിഷേധിക്കാൻ കഴിയില്ല. മലയാള ഭാഷ നിർബന്ധമാക്കുന്നതിന്റെ ഭാഗമായി പൊതുവിദ്യാഭ്യാസം സംരക്ഷിക്കുകയെന്ന കാഴ്ചപ്പാടുകൂടി ഇതിൽ വരികയാണ്. സർക്കാർ/എയ്ഡഡ് സ്കൂളുകളിലേയ്ക്ക് കുട്ടികളെ അയയ്ക്കുക എന്ന രൂപത്തിലേയ്ക്ക് ഒരു പുതിയ സന്ദേശം നൽകാൻ ഇതുവഴി കഴിയില്ലേ എന്നൊരു സംശയമുണ്ട്.

ശ്രീ. കെ. സി. ജോസഫ്: സർ, ഞാൻ പറഞ്ഞതും അദ്ദേഹം പറഞ്ഞതും രണ്ട് വിഷയമാണ്. ഞാൻ പറഞ്ഞത് അതല്ല. പ്രവാസി മലയാളികൾ പഠിക്കുന്ന ഗൾഫിലെ സ്കൂളുകളിലൊന്നും മലയാളം പഠിപ്പിക്കുന്നില്ല. ഏത് നിയമസഭ പ്രമേയം പാസ്സാക്കിയാലും പഠിപ്പിക്കാൻ സാധിക്കുകയുമില്ല. ആ സ്കൂളുകളുടെ ചട്ടങ്ങൾ മാറ്റണമെന്ന് പറയാൻ നമുക്ക് സാധിക്കില്ല. അങ്ങനെയുള്ള സ്കൂളുകളിൽ പഠിച്ചുവരുന്ന കുട്ടികളുടെ ഭാവി എന്തായിരിക്കും?

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, കേരളത്തിൽ പഠിക്കുന്ന എല്ലാവരും മലയാള ഭാഷ മനസ്സിലാക്കണമെന്നതാണ് അതിന്റെ സ്പിരിറ്റ്. ആ സ്പിരിറ്റ് ഉൾക്കൊണ്ടുകൊണ്ടുതന്നെ, വിദേശത്തുനിന്ന് കേരളത്തിലേയ്ക്ക് മലയാളം പഠിക്കാതെ വരുന്ന കുട്ടികൾ പത്താം ക്ലാസ്സിലെ മലയാളം ബുക്ക് പഠിക്കണമെന്നൊന്നും ആരും പറയില്ല. മാതൃഭാഷാപഠനവും ഭാഷാപഠനവും രണ്ടും രണ്ടാണ്. പദവും പ്രത്യയവുമെല്ലാം ഭാഷ പഠിക്കാനുള്ള ഉപകരണങ്ങളാണ്. ആ ഉപകരണങ്ങൾ ഉപയോഗിച്ചുള്ള പഠനം മാത്രമല്ല മാതൃഭാഷാ പഠനം. ഞാൻ ഇത് നേരത്തേ പറയാൻ ഉദ്ദേശിച്ചതാണ്, അപ്പോൾ കൂടുതൽ സമയം കിട്ടിയില്ല. ഇതിനൊരു രീതിശാസ്ത്രമുണ്ട്. ഭാഷാ പഠന രീതിശാസ്ത്രവും മാതൃഭാഷാ പഠന രീതിശാസ്ത്രവും പൊതു സാമൂഹ്യശാസ്ത്ര പഠന രീതിശാസ്ത്രവുമൊക്കെ വ്യത്യസ്തമാണ്. കേരളത്തിലേയ്ക്ക് വരുന്നവരുടെ മാതൃഭാഷ വേറെയാണെങ്കിൽ അവരുടെ മാതൃഭാഷ പഠിക്കുന്നതിന് നാം യാതൊരു തടസ്സവും നിൽക്കില്ല. അതേസമയം അവർ കേരളത്തിൽ വന്നാണല്ലോ പഠിക്കുന്നത്; മലയാളികളുമായിട്ടാണല്ലോ സംവദിക്കേണ്ടത്; മലയാളികളുടെ സംസ്കാരവുമായിട്ടാണല്ലോ ഇടപഴകി

ജീവിക്കേണ്ടത്; അതിന് അവർക്ക് മലയാളം പ്രാപ്തമാകണം. അത് എങ്ങനെ വേണമെന്ന് ഇപ്പോൾ പറയാൻ കഴിയില്ല, കാരണം തുടർന്നുള്ള ചർച്ചകളിൽ അതിനുള്ള രീതിശാസ്ത്രവും ടൂൾസും നമ്മൾ വളർത്തിയെടുക്കും. ഒരു സംശയവും വേണ്ട, കേരളത്തിൽ ഏതെങ്കിലും ഒരു ഭാഷ പഠിക്കാൻ അവർക്ക് മൗലികമായി അവകാശമുണ്ടെങ്കിൽ ആ ഭാഷ പഠിക്കാം. അതിനൊപ്പം കേരളത്തിൽ ജീവിക്കണമെന്നുള്ളതുകൊണ്ട് ആ സാംസ്കാരിക ഇടപെടലിന് ഉതകുന്ന രീതിയിൽ അവർക്ക് മലയാളം പഠിക്കാൻ അവസരമുണ്ടാക്കും. മാതൃഭാഷാ പഠനരീതി ശാസ്ത്രത്തിലൂടെയുമാകാം. ഓരോ രീതിയിലെങ്ങനെയാണ് ഭാഷ പഠിക്കുന്നതെന്ന് ഞാൻ പറഞ്ഞുതരാം, പക്ഷെ കുറച്ച് സമയമെടുക്കും എന്നുമാത്രം. പദവും പ്രത്യയവും ഉപയോഗിക്കുന്നത് ടൂൾസായിട്ടാണെന്ന് ഞാൻ നേരത്തേ പറഞ്ഞു. മാതൃഭാഷയിൽ അതല്ല, ഓരോ സ്ഥലത്തും ഓരോ ഭാഷയാണെന്നതും ഞാൻ നേരത്തേ ഇവിടെ സൂചിപ്പിച്ചു. തിരുവനന്തപുരത്ത് ഒരു ഭാഷ, തൃശ്ശൂർ വേറൊരു ഭാഷ, അതുതന്നെയാണ് മാതൃഭാഷയുടെ പ്രത്യേകത. ആ വൈവിദ്ധ്യത്തിന്റെ വലിയൊരു സങ്കൽപ്പത്തിൽനിന്നുകൊണ്ടാണ് നമ്മൾ മാതൃഭാഷ പഠിപ്പിക്കുന്നത്. അത് തീർച്ചയായും അവർക്ക് പഠിക്കാൻ കഴിയും. നേരത്തേ അങ്ങ് പറഞ്ഞതുപോലെ, ടെക്നിക്കലായ പ്രശ്നങ്ങൾ പരിഹരിച്ച് സുസ്ഥിരമായ ഒരു ബില്ലായി ഇത് മാറ്റിയെടുക്കുക തന്നെയാണ് വേണ്ടത്. മറ്റെല്ലാ രീതിശാസ്ത്രവും കൃത്യമായി അറിയാവുന്നതാണ്; അതുതന്നെ പ്രയോഗിക്കും. അതിന് യാതൊരു സംശയവും വേണ്ട.

ശ്രീ. കെ. വി. അബ്ദുൾ ഖാദർ: സർ, ബഹുമാനപ്പെട്ട കെ. സി. ജോസഫ് നേരത്തേ പറഞ്ഞ കാര്യത്തോട് യോജിച്ചുകൊണ്ടു പറയുകയാണ്. കേരളത്തിനു പുറത്ത് ജീവിക്കുന്ന കുടുംബങ്ങൾ, പ്രത്യേകിച്ച് ഇന്ത്യയിൽത്തന്നെ മറ്റിടങ്ങളിൽ ജീവിക്കുന്ന മലയാളി കുടുംബങ്ങൾ, ഉദാഹരണത്തിന്, ബോംബെയിൽ ഏകദേശം ഇരുപത്തിനാല് ലക്ഷത്തോളം മലയാളികളുണ്ട്. അവിടെ മലയാളികളുടെ വ്യത്യസ്തമായ സംഘടനകൾ സാക്ഷരതാ മിഷൻ നൽകുന്ന പുസ്തകങ്ങൾ ഉപയോഗപ്പെടുത്തി കുട്ടികളെ മാതൃഭാഷ പഠിപ്പിക്കുന്നതിന് സമഗ്രമായ ഒരു പദ്ധതി നടപ്പിലാക്കിക്കൊണ്ടിരിക്കുകയാണ്. അങ്ങനെ പഠിപ്പിക്കുന്ന സംവിധാനത്തിന് സംസ്ഥാന സർക്കാർ കാര്യമായിട്ടൊരു സഹായവും നൽകുന്നില്ല. ഇക്കാര്യത്തിൽ സർക്കാർ സ്വീകരിക്കുന്ന നിലപാടിനനുസൃതമായി അത്തരം പാഠ്യപദ്ധതികൾക്ക് സഹായം നൽകണമെന്ന അഭിപ്രായത്തോട് അങ്ങ് യോജിക്കുന്നുണ്ടോ?

ശ്രീ. കെ. സി. ജോസഫ്: സർ, അങ്ങ് പറഞ്ഞത് ശരിയാണ്. പക്ഷെ, നമുക്ക് ആ സൗകര്യങ്ങളില്ല. ഗൾഫ് രാജ്യങ്ങളിൽ മന്ത്രി ശ്രീ. എ. കെ. ബാലന്റെ കീഴിലുള്ള മലയാളം മിഷനുവേണ്ടി അവിടത്തെ മലയാളി സംഘടനകൾ അത്

നടത്തുന്നുണ്ട്. നമ്മൾ സിലബസ് മാത്രമേ നൽകുന്നുള്ളൂ, ഒരു പൈസപോലും നൽകുന്നില്ല. മലയാളം മിഷന്റെ ക്ലാസ്സ് എല്ലായിടത്തുമില്ല. ഗൾഫിലെ മലയാളികൾ എത്രമാത്രം ആഗ്രഹിച്ചാലും മലയാളം മിഷന്റെ ക്ലാസ്സിൽ പഠിക്കാൻ സാധിക്കുന്നില്ല. പ്രത്യേകിച്ച്, ഗൾഫ് രാജ്യങ്ങളിൽ നിയന്ത്രണങ്ങൾ വരുന്നതിന്റെ ഫലമായി പലരും മടങ്ങിവരുന്ന ഇപ്പോഴത്തെ സാഹചര്യത്തിൽ, മടങ്ങിവരുന്ന ഒരു കുട്ടിക്ക് ഇവിടെ പഠിക്കാൻ അവസരം ലഭിച്ചില്ലെങ്കിൽ വലിയ പ്രയാസമുണ്ടാകും. ഈ ബിൽ അവതരിപ്പിച്ചപ്പോൾ ഇക്കാര്യം പറഞ്ഞതാണ്. അന്ന് ആദ്യം പറഞ്ഞത് എല്ലാ സർക്കാർ എയ്ഡഡ്,അൺ-എയ്ഡഡ് സ്കൂളുകളിലും ഈ വ്യവസ്ഥ ചേർത്തിരുന്നുവെന്നാണ്. പക്ഷെ, സഭയിൽ ചർച്ച വന്നപ്പോൾ പ്രതിപക്ഷമടക്കം അത് മാറ്റണമെന്ന് പറഞ്ഞു. കാരണം പ്രവാസി മലയാളികളാകെ ഭയാശങ്കയിലാണ്. അവരുടെ പത്താം ക്ലാസ്സ് കഴിഞ്ഞ കുട്ടികൾക്കുപോലും മലയാളം അറിയില്ല. വീട്ടിൽ സംസാരിക്കുന്നതു കൊണ്ട് സംസാരഭാഷ അറിയാമായിരിക്കും. അവർ മടങ്ങിവരുമ്പോൾ അവർക്ക് ഇവിടെ അഡ്മിഷൻ ലഭിക്കാത്ത അവസ്ഥയുണ്ടാകും. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് ഞാൻ ഉൾക്കൊള്ളുന്നു. ദയവായി അവരുടെ വികാരം കണക്കിലെടുക്കണം. അവരുടെ കുട്ടികളുടെ ഭാവിക്ക് തടസ്സമുണ്ടാകാൻ പാടില്ല.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u> സർ, ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി പറഞ്ഞത് എല്ലാവർക്കും മനസ്സിലായി. കേരളത്തിൽ ജീവിക്കുന്ന ഒരാൾ മലയാളം പഠിക്കാൻ താൽപ്പര്യം കാണിക്കണം. പക്ഷേ കാസർഗോഡ് അതല്ല സ്ഥിതി. അവിടെയുള്ള കന്നഡ ഭാഷാ ന്യൂനപക്ഷങ്ങൾ മലയാളം പഠിക്കാൻ താൽപ്പര്യം കാണിക്കുന്നില്ല.

<u>മി. ചെയർമാൻ:</u> ഈ അഭിപ്രായം ബഹുമാനപ്പെട്ട മെമ്പർ നേരത്തേ പ്രകടിപ്പിച്ചതാണ്. അത് ആവർത്തിക്കേണ്ടതില്ല. ബഹുമാനപ്പെട്ട മന്ത്രി അതിന് മറുപടി പറഞ്ഞുകഴിഞ്ഞു.

<u>ശ്രീ. റ്റി. വി. രാജേഷ്:</u> സർ, ബില്ലിന്റെ ഭരണഘടനാപരമായ, നിയമപരമായ സാധുതയെ സംബന്ധിച്ചുള്ള ചില സംശയങ്ങൾ ഇവിടെ ഉയർന്നുവന്നു. 2006-ൽ തമിഴ്നാട് സർക്കാർ അവിടെയുള്ള എല്ലാ സ്കൂളുകളിലും തമിഴ് ഭാഷ നിർബന്ധമാക്കി നിയമം കൊണ്ടുവന്നു. അവിടത്തെ ചില സംഘടനകൾ അതിനെ സുപ്രീം കോടതിയിൽ ചോദ്യം ചെയ്തു. സുപ്രീം കോടതി ആർട്ടിക്കിൾ 29(1), 30(1) തുടങ്ങിയ മൈനോറിറ്റിയുടെ അവകാശങ്ങൾക്ക് വിരുദ്ധമല്ല ഈ നിയമമെന്ന് പറഞ്ഞ് ആ പെറ്റീഷൻ തള്ളിക്കളയുകയാണ് ചെയ്തത്. ഈ കാര്യം ബഹുമാനപ്പെട്ട അംഗത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. സി. ജോസഫ്: സർ, ശ്രീ. എൻ. എ. നെല്ലിക്കുന്ന് പറഞ്ഞ കാര്യം പ്രസക്തമാണ്. ഭാഷാ മതന്യൂനപക്ഷങ്ങളെ സംബന്ധിച്ച് 2015-ലെ ബില്ലിൽ " .....എന്നാൽ ഭാഷാ ന്യൂനപക്ഷ പ്രദേശങ്ങളിലെ സർക്കാർ ഓഫീസുകളിലും സ്ഥാപനങ്ങളിലും മലയാള ഭാഷയോടൊപ്പം അതാതിടത്തെ ന്യൂനപക്ഷ ഭാഷയും ഔദ്യോഗിക ഭാഷകളിൽ ഉപയോഗിക്കേണ്ടതാണ്" എന്ന വ്യവസ്ഥ യുണ്ടായിരുന്നു. ആ വ്യവസ്ഥ ഈ ബില്ലിലില്ല. അത് അങ്ങ് കൊണ്ടുവന്ന ഭേദഗതിയായിരുന്നു. ഇടുക്കി, കാസർഗോഡ്, പാലക്കാട് തുടങ്ങിയ ജില്ലകളിലെ ന്യൂനപക്ഷ വിഭാഗത്തിന്റെ വികാരം കാണാതെ പോകരുത്. മലയാളം, കന്നഡ, തമിഴ് ഭാഷകൾ ഉപയോഗിക്കുന്ന ഈ ജില്ലകളിലെ വിദ്യാർത്ഥികൾക്ക് ഇക്കാര്യത്തിൽ വലിയ ആശങ്കയുണ്ട്. അതുകൊണ്ട് ദയവായി ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വരുമ്പോഴെങ്കിലും ആവശ്യമായ മാറ്റം വരുത്തണം. ഇവിടെ ഉന്നയിച്ച പ്രയാസങ്ങളും ആശങ്കകളും ദൂരീകരിച്ചില്ലെങ്കിൽ ഈ ബില്ലിന്റെ അവസ്ഥയും 2015-ലെ മലയാള ഭാഷാ (വ്യാപനവും പരിപോഷണവും) ബില്ലിന്റേതുപോലെയാകും.

ഡോ. എം. കെ. മുനീറിനുവേണ്ടി ശ്രീ. കെ. എം. ഷാജി: സർ, ഞാൻ 2 'ബി' ഭേദഗതിയെ പിന്താങ്ങുന്നു. ഈ ചരിത്രമുഹൂർത്തത്തിൽ ചരിത്രമുറങ്ങുന്ന ഹാളിനകത്ത് നിൽക്കാൻ കഴിഞ്ഞതിൽ എനിക്ക് സന്തോഷമുണ്ട്. ശ്രീ. കെ. സി. ജോസഫ് പറഞ്ഞതുപോലെ, ഇതിന്റെ സൂക്ഷ്മത എല്ലാ തലത്തിലും പാലിക്കാൻ വിഷയനിർണ്ണയ സമിതിയിലേയ്ക്ക് പോകുന്നതിനുമുൻപും ശേഷവും ഒരു ശ്രദ്ധ ഉണ്ടായില്ലെങ്കിൽ, നേരത്തേയുള്ള ഒന്നാം ഭാഷാ ഉത്തരവുപോലെ ഇതും വെറുതെയാകും. നിയമസഭയിൽ വാദപ്രതിവാദങ്ങൾ നടത്തുന്നതിനെക്കാൾ കൂടുതൽ ആ നടപടിക്രമങ്ങളിൽ സൂക്ഷ്മത പാലിക്കണമെന്ന് ആദ്യംതന്നെ അഭിപ്രായപ്പെടുകയാണ്. ചില നിർദ്ദേശങ്ങൾ പറയാൻ ഉദ്ദേശിക്കുകയാണ്. സ്കൂളുകളിൽ വാർഷിക കലണ്ടർ തയ്യാറാക്കുമ്പോൾ മലയാളം എത്ര മണിക്കൂർ പഠിപ്പിക്കുമെന്നോ എത്ര മണിക്കൂർ പഠിപ്പിക്കേണ്ടതുണ്ടെന്നോ പരാമർശിക്കുന്നതിനുള്ള നടപടികൾ ചട്ടത്തിൽ ഉണ്ടായിരിക്കണമെന്ന ഒരഭിപ്രായമുണ്ട്. സി.ബി.എസ്.ഇ. സ്കൂളുകളിൽ ഇപ്പോൾ മലയാളം പഠിപ്പിക്കുന്നുണ്ട്. പക്ഷേ മികച്ച ഭാഷാ ബുക്കുകൾ സി.ബി.എസ്.ഇ. സ്കൂളുകളിലില്ല എന്ന പ്രശ്നമുണ്ട്. ഇപ്പോൾ ഓരോ സമയത്തും ഡി.സി. ബുക്സ് അല്ലെങ്കിൽ ഏതെങ്കിലും പബ്ലിഷേഴ്സ് പുറത്തിറക്കുന്ന പുസ്തകങ്ങളാണ് അവർ തെരഞ്ഞെടുക്കുന്നത്. അതേസമയം കേരളത്തിലെ മറ്റ് മലയാളം മീഡിയം സ്കൂളുകളിലുള്ളതുപോലെ 'കേരള പാഠാവലി' പോലെയുള്ള പാഠപുസ്തകങ്ങൾ

ഒന്നുമുതൽ പന്ത്രണ്ടുവരെ വരെയുള്ള ക്ലാസ്സുകളിൽ ഏകീകൃത സിലബസിന് സമാനമായ വിധത്തിൽ സി.ബി.എസ്.ഇ. സ്കൂളുകളിൽ കൊണ്ടുവരാനുള്ള ശ്രമം നടത്തേണ്ടതുണ്ട്. മറ്റൊന്ന്, ലോകത്ത് എവിടെയും, മറ്റ് രാജ്യങ്ങളിലും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലും മാതൃഭാഷയാണ് ഒന്നാംഭാഷ. കേരളത്തിൽ മാത്രമാണ് മാതൃഭാഷ ഒന്നാം ഭാഷ അല്ലാതെയായിട്ടുള്ളത്. 2011-ലെ ഭാഷാ ഉത്തരവ് ഇപ്പോഴും ഇവിടെ നടപ്പിൽ വരുത്തിയിട്ടില്ല. അതുകൊണ്ട് ഭാഷാ ഉത്തരവ് നടപ്പിൽ വരുത്തുന്നതിനുള്ള ശ്രമങ്ങളുണ്ടാകണം. ശ്രേഷ്ഠ ഭാഷാ പദവി ലഭിച്ചുവെന്ന് ഇവിടെ എല്ലാവരും പറഞ്ഞു. വളരെ സന്തോഷമുള്ള കാര്യമാണ്. വേറൊരു വലിയ കാര്യംകൂടിയുണ്ട്; യു.എ.ഇ.-യിലെ നാല് ഔദ്യോഗിക ഭാഷകളിൽ ഒന്ന് മലയാളമാണ്. ഒരുപക്ഷേ മറ്റ് ഭാഷകൾക്ക് ലഭിക്കാത്ത വലിയ ഒരു ആദരവാണ് നമ്മുടെ ഭാഷയ്ക്ക് ലഭിച്ചിട്ടുള്ളത്. ഇതൊക്കെയാണ് നാം പ്രൗഢിയിൽ പറയുന്നതെങ്കിലും പലരും പറഞ്ഞതുപോലെ, മലയാള ഭാഷയിൽ ഭാഷാപരമായിട്ടുള്ള അപ്ഡേഷൻ നടത്തുന്നതിന് വേണ്ടത്ര റിസർച്ച് നടക്കുന്നില്ല എന്നുള്ളത് വലിയ സത്യമാണ്. നേരത്തേ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവും ഇക്കാര്യം ഇവിടെ പറയുകയുണ്ടായി. ഇംഗ്ലീഷ് ഭാഷയുടെ വലിയ കടന്നുകയറ്റമാണ് നടക്കുന്നത്. വീട്ടിൽ നിന്ന് മക്കളെ സ്കൂളിൽ അയച്ച്, സ്വിച്ച് ഓഫ് ചെയ്ത്, ബസ്സിൽ കയറി, കണ്ടക്ടറുടെ കയ്യിൽ നിന്ന് ടിക്കറ്റ് വാങ്ങി, ഓട്ടോറിക്ഷയിൽ കയറി, ഓഫീസിൽ പോയി, ഫയൽ നോക്കി വീട്ടിൽ തിരിച്ചെത്തി സ്വിച്ച് ഓൺ ചെയ്യുന്നതുവരെ നമ്മൾ ഉപയോഗിക്കുന്ന ഭാഷയിലെ ഭൂരിപക്ഷം വാക്കുകളും ഇംഗ്ലീഷാണ്. ഇതിനാണ് മാറ്റം വരുത്തേണ്ടത്. സി.എച്ച്. മുഹമ്മദ് കോയയുടെ കാലത്താണ് എൻ. വി. കൃഷ്ണവാര്യരെ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ തലപ്പത്ത് കൊണ്ടുവരുന്നത്. എൻസൈക്ലോപീഡിയ ബ്രിട്ടാനിക്കയ്ക്ക് സമാനമായ സർവ്വവിജ്ഞാനകോശം മലയാളത്തിൽ വന്നത് ആ കാലയളവിലാണ്. വലിയ മാറ്റങ്ങൾ അതിനകത്തുണ്ടായി. പക്ഷേ കാര്യമായ തുടർച്ച അതിനുണ്ടായില്ല. തമിഴിൽ ധാരാളം റിസർച്ച് നടക്കുന്നുണ്ട്. തമിഴിൽ മിന്നഞ്ചൽ എന്ന് ഇ-മെയിലിന് പറയുന്നതുപോലെ ഭാഷാപരമായി ധാരാളം റിസർച്ച് നടക്കുകയുണ്ടായി. നമ്മൾ ഒരാളെ ബുദ്ധിമുട്ടിക്കുന്ന ഒരവസ്ഥയെക്കുറിച്ച് ഞാൻ പലപ്പോഴും ആലോചിച്ചിട്ടുണ്ട്. ഒരുപാട് സ്നേഹമുള്ള ഭാര്യ സംസാരിച്ച് ബുദ്ധിമുട്ടിക്കുമ്പോൾ നമുക്ക് പറയാവുന്ന ഒരു തമിഴ് വാചകം 'അൻപ്തൊല്ലൈ' എന്നാണ്. അൻപ് എന്നാൽ സ്നേഹമെന്നാണർത്ഥം. തൊല്ലൈ എന്നുപറഞ്ഞാൽ ഭയങ്കരശല്യക്കാരിയെന്നാണ്. ഒറ്റവാക്കിലാണ് തമിഴിൽ അതിനെക്കുറിച്ച് പറയുന്നത്.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ബഹുമാനപ്പെട്ട മെമ്പർ അടക്കം എല്ലാവരും മലയാള ഭാഷാ ബില്ലിനെ എങ്ങനെ സമഗ്രമായ ബില്ലാക്കി മാറ്റണമെന്നുള്ള നിർദ്ദേശങ്ങളാണ് സമർപ്പിച്ചുകൊണ്ടിരിക്കുന്നത്. ഇവിടെ എത്ര സമയം മലയാളം പഠിപ്പിക്കണം, പീരീഡ് എങ്ങനെ അഡ്ജസ്റ്റ് ചെയ്യണമെന്നുള്ള രീതിയിലാണ് ശ്രീ. കെ. എം. ഷാജി സംസാരിക്കുന്നത്. പക്ഷേ യു.ഡി.എഫ്. മെമ്പർമാർ ഈ ബില്ലിനെ എതിർക്കുന്നുവെന്നുള്ള രീതിയിലാണ് ശ്രീ. ജോൺ ഫെർണാണ്ടസ് ഇവിടെ സംസാരിച്ചത്. ഞങ്ങൾ നല്ലതിനെ എതിർക്കുന്നുവെന്നുള്ള രീതിയിലാണ് പറഞ്ഞത്. ഈ ബിൽ നിയമപരമായി സമഗ്രമാക്കുന്നതിനുവേണ്ടി കോടതിയുടെ പടി കയറിയാൽ, കോടതി വരാന്തയിൽ നിന്നുതന്നെ പൊട്ടിപ്പോരുന്ന ഒരവസ്ഥയുണ്ടാകരുത് എന്നതുകൊണ്ടുള്ള നിർദ്ദേശങ്ങളാണ് ബഹുമാനപ്പെട്ട യു.ഡി.എഫ്. മെമ്പർമാർ മുന്നോട്ടു വയ്ക്കുന്നത്. അതിനെ ഞങ്ങൾ എതിർക്കുന്നുവെന്ന രീതിയിൽ പറയുന്നത് ഒരിക്കലും ശരിയല്ല എന്നാണ് എനിക്ക് പറയാനുള്ളത്. ജോസഫ് മുണ്ടശ്ശേരി ഉൾപ്പെടെ കൊണ്ടുവന്ന നിർദ്ദേശങ്ങളെ നിങ്ങൾ അക്കാലത്ത് എതിർത്തുവെന്നാണ് ശ്രീ. ജോൺ ഫെർണാണ്ടസ് പറഞ്ഞത്. മുണ്ടശ്ശേരി കൊണ്ടുവന്ന നല്ല നിയമങ്ങളെയും നിർദ്ദേശങ്ങളെയും എതിർത്തിട്ടില്ലെന്നുമാത്രമല്ല, ആദ്യമായി കുസാറ്റ് യൂണിവേഴ്സിറ്റി സ്ഥാപിച്ചപ്പോൾ അതിന്റെ വി.സി.-യായി മുണ്ടശ്ശേരി മാഷിനെ കൊണ്ടുവന്നത് സി.എച്ച്. മുഹമ്മദ് കോയയാണെന്നുപോലും അറിയാതെയാണ് സംസാരിക്കുന്നത് എന്നത് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. എം. ഷാജി: സർ, ഞാൻ രാഷ്ട്രീയം ഒഴിവാക്കുകയാണ്. ശ്രീ. കെ. സി. ജോസഫ് മനോഹരമായി അക്കാര്യങ്ങൾ പറഞ്ഞതാണ്. നേരത്തേ ശ്രീ. ജോൺ ഫെർണാണ്ടസ് അമിതമായ രാഷ്ട്രീയം ഭാഷയുടെ കാര്യത്തിൽ പറഞ്ഞുവെന്ന് എനിക്കും തോന്നി. ഞാനത് പിന്നീട് പറയാമെന്ന് വിചാരിച്ചതാണ്. പക്ഷേ ശ്രീ. കെ. സി. ജോസഫ് കൃത്യമായി അത് പറഞ്ഞു. ബില്ലിനോട് യോജിപ്പുള്ളതുകൊണ്ടാണ് സംസാരിച്ചുകൊണ്ട് നിൽക്കുന്നത്. ആ യോജിപ്പുകളാണ് പറഞ്ഞുകൊണ്ടിരിക്കുന്നത്.

ശ്രീ. എ. പ്രദീപ്കുമാർ: സർ, യു.ഡി.എഫ്.-ന്റെ കഴിഞ്ഞ കാലത്തെ പ്രവർത്തനങ്ങളിൽ വിമർശിക്കപ്പെടേണ്ട ചില കാര്യങ്ങളുണ്ടായിട്ടുണ്ട് എന്നതുകൊണ്ട് ബഹുമാനപ്പെട്ട ടി. വി. ഇബ്രാഹിം ഇവിടെ സൂചിപ്പിച്ചതിനെ നമുക്ക് സഹിഷ്ണുതയോടെ കേൾക്കാം. ഉദാഹരണത്തിന്, 2013-ലെ ശ്രേഷ്ഠഭാഷാ ദിനത്തിൽ ഒരു മലയാളം മീഡിയം സ്കൂൾ അടച്ചുപൂട്ടാൻ ഉത്തരവിട്ടത് അന്നത്തെ സർക്കാരാണ്. അന്ന് അടച്ചുപൂട്ടിയ മലാപ്പറമ്പ് സ്കൂൾ ഈ സർക്കാരാണ് ഏറ്റെടുത്തത്.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, മലയാളം പഠിപ്പിക്കുന്നതുകൊണ്ട് സ്കൂൾ അടച്ചുപൂട്ടാൻ കഴിഞ്ഞ സർക്കാർ ഉത്തരവിട്ടിട്ടില്ല.

ശ്രീ. എ. പ്രദീപ്കുമാർ: സർ, മലാപ്പറമ്പ് മലയാളം മീഡിയം സ്കൂൾ അടച്ചുപൂട്ടാൻ ഉത്തരവിട്ടത് അങ്ങ് വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്നപ്പോഴാണ്. ശ്രേഷ്ഠഭാഷാ ദിനത്തിൽ യു.ഡി.എഫ്. സർക്കാരാണ് അടച്ചുപൂട്ടാൻ ഉത്തരവിട്ടത്. അതിനെതിരെ അന്ന് സമരം നടത്തി. അവസാനം നിങ്ങൾ കോടതിയിൽ കേസ് തോറ്റുകൊടുത്തു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷമാണ് ആ സ്കൂൾ ഏറ്റെടുത്തത്. കാലം കുറെയായല്ലോ ഇത് പറഞ്ഞുകൊണ്ടിരിക്കുന്നു. ലോകം നിലനിൽക്കുന്നിടത്തോളം, ഭാഷ നിലനിൽക്കുന്നിടത്തോളം നിങ്ങളെ വേട്ടയാടുന്നൊരു സംഭവമാണത്.

ശ്രീ. പി. കെ. അബ്ദു റബ്ബ്: സർ, ശ്രീ. എ. പ്രദീപ്കുമാറിന്റെ മണ്ഡലത്തിലുള്ള ആ സ്കൂൾ പൂട്ടാനുള്ള ഉത്തരവിട്ടത് കോടതിയുടെ നിർദ്ദേശമനുസരിച്ചായിരുന്നു. അതിനെക്കുറിച്ച് ഇവിടെ ധാരാളം സംസാരിച്ചതാണ്. അതുകഴിഞ്ഞ് നിങ്ങൾ അധികാരത്തിൽ വന്നശേഷമാണ് സ്കൂൾ ഏറ്റെടുത്തത്. അവരുടെ കാശ് ഇതുവരെയും കൊടുത്തിട്ടില്ല. അതുപോലെ ഈ സർക്കാർ അധികാരത്തിൽ വന്നയുടൻ നാല് സ്കൂളുകൾ ഏറ്റെടുത്തുവെന്ന് പറഞ്ഞു. ആ നാല് സ്കൂളുകൾക്കും ഇതുവരെ പണം കൊടുത്തിട്ടില്ല. ആ നാല് സ്കൂളുകളും ഇപ്പോൾ ത്രിശങ്കുവിലാണ്. അത് ശ്രീ. എ. പ്രദീപ്കുമാറിന് അറിയാമോ?

മി. ചെയർമാൻ: ബഹുമാനപ്പെട്ട അംഗങ്ങൾ, വളരെ പ്രധാനപ്പെട്ട ഒരു ബില്ലാണ് ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്. അതുകൊണ്ട് കൂടുതൽ വിവാദങ്ങളിലേയ്ക്ക് പോകാതെ വിഷയത്തിൽ ഒതുങ്ങിനിന്ന് സംസാരിക്കാൻ ശ്രദ്ധിക്കണം.

ശ്രീ. കെ. എം. ഷാജി: സർ, ഞാൻ പറയുന്നത് അക്കാര്യമാണ്. ആരംഭത്തിൽത്തന്നെ ഞാൻ പറഞ്ഞു. അനാവശ്യമായ രാഷ്ട്രീയ വിവാദങ്ങളിലേയ്ക്ക്, ഈ ബില്ലിനെ കൊണ്ടുപോകാൻ എനിക്ക് താൽപ്പര്യമില്ല. നിങ്ങൾ പറഞ്ഞതിന് കൃത്യമായി ബഹുമാനപ്പെട്ട മുൻ വിദ്യാഭ്യാസ വകുപ്പുമന്ത്രി മറുപടി പറഞ്ഞു.

മി. ചെയർമാൻ: ബഹുമാനപ്പെട്ട മെമ്പർ, ഇനിയൊരു വിവാദത്തിലേയ്ക്ക് പോകേണ്ട. വളരെ പ്രധാനപ്പെട്ട ബില്ലാണ് ചർച്ച ചെയ്തുകൊണ്ടിരിക്കുന്നത്.

പ്രതിപക്ഷനേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, വിവാദമില്ലാത്ത ഒരു ചോദ്യം ഞാൻ ചോദിക്കാം. ഏറ്റവും നല്ല മലയാളം സംസാരിക്കുന്നത് ഞങ്ങൾ മാവേലിക്കരക്കാരാണ്, ഓണാട്ടുകരക്കാരാണ്. ശ്രീ. ആർ. രാജേഷിനും അത് അവകാശപ്പെടാൻ കഴിയും. കാരണം അച്ചടിഭാഷയാണ് അവിടെ

സംസാരിക്കുന്നത്. മറ്റുള്ളവർ നീട്ടിയും കുറുക്കിയുമാണ് സംസാരിക്കുന്നത്. അച്ചടിഭാഷ സംസാരിക്കുന്നത് ഞങ്ങൾ മാവേലിക്കരക്കാരാണ്, ഓണാട്ടുകരക്കാരാണ് എന്നുള്ളത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. എം. ഷാജി: സർ, ഞാനൊരിക്കലും അതംഗീകരിക്കുകയില്ല. അദ്ദേഹം ഞങ്ങളുടെ നേതാവാണ്. വയനാട്ടുകാരാണ് ഏറ്റവും നല്ല മലയാളം സംസാരിക്കുന്നവർ എന്ന അഭിപ്രായക്കാരാണ് ഞങ്ങൾ. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരേണ്ട ഒരു കാര്യത്തെക്കുറിച്ചാണ് ഞാൻ പറഞ്ഞുവന്നത്. ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിനകത്ത് വളരെ ശ്രദ്ധേയമായ ചർച്ചകൾ നടന്നു. സർവ്വവിജ്ഞാന കോശത്തിനുശേഷം Big lexicon എന്ന ഒരു മഹാ നിഘണ്ടുവിനെക്കുറിച്ച് പറയാൻ തുടങ്ങിയിട്ട് കുറേ കാലമായി.

ശ്രീ. ആർ. രാജേഷ്: സർ, ഈ സഭയിൽ സംസാരിക്കാൻ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ശിപാർശ ചെയ്തതിൽ സന്തോഷം. മാവേലിക്കരക്കാർ നല്ല ഭാഷയാണ് സംസാരിക്കുന്നത്, അത് ഓണാട്ടുകരയുടെ പ്രത്യേകതയാണ്. ഞാൻ പറഞ്ഞുവന്നത് അതല്ല. പ്രതിപക്ഷം സംസാരിച്ചപ്പോൾ ഒരു പ്രധാനപ്പെട്ട വിഷയം ഇവിടെ ചൂണ്ടിക്കാണിച്ചത്, തമിഴ്നാട്ടിൽ ആംഗലേയ ഭാഷയുടെ പരിഭാഷയ്ക്ക് ഗവേഷണം നടക്കാറുണ്ടെന്നും, കേരളത്തിൽ അത്തരം ഭാഷകൾ സാർവ്വത്രികമായി ഉപയോഗിക്കുന്നതിന് കാരണം നമുക്കൊരു ഗവേഷണ സമ്പ്രദായ മില്ലാത്തതാണെന്നുമാണ്. ഗവേഷണം നടത്തി ആംഗലേയ ഭാഷയ്ക്ക് പകരമായി ഒരു മലയാളപദം കണ്ടെത്താൻ നമുക്ക് കഴിയുന്നില്ല. അത്തരം ഗവേഷണ കേന്ദ്രങ്ങൾ ആരംഭിക്കണമെന്നാണ് എന്റെ ഒരഭിപ്രായം. ഞാൻ പറയുമ്പോൾ സങ്കുചിതമാകും, പ്രാദേശികവാദമാകും. മലയാള ഭാഷയ്ക്ക് വ്യാകരണം ചമച്ച മഹാനായ എ. ആർ. രാജരാജവർമ്മയുടെ നാടാണ് ഞങ്ങളുടേത്. അവിടെ മലയാളം സർവ്വകലാശാല ആരംഭിക്കണമെന്ന ഒരാഗ്രഹം ഞങ്ങൾക്കുണ്ടായിരുന്നു; നടപ്പിലായില്ല. ഭാഷാ ഗവേഷണ കേന്ദ്രം തിരൂരിലാണ് അനുവദിച്ചത്. ഞങ്ങൾ വിശാലമനസ്കരാണ്; അംഗീകരിക്കുന്നു. പക്ഷേ എ. ആർ. രാജരാജവർമ്മ സ്മാരകം ഒരു ഭാഷാ ഗവേഷണ കേന്ദ്രമാക്കി മാറ്റണമെന്ന ആഗ്രഹമാണ് മാവേലിക്കരക്കാർക്കുള്ളത്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞതുപോലെ ഏറ്റവും നല്ല മലയാള ഭാഷ സംസാരിക്കുന്നത് ഓണാട്ടുകരക്കാരാണ്. അത്തരം ഭാഷാ ഗവേഷണ കേന്ദ്രങ്ങൾ കേരളത്തിലാകെ ആരംഭിക്കാനും ഈ സർക്കാർ മലയാള ഭാഷ നിർബന്ധിതമാക്കി മാറ്റുമ്പോൾ അത്തരം ഭാഷാ ഗവേഷണ കേന്ദ്രങ്ങൾക്കുകൂടി പ്രോത്സാഹനം നൽകാനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട് എന്നത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ജി. എസ്. ജയലാൽ]

<u>ശ്രീ. കെ. എം. ഷാജി:</u> സർ, ശ്രീ. ആർ. രാജേഷ് പറഞ്ഞതിനോട് കൃത്യമായി ഞാൻ യോജിക്കുകയാണ്. ഞാൻ പറഞ്ഞുവന്ന വിഷയമാണ് ശ്രീ. ആർ. രാജേഷ് പറഞ്ഞത്. ഇവിടെ വേണ്ടത്ര ഗവേഷണങ്ങൾ നടക്കുന്നില്ല. തമിഴ്നാട്ടിലുള്ളവർക്ക് അവരുടെ ഭാഷയോട് ബഹുമാനമുണ്ട്. ഭാഷ അവർക്ക് അഭിമാനമാണ്. നമ്മുടെ ഐ.എ.എസ്. ഓഫീസർമാരോട് സംസാരിച്ചു കൊണ്ടിരിക്കുമ്പോൾ, തമിഴ്നാട്ടുകാരനാണെങ്കിൽ അവരുടെ വീട്ടിൽ നിന്ന് അമ്മയോ പെങ്ങളോ ഭാര്യയോ വിളിക്കുകയാണെങ്കിൽ അവർ തമിഴിൽ മനോഹരമായി സംസാരിക്കും. അതേസമയം മലയാളിയായ ഐ.എ.എസ്. ഓഫീസറാണെങ്കിൽ മലയാളത്തിൽ സംശയം ചോദിച്ചുകൊണ്ടിരിക്കുമ്പോൾ അവരുടെ ഭാര്യ വിളിക്കുകയാണെങ്കിൽ നമ്മുടെ മുന്നിൽവച്ച് ഇംഗ്ലീഷിലാണ് സംസാരിക്കുക. ഇവിടെ പലരും മൗലികവാദത്തെക്കുറിച്ച് പറഞ്ഞു. എനിക്ക് ഭാഷാ മൗലികവാദമൊന്നുമില്ല. പക്ഷെ ഭാഷാഭിമാനമുണ്ടാകണം. ഭാഷയോട് നമുക്ക് ആദരവുണ്ടാകണം. നമ്മുടെ അഭിമാനമായി ഭാഷയെ കരുതാൻ കഴിയണം. അങ്ങനെ കരുതുമ്പോഴാണ് അതിനകത്ത് ഗുണപരമായ ഗവേഷണങ്ങൾ നടക്കുക എന്നാണ് ഞാൻ വിചാരിക്കുന്നത്. മൗലികവാദം അല്ലെങ്കിൽ ഭാഷാ തീവ്രവാദമെന്ന് പറയുന്നത് വലിയ പ്രശ്നമാണ്. നമ്മുടെ പഠനരീതിയിൽ വേണ്ടത്ര ജാഗ്രത പുലർത്തണമെന്ന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് പറയുകയാണ്.

ഭാഷ എന്ന വാക്ക് ഭാഷണത്തിൽ നിന്നാണ് വന്നത്. ഭാഷണമെന്നാൽ വിനിമയമെന്നാണ് അർത്ഥം. അതിന് കഴിയണം. അല്ലാതെ തലച്ചോറിൽ നിറയെ ഭാഷയുണ്ടായിട്ട് എന്താണ് കാര്യം? നിങ്ങളുടെ ന്യൂറോയിൽ ഭാഷയുണ്ട്, നിങ്ങളുടെ സിരാപടലങ്ങളിൽ ഭാഷ അന്തർലീനമാണെന്നാണ് നോം ചോംസ്കി പറയുന്നത്. സിരാപടലങ്ങളിൽ ഭാഷ അന്തർലീനമാണ്. ഭാഷ എല്ലാവരിലുമുണ്ട്. ഒരു പാമ്പിനെ കാണുമ്പോൾ തലച്ചോറ് പാമ്പെന്ന് പറയും. ഒരു തേളിനെ കാണുമ്പോൾ തേളെന്ന് പറയും. അത് പറയാൻ നമുക്ക് കഴിയുന്ന അതിന്റെ വാക്യഘടനയാണ് പഠനംകൊണ്ടുണ്ടാക്കേണ്ടത്. ലോകത്തിൽ എവിടെ പോയാലും കാര്യങ്ങളെല്ലാം നമുക്ക് മനസ്സിലാകും. അത് പ്രകടിപ്പിക്കാനാകുക എന്നുള്ളിടത്താണ് പഠനം വേണ്ടത്. ഭാഷ നമ്മുടെ തലച്ചോറിലുണ്ട്. അമേരിക്കൻ ഭാഷാപണ്ഡിതനായ നോം ചോംസ്കി പറയുന്നത്, നിങ്ങളുടെ സിരാപടലങ്ങളിൽ രൂഢമൂലമായ ഭാഷയെ വാക്യഘടനകളിലേയ്ക്ക് കൊണ്ടുവരുന്നിടത്താണ് പഠനം വേണ്ടതെന്നാണ്. ഇംഗ്ലീഷ് സംസാരിക്കണമെന്ന് പറയുമ്പോൾ, ഭാഷയുടെ അകത്തിരുന്ന് സംസാരിക്കണം. മലയാളത്തെ ഇംഗ്ലീഷിലേയ്ക്ക് തർജ്ജമ ചെയ്യുകയാണ് വേണ്ടത്. അതാണ് ഘടനാപരമായി നമുക്ക് ബുദ്ധിമുട്ട് വരുന്നത്. മലയാളം ഇംഗ്ലീഷിലേയ്ക്ക് തർജ്ജിമ ചെയ്തുകൊണ്ടായിരിക്കും നമ്മൾ

ഓരോരുത്തരും ഇംഗ്ലീഷ് സംസാരിക്കുന്നത്. നിങ്ങൾ ലോകത്തോളം ഉയരും, ലോകത്തിന്റെ നെറുകയിൽ എത്തിനിൽക്കും പക്ഷെ, നിങ്ങൾക്ക് ചിന്തിക്കാൻ നിങ്ങളുടെ മാതൃഭാഷയിൽ മാത്രമേ കഴിയുകയുള്ളൂവെന്ന് വള്ളത്തോൾ പറഞ്ഞിട്ടുണ്ട്. അതുപോലെതന്നെ മാക്സിം ഗോർക്കി പറഞ്ഞൊരു കാര്യമുണ്ട്. ആൾക്കൂട്ടത്തിന്റെ ഭാഷയെന്ന് പറയുന്നത് നിങ്ങൾക്ക് കാണാനും കേൾക്കാനുമേ കഴിയൂ, കമ്മ്യൂണിക്കേറ്റ് ചെയ്യാൻ കഴിയില്ല. അത് വിനിമയം നടത്താൻ കഴിയില്ല. വൈകാരിക അനുഭൂതികളെ ചിന്തകളാക്കി മാറ്റാൻ അതിന് കഴിയില്ല. മാതൃഭാഷയെ മനസ്സിൽ നിന്ന് കുടിയൊഴിപ്പിക്കുന്നവരുടെ ആത്മാവ് മരിച്ചുപോകുമെന്നാണ് മാക്സിം ഗോർക്കി പറഞ്ഞിരിക്കുന്നത്. ആൾക്കൂട്ടം ചുറ്റുമുണ്ടെന്ന് കരുതി സംസാരിക്കുന്നവരുടെ ഭാഷാ വിചാര സൂക്ഷ്മതകൾ തലച്ചോറിൽനിന്ന് വരണം. ആ സൂക്ഷ്മതകൾ കൈവിടുന്നവരാണ് വികാരതീവ്രതയുടെ പ്രസ്താവനകൾ പലപ്പോഴും മാതൃഭാഷ ഉപയോഗിച്ചുപോലും ഇറക്കുന്നത്. മാതൃഭാഷ മനസ്സിനകത്തുണ്ട്; അതിനെ സാംസ്കാരികമായി ഉപയോഗിക്കാൻ ശ്രമിച്ചാൽ നിങ്ങളിലെ സ്നേഹവും നന്മയും നാടിനോടുള്ള ഇഷ്ടവുമുണ്ടാകുമെന്നാണ് മാക്സിം ഗോർക്കി പറഞ്ഞിട്ടുള്ളത്.

ശ്രീ. പുരുഷൻ കടലുണ്ടി: സർ, ഈ കാര്യം കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്തും ചർച്ച ചെയ്തു. ഇപ്പോൾ നിയമം വരാൻ പോകുന്നു. എവിടെ നല്ല മലയാളം സംസാരിക്കുന്നുവെന്ന് നോക്കാനല്ല നിയമം വരുന്നത്. മലയാള ഭാഷയോട് ചെറിയ കുട്ടികൾക്കുവരെ താൽപ്പര്യമുണ്ടാകാൻ സ്കൂളുകളിൽ പത്താം ക്ലാസ്സുവരെ അത് നിർബന്ധമാക്കണം. മറ്റുള്ള സ്ഥലങ്ങളിൽ അത് നടപ്പിലാക്കിയെന്ന് മാത്രമല്ല, അവിടെ ഗവേഷണം നടത്തുന്നുമുണ്ട്. അങ്ങനെയാണെങ്കിൽ ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന് ഇൻസ്റ്റിറ്റ്യൂട്ടെന്ന് പേരിടാൻ കഴിയുമോ; ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ പേര് മാറ്റണം. ഇതിന്റെ വകഭേദങ്ങളെ സംബന്ധിച്ച് നമുക്ക് പിന്നീട് ചർച്ച ചെയ്യാം. ആവശ്യമില്ലാത്ത ചർച്ചകൾ നടത്തി വർഷങ്ങൾ നീണ്ടുപോകുകയാണ്.

ശ്രീ. എ. എൻ. ഷംസീർ: സർ, മലയാള ഭാഷയ്ക്കുവേണ്ടി വീറും വാശിയുമുള്ള ചർച്ച നടക്കുകയാണ്. പക്ഷെ ഈ ചർച്ച ചില ഘട്ടത്തിലെങ്കിലും ഇംഗ്ലീഷ് വിരുദ്ധമായിപ്പോയോ എന്നൊരു തോന്നൽ എനിക്കുണ്ട്. നമുക്ക് ഇംഗ്ലീഷിനെ അവഗണിക്കാൻ കഴിയില്ല. ഇംഗ്ലീഷ് ഒരു ഗ്ലോബൽ ലാംഗ്വേജാണ്. പ്രത്യേകിച്ച് നമ്മുടെ തലമുറയ്ക്ക് ജോലിയും മറ്റും ലഭിക്കണമെങ്കിൽ ഇംഗ്ലീഷ് ഭാഷ അറിഞ്ഞിരിക്കണം. അതുകൊണ്ട് ഈ പരോക്ക്യലിസം ശരിയാണോ എന്നുള്ള ചർച്ചകൂടി നടത്തേണ്ടതുണ്ട്. മാതൃഭാഷയ്ക്ക് പ്രാമുഖ്യം കൊടുക്കണം, പരിഗണന കൊടുക്കണം, കുട്ടികൾ പഠിക്കണം. പക്ഷെ, ചില ഘട്ടങ്ങളിലെങ്കിലും ഈ സഭ ഇംഗ്ലീഷ് വിരുദ്ധമായിപ്പോയോ എന്നൊരു സംശയം എനിക്കുണ്ട്.

<u>ശ്രീ. ടി. വി. ഇബ്രാഹിം:</u> സർ, നമ്മൾ മലയാളം നിർബന്ധിത ഭാഷയാക്കാനുള്ള ബിൽ അവതരിപ്പിക്കുകയാണ്. കേരളത്തിലെ രാഷ്ട്രീയക്കാരുടെയിടയിൽ 'ഞാൻ ചെയ്യപ്പെടാൻ ഉദ്ദേശിക്കുകയാണ്', ഞാൻ പറയപ്പെടാൻ ആഗ്രഹിക്കുകയാണ് എന്നിങ്ങനെ ഗ്രാമറിനപ്പുറത്തേയ്ക്ക് ഒരു ഭാഷ രൂപപ്പെട്ടുവന്നിട്ടുണ്ട്. കർമ്മണി പ്രയോഗത്തിന്റെ അതിപ്രസരംകൊണ്ട് രാഷ്ട്രീയക്കാരന്റെ മലയാള ഭാഷയുടെ പ്രയോഗംപോലും സത്യത്തിൽ തിരുത്തേണ്ടതല്ലേ? മറ്റൊരു കാര്യംകൂടി ഞാൻ പറയട്ടെ, ശ്രീ. എ. പ്രദീപ്കുമാർ എന്നെ കൗണ്ടർ ചെയ്ത് ഇവിടെ പറയുകയുണ്ടായി. മലയാളം മീഡിയമുള്ള സ്കൂളുകൾ പൂട്ടിയെന്നാണ് അദ്ദേഹം പറഞ്ഞ കാര്യം. പൂട്ടിയത് കോടതിയാണ്. 1959-ൽ ഇടതുപക്ഷ സർക്കാർ തയ്യാറാക്കിയ കെ.ഇ.ആർ.-ന്റെ പിൻബലത്തിലാണ് ആ സ്കൂൾ പൂട്ടിയത്. നിയമം ഭേദഗതി ചെയ്യണം. അല്ലാതെ സ്കൂൾ പൂട്ടിയെന്ന് പറഞ്ഞിട്ട് കാര്യമില്ല.

<u>മി. ചെയർമാൻ:</u> ബഹുമാനപ്പെട്ട മെമ്പർ, ഇതൊരു രാഷ്ട്രീയ ചർച്ചയാക്കാൻ താൽപ്പര്യമില്ലെന്ന് അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി. അതിലേയ്ക്ക് പോകേണ്ട കാര്യമില്ല.

<u>ശ്രീ. കെ. എം. ഷാജി:</u> സർ, ബഹുമാനപ്പെട്ട അംഗം എ. എൻ. ഷംസീർ പറഞ്ഞ കാര്യത്തിലേയ്ക്ക് വരാം. വിജ്ഞാനം സൂക്ഷ്മസ്വഭാവം ആർജ്ജിക്കണമെങ്കിൽ, ഗവേഷണങ്ങൾ ഹൃദയത്തിന്റേതാകണമെങ്കിൽ, നിങ്ങളുടെ മാതൃഭാഷകൊണ്ട് മാത്രമേ കഴിയൂവെന്നാണ് സുകുമാർ അഴീക്കോട് പറഞ്ഞത്. അത് നോം ചോംസ്കി പറഞ്ഞതിന് തുല്യമായ ഒരു ഭാഷയാണ്. അത് തലച്ചോറിൽ നമ്മുടെ മാതൃഭാഷയുണ്ടെന്ന് പറയുന്നതിന് തുല്യമാണ്. ഇംഗ്ലീഷ് നന്നായി പഠിക്കണം. ശ്രീ. എ. എൻ. ഷംസീർ പറഞ്ഞ കാര്യം, ദ്വിഭാഷയെന്ന് പറയുന്നത് മലയാളത്തിൽ കൊണ്ടുവരണമെന്നാണ്. യഥാർത്ഥത്തിൽ മലയാളം മാത്രം പഠിക്കുക, വേറൊരു ഭാഷയും പഠിക്കരുതെന്ന് ആധുനിക ലോകത്ത് പറയുന്നത് പൊട്ടത്തരമാണ്. പക്ഷെ, ഒരു ദ്വിഭാഷ നമുക്ക് വേണം. ലോകത്തോട് സംസാരിക്കാൻ കഴിയുന്ന ഭാഷ സത്യത്തിൽ ഇംഗ്ലീഷാണ്. അങ്ങനെ കൊണ്ടുവരാൻ കഴിയണം. ഈസ്റ്റ് ആഫ്രിക്കൻ നാടുകളിൽ ഒരു ലാംഗ്വേജുണ്ട്. അതിനെ സ്വാഹിലിയെന്നാണ് പറയുക. ഇപ്പോൾ ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയിലും കേംബ്രിഡ്ജ് യൂണിവേഴ്സിറ്റിയിലും സ്വാഹിലി പഠിപ്പിക്കുന്നുണ്ട്. അത് എന്തുകൊണ്ടാണെന്ന് ചോദിച്ചാൽ, അവർക്ക് ലിപിയില്ല. ലിപിയുള്ളത് ഇംഗ്ലീഷിലാണ്. ലോകത്ത് ഏറ്റവും കൂടുതൽ ആളുകൾ സംസാരിക്കുന്ന സ്വാഹിലിയെന്ന ഭാഷയിൽ ധാരാളം മികച്ച സാഹിത്യകൃതികൾ വന്നിട്ടുണ്ട്. ധാരാളം യൂണിവേഴ്സിറ്റികൾ ആ ഭാഷ പഠിപ്പിക്കാൻ ശ്രമിക്കുന്നുണ്ട്.

ആ അർത്ഥത്തിൽ മലയാളത്തോട് ചേർത്തുവയ്ക്കുന്ന ഒരു ദ്വിഭാഷയായി, വിനിമയം നടത്തിപ്പോകാൻ കഴിയുന്ന തരത്തിൽ കുട്ടികളെ പഠിപ്പിക്കേണ്ടതു ണ്ടെന്നാണ് എനിക്ക് തോന്നുന്നത്; അതിന് കഴിയണം. അതിന് ഏറ്റവും മികച്ച ഉദാഹരണമാണ് ഒ. വി. വിജയൻ. ഇംഗ്ലീഷിൽ ഒരു നദിപോലെ ഒഴുകുന്ന ഒ. വി. വിജയന്റെ എഴുത്തുകൾ, ഖസാക്കിന്റെ ഇതിഹാസത്തിൽ അതേ ഒഴുക്ക് തടസ്സപ്പെടാതെ മലയാളത്തിലേയ്ക്ക് വന്നത് ഈ ബൈലിംഗ്വൽ കൊണ്ടാണ്. വളരെ മനോഹരമായ ഇംഗ്ലീഷ് പദങ്ങൾക്ക് മലയാളത്തിൽ ധാരാളം വാക്കുകൾ സമ്മാനിക്കുകയുണ്ടായി.

മറ്റൊരു പ്രധാനപ്പെട്ട കാര്യമായി എനിക്ക് തോന്നുന്നത്, മാനക ഭാഷയെന്നൊരു രീതി മലയാള ഭാഷയ്ക്കുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞത് അത്തരമൊരു വാദത്തിന്റെ ഭാഗമായാണ്. മാനകഭാഷയെന്ന നിലയ്ക്ക് മലയാളത്തിൽ എഴുതപ്പെടുന്നത്, മലയാളത്തിൽ സംസാരിക്കപ്പെടുന്നത് ഞാൻ മനസ്സിലാക്കിയിടത്തോളം ഒരു കോട്ടയം ഭാഷയാണ്. അതിന്റെ രീതിയാണ് മലയാളത്തിലെ പത്രങ്ങളുടെയും ആശയവിനിമയങ്ങളുടെയുമൊക്കെ ഭാഷയായി പലപ്പോഴും വരുന്നത്. മലയാളത്തിന്റെ സൗന്ദര്യം പലപ്പോഴും വരുന്നത് നാട്ടുഭാഷകളിൽ നിന്നാണ്. നാട്ടുഭാഷകളാണ് മലയാളത്തിലെ ഏറ്റവും മികച്ച സൗന്ദര്യമെന്ന് പറയാവുന്നത്. ശ്രീമതി സാറാ ജോസഫിന്റെ നോവലുകളിലും നാട്ടുഭാഷകളുണ്ട്. ഒ. വി. വിജയന്റെ നോവലുകൾ വായിക്കുമ്പോൾ പാലക്കാടൻ ഭാഷയല്ല വരുന്നത്. പാലക്കാട്ടുള്ള ഒരു പനയുടെ ചുവട്ടിലൂടെ നമ്മൾ നടക്കുന്ന ഒരു ഫീലിംഗാണ്, അല്ലെങ്കിൽ പാലക്കാട്ടുകാരനോട് ഒരു ഹായ് പറഞ്ഞ് യാത്ര ചെയ്യുന്ന സുഖമാണ് ലഭിക്കുന്നത്. അതാണ് നാട്ടുഭാഷയുടെ സൗന്ദര്യം. തലയോലപ്പറമ്പിലാണ് വൈക്കം മുഹമ്മദ് ബഷീർ ജനിച്ചതും വളർന്നതും. വൈക്കം മുഹമ്മദ് ബഷീറിന്റെ മുഴുവൻ കൃതികളിലും തലയോലപ്പറമ്പിന്റെ ഭാഷാസൗന്ദര്യം ലോകോത്തരമായി ഉയർത്തിക്കൊണ്ടുവന്നിട്ടുണ്ട്. ഭാഷയെ ഇതിവൃത്തമാക്കിയാണ് 'ന്റുപ്പാപ്പക്കൊരാനേണ്ടാർന്നു' എന്ന വൈക്കം മുഹമ്മദ് ബഷീറിന്റെ സാഹിത്യം പുറത്തുവരുന്നത്. ഭാഷയാണ് ഇതിവൃത്തം. അതിനകത്ത് കഥാനായകന്റെയും കഥാനായികയുടെയും പ്രേമം നടക്കുന്നത് മുഴുവൻ ഒരു കക്കൂസിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ടാണ്. കക്കൂസിന്റെ നിർമ്മാണം പൂർത്തിയാകുമ്പോഴാണ് ആ പ്രേമം പുഷ്പിക്കുന്നത്. അതിനകത്ത് നിസാർ അഹമ്മദും സഹോദരിയും നല്ല ഭാഷ പഠിച്ചയാളുകളാണ്. ആയിഷയും നല്ല ഭാഷ പഠിച്ചതാണ്. വെടിപ്പുള്ള ഭാഷ പറയുന്നവെന്നാണ് ബഷീർ പറയുന്നത്. എന്നാൽ കുഞ്ഞിപ്പാത്തുവും കുടുംബവും വെടിപ്പില്ലാത്ത ഭാഷ പറയുന്നവരാണ്. അവിടെ ബഷീർ കക്കൂസ് നിർമ്മിക്കാൻ പഠിപ്പിക്കുമ്പോൾ ഭാഷയുംകൂടി പഠിപ്പിക്കുന്നുണ്ട്.

ഭാഷയിൽ മാതൃഭാഷയുടെ സൗന്ദര്യം അതല്ലെങ്കിൽ അതിന്റെ വെടിപ്പ് അവരെ പഠിപ്പിക്കുന്നു. നല്ല ഭാഷ സംസാരിക്കുമ്പോൾ നല്ല വെടിപ്പുണ്ടാകുന്നു എന്നുള്ളതാണ്. പ്രണയത്തിന്റെ കാലയളവിനെ കക്കൂസ് നിർമ്മാണത്തിന്റെ കാലയളവിലേയ്ക്ക് ചേർത്തുവയ്ക്കുന്നത്, യഥാർത്ഥത്തിൽ വൈക്കം മുഹമ്മദ് ബഷീർ അതിന്റെ വൃത്തിയെ സൂചിപ്പിച്ചുകൊണ്ടാണ് ചെയ്യുന്നത്. അതുപോലെതന്നെ കോഴിക്കോടൻ ഭാഷയാണ് ഡോ. എം. കെ. മുനീറിന്റെയും മറ്റും ഭാഷ. ശ്രീ. പി. എ. മുഹമ്മദ് കോയയുടെ 'സുൽത്താൻ ഗ്രത്' വായിച്ചാൽ കോഴിക്കോടങ്ങാടിയിൽ നിൽക്കുന്നുവെങ്കിലും മാവൂർ റോഡിലോ അല്ലെങ്കിൽ കുറ്റിച്ചിറയിലോ പോയി നിൽക്കുന്ന ഒരു ഫീലിംഗാണ്. നേരത്തേ കന്നഡ ഭാഷക്കാർ ഇവിടെ ആശങ്ക പ്രകടിപ്പിച്ചു. നമ്മൾ ടി ഉബൈദിന്റെ ഒരു കവിത വായിച്ചാലോ അദ്ദേഹത്തിന്റെ ഒരു ഗ്രന്ഥത്തിലൂടെ പോയാലോ ശ്രീ. എൻ. എ. നെല്ലിക്കുന്നിന്റെ കാസർഗോഡ് പോയാലുള്ള ഫീലുണ്ടാവും. ഏറനാടൻ ഭാഷ അതിനേക്കാൾ മനോഹരമാണ്. ശരിക്കുപറഞ്ഞാൽ "ഇജ്ജ് മനുസനാകാൻ നോക്ക്" എന്നുപറയുന്ന ഇ. കെ. അയമുവിന്റെ ഒരു അവതരണമുണ്ട്, ശരിക്കും അതെത്ര മനോഹരമാണ്. അതുപോലെതന്നെ പുലിക്കോടൻ ഹൈദർ. ഇവിടെ വേറൊരു കുഴപ്പംകൂടിയുണ്ട്. ഏറനാടൻ ഭാഷ മലയാള സിനിമയിൽ അവതരിപ്പിക്കുമ്പോൾ നിർബന്ധമായും തലയിൽ ഒരു കെട്ടുണ്ടായിരിക്കണം, ഒരു കള്ളി മുണ്ടുടുക്കണം, ഒരു ബെൽറ്റ് കെട്ടണം, തികച്ചും അവനൊരു മാപ്പിളയായിരിക്കണമെന്ന് പറയുന്ന ഒരു രീതിയുണ്ട്. മലപ്പുറത്തെ എല്ലാ ആളുകളും സംസാരിക്കുന്നത് ഒരേ ഭാഷയിലും ഒരേ രീതിയിലുമാണ്. ഏറനാടൻ ഭാഷ ഏറനാടിന്റെ ഭാഷയാണ്, ഒരു ജാതിയുടെയും മതത്തിന്റെയും ഭാഷയല്ല. അവിടെ മുസ്ലീങ്ങൾക്ക് ഭൂരിപക്ഷമുണ്ടായിരിക്കാം. അവിടെ ഇ. കെ. അയമു "ഇജ്ജ് മനുസനാകാൻ നോക്ക്" എന്നുപറയുന്നത് അവതരിപ്പിക്കുമ്പോൾ, അത് എല്ലാവരുടെയും ഭാഷയാണ്. അതുപോലെ ജീവിച്ചിരിക്കുന്ന മലയാളികളിൽ ശ്രദ്ധിക്കേണ്ട ഒരാൾ ശ്രീ. എം. മുകുന്ദനാണ്. അദ്ദേഹത്തിന്റെ നോവലുകളിൽ, ശ്രീ. എ. എൻ. ഷംസീറിന്റെ നാട്ടിലുള്ള ഈഴവ കുടുംബങ്ങൾ ഉപയോഗിക്കുന്ന ഭാഷയുണ്ട്. ഡൽഹിയിലാണ് ജീവിതം മുഴുവനും. പക്ഷേ ശ്രീ. എം. മുകുന്ദനോട് അഞ്ച് മിനിട്ട് സംസാരിച്ചാൽ മാഹി പാലത്തിലിരുന്ന് ഒരു തനി നാട്ടുകാരനോട് സംസാരിക്കുന്ന രീതിയായിരിക്കും അനുഭവപ്പെടുക. മാതൃഭാഷയെന്നത് വൈകാരികമായി, അവന്റെ ധാരണയായി കൊണ്ടുവരണം. ഇത് എങ്ങനെ പാഠ്യപദ്ധതിയിൽ കൊണ്ടുവരാൻ കഴിയുമെന്ന് എനിക്കറിയില്ല. അത് പറയാൻ മാത്രമുള്ള ജ്ഞാനമൊന്നും എനിക്കില്ല. നാട്ടുഭാഷകളെ കൊണ്ടുവന്ന് അതിന്റെ സൗന്ദര്യത്തെ ഉദ്ദീപിപ്പിക്കാൻ കഴിയുന്ന

തരത്തിലുള്ള ഇടപെടലുകൾ, നോം ചോംസ്കി പറഞ്ഞതുപോലെ, നമ്മുടെ അന്തരാളങ്ങളിൽനിന്നും പുറത്തുവരുന്ന തരത്തിലുള്ള ഇടപെടലുകളുണ്ടാകാൻ വിദ്യാഭ്യാസ വകുപ്പ് ഈ ബില്ലിനോടൊപ്പം ശ്രദ്ധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

ശ്രീ. എം. ഉമ്മർ: സർ, മലപ്പുറത്തെ ഭാഷയെപ്പറ്റി പറയുമ്പോൾ, "ശ്രീരാമനാമം പാടിവന്ന പൈങ്കിളിപ്പെണ്ണേ ശ്രീരാമചരിതം ചൊല്ലിട്ടു നീ മടിയാതെ"യെന്ന് ഭാഷാപിതാവ് തുഞ്ചത്ത് രാമാനുജനെഴുത്തച്ഛൻ എഴുതിയത് മലപ്പുറത്തിരുന്നാണ്. മഹാകവി വള്ളത്തോളിന്റെ ജന്മദേശവും മലപ്പുറമാണ്. നന്ദനാറുടെയും (പി. സി. ഗോപാലൻ) പി. സി. കുട്ടികൃഷ്ണമാരാരുടെയുമെല്ലാം ഭാഷ മലപ്പുറം ഭാഷയാണ്. പിന്നീടത് ബഹുരാഷ്ട്ര കുത്തകകൾ കൊത്തിക്കൊണ്ട് പല ഭാഗത്തേക്കും പോയപ്പോഴാണ് ഭാഷയ്ക്ക് മാറ്റമുണ്ടായത്. ശുദ്ധമായ മലയാള ഭാഷ ഭാഷാപിതാവിൽനിന്ന് കേട്ടുപഠിച്ച മലപ്പുറത്തുകാരുടേതാണ് എന്നുള്ളതുകൂടി ഓർക്കണം.

ശ്രീ. കെ. എം. ഷാജി: സർ, ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് പറഞ്ഞതുപോലെ പ്രാദേശിക ഭാഷകളുടെ വിയോജിപ്പുകളോട് ഞാൻ യോജിക്കുന്നില്ല. പ്രാദേശിക ഭാഷകൾ മുഴുവൻ നിലനിൽക്കണമെന്നുള്ളതല്ല, അതിന്റെ സൗന്ദര്യം വേണമെന്ന് പറയുന്നിടത്താണ് ഞാനുള്ളത്. കുട്ടികളെല്ലാം പഠിക്കുന്ന ചെമ്മനം ചാക്കോയുടെ അതിമനോഹരമായ ഒരു കവിതയുണ്ട്. മരിക്കാൻ കിടക്കുന്ന വല്ല്യമ്മയെ കാണാൻ വിദേശത്തുനിന്നും വരുന്ന കൊച്ചുമക്കൾ 'ഗ്രാന്മാ' എന്ന് വിളിച്ചിട്ട് 'വാട്ട് യു വാണ്ട്' എന്ന് ചോദിക്കുന്നുണ്ട്. ഇങ്ങനെ ഇംഗ്ലീഷിൽ ചോദിക്കുമ്പോൾ ആ അമ്മ എന്നെയൊന്ന് അമ്മേയെന്ന് വിളിക്കൂ എന്നുപറയുന്നു. വെള്ളം കൊടുക്കുമ്പോൾ തട്ടിമാറ്റിയിട്ടാണ് എന്നെയൊന്ന് അമ്മേയെന്ന് വിളിക്കൂ എന്ന് പറയുന്നത്. പേരക്കുട്ടികളും മക്കളും അമ്മേയെന്ന് വിളിക്കുമ്പോൾ, നിർവൃതിയോടുകൂടി ആ അമ്മയുടെ കണ്ണടഞ്ഞ് പോകുന്നുണ്ട്. മാതൃഭാഷയുടെ ജീവൻ എന്നുപറയുന്നത് അവിടെയാണ്. പ്രാദേശിക ഭാഷകളും പ്രോത്സാഹിപ്പിക്കണം. ബഹുമാനപ്പെട്ട മന്ത്രിയോട് പറയുകയാണ്, ഇത് ഇടതുപക്ഷം കൊണ്ടുവന്ന ബില്ലാണെണെന്നു കരുതി കൊഞ്ഞാണൻ, നികൃഷ്ടജീവി, ശുംഭൻ, മറ്റേപ്പണി, പരമനാറി, കോന്തൻ തുടങ്ങിയ ഭാഷകളൊന്നും ദയവായി പ്രോത്സാഹിപ്പിക്കരുത്. ലോകത്തിലെ സകല ഭാഷയിലും തെറിയുണ്ട്. പ്രാദേശിക തെറികളുണ്ട്, ലോക്കൽ ഭാഷാ തെറികളുണ്ട്. അതല്ല നമുക്ക് വേണ്ടത്, ശുദ്ധഭാഷയുള്ള നല്ല മലയാളവും പ്രാദേശിക ഭാഷയുമാണ് വേണ്ടത്.

2.00 PM]

പ്രൊഫ. കെ. യു. അരുണനുവേണ്ടി ശ്രീ. എസ്. ശർമ്മ : സർ, ഞാൻ 1 'എ ' ഭേദഗതിയെ പിന്താങ്ങുന്നു. ഇതിന്റെ ചർച്ചയിൽ ചില നിയമപ്രശ്നങ്ങളും ഉൽക്കണ്ഠകളും വ്യത്യസ്തതലങ്ങളിൽ പ്രകടിപ്പിച്ചിട്ടുണ്ടെങ്കിലും ബില്ലിന്റെ കാര്യത്തിൽ ഏകകണ്ഠമായി ഒരു തീരുമാനത്തിലെത്താൻ തീർച്ചയായും ഈ സഭയ്ക്ക് കഴിയുമെന്നാണ് ഞാൻ പ്രത്യാശിക്കുന്നത്. വളരെ വിലപ്പെട്ട അഭിപ്രായപ്രകടനങ്ങളാണ് ഇവിടെ നടന്നുകഴിഞ്ഞിട്ടുള്ളത്. കേരളം മലയാളികളുടെ മാതൃഭൂമിയാണ്; മലയാളം മലയാളികളുടെ മാതൃഭാഷയുമാണ്. ഈ സംസ്കൃതിയാണ് ലോകഭൂപടത്തിൽ കേരളത്തെ അടയാളപ്പെടുത്തുന്നത്. ശ്രേഷ്ഠഭാഷയായി മലയാളം അംഗീകരിച്ചുകഴിഞ്ഞു. അത് ഈ ഭാഷയുടെ ഉത്ഭവം മുതൽ ഇദപര്യന്തമുള്ള ചരിത്രത്തിന് ലഭ്യമായ മഹത്വവും അംഗീകാരവും തന്നെയാണ്. ലോകത്തിന്റെ മുന്നിൽ കഴിവ് പ്രകടമാക്കണമെങ്കിൽ, മികവുറ്റതാക്കിത്തീർക്കണമെങ്കിൽ ഇംഗ്ലീഷ് ഭാഷ മാത്രമാണ് പ്രധാന ആയുധമെന്ന് കണക്കാക്കി ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്ന പ്രവണത ശക്തിപ്പെട്ടുവരുന്നുണ്ട്. നമ്മുടെ ഭാഷയെ സംബന്ധിച്ചിടത്തോളം ഒരു മാതൃസ്ഥാനീയമായ മഹത്വമാണ് മാതൃഭാഷയ്ക്കുള്ളത്. അതിൽ അകലം സംഭവിക്കുന്നത് തീർച്ചയായും നമ്മുടെ സംസ്കാരത്തിന്റെ ചോർച്ചയായി മാത്രമേ കാണാൻ കഴിയുകയുള്ളൂ. പുതിയ തലമുറ മലയാളം പഠിക്കുന്നതിന് വിമുഖത കാണിക്കുന്നുണ്ട്. ഇത്തരമൊരു പശ്ചാത്തലത്തിലാണ് ഈയൊരു ബിൽ ഇവിടെ അവതരിപ്പിക്കുന്നതും നിർബന്ധമാക്കുന്നതും.

കോൺസ്റ്റിറ്റ്യൂഷണലായി നോക്കിയാൽ ഭാഷ സ്റ്റേറ്റ് സബ്ജക്റ്റാണ്. അതുകൊണ്ട് നിയമം പാസ്സാക്കുന്നതിന് തടസ്സമുണ്ടെന്ന് ഞാൻ കണക്കാക്കുന്നില്ല. പക്ഷേ മറ്റൊന്ന് ശ്രീ. കെ. സി. ജോസഫ് ഇവിടെ പ്രകടിപ്പിച്ച കാര്യമാണ്. ഇതിനുമുമ്പ് പാസ്സാക്കിയ മറ്റൊരു നിയമത്തിന് രാഷ്ട്രപതിയുടെ അസന്റ് കിട്ടാതെപോയ സാഹചര്യം എന്തെന്നുകൂടി സബ്ജക്റ്റ് കമ്മിറ്റി ഈ ബിൽ സ്ക്രൂട്ടിണി ചെയ്യുന്ന സന്ദർഭത്തിൽ ഭരണഘടനാ വിദഗ്ദ്ധരുമായും നിയമവകുപ്പുമായും പ്രത്യേകം ചർച്ച നടത്തി ഒരഭിപ്രായ രൂപീകരണത്തിന് മുതിരണം. മുമ്പുണ്ടായ അനുഭവം ഇതിനുമുണ്ടാകരുതെന്നാണ് ശ്രീ. കെ. സി. ജോസഫ് പറഞ്ഞതിൽനിന്നും ഞാൻ മനസ്സിലാക്കുന്നത്. തീർച്ചയായും ഈ ബിൽ നന്നായി കാണണമെന്ന് ആഗ്രഹിക്കുന്ന ഒരു പോസിറ്റീവ് ചിന്താഗതിയായിട്ടാണ് ഞാൻ അതിനെ കണക്കാക്കുന്നത്. കൂണുപോലെ മുളച്ചുപൊന്തുന്ന ഇംഗ്ലീഷ് മീഡിയം സ്കൂളുകൾ ധാരാളമുണ്ട്. അതിൽ സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ.

സിലബസുകൾ പഠിപ്പിക്കുന്ന സ്കൂളുകളുടെ കർമ്മമണ്ഡലം നോക്കിയാൽ, ഒറ്റവാക്കിൽ പറഞ്ഞാൽ ബാലമനസ്സിൽനിന്നും മലയാള ഭാഷയെ ആട്ടിയോടിക്കപ്പെടുകയാണ്. ഇതാണ് ഫലത്തിൽ സംഭവിക്കുന്നത്. പക്ഷേ ഇപ്പോഴത്തെ നിയമംകൊണ്ട് അതിൽ മാറ്റം വരികയാണ്. ബാലമനസ്സിലേയ്ക്ക് മാതൃസ്ഥാനീയ മഹത്വം വഹിക്കുന്ന ഭാഷയെ സന്നിവേശിപ്പിക്കുകയാണ്. ഈ ബില്ലിന്റെ മഹത്തായ ഒരു ദൗത്യവും കടമയും ആ ദിശയിലേയ്ക്ക് പങ്ക് വയ്ക്കുകയാണ്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ഇംഗ്ലീഷ് ഭാഷയോടുള്ള ആധിക്യം അതിരുകവിഞ്ഞതാണ്. എല്ലാ ഭാഷയോടും സ്നേഹമുണ്ടാകണം. അവനവന്റെ വളർച്ചയ്ക്കും സാമൂഹ്യ പുരോഗതിക്കും അടിസ്ഥാനമായ ഭാഷ സ്വീകരിക്കാം. പക്ഷേ മാതൃഭാഷയെ മഹത്തരമായി കണക്കാക്കി അത് അറിഞ്ഞിരിക്കുക; ആ ദൗത്യം പരിപൂർണ്ണമായി നിർവ്വഹിക്കുക എന്ന നിലയിലേയ്ക്കാണ് സർക്കാർ പോകുന്നത്. ഇപ്പോൾ ചില എയ്ഡഡ്/ സർക്കാർ വിദ്യാലയങ്ങളിൽ ഡിവിഷനുകൾ കുറഞ്ഞുവരുന്ന സ്ഥിതിയുണ്ട്. അതിൽനിന്ന് ഏറെ തിരിഞ്ഞുവരുന്നൊരു സാഹചര്യം രൂപപ്പെടുത്താൻ വിദ്യാഭ്യാസരംഗത്ത് നടത്തുന്ന ഇടപെടലുകളിലൂടെ ബഹുമാനപ്പെട്ട മന്ത്രിയും സർക്കാരും പ്രത്യേകം ശ്രദ്ധിക്കുന്നുണ്ട്. നമ്മുടെ പുതിയ തലമുറയിലെ രക്ഷിതാക്കൾക്ക് പലർക്കും ഇംഗ്ലീഷ് വിദ്യാഭ്യാസത്തോടും ഇംഗ്ലീഷ് പഠിപ്പിക്കുന്ന വിദ്യാലയങ്ങളോടുമാണ് കൂടുതൽ സ്നേഹം. ഇത് നോക്കിയാണ് കുഞ്ഞുണ്ണി മാഷ് പറഞ്ഞത്,

"ജനിക്കും നിമിഷംതൊട്ടെൻ
മകനിംഗ്ലീഷു പഠിക്കണം!
അതിനാൽ ഭാര്യതൻ പേറങ്ങ്
ഇംഗ്ലണ്ടിലാക്കി ഞാൻ! "

ഒന്നൊന്നര ദശകങ്ങൾക്കുമുൻപ് ഈ സംസ്ഥാനത്ത് വളർന്നുവന്ന ഒരു പ്രത്യേക ടെൻഡിന്റെ പശ്ചാത്തലത്തിൽ വളരെ ക്രിയാത്മകമായ വിമർശന സ്വഭാവത്തോടുകൂടി കുഞ്ഞുണ്ണിമാഷ് പറഞ്ഞതാണ് ഞാനിവിടെ ചൂണ്ടിക്കാണിച്ചത്. നാം ജനിച്ചുവളരുന്ന സാഹചര്യങ്ങളും ചുറ്റുപാടുകളുമാണ് നമ്മുടെ മാതൃഭാഷ രൂപപ്പെടുത്തുന്നതിൽ നിർണ്ണായകമായ പങ്ക് വഹിക്കുന്നത്. അതുകൊണ്ടുതന്നെ ഒരുവന്റെ സൂക്ഷ്മഭാവങ്ങളും ചിന്തകളും ഭൗതികതലത്തിൽ പ്രതിഫലിക്കുന്നത് മാതൃഭാഷയിലാണ്. മൂലദ്രാവിഡ ഭാഷയിൽനിന്നും

കാലക്രമേണ വേർപെട്ട് സ്വതന്ത്ര രൂപം കൈവരിച്ചതാണ് മലയാളം. തമിഴ്, മലയാളം, കന്നഡ, തെലുങ്ക് എന്നീ ഭാഷകളിൽനിന്ന് അവസാനം വേർതിരിഞ്ഞ് വികസിച്ചുവന്ന ഭാഷയാണ് മലയാളം എന്നാണ് കണക്കാക്കപ്പെടുന്നത്. ഭിന്നസംസ്കാരങ്ങളുടെ സ്വാധീനം മലയാള ഭാഷയുടെ വളർച്ചയിൽ നിർണ്ണായകമായ പങ്ക് വഹിച്ചിട്ടുണ്ട്. ദ്രാവിഡ പൈതൃകം മലയാള ഭാഷയ്ക്ക് കൈമോശം വരാതെ തുടർന്നുകൊണ്ടിരിക്കുന്നു എന്നുള്ളതും ശ്രദ്ധേയമാണ്. ചരിത്രപരമായി നോക്കിയാൽ കൊളോണിയൽ വാഴ്ചയുടെ സവിശേഷ കാലഘട്ടം നമ്മുടെ ഭാഷയ്ക്ക് മതിയായ വളർച്ചയും വികസനവും കിട്ടുന്നതിന് തടസ്സമായിരുന്നുവെന്ന് കാണാൻ കഴിയും. ഇംഗ്ലീഷ് ഭാഷ അടിച്ചേൽപ്പിക്കപ്പെടുന്ന കോളനിവൽക്കരണത്തിന്റെ അസാധാരണ സാഹചര്യത്തെ അതിജീവിക്കാൻ അക്കാലത്ത് ദേശീയ പ്രസ്ഥാനത്തിന്റെ അകത്തുതന്നെ അതിശക്തമായ ചിന്ത പൊട്ടിപ്പുറപ്പെടുകയും മാതൃഭാഷയ്ക്ക് വേണ്ടിയുള്ള പോരാട്ടം ദേശീയ പ്രസ്ഥാനത്തോടും സമരത്തോടും കൂട്ടിയിണക്കുകയും ചെയ്ത നമ്മുടെ പൂർവ്വ പിതാമഹന്മാർ മലയാള ഭാഷയെ ദേശീയ സ്വാതന്ത്ര്യ പ്രസ്ഥാനത്തിന്റെ സ്വന്തം ഭാഷയാക്കി മാറ്റുന്നതിനുവേണ്ടിയിട്ടുള്ള നടത്തിപ്പിൽ അവിഭാജ്യ ഘടകമായിരുന്നു.

1956-ൽ ഐക്യകേരളം നിലവിൽ വന്നു. ഭാഷാ സംസ്ഥാനങ്ങളെ സംബന്ധിച്ചുള്ള നയത്തിന്റെ ഭാഗമായിരുന്നു കേരളത്തിന്റെയും മറ്റെല്ലാ സംസ്ഥാനങ്ങളുടെയും രൂപീകരണം. കേരളത്തിലെ 97 ശതമാനത്തോളം ജനങ്ങൾ മാതൃഭാഷയായ മലയാളമാണ് സംസാരിക്കുന്നത്. ലോകത്തിലെ മറ്റ് ഭാഷകൾ സംസാരിക്കുന്നവരുടെ എണ്ണത്തിന്റെ ശരാശരി നോക്കിയാൽ എണ്ണംകൊണ്ട് ലോകത്തിൽ 26-ാം സ്ഥാനത്ത് നിൽക്കുന്ന ഭാഷയാണ് മലയാളം. ഇക്കാര്യത്തിൽ ഇന്ത്യയിൽ അതിനേക്കാൾ താഴ്ന്ന് നിൽക്കുന്ന സംസ്ഥാനങ്ങളാണ് പഞ്ചാബ്, ഉത്തർപ്രദേശ്, തമിഴ്നാട് എന്നിവ. പഞ്ചാബിലും ഉത്തർപ്രദേശിലും 91 ശതമാനവും തമിഴ്നാട്ടിൽ 89.41 ശതമാനവും കേരളത്തിൽ 97 ശതമാനവുമാണ് മാതൃഭാഷ ഉപയോഗിക്കുന്നത്. ഈ രൂപത്തിൽ താരതമ്യം ചെയ്ത് നോക്കുമ്പോൾ കേരളം ഭാഷാ ഉപയോഗത്തിന്റെ കാര്യത്തിൽ നേതൃത്വപരമായൊരു പങ്ക് വഹിക്കുന്നുണ്ടെന്ന് കാണാൻ കഴിയും. 1957-ന്റെ കണക്ക് വച്ചിട്ടാണല്ലോ ഇപ്പോൾ നമ്മൾ 60-ാം വാർഷികം ആഘോഷിക്കുന്നത്. അതുകൊണ്ടാണ് 60-ാം വാർഷികത്തിന്റെ ചരിത്രപരമായ ഒരു ഒത്തുചേരലിനും ഭൂതകാലത്തിന്റെ സ്മരണകളെ വർത്തമാന കാലത്തിന് പരിചയപ്പെടുത്തി ഒരു പുനർവായനയ്ക്കുമുള്ള ദിനമായി ഈ ദിവസത്തെ പ്രത്യേകം തെരഞ്ഞെടുത്തത്. അതിൽ പങ്കുവഹിച്ച ബഹുമാനപ്പെട്ട സ്പീക്കർ ഉൾപ്പെടെയുള്ള എല്ലാവരേയും ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്. 1957-ൽ അന്നത്തെ ധനകാര്യ വകുപ്പുമന്ത്രിയായിരുന്ന അച്യുത മേനോന്റെ നേതൃത്വത്തിലുള്ള ഒരു സമിതിയെയാണ് ഭരണ ഭാഷ മലയാള

ഭാഷ ആക്കുന്നത് സംബന്ധിച്ച് പഠിക്കുന്നതിനായി നിയോഗിച്ചത്. 1958-ൽ റിപ്പോർട്ട് വന്നു. പിന്നീട് 1969-ൽ ചില ഭേദഗതികൾ വരുത്തിക്കൊണ്ടുള്ള ബിൽ വന്നു. അതിനുശേഷം ശ്രീ. കെ. സി. ജോസഫിന്റെ നേതൃത്വത്തിൽ ഒരു ബിൽ ഇവിടെ പാസ്സാക്കിയെങ്കിലും അതിന് ബഹുമാനപ്പെട്ട രാഷ്ട്രപതിയുടെ അസന്റ് കിട്ടിയിട്ടില്ല. 1987-ൽ ജസ്റ്റിസ് നരേന്ദ്രൻ കമ്മിറ്റി കോടതി നടപടിക്രമങ്ങൾ മലയാള ഭാഷയിലാക്കണമെന്ന റിപ്പോർട്ട് സമർപ്പിച്ചു. 1948-ൽ ജവഹർലാൽ നെഹ്റുവിന്റെ കാലത്ത് ഇന്ത്യാ ഗവൺമെന്റ് ഡോ. രാധാകൃഷ്ണനെ ചെയർമാനാക്കി ഒരു കമ്മീഷനെ നിയോഗിച്ചു. ഉന്നത വിദ്യാഭ്യാസം മാതൃഭാഷയിൽ ആയിരിക്കണമെന്ന് നിഷ്കർഷിക്കുകയും സംസ്ഥാനങ്ങൾക്ക് അതിന്റെ അടിസ്ഥാനത്തിലുള്ള നിർദ്ദേശം കൊടുക്കുകയും ചെയ്യണമെന്ന് ഡോ. രാധാകൃഷ്ണൻ അദ്ദേഹത്തിന്റെ റിപ്പോർട്ടിൽ നിർദ്ദേശിച്ചിരുന്നു. അങ്ങനെ ധാരാളം ശ്രമങ്ങൾ ഇന്ത്യയുടെ ഭാഗത്തുനിന്നും കേരളത്തിന്റെ ഭാഗത്തുനിന്നുമെല്ലാം നടന്നിട്ടുണ്ട്. ആ ശ്രമങ്ങളുടെ തുടർച്ചയാണ് കാലദേശ പരിതസ്ഥിതികളെ നോക്കുമ്പോൾ, ഇന്നത്തെ സാഹചര്യത്തിൽ നമ്മുടെ മുമ്പിൽ അനുഭവപ്പെടുന്നതും. എന്നാൽ മലയാള ഭാഷ പരിരക്ഷിക്കപ്പെടുന്നതിനും അതിന് കുറവായി നിൽക്കുന്ന ഘടകം പരിഹരിക്കുന്നതിനും വേണ്ടിയുള്ള നടപടിയിൽ എത്തിനിൽക്കുകയാണ്.

കേന്ദ്ര മന്ത്രിസഭാ യോഗം മലയാളത്തെ ശ്രേഷ്ഠ ഭാഷയായി അംഗീകരിച്ചത് 2013-ലാണ്. അതുസംബന്ധിച്ച് മുൻ പ്രാസംഗികർ ഇവിടെ സൂചിപ്പിച്ചിട്ടുണ്ട്. സമ്പന്നമായൊരു ഭാഷയെ ശ്രേഷ്ഠ ഭാഷയാക്കി. ആരെങ്കിലും ആവശ്യപ്പെട്ടാൽ ഒരു നിവേദനത്തിന്റെ അടിസ്ഥാനത്തിൽ റിപ്പോർട്ട് വാങ്ങി ചെയ്യുന്നൊരു ഭരണ നടപടിയല്ല ഭാഷയെ സംബന്ധിച്ചുള്ളത്. അതിന്റെ ചരിത്രം, സംസ്കാരം, വൈപുല്യം, അത് ലോക സംസ്കാരത്തിന് നൽകുന്ന സംഭാവന തുടങ്ങിയ എല്ലാ ഘടകങ്ങളെയും സൂക്ഷ്മമായി നിരീക്ഷിച്ചപ്പോൾ ശ്രേഷ്ഠ ഭാഷയാക്കി അംഗീകരിക്കണമെന്നുള്ള കേരളത്തിന്റെ ആവശ്യം നിരാകരിക്കാൻ ഇന്ത്യൻ ഭരണകൂടത്തിന് കഴിഞ്ഞില്ല. ന്യായവും ശരിയും യുക്തിഭദ്രവുമായ ആവശ്യമായിരുന്നു എന്നുള്ളതുകൊണ്ട് കാലത്തിന്റെ മുമ്പിൽ ഒരു കണ്ണാടിപോലെ അത് തെളിയിക്കപ്പെടുകയും അംഗീകരിക്കുകയും ചെയ്തു. വൈജ്ഞാനിക ശാഖയ്ക്ക് വിലപ്പെട്ട പങ്ക് വഹിക്കാൻ നമ്മുടെ ഭാഷയ്ക്ക് കഴിഞ്ഞിട്ടുണ്ട്. നമ്മുടെ ഭാഷ പഠിക്കണം, പഠിപ്പിക്കണം എന്ന് മുറവിളി കൂട്ടേണ്ടി വരുന്ന പ്രത്യേക സാഹചര്യവുമുണ്ട്. നഗരപ്രദേശങ്ങളിൽ ഉപരിവർഗ്ഗത്തിൽപ്പെട്ട ആളുകളാണ് ഈ രൂപത്തിൽ ഭാഷയെ നിരാകരിക്കുന്ന നിരക്ഷര സമീപനം സ്വീകരിക്കുന്നത്. ഒരു സംസ്ഥാനം സാക്ഷരമായിത്തീരുന്നു എന്നുപറയുന്നത് മറ്റു ഭാഷകൾ സംസാരിക്കുന്നത് കൊണ്ടല്ല. സ്വന്തം ഭാഷ അനായാസം കൈകാര്യം ചെയ്യാനുള്ള കരുത്തിനെയും പ്രാപ്തിയെയും പരിപൂർണ്ണമാക്കിത്തീർക്കുമ്പോഴാണ്

ആ സംസ്ഥാനം സമ്പൂർണ്ണ സാക്ഷരതയിലേയ്ക്ക് പോകുന്നത്. 1989-ൽ സമ്പൂർണ്ണ സാക്ഷരതയിലേയ്ക്കുള്ള ഒരു മഹായജ്ഞം കേരളത്തിൽ നടത്തിയിട്ടുള്ള അനുഭവമുണ്ട്. എന്നാൽ നിയമപരമായ പിൻബലമില്ലാത്തതിന്റെ പരിമിതികളും അനുഭവപ്പെട്ടിരുന്നു. ആ പരിമിതികൾ അതിജീവിക്കുന്നതിന് കഴിയത്തക്ക വിധത്തിലുള്ള നടപടികളാണ് ഈ നിയമനിർമ്മാണ പ്രക്രിയയിലൂടെ തീർച്ചയായും സർക്കാർ ഉദ്ദേശിക്കുന്നതെന്ന് മനസ്സിലാക്കുന്നു. പി.എസ്.സി. പരീക്ഷകൾ മാതൃഭാഷയിൽ നടത്തുന്നതിനുള്ള സാഹചര്യം ഉറപ്പുവരുത്തണം. മാതൃഭാഷയോടുള്ള സമീപനത്തിൽ, ഭരണ നടപടിക്രമങ്ങളിൽ അടിസ്ഥാനപരമായ മാറ്റവും പരിവർത്തനവും ഉറപ്പാക്കാൻ കഴിയണം. വിവര സാങ്കേതിക വിദ്യയും മലയാളവും വിനിമയം ചെയ്തില്ലെങ്കിൽ മറ്റുള്ളവർ ഉൽപ്പാദിപ്പിക്കുന്ന അറിവുകൾ നമ്മളിലേയ്ക്ക് പ്രവേശിക്കുകയും നമ്മുടെ അറിവുകൾ ഉൽപ്പാദിപ്പിക്കുന്നതിനുള്ള കരുത്ത് നിഷ്പ്രഭമായിത്തീരുകയും നമ്മുടെ മുകളിൽ ഇതരഭാഷകളുടെ വിവര സാങ്കേതിക വിജ്ഞാനത്തിന്റെ മേധാവിത്വം വന്നുചേരുകയും ചെയ്യുന്നു. അതിന്റെ ഫലമായി ഇപ്പോൾ തമിഴ്നാട്ടിൽ സ്വീകരിക്കുന്ന നടപടിയെ സംബന്ധിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ചർച്ചയ്ക്കിടയിൽ പ്രത്യേകം ചില ചോദ്യങ്ങളും മൊബൈലിന്റെ കാര്യവും തമിഴ്നാട് മറ്റ് ഭാഷകൾ ഉപയോഗിക്കുന്ന രീതിയെക്കുറിച്ചും എടുത്തു പറയുകയുമുണ്ടായി. ശരിയാണത്. ആ നിലയ്ക്ക് നോക്കുമ്പോൾ നമ്മുടെ നാടിന്റെ വൈജ്ഞാനിക മേഖലയ്ക്ക്, ഭാഷ ലോകസംസ്കാരത്തിന് നൽകുന്ന സംഭാവന - മാറുന്ന ലോകം, വളരുന്ന ലോകം, വികസിക്കുന്ന ലോകം - ഈ മാറ്റവും വളർച്ചയും മനസ്സിലാക്കി വിവര സാങ്കേതിക വിജ്ഞാന മേഖലയിൽ അതിരുകളില്ലാത്തവിധം പങ്കുവഹിക്കാനും നമ്മുടെ കർമ്മമണ്ഡലത്തെ കൂടുതൽ——കരുത്തുറ്റതാക്കി തീർക്കുവാനും ഈ നടപടിയിലൂടെ കഴിയണം. പുതിയ സാങ്കേതിക വിദ്യയിലൂടെ വിനിമയം ചെയ്തില്ലെങ്കിൽ മറ്റുള്ളവർ ഉൽപ്പാദിപ്പിക്കുന്ന അറിവുകളുടെ ഉപഭോക്താക്കൾ മാത്രമായും സാമൂഹ്യ ഉൽപ്പാദന ശേഷിയില്ലാത്തവരായും വിവരസാങ്കേതിക വിജ്ഞാനമേഖലയിൽ നമുക്ക് മാറേണ്ടിവരും. അതുകൊണ്ട് ഈ മേഖലയിൽ ബോധപൂർവ്വവും സത്വരവുമായ ഇടപെടൽ ആവശ്യമാണ്.

വിവിധ ലോകഭാഷകളെയും ഇന്ത്യൻ ഭാഷകളെയും മലയാളവുമായി വിവർത്തനത്തിലൂടെ ബന്ധിപ്പിക്കുന്നതിനുള്ള സംവിധാനങ്ങൾ കുറ്റമറ്റ രീതിയിൽ വികസിപ്പിക്കുകയും പ്രചരിപ്പിക്കുകയും വേണം. അതിനായി ഇന്റർനെറ്റിലെ മലയാള വിജ്ഞാനം ശക്തിപ്പെടുത്തണം. വൈവിദ്ധ്യപൂർണ്ണമായ ഫോണ്ടുകൾ യൂണികോഡിൽ ഉൾപ്പെടുത്തണം. ഇത്തരം ഫോണ്ടുകളുണ്ടാക്കുമ്പോൾ മലയാളത്തിലെ ലിപി സഞ്ചയത്തിന്റെ സമഗ്രതയും ചരിത്രവും ഉൾക്കൊള്ളണം. പാഠപുസ്തകങ്ങൾ സ്റ്റാൻഡേർഡ് തിരിച്ച് ഇന്റർനെറ്റിൽ ലഭ്യമാക്കണം. മലയാള

പദകോശവും വ്യാകരണവും ഓൺലൈനായി പരിശോധിക്കുന്നതിനുള്ള സംവിധാനം ഉറപ്പുവരുത്തണം. സ്വതന്ത്ര സോഫ്റ്റ്‌വെയർ പരിശീലനവും ഡിജിറ്റലൈസേഷനും പ്രോത്സാഹിപ്പിക്കപ്പെടണം. ആശയവിനിമയത്തിന്റെ പ്രാദേശികമായ ഭാഷ നമ്മുടെ ബോധത്തിന്റെ മുഖ്യഭാഷയായി മാറണം. മറ്റു ഭാഷകളെ അനുബന്ധ ഭാഷകളായി മാത്രം കണക്കാക്കുക. മാതൃഭാഷാ സംരക്ഷണമെന്നത് ഒരു സാംസ്കാരിക പ്രശ്നം മാത്രമല്ല, സാമ്പത്തിക വികസനത്തിനുമുള്ള വഴികൂടിയാണ്. കേരള മാതൃക എന്നറിയപ്പെടുന്ന വികസന മാതൃക രൂപപ്പെട്ടത് മലയാളം പഠന മാധ്യമമായിരുന്ന കാലഘട്ടത്തിലാണ്. മാതൃഭാഷയെ തിരിച്ചുപിടിച്ചുകൊണ്ട് ആധുനിക കേരളത്തെ കെട്ടിപ്പടുക്കാനും കേരളീയരുടെ അവബോധത്തിലും സമീപനത്തിലും വിപ്ലവാത്മകമായ പരിവർത്തനത്തിന്റെ ദിശാബോധം തെളിയിക്കാനുമുള്ള വഴികാട്ടിയാകട്ടെ ഈ നിയമമെന്ന് ആഗ്രഹിച്ചുകൊണ്ട്, ഈ നിയമത്തിന് എല്ലാ ഭാവുകങ്ങളും നേർന്നുകൊണ്ട് ഞാനെന്റെ വാക്കുകൾ ചുരുക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, കേരളം പ്രതീക്ഷിച്ചിരുന്ന ഈ ബിൽ ഒരു ചരിത്രഘട്ടത്തിൽ ചർച്ചയ്ക്ക് വിധേയമാക്കിയപ്പോൾ വളരെ സമഗ്രമായിട്ടുള്ള, സർവ്വതലസ്പർശിയായ ഒരു ചർച്ചയാണ് നടന്നത്. തീർച്ചയായും അത് ഈ ബിൽ വികസിപ്പിക്കുന്നതിൽ ധാരാളം സംഭാവന നൽകും. ആശയത്തോട് യോജിക്കുന്നു, നിയമപരമായിക്കൂടി പരിശോധിക്കണം, എങ്ങനെ പ്രായോഗികമാക്കാമെന്ന് കൂടുതൽ ചർച്ച ചെയ്യണം, മെഡിക്കൽ പരീക്ഷ എഴുതത്തക്ക രീതിയിൽ മലയാളത്തിൽ ടെക്സ്റ്റ്ബുക്ക് ഉണ്ടാക്കണം, പ്ലസ് ടു-വിൽ കൂടി മലയാള ഭാഷ പഠിപ്പിക്കേണ്ടതുണ്ട് എന്നിവയെല്ലാം അഭിപ്രായമായി വന്നതാണ്. കന്നഡ, ഉറുദു, തമിഴ് ഭാഷകളുടെ പ്രശ്നങ്ങളെക്കുറിച്ച് ഒന്നുരണ്ട് തവണ പറഞ്ഞു. അത് ഒരിക്കൽക്കൂടി ആവർത്തിക്കുകയാണ്. നിലവിൽ ഏത് ഭാഷ പഠിക്കുന്നവർക്കും ഒരു പ്രശ്നവും ഉണ്ടാവില്ല; അവരും മലയാള ഭാഷ പഠിക്കണമെന്നുമാത്രം. അവർ പത്താം ക്ലാസ്സിലേക്കാണ് വരുന്നതെങ്കിൽ ഒന്നാം ക്ലാസ്സിലെ പാഠപുസ്തകം മുതൽ പഠിക്കണമെന്നല്ല പറയുന്നത്; അവരും മലയാള ഭാഷ അറിയുന്നവരാകണം. എങ്ങനെ എന്നത് സംബന്ധിച്ച് കൂടുതൽ പ്രായോഗികമായി ചർച്ച ചെയ്ത് അതിന്റെ രൂപങ്ങൾ തയ്യാറാക്കണം. തൊഴിൽ നഷ്ടപ്പെടുമോ എന്ന സംശയമുണ്ടായി. അതിനും ഉത്തരം പറഞ്ഞു. ആരുടെയും തൊഴിൽ നഷ്ടപ്പെടുകയില്ല. ഭാഷാപഠനത്തിലൂടെ തൊഴിൽ നഷ്ടമല്ല സംഭവിക്കുന്നത്. തൊഴിൽ ലഭിക്കത്തക്ക രീതിയിൽ ഭാഷ പഠിക്കുക എന്നുള്ളതാണ്. അതിന്റെ സങ്കൽപ്പംതന്നെ അതാണ്. ഇവിടെ ആരുടെയും തൊഴിൽ നഷ്ടപ്പെടുന്ന പ്രശ്നമില്ല. പുതിയ സോഫ്റ്റ്‌വെയർ

തയ്യാറാക്കണമെന്ന അഭിപ്രായം വന്നു. മലയാളം അറിയാത്തവർ എങ്ങനെ പഠിക്കും. അതിന് ഞാൻ ശ്രീ. കെ. സി. ജോസഫിനോട് മറുപടി പറഞ്ഞു. അതിന്റെ രീതിശാസ്ത്രങ്ങളുണ്ട്. അത് നമ്മൾ വളരെ വിശദമായി, വളരെ ശാസ്ത്രീയമായിത്തന്നെ പ്രാവർത്തികമാക്കും. 1969-ലെ ലാംഗ്വേജ് ആക്ട് നിലനിൽക്കുന്നുവെന്ന് ശ്രീ. കെ. സി. ജോസഫ് പറഞ്ഞു. അദ്ദേഹം പൈലറ്റ് ചെയ്ത ബില്ലുണ്ട്, അത് പ്രസിഡന്റ് ഒപ്പിട്ടിട്ടില്ല എന്നുപറഞ്ഞു. കോടതി ഭാഷ മലയാളത്തിലാക്കുന്നതിനെക്കുറിച്ച് പറഞ്ഞു. അതിനുശേഷം എല്ലാം ഓർക്കണമെന്നും എല്ലാവരും പറഞ്ഞു. തീർച്ചയായും ഇപ്പോൾ ഈ ബിൽ ചർച്ച ചെയ്യുമ്പോൾ 60 വർഷത്തെ മുഴുവൻ ചരിത്രവും ഓർത്തുകൊണ്ടും അതിലെ നന്മകളും കുറവുകളും മനസ്സിലാക്കിക്കൊണ്ടുമാണ് നമ്മളിവിടെ അവതരിപ്പിച്ചിട്ടുള്ളത്. ഇതിന് മുമ്പുള്ള എല്ലാ ഇടപെടലുകളുടെയും സാർത്ഥകമായ ചിന്തകളും ഇതിലേയ്ക്ക് ഉൾക്കൊള്ളാൻ നമ്മൾ ശ്രമിക്കണം. ഈ ബില്ലിന്റെ ചർച്ചയുടെ ആകെത്തുക ഞാൻ പറയാം. ദാർശനികമായും പ്രായോഗികമായും സാങ്കേതികമായും നിയമപരമായും സമഗ്രമാക്കണം എന്നുള്ളതാണ് പൊതുവായി വന്ന അഭിപ്രായം. അതിനുവേണ്ടി കൂടുതൽ ചർച്ചയ്ക്കായി ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ശ്രീ. വി. ടി. ബൽറാം, 2017-ലെ മലയാള ഭാഷ (നിർബന്ധിത ഭാഷ) ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

(പ്രമേയം അവതരിപ്പിച്ച ബഹുമാനപ്പെട്ട അംഗം സീറ്റിലില്ലായിരുന്നു.)

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ജോൺ ഫെർണാണ്ടസ്, അങ്ങയുടെ 1(എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. ജോൺ ഫെർണാണ്ടസ്:</u> സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. സി. ജോസഫ്, അങ്ങയുടെ 2(ബി), നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

<u>ശ്രീ. കെ. സി. ജോസഫ്:</u> സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2017-ലെ മലയാള ഭാഷ (നിർബന്ധിത ഭാഷ) ബിൽ വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

ഓർഡർ... ഓർഡർ... സഭ ഇപ്പോൾ പിരിയുന്നതും ചൊവ്വാഴ്ച രാവിലെ 8.30-ന് നിയമസഭാ മന്ദിരത്തിലെ ഹാളിൽ ചേരുന്നതുമാണ്.

(2017 മേയ് മാസം 2-ാം തീയതി ചൊവ്വാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ ഉച്ചയ്ക്കുശേഷം 2.23-ന് പിരിഞ്ഞു.)